

# ഭൂമികന്യകമാർക്ക് ഒരുണർത്തുപാട്ട്

ചാവറ പിതാവിന്റെ
സ്ത്രീശാക്തീകരണ വിപ്ലവം:
ഒരു പഠനം

സിസ്റ്റർ ഡോ. ആവില സി.എം.സി.

ഒരു *ബേസ്റൗമ* പ്രസിദ്ധീകരണം

# ഭൂമികന്യകമാർക്ക് ഒരുണർത്തുപാട്ട്

സിസ്റ്റർ ഡോ. ആവില സി.എം.സി.

CHAVARA
CENTRAL SECRETARIAT
CHAVARA HILLS KAKKANAD KERALA

ഒരു ബേസ്റൗമ പ്രസിദ്ധീകരണം

Malayalam
**BHOOMIKANYAKAMARKKU ORUNARTHUPAATTU**
(A study on the contributions of Blessed Chavara Kuriakose Elias)

By
Rev. Sr. Dr. Avila C.M.C

With a foreword by
Rev. Sr. Dr. Sancta C.M.C.
and an introduction by
Prof. Mathew Ulakamthara

Edited by
John Paul

Cover Design
Gayathry Asok

Portrait Sketch
K.G. Balan

Pre-press and Layout
Anoop Antony

First Published
December 2012

Printed at
Anaswara Printers, Kochi

© Reserved

Published By
Rev. Fr. Thomas Panthaplackal C.M.I
Representing
**Beth Rauma**
an initiative of
Chavara Central Secretariat
on behalf of
C.M.I. and C.M.C. Congregations.

Distributed by
Chavara Central Secretariat, P.B. No. 3105
Chavara Hills, Kakkanadu, Cochin 682 030
Ph: 0484 4070012, Fax: 0484 4070015
E-mail: bethrauma@gmail.com
chavara.secretariat@cmi.in

Price: ₹. 120

# ഉള്ളടക്കം

*പ്രസാധകക്കുറിപ്പ്*
സജീവ പങ്കാളിത്തത്തിന്റെ സാക്ഷ്യം

*എഡിറ്ററുടെ കുറിപ്പുകൾ*
തുടക്കങ്ങളുടെയും തുടക്കം
*ജോൺ പോൾ*

*പരിചായകം*
വിദ്യയിലൂടെ വിശുദ്ധിയിലേയ്ക്ക്
റവ. സിസ്റ്റർ സാങ്റ്റ സി.എം.സി.

*അവതാരിക*
വിമോചനഗാഥയുടെ തീർത്ഥ സഞ്ചാരം
*പ്രൊഫ. മാത്യു ഉലകംതറ*

**ഭൂമികന്യകമാർക്ക് ഒരുണർത്തുപാട്ട്**

*ഒന്ന്* : അതിരുകളില്ലാത്ത സിദ്ധികളും സാദ്ധ്യതകളും
*രണ്ട്* : തുടക്കങ്ങളുടെ ഭൂമിക
*മൂന്ന്* : വഴി വിരിച്ചവർ
*നാല്* : ദർശനം നയിക്കുന്നു...
*അഞ്ച്*: ആത്മദാനം പകരുന്ന ശക്തി
*ആറ്* : വിഭാവനത്തിൽ മുൻപേ...
*ഏഴ്* : തുടർവ്യാപനത്തിന്റെ നാൾവഴികൾ...
*എട്ട്* : പിന്നിടാനിനിയും ഏറെ ദൂരം

പിന്നുര
*ഏറ്റുപാടുക മാത്രം*
സിസ്റ്റർ ഡോ. ആവില സി.എം.സി.

അനുബന്ധം ഒന്ന്
*പൊതു ഗ്രന്ഥസൂചിക*

അനുബന്ധം രണ്ട്
*ചാവറ കുര്യാക്കോസ് ഏലിയാസ് ജീവിതരേഖയും രചനകളും*

അനുബന്ധം മൂന്ന്
*സിസ്റ്റർ ആവില സി.എം.സി. ജീവിതരേഖ*

അനുബന്ധം നാല്
*ബേസ്റൗമ*

പ്രസാധകക്കുറിപ്പ്

# സജീവ പങ്കാളിത്തത്തിന്റെ സാക്ഷ്യം

**ചാ**വറ പിതാവിന്റെ ജീവിതദർശനങ്ങളെയും ശുശ്രൂഷാവ്യാപന തലങ്ങളെയും പൊതുസമൂഹമദ്ധ്യത്തിൽ വ്യാപകമായി അടയാളപ്പെടുത്തുന്നതിനു വേണ്ടിയുള്ള *ബേസ്റൗമ*യുടെ യജ്ഞത്തിൽ *സി.എം.സി.* ധാരയുടെ സജീവ പങ്കാളിത്തത്തെ പ്രതിഫലിപ്പിക്കുന്നതാണ് *ഭൂമികന്യകമാർക്കൊരു ഉണർത്തുപാട്ട്* എന്ന ഈ ഗ്രന്ഥം. ഇപ്രകാരമൊരു സഹവർത്തിത്വം ഏകോപിപ്പിക്കുന്നതിനു പുറകിലെ പ്രധാന പ്രഭവസ്രോതകേന്ദ്രം *സി.എം.സി.* സുപ്പീരിയർ ജനറൽ സിസ്റ്റർ *സാങ്റ്റ*യുടെയും ജനറൽ കൗൺസിലർ സിസ്റ്റർ *ലെയോണില*യുടെയും സുമനസ്സുകളാണ്. അവർക്കു പ്രത്യേകം നന്ദി പറയാത്തത് അവരുടേതുകൂടിയാണ് ചാവറ ചൈതന്യവും അതു പ്രസരിപ്പിക്കേണ്ട നിയോഗവും എന്നതിനാലാണ്.

മാർഗ്ഗദർശിയും പ്രചോദനവുമായി വർത്തിക്കുന്ന *സി.എം.ഐ.* പ്രയാർ ജനറാൾ ഫാ. *ജോസ് പന്തപ്ലാംതൊട്ടിയിൽ*, വികാർ ജനറാൽ റവ. ഡോ. *ജോർജ്ജ് താഞ്ചൻ*, *ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ് ഡയറക്ടർ ഫാ. തോമസ് പന്തപ്ലാക്കൽ*, *ബേസ്റൗമ* കൺവീനറും ഗ്രന്ഥപരമ്പരയുടെ എഡിറ്ററർ *ജോൺ പോൾ*, ചാവറ സാംസ്ക്കാരിക കേന്ദ്രം ഡയറക്ടറും *ബേസ്റൗമ* കോർഡിനേറ്ററുമായ ഫാ. *റോബി കണ്ണഞ്ചിറ*, ചാവറ സാംസ്ക്കാരിക കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ ഫാ. *ജോസ് പാനാമ്പുഴ* എന്നിവരോടും ആകർഷകമായ മുഖചിത്രങ്ങളിലൂടെ *ബേസ്റൗമ* പ്രസിദ്ധീകരണ ശാഖയ്ക്കു വേറിട്ട വ്യക്തിത്വം പകർന്നു തരുന്ന *ഗായത്രി അശോക്*, ലേ-ഔട്ട് നിർവ്വഹിച്ച *അനൂപ് ആന്റണി*, മുദ്രണം നിർവ്വഹിച്ച *അനശ്വര പ്രിന്റേഴ്സ്*, ഏകോപനം നിർവ്വഹിച്ച *ജോളി പവേലിൽ* എന്നിവരോടുമുള്ള ഹൃദയപൂർവ്വമായ നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

ഗ്രന്ഥത്തിന്റെ സംശോധന നിർവർത്തിച്ച ഫാ. തോമസ് കാടൻകാവിലിനും സഹകരിച്ച റവ. ഡോ. സിസ്റ്റർ സോഫി റോസിനും വിശേഷാൽ നന്ദി.

പ്രൗഢമായ ഒരവതാരികകൊണ്ട് ഈ ഗ്രന്ഥത്തെ അനുഗ്രഹിച്ച പ്രൊഫ. മാത്യു ഉലകംതറ സാറിന് ആദരപ്രണാമം.

■

എഡിറ്ററുടെ കുറിപ്പുകൾ

# തുടക്കങ്ങളുടെയും തുടക്കം

**ജോൺ പോൾ**

സമൂഹത്തിന്റെ യഥാർത്ഥ പുരോഗതി, സർവ്വതോന്മുഖമായ അഭ്യുന്നതി, ആ സമൂഹത്തിലെ സ്ത്രീകളുടെ സ്ഥിതവിശേഷത്തെ ആശ്രയിച്ചിരിക്കുന്നു. 146 വർഷങ്ങൾക്കു മുൻപേ ഈ സത്യം ഉറക്കെ പ്രഖ്യാപിച്ചു കൊണ്ടാണു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ കേരളത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസിനീസമൂഹമായി *നിഷ്പാദുക കർമ്മലീത്ത മൂന്നാംസഭ*യ്ക്കു രൂപം നൽകുന്നതിൽ പങ്കാളിയായത്.

അന്നാളുകളിൽ സമൂഹമദ്ധ്യേ സ്ത്രീ അനുഭവിച്ചുവന്നിരുന്ന അവഗണനയും അവമതിയും അതിരൂക്ഷമായിരുന്നു. അദ്ദേഹം അത് ചുറ്റുപാടുകളിലെ നേരനുഭവങ്ങളിൽനിന്നും തിരിച്ചറിഞ്ഞു. അബലയായും ദാസിയായും നിഴലായും പിൻനിരയിൽ എന്നും അടിമതുല്യം സ്ത്രീയെ തളയ്ക്കുന്നതിൽ സമൂഹ നേതൃത്വത്തിന് ഒരേ മനസ്സായിരുന്നു. സ്വന്തം മാതാവിൽനിന്നും പ്രസരിച്ചെത്തിയ അനുഗ്രഹപൂർണ്ണമായ ചൈതന്യദീപ്തിയുടെ അനുഭവപ്രാപ്തിയിൽനിന്നും സ്ത്രീയുടെ യഥാർത്ഥ പ്രഭവസാദ്ധ്യതകളെക്കുറിച്ച് അദ്ദേഹത്തിന്റെ മനസ്സിൽ ബാല്യം തൊട്ടേ നന്ദിപൂർണ്ണമായ ആദരവും മഹിമയും നാമ്പിട്ടിരുന്നു.

ഈ അത്ഭുതകരമായ സ്രോതപ്രാപ്തിയെ എന്തുകൊണ്ടു സമൂഹം യഥാവിധം ആദരിക്കുകയും അംഗീകരിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്യുന്നില്ല? അമ്പരപ്പാർന്ന ഈ വിസ്മയം വ്യഥയായി ആ മനസ്സിൽ നീറി നിന്നു.

മകളായാലും ഭാര്യയായാലും അമ്മയായാലും അമ്മൂമ്മയായാലും സ്ത്രീ എവിടെയും വാതിൽപുറകിലെ വെറും നിഴലിനു സമം! ജീവിതത്തിന്റെ അരങ്ങിൽ അവൾക്ക് ഒരിക്കലുമിടമില്ല! സമൂഹത്തിന്റെ പുനഃസൃഷ്ടിക്കുതന്നെ നിർണ്ണായക സ്വാധീനമാകേണ്ടവളെ ഇവ്വിധം പുറംതള്ളുന്നത് എന്ത്? സമൂഹം വളർച്ച കെട്ടു പരസ്പരം ഇരയും വേട്ടക്കാരുമായവരുടെ വെറും കൂട്ടമായി തൊഴുതും തൊഴിച്ചും സ്വയം

അവമതിക്കുന്നതിന് കാരണപരിവൃത്തം ഇതു കൂടിയാണെന്ന് അദ്ദേഹം മനസ്സിലാക്കി.

കുടുംബത്തിനും സമൂഹത്തിനും ആപൽക്കരമായ ബാദ്ധ്യതയായി അവിവാഹിതയായ ഒരു പെൺകുട്ടിയെ കരുതുന്ന ഒരു സാമൂഹ്യമാന സികാവസ്ഥ! കുടുംബജീവിതമല്ലാതെ മറ്റൊരു വഴി അവൾക്ക് തിര ഞ്ഞെടുക്കുവാനനുവാദമില്ല. ഇനിയൊരുത്തന്റെ പെണ്ണായി അവന്റെ മക്കളെ പെറ്റുവളർത്തി കിടക്കറയിലും അടുക്കളയിലും അകത്തള ത്തിലുമായി ഒതുങ്ങിത്തീരേണ്ട ജന്മം അവളുടേത്. അടിമയായി മുദ്ര കുത്താത്തത് കുടുംബസ്വത്തിൽ അവളുടെ പേരിൽ എഴുതിച്ചേർന്നേ ക്കാവുന്ന സ്വത്തോഹരിയുടെ പേരിലുള്ള ഔദാര്യം. ഓഹരിയിൽ അവ കാശം അവൾ വഴി പിറക്കുന്ന കുഞ്ഞുങ്ങൾക്കു കൂടിയാണെന്നതു കൊണ്ട് അവരുടെ കണക്കിൽ അവൾക്കൊരല്പം സുരക്ഷിതത്വം!!

ഭർത്താവു മരിച്ചു വിധവയായാലോ, സ്ഥിതി അതിലും ദയനീയം. വിധവ യൗവ്വനം താങ്ങാത്തവളാണെങ്കിൽ ഏതു നിമിഷവും കത്തി യാളാവുന്ന സ്ഫോടകവസ്തുവായി മാത്രം അവളെ കരുതി ഭയപ്പാ ടോടെ സംശയപ്പാടിൽ തളയ്ക്കുന്നു കീഴ്വഴക്കം.

ഇങ്ങിനെ പാർശ്വവൽക്കരിക്കുകയും അവമതിക്കപ്പെടുകയും ചെയ്യേണ്ടവളാണോ സ്ത്രീ?

അല്ലെന്ന് ചാവറയച്ചന്റെ മനസ്സു മന്ത്രിച്ചു.

വിവാഹജീവിതം വെണ്ടെന്നു വയ്ക്കുവാൻ ഒരു സ്ത്രീയ്ക്കെന്താ അവകാശമില്ലേ? കുടുംബിനിയായി മാത്രമേ അവൾക്ക് അസ്തിത്വം പാടുള്ളൂ എന്നു വിധി നിർണ്ണയിച്ചതാരാണ്? പ്രാർത്ഥനയിലും സേവന ശുശ്രൂഷയിലും മുഴുകി ഒരു ജീവിതവഴി തിരഞ്ഞെടുക്കുവാൻ അവൾക്കെന്തേ അർഹതയില്ലേ?

വിധവകൾക്കെന്തുകൊണ്ട് വിഭാര്യന്മാരെപ്പോലെ സമൂഹ മദ്ധ്യ ത്തിൽ മാന്യതയും സ്ഥാനവും ലഭിക്കുന്നില്ല? സ്വയം പര്യാപ്തതയി ല്ലാതെ പുരുഷന്റെ വരുമാനവരുതിയിൽ ജീവിക്കുവാനായി അവളെ തീറെഴുതി പകുത്തത് ആരുടെ ആജ്ഞപ്രകാരമാണ്?

അന്വേഷകന്റെ മനസ്സ് വേപഥു പൂണ്ടു.

അതേ പിൻപറ്റിയുള്ള സ്നേഹകരുതലുകളുടെ തുടർച്ചയിലാണ് ആ യോഗിവര്യൻ മേൽസൂചിപ്പിച്ച വിധം സന്യാസിനീസമൂഹസ്ഥാപന ത്തിനു മുൻകൈയ്യെടുത്തത്.

പ്രാർത്ഥനാജീവിതത്തിനുള്ള സ്വാതന്ത്ര്യവും അതിനുവേണ്ട സുര ക്ഷിതത്വവും നൽകുന്നതുകൊണ്ടു മാത്രം പ്രശ്നത്തിനു പരിഹാരമാ കില്ലെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അതു രോഗലക്ഷണത്തിനേ ചികിത്സയാകൂ. ചികിത്സിക്കേണ്ടതു രോഗത്തെയാണ്. അതിനു



സ്ത്രീയുടെ പരാശ്രയസ്ഥിതം മാറണം; സന്യാസിനീഭവനത്തിനക ത്തായാലും പുറത്തായാലും സ്വന്തം കാലിൽ തലയുയർത്തി നിന്നു കൊണ്ട് സമൂഹമദ്ധ്യത്തിൽ നിലയും വിലയും ആർജ്ജിക്കുവാൻ അവർക്കു പ്രാപ്തി കൈവരണം. അതിനാവശ്യം വിദ്യാഭ്യാസവും സ്വയംപര്യാപ്തതയുമാണെന്ന് ആ ക്രാന്തദർശി തിരിച്ചറിഞ്ഞു.

സന്യാസിനീസമൂഹത്തിന്റെ പ്രഥമ പ്രതിബദ്ധത വിദ്യാദാന ശുശ്രൂഷാരംഗത്താവണമെന്നും അതു സഹോദരിമാർ പ്രാർത്ഥനാ സമം നിവർത്തിക്കണമെന്നും അദ്ദേഹം ശാഠ്യപൂർവ്വം നിഷ്ക്കർഷിച്ചു. വിദ്യാഭ്യാസമെന്നതു പാഠഭാഗങ്ങൾ ഉരുക്കഴിക്കുന്നതുകൊണ്ടുമാത്രം പ്രാപ്യമാകുന്നതോ പൂർണ്ണമാകുന്നതോ അല്ലെന്ന് അദ്ദേഹത്തിനറി യാമായിരുന്നു. വിദ്യാഭ്യാസത്തിന്റെ അനുബന്ധവും പൂരകവുമായി സന്യാസിനീഭവനങ്ങൾ നിവർത്തിയ്ക്കേണ്ട ദൗത്യമായി തൊഴിൽ പരിശീലനം അദ്ദേഹം നിർദ്ദേശിച്ചു. അങ്ങിനെയാണ് മഠങ്ങളോടനു ബന്ധിച്ച് ഇവിടെ കൈത്തൊഴിലിൽ പരിശീലന സംവിധാനങ്ങളാരം ഭിച്ചത്. അതു മഠാംഗങ്ങൾക്കു മാത്രമായിട്ടായിരുന്നില്ല; സമീപവൃത്ത ങ്ങളിലെ കുടുംബിനികൾക്കു കൂടി ചേർത്തായി. അതവരുടെ സ്വയം പര്യാപ്തതയ്ക്കു സഹായകവുമായി.

ഈവിധം വിദ്യാഭ്യാസ സാദ്ധ്യതകളും കൈത്തൊഴിൽ പരിശീ ലനാവസരങ്ങളും പ്രാപ്യമായതോടെ സ്ത്രീകളോടുള്ള സമൂഹ ത്തിന്റെ സമീപനത്തിൽ മാറ്റങ്ങൾ അനിവാര്യമായി; സാമൂഹ്യാവസ്ഥ യിൽത്തന്നെ മാറ്റങ്ങൾ സ്വാഭാവികമായി.

സന്യാസിനീസമൂഹഭവനങ്ങളുടെ സമീപത്തുള്ളവർ മാത്രമായാൽ പ്പോരാ ഈ പരിവർത്തനത്തിന്റെ ഗുണഭോക്താക്കൾ എന്ന കരുതലിൽ നിന്നാണു പെൺകുട്ടികൾക്കു താമസിച്ചു പഠിക്കുവാനായി ബോർ ഡിംഗ് സൗകര്യ *(എദുക്കുംദാത്തുകൾ)* സംവിധാനങ്ങളുണ്ടാകുന്നത്.

മലയാളക്കരയിലെ *സ്ത്രീസമുദ്ധാരണ*ത്തിന്റെയും പൊതുധാര യിലെ *സ്ത്രീവിദ്യാഭ്യാസ*ത്തിന്റെയും ഇതു രണ്ടിലൂടെയും പ്രാപ്യ മായ *സ്ത്രീശാക്തീകരണ*ത്തിന്റെയും കഥ ഇവിടെ തുടങ്ങുന്നു.

സ്ത്രീ ശക്തയാകുന്നത് പുരുഷനു ബദലാകുവാനോ എതിർമുഖ മാളുവാനോ അല്ല; പരസ്പരപൂരകങ്ങളും അനുബന്ധങ്ങളുമായാണ് സൃഷ്ടിമുഹൂർത്തത്തിൽ സമത്വഭാവേനയുള്ള സ്ത്രീപുരുഷ പിറ വിയും തുടർവിഭാവനവും. ഈ സത്യദർശനത്തിന്റെ പ്രസരണ തുടർ ച്ചയിൽ നിവർത്തിതമാകുന്ന ശാക്തീകരണമേ കുടുംബങ്ങളിലെ നിറ വിനും ആ വഴി സമൂഹത്തിന്റെ മൊത്തത്തിലുള്ള അഭ്യുന്നതിക്കും പിൻബലമാകൂ എന്ന വിവേകപൂർണ്ണമായ തിരിച്ചറിവ് ഈ പരി വർത്തനയജ്ഞത്തിൽ ഉൾച്ചേർന്നിരുന്നു. അതു സത്യമെന്നു ക്രമേണ ആ ശ്രമങ്ങൾ കൈവരിച്ച ഫലശ്രുതി സാക്ഷ്യപ്പെടുത്തി.

*നല്ലത് എന്നു ദൈവം കണ്ടു* എന്ന് ഉൽപ്പത്തി പുസ്തകത്തിൽ ബൈബിളിൽ ആവർത്തിക്കുംപോലെ ഇതത്രയും നല്ലതെന്നും നല്ല തിനെന്നും സമൂഹം കണ്ടു. വ്യത്യസ്ത സമുദായ ശ്രേണികളിലുള്ള ഇതരസാമൂഹ്യധാരകളും കാലക്രമേണ ഈ പാത പിൻതുടർന്നു. അതൊരു വലിയ സാമൂഹ്യമാറ്റത്തിന്റെ ഭൂമികയും പോരാട്ടവഴിയിലെ നിർണ്ണായകസന്ധിയുമായി. ആ തുടർച്ചയുടെ കഥ പറയുവാനാണ് ഈ ഗ്രന്ഥം മുതിരുന്നത്. പറയുന്നതാവട്ടെ സ്ഥാപകചൈതന്യമായ ഋഷിവര്യന്റെ സ്ത്രീശാക്തീകരണ ദർശനത്തിന്റെ പ്രഭാദീപ്തിയിൽ വഴിയിടങ്ങളെ അടയാളപ്പെടുത്തിക്കൊണ്ടുമാണ്. സ്വാഭാവികമായും സമർപ്പിതബദ്ധിതയായ ഗ്രന്ഥകർത്രിയുടെ വിചാരധ്യാനം ചാവറ പിതാവിന്റെ മനസ്സിനോടു ചേർന്നും ആ ധ്യാനവഴി പിൻതുടർന്നു മായി. ആ സത്യസന്ധതയുടെ ആർജ്ജവവും ബോദ്ധ്യദാർഢ്യവും സിസ്റ്റർ ഡോ. ആവിലയുടെ എഴുത്തുവഴിയിൽ അനുഭവവേദ്യമാണ്. ■



പരിചായകം

## വിദ്യയിലൂടെ വിശുദ്ധിയിലേയ്ക്ക്

റവ. സിസ്റ്റർ സാങ്റ്റ C.M.C.
(സുപ്പീരിയർ ജനറൽ)

**സ്നേ**ഹത്തിന്റെ കുളിർമഴ പൊഴിക്കുന്ന വെൺമേഘമായി, ജീവന്റെ ഉണർത്തുപാട്ടിന് തുടിതാളമായി ഈറൻനിലാവുപോലെ ആർദ്രതയുടെ ലാവണ്യത്തിൽ ചുറ്റുപാടുകളെ പൂരിതമാക്കുന്ന മാതൃ ത്വത്തിന്റെ ഇരിപ്പിടമാണ് ഭാരതീയ സങ്കല്പത്തിൽ സ്ത്രീ. ലോക ത്തിന്റെ വഴികളിൽ ഒളിഞ്ഞിരിക്കുന്ന ഇരുട്ടിൽ മഹത്വത്തിന്റെ കൃപാ വഴികൾ എത്തിപ്പിടിക്കാൻ ഭാഗ്യം ലഭിക്കുന്ന സ്ത്രീജന്മങ്ങൾ വിരളമാ യിരിക്കാം. എന്നാൽ, സാധ്യതകളുടെ ഉദയസൂര്യന് അവളുടെ ജീവിത ചക്രവാളത്തിൽ ഒരിക്കലും അസ്തമയമില്ല. ഈ സാധ്യതകളുടെ ചുരുളഴിക്കലും അനുബന്ധവഴികളുടെ വിശകലനവുമാണ് സിസ്റ്റർ ആവില രചിച്ച *ഭൂമികന്യകമാർക്ക് ഒരു ഉണർത്തുപാട്ട്* എന്ന ഗ്രന്ഥം.

ശക്തയും പുരോഗാമിനിയുമായ സ്ത്രീയുടെ വിവിധ ഭാവങ്ങൾ തന്മയത്വത്തോടുകൂടി ഈ പുസ്തകത്താളുകളിൽ വിവരിച്ചിരിക്കുന്നു. ചരിത്രവഴികളിൽ കേരളസ്ത്രീകൾ അഭിമുഖീകരിക്കേണ്ടിവന്ന അയിത്തശീലങ്ങളുടെയും അന്തഃപ്പുരബന്ധിത അസ്വാതന്ത്ര്യങ്ങ ളുടെയും രേഖാചിത്രങ്ങളും അവയിൽനിന്നുള്ള മോചനത്തിനു വഴി തുറന്ന സ്ത്രീവിദ്യാഭ്യാസരംഗത്തേയ്ക്കുള്ള പ്രഥമ കാൽവയ്പുക ളെയും സിസ്റ്റർ ആവില സമർത്ഥമായി വരച്ചുകാണിച്ചിരിക്കുന്നു. അസ്വാതന്ത്ര്യത്തിന്റെ മറക്കുടകളിൽ ഒതുങ്ങിയിരുന്ന കേരള സ്ത്രീസമൂഹത്തിന് സ്വാതന്ത്ര്യത്തിന്റെ ഉണർത്തുപാട്ടുകൾ പാടി ക്കൊടുത്ത് ജനജീവിതത്തിന്റെ പൊതുധാരയിലേയ്ക്കും പരിവർത്ത നത്തിന്റെ പ്രഭാതത്തിലേയ്ക്കും അവരെ ആനയിക്കുവാനുള്ള ആദ്യ വെളിച്ചമായി അവതരിച്ചത് ദൈവമനുഷ്യനായ ചാവറ പിതാവായി രുന്നു. സ്വന്തമാതാവിൽനിന്നും വിശുദ്ധരായ സ്ത്രീജന്മങ്ങളിൽനിന്നും പ്രകാശവും പ്രചോദനവും ഉൾക്കൊണ്ട അദ്ദേഹം വേറിട്ട വഴികളി ലൂടെ നടന്ന് സ്ത്രീകൾക്കുവേണ്ടിയുള്ള വിദ്യാദാനപ്രവർത്തനങ്ങൾ

നിയോഗവും ദൈവേച്ഛയുടെ നിവർത്തനവും മുഖമുദ്രയുമാക്കിയ സി.എം.സി. സമൂഹത്തിന്റെ സ്ഥാപനത്തിന് നിമിത്തമായിത്തീർന്നു.

അനുഗൃഹീതമായ തന്റെ ജീവിതത്തിൽ ചാവറയച്ചൻ പടുത്തുയർത്തിയ ദർശനങ്ങളാണ് അനേകം കൈവഴികളിലൂടെ ഒഴുകിപ്പരന്ന് സുകൃതത്തിന്റെ കൈവല്യപ്രഭ പരത്തി നമ്മുടെ ജന്മനാടിനെ പുളകമണിയിച്ചത്. വിദ്യയിലൂടെ വിശുദ്ധിയിലേയ്ക്ക് കേരളത്തിലെ സ്ത്രീജനങ്ങളെക്കൂടി നയിക്കുവാനുള്ള അദമ്യമായ ആഗ്രഹമാണ് പുത്തൻ പ്രവർത്തനപാതകൾ വെട്ടിത്തുറക്കാൻ അദ്ദേഹത്തിന് ഉൾഃപ്രചോദനമായത്. സ്ത്രീത്വത്തിന്റെ മഹത്വം സ്ത്രീകൾതന്നെ തിരിച്ചറിയുകയും സമൂഹത്തിൽ അവർ അംഗീകരിക്കപ്പെടുകയും ചെയ്യുമ്പോൾ അത് ഏറെ ക്രിയാത്മകമായ സ്വാധീനഫലങ്ങൾ പുറപ്പെടുവിക്കുമെന്നുള്ളതിൽ അദ്ദേഹത്തിനു സംശയമുണ്ടായിരുന്നില്ല.

സന്യാസിയായ ചാവറയച്ചൻ മാന്നാനത്ത് പുരുഷന്മാർക്കായി സന്യാസാശ്രമം സ്ഥാപിച്ചതിനു ശേഷമാണ് കൂനമ്മാവ് കന്യകാശ്രമത്തിന്റെ സ്ഥാപനത്തിനുള്ള പരിശ്രമങ്ങൾ നടത്തിയത്. *നാളാഗമ*ത്തിന്റെ ഏടുകളിൽനിന്നും ആ കാര്യങ്ങൾ അടർത്തിയെടുത്ത് ഈ പുസ്തകത്തിൽ ഇഴചേർത്തിരിക്കുന്നു. ചാവറയച്ചനുമായി അഭേദ്യം ബന്ധപ്പെട്ടുനിൽക്കുന്ന സി.എം.സി. സഭയുടെ ആരംഭകാലചരിത്രവും ചാവറയച്ചനു സി.എം.സി. ധാരയോടുള്ള ഹൃദയബന്ധവും ഏറെ ഭാവോദ്ദീപകവും ഹൃദയസ്പർശിയുമായ വിധം പ്രതിപാദിച്ചിരിക്കുന്നു.

ഒരിക്കലും അവസാനിക്കാത്ത ആരംഭം കുറിക്കാൻ, അന്തരാത്മാവിനെ പ്രചോദിപ്പിക്കുന്ന പരിവർത്തനത്തിന്റെ ഉണർത്തുപാട്ടുകൾക്ക് കാതോർക്കാൻ, സ്ത്രീകൾക്കുവേണ്ടിയുള്ള *സുവിശേഷ*ത്തിന്റെ പ്രഘോഷകരാകാൻ, *ഭൂമികന്യകമാർക്ക് ഒരു ഉണർത്തുപാട്ടി*ന്റെ അനുവാചകർക്ക് സാധ്യമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. അസാധാരണമായ ദൈവനിയോഗങ്ങളെ സാധാരണ കാര്യമെന്ന മട്ടിൽ സ്വജീവിതത്തിന്റെ പ്രയാണവഴികളിൽ സാക്ഷാത്കൃതമാക്കിയ ചാവറപിതാവിന്റെ മഹത്വത്തെ പൊതുസമൂഹത്തിനു മുൻപിൽ വിളംബരം ചെയ്യുന്ന ഈ ഗ്രന്ഥം അദ്ദേഹത്തിന്റെ സുകൃതവഴികൾ കണ്ടെത്തുവാനും ആ ധന്യാത്മാവിന്റെ ചൈതന്യപ്രസരണത്തെ ഏറ്റുവാങ്ങുവാനും വായനക്കാർക്കു സഹായകമാകും എന്നു ഞാൻ വിശ്വസിക്കുന്നു. സിസ്റ്റർ ആവിലയുടെ ഈ ധ്യാനസമർപ്പണത്തിന് എന്റെ ഭാവുകാശംസകൾ. ■



അവതാരിക

## വിമോചനഗാഥയുടെ തീർത്ഥ സഞ്ചാരം

### പ്രൊഫ. മാത്യു ഉലകംതറ

**അ**സാധാരണമായ ഒരു വായനാവിഭവമാണ് കൈരളീ ഭക്തർക്ക് മുന്നിൽ ഞാനവതരിപ്പിക്കുന്നത്. ശക്തവും സാഹിത്യസുന്ദരവുമായ ഒരു സ്ത്രീ പക്ഷവാദഗ്രന്ഥം; അന്യാദൃശമായ ഒരു സന്യാസമഹത്വ സങ്കീർത്തനം. മഹാഭാരതത്തെക്കുറിച്ചു വേദവ്യാസൻ പറഞ്ഞിരിക്കുന്നതുപോലെ ഈ ഗ്രന്ഥത്തിലുള്ളതു മറ്റു വല്ലയിടത്തുമൊക്കെ കണ്ടേക്കും. എന്നാൽ ഇതിലില്ലാത്തതു മറ്റെങ്ങും കാണുകയില്ല.

*യദിഹാസ്തി തദന്യത്രയന്നെഹാസ്തിനകുത്രചിൽ.*

ക്രൈസ്തവ വേദോക്തമായ നരവംശചരിത്രത്തിൽ തുടങ്ങുന്ന സ്ത്രീമഹാത്മ്യാന്വേഷണം ഭാരതചരിത്രത്തിലേക്കും കേരള ചരിത്രത്തിലേക്കും കടക്കുമ്പോൾ അതിനു ഗതിവേഗം വർദ്ധിക്കുന്നു. സ്ത്രീകളെ ഇരകളാക്കി രമിച്ചിരുന്ന സതി സമ്പ്രദായം, പുലപ്പേടി, മണ്ണാപ്പേടി, സ്മാർത്തവിചാരം, ജാതി വ്യവസ്ഥകളിൽ സ്ത്രീകളനുഭവിച്ചിരുന്ന ദുരിതങ്ങൾ, മാറുമറയ്ക്കൽ പ്രക്ഷോഭണം... എന്നിങ്ങനെ അഗ്നിസ്ഫുലിംഗങ്ങൾ പാറിക്കുന്ന ഹൃദയഭേദകമായ എന്തെന്തു സ്ത്രീപീഡന ചരിത്രങ്ങളെ പിന്നിട്ടുകൊണ്ടാണ് സ്ത്രീശാക്തീകരണവാദത്തിന്റെ പടിവാതിൽക്കലോളം നാം എത്തിച്ചേർന്നതെന്ന കഥ ആവില വിവരിക്കുമ്പോൾ ശ്വാസഗതി നിയന്ത്രിക്കാതെ നമുക്കു വായിച്ചുപോകാനാവില്ല.

മാനവവംശ പുരോഗതിയിൽ സ്ത്രീകൾക്കുള്ള സ്ഥാനവും അവരുടെ അസാധാരണ സിദ്ധികളും ശക്തികളുമെല്ലാം തുടർന്നു പ്രതിപാദിക്കപ്പെടുന്നു. ആനയ്ക്ക് അതിന്റെ ശക്തി അറിഞ്ഞുകൂടാ എന്നൊരു ചൊല്ലുണ്ട്. അതിനാലാണ് മനുഷ്യനെ പുറത്തുകേറ്റി അവന്റെ അടിയും കുത്തുമേറ്റ് അവൻ നൽകിയ കൂച്ചു ചങ്ങലയും വലിച്ച് ആന കഷ്ടപ്പെടേണ്ടിവരുന്നത്. അതുപോലെ സ്ത്രീയ്ക്ക്

അവളുടെ ശക്തികളും സിദ്ധികളുമെന്തെല്ലാമെന്ന് ഇനിയും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ആ തിരിച്ചറിവിലേക്ക് സ്ത്രീസമൂഹത്തെ വിളിച്ചുണർത്തുന്ന ഈ ഗ്രന്ഥത്തിന് *ഭൂമികന്യകമാർക്ക് ഒരു ഉണർത്തുപാട്ട്* എന്ന ശീർഷകം നൽകിയിരിക്കുന്നതിന്റെ ഔചിത്യം പ്രഥമാദ്ധ്യായങ്ങളിൽത്തന്നെ ഇങ്ങനെ വ്യക്തമാക്കപ്പെടുന്നു.

ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിമുതലിങ്ങോട്ട് മുഖ്യമന്ത്രിമാരായ ജയലളിതയുടെയും മമതാബനർജിയുടെയും ലോകസഭാസ്പീക്കറായ മീരാകുമാറിന്റെയും രാഷ്ട്രപതിസ്ഥാനമലങ്കരിച്ച പ്രതിഭാപാട്ടീലിന്റെയുമൊക്കെ ചിത്രങ്ങളിലേക്കു കണ്ണോടിക്കുമ്പോൾ സ്ത്രീകൾ ഉണർന്നാൽ എത്തിപ്പിടിക്കാനാവാത്ത ഉയരങ്ങളൊന്നുമില്ല എന്ന് ഇന്ന് നാം അറിയുന്നു. ഉദ്ധരണികൾ നിരത്തിയും കാവ്യശകലങ്ങളുദ്ധരിച്ചുമുള്ള ഈ അവലോകനങ്ങൾ യഥാർത്ഥത്തിൽ പ്രധാന പ്രമേയത്തിന്റെ ഒരു ആമുഖം മാത്രമാണ്.

സന്യാസജീവിതത്തിന്റെ ഔന്നത്യങ്ങളിലേക്കും ആദ്ധ്യാത്മികതയുടെ ഉത്തുംഗശൃംഗങ്ങളിലേക്കും സ്ത്രീകൾക്കു കടന്നു ചെല്ലാനാവില്ലേ എന്ന ചോദ്യമാണ് പ്രധാന പ്രമേയത്തിലേക്കു നമ്മെ നയിക്കുന്നത്. വാസ്തവത്തിൽ ഈ ചോദ്യം തന്നോടുതന്നെയും ക്രൈസ്തവ സമൂഹത്തോടും ആദ്യമായി ചോദിച്ചത് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനാണല്ലോ.

*ക്രൈസ്തവ സമൂഹമെ*ന്നെടുത്തുപറയാൻ കാരണമുണ്ട്. ഹൈന്ദവർക്കിടയിൽ സന്യാസിനീ സങ്കല്പം അപരിചിതമല്ല. പുരാണപരാമൃഷ്ടരായ യോഗിനിമാരെക്കൂടാതെ ഭക്തമീരാ മുതൽ ശാരദാദേവിവരെ വ്യത്യസ്ഥശൈലിയിലുള്ള സന്യാസമാതൃകകൾ ഭാരതീയ വനിതകൾക്കിടയിലുണ്ട്. സ്വാമി വിവേകാനന്ദന് സന്യാസവ്രത പ്രവേശം നൽകിയത് ശാരദാദേവിയാണെന്നു പ്രസിദ്ധം. ശ്രീരാമകൃഷ്ണ ഗുരുദേവ പത്നിയായിരുന്നു ശ്രീശാരദാദേവിയെന്നറിയുമ്പോൾ യൗസേഫുമറിയം ദമ്പതിമാരുടെ ഗൃഹസ്ഥാശ്രമജീവിതമാണു നമുക്കോർമ്മ വരിക.

ഇന്ത്യയിൽ ബുദ്ധഭിക്ഷുണിമാരുടെ മഠങ്ങളുണ്ടായിരുന്നുവെന്ന് കുമാരനാശാന്റെ *ചണ്ഡാലഭിക്ഷുകി*യിലൂടെയെങ്കിലും നമുക്കറിയാം. അത്തരമൊരു ഗാർഹസ്ഥ്യേതര സന്യാസസമൂഹമാണ് ക്രൈസ്തവ വനിതകൾക്കായി കത്തോലിക്ക തിരുസ്സഭ വ്യവസ്ഥ ചെയ്തിരിക്കുന്നത്. സെന്റ് തോമസ്സിൽ നിന്നു വിശ്വാസം സ്വീകരിച്ച അതിപ്രാചീനമായ കേരള സഭയ്ക്ക് സ്വന്തമായി ദേശകാലാനുസൃതമായ കർമ്മ



പദ്ധതികളോടുകൂടി അത്തരമൊരു സന്യാസിനീസഭ അത്യന്താപേക്ഷിതമാണെന്ന ചിന്ത ആദ്യമായി മനസ്സിലുദിച്ചത് പുണ്യചരിതനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനാണ്. അദ്ദേഹത്തിന്റെ ജീവചരിത്രത്തിലേക്കും അന്തരംഗവ്യാപാരങ്ങളിലേക്കുമാണ് ഗ്രന്ഥകർത്രിയുടെ തുടർന്നുള്ള തീർത്ഥസഞ്ചാരം.

ചാവറപിതാവും ലെയോപ്പോൾദച്ചനും ചേർന്ന് സന്യാസിനീമഠസ്ഥാപനത്തിനുവേണ്ടി സഹിച്ചത്യാഗങ്ങളും തരണം ചെയ്ത പ്രതിബന്ധങ്ങളുമെല്ലാം തുടർന്നുള്ള അദ്ധ്യായങ്ങളിൽക്കാണാം. ലത്തീൻ റീത്തിൽപ്പെട്ട സന്യാസിനികളെ ഈ കൂട്ടായ്മയിൽ നിന്നു വേർപെടുത്തേണ്ടിവന്ന അധികാര സമ്മർദ്ദങ്ങളെല്ലാം ദു:ഖകരമായ അദ്ധ്യായങ്ങളാണ്.

സ്ത്രീ ശരീര പ്രദർശനത്തെ കമ്പോള വളർച്ചയ്ക്കുപയോഗിക്കുന്ന ആധുനിക പ്രവണതയ്ക്കെതിരെ സന്യാസിക്കും സി.ടി. സിക്കും ഇതര ക്രൈസ്തവ സന്യാസിനി സമൂഹങ്ങൾക്കും സ്ത്രീപക്ഷ സംഘടനകൾക്കും ഉണർന്നു പ്രവർത്തിക്കാവതല്ലേ? അതേക്കുറിച്ചുള്ള സാദ്ധ്യതാചിന്തകൾ കൂടി ഗ്രന്ഥത്തിലുൾച്ചേർക്കമായിരുന്നു. വനിതാവിഭാഗത്തിനുവേണ്ടി ആലപിക്കുന്ന ഉണർത്തുപാട്ടിൽ ആ ഭാഗത്തുനിന്നും സമഗ്രമായി ഇനിയുമുണ്ടാകാവുന്ന, ഉണ്ടാകേണ്ട ഉണർവ്വുകളെക്കുറിച്ചുള്ള സൂചനകൾ പ്രസക്തമാകുമായിരുന്നു.

ചാവറപിതാവിന്റെ ഏതാണ്ടു സമഗ്രമായൊരു ജീവചരിത്രം തന്നെ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ കവിതകൾ ധാരാളമുദ്ധരിച്ച് മാതൃഭക്തിക്കും സ്ത്രീപക്ഷവീക്ഷണങ്ങൾക്കും ഉദാഹരണവും നൽകിയിരിക്കുന്നു കാവ്യാസ്വാദന മാധുര്യം നിറഞ്ഞ പ്രസ്തുത ഭാഗങ്ങളിൽ സന്യാസജീവിതത്തിന്റെ ആദ്ധ്യാത്മികമാനങ്ങളെന്നപോലെ സാമൂഹിക വികസനത്തിലും മതേതര സംസ്കാരത്തിലും അദ്ദേഹം നൽകിയ ദർശനങ്ങളും സംഭാവനകളും സമഗ്രമായി സംഗ്രഹിച്ചിരിക്കുന്നു. കത്തോലിക്കാസഭയുടെ സന്യാസിനീ സങ്കൽപങ്ങളും നിയമാവലികളും ഏറെക്കുറെ മനസ്സിലാക്കാനും ഈ ഗ്രന്ഥം സഹായകമാണ്.

ഭാരതീയ സ്ത്രീ സങ്കൽപങ്ങൾക്കു ചില മഹനീയ വശങ്ങളുണ്ട് എന്ന കാര്യവും വിസ്മരിച്ചുകൂടാ സ്ത്രീയായി ജനിക്കാനിടയാക്കാത്തതിനു ദൈവത്തിനു നന്ദി പറയുന്ന യഹൂദ പാരമ്പര്യമല്ല ഇന്ത്യയിലേത്; ദൈവത്തെപ്പോലും സ്ത്രീയായി സങ്കൽപിച്ചുകൊണ്ടു വാദിക്കുന്ന ഒരു മഹാപാരമ്പര്യം ഇവിടെയുണ്ട്. *യാദേവീസർവഭൂതേഷാ മാതൃരൂപേണ സംസ്ഥിതാ നമസ്തസ്യൈ: നമസ്തസ്യൈ:*

*നമസ്തസ്യൈ: നമോ നമ:* എന്നു പ്രാർത്ഥിക്കുകയും അർദ്ധനാരീശ്വര സങ്കൽപത്തിലൂടെ സ്ത്രീക്കു പുരുഷനോടു തുല്യ സ്ഥാനം നൽകുകയും *ദേവീനാരായണാ:* എന്നു ലിംഗഭേദമവഗണിച്ചു സ്തോത്രമുരുവിടുകയും ചെയ്യുന്ന മഹത്തായ ഒരു പാരമ്പര്യമാണത്. ഹിന്ദുക്കൾ ദൈവത്തെ ലോകമാതാവായി സങ്കൽപിക്കുന്നു. ഭാരതത്തിലെ സ്ത്രീകളുടെ മാഹാത്മ്യം പ്രകീർത്തിക്കുന്ന ഉള്ളൂരിന്റെ *ചിത്രശാല* എന്ന ഖണ്ഡകാവ്യവും കൂടുതൽ വായനയ്ക്കായി ശുപാർശ ചെയ്യാവുന്നതാണ്.

യേശുക്രിസ്തു സ്ത്രീവിരുദ്ധ യഹൂദ സമൂഹത്തിൽ ജനിച്ചു വളർന്നെങ്കിലും മനുഷ്യരാശിക്ക് ഒരു അമ്മയെ ആവശ്യമുണ്ടെന്ന് തിരിച്ചറിഞ്ഞ് തന്റെ അമ്മയെ മനുഷ്യ ലോകമാതാവായി നമുക്കു നല്കുകയാണ് ചെയ്തത്.

വിശുദ്ധ പൗലോസ് സ്ത്രീ വിരുദ്ധനായിരുന്നുവെന്ന് ഇപ്പോൾ ചിലർ പ്രചരിപ്പിക്കുന്നുണ്ട്. സ്ത്രീകൾ ശിരോവസ്ത്രമണിയണമെന്നും സഭയിൽ സംസാരിക്കരുതെന്നുമൊക്കെ അദ്ദേഹമെഴുതിയിട്ടുണ്ടല്ലോ. എന്നാൽ ഒന്നോർക്കണം. അന്നു നിലവിലിരുന്ന യഹൂദാചാരങ്ങളെ സാമാന്യേന അംഗീകരിച്ചുകൊണ്ട് സുവിശേഷത്തിനു സ്വീകാര്യത വദ്ധിപ്പിക്കുവാനാണദ്ദേഹം ശ്രമിച്ചത്. സാമൂഹ്യപരിഷ്കരണമോ സ്ത്രീ ശക്തീകരണമോ ആയിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം; സുവിശേഷ പ്രചാരണമായിരുന്നു. അടിമയും യജമാനനും സ്ത്രീയും പുരുഷനും ദൈവതിരുമുമ്പിൽ തുല്യരാണെന്നും, ഭാര്യയെ സ്വന്തം ശരീരം പോലെ കരുതി സ്നേഹിക്കണമെന്നും പറഞ്ഞതെല്ലാം ചേർത്തു വായിച്ചാലേ യഹൂദ സമുദായത്തിൽ ക്രിസ്തുവും സഭയും ആലപിച്ച ഉണർത്തുപാട്ടിന്റെ ധ്വനിമാനങ്ങൾ സുഗ്രഹമാകൂ.

ഗ്രന്ഥകർത്രിയുടെ പാരായണപ്പരപ്പും ഗവേഷണ സൂക്ഷ്മതയും, കാവ്യപ്രതിപത്തിയുമെല്ലാം ഓരോ പേജിലും വിളംബരം ചെയ്യപ്പെടുന്നുണ്ട്. ക്രൈസ്തവരിൽ പ്രായേണ കുറഞ്ഞുകാണുന്നതാണ് വായനാശീലവും കാവ്യപ്രതിപത്തിയും. അങ്ങനെയുള്ളവരുടെ മുമ്പിൽ വിളമ്പുമ്പോൾ അല്പം കൂടി അവക്രലളിതമായ ഭാഷാശൈലി ഉപയോഗിക്കുന്നതായിരിക്കും ഗ്രന്ഥപ്രചാരത്തിനു കൂടുതൽ സഹായകമാകുക എന്നു തോന്നുന്നു.

സംസ്കൃതത്തിലെ അഭ്രുത തദ്ഭാവ നിയമമനുസരിച്ച് സ്ത്രീ ശാക്തീകരണത്തിന് ഒരു ന്യായീകരണവുമില്ല. ശക്തമല്ലാത്തതിനെ



ശക്തമാക്കുന്നത് ശക്തീകരണമാണ്. മലിനമല്ലാത്തതിനെ മലിനമാക്കുന്നത് മാലിനീകരണമല്ല മലിനീകരണമാണ്. ശക്തിയില്ലാത്തതിനെ ശക്തിയുള്ളതാക്കുക എന്നാണു വിവക്ഷയെങ്കിൽ ശക്തിമത്കരണമാണുവേണ്ടത്. ഇങ്ങനെ ചില പ്രതിസ്പന്ദങ്ങൾ രേഖപ്പെടുത്തുന്നത് ചന്ദ്രനിൽ കളങ്കമാരോപിക്കുന്നതുപോലെ കരുതിയാൽ മതി.

അത്യന്തം വിജ്ഞാനപ്രദവും വൈവിധ്യസുഖദവും ആത്മീയാഭിമുഖവുമായ ഈ സ്ത്രീ വിമോചന ഗാഥ ഞാൻ സസന്തോഷം വായനക്കാർക്ക് കൈമാറുന്നു.

■

ഒന്ന്

# അതിരുകളില്ലാത്ത സിദ്ധികളും സാദ്ധ്യതകളും

മധുരവും ചവർപ്പും ഇണക്കവും പിണക്കവും ഒരുപോലെ ആസ്വാദ്യതരമാക്കുന്ന വശ്യശക്തി, ജീവിതവുമായി ബന്ധിപ്പിക്കുന്ന അദൃശ്യമെങ്കിലും ദൃശ്യമായ കണ്ണി; നോക്കെത്താത്ത ദൂരത്തിലും സ്നേഹത്തിന്റെ കാന്തികവലയത്തിലേയ്ക്ക് ചേർത്തുനിർത്തുന്ന സ്നേഹാമൃതം; സ്നേഹത്തിൽ കുതിർന്ന മാതൃഭാവങ്ങൾ സ്വന്തമാക്കിയ സ്നേഹോപാസക; താളത്തിൽ പിഴയ്ക്കാതെ ധീരതയോടെ മുന്നേറാൻ കരുത്തുപകരുന്ന സഹയാത്രിക; പ്രപഞ്ചത്തിൽ തുടിപ്പുണർത്തുന്ന ജീവന്റെ അടയാളം... അവളത്രെ സംവത്സരങ്ങളിലൂടെ ഈശ്വരനും പ്രകൃതിയും ചേർന്ന് ആർദ്രതയുടെ, കരുതലിന്റെ, നീർച്ചാലാക്കി രൂപപ്പെടുത്തിയ സ്ത്രീ! ജന്മ-ജന്മാന്തരങ്ങൾ അവളെ കാത്തിരിക്കുന്നു. അവളുടെ മിഴികളുടെ ആഴങ്ങളിൽ, മൊഴികളുടെ ആർദ്രതയിൽ, ജീവന്റെ പരകോടി സാദ്ധ്യതകളുണ്ട്; കരുതലിന്റെ കരതലങ്ങളിൽ അപരനുവേണ്ടി കാത്തുവച്ചിരിക്കുന്ന സ്വച്ഛതയുടെ നിർവൃതികളുണ്ട്. അവൾ വളരുകയാണ്; ജീവാണുവിൽ നിന്നും പരമാണുവിലേയ്ക്ക്! അവൾ വളർത്തുകയാണ്; അവനവനിൽ നിന്നും അപരനിലേയ്ക്ക്! അവൾ കർമ്മകാണ്ഠത്തിന്റെ അപാരതയാണ്! ഈ ഭൂമിയിലെ ഓരോ മനുഷ്യനും അവൾ കാവലും തുണയുമാണ്.

ഉല്പത്തിപുസ്തകം മാനവരാശിക്കു നൽകുന്ന സ്ത്രീസങ്കല്പം എപ്രകാരമാണെന്നു നോക്കുക:

*ദൈവമായ കർത്താവ് അരുളിച്ചെയ്തു: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; അതുകൊണ്ട് അവനു തുണയായി ഞാൻ സ്ത്രീയെ നൽകും.*[1]

ഇത് സ്ത്രീയുടെ ജീവിത നിയോഗം. ഇണയും തുണയുമാകാനുള്ള തന്റെ നിയോഗവും വൈഭവവും പ്രയോജനപ്പെടുത്തുന്ന സ്ത്രീക്ക് ഈ ലോകത്തിൽ ഉളവാക്കാൻ കഴിയുന്ന പരിവർത്തനങ്ങൾക്കു പരിധിയില്ല.

പ്രപഞ്ചം മുഴുവനേയും കുളിരണിയിക്കാനും ജീവനിലേയ്ക്കുണർത്താനും ശക്തമാണ് അവളുടെ ഹൃദയത്തിൽ ഉരുവെടുക്കുന്ന സ്നേഹത്തിന്റെ നീർത്തുള്ളികൾ. അതവളുടെ ജന്മസാഫല്യമാകുന്നു. ഏകാന്തതയുടെ തുരുത്തുകളിലേയ്ക്ക് വലിച്ചെറിയപ്പെട്ടവർക്ക്, അനാഥത്വത്തിന്റെ ആകുലതകളാൽ തളർന്നവർക്ക്, നൈരാശ്യത്തിന്റെ പിന്നാമ്പുറങ്ങളിൽ ഒതുങ്ങിക്കഴിയുന്നവർക്ക്, താങ്ങും തണലുമായി മാറുന്ന സ്ത്രൈണതയുടെ വിസ്മയങ്ങളെക്കുറിച്ചു ചിന്തിക്കുവാൻ തുടങ്ങുമ്പോൾ, കർത്തൃസംജ്ഞ മറന്നിട്ടും, മറക്കാതെ മനസ്സിൽ കോറിയിട്ട ഒരു കവിതാശകലം ഓർമ്മയിൽ തെളിയുന്നു:

*ഒരു യുഗം മുഴുവൻ കണ്ണീരിലാഴ്ത്തിയാലും,*
*ഹൃദയം തകർത്ത് തല്ലിയുടച്ചാലും,*
*ഒരു കടൽ നിറയെ സ്നേഹം*
*ഉള്ളിൽ കാക്കുന്നവൾ...*
*ഞാൻ പെണ്ണാണ്.*
*എവിടെയൊക്കെയോ അലഞ്ഞ് ഒടുവിൽ*
*മടങ്ങിയെത്തുമ്പോൾ,*
*സാന്ത്വനം പകരാൻ ഒരു നെഞ്ച്;*
*ധൈര്യം പകരാൻ ഒരു സ്പർശം...*
*പാപം കഴുകിക്കളയാൻ മുലപ്പാൽ...*
*ഞാൻ പെണ്ണാണ്*
*എല്ലാമറിഞ്ഞിട്ടും, മുഴുവൻ മനസ്സിലാക്കിയിട്ടും,*
*പിന്നെയും സ്നേഹിക്കുന്നവൾ... വിശ്വസിക്കുന്നവൾ.*[2]

പിന്നെയും സ്നേഹിക്കുവാൻ അവൾക്കു പ്രചോദനം നൽകുന്നത് സ്ത്രീഹൃദയത്തിൽ ഉൾലീനമായിരിക്കുന്ന വിശ്വപ്രപഞ്ചത്തിന്റെ സമസ്ത ഭാവങ്ങളോടുമുള്ള മനുഷ്യത്വത്തിന്റെ അലിവാർന്ന ഗുണങ്ങളാണ്. സൃഷ്ടിയുടെ പരിപാലനത്തിന്റെ, കരുതലിന്റെ, ശക്തിപ്പെടുത്തലിന്റെ, വ്യാപനത്തിന്റെ, അതിജീവനത്തിന്റെ, ഉദാത്തീകരണത്തിന്റെ, സർഗ്ഗാത്മകതയുടെ... ഒക്കെ അപരിമേയമായ സാദ്ധ്യതകൾ അവളിൽ ഉൾച്ചേർന്നിരിക്കുന്നു.

സ്ത്രീയില്ലാതെ, സ്ത്രീത്വത്തിന്റെ ഉദാരഭാവങ്ങളില്ലാതെ ഈ പ്രപഞ്ചത്തിന് അസ്തിത്വമില്ല. അതിനെ പരിവർത്തനപ്പെടുത്താൻ, പവിത്രീകരിക്കാൻ, ക്രിയാത്മകമാക്കാൻ ചെയ്യാവുന്നതും ചെയ്യേണ്ടതും സ്ത്രീയെ അംഗീകരിക്കുകയും സാദ്ധ്യതകളുടെ അപാരതകളിലേയ്ക്കുണർന്ന് പ്രപഞ്ചത്തിനു മീതെ ചിറകു വിരിക്കാൻ അവളെ അനുവദിക്കുകയും ചെയ്യുക എന്നുള്ളതാണ്. ഇവിടെയാണ് ആധുനികലോകത്തിന് തെറ്റുപറ്റിയിരിക്കുന്നത്. യഥാർത്ഥം മറന്ന് അയഥാർത്ഥത്തിൽ അഭിരമിക്കുമ്പോൾ കച്ചവടക്കണ്ണുകളുടെ ലാഭേച്ഛകളിൽ മഹത്വം മറഞ്ഞുപോകുന്നു. സ്ത്രീത്വം





എവിടെയും അപമാനിക്കപ്പെടുന്നു. ഇന്നിന്റെ ശാപമായി മാറുന്നു ഈ അവസ്ഥ എവിടെയും:

*അയൽക്കാരന്റെ നോട്ടങ്ങളിൽ*
*അയൽക്കാരിയുടെ ചിരികളിൽ*
*പത്രവാർത്തയിൽ, പാഠപുസ്തകത്തിൽ*
*പതയുന്ന പരസ്യങ്ങളിൽ, എന്തിന്*
*കുഞ്ഞുങ്ങളുടെ ഇളംചുണ്ടുകളിൽ പോലുമുണ്ട്*
*എനിക്കുള്ള കല്പനകളിൽ ചിലത്.*
*മൃഗശാലയിലെ വന്യജീവികളോടെന്നപോലെ*
*കാഴ്ചക്കാരും കാവൽക്കാരുമായി വരുന്നവർ*
*അഴികൾക്കു പിന്നിൽ നിന്ന്*
*എന്നോടു കല്പിക്കുന്നു.*[3]

സ്ത്രീ ഉപഭോഗവസ്തുവായി മാത്രം ഗണിക്കപ്പെടുമ്പോൾ വിനിമയ ഉപാധിയായി കൈമാറ്റം ചെയ്യപ്പെടുമ്പോൾ, ചൂഷണത്തിനും വിലപേശലിനും വിധേയയാകുമ്പോൾ, സ്വന്തം മഹത്വവും സാധ്യതകളും അറിയാൻ അനുവദിക്കാതെ സ്വാർത്ഥജടിലമായ ഇരുമ്പുകൂടുകൾക്കുള്ളിൽ ആകാശങ്ങൾ കാണാനാകാതെ ചിറകടിച്ചു തളർന്ന് അവളുടെ ജീവിതം യാന്ത്രികതയുടെയും ആവർത്തനങ്ങളുടെയും ചുഴികളിലേയ്ക്കു വലിച്ചെറിയപ്പെടുമ്പോൾ, നാം വെളിച്ചത്തിനു ചുറ്റും മറ തീർക്കുകയാണ്. ഈ നിഷേധഭാവങ്ങൾ മാറണം; സ്ത്രീശക്തി തിരിച്ചറിയപ്പെടണം. സമൂഹനിർമ്മിതിക്ക് ഒഴിച്ചുകൂടാനാകാത്ത ഒരു ഘടകമാണ് സ്ത്രീ എന്ന സത്യം അംഗീകരിക്കപ്പെടണം; സ്ത്രീയിൽ അന്തർലീനമായിരിക്കുന്ന സിദ്ധികളെയും സാധ്യതകളെയും ആദരപൂർവ്വം പ്രയോജനപ്പെടുത്തുന്ന ക്രിയാത്മകമായ പന്ഥാവിലേയ്ക്കു സമൂഹം ഉണർന്നെത്തണം.

*എന്നെ തുണ്ടുതുണ്ടായി ഞാൻ വിതരണം ചെയ്യുന്നു*
*മക്കൾക്കായി, ഭർത്താവിനായി, മിത്രങ്ങൾക്കായി*
*ഒടുവിൽ എന്റെ കണ്ണാടിയിൽ*
*ഞാൻ എന്റെ കണ്ണുകൾ മാത്രം കാണുന്നു*
*കണ്ണുനീരും.*[4]

ശൂന്യതയിൽ നിന്നുയിർക്കൊള്ളുന്ന സ്വയം ദാനത്തിന്റെ പാഠമാണ് സ്ത്രീയുടെ ജന്മം. നിർമ്മാല്യമാകും മുൻപേ നിവേദിക്കാനുള്ള വെമ്പലാണ് അവളുടെ കരുത്ത്. ഈ കരുത്ത് കരുതലായും കാരുണ്യമായും പെയ്തിറങ്ങുമ്പോൾ പുതുസമർപ്പണങ്ങൾ മുളയെടുക്കുമ്പോൾ, വ്യതിരിക്തഭാവങ്ങളിൽ വ്യത്യസ്തവേദികളിൽ വിഭിന്നതലങ്ങളിൽ പിറവികൊള്ളുമ്പോൾ, സ്ത്രീ പുരോഗാമിനിയാകുന്നു.

സ്വാഭാവികവും സജീവവും വ്യക്തിപരവും പൂർണ്ണവുമായതിനെ ആശ്ലേഷിക്കാൻ വെമ്പൽകൊള്ളുന്നതാണ് സ്ത്രീയുടെ പ്രകൃതം. പരിലാളിക്കുക, സൂക്ഷിക്കുക, സംരക്ഷിക്കുക, പരിപോഷിപ്പിക്കുക, വളർച്ചയിലേയ്ക്ക് നയിക്കുക എന്നിവ അവളുടെ നൈസർഗ്ഗികവും മാതൃത്വപരവുമായ ദാഹമാണ്.[5] അവളുടെ ചിന്താഗതിയാവട്ടെ അന്തർജ്ഞാനത്തിലും വൈകാരികതയിലും ജീവനുള്ളവയിലും വ്യക്തിനിഷ്ഠമായവയിലും കേന്ദ്രീകൃതമാണ്. പ്രകൃത്യാ ഉള്ള ഈ സഹജഗുണം സ്വന്തം മക്കളെ സംരക്ഷിക്കാനും പഠിപ്പിക്കാനും താനുമായി ബന്ധപ്പെട്ടവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കാനും അവളെ പ്രാപ്തയാക്കുന്നു. മാതൃത്വത്തിന്റെ ഈ ഭാവം, *സ്നേഹിത* അല്ലെങ്കിൽ *സഖി* എന്ന അവളുടെ ദാനത്തിന്റെ തുടർച്ചയും പൂരകവുമാകുന്നു. തന്മൂലം മറ്റൊരു വ്യക്തിയുമായി ജീവിതം പങ്കുവയ്ക്കുകയും അവന്റെ മാർഗ്ഗത്തിൽ വരുന്ന വലുതും ചെറുതുമായ എല്ലാ കാര്യങ്ങളിലും സന്തോഷത്തിലും സന്താപത്തിലും ജോലിയിലും പ്രശ്നങ്ങളിലും പങ്കുചേരുകയും ചെയ്യുക എന്നത് അവളുടെ ദാനവും വരവും സന്തോഷവുമായി പരിണമിക്കുന്നു.[6]

ഏതു മേഖലകളിലായാലും ഏതളവുവരെയും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ സ്ത്രീ പ്രാപ്തയാണ്. പിതാക്കളില്ലാത്ത കുട്ടികൾക്കുവേണ്ടി ജീവനവഴികൾ തേടുമ്പോഴും, ഉപേക്ഷിക്കപ്പെട്ട കുട്ടികൾക്കും പ്രായമായ മാതാപിതാക്കൾക്കും ആലംബമാകുമ്പോഴും ഒരു സ്ത്രീക്ക് അത്ഭുതകരമായ വിജയം കൈവരിക്കാൻ കഴിയുന്നത് അവൾക്കു മാത്രം കഴിയുന്ന സ്വയംത്യാജ്യത്തിലൂടെയാണ്. വ്യക്തിപരമായ കഴിവുകളും പ്രവണതകളും അവളെ വൈവിധ്യമാർന്ന പ്രവചനാതീത തലങ്ങളിലേയ്ക്കു നയിക്കുകയും ചെയ്യുന്നു.[7] പുരുഷനെപ്പോലെയോ അതിലേറെയോ വ്യക്തിപരമായ സിദ്ധികളും പ്രത്യേകതകളും ഓരോ സ്ത്രീക്കുമുണ്ട് എന്നതാണു സത്യം. കലാപരം, ശാസ്ത്രീയം, സാങ്കേതികം മുതലായ വിവിധ തലങ്ങളിലുള്ള ഔദ്യോഗിക ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് സ്ത്രീക്ക് ശക്തി നൽകുന്നത് അവളുടെ സവിശേഷമായ വൈയക്തിക സിദ്ധികളാണ്. ഏതൊരു ശിക്ഷണത്തിലേയ്ക്കും അവൾ സ്വയം സജ്ജയായി സംക്രമിച്ചെത്തുന്നു. സാമ്പ്രദായിക സങ്കല്പപ്രകാരം സ്ത്രൈണേതരം എന്നു കരുതപ്പെടുന്ന വ്യാപനങ്ങളിൽ വരെ ധീരമായി കടന്നുചെല്ലുവാനും നൈപുണ്യം കാണിക്കുവാനും ഒരു പ്രത്യേക വരം ജന്മസിദ്ധമായി അവളുടെ ജനിതകപ്രകൃതത്തിൽ ഉണ്ട്. അവളുടെ ഇച്ഛാശക്തിക്കും മനോഃസമർപ്പണത്തിനും അതിരുകളില്ല തന്നെ.

അപരനുവേണ്ടിക്കൂടി സമർപ്പിതമായി വർത്തിക്കുവാനുള്ള കഴിവ് സ്ത്രീകളുടെ പ്രകൃതത്തിൽ സഹജമായി അലിഞ്ഞു ചേർന്നിട്ടുള്ളതാണ്. ജീവനെ ഉണർത്തുന്ന പ്രവൃത്തികളിലെ നന്മയെക്കുറിച്ചുള്ള അഗാധമായ ഉൾക്കാഴ്ച അവൾക്കു ജന്മസിദ്ധമത്രെ. അപരന്റെ വളർച്ചയ്ക്കും സംരക്ഷണത്തിനും സ്രോതസംഭാവനകൾ നൽകുവാൻ അവളെപ്പോലെ ആർക്കാണു വേറെ കഴിയുക![8] ജീവൻ നൽകാൻ സ്ത്രീകൾക്കുള്ള ശാരീരിക കഴിവിനോട്





ബന്ധപ്പെട്ടതുതന്നെയാണ് ഈ ഉൾക്കാഴ്ചയും. സ്ത്രൈണവ്യക്തിത്വത്തെ ആഴത്തിൽ രൂപാന്തരപ്പെടുത്തുന്ന യാഥാർത്ഥ്യമാണത്. പ്രായത്തിൽ കവിഞ്ഞ പക്വത നേടാൻ അത് അവളെ സഹായിക്കുന്നു. ഉത്തരവാദിത്വങ്ങളെയും അതിന്റെ ഗൗരവത്തെയും കുറിച്ചുള്ള അവബോധം അവൾക്കു പകർന്നു നൽകുകയും ചെയ്യുന്നു.[9]

അതിജീവനശക്തി സ്ത്രീകളിൽ സ്വഭാവേന കൂടുതലായി ഉൾച്ചേർന്നിട്ടുണ്ട്. തികച്ചും നിരാശാജനകമായ സാഹചര്യങ്ങളിൽ പോലും പ്രയാസങ്ങളിൽ പതറാതെ സ്ഥിരതയോടെ പിടിച്ചുനിൽക്കാൻ അതുല്യമായ കഴിവു തന്നെ അവൾക്കുണ്ട്. അത്യധികം അപകടകരമായ സാഹചര്യങ്ങളിൽപ്പോലും ജീവനെ നിലനിറുത്താനും ഭാവിയെ മുറുകെ പിടിക്കാനും മനുഷ്യജീവന്റെ മൂല്യത്തെക്കുറിച്ച് കണ്ണുനീരോടെ ഓർക്കാനും അനന്യമായ കഴിവുള്ളവളാണ് അവൾ.[10]

ജീവന്റെ സംവാഹക എന്ന നിലയിൽ മാതൃത്വം മഹോന്നതമാണ്; സകല ജനതകളെയും ഉണർത്തുകയും പ്രകാശിപ്പിക്കുകയും ലോകപ്രത്യക്ഷത്തിനു സമ്മാനിക്കുകയും ചെയ്യുന്ന സ്ത്രീ ഒരപരിമേയ പ്രതിഭാസമാണ്. അഭയമായിത്തീരുമ്പോൾ അവൾ അമ്മയായി മാറുന്നു. അമ്മയുടെ വിരൽത്തുമ്പുകൾ വിട്ടോടിയ അനാഥരായ പൈതങ്ങളുടെ ഭൂമിയാണിത്. പുത്രി എന്ന നിലയിലാവട്ടെ, സ്ത്രീ എന്നും ഒരാനന്ദമാണ്. മധുരവും ശ്രദ്ധാനിരതവുമായ സ്നേഹം കൊണ്ട് അവൾ ഏവർക്കും പ്രിയങ്കരിയാകുന്നു. കാത്തു നിൽക്കുമ്പോൾ അവൾ പെങ്ങളാകുന്നത് നിസ്വാർത്ഥമായ കർമ്മത്തിന്റെ *രാഖി*ച്ചരടിലാണ്; സഹോദരി എന്ന നിലയിൽ അവൾ എന്നും ജാഗ്രതയാർന്ന കാവൽക്കാരിയാണ്; തന്റെ സഹോദരങ്ങളിലേയ്ക്ക് സദാ ശ്രദ്ധവയ്ക്കാനും കരുതലോടെ അവരെ നയിക്കാനും കരുത്തുള്ളവളാണ്. സഹോദരീ സ്നേഹത്തിന്റെ അടര് അന്യമായിപ്പോയ ദുഃഖത്തിൽ മഗ്നനായാവാം കവി ഇങ്ങനെ പാടിയത്:

*ഇനി നമുക്കൊരു ജന്മമുണ്ടെങ്കിൽ നാം ഒരേ വൃക്ഷത്തിൽ ജനിക്കണം. ആനന്ദത്താലും ദുഃഖത്താലും കണ്ണുനിറഞ്ഞ ഒരു പെങ്ങളില എനിക്കു വേണം.*[11]

സഖി എന്ന നിലയിലോ? സ്ത്രീയുടെ ആ ഭാവത്തിന് സമാനതകളേയില്ല:

*പാല പൂത്തു മദിക്കുന്ന രാവിൽ*
*പാരിജാതം മണക്കുന്ന രാവിൽ*
*ചേർത്തടച്ചൊരീ വാതിൽക്കൽ നിന്നെൻ*
*കാൽച്ചിലമ്പുകളൂരി മാറ്റുമ്പോൾ*
*പെയ്തടങ്ങും ചിരിപോലെയെന്റെ*
*കൈവളകളഴിച്ചുവയ്ക്കുന്നേൻ*[12]

പരഹൃദയസുഖത്തിന് സ്വഹൃദയതൃഷ്ണ ഒതുക്കിവച്ചിട്ടാണ് അവൾ സഖിയാകുന്നത്. സഖിത്വം അതോടെ സ്ത്രീത്വത്തിന്റെ കരുത്തും സ്നേഹത്തിന്റെ പ്രവാഹവുമായി മാറുകയാണ്.

പ്രാർത്ഥനാപൂർവ്വം നിൽക്കുമ്പോൾ അവൾ ഒരു സന്യാസിനിയെപ്പോലെ നിർമ്മലയാവുന്നു. സിദ്ധാർത്ഥന്മാർക്ക് വെളിപാടിന്റെ ബോധിയശോദരമാകുന്നു. പ്രിയമുള്ളതെന്തോ മറ്റൊരാൾക്കുവേണ്ടി ത്യജിക്കുമ്പോൾ ജീവിതമവൾക്കൊരു ബലിയാകുന്നു.[13] തന്റെ കരുത്ത് അവൾ തന്നെ പലപ്പോഴും തിരിച്ചറിയാതെ പോകുന്നുണ്ട്. തനിക്കും അപരനും അടിമത്വത്തിന്റെയും അസ്വാതന്ത്ര്യത്തിന്റെയും ചങ്ങലക്കെട്ടുകൾ തീർത്ത് സ്വാർത്ഥതയുടെ മണൽക്കൂനകൾക്കുമേൽ സമ്പാദ്യങ്ങളൊരുക്കി അടയിരിക്കുന്നവരുടെ കൈയ്യിലവൾ കളിപ്പാവയാകുന്നതും ഇരുട്ടിലേയ്ക്കു മാത്രം മിഴി തുറക്കുന്നവളും ഇരുട്ടിനെ വിളമ്പുന്നവളുമായി അധഃപതിക്കുന്നതും അപ്പോഴാണ്. സ്ത്രീകൾക്ക് തങ്ങളെത്തന്നെ തിരിച്ചറിയാൻ ഒരു ഉണർത്തുപാട്ടിന്റെ ശീലുകളും പ്രകാശത്തിന്റെ വീചികളും ആവശ്യമായിരിക്കുന്നു. അതാവട്ടെ അവളുടെ സ്വന്തം ഉള്ളിൽ നിന്നു തന്നെ വികാസം പ്രാപിക്കേണ്ട ഒന്നാണുതാനും.

പുത്രൻ, സഹോദരൻ, ഭർത്താവ്, അച്ഛൻ എന്നീ നിലകളിലൊക്കെയുള്ള പുരുഷന്റെ ഭാവങ്ങൾ സ്ത്രീത്വത്തിൽ നിന്നുതന്നെ ഉയിർക്കൊള്ളുന്നതാണ്. ഓരോ പുരുഷനും ഒരു മകനാണ്. ഉള്ളിൽ സംവഹിച്ച നാൾ മുതൽ തനിയെ ജീവിക്കാൻ പ്രാപ്തനാകുന്ന കാലം വരെ അമ്മയിൽ നിന്നും സ്വീകരിക്കുന്ന ദാനങ്ങളാണ് അവന്റെ ജീവിതത്തെ പരിപാകപ്പെടുത്തുന്നത്. ഈ അർത്ഥത്തിൽ ഈ ലോകത്തിന്റെ തന്നെ വിധാതാക്കൾ സ്ത്രീകളാണ്. പരിപാലന ദൗത്യവും നേതൃത്വവും അവൾക്കാണ്. സകലർക്കും വഴികാട്ടുന്നവളും വിളക്കുകാണിക്കുന്നവളും എന്ന നിലയിൽത്തന്നെ പുരോഗാമിനിയാണല്ലോ അവൾ:

*ഇവിടെയുണ്ടു ഞാനെന്നറിയിക്കുവാൻ*
*മധുരമായൊരു കൂവൽ മാത്രം മതി*
*ഇവിടെയുണ്ടായിരുന്നു ഞാനെന്നതി-*
*ന്നൊരു വെറും തൂവൽ താഴെയിട്ടാൽ മതി*
*ഇനിയുമുണ്ടാകുമെന്നതിൻ സാക്ഷ്യമായ്*
*അടയിരുന്നതിൻ ചൂടുമാത്രം മതി*[14]

നാളേയ്ക്ക് സാക്ഷ്യമാകുവാൻ ഒരു പുരുഷന് സ്ത്രീ ആവശ്യമാണെന്നു വരുമ്പോൾ അവൾ അവന്റെ അസ്തിത്വമാവുകയാണ്. തന്റെ ശക്തികൾ ക്രിയാത്മകമായും സമ്പൂർണ്ണമായും ഉപയോഗിക്കാൻ അവൾക്കു കരുത്ത് ലഭിക്കുകയാണെങ്കിൽ പ്രപഞ്ചം അതിന്മേൽ സുന്ദരമായി ഭവിക്കുവാൻ മറ്റൊരു സ്രോതസ്സെന്ത്?





നീർച്ചോലകളും ഹരിതവനങ്ങളുമൊരുക്കി പൂമ്പാറ്റകളെയും പറവകളെയും പറത്തിവിട്ട് വയലുകളെയും ഭൂവിടങ്ങളെയും ഫലപുഷ്ടമാക്കി സകലതിനേയും തീറ്റിപ്പോറ്റി പരിപാലിക്കുകയും മടിത്തട്ടിൽ സംരക്ഷിക്കുകയും ചെയ്യുന്ന ഉദാരസ്നേഹത്തിന്റെ പ്രതീകമായ ഭൂമിയോട് സ്ത്രീത്വത്തിന് അകലങ്ങളില്ലാത്ത സാധർമ്മ്യമുണ്ട്. സ്നേഹത്തിന്റെ വസന്തോത്സവമൊരുക്കി ജീവന് പൂപ്പന്തൽ തീർത്ത് ജാഗ്രതയോടെ ശാഖ വിരിച്ച് പടർന്നു നിൽക്കുന്ന മാതൃത്വത്തിന്റെ ആർദ്രത മുതൽ നിർഭയത്വത്തിന്റെ കരുത്തുറ്റ കവചത്തിൽ സംരക്ഷണത്തിന്റെ വലയം തീർക്കുന്ന ജാഗ്രതവരെയും പരപ്പുള്ളതാണ് ആ പ്രതിഭാസത്തിലെ സഹജ സമ്പന്നതകൾ.

## അതിരുകളില്ലാത്ത സിദ്ധിപ്രാപ്തികൾ

ആർദ്രമായ സ്നേഹത്തിന്റെ സവിശേഷതകൾ സംവഹിക്കുന്നവളാണ് ഓരോ സ്ത്രീയും. സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുക അസ്തിത്വത്തിന്റെ അനിവാര്യതയാണ് അവൾക്ക്. സ്നേഹത്തിന്റെ ഓരോ വാക്കും മോചനമായി മാറുന്നു; സൗഖ്യത്തിലേയ്ക്കും സൃഷ്ടിയിലേയ്ക്കും വെളിച്ചത്തിലേയ്ക്കും ഉത്ഥാനത്തിലേയ്ക്കും കൈപിടിച്ചുയർത്തുന്നു. സ്നേഹം ഏറ്റെടുക്കുന്ന ത്യാഗങ്ങൾക്ക് അതിരുകളുണ്ടാവുകയില്ല. ക്ഷമിക്കാനും കാത്തിരിക്കാനും അനുകമ്പ പ്രദർശിപ്പിക്കാനും സ്വയം വിസ്മരിക്കാനുമൊക്കെ സ്നേഹം അവളെ പ്രാപ്തയാക്കുന്നു.

കെ.പി. സുധീരയുടെ ഒരു ചെറുകഥയിൽ മരണത്തോടു മല്ലടിക്കുന്ന ഭാര്യയുടെ അടുത്തിരുന്ന് ഭർത്താവായ വിജയ് ഡോക്ടറോടു പറയുന്നുണ്ട്:

*ഞാൻ എല്ലാം ഉപേക്ഷിക്കാം. എന്റെ അഹന്ത, അഭിമാനം, സമ്പത്ത് ഇവയെല്ലാം... എനിക്ക് 'അവളെ' തിരികെ കിട്ടണം.*[15]

സ്നേഹിക്കാൻ മറന്നുപോയ ഭർത്താവായിരുന്നിട്ടും വിജയിനെക്കൊണ്ട് ഇങ്ങനെ പറയിപ്പിച്ചത് രാധികയിൽ നിറഞ്ഞു നിന്ന ആർദ്രസ്നേഹത്തിന്റെ ദീപ്തമായ ഓർമ്മയാണ്.

*പ്രജനന പ്രക്രിയ വംശാഭിവൃദ്ധിയെന്ന നിയതിലക്ഷ്യത്തിൽ കേന്ദ്രീകൃതമായതിനാൽ പിതൃത്വത്തിനുള്ള സഹജമായ വാസന പുരുഷനുള്ളതുപോലെ മാതൃത്വത്തിനുള്ള സഹജമായ വാസന സ്ത്രീക്കുമുണ്ട്.*[16]

ജീവനെ ഉത്പാദിപ്പിക്കുന്നതിനുള്ള കഴിവുകൾ ഉൾഭവിക്കുന്നതാണ് ശരീരം. ജീവനെ ഉല്പാദിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതുകൊണ്ട് ആ ജീവനെ കരുതലോടെ കാത്തുപരിപാലിക്കാനുള്ള ശ്രദ്ധയ്ക്കൊപ്പം മറ്റുള്ളവർക്കു വേണ്ടി സ്വയം ജീവൻ ത്യജിക്കാനുള്ള സന്നദ്ധതയും സ്ത്രീയിൽ ജന്മനാ നിക്ഷിപ്തമാണ്.[17] അതിനാലാണ് കത്തുന്ന വീടിനുള്ളിൽ തന്റെ കുഞ്ഞുണ്ടെങ്കിൽ അതിനു മദ്ധ്യേ ഓടാൻ അഗ്നിനാളങ്ങൾ അവൾക്കു പ്രതിബന്ധമാകാത്തത്. തന്റെ കുഞ്ഞിന്റെ ജീവൻ കാത്തു

പരിപാലിക്കാൻ വേണ്ടി ആഴങ്ങൾ താണ്ടാനും ഏത് പ്രതിബന്ധങ്ങൾ തരണം ചെയ്യാനും മാതൃത്വം അവൾക്ക് അതീതശക്തി നൽകുന്നു.

അയ്യപ്പപ്പണിക്കർ സാർ എഴുതിയിട്ടുണ്ടല്ലോ:

*കണ്ണിൽ വിളക്കുമായ് കാത്തിരിക്കുന്നമ്മ*
*വണ്ടികേറാതയാൾ വീട്ടിലെത്തുമ്പോഴും*[18]

വേശ്യാലയത്തിൽ പോയി കൈയിലുണ്ടായിരുന്ന പണം മുഴുവൻ അവിടെ കൊടുത്ത് പിന്നെ ബസ്സിനു കൊടുക്കാൻ കാശില്ലാതെ നടന്നു വരുന്ന മകനെയാണ് അമ്മ കാത്തിരിക്കുന്നത്. സന്ധിയില്ലാത്ത നിതാന്ത ശ്രദ്ധ എന്നും സ്ത്രീത്വത്തിന്റെ സവിശേഷതയാണ്. നിസ്സാരമായ വിശദാംശങ്ങളിൽ പോലും ശ്രദ്ധ പതിപ്പിച്ചാണവൾ ഏല്പിക്കപ്പെട്ട ജോലികൾ പരിപൂർണ്ണമായി പൂർത്തിയാക്കുവാൻ സ്വയം സമർപ്പിക്കുന്നത്. സങ്കീർണ്ണമായ ഗൃഹഭരണത്തിന്റെ എല്ലാ മേഖലകളിലും വേണ്ടവിധം കാര്യങ്ങൾ നിർവ്വഹിക്കാൻ, അതിനു പുറമെയുള്ള മറ്റനവധി ജോലികൾക്കിടയിലും, അവൾക്ക് അനായാസേന സാധിക്കുന്നതുമിതിന്റെ ബലത്താലാണ്. വേദനകളിലേയ്ക്ക് സ്വയം ഉണരാനും അവരോടൊത്ത് സഹതപിക്കാനും സാന്ത്വനമാകുവാനും അവൾക്ക് പ്രേരകവും പിൻബലവുമാകുന്നതുമിതാണ്.

സാറാ ജോസഫിന്റെ *പാപത്തറ*യിലെ മുഖ്യ കഥാപാത്രമാണ് ലക്ഷ്മിക്കുട്ടി. ലക്ഷ്മിക്കുട്ടി പ്രസവിക്കുന്ന എല്ലാ പെൺകുഞ്ഞുങ്ങളെയും ഭർത്താവും അമ്മായിയമ്മയും ചേർന്ന് കൊല്ലുന്നു. നാലാമത്തെ പ്രസവം എടുക്കാൻ വരുന്ന വയറ്റാട്ടിയോട് ലക്ഷ്മിക്കുട്ടി നടത്തുന്ന അഭ്യർത്ഥന പ്രസക്തമാണ്:

*എനിക്കീറ്റുനോവില്ല; എന്റെ മകളെ ഒളിപ്പിച്ചു കടത്ത്വോ? നിലവറക്കുണ്ടിന്റെ വാതിലുകൾ തകർത്ത് ഇടിമുഴക്കംപോലെ കാലൊച്ച മുഴക്കി, കംസനെത്തും മുമ്പ്, അടുത്ത ഉഷ്ണക്കാറ്റിൽ മഞ്ഞരളിക്കാടുകളൊന്നായി ഇളകിയാടിത്തിമിർക്കും മുമ്പ്, ആഭിചാരത്തിന്റെ പരുത്ത കൈപ്പത്തികളുമായി കൊച്ചുനാരായണന്റെ അമ്മ പറന്നെത്തും മുമ്പ്, ഒരു കൊട്ടയിലാക്കി, പഴന്തുണികൾക്കിടയിലൊളിപ്പിച്ച്, മഞ്ഞരളിക്കാടുകൾ നടന്നു കടന്ന്, ചാവുതറയ്ക്കും പാപത്തറയ്ക്കും വഴിമാറിത്തരാത്ത പുഴ മുറിച്ചു നീന്തി, നരിമാൻകുന്നും പുലിമടയും കയറിയിറങ്ങി... അക്കരെയെക്കരെ... പെണ്ണ് പൂക്കണ നാട്ടിൽ എത്തിച്ചുതര്വോ? ഈ താലീം മാലേം പൊട്ടിച്ചു തരാം.*[19]

തന്റെ കുഞ്ഞുങ്ങളുടെ ജീവൻ നിലനിർത്താൻ സ്വന്തം ചങ്ക് കൊത്തിമുറിച്ച് അതിൽ നിന്നും ചുടുനിണമൊഴുക്കുന്ന പെലിക്കൻ പക്ഷിക്കു സമം സ്വയം പകുത്തു നൽകാൻ മാതൃത്വത്തിലൂടെ സ്ത്രീ സദാ സന്നദ്ധയാകുന്നു.

ജീവന്റെ സംരക്ഷണത്തിനായി സ്വയം ബലിയർപ്പിച്ച കുടുംബനാഥയാണ് ഡോക്ടർ ജാന്ന ബൊറേത്താ മൊള്ളാ. തന്റെ നാലാമത്തെ കുഞ്ഞിനെ





ഗർഭം ധരിച്ച് ഏതാനും മാസം കഴിഞ്ഞപ്പോൾ അവൾക്ക് ഗർഭാശയത്തിന് മാരകമായ ക്യാൻസർ പിടിപെട്ടു. പ്രതിവിധിയായി ഉടനടി ചികിത്സാവിധി നേടാൻ ഡോക്ടർ നിർദ്ദേശിച്ചു. താനുൾപ്പേറുന്ന ജീവന്റെ വില മനസ്സിലാക്കിയ അവളോ അതിനു തയ്യാറായില്ല. കുഞ്ഞിനു ജന്മം നൽകി. അതിനു വിലയായി ഏഴാം ദിവസം ഈ ലോകത്തോടു യാത്ര പറഞ്ഞു. തന്റെ ജീവനേക്കാൾ തന്റെ ഉള്ളിൽ വളരുന്ന കുരുന്നു ജീവനെ വിലമതിച്ച അവൾ ആത്മബലിയർപ്പണത്തിലൂടെ ജീവൻ നൽകിയ അമ്മയായി, മഹനീയ മാതൃകയായി മാറി.[20] 2004ൽ തിരുസ്സഭ അവളെ വിശുദ്ധയായി പ്രഖ്യാപിച്ചു.

എത്ര ക്ലേശപൂർണ്ണമായ പ്രയോഗമാർഗ്ഗത്തെയും സംവഹിക്കാൻ കെൽപ്പുള്ള ശക്തമായ ജൈവികഘടകമാണ് സ്ത്രീയുടെ സഹജാവബോധം. ജീവന്റെ അംശമായ കുഞ്ഞിനു നേരെ അമ്മയ്ക്കുള്ള കരുതൽ അവളുടെ സഹജാവബോധത്തിന്റെ പ്രതിസ്പന്ദമത്രെ.

കാനായിലെ വിവാഹവിരുന്നിന്റെ വേളയിൽ വീഞ്ഞു തീർന്നു പോയ വീടിന്റെ വ്യഥയും അതിനു പരിശുദ്ധമാതാവു നിർദ്ദേശിക്കുന്ന പ്രതിവിധിയും ഈ സഹജാവബോധത്തിന്റെ ഒരു ക്ലാസ്സിക്കൽ ഉദാഹരണമാണ്. മകൻ നടന്നെത്തേണ്ട വഴികളെ, നിവർത്തിക്കേണ്ട നിയോഗങ്ങളെ, വിളംബരം ചെയ്യാനിരിക്കുന്ന സാക്ഷ്യങ്ങളെ, മുൻകൂട്ടി കണ്ട് പ്രവചനസ്വഭാവത്തോടെ സഞ്ചാരവഴിയുടെ പരസ്യവ്യാപനത്തിനു തുടക്കം കുറിക്കുവാൻ വിരൽചൂണ്ടുകയായിരുന്നു മാതാവ്. ഒരു സ്ത്രീയുടെ ജീവിതത്തിൽ നിന്നും നിരന്തരം നിർഗ്ഗമിക്കുന്ന പരോന്മുഖതയുടെ കൂടി നിദർശനമാണിത്. ഇതുണർത്തുന്ന തുടിതാളത്തിന് നിദാനം ഈ സഹജാവബോധം തന്നെയാണ്.

തകർക്കുന്ന പ്രതികൂലങ്ങളിൽ അതിന് അധീനയാകാതെ ഉണർന്നെണീറ്റ് പ്രവർത്തിക്കാൻ സ്ത്രീക്ക് ജന്മനാസംലബ്ധമായിരിക്കുന്ന കഴിവാണ് വിപദിധൈര്യം. തന്റെ നിയന്ത്രണത്തിലല്ലാതെ വന്നുചേരുന്ന ദുരന്തത്തിൽ നിന്നും സ്വയം ഉയിർത്തെഴുന്നേല്ക്കാനുള്ള അവളുടെ കരുത്താണത്. സ്വന്തം മകന്റെ ജഡം കുരിശിൽ നിന്നിറക്കി മടിയിൽ കിടത്താൻ കന്യകാംബികയ്ക്കുണ്ടായ ആ ധൈര്യമുണ്ടല്ലോ അത് ഏത് പതിതകാലത്തും പ്രതീക്ഷാ നിർഭരമാണ്.[21] ഈ വിപദിധൈര്യം തന്നെയാണ് നമ്മുടെ വിവാഹസമ്പ്രദായ പരിവൃത്തത്തിൽ ഒരർത്ഥത്തിൽ സ്വന്തം നാടും വീടും ബന്ധുക്കളെയും സുഹൃത്തുക്കളെയും വിട്ട് ഭർത്താവിന്റെ വീട്ടിലേയ്ക്ക് പോകാനും ഏറെ അപരിചിതവും അസ്വസ്ഥജനകവുമായ അപരിചിതാന്തരീക്ഷത്തെ വളരെ പെട്ടെന്നുതന്നെ തന്റേതാക്കി മാറ്റിയെടുക്കാനും സ്ത്രീയെ പ്രാപ്തയാക്കുന്നത്. കുഞ്ഞ് ഒഴുക്കിൽപ്പെടുമ്പോൾ നീന്തലറിയാത്ത അമ്മ അതിലേയ്ക്ക് എടുത്തുചാടുന്നതിനു രണ്ടാമതൊന്നാലോചിക്കുമോ? സ്വയാർജ്ജിതമായി കൈവരിക്കുന്ന ബലം അവളുടെ ജന്മവരം തന്നെയാണ്.

കാൽവരിയിലെ ബലിയിൽ ഏറ്റവും നഷ്ടം സംഭവിച്ചത് കന്യകാമറിയത്തിനായിരുന്നു. അവളുടെ ഏകപുത്രൻ കൺമുൻപിൽ ദാരുണമായ മൃത്യുവിന് ഇരയായി. അവൾ ഭൂമിയിൽ ഏകയായി; കരകാണാത്ത ദുഃഖസാഗരത്തിൽ നിമഗ്നയാകുന്ന അവസ്ഥ... അവിടെയും ഗുരുവിനെ നഷ്ടപ്പെട്ട ശിഷ്യരേക്കാൾ, ഇടയനിൽ നിന്നകന്ന അജഗണത്തേക്കാൾ ആദ്യം പ്രവർത്തനനിരതയായത് എല്ലാം നഷ്ടപ്പെട്ട ആ അമ്മയായിരുന്നു. അമ്മ നേതൃത്വം ഏറ്റെടുത്തു. ചിതറിപ്പോയവരെ ഒരുമിച്ചു ചേർത്ത് സെഹിയോൻ ഊട്ടുശാലയിൽ പരിശുദ്ധാത്മാവിന്റെ ആഗമനത്തിനായി പ്രാർത്ഥനാനിരതയായി. അതിജീവനത്തിന്റെ കരുത്താണിത്. ഒരു കുടുംബത്തിൽ ഭാര്യ നഷ്ടപ്പെടുന്ന പുരുഷനേക്കാൾ വേഗത്തിൽ ശക്തിയാർജ്ജിക്കുന്നതും അപ്പന്റെ കൂടി ദൗത്യമേറ്റെടുത്ത് മക്കളുടെമേൽ തണൽവിരിക്കുന്നതും ഭർത്താവ് നഷ്ടപ്പെട്ട ഭാര്യയായിരിക്കും. ജീവന്റെ സംരക്ഷണം അവളുടെ രക്തത്തിൽ അലിഞ്ഞു ചേർന്ന പ്രകൃത സ്വഭാവമായതുകൊണ്ടാണ് ദുഃഖങ്ങൾ തന്റെ മേൽ കൂടുകൂട്ടാനനുവദിക്കാതെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തനനിരതയാകാൻ അവൾക്കു സാധിക്കുന്നത്.

ചുറ്റുപാടുകൾ വായിച്ചെടുക്കാൻ, ഉറ്റവരുടെ വ്യഥകളും വിഷമങ്ങളും തിരിച്ചറിയാൻ, സഹായകമായ അന്തർജ്ഞാനം സ്ത്രീയിൽ നിക്ഷിപ്തമാണ്. ആരും അഭ്യസിപ്പിക്കാതെ തന്നെ വളർത്തലിന്റെ വഴികൾ അവൾക്കു സുപരിചിതമാകുന്നു. ഓരോ പ്രായഘട്ടത്തിലും മക്കളുടെ ആവശ്യങ്ങൾ തിരിച്ചറിയാൻ അമ്മയ്ക്ക് സാധിക്കുന്നത്, തന്റെ മുമ്പിലുള്ള കുട്ടികളുടെ പ്രയാസങ്ങൾ ആദ്യം മനസ്സിലാക്കാൻ അധ്യാപികയായ ഒരു സ്ത്രീക്കു സാധിക്കുന്നത്, ഒക്കെ ഈ അന്തർജ്ഞാനം നിമിത്തമാണ്.

സ്ത്രീയുടെ കരുത്താണ് സംവേദനക്ഷമത. ആതുരശുശ്രൂഷാരംഗത്ത് ആത്മാർത്ഥമായി വ്യാപൃതയാകാൻ അവളെ സഹായിക്കുന്നത് അപരന്റെ വേദനകൾ തിരിച്ചറിയാനുള്ള കഴിവും അതിനായുള്ള സഹജസിദ്ധമായ ആർജ്ജവവുമാണ്. അതുകൊണ്ടാണ് അമ്മ നല്ലൊരു ശുശ്രൂഷകയാകുന്നത്. രോഗത്തിന്റെ വേദനകളിൽ തനിച്ചായിരിക്കുമ്പോൾ അമ്മയുടെ സാന്നിധ്യം ആഗ്രഹിക്കാത്ത ആരുമുണ്ടാകില്ല. ഒരാളെ മനസ്സിലാക്കുവാനും സാന്ത്വനിപ്പിക്കുവാനും അമ്മയെപ്പോലെ കഴിയുന്ന മറ്റൊരാളില്ലതാനും. അകലെയെങ്ങോ കുഞ്ഞിന് അപകടമുണ്ടാകുമ്പോൾ വീട്ടിലിരുന്ന അമ്മ നടുങ്ങുന്നതും നിർവ്വചനാതീതമായ മനോസംവേദനപരതയുടെ അത്ഭുതകരമായ നിവർത്തനപ്രസരണത്താലാണ്. ആത്മീയമാതൃത്വത്തിന്റെ ഭാരങ്ങൾ ഏറ്റെടുത്തു നീങ്ങുന്നവർക്ക് സ്വയം വിസ്മരിച്ച് ശുശ്രൂഷ പകരാൻ കഴിയുന്നതും മറ്റുള്ളവരുടെ ദൈന്യത തിരിച്ചറിയാൻ കഴിയുന്നതും അവരുടെ സ്ത്രീത്വത്തിൽ അന്തർലീനമായിരിക്കുന്ന സംവേദനക്ഷമത മൂലമാണ്. അതൊരു ഘ്രാണശക്തിയാണ്; പകർന്നെടുക്കലിന്റെ പകുത്തു ചേർക്കലാണ്.





അമ്മയാകുന്ന ഒരു സ്ത്രീ കുഞ്ഞിനോടൊപ്പം സ്വയം വളരുക കൂടി ചെയ്യുന്നുണ്ട്. അതാതു പ്രായത്തിലെ അവന്റെ ഭാഷകളെയും അഭിരുചികളെയും തിരിച്ചറിഞ്ഞ്, ബുദ്ധിമുട്ടുകളും ശക്തികളുമറിഞ്ഞ്, അവൾ സ്വയം വളരുന്നു. അവളുടെ വിവാഹപൂർവ്വനാളുകളിൽ സ്വന്തം വീട്ടിൽ കുഞ്ഞായിരുന്ന മകൾ, അമ്മയുടെ തണലിൽ കഴിയുന്നവൾ, കുടുംബിനിയാകുമ്പോൾ എത്ര പെട്ടെന്നാണു കാര്യഗൗരവത്തോടെ വളരുന്നത്! ഇന്നലെവരെ ആയിരുന്നതുപോലെയല്ല, ഇന്നവൾ. ചുറ്റുപാടുകളോട് പെട്ടെന്ന് ഇണങ്ങാനുള്ള സ്ത്രീയുടെ കഴിവിനോട് ചേർന്നുപോകുന്നതാണ് വളരാനുള്ള അവളുടെ ഈ കഴിവും. സാഹചര്യത്തിനൊത്ത് ഉണർന്ന് പ്രവർത്തിക്കുവാൻ അത് അവളെ പ്രാപ്തയാക്കുന്നു. വളർച്ചയുടെ പരമകോടിയിൽ അവൾ നിശ്ശബ്ദം പറയുന്നുണ്ട്:

*ഹിമാലയം ബത ചലിക്കിലും*
*നഭസ്സിടിഞ്ഞിഹ പതിക്കിലും*
*സമുദ്രനുടനടി വരണ്ടുപോകിലും*
*സഖനെ വിട്ടൊരുവിധത്തിലും*
*അകലുമില്ലഹമൊരിക്കലും*[22]

ജീവിതത്തിന്റെ വ്യത്യസ്തഭാവങ്ങളെ നൂറുമേനിയോടെ കൊയ്തെടുക്കുവാൻ അവളെ പര്യാപ്തയാക്കുന്നത് ഈ പ്രാപ്തിയാണ്.

സ്ത്രീസിദ്ധമായ മറ്റൊരു സവിശേഷതയാണ് പ്രായോഗികത. ഓരോ സന്ദർഭത്തിലും ഉചിതമായ രീതിയിൽ പ്രവർത്തിക്കാൻ അവളെ ആരും പഠിപ്പിക്കേണ്ടതില്ല. ചുറ്റുപാടുകളിൽനിന്നും ആവശ്യമായത് കണ്ടെത്താനും ജീവിതം മുൻപോട്ടു നയിക്കാനും അവൾ സ്വയമേ പ്രാപ്തി നേടുന്നു. ഭർത്താവ് നഷ്ടപ്പെട്ടു കുടുംബത്തിന്റെ തണൽ നഷ്ടപ്പെടുന്ന സ്ത്രീ, അടുത്ത പ്രഭാതത്തിൽ ജോലിയ്ക്ക് പോയിത്തുടങ്ങുന്നത് ആ ചിന്താതണലിലാണ്. പരിദേവനങ്ങളല്ല, പ്രായോഗികമായ വർത്തനരീതികളാണ് കുടുംബത്തെ പുലർത്തുക എന്ന് അവൾക്കറിയാം. സ്കൂളിൽ നിന്നും താമസിച്ചെത്തുന്ന മകനെ വാതിൽക്കൽ നിർത്തി ചോദ്യം ചെയ്യാതെ ആദ്യം അവനു ഭക്ഷണം നൽകി, പരിചരണം നൽകി സ്വസ്ഥനാക്കിയതിനു ശേഷം കാരണങ്ങളന്വേഷിക്കുവാൻ അവളെ പ്രേരിപ്പിച്ചു സഹായിക്കുന്നതും ഓരോരോ സാഹചര്യത്തിലും എങ്ങനെ വർത്തിക്കണമെന്ന് അവൾക്കുള്ള പ്രായോഗിക വീക്ഷണം തന്നെയാണ്.

കുരിശിന്റെ വഴിയിൽ ശിഷ്യന്മാർപോലും ഗുരുവിനെ വിട്ട് ഓടി പോകുമ്പോഴും കൂടെ നിൽക്കുന്നതു സ്ത്രീകളാണ്. ചുറ്റുമുള്ള ലോകത്തെയല്ല, അവരുടെ ആരവങ്ങളെയും ആക്രോശങ്ങളെയുമല്ല, സഹിക്കുന്ന ഗുരുവിനെയാണ് അവർ നോക്കുന്നത്. അവനാണ് അവരുടെ സ്നേഹത്തിന്റെ വിഷയം. ഒരുവേള സകലതിനെയും തള്ളിപ്പറയാൻ, സ്നേഹിക്കുന്നവനുവേണ്ടി മുഴുവൻ ലോകത്തെയും വെല്ലുവിളിക്കാൻ സ്ത്രീയെ പ്രാപ്തയാക്കുന്നത്

അവളുടെ സ്ത്രീത്വത്തിൽ അന്തർലീനമായിരിക്കുന്ന ഈ നിർഭയത്വമാണ്. കുരിശിലേറ്റപ്പെട്ടവനെ മടിയിൽ കിടത്തി കുരിശിൻചുവട്ടിലിരിക്കുന്ന കാൽവരിയിലെ അമ്മയിൽ പ്രകടമാകുന്ന നിർഭയത്വം സ്ത്രീത്വത്തിന്റെ പരമമായ മകുടസാക്ഷ്യമാണ്.

## വ്യതിരിക്തതകളിലെ വിസ്മയം

സ്ത്രീത്വത്തിന്റെ മഹനീയത എന്ന ലേഖനത്തിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഇങ്ങനെ ഉദ്ബോധിപ്പിക്കുന്നു:

*സ്ത്രീകളുടെ ദൗത്യം പരിപൂർണ്ണമാക്കുന്ന സമയം ആസന്നമായിരിക്കുന്നു, എന്നല്ല വന്നുകഴിഞ്ഞു. അവർ ഇന്നോളം കൈവരിച്ചിട്ടില്ലാത്ത സ്വാധീനവും ശക്തിയും പ്രവർത്തനശേഷിയും നേടിയെടുക്കുന്ന സമയമാണിത്. അതുകൊണ്ട് മനുഷ്യവംശം മുഴുവൻ സമൂലമായൊരു പരിവർത്തനത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ സുവിശേഷചൈതന്യത്തിൽ പൂരിതരായ സ്ത്രീകൾക്ക് മനുഷ്യരാശി അധഃപതിച്ചു പോകാതിരിക്കാൻ വേണ്ടി വളരെയേറെ ചെയ്യാൻ സാധിക്കുന്നതാണ്.*[23]

ആഗോളവ്യാപകമായി നോക്കിയാൽ ഈ വാക്കുകൾ എറെക്കുറെ സാക്ഷാത്കരിക്കപ്പെട്ടതായി നമുക്കു കാണാൻ കഴിയും. ഇന്നും സ്ത്രീകൾ അടിമത്തത്തിൽക്കഴിയുന്ന അനേകം ദേശങ്ങൾ ഉണ്ടെന്ന യാഥാർത്ഥ്യം ഇതോടൊപ്പം അവഗണിക്കുന്നുമില്ല.

നമ്മുടെ നാട്ടിലെ കഥ പറയുമ്പോൾ സാംസ്ക്കാരിക മേഖലകളിൽ സ്ത്രീകൾ ഇന്ന് സജീവമായി പ്രവർത്തിക്കുന്നുണ്ട്. സുഗതകുമാരിയെപ്പോലുള്ള ആദരണീയ വനിതകൾ സ്ത്രീത്വത്തിനു മകുടം ചാർത്തിക്കൊണ്ട് സാംസ്ക്കാരികരംഗത്ത് സ്ത്രീകളുടെ കാതലുള്ള ശബ്ദമായി നിലകൊള്ളുന്നുണ്ട്. അവരെപ്പോലുള്ള സുമനസ്വിനികൾ സമൂഹത്തിൽ ഉളവാക്കുന്ന നൽതരംഗങ്ങളും സ്വാധീനങ്ങളും ഒട്ടും കുറവല്ല, പലപ്പോഴും അത് പുരുഷന്മാരേക്കാൾ ഉപരിയാണുതാനും.

*ഭോഗത്തിനല്ല, ത്യാഗത്തിനാണ് ദാമ്പത്യമെന്ന് ഓതിക്കേട്ടു പഠിച്ച ഉണ്ണി നമ്പൂതിരിക്ക് ഭാര്യയെ മാനിക്കാൻ കഴിഞ്ഞില്ല. ഒന്നും വായിക്കാനില്ലാതെ, ഒരാളോടും മിണ്ടാനില്ലാതെ മരിച്ചതുപോലെയുള്ള ജീവിതം. അങ്ങനെ മരിക്കാനുള്ളതല്ല സ്ത്രീജന്മമെന്നു തിരിച്ചറിഞ്ഞ തേതിക്കുട്ടി (ദേവകിക്കുട്ടി) 'ഘോഷ' ബഹിഷ്ക്കരിച്ച് വെളിയിൽ വന്നു. ധീരമായി സ്ത്രീസ്വാതന്ത്ര്യത്തിനുവേണ്ടി പ്രസംഗിച്ചു. 'അവർക്കേ ഇത്രയും ധൈര്യം വരൂ. എന്തെന്നാൽ അവർ വളരെ സഹിച്ചവരാണ്. അഗ്നിപർവ്വതത്തിനേ പൊട്ടിത്തെറിക്കാൻ കഴിയൂ.' പല നാവുകളും ഇതു പറഞ്ഞു.*[24]

മറക്കുടയുടെയും ഘോഷയുടെയും ഉള്ളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന ദേവകി അന്തർജ്ജനം, ദേവകി മാനമ്പിള്ളി, അരങ്ങത്തേയ്ക്കു വന്ന്, ദേവീ





ബഹനായി ജീവിതം തുടർന്ന്, സുമിത്രാനന്ദയോഗിനിയായി പര്യവസാനിക്കുന്നതാണല്ലോ *അഗ്നിസാക്ഷി*യിലെ ഇതിവൃത്തം.

സ്ത്രീത്വത്തിന്റെ സഹജഗുണങ്ങൾ ഏതു മേഖലയിലായാലും സ്ത്രീയിൽ പ്രകടമാണ്. പരിപൂർണ്ണതയുടെ ഉള്ളിൽ നിന്നുവരുന്ന ആർജ്ജവവും ആത്മാർത്ഥതയും നിറഞ്ഞ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാൻ സ്ത്രീയെ അവ സഹായിക്കുന്നു. പക്ഷെ, മനുഷ്യസംസ്ക്കാരം പിന്നിടുന്ന വളർച്ചയുടെ പടവുകൾക്ക് ആനുപാതികമായി ആ സംസ്ക്കാരത്തിൽ പാദമുദ്രകൾ പതിപ്പിക്കാൻ ഇന്നും സ്ത്രീകൾക്കു സാധ്യതകൾ കുറവാണ് എന്നതും ഇക്കൂട്ടത്തിൽ ഒരു യാഥാർത്ഥ്യമാണ്. സ്ത്രീയും പുരുഷനും ഒന്നുചേർന്നു പടുത്തുയർത്തുന്നതാണ് ഒരു ജനതയുടെ യഥാർത്ഥ സംസ്ക്കാരം. ഓരോ വ്യക്തിയുടെയും പ്രാരംഭപരിശീലകർ എന്ന നിലയിൽ സംസ്ക്കാരത്തിന്റെ പ്രാഥമിക നിർമ്മാതാക്കൾ സ്ത്രീകളാണ്. മുഖ്യധാരയിലും അവരുടെ പങ്കാളിത്തം എത്രകണ്ടു വ്യാപകമാകുന്നുവോ അത്ര ക്രിയാത്മകമായ പരിവർത്തനത്തിലേയ്ക്ക് അതു ജനസമൂഹങ്ങളെ കൈപിടിച്ചുയർത്തുന്നു.

നേതൃത്വം നിർവ്വഹിക്കുന്നില്ലെങ്കിലും മതാത്മക മേഖലകളിലെ സ്ത്രീ പങ്കാളിത്തം അനിഷേധ്യമാണ്. അതിനു പ്രസക്തിപ്രാമുഖ്യം ഏറിവരികയുമാണ് നാൾക്കുനാൾ. കൂടുതൽ ഭക്തരായതുകൊണ്ടോ പുരുഷന്മാരേക്കാൾ അധികമായി പ്രാർത്ഥനയ്ക്കായി ആരാധനാലയങ്ങളിലേയ്ക്ക് കടന്നു വരുന്നവർ സ്ത്രീകളായതുകൊണ്ടോ അല്ല അത്.

ഭാഗ്യസ്മരണാർഹനായ പോൾ ആറാമൻ മാർപ്പാപ്പാ ഒരിക്കൽ ഇങ്ങനെ പറഞ്ഞു:

*മറ്റു ഏതൊരു മതത്തേക്കാൾ അധികമായി, ക്രിസ്തുമതത്തിൽ അതിന്റെ ആരംഭം മുതൽ തന്നെ, സ്ത്രീകൾക്ക് സവിശേഷമായ ഒരന്തസ്സ് നല്കിപ്പോന്നിട്ടുണ്ട്. അതിന്റെ പ്രധാന വശങ്ങളെക്കുറിച്ച് പുതിയനിയമം എടുത്തു പറയുന്നുമുണ്ട്... ഒരുപക്ഷെ അവർ ഉൾക്കൊള്ളുന്ന ശക്തിവിശേഷം തികച്ചും വ്യക്തമാക്കാൻ ഇന്നുവരെ കഴിഞ്ഞിട്ടില്ലാത്തവിധം അത്ര പ്രമുഖമായി ക്രൈസ്തവസഭയുടെ ജീവത്തായ പ്രവർത്തന ഘടനയുടെ ഭാഗമായിത്തീരേണ്ടവരാണ് സ്ത്രീകൾ എന്ന കാര്യം വ്യക്തമാണ്.*[25]

വിശുദ്ധഗ്രന്ഥത്തിൽ പരാമർശിക്കപ്പെടുന്ന സ്ത്രീ, മറിയം, ക്രിസ്തുവിന്റെ രക്ഷാകരരഹസ്യവുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടു തന്നെ അവൾ സവിശേഷമായി സഭാരഹസ്യത്തിലും സന്നിഹിതയായിരിക്കുന്നു. ക്രിസ്തുവിൽ ദൈവവുമായുള്ള അവഗാഢമായ ഐക്യത്തിന്റെയും മാനവരാശിയുടെ മുഴുവൻ യോജിപ്പിന്റെയും പ്രത്യക്ഷ പ്രസരണം സത്യമാകയാൽ സഭാരഹസ്യത്തിൽ ദൈവമാതാവിന്റെ പ്രത്യേക സാന്നിദ്ധ്യം, ഈ *സ്ത്രീയും* മുഴുവൻ മാനവകുടുംബവും തമ്മിലുള്ള സവിശേഷ ബന്ധത്തെപ്പറ്റി ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഈ ബന്ധത്തിൽ ഓരോ

സ്ത്രീയും പുരുഷനും ഉൾപ്പെടുന്നു. തലമുറ തലമുറയായി അടിസ്ഥാനപരമായ പൈതൃകത്തിന് ഉടമകളാകുന്ന എല്ലാ മനുഷ്യമക്കളും ബൈബിളിലെ രഹസ്യാത്മകമായ *ആരംഭവുമായി* ബന്ധപ്പെട്ടുമിരിക്കുന്നു.

*ദൈവം തന്റെ സ്വന്തം ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു. അവിടുന്ന് പുരുഷനും സ്ത്രീയുമായി അവരെ സൃഷ്ടിച്ചു.*[26]

സ്വജീവിതത്തിൽ മതം ആഴത്തിൽ വേരോടാൻ അനുവദിക്കുന്നതും മതത്തിന്റെ നിലപാടുകൾക്ക് ഇണങ്ങി സ്വജീവിതം പടുത്തുയർത്തുന്നതും പുരുഷന്മാരെക്കാൾ അധികമായി സ്ത്രീകളാണ്. സ്നേഹവിഷയത്തോട് ഒട്ടിച്ചേർന്നു നില്ക്കാനുള്ള പ്രവണത അവരെ അതിനെ സഹായിക്കുന്നുണ്ടാകാം. ഈശ്വരന്റെ സ്നേഹത്തിൽ സ്വയം ബന്ധിതയാകുന്ന സ്ത്രീ മതാത്മക രൂപതലങ്ങളിൽ അതിന്റെ പ്രകാശനം കണ്ടെത്തുന്നു. കത്തോലിക്കസഭയിലാണെങ്കിൽ വിശുദ്ധപദപ്രാപ്തിയിലേയ്ക്ക് കലർപ്പില്ലാത്ത ഈശ്വരപ്രണയത്തിലൂടെയും സമർപ്പണത്തിലൂടെയും ശ്രീയേശുവിന്റെ ഭാവഭവങ്ങളിലേയ്ക്ക് സ്വയം പരിവർത്തനപ്പെടുത്തുന്നതിലൂടെയും അവർ എത്തിച്ചേരുകയും ചെയ്യുന്നു.

നിർണ്ണായക നിമിഷങ്ങളിലും വിശ്വസ്തത കൈവെടിയാത്തവരാണ് സ്ത്രീകൾ. കാൽവരിയിലെ കുരിശിൻചുവടുതന്നെ ഉദാഹരണം. വിശ്വസ്തനായി നിലകൊണ്ട ഒരേയൊരു അപ്പസ്തോലനെ കൂട്ടത്തിൽ ഉണ്ടായിരുന്നുള്ളൂ, യോഹന്നാൻ. വിശ്വസ്തരായ സ്ത്രീകൾ അനേകരുണ്ടായിരുന്നു. വിശ്വാസത്തിന്റെയും വിശ്വസ്തതയുടെയും അഗ്നിപരീക്ഷയിൽ അപ്പസ്തോലന്മാരേക്കാൾ ശക്തർ തങ്ങളാണെന്നു സ്ത്രീകൾ തെളിയിച്ചു. ആപത്തിന്റേതായ നിമിഷത്തിൽ കൂടുതൽ സ്നേഹിച്ചവൾ ഭയത്തെ അതിജീവിക്കുന്നതിൽ വിജയം വരിക്കുന്നു.[27]

വിദ്യാഭ്യാസമേഖലയിൽ സ്ത്രീസാന്നിദ്ധ്യം ഇന്ന് സർവ്വപ്രധാനമായിരിക്കുന്നു. അദ്ധ്യാപകവൃത്തിയിൽ ഏർപ്പെടുന്നവരിൽ ഏറിയ പങ്കും സ്ത്രീകളാണ്. പരിശീലനവും പരിപാലനവും സ്വപ്രകൃതിക്കിണങ്ങിയതാണെന്ന അനുകൂലഘടകം കൂടിയുണ്ടാകാം അദ്ധ്യാപനരംഗം സ്ത്രീകൾ തിരഞ്ഞെടുക്കുന്നതിനു പിന്നിൽ. അതേപോലെ മുഖ്യമാണ് ഉചിതമായ വിദ്യാഭ്യാസം സ്ത്രീകൾ ആർജ്ജിക്കുക എന്നതും. അറിവ് ശക്തിയും സാമ്പത്തിക സാമൂഹിക മേഖലകളിൽ സമസന്ദർഭങ്ങളിലേയ്ക്കുള്ള കാൽവയ്പുമാണ്. കരുത്താർജ്ജിക്കാൻ സ്ത്രീകൾക്ക് അറിവു അനിവാര്യമാണ്. വിദ്യാഭ്യാസമുള്ള സ്ത്രീക്കു മാത്രമേ ചൂഷണവും അനീതിയും തിരിച്ചറിയാൻ സാധിക്കുകയുള്ളൂ.[28]

എക്കാലത്തും സമർപ്പിതരായ സ്ത്രീകളുടെ പ്രധാന പ്രേഷിതമേഖലയായിരുന്നു സഭയിൽ വിദ്യാഭ്യാസപ്രവർത്തനം. വിദ്യാദാനശുശ്രൂഷ





പ്രവർത്തനത്തിന്റെ ഭാഗമാക്കിയ കന്യകാമഠങ്ങളുടെ സ്ഥാപനം വഴിയാണ് സ്ത്രീവിദ്യാഭ്യാസരംഗത്ത് നമ്മുടെ നാട്ടിനു കൂടുതൽ പുരോഗതി നേടാൻ കഴിഞ്ഞത്. ലാഭമല്ല, സേവനമായിരുന്നു, സമൂഹത്തിന്റെ നിർമ്മിതിയായിരുന്നു; ആയിരിക്കുകയും വേണം സമർപ്പിത വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ലക്ഷ്യം. കാലോചിതങ്ങളായ മാറ്റങ്ങളോടെ ആ ശുശ്രൂഷാ ചൈതന്യം കാത്തുസൂക്ഷിക്കേണ്ടത് ധർമ്മവും നിയോഗവുമായി കരുതുകയും വേണം. ശരിയായ വിദ്യാഭ്യാസവും സിദ്ധികളുടെ വികാസവും സാദ്ധ്യതകളുടെ പരിപോഷണവും വഴി സ്തീ ചോദനയെ ഉണർത്താൻ കഴിയും എന്ന ബോദ്ധ്യമായിരിക്കണം സ്ത്രീശാക്തീകരണശ്രമങ്ങളുടെ ഭൂമിക.

## ശാക്തീകരണം

പ്രകൃത്യാതന്നെ വൈവിധ്യമാർന്ന മേഖലകളെ സമർത്ഥമായി കൈകാര്യം ചെയ്യുവാൻ ശക്തയായ സ്ത്രീയെ ആ അവബോധത്തിലേയ്ക്കുണർത്തി പ്രവർത്തനിരതയാക്കുക തന്നെയാണ് സ്ത്രീശാക്തീകരണം. സ്വയം ശക്തിപ്പെടുത്താനും ചുറ്റുമുള്ളവരെ രക്ഷിക്കാനും പര്യാപ്തമാക്കുന്ന, സ്നേഹത്തിന്റെ കരുത്തുറ്റ ശക്തിയിൽ നിന്നും ശക്തി സ്വയം ആർജ്ജിക്കുന്നു. ആ ശക്തിയുടെ മഹത്തായ പ്രയോഗത്തിലൂടെ കുടുംബത്തേയും സമൂഹത്തേയും ശക്തിപ്പെടുത്തുവാൻ കഴിവു നേടുന്ന ചൈതന്യസ്രോതസ്സാണ് സ്ത്രീ. തന്റെ ഉള്ളിലെ ഈ സ്രോതസ്സ് കണ്ടെത്താതെ ആ ഊർജ്ജത്തെ യഥാവിധം വിനിയോഗിക്കുവാൻ അവൾക്കു സാധിക്കുകയില്ല. ഈ കണ്ടെത്തൽ നടക്കാതെ പോകുമ്പോഴാണ് *അബല* എന്ന വിശേഷണം ഭൂഷണമായി കരുതി നിഷ്ക്രിയവും നിസ്സഹായവുമായി സ്ത്രീയുടെ ജീവിതം വികാസം പ്രാപിക്കാതെ സ്വന്തം കൊച്ചുലോകത്തിലേക്കു ചുരുങ്ങി പോകുന്നത്. സ്ത്രീയുടെ ഇത്തരമൊരു സാധ്യതയാണ് വിജയലക്ഷ്മിയുടെ *മൃഗശിക്ഷകൻ* എന്ന രചനയിൽ കാണുന്നത്.

*കനിയുന്നു കൺകളവന്റെ നോട്ടത്തിൽ*
*തളരുന്നു ദേഹമവന്റെ ഹാസത്തിൽ*
*തൊഴുതുപോകയാണവനെത്താണു ഞാൻ*
*അരുതു നോക്കുവാനതിതേജസ്വിയെ*
*ചുഴിഞ്ഞുനോക്കിയാലുടയും കണ്ണുകൾ*
*അതിൻ മുൻപീ നഖമുനകളാൽത്തന്നെ*
*ഇനിയാക്കണ്ണുകൾ ഞാൻ പിഴുതുമാറ്റട്ടെ*
*അതിനും വയ്യല്ലോ! ഭയം ഭയം മാത്ര-*
*മടിമ ഞാൻ, തോറ്റു കുനിഞ്ഞിരിക്കുന്നു*[29]

ഇതാണ് അഭികാമ്യം എന്നല്ല. ഇതാണ് അവസ്ഥാനിർഭാഗ്യമെന്നു വായിച്ചെടുക്കുക നാം.

സ്ത്രീശാക്തീകരണത്തിനു മൂന്ന് തലങ്ങളുള്ളതായി കാണാനാകുന്നു; *സ്വയം ശാക്തീകരണം, കുടുംബശാക്തീകരണം, സമൂഹശാക്തീകരണം.*

ആത്മീയതയിൽ അടിയുറച്ച് സ്നേഹഭാവത്തിന്റെ മഹാശക്തി സ്വന്ത മാക്കുകയാണ് സ്വയം ശാക്തീകരണത്തിലൂടെ. സ്നേഹത്തിന്റെയും ദയ യുടെയും അതിശക്തമായ നീരൊഴുക്ക് ഹൃദയത്തിൽ നിന്നും നിർഗ്ഗളിക്കണം. നിസ്വാർത്ഥ സ്നേഹത്തിന്റെ അവതാരങ്ങളാകാൻ സാധിക്കുക അതിരുകളും കണക്കുകളുമില്ലാത്ത സ്നേഹത്തിന്റെ വൻശക്തിയാലാണ്.

മനുഷ്യകുലത്തിന്റെ പരിരക്ഷ പ്രത്യേകമാംവിധം തന്നിൽ ഭരമേ ല്പിക്കപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവിനോടു ബന്ധപ്പെട്ടതാണ് സ്ത്രീയുടെ സാന്മാർഗ്ഗികവും ആദ്ധ്യാത്മികവുമായ ശക്തികൾ. ഈ ഭരമേല്പിക്കലിനെ പ്പറ്റിയുള്ള അവബോധമാണ് സ്വയം ശാക്തീകരണത്തിന്റെ കാതലും. ആ അവബോധവും അടിസ്ഥാനപരമായ ചോദനയും സ്ത്രീകളെ തങ്ങൾക്കു ദൈവത്തിൽ നിന്നുതന്നെ ദാനമായുള്ള മാഹാത്മ്യത്തെപ്പറ്റി ബോദ്ധ്യപ്പെടു ത്തുകയും ആ ബോധം അവർക്കു ശക്തി പകരുകയും അവരുടെ നിയോഗവഴിയെ കരുത്തുറ്റതാക്കുകയും ചെയ്യുന്നു. സ്ത്രീത്വത്തിന്റെ ശക്തി വിശേഷം ദർശിക്കുന്ന മറ്റ് വ്യക്തികൾക്കെല്ലാം, *ഉത്തമസ്ത്രീ*[30] അവൾക്കു മാത്രം നല്കാനാവുന്ന തുണയും ആധുനിക ശക്തിയുടെ ഉറവിടവും ആയി ത്തീരുന്നു. ഈ ശക്തിയുടെ പരസ്പരാനുബന്ധിത ഉറവിടങ്ങളാണ് മാതൃ ത്വവും കന്യാത്വവും.

പുരുഷന്റെയും സ്ത്രീയുടെയും ദാമ്പത്യ ഐക്യത്തിന്റെ ഫലമാണ് മാതൃ ത്വം. പരസ്പരമുള്ള വ്യക്തിദാനം വഴി വിവാഹം ഒരു പുതിയ ജീവന്റെ ദാനത്തിന് വഴിയൊരുക്കുന്നു. ഒരു പുതിയ വ്യക്തിയിലേയ്ക്കുള്ള സവി ശേഷമായ തുറവിയെയാണ് മാതൃത്വം സൂചിപ്പിക്കുന്നത്. *സ്ത്രീത്വത്തിന്റെ മഹനീയത* എന്ന അപ്പസ്തോലിക ലേഖനം പഠിപ്പിക്കുന്നതനുസരിച്ച് ഒരു ശിശുവിനെ ഗർഭം ധരിക്കുന്നതുമുതൽ പ്രസവിക്കുന്നതുവരെയുള്ള കാല യളവിലെ സ്ത്രീയുടെ മാതൃത്വഭാവം ശാരീരികവും മനഃശാസ്ത്രപരവുമായ ഒരു ജീവപ്രക്രിയയാണ്. മുൻപത്തേതിനേക്കാൾ നന്നായി ഇന്ന് അത് മന സ്സിലാക്കപ്പെടുന്നു. സ്ത്രീയുടെ ശരീരവിഭാവനം തന്നെ മാതൃത്വത്തിന്, ഗർഭ ധാരണം, ഗർഭകാലം, പ്രസവം എന്നിവയ്ക്ക്, പ്രകൃത്യാ അനുയോജ്യമാ ണ്. മാതൃത്വം പുരുഷനുമായുള്ള വിവാഹൈക്യത്തിന്റെ തുടർഫലവും സ്ത്രീയുടെ മാനസിക ശാരീരിക സംവിധാനത്തിനനുസൃതവുമാണ്.[31] മാനു ഷികമായ ഒരു വസ്തുതയും പ്രതിഭാസവുമെന്ന നിലയിൽ മാതൃത്വം സമ്പൂർണ്ണമായി വിശദീകരിക്കപ്പെടുന്നത് വ്യക്തി യാഥാർത്ഥ്യത്തിന്റെ അടി സ്ഥാനത്തിലുമാണ്.

ഗർഭപാത്രത്തിൽ വളർച്ച പ്രാപിക്കുന്നതുകൊണ്ട് ജീവരഹസ്യത്തോട് മാതൃത്വത്തിന് സവിശേഷമായൊരു ഐക്യമുണ്ട്. ജീവന്റെ ഈ രഹസ്യത്തിൽ





അവൾ വിസ്മയപരതന്ത്രയാവുകയും തന്റെ ഉള്ളിൽ സംഭവിക്കുന്നതെ ന്തെന്ന് അന്യാദൃശ്യമായൊരു ഉൾക്കാഴ്ചയോടെ അറിയുകയും ചെയ്യുന്നു. ആരംഭത്തിന്റെ വെളിച്ചത്തിൽ അവൾ ഉദരത്തിൽ വഹിക്കുന്ന കുഞ്ഞിനെ ഒരു വ്യക്തിയെന്ന നിലയിൽ സ്വീകരിക്കുകയും സ്നേഹിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു. തന്റെയുള്ളിൽ വളരുന്ന പുതിയ മനുഷ്യജീവനോ ടുള്ള അതുല്യമായ സമ്പർക്കവും അതിലെ മാനസികൈക്യവും അവളിൽ മനുഷ്യജീവികളോട്, കുഞ്ഞിനോടു മാത്രമല്ല, എല്ലാ മനുഷ്യജീവികളോടും തന്നെ, ഒരു പ്രത്യേകമനോഭാവം സൃഷ്ടിക്കുന്നു. അത് സ്ത്രീവ്യക്തിത്വ ത്തിന്റെ അടയാള പ്രകൃതമായി ഭവിക്കുകയും ചെയ്യുന്നു. താനല്ലാത്ത മറ്റൊരു വ്യക്തിയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്താൻ പുരുഷ നേക്കാൾ കഴിവ് എന്നും എവിടെയും സ്ത്രീയ്ക്കായിരുന്നു. മാതൃത്വം ഈ കഴിവിനെ കൂടുതൽ വളർത്തുന്നു.[32]

മനുഷ്യന്റെ പരിശീലനത്തിലും പരിപാലനത്തിലും സ്ത്രീക്കാണ് കൂടു തൽ പങ്കാളിത്തം. അമ്മയും ആദ്യ ഗുരുവുമെന്ന നിലയിലാണ് ഈ പ്രാഥമ്യം. ജീവ-ശാരീരിക അർത്ഥത്തിൽ മാതൃത്വം പുരുഷനിൽ നിന്നും ഭവിക്കുന്നു വെങ്കിലും കുഞ്ഞുങ്ങളുടെ സമഗ്ര വ്യക്തിത്വവളർച്ചയുടെ പ്രക്രിയയിൽ ഈ പ്രാഥമ്യം സാരവത്തായ മുദ്ര പതിക്കുന്നു. മാതൃത്വവേളയിൽ സത്രീയുടെ ശരീരത്തിൽ ഒരു പുതിയ ജീവന്റെ രൂപീകരണ പ്രക്രിയ നടക്കുകയാണ്. അവളുടെ ശരീരവും മനസ്സും ഒരുപോലെ അതിനോട് ഗാഢമായി ബന്ധ പ്പെടുന്നു. വൈയക്തികവും ധാർമ്മികവുമായ അർത്ഥത്തിൽ മാതൃത്വം സ്ത്രീയെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായൊരു സർഗ്ഗശക്തി വെളി പ്പെടുത്തൽ കൂടിയാണ്. പുതിയ ജീവന്റെ മനുഷ്യഭാവം പ്രധാനമായും ആശ്ര യിച്ചിരിക്കുന്നത് അമ്മയെയാണ്. ഈ അർത്ഥത്തിൽ മാതൃത്വം പുരുഷനോടും അവന്റെ പിതൃത്വത്തോടുമുള്ള പാരസ്പര്യവും അതിനാൽ തന്നെ പോസി റ്റീവായ അർത്ഥത്തിൽ ഒരു പ്രത്യേക വെല്ലുവിളിയുമാണ്.[33]

ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ മാതൃത്വം ഒരേസമയം കന്യകാത്വ ത്തോടു ബന്ധപ്പെട്ടതും അതിൽ നിന്നു ഭിന്നവുമാണ്. *സ്വർഗ്ഗരാജ്യത്തെപ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നവരുണ്ട്.*[34] ദൈവവുമായി ഐക്യപ്പെടുവാ നുള്ള മനുഷ്യന്റെ യുഗാന്ത്യോന്മുഖമായ വിളിയനുസരിച്ച് ദൈവരാജ്യത്തെ പ്രതി സ്വമേധയാതന്നെ തിരഞ്ഞെടുക്കുന്ന ബ്രഹ്മചര്യമാണിത്. *ഗ്രഹിക്കാൻ കഴിവുള്ളവർ ഗ്രഹിക്കട്ടെ.*[35] ബ്രഹ്മചര്യത്തെപ്പറ്റിയുള്ള പ്രഭാഷണത്തിന്റെ ആരംഭത്തിൽ വചനം അരുളിച്ചെയ്തതിന്റെ ആവർത്തനമാണിത്.[35] തദനു സരണം ദൈവരാജ്യത്തെപ്രതിയുള്ള ബ്രഹ്മചര്യം മനുഷ്യന്റെ ഭാഗത്തുനി ന്നുള്ള സ്വതന്ത്രതീരുമാനത്തിന്റെ ഫലം മാത്രമല്ല, ബ്രഹ്മചര്യജീവിതം നയി ക്കാൻ ഒരു പ്രത്യേകവ്യക്തിയെ വിളിക്കുന്ന ദൈവത്തിന്റെ പ്രത്യേക കൃപാ വരത്തിന്റെയും കൂടി ഫലമാണ്. വരാനിരിക്കുന്ന, പ്രാപ്തമാകാനിരിക്കുന്ന

ദൈവരാജ്യത്തിന്റെ പ്രത്യേക അടയാളമാണിത്. അതോടൊപ്പം യുഗാന്തപരമായ ദൈവരാജ്യത്തിനുവേണ്ടി മാത്രം ഭൗമിക ജീവിതത്തിൽ ആത്മാവിന്റെയും ശരീരത്തിന്റെയും മുഴുവൻ ഊർജ്ജസ്വലതയും സമർപ്പിക്കാനുള്ള ഉപാധിയുമാണിത്.

ആരംഭം മുതൽ സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമായി വിളിക്കപ്പെട്ടിരിക്കുന്ന സ്ത്രീകൾ കന്യകാത്വത്തിലേയ്ക്കുള്ള ഉൾവിളിയിൽ സമ്പൂർണ്ണമായ ആത്മദാനത്തിലൂടെ അവസാനം വരെ സ്നേഹിച്ച രക്ഷകനായി ക്രിസ്തുവിനെ കണ്ടെത്തുകയാണ് ആദ്യം ചെയ്യുന്നത്. അതോടൊപ്പം ഈ ദാനത്തോട് തങ്ങളുടെ ജീവിതത്തിന്റെ മുഴുവൻ ആത്മാർത്ഥതയുമുള്ള അർപ്പണംകൊണ്ട് പ്രതിഭാവിക്കുകയും ചെയ്യുന്നു. സ്വർഗ്ഗീയ മണവാളന് അവർ തങ്ങളെത്തന്നെ സമർപ്പിക്കുന്നു. വ്യക്തിപരമായ ഈ സമർപ്പണം ആദ്ധ്യാത്മികമായ ഐക്യത്തിലേയ്ക്കു നയിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ഒരു സ്ത്രീ മണവാളനായ ക്രിസ്തുവിനോടുകൂടി ഒരു ആത്മാവ് ആയിത്തീരുന്നു.[37] ഇതത്രേ സ്ത്രീകളുടെ മാഹാത്മ്യവും വിളിയും സവിശേഷമാംവിധം സാക്ഷാത്കരിക്കുന്ന കന്യകാത്വത്തിന്റെ സുവിശേഷാദാർശം.[38]

സുവിശേഷം അനുസരിച്ച് വിവാഹം ഉപേക്ഷിക്കുകയും ശാരീരികമായ മാതൃത്വം വേണ്ടെന്നു വയ്ക്കുകയും ചെയ്യുന്നതാണ് കന്യകാത്വം. എങ്കിലും ഇങ്ങനെ മാതൃത്വം വേണ്ടെന്നു വയ്ക്കുമ്പോൾ അതിൽ സ്ത്രീയെ സംബന്ധിച്ചിടത്തോളം വലിയ ത്യാഗം ഉൾക്കൊള്ളുന്നുണ്ട്. ആത്യന്തികമായി ആഴങ്ങളിൽ മാതൃത്വത്തിനു വഴിതെളിയിക്കുന്നുമുണ്ട്. അതത്രെ ആത്മാവിലുള്ള, ആത്മാവിനാലുള്ള മാതൃത്വം;[39] കന്യകാത്വം സ്ത്രീയുടെ വിശേഷാവകാശങ്ങളെ അവളിൽ നിന്ന് എടുത്തുമാറ്റുന്നില്ല എന്നതാണതിനു ന്യായം.

ആത്മീയ മാതൃത്വം പലവിധത്തിലുണ്ട്. വിവിധ അപ്പസ്തോലിക സ്ഥാപനങ്ങളുടെ സിദ്ധിയും നിയമങ്ങളുമനുസരിച്ച് ജീവിക്കുന്ന സമർപ്പിതരുടെ കാര്യത്തിൽ ജനങ്ങളോട്, പ്രത്യേകിച്ച്, ഏറ്റവും പാവപ്പെട്ടവരോടുള്ള, രോഗികൾ, അംഗഹീനർ, അഗതികൾ, അനാഥർ, വയോധികർ, കുഞ്ഞുങ്ങൾ, യുവജനങ്ങൾ, കാരാഗൃഹവാസികൾ എന്നിങ്ങനെ സമൂഹഭ്രഷ്ടരായവരോടുള്ള പ്രത്യേക പരിഗണനയായി ആ മാതൃത്വം പ്രകാശിതമാകുന്നു. ഇതിലൂടെ സമർപ്പിത സഹോദരിമാർ വ്യത്യസ്തനായിരിക്കുന്നവനും ഒന്നുതന്നെ ആയിരിക്കുന്നവനുമായ തങ്ങളുടെ മണവാളനെ കണ്ടെത്തുക കൂടിയാണ്.

*എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തുതന്നത്*[40] എന്ന തിരുമൊഴി ഇതു വെളിവാക്കുന്നു. പ്രവർത്തന സീമയിൽ വരുന്ന ആർക്കുവേണ്ടിയും ആത്മദാനം ചെയ്യാനുള്ള പ്രത്യേക സന്നദ്ധതയിൽ മണവാളനോടുള്ള സ്നേഹം തന്നെയാണ് അടങ്ങിയിരിക്കുന്നത്.[41]





കന്യകയായ മണവാട്ടി എന്ന നിലയിൽ ഹൃദയത്തിൽ ഉൾലീനമായിരിക്കുന്ന അമ്മയാകാനുള്ള ശക്തിത്വരയോടുകൂടിയ അവളുടെ മണവാട്ടിക്കടുത്ത സ്നേഹം, സമസ്തത്തിൻെയും രക്ഷകനായ യേശുവിൽ സമന്വയിക്കപ്പെടുമ്പോൾ അത് ഓരോരുത്തരോടും എല്ലാവരോടും ഉള്ള ആത്മീയമായ തുറവികൂടിയായി ഭവിക്കുന്നു. ഒരു സ്ത്രീയുടെ *ദൈവവിളി* എന്ന നിലയിലുള്ള കന്യകാത്വം എല്ലായ്പ്പോഴും ഒരു വ്യക്തിയോടുള്ള *വിളി*യാണ്. ഇങ്ങനെയുള്ള ഉൾവിളിയിൽ അനുഭവവേദ്യമാകുന്ന ആദ്ധ്യാത്മിക മാതൃത്വവും അഗാധമാംവിധം വൈയക്തികമാണ്.[42]

സാരോപദേശ സംഹിതയായ *സുഭാഷിത*ങ്ങളിൽ ഉത്തമയായ കുടുംബിനിയെക്കുറിച്ച് ഇങ്ങനെ വായിക്കുന്നുവല്ലോ:

*അവൾ രോമവും ചണവും ശേഖരിച്ച് ചുറുചുറുക്കോടെ നെയ്തെടുക്കുന്നു. അവൾ വ്യാപാരിയുടെ കപ്പലുകളെപ്പോലെ അകലെ നിന്ന് ആഹാരസാധനങ്ങൾ കൊണ്ടുവരുന്നു. പുലർച്ചയ്ക്കുമുമ്പേ അവൾ ഉണർന്ന് കുടുംബാംഗങ്ങൾക്ക് ഭക്ഷണം ഒരുക്കുകയും പരിചാരികമാർക്ക് ജോലികൾ നിർദ്ദേശിച്ചുകൊടുക്കുകയും ചെയ്യുന്നു. അവൾ നല്ല നിലം നോക്കി വാങ്ങുന്നു; സ്വന്തം സമ്പത്തുകൊണ്ട് അവൾ മുന്തിരിത്തോട്ടം നട്ടുപിടിപ്പിക്കുന്നു. അവൾ അരമുറുക്കി കൈചുറുക്കോടെ ജോലി ചെയ്യുന്നു. തന്റെ വ്യാപാരം ലാഭകരമാണോ എന്ന് അവൾ പരിശോധിച്ചറിയുന്നു; രാത്രിയിൽ അവളുടെ വിളക്ക് അണയുന്നില്ല. അവൾ ദണ്ഡും തക്ലിയുമുപയോഗിച്ച് നൂൽ നൂൽക്കുന്നു. അവൾ ദരിദ്രർക്കു ദാനം ചെയ്യുകയും പാവങ്ങളെ സഹായിക്കുകയും ചെയ്യുന്നു. മഞ്ഞുകാലത്തു കുടുംബാംഗങ്ങൾക്കു തണുപ്പേല്ക്കുമെന്ന് അവൾ ഭയപ്പെടുന്നില്ല; അവൾക്കു ധരിക്കാൻ ഇരട്ട വസ്ത്രങ്ങളുണ്ട്. അവൾ സ്വയം വിരിപ്പുകൾ നിർമ്മിക്കുന്നു, മൃദുലവും ധൂമ്രവർണ്ണവുമായ പട്ടുവസ്ത്രങ്ങളാണ് അവൾ ധരിക്കുന്നത്. ശ്രേഷ്ഠന്മാരോടൊപ്പം ഇരിക്കുമ്പോൾ നഗരകവാടത്തിൽ അവളുടെ ഭർത്താവ് ശ്രദ്ധേയനാകുന്നു. അവൾ ചണവസ്ത്രങ്ങളുണ്ടാക്കി വില്ക്കുകയും അരപ്പട്ടകൾ വ്യാപാരിക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. അവൾ കഴിവും അന്തസ്സും അണിയുന്നു. ഭാവിയെ നോക്കി പുഞ്ചിരിക്കുന്നു.*[43]

ഈ സ്ത്രീ കുടുംബത്തിന്റെ ശക്തിയാണ്. അവൾ മൂലം ഭർത്താവ് ബഹുമാനിതനാവുകയും കുടുംബം ആദരിക്കപ്പെടുകയും ചെയ്യുന്നു.

സ്ത്രീയുടെ സർഗ്ഗാത്മകവും വൈകാരികവും ജൈവികവും ആത്മദാനപരവുമായ കഴിവുകളെ വളർത്തുമ്പോൾ കുടുംബത്തിന് അതു ബലം പകരുകയും അവളിലൂടെ ആ കുടുംബം ശക്തിപ്പെടുകയും ചെയ്യുന്നു. വീട്ടമ്മയായി ഒതുങ്ങുന്നവരല്ല ആധുനിക സ്ത്രീകളിൽ പലരും. പുറത്തുപോയി ജോലി ചെയ്ത് വരുമാനം നേടുന്നവരാണവർ. അതോടൊപ്പം ഗൃഹഭരണവും കുട്ടികളുടെ വളർത്തലും അവൾ നിർബ്ബാധം നിർവഹിക്കുകയും ചെയ്യുന്നു. ഒരേ സമയം തന്നെ പല കാര്യങ്ങളിൽ ശ്രദ്ധിക്കാൻ കഴിയുന്നത്

സ്ത്രീയുടെ സഹജഗുണമാണ്. ഈ കാര്യങ്ങളെല്ലാം നിർവ്വഹിക്കാൻ അവൾ ശക്തയുമാണ്. അവളുടെ പ്രാധാന്യം അംഗീകരിക്കുകയും അവളർഹിക്കുന്ന ആദരം നൽകുകയും ചെയ്യുക മാത്രമേ ആവശ്യമായിട്ടുള്ളൂ. ചുമതലകൾ, ഭാരമാകാതെ, ആനന്ദമായി, പൂർത്തീകരിക്കുവാൻ അതവൾക്കു പ്രചോദനമാകുന്നു.

സ്ത്രീ താൻ ഉൾച്ചേർന്നിരിക്കുന്ന സമൂഹത്തെ ബലപ്പെടുത്തുവാൻ പര്യാപ്തയാണ്. വ്യാപൃതമാകുന്ന ഉദ്യോഗത്തെ പൂർണ്ണമായും ആശ്രയിക്കാതെയും അത് അവളുടെ സ്ത്രൈണ പ്രത്യേകതകളോട് ചേർന്നു പോകുന്നതാണോ എന്നു നോക്കാതെയും, സ്ത്രീയുടെ സഹജമേന്മയ്ക്ക് എല്ലായിടത്തും പ്രവർത്തിക്കാനും അതുവഴി കൃപ പ്രസരിപ്പിക്കാനും കഴിയുന്നു. എല്ലായിടത്തും അവൾ മനുഷ്യരെ കണ്ടുമുട്ടുകയും, അവശ്യസന്ധികളിൽ പിൻതുണയ്ക്കുവാനും ഉപദേശിക്കുവാനും സഹായിക്കുവാനും സന്ദർഭങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. ഫാക്ടറിയിലോ ഓഫീസിലോ ജോലി ചെയ്യുന്നവൾ തന്നോടൊപ്പം ജോലിചെയ്യുന്നവരുടെ ചേതനയിലേയ്ക്ക് സ്വാഭാവികമായി ശ്രദ്ധിക്കുകയും ബുദ്ധിമുട്ടനുഭവിക്കുന്ന ഹൃദയങ്ങൾക്കു സാന്ത്വനമായി ഭവിയ്ക്കത്തക്കവിധം സൗഹൃദസംഭാഷണത്തിലൂടെയും ആശ്വാസവചനങ്ങളിലൂടെയും അവരുടെമേൽ സ്വാധീനവർഷമാവുകയും ചെയ്യുവാൻ പ്രാപ്തയാകുന്നു. മാതൃസഹജമായ അനുകമ്പയുടെയും സ്നേഹത്തിന്റെയും പ്രതിപ്രസരണമാണിത്.[44] അതിലൂടെയാണ് പ്രവർത്തനമേഖല ഏതായാലും സമൂഹത്തെ ശക്തിപ്പെടുത്തുന്നവളായി ഭവിക്കുവാൻ സ്ത്രീക്കു കഴിയുന്നതും.

ജന്മം നൽകുന്നവൾ എന്ന നിലയിൽ സ്വാഭാവികമായും ഭാവിയെ നിർമ്മിക്കുന്നവളാണ് സ്ത്രീ. ദൈവം വിഭാവനം ചെയ്ത സ്നേഹത്തിന്റെ ക്രമത്തിൽ വേരൂന്നിക്കൊണ്ട് ഉദാത്തമായ രീതിയിൽ ഭാവിയെ സംവിധാനം ചെയ്യാൻ അവൾക്കു കഴിയുന്നു. പുരുഷന്റെ ചാരെ നിന്ന് അവന് അനുയോജ്യമായ തുണയായി[45] ദ്വന്ദൈക്യത്തിൽ സ്ത്രീയെ അസ്തിത്വത്തിലേയ്ക്ക് വിളിച്ചുകൊണ്ട് സൃഷ്ടികളുടെ ദൃശ്യലോകത്തിന് ദൈവം പ്രത്യേക വ്യവസ്ഥകൾ പ്രദാനം ചെയ്യുന്നു. തന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവരുടെ ഹൃദയത്തിലേയ്ക്ക് ദൈവസ്നേഹം വർഷിക്കാൻ വേണ്ടിതന്നെയാണിത്. സ്ത്രീകളുടെ ഔന്നത്യത്തിന്റെ അളവുമാത്ര എന്നും എവിടെയും സ്നേഹമാണ്.

വ്യക്തിക്കു മാത്രമേ സ്നേഹിക്കാൻ കഴിയൂ. സ്വന്തം മക്കൾക്കുവേണ്ടി നിസ്വാർത്ഥതയുടെ ഏതളവുവരെ പോകാനും സ്വയം ശൂന്യവത്കരണത്തിന്റെ ഏത് ഭാവവും ഏറ്റുവാങ്ങാനും സ്ത്രീ സദാ സന്നദ്ധയാണ്. തന്റെ ഉദരത്തിൽ പിറന്ന മക്കൾക്ക് മാത്രമായി അതു പരിമിതപ്പെടുത്തുമ്പോൾ അതിൽ നിസ്വാർത്ഥതയുടെ ദൈവികപരിവേഷം നഷ്ടപ്പെടുകയാണ്.





വിശ്വത്തോളം വിശാലമായ മാതൃഭാവത്തിന് ദിവ്യത്വം ഉണ്ടാകുന്നത് ചുറ്റുമുള്ള സർവ്വരേയും സ്വന്തം മക്കളായി അതിരുകളും ഭേദങ്ങളുമില്ലാതെ സ്നേഹിക്കുമ്പോഴാണ്. സ്നേഹവിപ്ലവത്തിലൂടെ മാത്രമേ യഥാർത്ഥ സ്ത്രീശാക്തീകരണം സാദ്ധ്യമാകൂ. അതിനവളെ സ്നേഹത്തിന്റെ പൂർണ്ണതയിലേയ്ക്കുണർത്താൻ സഹായിക്കുന്ന ഉദാത്തതയുടെയും ആദരവിന്റെയും അംഗീകാരത്തിന്റെയും ലോകക്രമം നിലവിൽ വരിക എന്നതാണാവശ്യം. ഓരോരുത്തരും അവനവന്റെ ചുറ്റുപാടുകളിൽ അത് ആരംഭിക്കുമ്പോൾ സമൂലമായ വലിയൊരു മാറ്റത്തിനു തന്നെ അതു വഴിതെളിക്കും.

അജ്ഞതയുടെ ഇരുളകറ്റി ജ്ഞാനത്തിന്റെ പ്രകാശത്തിലേയ്ക്കും, അസ്വാതന്ത്ര്യത്തിന്റെയും ബന്ധനത്തിന്റെയും മൂടുപടം നീക്കി സമർപ്പണത്തിന്റെ ശ്രേഷ്ഠതയിലേയ്ക്കും, അകത്തളങ്ങളിലൊതുക്കിയ വേലിക്കെട്ടുകൾ ഭേദിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കും, സ്ത്രീകൾ കടന്നുവരണമെന്ന് ആഗ്രഹിക്കുകയും അതിനായി സമർപ്പിത യജ്ഞങ്ങൾ സമാരംഭിക്കുകയും ചെയ്ത ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ സ്വപ്നസാക്ഷാത്കാരത്തിലേയ്ക്കു ഇനിയും നാം എത്രയോ ദൂരം ചെന്നെത്തുവാൻ ഇരിക്കുന്നു! എങ്കിലും തുടക്കങ്ങൾ തുടക്കങ്ങളാകയാൽ പ്രത്യാശകൾ പ്രത്യാശകളാവുകയും ഇതിനകം താണ്ടിയെത്തുവാൻ കഴിഞ്ഞ അകലങ്ങൾ ആത്മവിശ്വാസം തീർക്കുകയും ചെയ്യുമ്പോൾ, നമ്മുടെ ചുവടുകൾ കൂടുതൽ ദൃഢമാവുകയാണ്. കീഴടക്കുവാനുള്ള വഴിയിടങ്ങളെക്കുറിച്ചുള്ള ജാഗരൂകമായ കരുതൽ ജപമാത്രയിലെ പ്രാർത്ഥനാനിശ്വാസമാക്കാം നമുക്ക്. ചാവറചൈതന്യത്തിനായി സമർപ്പിക്കാവുന്ന പ്രണാമാർച്ചനയും അതത്രെ!

ചാവറ ദർശനവ്യാപനത്തിന്റെ തുടക്കങ്ങൾക്കും മുമ്പേയുള്ള സ്ഥിതിവിശകലനത്തിന്റെ ഭൂമികയിൽ നിന്നേ ആ യുഗപുരുഷൻ തുടങ്ങിവച്ചതും തുടർപ്രസരണത്തിലൂടെ നിവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ വ്യാപനവഴികളെ വിലയിരുത്തുവാനും ചെന്നെത്തുവാനുള്ള സാക്ഷാത്കാരതീരങ്ങളെക്കുറിച്ചുള്ള യാഥാതഥ വിഭാവനങ്ങളിലെത്തിപ്പെടുവാനും കഴിയൂ...

അതിലേയ്ക്കാദ്യം കണ്ണോടിക്കാം.

■

## പരാമർശ സൂചിക


1. ബൈബിൾ, ഉൽപ. 2:18.
2. ബോബി ജോസ് കട്ടിക്കാട്, *സഞ്ചാരിയുടെ ദൈവം*, മീഡിയാ ഹൗസ്, ഡൽഹി,2003, പേജ്. 71.
3. സാവിത്രി രാജീവൻ, *കവിതയുടെ നൂറ്റാണ്ട്*, വാല്യം II, എൻ.ബി.എസ്., 2001, പേജ്. 295-296
4. മാധവിക്കുട്ടി, *ദാനം*, മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം, വാല്യം I, ഡി.സി ബുക്ക്സ്, കോട്ടയം, 2009, പേജ്. 1049.
5. പ്രസന്ന, (വിവ.), *സ്ത്രീ: വി. ഈഡിത്ത് സ്റ്റെയിൻ*, കാർമ്മൽപബ്ലിക്കേഷൻ സെന്റർ, തിരുവനന്തപുരം, 2007, പേജ്. 18
6. *Ibid.*, പേജ്. 19.
7. *Ibid.*, പേജ്. 23.
8. ജി. കുരുക്കൂർ (വിവ.), *സ്ത്രീ പുരുഷസഹകരണം സഭയിലും ലോകത്തിലും (മെത്രാന്മാർക്ക് വത്തിക്കാൻ സംഘത്തിന്റെ കത്ത്)*, പി.ഒ.സി.പബ്ലിക്കേഷൻ, കൊച്ചി, 2004, പേജ്. 14.
9. *Ibid*, പേജ്. 15
10. *Ibid*, പേജ്. 16
11. അയ്യപ്പൻ, *ആലില*, അയ്യപ്പന്റെ സമ്പൂർണ്ണകവിതകൾ, ഡി.സി ബുക്ക്സ്, കോട്ടയം, 2011, പേജ്.122.
12. സുഗതകുമാരി, *അഭിസാരിക*, സുഗതകുമാരിയുടെ കവിതകൾ, ഡി.സി ബുക്ക്സ്, കോട്ടയം, 2007, പേജ്.753.
13. ബോബി ജോസ് കട്ടിക്കാട്, *op.cit*, പേജ്. 72.
14. സി.പി. രാമചന്ദ്രൻ, *ലളിതം*, കാണൈ കാണൈ, കറന്റ് ബുക്ക്സ്, തൃശ്ശൂർ, 2010, പേജ്.93.
15. കെ. പി. സുധീര, *കാവൽക്കാരൻ* , സുധീരയുടെ കഥകൾ, മാതൃഭൂമി ബുക്ക്സ്, 2008, പേജ്.72.
16. എം. ലീലാവതി, *ഫെമിനിസം*, ചരിത്രപരമായ അന്വേഷണം, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 2000, പേജ്. 86.
17. റോസി തമ്പി, സ്ത്രൈണ ആത്മീയത, തിയോ ബുക്ക്സ്, കൊച്ചി , 2009, പേജ്.16.
18. അയ്യപ്പപണിക്കർ, *പ്രളയം* , അയ്യപ്പപണിക്കരുടെ കൃതികൾ, ഒന്നാം ഭാഗം, ഡി.സി ബുക്ക്സ്, കോട്ടയം, 1985, പേജ്.104.
19. സാറാ ജോസഫ്, *പാപത്തറ*, കറന്റ് ബുക്ക്സ്, തൃശ്ശൂർ, 1999, പേജ്. 100-105.
20. ബോസ്ക്കോ പുത്തൂർ, *വിശുദ്ധയായ അമ്മ ജാന്ന ബോറേത്ത മൊള്ള*, മാർലൂയീസ് പബ്ലിക്കേഷൻസ്, എറണാകുളം, പേജ്. VII.
21. റോസി തമ്പി, *op.cit*, പേജ്. 13.
22. പി. മാധവൻ നായർ, *കർണ്ണ ശപഥം*, ശ്രീ രാമവിലാസം പ്രസ്സ്, ബുക്ക് ഡിപ്പോട്ട്, കോട്ടയം, 1960, പേജ്.13.
23. ജോസഫ് മാടപ്പള്ളി (വിവ.), *സ്ത്രീത്വത്തിന്റെ മഹനീയത,* അപ്പസ്തോലിക ലേഖനം, കെ.സി.ബി.സി. മാദ്ധ്യമക്കമ്മീഷൻ, പി.ഒ.സി. കൊച്ചി, 2003, പേജ്. 1.
24. ലളിതാംബിക അന്തർജ്ജനം, *അഗ്നിസാക്ഷി,* സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1976, പേജ്. 55.
25. ജോസഫ് മാടപ്പള്ളി, *op.cit,* പേജ്. 1
26. *ബൈബിൾ*, ഉൽപ. 1:27.
27. ജോസഫ് മാടപ്പള്ളി, *op.cit,* പേജ്. 49.
28. കൊച്ചുറാണി ജോസഫ്, *സ്ത്രീത്വത്തിന്റെ സൗഭാഗ്യം*,പെനുവെൽ, കൊച്ചി, 2006, പേജ്. 77.
29. വിജയലക്ഷ്മി, *മൃഗശിക്ഷകൻ* , *വിജയലക്ഷ്മിയുടെ കവിതകൾ*, ഡി. സി. ബുക്ക്സ്, കോട്ടയം, 2010, പേജ്. 13-14.
30. *ബൈബിൾ*, സുഭാ 31/10.
31. ജോസഫ് മാടപ്പള്ളി, *op.cit,* പേജ്. 18.
32. *Ibid.*
33. *Ibid.*, പേജ്. 19.
34. *ബൈബിൾ*, മത്താ. 19/12.
35. *ബൈബിൾ*, മത്താ. 19/11.
36. ജോസഫ് മാടപ്പള്ളി, *op.cit,* പേജ്. 20.
37. *ബൈബിൾ*, 1 കോറി. 6/17.
38. ജോസഫ് മാടപ്പള്ളി, *op.cit,* പേജ്. 20.
39. *ബൈബിൾ*, Cf. Rom. 8/14.
40. *ബൈബിൾ*, മത്താ. 25/40.
41. ജോസഫ് മാടപ്പള്ളി, *op.cit,* പേജ്. 21.
42. *Ibid.*
43. *ബൈബിൾ*, സുഭാ 31/13-25.
44. പ്രസന്ന, *op.cit*, പേജ്. 306307.
45. *ബൈബിൾ*, ഉൽപ. 2/18.

## രണ്ട്

# തുടക്കങ്ങളുടെ ഭൂമിക

**ഈ**ശ്വരാന്വേഷണത്തിന്റെ താപസികശൈലിയും സമർപ്പണ ദൃഢതയും ദൈവസായൂജ്യത്തിന്റെ അഭൗമമേഖലകളും അന്തഃഭവങ്ങളിൽ അലിയിച്ചു ചേർത്ത മഹർഷിമാരുടെ നാടാണ് ഭാരതം. *ഭാഃ* എന്നാൽ ആത്മപ്രഭ എന്നാണർത്ഥം. ആത്മപ്രഭയിൽ *രത*മായ രാഷ്ട്രമാണ് *ഭാരതം.* ദുഷ്യന്തപുത്രനായ ഭരതനായിരുന്നു കാഷ്മീർ മുതൽ കന്യാകുമാരിവരെയും സമുദ്രം മുതൽ സമുദ്രംവരെയും വ്യാപിച്ചു കിടക്കുന്ന അഖണ്ഡഭാരതത്തിന്റെ മഹാനായ ആദ്യ ഭരണാധികാരി. ഭാരതമെന്ന പേരു ലഭിച്ചതങ്ങനെയെന്നു ഐതിഹ്യം. സ്വദേശീയ - വിദേശീയ വ്യാപാരങ്ങളിൽ *ഇന്ത്യ* എന്ന സംജ്ഞയും വിവക്ഷിതം. *സിന്ധു* ശബ്ദത്തിൽ നിന്നാണ് ഈ പദാഗമം. ബി.സി. രണ്ടായിരത്തോടടുത്ത് കുടിയേറിയ ആര്യന്മാർ നമ്മുടെ വടക്കുപടിഞ്ഞാറെ അതിരിലെ വലിയ നദിയെ സമുദ്രമെന്ന അർത്ഥത്തിൽ *സിന്ധു* എന്നു വിളിച്ചു. പേർഷ്യക്കാർ പദാദിയിലെ *സ* കാരത്തെ ഘോഷീകരിച്ച് *ഹിന്ദു* എന്നാക്കി. കാലാന്തരത്തിൽ സിന്ധുനദീതടത്തിലെ ജനങ്ങളെകുറിക്കുന്ന പേരായി *ഹിന്ദു* മാറി. അവരുടെ രാജ്യം *ഹിന്ദു*സ്ഥാനവും നദി *ഇന്തോസു*മായി. *ഇന്തോസ്* ഒഴുകുന്ന രാജ്യമാണ് *ഇന്ത്യ.*[1]

അനുഷ്ഠാനപ്രധാന മതങ്ങളും ആചാരനിഷ്ഠ സംസ്ക്കാരവുമാണ് ഭാരതത്തിന്റെ മുതൽകൂട്ട്. അതിനാൽത്തന്നെ ഭാരതത്തിൽ മഹാത്മാക്കൾ ആത്മീയരായിരുന്നു. ഭാരതത്തിന്റെ തെക്കേ അറ്റത്തുള്ള ഒരു കൊച്ചു ഭൂവിഭാഗമാണ് കേരളം. നയനാഭിരാമമാം പ്രകൃതിസൗന്ദര്യം കേരളത്തിന് സ്വന്തം; ഭാരതത്തിന്റെ ആത്മീയത മുഴുവൻ ഉൾക്കൊള്ളുന്ന സംസ്ക്കാരം കേരളത്തിന് പൈതൃകവും.

*എന്താണ് സംസ്ക്കാരം?*

*കേരളത്തിന്റെ തനതു സംസ്ക്കാരം എങ്ങനെ രൂപപ്പെട്ടു?*





ജീവശാസ്ത്രപരമായ പരിമിതികൾക്ക് അതീതമായി തലമുറതോറും കൈപകർന്നു കിട്ടുന്നൊരു പൈതൃകത്തെ സംസ്ക്കാരം എന്നു വിളിക്കാം. സമൂഹത്തിലെ അംഗങ്ങളുടെ പരസ്പര പ്രവർത്തനങ്ങളുടെ ഫലമായി രൂപപ്പെട്ടുവരുന്ന താരതമ്യേന സുസ്ഥിരവും നിലവാരപ്പെട്ടതുമായ പെരുമാറ്റ രീതികളുടെ ആകത്തുകകൂടിയാണത്. ആശയങ്ങൾ, സങ്കല്പങ്ങൾ, ധർമ്മങ്ങൾ, ജ്ഞാനഭാവങ്ങൾ, ശിഷ്ടാചാരങ്ങൾ എന്നിങ്ങനെ സമൂഹത്തിൽ നിലനില്ക്കുന്ന സദ്ഭാവങ്ങളുടെ സമ്മിശ്രം എന്നും പറയാം. ഒരു വ്യക്തി ഓർമ്മയായി മറയാം. അയാളുടെ കർമ്മം പോകാം, പക്ഷെ അപ്പോഴും, പ്രവൃത്തികളെല്ലാം മറന്നു മനസ്സിൽ അയാളെക്കുറിച്ചൊരു ധാരണ അവശേഷിക്കും; അതാണ് അയാളുടെ വ്യക്തിത്വം. പഠിച്ചതെല്ലാം വിസ്മൃതമാകുമ്പോൾ മനസ്സിൽ അവശേഷിക്കുന്നതെന്തോ അതാണു സംസ്ക്കാരം എന്നുമാകാം വ്യാഖ്യാനം. സംസ്ക്കാരം ഒരു മനോഭാവമാണ്. വസ്ത്രധാരണം, പെരുമാറ്റം, ഭാഷ, ചിന്ത, പാരമ്പര്യം, ആചാരം എന്നിങ്ങനെ എപ്പോഴും മാറിക്കൊണ്ടിക്കുന്ന കാര്യങ്ങളുടെ സമഗ്രസ്ഥിതം എന്നതിലുപരി, ജീവിതത്തോടും പ്രപഞ്ചത്തോടും ഈശ്വരനോടുമുള്ള സമീപനരീതികൂടിയാണത്. മാധുരിയും പ്രസാദവുമുൾക്കൊള്ളുന്നൊരു സമീപനമെന്നോ മനുഷ്യകുലത്തിന്റെ ബൗദ്ധികവും വൈകാരികവും ധാർമ്മികവും ആദ്ധ്യാത്മികവുമായ സദ്അംശങ്ങളുടെ സങ്കലനഫലമെന്നോ പൂർണ്ണവും സമ്പുഷ്ടവും സന്തുഷ്ടവുമായൊരു ജീവിതത്തിന് മനുഷ്യനെ പ്രാപ്തനാക്കുന്ന സത്തയെന്നോ ആകാം വിശേഷണം.[2]

*ഒരു സമൂഹത്തിന്റെ സംസ്ക്കാരം അളക്കാൻപോന്ന തെറ്റാത്ത മാനദണ്ഡങ്ങളാണ് അതിലെ സ്ത്രീകളുടെ പദവിയും കുടുംബഘടനയും. സ്ത്രീത്വത്തിന്റെ ധന്യതയെ ചോദ്യം ചെയ്യുന്ന പല ആചാരങ്ങളും ഭാരതത്തിൽ നിലവിലുണ്ടായിരുന്നു. പർദ്ദയും ദേവദാസി സമ്പ്രദായവും സ്മാർത്തവിചാരവുമൊക്കെ ദേശീയതല സവിശേഷതകളായിരുന്നു. എന്നാൽ കേരളത്തിനു പ്രത്യേക പ്രാധാന്യമുള്ള പ്രശ്നങ്ങളായിരുന്നു മണ്ണാപേടിയും, പുലപ്പേടിയും, മറക്കുടയും, മേൽമുണ്ടുമെല്ലാം.*[3]

കേരളത്തിലെ സ്ത്രീകളുടെ, പ്രത്യേകിച്ച് 19-ാം നൂറ്റാണ്ടിലെ സ്ത്രീകളുടെ അവസ്ഥാവിശേഷങ്ങളെക്കുറിച്ചു മനസ്സിലാക്കുന്നതിന് 19-ാം നൂറ്റാണ്ടിലെ കേരളസംസ്ക്കാരവിവരണത്തിലെ വരികൾക്കിടയിലൂടെ സഞ്ചരിച്ചാൽ മതിയാകും.

അന്തഃസത്തയിൽ നിന്നും അനുഷ്ഠാനങ്ങളിലേയ്ക്കും അധികാചാരങ്ങൾ വഴി അനാചാരങ്ങളിലേയ്ക്കും ഇടറിപ്പോയ സ്വാർത്ഥജഡിലമായ വൈദികാധിപത്യംമൂലം അടിമത്തത്തേക്കാൾ നികൃഷ്ടമായ ജാതിവ്യവസ്ഥയുടെ കരാളഹസ്തങ്ങളിൽ അന്തസ്സാരശൂന്യമായി മാറിയ സാമൂഹ്യാന്തരീക്ഷമായിരുന്നു കഴിഞ്ഞ നൂറ്റാണ്ടുകളിൽ, പ്രത്യേകിച്ച് പത്തൊമ്പതാം

നൂറ്റാണ്ടിലും അതിനു മുൻപുമുള്ളു കേരളനാട്ടിൽ. സങ്കീർണ്ണമായ നിയമങ്ങളും ജാത്യാധിഷ്ഠിതമായ ദുരാചാരങ്ങളും അയിത്താചാരങ്ങളും ഏറിയും മറിഞ്ഞുമാണെങ്കിലും സവർണ്ണഅവർണ്ണഭേദമില്ലാതെ സർവ്വരേയും അസഹിഷ്ണുതയിലേയ്ക്കും അസമത്വഭരിതമായ അസ്വാതന്ത്ര്യത്തിലേയ്ക്കും തള്ളിയിട്ടിരുന്നു. മനുഷ്യരായിപ്പോലും ഗണിക്കപ്പെടാതിരുന്ന അടിമകൾ ഇന്നാട്ടിലുണ്ടായിരുന്നു. ധാർമ്മികമായ അസ്ഥിരതയും അജ്ഞതയും അന്ധവിശ്വാസങ്ങളും തേർവാഴ്ച നടത്തിയിരുന്ന സമൂഹമാകട്ടെ സ്ത്രീകൾക്ക് യാതൊരുവിധ സ്ഥാനവും നൽകിയിരുന്നില്ല. പൊതുധാരയിൽ അവർക്ക് മാനമതിപ്പോ, അവകാശാധികാരങ്ങളോ ഉണ്ടായിരുന്നില്ല. ശൈശവവിവാഹവും ബഹുഭാര്യത്വവും സർവ്വസാധാരണമായിരുന്നു. വൈധവ്യം പാപതുല്യമായി നിന്ദിയ്ക്കപ്പെട്ടിരുന്നു. വിദ്യാഭ്യാസത്തിനുള്ള സന്ദർഭങ്ങൾ ലഭ്യമായിരുന്നില്ല. സ്ത്രീ ഉപഭോഗത്തിനുമാത്രം; ഏറിയാൽ സ്വത്തിൽ വിഹിതാവകാശത്തിനുള്ള അളവുമാത്ര! പരിതാപകരം എന്നു പറഞ്ഞാൽ സത്യത്തിന്റെ ഒരംശം മാത്രമേ വരൂ. അപമാനിതയാകുവാൻ പിറവി തൊട്ടു മരണംവരെ വിധിയ്ക്കപ്പെട്ടവളായിരുന്നു സ്ത്രീ.

ഭാരതത്തിന്റെ ആത്മീയചൈതന്യത്തിന്റെ ഉറവിടങ്ങളിലൊന്നായി വിശേഷിപ്പിക്കപ്പെടുന്ന *ഋഗ്വേദ*ത്തിൽത്തന്നെ ജാതിയെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാൻ കഴിയും. *ഋഗ്വേദ*ത്തിലെ *പുരുഷസൂക്ത*ത്തിലാണ് ആദ്യ പരാമർശം കാണുന്നത്. ബ്രഹ്മാവിന്റെ മുഖത്തുനിന്നു ബ്രാഹ്മണനും കൈകളിൽ നിന്നു ക്ഷത്രിയനും തുടകളിൽ നിന്നു വൈശ്യനും പാദത്തിൽ നിന്നു ശൂദ്രനും ജന്മമെടുത്തുവെന്നു പറയുന്നു. അദ്ധ്യയനം, അദ്ധ്യാപനം, യജനം, യാജനം, ദാനം, പ്രതിഗ്രഹം ഇവ ബ്രാഹ്മണന്റെയും, അദ്ധ്യയനം, യജനം, ദാനം, ശാസ്ത്രജീപം, പ്രാണിരക്ഷ ഇവ ക്ഷത്രിയന്റെയും, അദ്ധ്യയനം, യജനം, ദാനം, പാശുപാല്യം, വാണിജ്യം ഇവ വൈശ്യന്റെയും അവകാശങ്ങളാണെന്ന് ന്ന് മനു വിധിച്ചു. ശൂദ്രന് അവകാശങ്ങളൊന്നുമില്ല. കടമകളേയുള്ളൂ. അവയാകട്ടെ, ഈ മൂന്നു വിഭാഗങ്ങളെയും സേവിക്കലുമായിരുന്നു.[4]

പരിപാവന ജാതിയായി ഗണിക്കപ്പെട്ടിരുന്നത് ബ്രാഹ്മണർ മാത്രമാണ്. അവർക്കിടയിലും ശ്രേണിതലങ്ങളുണ്ടായിരുന്നു. ആഢ്യനും, ആസ്യനും തന്നെ ഉദാഹരണം. ജാതിവ്യവസ്ഥ ഓരോ ജാതിയുടേയും ധർമ്മാചരണരീതികളേയും, വിവാഹം, മരണം തുടങ്ങിയ സന്ദർഭങ്ങളോടുചേർന്ന ചടങ്ങുകളേയും ഭക്ഷണസംബന്ധമായ വിധിനിഷേധങ്ങളെവരേയും നിയന്ത്രിച്ചിരുന്നു. വേഷത്തിലും ഭാഷയിലും ജാതി തിരിച്ചുള്ള പ്രകടമായ ഉച്ചനീചത്വങ്ങൾ കാണാമായിരുന്നു. തൊഴിലർഹതയും, അവസരവും, പ്രകൃതവും ജാത്യാടിസ്ഥാനത്തിലായിരുന്നു. ഓരോ ജാതിയും തീണ്ടലിന്റെ അടിസ്ഥാനത്തിൽ എല്ലാ ജാതിക്കാർക്കും ആവശ്യമായ തൊഴിലിന്റെ സഹായാനുകൂല വിതരണത്തിൽ ആവശ്യമായ ശ്രദ്ധയും നിയമവും മറ്റും പാലിച്ചുകൊണ്ട് ഓരോ ഭൂഭാഗങ്ങളിലായി അടുത്തും അകന്നും ജീവിച്ചുപോന്നു.[5]





മലയാളികളുടെ ആചാരവിശ്വാസങ്ങളും അതിന്റെ സംരക്ഷണക്രമങ്ങളും നിരവധിയായിരുന്നു. മണ്ണാൻമാരും പാണൻമാരും മറ്റും ഈഴവർക്ക് വഴിമാറണം. പുലയനും പറയനും മറ്റും പാണനും മണ്ണാനും വഴിമാറണം. പറയനും മറ്റുള്ളവരും നായാടിക്ക് വഴിമാറണം. ഈ പറഞ്ഞ എല്ലാ ജാതിയും ബ്രാഹ്മണ/ക്ഷത്രിയ/വൈശ്യ/ശൂദ്ര/ചാതുർവർണ്ണ്യക്കാർക്ക് വഴിമാറണം. ചില ജാതിക്കാരെ തൊട്ടാലെ അയിത്തമുണ്ടാകു. മറ്റു ചില ജാതിക്കാരുടെ സാന്നിദ്ധ്യം പോലും അയിത്തമുണ്ടാക്കും. ചില ജാതിക്കാരെ കണ്ടാൽ മതി അയിത്തമായി. അയിത്തജാതിക്കാർ തൊട്ടാൽ ശവശരീരംപോലും അയിത്തമാകുമെന്നായിരുന്നു വിശ്വാസം. മുഹമ്മദീയരേയും ക്രിസ്ത്യാനികളേയും വൈദേശിക ഹിന്ദുക്കളേയും സ്പർശിച്ചാൽ അയിത്തമുണ്ടാകുമെന്നു ഇന്നാട്ടിലെ ഹിന്ദുക്കൾ കരുതിപ്പോന്നു. ഓരോ ജാതിയും സവർണ്ണജാതിക്കു മുമ്പിൽ എത്ര എത്ര ദൂരമാണ് മാറിനില്ക്കേണ്ടതെന്നുള്ളതിന് ശാസ്ത്രഗ്രന്ഥങ്ങളിൽ നിയതമായ അളവുപോലും കല്പിച്ചിരുന്നു! നായാടികൾ (നായ്ക്കളെ തിന്നുന്നവർ) 72 അടി ദൂരവും, പുലയൻ (അടിമ) 64 അടി ദൂരവും, കണിശൻ (ജ്യോത്സ്യൻ) 36 അടി ദൂരവും, മുക്കുവൻ (മത്സ്യം പിടിക്കുന്നവൻ) 24 അടി ദൂരവുമാണ് മാറിപ്പോകേണ്ടിയിരുന്നതത്രേ![6]

ജാതീയമായി ഒരേ തട്ടിൽ പെടുന്നവരായിരുന്നാലും സ്ത്രികൾക്കു പല സന്ദർഭങ്ങളിലും നിശ്ചിത ദൂരത്തിലും അയിത്തമുണ്ടാകാം എന്നതായിരുന്നു ഇതിലേറെ അപമാനകരം. ഏറ്റവും താണജാതിക്കാർക്കിടയിൽവരെ ഈ സമ്പ്രദായം പുലർന്നിരുന്നു. ജാതിജന്യമായ സ്പർദ്ധ പുരുഷന്മാരെ അപേക്ഷിച്ചു സ്ത്രീകളിൽ കൂടുതലുമായിരുന്നുവെന്നാണ് നിരീക്ഷണം.[7]

നമ്പൂതിരിമാരുടെ നയനാഹ്ലാദത്തിനുവേണ്ടി നായർ സ്ത്രീകൾ മാറു മറയ്ക്കരുതെന്നു പരശുരാമൻ തന്നെ വിലക്കിയിരുന്നുവെന്നാണു കേരളോല്പത്തിയോടനുബന്ധിച്ച കല്പിതം. മേൽജാതിയിൽപ്പെട്ടവർക്ക് തിരിച്ചറിഞ്ഞു തീണ്ടൽപ്പെടാതെ പോകാൻ വേണ്ടിയാണ് താഴ്ന്ന ജാതി സ്ത്രീകൾ മാറു മറയ്ക്കരുതെന്ന വിലക്കെന്നതാണ് പറഞ്ഞുപരത്തിയ ന്യായം![8]

'ജാതിയുടെ ഉത്ഭവം ആദ്യം വർഗ്ഗപരവും പിന്നെ തൊഴിൽപരവുമാകുന്നു എന്നതാണ് ഏറ്റവും പ്രബലമായ അഭിപ്രായം.[9] നമ്പൂതിരിമാരിൽ ആഢ്യരും ആസ്യരും ഉണ്ടായിരുന്ന കഥ മുൻപേ സൂചിപ്പിച്ചുവല്ലോ. *പൊതുവാൾ* നമ്പൂതിരിമാരുടെ ഉപജാതിയായിരുന്നു. ഉണ്ടിത്തിരി, കർത്താവ്, പണിക്കർ തുടങ്ങിയവരും ക്ഷേത്രത്തൊഴിലുമായി ബന്ധപ്പെട്ട് ഉപജാതിയായിത്തീർന്നവരാണ്. കണകൻ, പുലയൻ, പറയൻ എന്നിവരായിരുന്നു കൃഷിപ്പണിയിൽ ഏർപ്പെട്ടവർ. അവരുടേതായിരുന്ന ഏറ്റവും വലിയ തൊഴിൽ കൂട്ടായ്മ എങ്കിലും അസംഘടിതരായ അവർ ചൂഷിതരായി തുടർന്നു. ഐങ്കുടിക്കമ്മാളരിൽപ്പെട്ടവരിൽ ആശാരിയും കൊല്ലനും കൂടുതൽ പ്രാധാന്യമുള്ള വിഭാഗങ്ങളായിരുന്നു. വേലൻ, മണ്ണാൻ, പെരുമണ്ണാൻ തുടങ്ങിയ ഉപജാതി

കൾ ഔഷധപ്രയോഗികളായ നാടൻ വൈദ്യന്മാരും മന്ത്രവാദികളുമായിരുന്നു. ഉയർന്ന വിഭാഗക്കാരുടെ അലക്കുകാരനായി വെളുത്തേടനും, താണ വിഭാഗക്കാരുടെ അലക്കുകാരനായി മണ്ണാനും ഉണ്ടായിരുന്നു. ഇരുകൂട്ടരും നായർ വിഭാഗത്തിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന ഉപജാതികളാണ്. ഭാവി പ്രവചനവും മുഹൂർത്തമറിയിക്കലും തൊഴിലായി സ്വീകരിച്ച കണിയാൻ, കണിശൻ, കണിയാരപ്പണിക്കർ എന്നീ നാടൻ ജ്യോത്സ്യന്മാർ പ്രത്യേകം ഉപജാതികളായിത്തീർന്നുമിരുന്നു.

ഓട് ഉരുക്കി പാത്രങ്ങളുണ്ടാക്കുന്ന മൂശാരി, നെയ്ത്തുകാരായ ചാലിയർ, തെങ്ങുകയറ്റവും, കള്ളുചെത്തും തൊഴിലാക്കിയ തിയ്യർ, സ്വർണ്ണപ്പണിക്കാരായ തട്ടാന്മാർ, പാണന്മാർ, വേലന്മാർ, നായർ വിഭാഗത്തിൽപെട്ട കുറുപ്പ്, നമ്പ്യാർ, പണിക്കർ, അടിയോടിമാർ തുടങ്ങി നിരവധി ജാതികളും, ഉപജാതികളും കൂടിച്ചേർന്ന ശ്രേണീബന്ധിതവ്യവസ്ഥയായിരുന്നു കേരളത്തിൽ അന്നാളുകളിൽ നിലവിലിരുന്നത്.[10]

കാർത്തിക മാസത്തിലെ ഉത്രാടം നാൾ മുതൽ പത്താമുദയംവരെ താഴ്ന്ന ജാതിക്കാരായ പുലയരോ മണ്ണാന്മാരോ ഉയർന്നജാതിയിൽപ്പെട്ട സ്ത്രീകളെ കണ്ടാൽപോലും സ്ത്രീകൾക്കാകുമായിരുന്നു അയിത്തം. വെറും അയിത്തമല്ല; ഭ്രഷ്ട് തന്നെ കല്പിച്ചു പടിയടച്ച് പുറത്താക്കുന്നവിധം വിചിത്രമായ കീഴ്വഴക്കങ്ങളായി, *മണ്ണാപ്പേടിയും പുലപ്പേടിയും* അന്നു നിലനിന്നിരുന്നു.[11]

ജാതിവ്യവസ്ഥയ്ക്കു പുറമെ ഇപ്രകാരം അയിത്തക്കെണിയിൽചെന്നു പെടാതിരിക്കുവാനുള്ള ബദ്ധപ്പാടുകളും മൂലം സ്ത്രീകൾ കൂടുതൽ അടിച്ചമർത്തപ്പെട്ടവരായി മാറി; അകത്തളങ്ങളിലെ ശബ്ദിക്കാൻ അവകാശമില്ലാത്ത അന്തേവാസികൾ മാത്രമായി ഒതുങ്ങി. ഇന്നാട്ടിലെ പാരമ്പര്യങ്ങളോടു ഒട്ടൊക്കെ ചേർന്നു വർത്തിച്ചുപോന്ന ക്രൈസ്തവഗൃഹങ്ങളിലെ സ്ത്രീകളുടെ അവസ്ഥയും ഭിന്നമായിരുന്നില്ല. ഗൃഹഭരണവും, കുട്ടികളുടെ വളർത്തലും മാത്രമായി പിന്നാംപുറങ്ങളിൽ അവരുടെ ജീവിതം ഒതുങ്ങി; അതിനപ്പുറം പ്രാമുഖ്യമോ പ്രസക്തിയോ ചിന്തിക്കാനാകുമായിരുന്നില്ല.

അയിത്ത നിഷ്ക്കർഷ എല്ലാ ജാതിക്കും, സവർണ്ണനും അവർണ്ണനും ഒരുപോലെയായിരുന്നുവല്ലോ. അയിത്തമാകുമെന്ന ഭയത്താൽ അന്യജാതിയിൽപെട്ട വൈദ്യരുടെ ശുശ്രൂഷ സ്വീകരിക്കാൻപോലും വിമുഖത കാണിച്ചുപോന്നിരുന്നു. അയിത്തമായി രോഗം ഭേദപ്പെട്ടു ജീവിക്കുകയെന്നതിനേക്കാൾ അയിത്തം കൂടാതെ രോഗം മൂർച്ഛിച്ചു മരിച്ച് പുണ്യം നേടുകയാണ് ഉത്തമമെന്ന് ആത്മാർത്ഥമായും അന്നുള്ളവർ വിശ്വസിച്ചു. അയിത്ത നിഷ്ക്കർഷ മൂലം ആത്യന്തികമായ വിശകലനത്തിൽ കൂടുതൽ അസൗകര്യങ്ങൾ അനുഭവിക്കേണ്ടി വന്നത് മേൽജാതിക്കാർക്കു തന്നെയാണ് എന്നു കാണാം. ഭക്ഷണത്തിലായാലും വിശ്രമത്തിലായാലും ഉറക്കത്തിലായാലും ഇതര കൃത്യങ്ങൾക്കായാലും അയിത്തം കൂടാതെ ജീവിതവൃത്തി കഴിക്കുവാനുള്ള





വ്യഗ്രതയും താല്പര്യവും ജാഗ്രതയും അവരെ സദാ കലശലായി അലോസരപ്പെടുത്തിക്കൊണ്ടിരുന്നു. അയിത്തം കൂടാതെ കഴിക്കാൻ ജാതിഹിന്ദുക്കൾ എത്രകണ്ട് വ്യഗ്രതപൂണ്ടുവോ അത്രയുമോ അതിൽ കവിഞ്ഞോ അയിത്തവിഘ്നങ്ങൾ ഒഴിവാക്കി ജീവിക്കാൻ അവർണ്ണ വിഭാഗങ്ങളും ജാഗരൂകരായിരുന്നു. യുക്തിക്കും ബുദ്ധിക്കും വിവേകത്തിനും സുഗമമായ സാമൂഹ്യജീവിതത്തിനും നിരക്കാത്തതാണ് അയിത്തമെന്ന് ചിന്തിക്കുവാനോ സ്വപ്നേപിപോലും തിരിച്ചറിയുവാനോ രണ്ടുകൂട്ടരേയും അക്കാലവ്യവസ്ഥിതി അനുവദിച്ചിരുന്നില്ല. ലംഘിക്കപ്പെടാൻ പാടില്ലാത്ത ഒരു ധർമ്മമായും അവകാശമായും സവർണ്ണഹിന്ദുക്കളും, കടമയും ജന്മവിധിയുമായി അവർണ്ണഹിന്ദുക്കളും ഈ ദുരാചാരം വിശ്വസിച്ചു പാലിച്ചുപോന്നു. തീണ്ടൽ ലംഘിച്ച് അയിത്തമാക്കി ഇതരവർഗ്ഗത്തെ വിഷമിപ്പിക്കുന്നതും ക്ലേശിപ്പിക്കുന്നതും മഹാപാതകമായി അന്നുള്ളവർ കരുതി. സവർണ്ണ പ്രഭുക്കൾക്ക്, വിശേഷിച്ചും നമ്പൂതിരിമാർക്ക്, അസൗകര്യമുണ്ടാക്കാത്തവിധം ജീവിക്കലാണ് മോക്ഷപ്രാപ്തിക്ക് സൗകര്യമെന്ന് അവർണ്ണർ കരുതി. സവർണ്ണർ തങ്ങൾക്കുള്ളിലും ഈ കരുതലിൽ ജാഗരൂകരായി. ഇരുവിഭാഗവും വ്യക്തമായ അളവിൽ കൃത്യമായി അളവുതെറ്റാത്തവിധം അനുരഞ്ജനത്തോടെ അതിൽ ഉൾഭവിയ്ക്കാതെ വയ്യാത്ത ചൂഷക ചൂഷിത ദൂഷിതവൃത്ത വിധേയത്വത്തോടെ അയിത്തവും അതിന്റെ അകലങ്ങളും പാലിക്കുകയാണുണ്ടായത്. അയിത്ത പരിപാലനം മഹാപുണ്യമായി സവർണ്ണരും അവർണ്ണരും ഒരുപോലെ കരുതുമ്പോൾ അതിലംഘനങ്ങൾക്ക് പിന്നെ സ്ഥാനമെവിടെ![12]

ഒരു പുലയനോ താഴ്ന്നജാതിക്കാരനോ നിർഭാഗ്യവശാൽ വിരൽതുമ്പുകൊണ്ടുപോലുമെങ്ങാനും നായർസ്ത്രീകളെ തൊടാനിടയായാൽ ആ സ്ത്രീയുടെ ചാർച്ചക്കാരും ബന്ധുക്കളും കൂട്ടംകൂടി അവളെയും അവളെത്തൊട്ട കീഴ്ജാതിക്കാരനേയും അവന്റെ ചാർച്ചക്കാരനേയും കൊല്ലുവാനൊരുങ്ങുംവിധം കിരാതമായിരുന്നു ആചാര്യ വ്യവസ്ഥകൾ.[13] ഇവ്വിധ കെട്ടുപാടുകളിൽ അക്കാലത്ത് ഇന്നാട്ടിലെ സ്ത്രീകളുടെ ജീവിതം എത്ര ദുഷ്ക്കരമായിരുന്നുവെന്നത് ഊഹിക്കാവുന്നതേയുള്ളു.

### അടിമത്തത്തിന്റെ ക്രൂരദംഷ്ട്രങ്ങളിൽ

ഏഥൻസ്, യൂറോപ്പ്, റോം, ചൈന, ഇംഗ്ലണ്ട്, അമേരിക്ക തുടങ്ങി മിക്കവാറും എല്ലാ രാജ്യങ്ങളിലും ചരിത്രത്തിലെ വിവിധ ഘട്ടങ്ങളിൽ നിലവിലിരുന്ന സാമൂഹ്യതിന്മയായിരുന്നുവല്ലോ അടിമത്തം. ഇന്ത്യയിൽ അതു ജാതിസമ്പ്രദായത്തോടു വളരെയധികം ബന്ധപ്പെട്ടുകൊണ്ടാണ് നിലനിന്നിരുന്നതെന്നു ഒരർത്ഥത്തിൽ പറയാം. കേരളത്തിൽ ക്രിസ്ത്യാനികളടക്കം എല്ലാ സമുദായങ്ങൾക്കും അടിമകളുണ്ടായിരുന്നു. നായന്മാർക്കായിരുന്നു കൂടുതൽ. വർഷം തോറും ആയിരക്കണക്കിന് അടിമകളെ കന്നുകാലികളെപ്പോലെ

കച്ചവടം ചെയ്തിരുന്നു. പല സ്ഥലങ്ങളിലും പല വിലയായിരുന്നു. അടിമ കളായി കുട്ടികളെക്കൂടി കിട്ടുമെന്നുള്ളതുകൊണ്ട് സ്ത്രീകൾക്ക് പുരുഷന്മാ രേക്കാൾ വില കിട്ടുമായിരുന്നുവത്രേ ചിലയിടങ്ങളിൽ![14]

കേരളത്തിൽ കൃഷിപ്പണിയിൽ സാധാരണ ഏർപ്പെട്ടിരുന്നവർ ഏറെയും അടിമകളായിരുന്നു. പറയർ, പുലയർ, പണിയർ, ചെറുമർ, പള്ളർ തുടങ്ങിയ ജാതികളാണ് ഈ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നത്. കൃഷിപ്പണിയിലേർപ്പെട്ട ഈഴവരേയും അടിമകൾക്കു തുല്യരായി കണക്കാക്കി വന്നുപോലും. പുല യർ ജനനത്താൽ തന്നെ നാട്ടാചാരപ്രകാരം അടിമകളായിരുന്നു. ജന്മികൾ, പ്രഭുക്കന്മാർ മുതലായ എല്ലാവർക്കും പുലയരുണ്ടായിരുന്നു. അവരെ ഉടമ സ്ഥന്മാർ ജംഗമസ്വത്തുക്കളെപ്പോലെ ക്രയവിക്രയം ചെയ്യുന്നതിന് ഒരു തട സ്സവുമുണ്ടായിരുന്നില്ല. ഒരു ജന്മി തന്റെ ഭൂമി ഒരാൾക്ക് വിറ്റാൽ അടിമകൾ കൂടി വില്പനാനുബന്ധമായി വാങ്ങുന്ന വകയായിത്തീരുമത്രെ.[15]

നിവൃത്തിയില്ലാതെ വരുമ്പോൾ മക്കളേയും മരുമക്കളേയും വില്ക്കാൻ പുലയനും പുലയിക്കും അവകാശമുണ്ടായിരുന്നു. പക്ഷെ 60 പണത്തില ധികം വില വാങ്ങിക്കൂടാ. അഥവാ അതിലധികം കിട്ടുവാൻ സാദ്ധ്യതയു ണ്ടെങ്കിൽ മേൽ കഴിച്ചുള്ള സംഖ്യ ഉടമസ്ഥന്റെ അവകാശമാണ് എന്നു പറ യുമ്പോൾ കൂടുതൽ വില വാങ്ങുന്നതുകൊണ്ട് അവർക്ക് ഒരു പ്രയോജന വുമില്ലെന്നർത്ഥം. പുലയന്റേയും പുലയിയുടേയും മൂത്ത സന്താനം പെണ്ണാ യിരുന്നാലും ആണായിരുന്നാലും തന്തപ്പുലയൻ ആരുടെ അടിമയാണോ ആ ഉടയവന് അവകാശപ്പെട്ടിരിക്കും. മറ്റു കുട്ടികൾ തള്ളപ്പുലയിയുടെ ഉട യോന്റെ വകയുമായിരിക്കും. തള്ളപ്പുലയിയുടെ ഉടയോന് 16 പണം കൊടുത്ത് വേണമെങ്കിൽ മൂത്ത സന്തതിയെത്തന്നെ വീണ്ടെടുക്കുവാനുള്ള അവകാശമുണ്ടായിരുന്നു.[16]

സാധുക്കളായ ലക്ഷക്കണക്കിന് ജനങ്ങളും പുലയരും മറ്റ് അധഃകൃത രുമാണ് അടിമകളായും അടിമകൾക്ക് തുല്യരായും സേവന വേതന വ്യവ സ്ഥകളൊന്നും സ്വപ്നംപോലും കാണാതെ രാപ്പകൽ എല്ലു മുറിയെ ഭൂമി യിൽ പണിചെയ്തിരുന്നത്. ഒടുവിലൊടുവിൽ നിയമങ്ങളും വിലക്കുകളും പലവിധത്തിൽ പ്രഖ്യാപിച്ചുവെങ്കിലും ഒന്നും പ്രയോഗത്തിൽ എത്തുവാൻ ഉടയോന്മാർ അനുവദിച്ചിരുന്നില്ല. അതിനുള്ള കുതന്ത്രങ്ങൾ അവർ വിദഗ്ദ്ധ മായി ഇണക്കി പതിക്കുമായിരുന്നു. ഏതെങ്കിലും ഒരടിമ കൊല്ലപ്പെടുകയോ നിഷ്ഠൂരമായി മർദ്ദിക്കപ്പെടുകയോ ചെയ്താലും നിയമം പരിരക്ഷിക്കുമായി രുന്നത് പാവപ്പെട്ടവന്റെ അവകാശത്തെയല്ല, ജന്മിയുടെ പ്രമാണിത്തത്തെ തന്നെയാണ്. ഈ ദുരവസ്ഥയ്ക്കെതിരെ ആദ്യം ശബ്ദമുയർത്തിയത് ക്രിസ്ത്യൻ മിഷനറിമാരാണ്. തിരുവിതാംകൂറിലെ ചന്തകളിൽ കാളകളെ പ്പോലെ അടിമയെ വാങ്ങുകയും വില്ക്കുകയും ചെയ്യുന്ന അടിമച്ചന്തകൾ ഉണ്ടായിരുന്നു എന്നറിയുക. മിക്കവാറും എല്ലാ ചന്തദിവസങ്ങളിലും ചങ്ങനാ





ശ്ശേരിയിൽ രക്ഷിതാക്കളോ അവരുടെ അടുത്ത ബന്ധുക്കളോ കുട്ടികളെ വില്പനയ്ക്ക് കൊണ്ടുവരിക പതിവായിരുന്നുവെന്നും ആറുരൂപയ്ക്കും പതി നെട്ടു രൂപയ്ക്കുമിടയിൽ അവർക്ക് വില കിട്ടിയിരുന്നു എന്നും മിഷനറിയായ ഹെൻറി ബേക്കർ എഴുതിയിട്ടുണ്ട്.[17]

സമൂഹത്തിൽ പൊതുവെ സ്ഥാനമില്ലാത്തവരായിരുന്ന സ്ത്രീകളെ, അവർ ഏത് ജാതിയിൽപ്പെട്ടവരായിരുന്നാലും അടിമത്തത്തിലേയ്ക്ക് തള്ളി വിടുന്ന അവസ്ഥാസാഹചര്യങ്ങൾ അക്കാലഘട്ടത്തിൽ നിർബാധം നിലവിലു ണ്ടായിരുന്നു. ഏതെങ്കിലും കുറ്റത്തിന് പിടിക്കപ്പെടുന്ന സ്ത്രീകൾക്ക് കൊടു ത്തിരുന്ന ശിക്ഷ അടിമത്തത്തിൽ കുറഞ്ഞ ഒന്നുമായിരുന്നില്ല. താഴ്ന്ന ജാതി യിൽപ്പെട്ട ഒരു പുരുഷനുമായി ഇടപഴകുന്ന സ്ത്രീയെ സ്വസമുദായത്തിൽ നിന്ന് ബഹിഷ്ക്കരിച്ച് അടിമയാക്കി മാറ്റി ജീവിതാന്ത്യംവരെ ശിക്ഷിക്കുമാ യിരുന്നു. ജാതിയിൽ താഴ്ന്ന ഒരു പുരുഷനോട് സംസാരിക്കുകയോ സൗഹൃദം പുലർത്തുകയോ ചെയ്യുന്ന ബ്രാഹ്മണസ്തീയെ വിചാരണയ്ക്കു ശേഷം കുറ്റക്കാരിയെന്നു കണ്ടാൽ രാജാവിന്റെ അടിമയായി മാറ്റുകയായി രുന്ന പതിവ്. ഒരു ബ്രാഹ്മണനുമായി താഴ്ന്ന ജാതിയിൽപ്പെട്ട ഒരു സ്ത്രീ ബന്ധം പുലർത്തിയാൽ അവളെ മാപ്പിളമാർക്ക് അടിമയായി വിറ്റിരുന്നു[18] ശിക്ഷിക്കപ്പെടുന്ന സ്ത്രീകൾ പലപ്പോഴും യഥാർത്ഥ കുറ്റവാളികളായിരു ന്നില്ല എന്നതും മറ്റുള്ളവരുടെ അസൂയയ്ക്കും ചൂഷണത്തിനും പാത്രമായി വ്യാജ ആരോപണങ്ങളുടെ പൊയ്തീർപ്പുകളിൽ കുടുങ്ങിയ നിരപരാധിക ളായിരുന്നുവെന്നതുമാണ് ക്രൂരമായ സത്യം. ശബ്ദമില്ലാത്തവർക്ക് നീതി നേടിക്കൊടുക്കുവാൻ ആരുമുണ്ടായിരുന്നില്ല. അതിനു വഴിയൊരുക്കുന്ന ധാർമ്മികബോധം അന്ന് ഭരണം കൈയ്യാളുന്ന അധികാരവർഗ്ഗത്തിന് ഇല്ലാതെ പോയതിനാൽ ഇതുപോലെയുള്ള പ്രത്യക്ഷ പീഡന രീതികളിലും കുടുംബത്തിനുള്ളിൽത്തന്നെ അല്ലാതെയുള്ള പരോക്ഷ രീതികളിലും കുടുങ്ങി സ്ത്രീകൾ അശരണരും അടിമകൾക്കു തുല്യരുമായി അവമതി ക്കപ്പെട്ടു കഴിഞ്ഞുപോന്നിരുന്നു.

## ധാർമ്മികമായ അസ്ഥിരത

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളസമൂഹം പ്രത്യേകിച്ച് മുഖ്യധാരയി ലുണ്ടായിരുന്ന ഹൈന്ദവസമൂഹം ധാർമ്മികമായി ഉന്നതി പ്രാപിച്ചവരായി രുന്നില്ല. സൗകര്യങ്ങൾക്കും സുഖത്തിനും വേണ്ടി സ്വയം കണ്ടുപിടിച്ച് നിഷ്ഠപ്പെടുത്തിയ നിയമങ്ങളും അവയ്ക്കു കൗശലപൂർവ്വം കണ്ടെത്തിയ പഴുതുകളും പൊതുസമൂഹത്തിന്റെ കെട്ടുറപ്പിനേയും കുടുംബഘട നയേയും അഭിമാനപൂർവ്വമായ നിലനില്പിനെത്തന്നെയും പ്രതികൂലമായി ഗ്രസിക്കുന്ന വിധത്തിലുള്ളതായിരുന്നു. നമ്പൂതിരി കുടുംബങ്ങളിൽ നില നിന്നിരുന്നത് മക്കത്തായ സമ്പ്രദായമാണ്. സഹോദരീപുത്രനിലൂടെയുള്ള

ദായക്രമം (Inheritance) ആണല്ലോ മരുമക്കത്തായം. വിശാലമായ ബ്രഹ്മസ്വങ്ങളുടെ ഉടമകളായിരുന്ന നമ്പൂതിരി ബ്രാഹ്മണന്മാർ സ്വത്ത് ഛിന്നഭിന്നമായിപ്പോകാതിരിക്കാൻ മൂത്തമകനെക്കൊണ്ടു മാത്രം സ്വസമുദായത്തിൽ നിന്നും വിവാഹം കഴിപ്പിക്കും. കനിഷ്ഠപുത്രന്മാർ നായർസ്ത്രീകളുമായി നടത്തിയിരുന്ന സംബന്ധത്തിൽ ജനിക്കുന്ന സങ്കരവർഗ്ഗക്കാരായ കുട്ടികൾക്ക് പിതവിന്റെ സ്വത്തിന് അവകാശമുണ്ടായിരുന്നില്ല. കാലക്രമേണ സംബന്ധ സമ്പ്രദായം ബ്രാഹ്മണരുമായി അടുത്തബന്ധം പുലർത്തിയിരുന്ന നായന്മാരിലും സംക്രമിച്ചു എത്തിച്ചേർന്നു. സംബന്ധത്തിനു വിധേയരാകുന്ന നായർസ്ത്രീകളും അവരുടെ കുട്ടികളും സ്വന്തം വീട്ടിൽത്തന്നെ താമസിച്ചു. കുടുംബത്തിന്റെ സ്വത്ത് സഹോദരന്മാർക്കും സഹോദരിയുടെ മക്കൾക്കുമാണ് എപ്പോഴും ലഭിച്ചിരുന്നത്.[19] മക്കളിൽ മൂത്തയാൾ മാത്രം വിവാഹം കഴിച്ചിരുന്നതിന്റെയും മറ്റുള്ള ആൺമക്കൾ നായർസ്ത്രീകളുമായി സംബന്ധത്തിലേർപ്പെടുക മാത്രം ചെയ്തുപോന്നതിന്റേയും പരമമായ ലക്ഷ്യം ഇല്ലത്തെ സ്വത്തുക്കൾ വിഭജിച്ചു പോകരുതെന്ന കരുതൽ മാത്രമായിരുന്നു. സംബന്ധമെന്നത് സ്ഥിരതയുള്ള ഒരു വിവാഹബന്ധം ആയിരുന്നുമില്ല. നായർ കുടുംബങ്ങളിൽ മരുമക്കത്തായ സമ്പ്രദായം ആയിരുന്നതുകൊണ്ട് ഈ ക്രമീകരണം കൂടുതൽ എളുപ്പവുമായി. നായർ സ്ത്രീയ്ക്കു ജനിക്കുന്ന കുട്ടികൾ അമ്മയോടൊത്തുതന്നെ കഴിഞ്ഞു. അമ്മാവന്റെ സ്വത്തിന്റെ അവകാശികളും അവരായി. നായർ കുടുംബങ്ങളിലെ പുരുഷന്മാർ അധികവും സംബന്ധത്തിലേർപ്പെട്ടവരായിരുന്നു. ബഹുഭാര്യാത്വം, ബഹുഭർതൃത്വം തുടങ്ങിയ സ്ഥിതങ്ങൾ സർവ്വസാധാരണമായി. നിയതരൂപത്തിലുള്ള കുടുംബബന്ധങ്ങളും അതിലുൾഭവിക്കുന്ന പാരമ്പര്യവും കുറവാണെന്നല്ല; ഇല്ലെന്നുതന്നെയായി. നായർ കുടുംബങ്ങളിൽ മക്കൾക്ക് സ്വന്തം അച്ഛൻ ആരാണെന്നറിയാത്ത സ്ഥിതിവരെയുമായി! പടയാളികളായ നായർ പുരുഷന്മാരെ ഗാർഹികമായ കെട്ടുപാടുകളിൽനിന്നും വിമുക്തരാക്കി യുദ്ധസജ്ജരായി വരുതിയിൽ തളച്ചിടുന്നതിനായി സ്വീകരിച്ചതാകാം ഇത്തരം ഒരു സംവിധാനമെന്നു കരുതേണ്ടതുണ്ട്.[20]

അസ്ഥിരതാ ഭീതികൾ മൂലം ബ്രാഹ്മണസ്ത്രീകളിൽ ഒരു വലിയ വിഭാഗം അവിവാഹിതകളായിത്തന്നെ മരിക്കുന്ന അവസ്ഥയുമുണ്ടായിരുന്നു. വിവാഹം കഴിക്കാനവകാശമുള്ള നമ്പൂതിരി *മൂസ്സ്* നാലും അഞ്ചും വിവാഹങ്ങൾ കഴിച്ചെന്നുവരാം; അതേസമയം അനവധി ബ്രാഹ്മണസ്ത്രീകൾ അവിവാഹിതകളായിത്തന്നെ ശേഷിക്കേണ്ട അവസ്ഥയുമായിരുന്നു. വിവാഹം കഴിഞ്ഞാൽത്തന്നെ വൃദ്ധ നമ്പൂതിരിയുടെ ഭാര്യയാകാനാകും ഊഴം പലപ്പോഴും. ചെറുപ്പത്തിൽത്തന്നെ വിധവകളാകാനുള്ള ദുര്യോഗവും അതോടെ പതിവു വിധിയായി. മക്കളുണ്ടായിരിക്കുകയുമില്ല. പുനർവിവാഹം നിഷിദ്ധവുമായിരുന്നു. ഈ സത്രീകളുടെ തുടർജീവിതം അതീവ ദുസ്സ





ഹവുമായിരുന്നു. ഉറപ്പുള്ള കുടുംബവ്യവസ്ഥകൾ ഇല്ലാതിരുന്ന മറ്റു ജാതികൾക്കിടയിലും ധാർമ്മികനിലവാരത്തിന്റെ അവസ്ഥ തുലോം നിർഭാഗ്യകരംതന്നെയായിരുന്നു.

ഈ അവസ്ഥയ്ക്ക് മാറ്റം വരണമെങ്കിൽ ആദ്യം വേണ്ടിയിരുന്നത് ശരിയായ വിദ്യാഭ്യാസം സകലർക്കും ലഭ്യമാക്കുകയുമായിരുന്നു. അറിവില്ലാതെ ധാർമ്മിക മൂല്യങ്ങൾ വികാസം പ്രാപിക്കില്ലല്ലോ? ആയിരിക്കുന്ന അവസ്ഥ ശരിയോ തെറ്റോ എന്ന് തിരിച്ചറിയാൻ അറിവ്, ജ്ഞാനം, വിദ്യ കൂടാതെ കഴിയുകയുമില്ല.

നമ്മുടെ ആദ്യകാല വിദ്യാഭ്യാസരീതികളെക്കുറിച്ച് വ്യക്തമായ അറിവൊന്നുമില്ല. അഞ്ചോ ആറോ വയസ്സു പ്രായമാകുമ്പോൾ എഴുത്തിനിരുത്തുക എന്ന രീതിക്ക് നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ടാവാം. വിദ്യയുടെ വില കുഞ്ഞിന്റെ മനസ്സിൽ പതിച്ചിടാൻ വേണ്ടിയാവണം ആ സന്ദർഭത്തിന് ഒരാഘോഷത്തിന്റെ അകമ്പടി ഒരുക്കിയിരുന്നു. പിന്നിട് മുറയ്ക്ക് എഴുത്തും വായനയും കണക്കും അഭ്യസിക്കുകയായി. എഴുത്താശാനു കഴിയുന്നിടത്തോളം വിജ്ഞാനം ശിഷ്യർക്കു പകരുക എന്നതായിരുന്നു പാഠ്യപദ്ധതി. വിജയദശമി ദിനത്തിലാണ് വിദ്യാരംഭം. ജ്യോതിശാസ്ത്രം, കാവ്യം, നാടകം, അലങ്കാരം, തർക്കം, വ്യാകരണം, ആയുർവ്വേദം എന്നിവയും പഠിപ്പിച്ചിരുന്നു. പെൺകുട്ടികൾക്ക് സംഗീതം വിശേഷാൽ വിഷയമായിരുന്നു.[21] എന്നാൽ ഇതെല്ലാം വരേണ്യ വർഗ്ഗത്തിനുമാത്രമായി സംവരണം ചെയ്യപ്പെട്ടിരുന്നു. ആശാന്റെ കീഴിൽ നടത്തപ്പെട്ട കുടിപ്പള്ളിക്കൂടങ്ങളായിരുന്നു മുഖ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. പെൺകുട്ടികളെ സാധാരണ നിലയിൽ അവയിൽ പഠിക്കുവാനായി അയച്ചിരുന്നില്ല.

കേരളത്തിൽ വന്ന് വിദ്യാഭ്യാസപ്രവർത്തനങ്ങളാരംഭിച്ച മിഷനറിമാരുടെ പ്രവർത്തനമാണ് വിദ്യാഭ്യാസരംഗത്തിലേയ്ക്ക് കാലെടുത്തു വയ്ക്കാൻ ഭരണാധികാരികൾക്കിവിടെ പ്രേരകമായത്. 1800 കളിൽ ഒരു മിഷനറി എഴുതിയിരിക്കുന്നതിപ്രകാരമാണ്:

*കുട്ടിക്കാലത്തും യൗവനത്തിലും യാതൊരു വിദ്യാഭ്യാസവും സ്ത്രീകൾക്കില്ല. ഇന്ത്യയിൽ ഒരൊറ്റ സ്ത്രീവിദ്യാലയംപോലുമില്ല. എഴുത്തും വായനയും തീരെ അറിഞ്ഞുകൂടാത്ത അന്ധവും ക്രൂരവുമായ ഒരു മൂഢവിശ്വാസത്തിന്റെ ബലിയാടായ അമ്മയ്ക്ക് തന്റെ കുഞ്ഞിന്റെ സ്ഥിതി മെച്ചപ്പെടുത്തുവാൻ കഴിയുകയില്ല.*[22]

1819-ൽ റാണി ഗൗരിപാർവ്വതീഭായി തിരുവിതാംകൂർ സംസ്ഥാനത്ത് *വെർണ്ണാകുലർ* സ്ക്കൂളുകൾ ആരംഭിച്ചു. അതുവരെ സർക്കാരിന് കുടിപ്പള്ളിക്കൂടങ്ങളുമായി ബന്ധമുണ്ടായിരുന്നില്ല. വിദ്യാഭ്യാസം സർക്കാരിന്റെ ചുമതലയായി ഗണിക്കപ്പെട്ടിരുന്നുമില്ല. മിഷനറിമാരാൽ പ്രചോദിതയായ റാണിപാർവ്വതീഭായി *നമ്മുടെ പ്രജകളുടെ വിദ്യാഭ്യാസ സംബന്ധമായി*

*യാതൊരു കുറവും വരാതിരിക്കുന്നതിനും, പ്രജകളെ കൂടുതൽ പൗരബോധമുള്ളവരും, പൊതുജനസേവനത്തിന് യോഗ്യരാക്കുന്നതിനും, തദ്വാരാ രാജ്യത്തിന്റെ യശസ്സ് വർദ്ധിപ്പിക്കുന്നതിനും ആയി വേണ്ടിവരുന്ന മുഴുവൻ ചിലവുകളും ഗവൺമെന്റിൽ നിന്നുതന്നെ വഹിക്കേണ്ടതാണെന്ന്* കൊല്ലവർഷം 992-ൽ ഒരു വിളംബരം ഇറക്കി.[23] ഇത് ഒരു മാറ്റത്തിനു നാന്ദികുറിക്കലായിരുന്നു എന്നൊക്കെയിരിക്കിലും സ്ഥാപിതമായ സ്ക്കൂളുകൾ അത്രയും സവർണ്ണർക്കായി സംവരണം ചെയ്യപ്പെട്ടതായിരുന്നു എന്നതുകൊണ്ടു ഫലത്തിൽ പ്രയോജനപ്പെട്ടിരുന്നില്ല. മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാരും പ്രത്യേകിച്ച് പെൺകുട്ടികളും അവിടെയും തഴയപ്പെടുകയായിരുന്നു. അവരുടെ ശോച്യാവസ്ഥ മനസ്സിലാക്കാനോ വിദ്യാഭ്യാസത്തിലൂടെ അവരുടെ ഉയിർത്തെഴുന്നേൽപ്പും പുരോഗതിയും ലക്ഷ്യസാധിതമാക്കാനോ ദീർഘവീക്ഷണത്തോടെ ആരും മുന്നോട്ടു വന്നില്ല; നിന്നില്ല. അവിടെയും ഇവിടെയും മുളപൊട്ടിയ പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രവർത്തനമേഖലകൾ പോലും സവർണ്ണരുടെ ആവാസ മേഖലകളായി പരിമിതപ്പെടുകയാണു ഫലത്തിൽ സംഭവിച്ചത്. ഈ ദുഃസ്ഥിതിയ്ക്കൊരു പരിഹാരവും മോചനവുമാകുവാൻ അവതാരസമം നിയോഗിക്കപ്പെട്ട ധർമ്മാത്മാവെന്ന നിലയിലാണ് ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിനെ ചരിത്രപുരുഷനായി കാലം സാക്ഷ്യപ്പെടുത്തുന്നത്. വിപ്ലവാത്മകമായ ചുവടുവയ്പ്പിലൂടെ ജാതിവർണ്ണഭേദവിചാരങ്ങളെ ധിക്കരിച്ചുകൊണ്ട് സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ സത്ഫലങ്ങൾ സകല ജനങ്ങൾക്കുമായി പങ്കുവയ്ക്കുവാൻ സംവിധാനമൊരുക്കിക്കൊണ്ട് അദ്ദേഹം ഇവിടെ പൊതുസമൂഹസൃഷ്ടിയ്ക്കുതന്നെ ഹേതുഭൂതനാവുകയായിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ സ്ത്രീകൾ ജാതിഭേദമെന്യേ വീടുകളുടെ അകത്തളങ്ങളിൽ മാത്രം ഒതുങ്ങാൻ വിധിക്കപ്പെട്ടവരായിരുന്നുവെന്നു പറഞ്ഞുവല്ലോ. രാജ്ഞിയാകട്ടെ, അടിമയാകട്ടെ, ആ സ്ഥിതിയിൽ വ്യത്യാസമുണ്ടായിരുന്നുമില്ല. *പ്രായപൂർത്തിയായ തിരുവിതാംകൂർ രാജ്ഞിമാർപോലും റാണിഗൗരിലക്ഷ്മീഭായിയുടെ കാലംവരെയും* (1811-1815) *അന്യപുരുഷന്മാരെ കാണുകയോ ജനങ്ങൾക്കു കാണത്തക്കവിധം സഞ്ചരിക്കുകയോ ചെയ്യരുതെന്നതായിരുന്നു നിയമം.*[24] രാജ്ഞിയുടെ അവസ്ഥ ഇതാണെങ്കിൽ സാധാരണ സ്ത്രീകളുടെ ഗതിയെക്കുറിച്ചു ചിന്തിക്കാതിരിക്കുകയാണല്ലോ ഭേദം. വീടിന്റെ ചുമരുകൾക്കുള്ളിൽ മനുസ്മൃതി വിധിക്കുന്ന അടിമത്തം ജീവിതാന്ത്യംവരെ പേറി അബലകളായി കഴിഞ്ഞുകൂടുവാൻ സ്ത്രീകൾ വിധിക്കപ്പെട്ടിരുന്നു.

*പിതോ രക്ഷതി കൗമാരേ*
*ഭർത്തോ രക്ഷതി യൗവനേ*
*പുത്രാ രക്ഷതി വാർദ്ധക്യേ*
*നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി*[25]

എന്നാണല്ലോ മനുവിന്റെ ശാസനം. കുമാരനാശാൻ പ്രജാസഭാ പ്രസംഗത്തിൽ സത്രീകളുടെ ശോച്യാവസ്ഥ വ്യക്തമാക്കുന്നുണ്ട്.





*നൂറ്റിന് ഒന്നിൽ ചിലാനം സ്ത്രീകളെ ഈഴവരിൽ എഴുതാനും വായിക്കാനും കഴിയുന്നവരുള്ളു. പുരുഷന്മാർ നൂറിനു പതിനെട്ടിൽ അധികമുണ്ട്. ആകെ ഈഴവരിൽ വിദ്യാഭ്യാസമുള്ളവരുടെ സംഖ്യ നൂറിനു പത്തിൽ ചിലാനം മാത്രമാണ്. സ്ത്രീകളാണ് ഈ സംഖ്യയെ ഇത്ര കുറച്ചു കളയുന്നത്. കാലങ്ങൾ പോകുന്തോറും കുട്ടികൾക്ക് വയസ്സേറിപ്പോകുന്നു. പഠിക്കേണ്ട പെൺകുട്ടികൾ പ്രായം കഴിഞ്ഞ് അമ്മമാരും ആൺകുട്ടികൾ പിതാക്കന്മാരുമായിത്തീരുന്നു. സ്ത്രീകളുടെ ശുദ്ധിയിലായിരുന്നുവല്ലോ ആചാരം കൂടുതലും നിഷ്കർഷ പാലിച്ചിരുന്നത്. കൊച്ചിയിലും കൊടുങ്ങല്ലൂരിലും മറ്റുമുണ്ടായിരുന്ന പെൺപള്ളിക്കൂടങ്ങൾ അവർണ്ണപ്പെൺകുട്ടികൾക്കു നേരെ അടച്ചുകെട്ടിയിരുന്നു.*[26]

കൊട്ടാരക്കര ഹയർഗ്രേഡ് ബാലികാ പാഠശാലയിൽ പ്രവേശനം നിഷേധിയ്ക്കപ്പെട്ടപ്പോൾ പരാതിപ്പെട്ട അവർണ്ണ വിഭാഗത്തിൽപ്പെട്ട ഹർജിക്കാർക്കു 1917-ൽ ഗവൺമെന്റ് നൽകിയ മറുപടി ശ്രദ്ധിയ്ക്കുക:

*പള്ളിക്കൂടം കൊട്ടാരത്തിനും ക്ഷേത്രത്തിനും അടുത്തു നിൽക്കുന്നതുകൊണ്ട് ഹർജിക്കാരുടെ അപേക്ഷ അനുവദിക്കാൻ സാദ്ധ്യമല്ല.*[27]

ജാതിതിരിവുകളും ആചാരവ്യവസ്ഥകളും നാട്ടുനടപ്പും ഒക്കെക്കൂടി വരുത്തിവച്ച അസ്വാതന്ത്ര്യത്തിൽ കഴിഞ്ഞുകൂടുവാൻ സ്ത്രീകൾ നിർബ്ബന്ധിതരാവുകയായിരുന്നു. തങ്ങളുടെ അവസ്ഥകളും സാദ്ധ്യതകളും തിരിച്ചറിയാനും പ്രതികരിക്കാനും സാധിക്കാത്തവിധം നിസ്സഹായരായിരുന്നു അവർ. സമൂഹത്തിലെന്നല്ല, കുടുംബത്തിൽപ്പോലും വിലമതിക്കപ്പെട്ടിരുന്നില്ല സ്ത്രീകൾ. കുടുംബസംബന്ധമായ ചർച്ചകളിൽ പങ്കെടുക്കുവാനോ എന്തിന്, ഉമ്മറത്തു വെട്ടപ്പെടുവാനോ, അവർക്കു സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ശൈശവ വിവാഹങ്ങൾ നാട്ടുനടപ്പുമായിരുന്നു. ബാല്യ കൗതുകങ്ങൾ അസ്തമിക്കാത്ത തിരിച്ചറിവെത്താത്ത പ്രായത്തിൽ അമ്മയും, അമ്മയാകേണ്ട യൗവ്വനപ്രായത്തിൽ മുത്തശ്ശിയുമാകുവാൻ വിധിയ്ക്കപ്പെട്ട ആ അവസ്ഥാവിശേഷത്തിൽ നിന്നും അവർ മോചിതരായത് ഏറെ വൈകിമാത്രമായിരുന്നു. പുരുഷന്റെ സ്വേച്ഛയ്ക്കു വഴങ്ങി, പൊള്ളവാക്കുകളിൽ അഭിരമിച്ചും അവന്റെ തലോടലിനായി സ്വയം വഴങ്ങിയും, ജീവിക്കുവാൻ വിധിയ്ക്കപ്പെട്ട 19-ാം നൂറ്റാണ്ടിലെ സ്ത്രീകൾക്ക് അവൻ പറയുന്നതായിരുന്നു അറിവിന്റെ പരിധി. സാവിത്രീ രാജീവൻ *ദേഹാന്തരത്തിൽ* അത് മനോഹരമായി ചിത്രീകരിച്ചിട്ടുണ്ട്.:

*ഇന്ത്യക്ക് ഭൂപടം എന്നപോലെ*
*എനിക്കും കിട്ടി ഉടൽ*
*ഉടലിൽ*
*ഒരു കടലുണ്ടെന്നും*
*ഉയരുന്ന തിരമാലയുണ്ടെന്നും*
*അതിൽ*

*മനുഷ്യനിർമ്മിതക്കപ്പലുകൾ*
*സഞ്ചരിക്കാറുണ്ടെന്നും*
*മഴവിൽ നിറങ്ങളും ആകാശങ്ങളും*
*പ്രതിഫലിക്കാറുണ്ടെന്നും*

*വൈരങ്ങളും രാഗങ്ങളും*
*തിളങ്ങാറുണ്ടെന്നും*
*കപ്പലോട്ടക്കാരൻ*
*എന്നെ പഠിപ്പിച്ചു.*[28]

## പരിവർത്തനത്തിന്റെ പ്രഭാതത്തിലേയ്ക്ക്

ആത്മീയനവോത്ഥാനത്തിനും സാമൂഹ്യസമുദ്ധാരണത്തിനും നേതൃനിരയിൽ നിൽക്കാൻ വിശ്വദർശികളായ ആത്മീയ ആചാര്യന്മാർക്കേ കഴിയൂ. കേരളത്തിന്റെ സാമൂഹികവും സാംസ്കാരികവും മതപരവുമായ തലങ്ങളിൽ മാർഗ്ഗദർശിയായിത്തീരുവാൻ ദൈവത്താൽ അയയ്ക്കപ്പെട്ട പ്രവാചകനായിരുന്നു ചാവറയച്ചൻ. തന്റെ കാലത്തെ സ്ത്രീജനങ്ങളുടെ വ്യഥകളും കെട്ടുപാടുകളും നിസ്സഹായതകളും അറിഞ്ഞുതന്നെ വളർന്നുവന്ന അദ്ദേഹത്തിന്റെ സംവേദനക്ഷമമായ മനസ്സ് ഈ അവസ്ഥയിൽ നിന്നുമുള്ള മോചനത്തിന്റെ വഴികളെ കരുതലോടെ ധ്യാനപൂർവ്വം തേടിയിരുന്നു. അവർക്കുവേണ്ടി സംസാരിക്കുവാനും പ്രവർത്തിക്കുവാനും ചാവറയച്ചൻ തന്റേടത്തോടെ സമർപ്പിത മനഃസ്ക്കനായി മുന്നിട്ടിറങ്ങി. അന്നത്തെ സാമൂഹ്യകാലാവസ്ഥയിൽ അതൊരു വിപ്ലവകരമായ നീക്കമായിരുന്നു. വിദ്യാഭ്യാസം തന്നെയാണ് സത്രീ ശാക്തീകരണത്തിന്റെ അടിസ്ഥാനമാർഗ്ഗമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആരംഭിച്ച വിദ്യാലയ സ്ഥാപനസംരംഭങ്ങളും പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ വിദ്യാലയങ്ങളും പ്രചോദനവും മാതൃകയുമായി മുൻപിലുണ്ടായിരുന്നു. പക്ഷെ, ഇവയിലും സ്ത്രീകളുടെ അവസ്ഥയ്ക്കോ പൊതുസമൂഹത്തിന്റെ വിദ്യാഭ്യാസ നിലവാരത്തിനോ ഉന്നതി കൈവരുന്നതിനാവശ്യമായ പരിഗണനകൾ ഫലപ്രദമായി ആവിഷ്ക്കരിക്കപ്പെടുന്നതായി അദ്ദേഹത്തിനു ദർശിക്കാൻ കഴിഞ്ഞില്ല. ദൈവാന്വേഷിയും ആത്മീയമനുഷ്യനുമായിരുന്ന അദ്ദേഹം പുണ്യാഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങളാണ് ആദ്യം കണ്ടെത്തിയത്. ആശ്രമസ്ഥാപനം അതിന്റെ ധ്യാനഫലമായിരുന്നു. ആശ്രമസ്ഥാപനത്തോടൊപ്പം നാടിന്റെ ഇരുളകറ്റാനുള്ള മാർഗ്ഗങ്ങളും അദ്ദേഹം കണ്ടെത്തിക്കൊണ്ടിരുന്നു. ആ വഴിയേയുള്ള പ്രഥമ ചുവടുവയ്പ്പായിരുന്നു മാന്നാനം കുന്നിലാരംഭിച്ച സംസ്കൃതസ്കൂൾ.

അന്നത്തെ സാമൂഹിക ചുറ്റുപാടുകളിൽ സ്ത്രീസമൂഹത്തെ വാർത്തെടുക്കാൻ സ്ത്രീകൾ മുന്നിട്ടിറങ്ങി കൈകോർക്കണം എന്ന് ചാവറയച്ചന് ബോദ്ധ്യമുണ്ടായിരുന്നു. സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുവാനും





അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുവാനുമുള്ള മാർഗ്ഗമായി കന്യകാമഠസ്ഥാപനം അദ്ദേഹം വിഭാവനം ചെയ്തു. കന്യകാമഠത്തോടനുബന്ധിച്ച് പെൺകുട്ടികൾക്കായുള്ള വിദ്യാലയത്തിന് തുടക്കം കുറിക്കുവാനും അദ്ദഹം പ്രത്യേകം ശ്രദ്ധിച്ചു.

ആ ശ്രമങ്ങൾ ഉണർത്തിയ പരിവർത്തനാത്മക സ്വാധീനങ്ങളാകട്ടെ കേരളസമൂഹത്തെ പൊതുവെയും സത്രീജനങ്ങളുടെ നിലവാരത്തെ പ്രത്യേകിച്ചും, ഏറെ മാറ്റിമറിക്കുവാൻ പ്രാപ്തമായി മാറി. മാന്നാനം കുന്നിലെ ശിഖയിൽനിന്നും പകർന്ന് കൂനമ്മാവിലും പിന്നീട് ഇന്നാട്ടിലെ വിവിധ ഇടങ്ങളിലും കൊളുത്തപ്പെട്ട വിദ്യാദാനശുശ്രൂഷയുടെ ദീപനാളങ്ങൾ ഇന്ന് ലോകവ്യാപകമായി പ്രകാശം പരത്തുന്നതു നാമനുഭവിക്കുന്നു.

വഴി വിരിച്ച പുണ്യാത്മാവിനു നന്ദി പറയുന്നു കാലം!

■

## പരാമർശ സൂചിക


1. പോൾ മണവാളൻ, *കേരള സംസ്കാരവും ക്രൈസ്തവമിഷനറിമാരും,* ഡി.സി. ബുക്ക്സ്, കോട്ടയം, 1990, പേജ്. 21.
2. *Ibid.*, പേജ്. 17.
3. *Ibid.,* പേജ്. 18.
4. *Ibid.,* പേജ്. 19.
5. പി. ഭാസ്ക്കരനുണ്ണി, *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം,* കേരള സാഹിത്യ അക്കാദമി, തൃശൂർ, 1988, പേജ്.155.
6. *Ibid.,* പേജ്. 77.
7. *Ibid.*, പേജ്. 78.
8. *Ibid.*, പേജ്. 118.
9. *Ibid.*, പേജ്. 86.
10. ടി. കെ. ഗംഗാധരൻ, *കേരള ചരിത്രവും സംസ്കാരവും,*കാലിക്കട്ട് യൂണിവേഴ്സിറ്റി പബ്ലിക്കേഷൻ, കാലിക്കട്ട്,റീ പ്രിന്റ്, 2009, പേജ്. 259.
11. *Ibid.,* പേജ്. 270.
12. *Ibid.,* പേജ്. 78.
13. *Ibid.,* പേജ്. 109.
14. പോൾ മണവാളൻ, *op.cit.*, പേജ്. 103.
15. കെ. പി. പത്മനാഭമേനോൻ, *കൊച്ചി രാജ്യ ചരിത്രം*, വാല്യം I, *മാതൃഭൂമി* പബ്ലിക്കേഷൻസ്, കോഴിക്കോട്, 1989, പേജ്.352.
16. *Ibid.,* പേജ്. 500.
17. *Ibid.*
18. K.K. Kusumam, *Slavery in Travancore* , Kerala Historical Society, Trivandram, 1937, p. 28.
19. ടി. കെ. ഗംഗാധരൻ, *op.cit.,* പേജ്. 260.
20. C. J. Fuller, *The Nayars Today,* Cambridge University Press, Cambridge, 1976, pp. 2-3.
21. പോൾ മണവാളൻ, *op.cit.,* പേജ്. 59.
22. *Ibid.,* പേജ്. 68.
23. പി. ഭാസ്ക്കരനുണ്ണി, *op.cit.,* പേജ്. 672.
24. *Ibid.,* പേജ്. 97.
25. ബാലകൃഷ്ണൻ ബി.,ലീലാദേവി ആർ.(വിവ.), *മനുസ്മൃതി(ഭൃഗുസംഹിത),* 9-ാം അദ്ധ്യായം, 2-ാം സ്മൃതി, വിദ്യാർത്ഥി മിത്രം ബുക്ക് ഡിപ്പൊ, കോട്ടയം, 1980, പേജ്. 261.
26. പി. ഭാസ്ക്കര നുണ്ണി, *op.cit.,* പേജ്. 88.
27. *Ibid.,* പേജ്. 89.
28. സാവിത്രി രാജീവൻ, *ദേഹാന്തരം,* മൾബറി പബ്ലിക്കേഷൻസ്, തൃശ്ശൂർ, 2000, പേജ്. 20.




മൂന്ന്

# വഴി വിരിച്ചവർ

**സ്ത്രീ**ശാക്തീകരണം എന്നത് ഇന്ന് പ്രചാരത്തിലുള്ള പ്രയോഗമായിരിക്കുന്നു. വേണമെങ്കിൽ നാം ജീവിക്കുന്ന കാലഘട്ടത്തെ സ്ത്രീശാക്തീകരണത്തിന്റെ യുഗമെന്നുപോലും വിളിക്കാം. മലയാളക്കരയിലെ സ്ത്രീശാക്തീകരണധാരയിലെ ആദ്യ പ്രവാചകനും മാർഗ്ഗദീപവുമായിരുന്നു ചാവറയച്ചൻ. സ്ത്രീകളെക്കുറിച്ച് മഹത്വപൂർണ്ണമായ ഒരു കാഴ്ചപ്പാട് അദ്ദേഹത്തിനുണ്ടായിരുന്നു. കേരളമണ്ണിലെ സ്ത്രീജനങ്ങൾക്ക് വിദ്യയും വിജ്ഞാനവും പകർന്നു നൽകുവാനായി സമൂലമായ ഒരു നവോത്ഥാന വിപ്ലവം തന്നെ അദ്ദേഹം നയിച്ചു.

സ്ത്രീജനങ്ങളുടെ അവസ്ഥയിലെ പരിതാപങ്ങളിലേക്കു ശ്രദ്ധ പതിയുവാനും അവരുടെ വർഗ്ഗത്തിന്റെ ഉന്നമനത്തിനായി സ്വയം സമർപ്പിക്കുവാനും അദ്ദേഹത്തിനു ഹേതു നിമിത്തമായ പല സ്വാധീനങ്ങളുമുണ്ടായിരുന്നു. വളർത്തി പരിപാലിച്ച അമ്മയുടെയും സഹോദരിമാരുടെയും ബന്ധുസ്ത്രീകളുടെയുമൊക്കെ പങ്കുതന്നെ അതിൽ പ്രഥമം. അമ്മ വഴി അദ്ദേഹം ആത്മാവിലേറ്റിയ പരിശുദ്ധ കന്യകാമറിയവും സെമിനാരി പഠനകാലത്തും പിന്നീടും ആദ്ധ്യാത്മിക അദ്ധ്യയനം വഴി അറിഞ്ഞ പുണ്യവതികളും എല്ലാം ആ മനസ്സിനെ സ്വാധീനിച്ചു. അവരുടെ ജീവിതമാതൃകകളിലൂടെ സ്ത്രീക്കു കൈവരിക്കുവാനാകുന്നു മഹത്വത്തെക്കുറിച്ചുള്ള ബോദ്ധ്യം മനസ്സിൽ തെളിഞ്ഞു. തന്റെ ചുറ്റുപാടുകളിലുള്ള സ്ത്രീകളുടെ ദൈന്യത അദ്ദേഹത്തെ ചിന്താകുലനാക്കി. മനുഷ്യത്വത്തിലേക്കും മഹത്വത്തിലേക്കും സ്ത്രീജനങ്ങളെ സമുദ്ധരിക്കുക നിയോഗമായി അദ്ദേഹം തിരിച്ചറിഞ്ഞു. കേരളത്തിന്റെ കണ്ണും കാതും നാവുമായി മാറാൻ ശേഷിയുള്ള ഒരു സ്ത്രീലോകം ഇവിടെ വളർന്നുണ്ടാകണമെന്നതായി അദ്ദേഹത്തിന്റെ സ്വപ്നം. വിപരീത സാഹചര്യങ്ങളെ അതിജീവിച്ചും ഈ സ്വപ്ന ലക്ഷ്യ സാദ്ധ്യത്തിൽ വിജയം വരിക്കുവാനുള്ള നിശ്ചയദാർഢ്യവും അതിനാവശ്യമായ ഊർജ്ജസ്രോതസ്സും

അദ്ദേഹത്തിനു ലഭ്യമായത് ആ ധന്യവ്യക്തിത്വത്തെ രൂപപ്പെടുത്തിയ സ്ത്രീസ്വാധീനങ്ങളിൽ നിന്നായിരുന്നു.

ശാരീരിക വളർച്ചയിൽ മാത്രമല്ല, ആദ്ധ്യാത്മിക വളർച്ചയിലും നിർണ്ണായക പങ്കുവഹിച്ചവളാണ് അദ്ദേഹത്തിന്റെ അമ്മ. ഭക്തയും, പ്രാർത്ഥനാന്വിതയുമായിരുന്ന അമ്മയെ ചുറ്റിപ്പറ്റിയുള്ളതായിരുന്നു അദ്ദേഹത്തിന്റെ ശൈശവവും ബാല്യവുമെല്ലാം. *ആത്മാനുതാപത്തിൽ* അദ്ദേഹം അനുസ്മരിക്കുന്നു:

*പൈതൽക്കാലത്തിൽ തീറ്റിവളർത്തുവാൻ*
*അയ്യംകൂടാതെ തന്നു മാതാവിനെ.*
*അന്നവൾക്കു നീ നൽകിയ സ്നേഹത്താൽ*
*അമൃതപാനം തന്നുവളർത്തുമ്പോൾ,*
*അതിനോടു കലർത്തി ജപങ്ങളും*
*അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചു തന്നവൾ*
*ദൃഢം വന്നപ്പോൾ ജപങ്ങളൊക്കെയും*
*ദൃഢതയോടെ പഠിപ്പിച്ചു നിശ്ചയം.*
*അന്നവളുടെ കാൽക്കലിരുന്നു ഞാൻ*
*മന്ദം മന്ദമറിഞ്ഞു ദൈവത്തെയും.*
*എന്നവൾ രാത്രിയുണർന്നെഴുന്നേറ്റിട്ട്*
*മന്ദം നീക്കിയുണർന്നെഴുന്നേറ്റിട്ട്*
*മുട്ടുകുത്തി നമസ്ക്കാരം ചെയ്യുമ്പോൾ*
*ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിടും.*[1]

അമ്മയുടെ പാദത്തിലിരുന്ന് കൊച്ചുകുര്യാക്കോസ് ദൈവത്തെ പടിപടിയായി അറിയുകയായിരുന്നു. പാതിരാത്രി സമയത്ത് ഉറക്കമുണരുമ്പോൾ ബാലൻ കാണുമായിരുന്നത് മുട്ടിന്മേൽനിന്നു പ്രാർത്ഥിക്കുന്ന അമ്മയെയാണ് പലപ്പോഴും. പ്രാർത്ഥനയിൽ തഴക്കമാർജ്ജിക്കാൻ ഇതിലും നല്ല മാതൃകയും പരിശീലനവുമില്ലല്ലോ. വളരെ ചെറുപ്പത്തിൽത്തന്നെ ആ അമ്മ ചൊല്ലിക്കൊടുത്തു പഠിപ്പിച്ച പ്രാർത്ഥനകളും സുകൃതജപങ്ങളുമെല്ലാം ബാലമനസ്സിൽ ദൈവീകതയെ ഉണർത്താൻ പര്യാപ്തമായിരുന്നു.

*രാജപം ദേവമാതാവിൻ പ്രാർത്ഥന*
*രാജരാജനാമീശോതൻ നാമങ്ങൾ.*
*പരംജ്യോതിയേ ഈശോയേ രക്ഷിക്ക*
*പാരിതിന്റെ പുഷ്പമേ ജയാ ജയാ.*
*എന്നീവണ്ണമോരോരോ ജപങ്ങളെ*
*നന്ദിയോടുച്ചരിക്കുന്ന നേരത്തു*
*മന്ദമായതുകേട്ടിരുന്നുംകൊണ്ടാ-*
*സുന്ദരിയുടെ പാദേയുറങ്ങി ഞാൻ.*
*അക്കാലം നാവിളക്കുവാൻ നേരത്തു*
*പൊക്കിക്കാട്ടിപറയിപ്പിക്കും ദൈവത്തിൻ*





*ശുദ്ധനാമമീശോമറിയവും*
*ശുദ്ധനായ മാർയൗസേപ്പിൻ നാമവും.*[2]

ക്രൈസ്തവ വിശ്വാസത്തിന്റെയെല്ലാം രത്നചുരുക്കമായ വിശ്വാസപ്രമാണത്തിന്റെ അന്തഃസത്ത ചെറുപ്പത്തിൽത്തന്നെ ചൊല്ലിക്കൊടുത്ത് പുത്രനെ പഠിപ്പിക്കുന്നതിൽ ആ അമ്മ വീഴ്ചവരുത്തിയില്ല:

*പിതാവു പുത്രൻ റൂഹാദക്കുദിശാ*
*പിതാവിൻ സുതനവതാരവും*
*കന്നിതന്നുടെ ശുദ്ധോദരത്തിലായ്*
*മന്നിൽവന്നു പിറന്നു മനുവായി.*
*പന്തിയോസിന്റെ നാൾകളിൽ കഷ്ടപ്പെ-*
*ട്ടന്തരിച്ചു കഴിഞ്ഞുയർത്തെന്നതും,*
*ഓരോരോദിനേ ചൊല്ലിപഠിപ്പിച്ചു...*[3]

സ്വഭാവത്തിലെ വീഴ്ചകൾ അമ്മ തിരുത്തിയിരുന്നത് കൈയ്യോ വടിയോ കൊണ്ട് പ്രഹരിച്ചിട്ടായിരുന്നില്ല, മറിച്ച് വെറും ഒരു നോട്ടം കൊണ്ടു മാത്രമായിരുന്നു എന്ന് അദ്ദേഹം ഓർക്കുന്നു. ശരിയായ പരിവർത്തനം ഉളവാക്കാൻ ആ നോട്ടം വേണ്ടുവോളം പര്യാപ്തമായിരുന്നു:

*അരോചത്തുങ്കൽ കണ്ണാൽ പീഡിപ്പിച്ചു*
*നോട്ടം കാണുമ്പോൾ ഭയപ്പെടുമഹം,*
*ഒട്ടും ദയയില്ലാത്തൊരു കൺകളാൽ*
*ഒരുകാലവും യാതൊരുകാരണത്താൽ*
*കരുവാലും കരണത്താലും തൊട്ടില്ല*
*ഒക്കെയും കണ്ണുകൊണ്ട് കഴിച്ചിടും*
*ദുഃഖിപ്പിക്കും തോഷിച്ചിടും ചക്ഷുസ്സാൽ*[4]

ഇങ്ങനെ സ്നേഹവും ശിക്ഷണവും ആദ്ധ്യാത്മികപാഠങ്ങളും നൽകി വളർത്തിയതു മാത്രമല്ല, പരിശുദ്ധ അമ്മയുടെ സവിധത്തിലേക്ക് ചാവറയച്ചനെ നയിച്ചതും മാതൃദാസനായി പ്രതിഷ്ഠിച്ചതും അദ്ദേഹത്തിന്റെ മാതാവുതന്നെയാണ്. പരിശുദ്ധ മറിയമായിരുന്നുവല്ലോ പിൽക്കാലങ്ങളിൽ അദ്ദേഹത്തിന്റെ വഴികാട്ടിയും അഭയ സങ്കേതവും.

### ദൈവജനനി മറിയം

ദൈവദത്തമായ മഹത്വത്തിന് ഏറ്റവും കൂടുതൽ സാക്ഷിയായവൾ, ദൈവഛായയിൽ നിന്നും ദൈവസാദൃശ്യത്തിലേയ്ക്ക് ഏറ്റവും പൂർണ്ണമായി രൂപാന്തരപ്പെട്ടവൾ, സൃഷ്ടവും അസൃഷ്ടവുമായവയെ വേർതിരിക്കുന്ന അതിർത്തിരേഖ,[5] ഉന്നതമഹത്വം കുടികൊള്ളുന്ന സ്ത്രീരത്നം, യേശുവെ മനുഷ്യത്വത്തോടെ മനുഷ്യർക്ക് സംലഭ്യമാക്കിയ മാതാവ്, ഓരോ

വ്യക്തിയിലും തിരുഃചൈതന്യത്തെ ആവാഹിച്ച് സന്നിഹിതയാക്കുന്ന സഹായക... പരിശുദ്ധ കന്യകാമറിയത്തിന്റെ ഭാവങ്ങളാണിവ. കാരുണ്യവാനായ ദൈവം തന്നിൽ കരുണാകടാക്ഷം ചൊരിഞ്ഞ് പരമനാഥയായ മറിയത്തിന്റെ അടിമയായി തന്നെ നിശ്ചയിച്ചത് ജീവിതത്തിലെ വലിയ ഭാഗ്യമായി ചാവറയച്ചൻ കരുതി. തന്റെ അരുമസുതനെ ദൈവജനനിയായ പരിശുദ്ധ കന്യകയ്ക്കു സമർപ്പിച്ച് ചാവറയച്ചന്റെ അമ്മ അദ്ദേഹത്തെ മാതൃദാസനായി വളർത്തി:

*കരുണാനാഥൻ പരൻ കരുതിയടിയനെ*
*പരമമനാഥതന്റെ അടിമയാക്കി മുന്നം.*
*ശിശുവാമടിയനെയമൃതാൽ വളർത്തുമ്പോൾ*
*ശയനിപ്പിച്ചു ദൈവജനനി തന്റെ പാദേ-*
*ശുദ്ധമാതാവേ ദൈവജനനി, കന്നിയമ്മേ,*
*അശുദ്ധ മമോദരഫലമാമിതിനെ നീ,*
*നിന്നുടെ ദാസനായി കൈക്കൊണ്ടു രക്ഷിപ്പാനായ്*
*ഇന്നു ഞാൻ നിന്റെ തൃപ്പാദത്തിങ്കൽ കാഴ്ചവച്ചേൻ*[6]

*പരിശുദ്ധകന്യകാമറിയം നിനക്കു നാഥയും മാതാവുമത്രേ. നീ അവളുടെ ദാസനാണെന്നുള്ള കാര്യം ഒരിക്കലും മറന്നുകളയരുത്* എന്ന മാതൃവചസ്സുകൾ എന്നും ചാവറയച്ചന്റെ മനോമുകുരത്തിലുണ്ടായിരുന്നു:

*നിന്നുടെ നാഥമാതാവവൾക്കു ദാസൻ നീയെ*
*യെന്നതു മനസ്സതിലെപ്പോഴും സ്മരിക്കണം*[7]

അതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പ്രാർത്ഥിക്കുന്നത്:

*കന്യകാമമമാതേ, യമ്മയേ ശരണം നീ*
*അന്യഭാവേന ചരിച്ചയ്യയ്യോ മമ കുറ്റം*
*എങ്കിലുമമ്മ നീയേ മറന്നീടരുതയ്യോ*
*ചങ്കിതിൽ നിന്റെയോർമ്മയെപ്പോഴുമുണ്ടുതാനും*[8]

ഹൃദയത്തിൽ നിരന്തരം കാത്തുസൂക്ഷിച്ച ദൈവമാതൃസ്മരണ ജീവിതവഴികളിൽ അദ്ദേഹത്തെ ശക്തിപ്പെടുത്തി. ചാവറപിതാവിന്റെ മാതാപിതാക്കളും ഏകസഹോദരനും മരിച്ചപ്പോൾ ദൈവമാതൃകരങ്ങളിൽ വ്യാപരിച്ചുകൊണ്ട് അദ്ദേഹം ആ വേദനകളെയെല്ലാം സമാശ്ലേഷിച്ചു. എലിസേവൂസച്ചൻ പറയുന്നതുപോലെ *ഉണ്ടായ സങ്കടങ്ങളൊക്കെയും ദൈവതിരുമനസ്സിന് കീഴ്വഴങ്ങിക്കൊണ്ടു സഹിച്ചു ദൈവമാതാവിന് അടിമയായി തന്നെ കയ്യാളിക്കുകയും മാതാവിന്റെ നേരെ വിശേഷഭക്തിക്കാരനാകുകയും ചെയ്തു.*[9] ചാവറയച്ചന്റെ മനസ്സിൽ തന്റെ അമ്മ മരിക്കുന്നനാൾവരെ തന്നെ മാതാവിന് അടിമവച്ചതിന്റെ പണം തുടർന്നുകൊടുത്തിരുന്നതും മറ്റും തെളിഞ്ഞു നിന്നിരുന്നു. അങ്ങനെ ജീവിതകാലം മുഴുവൻ അദ്ദേഹം *കാരണവന്മാരിൽ നിന്നു പഠിച്ചപോലെ ദേവമാതാവിന് ഏറ്റവും പ്രിയമുള്ളവനായി ജീവിച്ചു.*





തന്റെ സന്യാസ ജീവിതത്തേയും കർമ്മലസഭാംഗം എന്ന അവസ്ഥയേയും കന്യാംബികയുടെ പ്രത്യേക കരുതലായിട്ടാണ് ചാവറയച്ചൻ ഏറ്റുപറയുന്നത്. അമലോത്ഭവ ദാസനായി അറിയപ്പെടാനാഗ്രഹിച്ചുവെങ്കിലും ദൈവപരിപാലനം കർമ്മലമാതൃസുതനായിപ്പകർത്തിയ അനുഭവം അദ്ദേഹം തന്റെ മരണപത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.[10] ഈ അനുഭവം എത്ര തീവ്രമെന്ന് *ആത്മാനുതാപത്തിലെ* വരികൾ വ്യക്തമാക്കുന്നു:

*ഒടുക്കം മഹാഭാഗ്യാൽ പൊടുക്കെന്നതുപോലെ*
*അടുത്തകാലമതിൽ ലഭിച്ചേൻ നിന്റെ വസ്ത്രം*
*നിന്നുടെ മഹാഭക്തനെന്നുടെ മഹാശ്രേഷ്ഠൻ*
*തന്നുടെ കരങ്ങളാൽ കൈകൊണ്ടേൻ കർമ്മൽസദാ*
*എന്നിതു നിനയ്ക്കുമ്പോൾ എത്ര ദുഷ്ടനാകിലും*
*എന്നെ നീ പകർത്തിടുമെന്നുണ്ടാനുറയ്ക്കുന്നു.*[11]

അഗാധമായ അനുതാപം അദ്ദേഹത്തിലൊട്ടും നിഷേധാത്മകമല്ലായിരുന്നു; ക്രിയാത്മകത മുറ്റിനിന്നിരുന്നതുതന്നെയായിരുന്നു. യേശുനാഥന്റെ കരുണാകടാക്ഷം ലഭിക്കാൻ പരിശുദ്ധ അമ്മയോടൊപ്പം വിശുദ്ധ അമ്മത്രേസ്യായേയും അനുതാപിയായ അദ്ദേഹം ആശ്രയിക്കുന്നത് അതുകൊണ്ടത്രെ.

*എന്റെ രക്ഷിതാവായിരിക്കുന്ന പ്രിയ മണവാളൻ ഈശോമിശിഹായുടെ പക്കൽ ഞാൻ അണവാൻ ആവശ്യമായിരിക്കുകയാൽ എന്റെ അമ്മേ നീ കൂടെയെനിക്ക് സഹായവും തുണയുമായിരിപ്പാൻ മുൻകൂട്ടി നിന്റെ പ്രിയമണവാളന്റെ മുറിയിൽ നീ കടന്ന് തന്റെ കരുണയുടെ കണ്ണുകളെ എന്റെ മേൽ തിരിപ്പിക്കണമെ! ഇതിനായിട്ട് പാപികളുടെ സങ്കേതവും അനുഗ്രഹങ്ങളുടെ അമ്മയുമായിരിക്കുന്ന ദേവമാതാവിന്റെയും നിന്റെയും നിന്റെ മക്കളായ ഞങ്ങൾ ഒക്കെയുടെയും മദ്ധ്യസ്ഥനായ മാർയൗസേപ്പിതാവിന്റെയും തുണയും സഹായവും നീ പ്രാർത്ഥിക്കണമേ...*[12]

*ആത്മാനുതാപത്തിൽ* മാതൃസ്തുതികളും മാതൃസ്മരണകളും അനവധിയിടങ്ങളിൽ കാണുവാൻ കഴിയുന്നു. മറിയത്തിലൂടെ ഈശോയിലേക്ക് നടന്നുനീങ്ങിയ ചാവറയച്ചന്റെ ആദ്ധ്യാത്മികസരണിയുടെ പ്രകാശനം തന്നെയാണത്. *ആത്മാനുതാപത്തിലെ കടശ്ശിയപേക്ഷ* എന്ന അന്ത്യപാദം മാതാവിൽ ശരണം ഗമിക്കുന്ന ചാവറയച്ചന്റെ വിവിധ ഭാവങ്ങൾ വെളിപ്പെടുത്തുന്നവയാണ്. മരണനേരത്ത് പിശാചിന്റെ തന്ത്രങ്ങളിൽ നിന്ന് സംരക്ഷണം ലഭിക്കുന്നതിനുവേണ്ടി അമ്മയുടെ സഹായം തേടുന്നു. ലോകമാകുന്ന സാഗരം തരണം ചെയ്യേണ്ടുന്ന വേളയിൽ സ്നേഹപുത്രനായ നാഥനോടും തന്റെ പിതാവും മനോഗുണങ്ങൾ നിറഞ്ഞ അമ്മയുടെ സ്നഹഭർത്താവുമായ യൗസേഫ് പിതാവിനോടുംകൂടി കനിവോടെ വന്ന് തന്നെ ആശീർവ്വദിച്ചനുഗ്രഹിക്കണമെന്ന് പ്രാർത്ഥിക്കുന്നു. മറിയത്തോടൊത്ത് സന്നിഹിതമാകുന്ന തിരുക്കുടുംബത്തിൽ, ആ നാമത്തിന് പ്രതിഷ്ഠിതനായ അദ്ദേഹം ആശ്രയം കണ്ടെത്തുന്നതിന്റെ സുന്ദര ചിത്രമാണിത്. മരണനേരത്ത് തിരു

ക്കുടുംബത്തിന്റെ സഹായം തേടുന്ന ശ്രേഷ്ഠമായ സുറിയാനികത്തോലിക്കാ പാരമ്പര്യത്തിന്റെ പ്രതിഫലനവും ഇവിടെ നാം ദർശിക്കുന്നു:

*.....നിന്റെയിഷ്ടസ്നേഹപുത്രനും സഹഗുണ-*
*മൊക്കെയും നിറഞ്ഞ സ്നേഹഭർത്താവും മമ പിതാ*
*ഇമ്പമോടെയെന്റെ ലോകതരണമായ നേരമേ*
*അൻപിനോടനുഗ്രഹിച്ചു വന്നു നീ തുണയ്ക്കണം...*[13]

*ധ്യാനസല്ലാപങ്ങളിലും* ചാവറപിതാവിന്റെ ഈ മാതൃഭക്തി പ്രകടമാണ്. യേശുവിന് തന്നിൽ വസിക്കാൻ പരിശുദ്ധ അമ്മയുടെ തിരുമടി താൻ തന്റെ ഹൃദയത്തിൽ ആവാഹിച്ചു സജ്ജമാക്കിയിരിക്കുന്നുവെന്ന് പറഞ്ഞാണ് യേശുനാഥൻ ഹൃദയത്തിൽ എഴുന്നള്ളി വരാൻ വേണ്ടി അദ്ദേഹം പ്രാർത്ഥിക്കുന്നത്. പരിശുദ്ധ അമ്മയിലുള്ള അന്യാദൃശ്യമായ ശരണം നിമിത്തം അമ്മയുടെ നാമത്തിൽ താൻ അർപ്പിക്കുന്ന അപേക്ഷകളൊന്നും വിഫലമാകുകയില്ലെന്ന് അദ്ദേഹത്തിന് ബോദ്ധ്യമുണ്ടായിരുന്നു. *നിനക്കെത്രയും ഇഷ്ടമുള്ള ഇരിപ്പിടമായ എന്റെ ദൈവമാതാവിൻ തിരുമടിയെ എന്റെ ഹൃദയത്തിൽ ഞാൻ വച്ചിരിക്കുന്നു. ഇതിൽ നീ എഴുന്നള്ളിയിരിക്കണമേ! അമ്മയുടെ മടിയിൽ ഇരിക്കുന്ന കുഞ്ഞുമകൻ എത്രയോ സന്തോഷത്തോടുകൂടെ അവിടെയിരുന്നുകൊണ്ടു തെളിയുന്നു എന്നതിൻവണ്ണം എന്റെ രക്ഷിതാവേ! ഈ മാതാവിൻ തിരുമടിയിൽ ഇരിക്കുന്നു എന്ന നേരത്തിൽ ഈ അമ്മ പ്രിയത്തോടുകൂടി എന്തു കല്പിക്കുന്നുവോ, ഒക്കെയും ആ കുഞ്ഞു ചെയ്യുന്നു എന്നതിനാൽ ഈ നേരത്തിൽ ഈ അമ്മ അരുളിച്ചെയ്യുന്നതിനെ നീ കേൾക്കേണമേ...!*[14]

തീർച്ചയായും ഇത് അദ്ദേഹത്തിന്റെ അനുദിന പ്രാർത്ഥനയുടെ ഭാഗമായിരുന്നിരിക്കണം.

ഒരിടത്ത് അദ്ദേഹം ഇങ്ങനെ കുറിക്കുന്നു:

*1867 മീനം 1-ാം തീയതി. സർവ്വേശ്വരൻ ഇന്ന് ഏറിയ അനുഗ്രഹം ചെയ്തു. എനിക്കും എന്റെ ആത്മഗുരു പെ. ബ.ദെലഗാദായ മൂപ്പച്ചനും എത്രയും വലിയൊരു ദുഃഖം വന്നാറെ നമ്മുടെ കന്യാസ്ത്രീകളെക്കൊണ്ട് 3 രാജകന്നി, 3 എത്രയും ദയയുള്ള മാതാവേ എന്ന ജപവും അപേക്ഷിപ്പിച്ചു. ഉടനെ ഈ ഉണ്ടായ മലപോലെവന്ന കാര്യം മാതാവ് പൂപോലാക്കുകയും ചെയ്തു.*[15]

ഇത് മാതാവിന്റെ മാദ്ധ്യസ്ഥ ശക്തിയുടെ സാക്ഷ്യമായിത്തന്നെ അദ്ദേഹം എഴുതിച്ചേർത്തതാണെന്നു വ്യക്തമാണല്ലോ.

പ്രഭാതപ്രാർത്ഥനയിലും രാത്രിജപത്തിലും പരിശുദ്ധമാതാവിന്റെ മാദ്ധ്യസ്ഥം തേടി അദ്ദേഹം പ്രാർത്ഥിച്ചിരുന്നു. സുകൃതവഴിയിൽ നടക്കുന്നതിനുള്ള ശക്തിക്കും അദ്ദേഹം ശരണം ഗമിച്ചത് ദൈവമാതാവിനെത്തന്നെയാണ്.[16] തന്റെ സമസ്ത പ്രവൃത്തികളും പരിശുദ്ധഅമ്മയുടെ സ്തുതിയ്ക്കായിട്ടാണ് അദ്ദേഹം നിവർത്തിച്ചിരുന്നത്. ഒരിക്കൽ മുളകും മാങ്ങാപ്പഴവും





സന്യസിനീസഹോദരിമാർക്കു കൊടുത്തുവിട്ടിട്ട് *ദൈവമാതാവിന്റെ സ്തുതിക്കായിട്ട് ഈ സമ്മാനം നിങ്ങൾക്കു ഞാൻ കൊടുത്തയക്കുന്നു*[17] എന്ന് അദ്ദേഹം എഴുതിയതുവരെ ഇതിനുദാഹരണമത്രെ.

അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മാതൃഭക്തിയെന്നത് വെറും ഭക്തിയെന്നതിനേക്കാൾ ദൈവത്തിലുള്ള വിശ്വാസത്തിന്റെ പ്രയോഗികതയും മിശിഹാനുഭവത്തിന്റെ നിരന്തരമായ ഉത്തേജനവുമായിരുന്നു. കറകളഞ്ഞ ദൈവമാതൃഭക്തനായി ജീവിച്ച ചാവറയച്ചനിൽ സ്ത്രീവംശത്തിന്റെ മുഴുവൻ അലങ്കാരവും അഭിമാനവുമായ പരിശുദ്ധകന്യകാമറിയത്തോടുള്ള അടുപ്പം അത്ര ദൃഢമായിരുന്നു. അതുകൊണ്ട് മാതാവിന്റെ പ്രതിനിധിയായി സ്ത്രീകളെ അദ്ദേഹം ആദരിക്കുകയും പരിഗണിക്കുകയും അവരെ ഔന്നത്യത്തിലേയ്ക്കുയർത്താൻ പരിശ്രമിക്കുകയും ചെയ്തു.

### വിശുദ്ധ അമ്മത്രേസ്യ

നവീകൃതകർമ്മലീത്താസഭയുടെ സ്ഥാപകയും വേദപരാംഗതയുമായ ആവിലായിലെ വിശുദ്ധ അമ്മത്രേസ്യ സ്വതസിദ്ധമായ കഴിവുകളുടെ ഉടമയായിരുന്നു. യൗവനകാലം ലൗകികോന്മുഖമായി നീങ്ങിയിരുന്നുവെങ്കിലും കഴിവുകളുടെ ശക്തമായ ഉൾത്തള്ളലാൽ 18 കൊല്ലത്തെ ആദ്ധ്യാത്മികശുഷ്കതയ്ക്കുശേഷം സമുന്നത പ്രാർത്ഥനരീതിയിലേയ്ക്ക് അവർ ക്ഷണിക്കപ്പെട്ടു. പ്രാർത്ഥനയാണ് കൃപാസാഗരത്തിന്റെ വാതിൽ എന്ന് അവർ തിരിച്ചറിഞ്ഞു. ദൈവനിവേശനങ്ങളും മൗതികാനുഭവങ്ങളും അവർക്ക് സാധാരണമായി.

കർമ്മലസഭാംഗം എന്ന നിലയിൽ വിശുദ്ധ അമ്മത്രേസ്യായുടെ പുത്രനായി സ്വയം കണ്ട ചാവറയച്ചൻ പ്രാർത്ഥനയുടെ ഗുരുനാഥയായ വിശുദ്ധയുടെ മാദ്ധ്യസ്ഥം നിരന്തരം തേടിയിരുന്നു. ആവിലായിലെ അമ്മത്രേസ്യയിൽ നിന്നു ധ്യാനം പഠിച്ചതിന്റെ വ്യക്തമായ തെളിവ് അദ്ദേഹത്തിന്റെ ആത്മാവിൽ നിറഞ്ഞു നിന്ന അനുതാപം തന്നെയാണ്. വേദപുസ്തകവിജ്ഞാനീയത്തിൽ മല്പാനും സി.എം.ഐ. സഭയുടെ പൊതുശ്രേഷ്ഠനും സെമിനാരിയിലെ അധിപനും ആദ്ധ്യാത്മിക ഗുരുവുമായിരുന്ന കനിസിയൂസച്ചൻ ഇപ്രകാരം എഴുതുന്നു:

*ആത്മാവിന്റെ അഗാധതകളിലേയ്ക്ക് കടന്നുചെന്ന് അവിടെ ദൈവത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ കറയില്ലാത്ത വിശുദ്ധിയുടെ പവിത്രതയ്ക്ക് മുമ്പിൽ ഈ വെളിച്ചത്തിൽ ആത്മാവ് തന്റെ നീചസ്ഥിതിയെപ്പറ്റി ബോധവതിയാകുന്നു. തുളച്ചുകയറുന്ന ഈ പ്രകാശത്തിൽ ആവിലായിലെ വിശുദ്ധത്രേസ്യ തന്റെ ആത്മാവിന്റെ സ്ഥിതി മനസ്സിലാക്കി അത് അവളെ പര്യാകുലയാക്കിയപ്പോൾ പ്രാർത്ഥനതന്നെ പൂർണ്ണമായി ഉപേക്ഷിച്ചെങ്കിലോ എന്ന് അവൾക്കു തോന്നിപ്പോയി. അതേസമയം അവളുടെ ആദ്ധ്യാത്മിക പിതാവ് പ്രാർത്ഥന തുടരുവാനും മുന്നോട്ട് പോകുവാനും ഉപദേശിച്ചു. താമസിയാതെ*

*ത്രേസ്യയ്ക്ക് തന്റെ ആത്മാവിൽ രക്ഷാകരങ്ങളായ വ്യതിയാനങ്ങളുടെ ഒരു പരമ്പരതന്നെ ദർശിക്കുവാൻ സാധിച്ചു. പിന്നീട് അവൾ ചൂണ്ടിക്കാട്ടിയതു പോലെ ഇവ അടിസ്ഥാനപരമായ ഉപാധികളാണെന്ന് അവൾക്ക് വ്യക്തമായി. പ്രാർത്ഥനയുടെ എല്ലാ പടവുകളിലും ഏറ്റവും ഉന്നതമായ സോപാനത്തിലും നിലനിൽക്കുവാൻ ഇവ ആവശ്യമാണെന്നവൾ കണ്ടു.*[18]

ദൈവത്തെയും ദൈവദൂതന്മാരെയും ദൈവദാസരെയും എല്ലാം വിശ്വാസവെളിച്ചത്തിൽ ദർശിക്കുന്ന ചാവറയച്ചനെയാണ് *ധ്യാനസല്ലാപങ്ങളിൽ* കണ്ടെത്തുവാനാവുക. ധ്യാനത്തിന്റെ ഗുരുനാഥയായ അമ്മത്രേസ്യായോടുള്ള വിധേയത്വവും അനുഭവപരമായ സ്നേഹബന്ധവും ശിശുസഹജമായ രീതിയിൽ, എന്നാൽ, അത്യുന്നത ദൈവാനുഭവത്തിൽ നിന്നുകൊണ്ട് അദ്ദേഹം പ്രകാശിപ്പിച്ചിരിക്കുന്നു. *ധ്യാനസല്ലാപങ്ങളിൽ* നാം വായിക്കുന്നു:

*എത്രയും വലിയ അയോഗ്യനെങ്കിലും ശുദ്ധ അമ്മത്രേസ്യയുടെ മകൻ ഞാനും ആകുവാൻ ദൈവം തിരുമനസ്സായി. കർമ്മല അമ്മ ചേർത്തു. അമ്മത്രേസ്യ തന്റെ മക്കളുടെ കൂട്ടത്തിൽ എന്നെയും ചേർത്തുവല്ലോ. ഇതിനെക്കുറിച്ചമ്മയോട് മക്കൾ ചോദിച്ചാൽ പ്രിയമുള്ള തള്ള അവരുടെ കൈയിൽ ഇല്ലാത്തതായാലും ചോദിച്ചാൽ കിട്ടുന്നത് എങ്കിൽ മക്കൾക്ക് വാങ്ങിച്ചുകൊടുക്കും എന്നു വരുമ്പോൾ മാംസത്തള്ളമാരേക്കാൾ അധികമായിട്ട് തന്റെ മക്കളെ സ്നേഹിക്കുന്ന ഈ അമ്മത്രേസ്യ താൻ എല്ലാവരെ അധികമായിട്ട് പഠിപ്പിച്ചിരിക്കുകയാൽ ധ്യാനത്തിന്റെ ഗുരുനാഥ എന്നൊരു നാമവും ധരിച്ച്, ശേഷം പേരെ പഠിപ്പിപ്പാനായിട്ട് ഉൾക്കോട്ട എന്നു പേരുവിളിച്ച് ഏഴു കോട്ടയായിട്ട് വിഭാഗിച്ച് ഈ ഏഴു സ്ഥാനപതികളായിട്ടു അതിൽ കരേറുവാനുള്ള വഴികളും എഴുതിയുണ്ടാക്കിയിരിക്കുന്നു എന്നുള്ളതുതന്നെ ഇത് തന്റെ മക്കളെ പഠിപ്പിപ്പാനായിരിക്കുന്നു എന്നതിനാൽ ഞാൻ ഒരധിക അപേക്ഷ ഈ അമ്മയോട് അപേക്ഷിക്കുന്നു. ഈ എഴുതിയിരിക്കുന്ന പേച്ച് എനിക്കറിവാൻ വഹിയായ്കയാൽ ഒന്നുകിൽ ഈ പേച്ചിനെ പഠിപ്പിക്കണം അല്ലെങ്കിൽ അതിനെ വായിക്കാതെ എന്റെ ഹൃദയത്തിൽ ചൊല്ലിത്തന്ന് പഠിപ്പിക്കണം.*[19]

യേശുവെ സ്നേഹിക്കാനും അവിടുത്തോട് സംസാരിക്കാനും തന്നെ പഠിപ്പിക്കണമെന്ന് വിശുദ്ധ അമ്മത്രേസ്യായോട് മാദ്ധ്യസ്ഥം യാചിക്കുന്നതായും *ധ്യാനസല്ലാപങ്ങളിൽ* കാണാൻ കഴിയും.

*അപ്പഴോ അമ്മേ! നിന്റെ പക്കലില്ലാത്തതായാലും മകനായ ഞാൻ ചോദിച്ചാൽ ഉള്ളിടത്തുനിന്ന് ചോദിച്ചുമേടിച്ചെങ്കിലും തരുവാൻ ഞെരുങ്ങുന്ന നിന്റെ ഉപവി, നിന്നിൽ ധാരളമായുണ്ടായിരിക്കുന്ന ഈ ഗുണം ചോദിച്ചപേക്ഷിക്കുന്ന അഗതിയായ മകന് തരാതിരിക്കുമോ; നിന്റെ മേലുള്ള ഈ പ്രിയത്തെപ്രതി നിന്റെ മക്കൾക്കു സമ്മാനിപ്പാൻ സന്തോഷമായിരിക്കുന്ന നിന്റെ പ്രിയ മണവാളനോട് ഈ അഗതിയായ മകന്റെ അപേക്ഷപ്രകാരം*





*കേൾപ്പിച്ചാൽ മണവാളനിൽനിന്ന് അകന്നിരുന്ന കാലത്തു ചോദിക്കുന്നതൊക്കെയും തന്നിരുന്ന മണവാളൻ ഇപ്പോൾ വിവാഹം കഴിഞ്ഞ് മണവറയിൽ ഒന്നിച്ചിരിക്കുന്ന ഈ സമയം യാചിക്കുന്നത് കിട്ടുമോ എന്നെനിക്ക് സംശയിക്കാനുണ്ടോ? അന്യർക്കുവേണ്ടി പലതും അപേക്ഷിച്ച് സഹായിക്കുന്ന നീ പാപിയെങ്കിലും മകന്റെ സ്വാതന്ത്ര്യമുള്ള ഞാനപേക്ഷിച്ചാൽ നീ കൂട്ടാക്കാതെ ഇരിക്കും എന്നെനിക്ക് വിചാരിക്കാമോ? ആയതും ഒരുനാളും വഹിയായല്ലോ? ആയതിനാൽ അമ്മേ! ഞാൻ അപേക്ഷിക്കുന്നു. എന്നെ നീ പഠിപ്പിക്ക.*[20]

ധ്യാനത്തിന്റെ ഗുരുനാഥയായിരുന്ന അമ്മത്രേസ്യായിൽ നിന്ന് ചാവറയച്ചൻ അഭ്യസിച്ചിരുന്ന ധ്യാനാനുഭവമാണ് ആ വിശ്വാസജീവിതത്തേയും സഭാത്മക ചൈതന്യത്തേയും ദൈവജനസേവനത്തേയും ഫലപ്രദമാക്കിയിരുന്നത്. ചാവറയച്ചൻ കർമ്മലീത്താചട്ടകൂടിലോ വൈദേശിക-ദേശീയാത്മകതകളിലോ മാത്രം പരിമിതനാകാതെ മാനവരാശിയുടെ ഏക വിമോചകനായ യേശുവിൽ വിലയംകൊള്ളുകയായിരുന്നു. കർതൃപാദാന്തികത്തിലിരുന്ന് തന്റെ ഉള്ളിലുണ്ടായിരുന്ന ദൈവസ്നേഹത്തെ അനുതാപ കണ്ണുനീർകൊണ്ടു നനച്ചു വളർത്തിയപ്പോൾ വൈകാരികസ്നേഹം ഉദാത്തീകരിക്കപ്പെടുകയും ജഡികസ്നേഹം രൂപാന്തരപ്പെടുകയും ചെയ്തുവെന്നു ആ ധന്യജീവിതം സാക്ഷ്യപ്പെടുത്തുന്നു.

ദൈവജനശുശ്രൂഷയിലൂടെ ദൈവദർശനം സാധ്യമാക്കിത്തീർത്ത കർമ്മയോഗിയാണ് ചാവറയച്ചൻ. ഏകാന്തപ്രിയനായ ചാവറയച്ചൻ ദൈവജനോപാസകനായിത്തീർന്നത് ആ പരിവൃത്തത്തിലാണ്:

*എത്രയും ചിത്രമാം നിൻമുഖ പത്മത്തെ*
*യേകാന്ത പ്രേമത്താൽ പാർക്കുന്നഹം*[21]

ഇപ്രകാരം ഏകാന്തതയിൽ ധ്യാനനിർലീനനായിരുന്ന ചാവറയച്ചന്റെ ആത്മാനുഭൂതിയെക്കുറിച്ച് അദ്ദേഹത്തിന്റെ ആത്മശിഷ്യനായിരുന്ന ലൂയീസച്ചൻ പറഞ്ഞിട്ടുണ്ട്:

*വന്ദ്യ പ്രിയോർ പിതാവ് പലവത്സരത്തേയ്ക്ക് ഈയുള്ളവന്റെ ആത്മപിതാവായിരുന്നു. സഭയിലെ ക്രമാനുസരണ കൃത്യത, സ്നേഹ ഐക്യത, വ്രതാനുഷ്ഠാനങ്ങളുടെ നിരന്തര ശ്രദ്ധ ഇത്യാദി താല്പര്യത്തോടെ പരിശീലിച്ചുവന്നു. വൈകീട്ടത്തെ ധ്യാനം ഒരു മണിക്കൂറായിരുന്നല്ലോ. ആ സമയം മുഴുവനും സദാ കണ്ണുനീർ ഒഴുക്കിക്കൊണ്ട് മുട്ടിന്മേൽത്തന്നെ പരവശനായി നിന്നിരുന്നു.*[22]

ചാവറയച്ചൻ തന്റെ ധ്യാനത്തെക്കുറിച്ച് പറയുന്നു:

*വലിയ ധ്യാനത്തിനു എനിക്കു യോഗ്യതയില്ല. അതെന്ത്യേ മഹാപാപി ഇതിനാൽ ആത്മം അശുദ്ധമായി. തെളിവില്ലാത്തതായി. വെടിപ്പ്, അടക്കം*

*ഈ പുണ്യങ്ങളില്ലായ്കയാൽ ധ്യാനാരൂപി കിട്ടുവാനും പുണ്യസംങ്കോപാംഗത്തിനും യോഗ്യനല്ല..*[23]

ധ്യാനസിദ്ധിക്കായി പ്രാർത്ഥിക്കുന്ന ചാവറയച്ചന്റെ വാക്കുകൾ ശ്രദ്ധിക്കുക:

*ഒന്നും ഉരിയാടാതെ ഇരിക്കുന്നു എങ്കിലും സ്നേഹിതന്റെ ചാരെയിരിക്കുന്നതുതന്നെ തൃപ്തയാകയും ചെയ്യും എന്നു വരുമ്പോൾ എന്റെ അമ്മേ ഞാനും ഈശോമിശിഹായെ പട്ടാങ്ങയായി സ്നേഹിക്കുന്നുവെങ്കിൽ ഇനിക്ക് ധ്യാനത്തിൽ തന്നോടു സംസാരിപ്പാൻ വകയുണ്ടാകും. അല്ലെങ്കിൽ സംസാരിപ്പാൻ പാടില്ലെങ്കിലും അരികിലിരിക്കുന്നതിനാൽ തൃപ്തയായിരിക്കുമല്ലോ. ആയതിനാൽ ഈ സ്നേഹം ഇനിക്കുമുണ്ടാകുമെങ്കിൽ നിനക്കു ചൊല്ലിത്തരുവാനുള്ള ബുദ്ധിമുട്ട് കുറഞ്ഞിരിക്കും. അതെന്ത്യേ വേഗം ഞാൻ പഠിക്കും ഈ സംസാരം. ആയതിനാൽ ഈ സ്നേഹം എനിക്കു തരുവിക്കണം. അപ്പോൾ ധ്യാനവും പഠിക്കും. അതെങ്ങനെയെന്നാൽ സ്നേഹിതനോടു സംസാരിപ്പാൻ ഒരുത്തരേയും പഠിപ്പിക്കേണ്ട. പിന്നയോ ആ സ്നേഹം തന്നെ പഠിപ്പിക്കുകയും ചെയ്യുമല്ലോ എന്നതിനാൽ ഈ സ്നേഹത്താൽ സംസാരിപ്പാൻ പഠിക്കുകയും ചെയ്യും.*[24]

ധ്യാനജീവിതത്തിൽ വളരുവാൻ സന്യാസിനീസഹോദരിമാരെ ഉദ്ബോധിപ്പിക്കുന്ന ചാവറയച്ചൻ ലിഖിതങ്ങളിൽ ഉപസംഹാരമായി ഇങ്ങനെ പറഞ്ഞിരിക്കുന്നു:

*വായന, ഏകാന്തം, ധ്യാനത്താലുള്ള നമസ്ക്കാരം, ധ്യാനം ഈ നാലാം പദവിയിൽച്ചെന്നാൽ മതി നമുക്ക്. അമ്മ ഏഴാം പദവിയിലും അമ്മയോടു കൂടി ചിലർ 5, 6 ലും കേറി. നമുക്ക് ഇവിടെയെങ്കിലും ചെല്ലണം.*[25]

വിശുദ്ധ അമ്മത്രേസ്യായുടെ ഗ്രന്ഥങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന അറിവും ഈ ലിഖിതത്തിൽ നിന്നും വ്യക്തമാകുന്നു.

പുത്തൻ മഠത്തിന്റെ ആശീർവ്വാദ കർമ്മം കഴിഞ്ഞ് കൊവേന്തയിൽ വന്നപ്പോൾ ലെയോപ്പോൾദച്ചൻ വിശുദ്ധ അമ്മത്രേസ്യയുടെ പുസ്തകം എടുത്തു തുറന്നപ്പോൾ അതുവരെ ശ്രദ്ധയിൽ പെടാതിരുന്ന ഒരു ഭാഗം കണ്ടുകിട്ടി:

*അമ്മത്രേസ്യയ്ക്ക് ഇന്ത്യയിലുള്ള കാരണവന്മാരായ ക്രിസ്ത്യാനികളുടെ എഴുത്തു കിട്ടി. ഇതായത് ഇവിടെയും വന്ന് മഠം സ്ഥാപിക്കണമെന്നുള്ള അപേക്ഷ. ഇതു വായിച്ച് നമ്മുടെ ദുർഭാഗ്യത്താൽ കരഞ്ഞ് ഈ ഇന്ത്യയിൽ വരണമെന്നും നിശ്ചയിച്ചു. എന്നാൽ ഇതിന് തന്റെ മുറപ്രകാരം ഈശോമിശാഹായോടു പ്രാർത്ഥിച്ചപ്പോൾ താൻ കാണപ്പെട്ടു കല്പിച്ചു. "മകളേ, നീ ഇതിപ്പോൾ അപേക്ഷിയ്ക്കേണ്ട. നിന്നാലെയല്ല ഇതിനെ നിറവേറ്റുന്നത്. പിന്നെയോ നിന്റെ മക്കളാൽ. അതിന്റെ കാലത്തിൽ നിന്റെ മക്കളായ സന്യാസികൾ അവിടെയും ചെല്ലും. അവരു സന്യാസികളെയും കന്യാസ്ത്രീകളെയും സ്ഥാപിക്കും. ഈ കണ്ടുമുട്ടൽ ആൾതന്നെ മോക്ഷത്തിലിരുന്ന് നടത്തിയെന്നും യിനിയും നടത്തുമെന്നും നിശ്ചയിച്ചു.*[26]





വിശുദ്ധ അമ്മത്രേസ്യായുടെ സവിശേഷമായ ഒരു ഇടപെടലായിട്ടാണ് ചാവറയച്ചൻ ഈ സംഭവം കണ്ടത്. കൂനമ്മാവു കന്യാമഠം സ്ഥാപിതമായത് വിശുദ്ധ അമ്മത്രേസ്യായുടെ നാമത്തിലായിരുന്നു എന്നുമോർക്കുക.

## മഗ്ദലേന മറിയം

ഗാഗുൽത്തായിൽ മേരിമഗ്ദലേന കുരിശിനരികെ നിന്നതും സുഗന്ധദ്രവ്യങ്ങൾ പൂശിയതും ഉത്ഥിതനായ യേശു മേരിമഗ്ദലേനയ്ക്ക് ആദ്യം പ്രത്യക്ഷമായതും അനിഷേധ്യവസ്തുതകളാണ്. യേശുവിനെ ഏറ്റവും അധികം സ്നേഹിച്ച ഒരാളാണ് മേരിമഗ്ദലേന. ഈ വിശുദ്ധയാവട്ടെ അനുതാപത്തിന്റെയും സമുന്നതധ്യാന പ്രാർത്ഥനയുടെയും പ്രണിധാനത്തിന്റെയും ഉത്തമ മാതൃകയുമായിരിക്കുന്നു.

*ഒരു കാര്യമേ ആവശ്യമുള്ളൂ. മറിയം നല്ല ഭാഗം തിരഞ്ഞെടുത്തിരിക്കുന്നു. അത് അവളിൽ നിന്ന് എടുക്കപ്പെടുകയില്ല.*[27]

ദൈവപുത്രനായ യേശു ഓർശ്ലത്തേയ്ക്ക് പോകുന്നവഴി ലാസറിന്റെ ഭവനത്തിൽ സ്വീകൃതനായി. യേശുവെ സ്വാഗതം ചെയ്യുന്നവരെ കർത്താവ് തന്റെ യാത്രാലക്ഷ്യം അറിയിക്കും. യേശുവിന്റെ യാത്ര ഓർശ്ലമിലേയ്ക്കായിരുന്നു; പീഡാനുഭവവും കുരിശുമരണവും വഴി പിതാവിന്റെ പക്കലേയ്ക്ക് തന്നെ. ഈ കാര്യങ്ങൾ പൂർണ്ണ ഹൃദയത്തോടെ ശ്രവിക്കുക എന്നതാണ് അവിടുത്തെ സ്വീകരിക്കുന്നവരിലും സത്ക്കരിക്കുന്നതിലും ഉണ്ടാകേണ്ട മനോഭാവം. എന്നാൽ യേശുവെ സ്വീകരിച്ച മർത്ത താത്കാലികമായും ബാഹ്യമായും സത്കരിക്കുന്നതിൽ ശ്രദ്ധാലുവായി. മറിയം കർതൃവചനം ശ്രവിച്ചു ധ്യാനിക്കുന്നതിലും വ്യാപരിച്ചു. മറിയം ശ്രവിച്ച വചനം മാനവരാശിക്കുവേണ്ടി പെസഹാനുഭവത്തിലൂടെ മുന്നേറുന്ന സന്ദേശമാണ്.

കുരിശിൻ ചുവട്ടിൽ ധീരതയോടെ നിലകൊണ്ട് തന്റെ സ്നേഹത്താൽ കർത്താവിനെ ആശ്വസിപ്പിക്കുന്ന മഗ്ദലനയുടെ ചിത്രം ചാവറപിതാവിനു ഏറ്റവും പ്രിയപ്പെട്ടതായിരുന്നു. അനുതാപത്തിന്റെ പ്രതീകമായിട്ടാണ് അദ്ദേഹം മഗ്ദലേന മറിയത്തെ കാണുന്നത്. ധ്യാനവേളകളിൽ ആ പുണ്യവതിയുടെ സഹായം സവിശേഷമായരീതിയിൽ ചാവറപിതാവ് അപേക്ഷിച്ചിരിക്കുന്നതു നോക്കുക:

*എല്ലായ്പ്പോഴും എന്നെ തുണച്ചുവരുന്ന മറിയം മഗ്ദലയിത്തമ്മ...*[28] *എന്റെ മഗ്ദലേത്തായോട് നീ കല്പിച്ചപോലെയും...*[29] *നിന്റെ കുരിശിനെ തഴുകി നിൽക്കുന്ന മഗ്ദലയിത്തമ്മയെ എന്റെ പേർക്കവിടെ നിറുത്തിക്കൊണ്ട് വലതുഭാഗത്തുള്ള കള്ളന്റെ കുരിശിൽ ഞാൻ കരേറി...*[30]

ചാവറയച്ചന് കുരിശിൻ ചുവട്ടിൽ നിൽക്കുന്ന മഗ്ദനലേനമറിയം അമ്മയും മധ്യസ്ഥയും അനുതാപത്തിന്റെ യഥാർത്ഥ മാതൃകയുമായിരുന്നു.

*എന്റെ പാപപ്പെരുപ്പത്തിനു തക്ക തേറ്റം എനിക്കില്ലായ്കായാലും എല്ലായ്പ്പോഴും എന്നെ തുണച്ചുവരുന്ന മേരിമഗ്ദലയിത്തമ്മ, എജിപ്തമറിയം, മർഗ്ഗരീത്താകൊർത്തോൻ എന്ന ഈ അമ്മമാരുടെ തേറ്റവും, പ്രായശ്ചിത്തങ്ങളും എനിക്കുള്ളതായി ഞാൻ അപേക്ഷിച്ചും കൊണ്ട് ഇതാ എന്റെ അപ്പന്റെ പക്കലോട്ടു ഞാൻ പുറപ്പെടുന്നു.*[31]

## ഈജിപ്തിലെ മറിയവും കൊർത്തോണായിലെ മർഗ്ഗരീത്തായും

പാലസ്തീനായിലെ മരുഭൂമിയിൽ സോസിമൂസ് എന്ന പേരിൽ വിശുദ്ധനായ ഒരു സന്യാസി ഉണ്ടായിരുന്നു. ഒരു പുണ്യവാനെ കണ്ട് ഉപദേശം ചോദിക്കാനായി ഈജിപ്ഷ്യൻ മരുഭൂമിയിലൂടെ സഞ്ചരിക്കുമ്പോൾ അദ്ദേഹം അകലെ ഒരു രൂപം കണ്ടു. സോസിമൂസ് നടന്നു അടുത്തുചെല്ലുന്തോറും ആ രൂപം അത്ര കണ്ടു അകന്നുകൊണ്ടേയിരുന്നു. സോസിമൂസ് വിടാതെ പിൻതുടർന്നു; സ്വന്തം വേഗത വർദ്ധിപ്പിച്ചു. ഒടുവിൽ സ്വരം കേൾക്കത്തക്ക ദൂരമായപ്പോൾ ആ പ്രാകൃതരൂപത്തോട് നില്ക്കാൻ പറഞ്ഞു. ഉടനെ ഒരു മറുപടി കേൾക്കാമായി:

*ആബട്ട് സോസിമൂസ്, ഞാൻ ഒരു സ്ത്രീയാണ്. എനിക്ക് ധരിക്കാൻ അങ്ങയുടെ മേലങ്കി എറിഞ്ഞുതരിക. എന്നിട്ടു ഞാൻ അങ്ങേയ്ക്ക് അടുത്തുവരാം.*

സോസിമൂസ് അപ്രകാരം ചെയ്തു.

അടുത്തെത്തിയപ്പോൾ അവൾ തന്റെ ആത്മകഥ സോസിമൂസിനോട് വിശദീകരിച്ചു. അവളുടെ സ്വദേശം ഈജിപ്ത് ആയിരുന്നു. 12-ാംമത്തെ വയസ്സിൽ സ്വന്തം ഇഷ്ടംപോലെ ജീവിക്കാൻ നാടുവിട്ട് അലക്സാൻട്രിയായിൽ എത്തി. 17 കൊല്ലം വേശ്യയായി ജീവിച്ച് 29-ാം വയസ്സിൽ ഒരു തീർത്ഥാടക സമൂഹത്തോടൊപ്പം ജറൂസലേമിലെത്തി. വിശുദ്ധ കുരിശിന്റെ ദേവാലയത്തിൽ കടക്കാൻ ശ്രമിച്ച അവളെ ഒരു അദൃശ്യശക്തി തടഞ്ഞ് നിറുത്തി. മൂന്ന് നാലു പ്രാവശ്യം ഇതാവർത്തിച്ചപ്പോൾ അവൾ ഒരു മൂലയിലിരുന്ന് തന്റെ പാപജീവിതത്തെയോർത്ത് നെഞ്ചുപൊട്ടി കരഞ്ഞ് പശ്ചാത്തപിച്ചു. അതിനുശേഷം അവൾക്ക് ഒരു തടസ്സവുമില്ലാതെ അകത്ത് കടന്ന് വിശുദ്ധ കുരിശിനെ വണങ്ങാനായി. തുടർന്ന് അവൾ ജോർദ്ദാൻ മരുഭൂമിയിൽ വസിച്ചുപോന്നു. സോസിമൂസിൽ നിന്ന് വിശുദ്ധ കുർബ്ബാന സ്വീകരിച്ച ശേഷം തിരികെ പോകും മുൻപേ അടുത്ത നോമ്പുകാലത്ത് തന്നെ വീണ്ടും വന്ന് കാണണമെന്ന് അവൾ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അടുത്ത വർഷം അവിടെ എത്തിയപ്പോൾ അവളുടെ ശരീരം മാത്രമേ അവിടെ കിടപ്പുണ്ടായിരുന്നുള്ളു; അരികിലായി *മറിയം* എന്ന ഒരു ഉല്ലേഖനവും. ഒരു സിംഹത്തിന്റെ സഹായത്തോടെ അദ്ദേഹം അവളുടെ ശരീരം സംസ്ക്കരിച്ചു എന്നാണ് ചരിത്രം സാക്ഷ്യപ്പെടുത്തുന്നത്.[32]





ഇറ്റലിയിൽ പെറുജിക്കടുത്ത് ലവിയാനോവിൽ ജനിച്ച *മാർഗ്ഗരറ്റി*ന് രണ്ടാനമ്മയുടെ സ്നേഹക്കുറവുമൂലം വളരെയധികം അവമതിയും ദുരിതവും സഹിക്കേണ്ടി വന്നു. 17-ാം വയസ്സിൽ താൻ സ്നേഹിക്കുന്ന ഒരു ചെറുപ്പക്കാരനോടൊപ്പം അവൾ ഒളിച്ചോടിപ്പോയി. 10 വർഷം അവനോടൊപ്പം ജീവിച്ചു. ഒരു കുഞ്ഞും ജനിച്ചു. എങ്കിലും അവളെ വിവാഹം ചെയ്യാൻ അവൻ തയ്യാറായില്ല. അധികം താമസിയാതെ അവൻ വധിക്കപ്പെട്ടു. ഇതവളുടെ ജീവിതത്തിൽ വഴിത്തിരിവായി. സ്വന്തം വീട്ടിലേയ്ക്ക് മടങ്ങിച്ചെല്ലാൻ അവൾ ആഗ്രഹിച്ചെങ്കിലും അവളെ സ്വീകരിക്കുവാൻ രണ്ടാനമ്മ സമ്മതിച്ചില്ല. അവളും മകനും കൊർത്തോണായിലെ പ്രയറിൽ അഭയം തേടി. അവിടെ പശ്ചാത്താപപൂർണ്ണമായ ജീവിതം നയിച്ചു. 3 വർഷത്തിനു ശേഷം ഫ്രാൻസിസ്കൻ മൂന്നാം സഭയിലെ അംഗമായി പൂർണ്ണ ദാരിദ്ര്യത്തിൽ ജീവിച്ചു.

1277ൽ ഒരു ദിവസം അവൾ പ്രാർത്ഥനാനിരതയായിരിക്കേ ഒരു സ്വരം കേട്ടു:

*എറ്റവും എളിയ ദരിദ്രേ എന്താണ് നിന്റെ ആഗ്രഹം?*

അവൾ മറുപടി പറഞ്ഞു:

*ഞാൻ മറ്റൊന്നും അന്വേഷിക്കുകയോ ആഗ്രഹിക്കുകയോ ചെയ്യുന്നില്ല എന്റെ കർത്താവേ നിന്നെ മാത്രം.*

കൊർത്തോണായിൽ അവളുടെ സ്വന്തമിഷ്ടപ്രകാരം ആരുമാരും ഇല്ലാത്ത രോഗികൾക്കായി ഒരു ആശുപത്രി പണികഴിപ്പിച്ചു. അവർക്ക് പ്രത്യേകം ശുശ്രൂഷ നല്കാനായി ഒരു സന്യാസ സമൂഹവും ആരംഭിച്ചു. അതാണ് Congregation of Tertiary Sisters (Poverelle). അവിടെ അവൾ തന്റെ നിസ്വാർത്ഥ സേവനം കാഴ്ചവച്ചു വരികെ 1297ൽ ദിവ്യനാഥൻ അവളുടെ പാവനാത്മാവിനെ സ്വർഗ്ഗത്തിലേക്കാനയിച്ചു.[33] 1728ൽ ബനഡിക്ട് പതിമൂന്നാമൻ മാർപാപ്പ അവളെ വിശുദ്ധയായി പ്രഖ്യാപിച്ചു.

ഈ രണ്ടു പുണ്യവതികളുടെ മദ്ധ്യസ്ഥവും ചാവറയച്ചൻ തേടുന്നതായി *ധ്യാനസല്ലാപ*ങ്ങളിൽ പലയിടത്തും നാം കാണുന്നുണ്ട്. ആദ്ധ്യാത്മിക സരണിയിലും അനുതാപത്തിലും പ്രാർത്ഥനയിലും തന്നെ വളർത്തുന്ന അമ്മമാരായിട്ടാണ് ചാവറയച്ചന്റെ ജീവിതത്തിൽ ഇവർക്കു സ്ഥാനം നൽകിയിരുന്നത്. *ഈജിപ്തിലെ മറിയം, മർഗ്ഗരീത്ത കൊർത്തോൻ എന്ന ഈ അമ്മമാരുടെ തേറ്റവും പ്രായശ്ചിത്തങ്ങളും എനിക്കുള്ളതായി ഞാൻ അപേക്ഷിച്ചു കൊണ്ട്*[34] എന്നും *അമ്മ എ. മറിയത്തിനു (ഈജിപ്തിലെ മറിയം) പള്ളിവാതിൽ തുറന്നപോലെയും, മറിയ കൊർത്തോനായോട് കുരിശിൻ നിന്റെ രൂപത്തിൽ വാ തുറന്ന് അരുളിയതിൻ വണ്ണവും*[35] എന്നും മറ്റും രേഖപ്പെടുത്തുന്നത് ഇവരുടെ മാദ്ധ്യസ്ഥം അദ്ദേഹത്തിനു പ്രിയപ്പെട്ടതായിരുന്നു എന്നതിന് തെളിവാണ്. പരിഹാര മദ്ധ്യസ്ഥകളായിട്ടാണ് ചാവറയച്ചൻ ഇവരെ കരുതിയത്. തന്റെ പരിഹാരമദ്ധ്യസ്ഥകളായ ഈജിപ്തിലെ മറിയം, കൊർത്തോന

എന്നീ അമ്മമാർ *അവരുടെ പ്രായശ്ചിത്തകണ്ണുനീരുകൾ എപ്പോഴും എനിക്കായിട്ടു ദിവ്യതുലാസിൽ വെപ്പാനായി കാത്തിരിക്കുന്ന ഇവരുടെ ദയയുള്ള കൈകളെ കാണാനും*[36] എന്ന ഭാഗം ശ്രദ്ധിയ്ക്കുക. ഈ പുണ്യവതികളുടെ പ്രായശ്ചിത്തം തനിക്ക് ദൈവകാരുണ്യം വാങ്ങിത്തരുമെന്ന പ്രത്യാശയോടെ ചാവറയച്ചൻ അവരുടെ മദ്ധ്യസ്ഥത അപേക്ഷിക്കുന്നു.

### മറിയം ക്ലെയോപ്പാ, മറിയ ശാലോ

യേശുവിനെ അനുഗമിച്ച ഈ പുണ്യസ്ത്രീകളുടെ മദ്ധ്യസ്ഥവും ചാവറയച്ചൻ തേടുന്നുണ്ട്.

*മറിയം ക്ലെയോപ്പാ, മറിയം ശാലോ എന്ന അമ്മമാരേ.. കർത്താവും ശിഷ്യരും നടക്കുന്ന ഇടങ്ങളിൽ നടന്നുകൊണ്ട് ശുശ്രൂഷ ചെയ്തുകൊണ്ടും കർത്താവിൽ നിന്ന് അകലാതെ നടന്നതിനാൽ തന്റെ മരണത്തിലും ഉയർപ്പിലും തന്നെ കാണാനും എന്നെന്നേക്കും തന്നോടൊന്നിപ്പാനും ഭാഗ്യമായല്ലോ. ആയതിനാൽ പ്രിയമുള്ള അമ്മമാരേ അടിയനും കൂടെ നിങ്ങളുടെ മേശയിൽ നിന്നു വീഴുന്ന തീൻനുറുക്കുകളാൽ ജീവിച്ചുവരുന്ന കൽബായ്ക്ക് (നായ) എന്ന പോലെ ഈ കർത്താവിനോടും നിങ്ങളോടും ഒന്നിപ്പാനാഗ്രഹിച്ച് ഇതാ വരുന്നേൻ...*[37] കർത്താവുമായി തന്നെ ഐക്യപ്പെടുത്തുന്ന കണ്ണികളായാണ് ചാവറപിതാവ് ഈ വിശുദ്ധ സ്ത്രീകളെ കണ്ടിരുന്നതും മദ്ധ്യസ്ഥതയിൽ ശരണപ്പെട്ടിരുന്നതും.

സദാ ദൈവോന്മുഖമായി ജീവിച്ച ചാവറയച്ചനെ ദൈവാഭിമുഖം നില്ക്കാൻ യോഗ്യനാകത്തക്കവിധത്തിൽ മാധ്യസ്ഥവും മാതൃകയും നൽകി നയിച്ചവരാണ് ഈ സ്ത്രീകളെല്ലാം. തന്റെ സ്വന്തം അമ്മയോടും പരിശുദ്ധ അമ്മയോടുമൊപ്പം ഈ പുണ്യവതികളും അദ്ദേഹത്തിന് അമ്മമാർതന്നെയായി. പുത്രന്റെ സ്വാതന്ത്ര്യത്തോടെ അദ്ദേഹം അവരുടെ മാധ്യസ്ഥ്യം തേടുകയും ആനുകൂല്യങ്ങൾക്കായി അപേക്ഷിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ധ്യാന ദൃഷ്ടിയിൽ ഈ സ്ത്രീകൾ ശക്തരായിരുന്നു. അനുഗ്രഹങ്ങൾ നൽകാൻ പ്രാപ്തരായിരുന്നു. മാതൃത്വഭാവത്തിന്റെ പൂർണ്ണത അവരിലുണ്ട്; പുണ്യത്താൽ അവർ പ്രത്യേകമായ രീതിയിൽ ദൈവസംപ്രീതിക്കു പാത്രമായവരുമാണ്. ഈ ഗണത്തിലേക്ക് തന്റെ അജഗണങ്ങളിൽപ്പെട്ട സ്ത്രീകളും ഉയർത്തപ്പെടണമെന്നത് അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. പുണ്യസങ്കേതമായി വിഭാവനം ചെയ്യപ്പെട്ട കന്യാമഠം ഈ സ്വപ്നത്തിന്റെ സാക്ഷാത്കാരമായിരുന്നുവെന്ന് നമുക്കു കാണാൻ കഴിയണം. ■



## പരാമർശ സൂചിക

1. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം 2, ആത്മാനുതാപം, I, 45-58.
2. *Ibid.*, 59-70.
3. *Ibid.*, 71-77.
4. *Ibid.,* 78-84.
5. Vladimir Lossky, *In the Image and Likeness of God,* Crest wood, New York, 1974, pp. 196, 208 .
6. *ആത്മാനുതാപം*, II, 1-8.
7. *Ibid*, 23-24.
8. *Ibid*, 245-248.
9. പോരൂക്കര കുര്യക്കോസ് അച്ചൻ, *സ്ഥാപക പിതാക്കന്മാർ*, മാന്നാനം, 1905, പേജ്. 30.
10. cf. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം 4,കത്തുകൾ , VI/ 4, മരണ പത്രിക , പേജ്. 99.
11. *ആത്മാനുതാപം*, VII, 200-205.
12. cf. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം 3, ധ്യാനസല്ലാപങ്ങൾ, പേജ്. 16.
13. ആത്മാനുതാപം, *കടശ്ശി അപേക്ഷ* , 57-60.
14. *ധ്യാനസല്ലാപങ്ങൾ*, പേജ്.44.
15. *Ibid.*, പേജ്.47.
16. cf. *Ibid.*, പേജ്. 70.
17. *ചാവറകത്തുകൾ,* VII/8, പേജ്. 115-116.
18. മാണിക്കത്തനാർ, *ഫാ. കനീസിയൂസ് സി. എം. ഐ., ആധുനിക ലോകത്തിന് കർമ്മലയിൽ നിന്നൊരു ദീപം*, കർമ്മലദീപം, എറണാകുളം, 1985, പേജ്. 48.
19. *ധ്യാനസല്ലാപങ്ങൾ,* പേജ്. 13- 14.
20. *Ibid., പേജ്.* 15.
21. *ആത്മാനുതാപം, III*, അനുബന്ധം, 55-56.
22. *ലൂയീസച്ചന്റെ കത്ത്* quoted in വലേരിയൻ, *op.cit.,* പേജ്. 238.
23. *ധ്യാനസല്ലാപങ്ങൾ*, പേജ്. 13.
24. *Ibid.*, പേജ്. 15.
25. *ചാവറകത്തുകൾ,* VII/8, പേജ്. 117 .
26. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 1, നാളാഗമം*, പേജ്. 137. ഈ പുസ്തകം reference ആയി വരുന്നിടത്തെല്ലാം ച.സ.കൃ. എന്ന ചുരുക്കെഴുത്ത് ഉപയോഗിക്കുന്നു.
27. ബൈബിൾ, ലൂക്കാ 10-42.

28. *ധ്യാനസല്ലാപങ്ങൾ*, പേജ്. 16.
29. *Ibid.,* പേജ്. 18.
30. *Ibid.*, പേജ്. 23.
31. *Ibid.,* പേജ്. 16.
32. തോമസ് മൂത്തേടൻ, *അനുദിനവിശുദ്ധർ,* കാർമ്മൽ പബ്ലിക്കേഷൻ സെന്റർ,തിരുവനന്തപുരം, 1999, പേജ്. 132.
33. http://www.ewtn.com/library/mary/stmagt.htm
34. ധ്യാനസല്ലാപങ്ങൾ, പേജ്. 16.
35. *Ibid.,* പേജ്. 18.
36. *Ibid.*, പേജ്. 31-32.
37. *Ibid.*, പേജ്. 41.



## നാല്

# ദർശനം നയിക്കുന്നു

**കാ**ലത്തിന്റെ പ്രയാണഗതികൾക്ക് മങ്ങലേല്പിക്കാൻ കഴിയാത്ത അനശ്വര വ്യക്തിത്വം, ഉദ്ഗ്രഥനം സത്തയിൽ സമ്യക്കായി സ്വാംശീകരിച്ച ദൈവിക മനുഷ്യൻ, സ്വന്തം സമുദായത്തേയും സഭയേയും മാത്രമല്ല, സമൂഹത്തെ ആകമാനം സ്നേഹവായ്പ്പോടെ ആശ്ലേഷിച്ച മനുഷ്യസ്നേഹി; പാവപ്പെട്ടവരേയും ദുഃഖിതരേയും അധഃകൃതരേയും കുറിച്ചുള്ള ദൈവത്തിന്റെ സ്വപ്നങ്ങൾക്ക് അസ്തിത്വം നല്കിയ പ്രതിഭാശാലി, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് ആദ്യചുവടു വച്ച വിപ്ലവകാരി, സ്വപ്നങ്ങളുടേയും ദർശനങ്ങളുടേയും കരുണാർദ്രസേവനകർമ്മങ്ങളുടേയും ആവിഷ്ക്കർത്താവ്... ചരിത്രം നെഞ്ചിലേറ്റി ലാളിക്കുന്ന നവോത്ഥാനനായകൻ... ഏറ്റം പരിമിതമായ വാക്കുകളിൽ അതായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ്.

നൂറ്റാണ്ടുകൾക്കു മുൻപേ അനേകർക്ക് ആത്മീയചൈതന്യം പകരാൻ ദൈവപിതാവ് അണിയിച്ചൊരുക്കിയ കൈനകരി ഗ്രാമം. ചാവറ കുര്യാക്കോസിന്റേയും മറിയത്തിന്റേയും ആറാമത്തെ സന്താനമായി കൊച്ചുകുര്യാക്കോസ് 1805 ഫെബ്രുവരി 10-ാം തീയതി ഭൂജാതനായി. ഒരു സഹോദരനും നാലു സഹോദരിമാരും. മുലപ്പാലിന്റെ സ്വാദിനോടൊപ്പം പ്രാർത്ഥനയുടെ മാധുര്യവും അമ്മ പകർന്നു നല്കി. ഈ സുകൃതമണികൾ കാലാന്തരത്തിൽ നൂറുമേനി വിളഞ്ഞ് ജന്മനാടിനെ ഫലസമൃദ്ധമാക്കി. അഞ്ചാം വയസ്സുമുതൽ പത്താം വയസ്സുവരെ ഏകാദ്ധ്യാപകന്റെ കീഴിൽ കൊച്ചുകുര്യാക്കോസ് അദ്ധ്യയനം നടത്തി. ദൈവം തന്നിൽ നിക്ഷേപിച്ച ദൈവവിളിയുടെ വിത്ത് പൊട്ടിവിടരാൻ സമയമായി എന്ന് തിരിച്ചറിഞ്ഞപ്പോൾ തന്റെ ഇംഗിതം മാതാപിതാക്കളെ അറിയിച്ചു. ഏറെ എതിർപ്പുകൾക്കും വിസമ്മതത്തിനും ശേഷം ദൈവദാനമായ പുത്രനെ ദൈവശുശ്രൂഷയ്ക്കായി വിട്ടുകൊടുക്കാൻ അവർ തയ്യാറായി. ചെറുപ്പം മുതലേ ഉണ്ടായിരുന്ന ദിവ്യകാരുണ്യഭക്തിയും മാതൃഭക്തിയുമാണ് കൊച്ചുകുര്യാക്കോസിന്റെ വളർച്ചയ്ക്ക് ജീവനം ആയിരുന്നത്.

മധുരസംഭാഷണങ്ങളിലൂടെ സഹപാഠികളെ ബാലനായ കുര്യാക്കോസ് ദിവ്യ കാരുണ്യനാഥന്റെ പക്കലേയ്ക്കും ദിവ്യജനനിയുടെ പക്കലേയ്ക്കും ആന യിച്ചിരുന്നു. സെമിനാരിജീവിതത്തിന്റെ ആദ്യപടിയായി ചേന്നങ്കരി പള്ളിയിൽ വികാരിയച്ചനോടൊപ്പം താമസിച്ച് പ്രാഥമിക പരിശീലനം നേടി. സ്വച്ഛന്ദ മായ സെമിനാരി ജീവിതത്തിൽ അഗ്നിപരീക്ഷകളുടെ കാറ്റും കോളും വളരെ പെട്ടെന്നാണ് ഉണ്ടായത്. കൈനകരി പ്രദേശത്ത് പടർന്നുപിടിച്ച പകർച്ച വ്യാധി മൂലം കുര്യാക്കോസിന്റെ അപ്പനും അമ്മയും ഏകസഹോദരനും മരണമടഞ്ഞപ്പോൾ വൈദികജീവിതം ഉപേക്ഷിക്കുവാൻ ബന്ധുമിത്രാദികൾ നിർബന്ധിച്ചുവെങ്കിലും കണ്ണീരോടെ ദൈവമാതാവിനെ അഭയം പ്രാപിച്ച കുര്യാക്കോസ് മൂത്തസഹോദരിയേയും ഭർത്താവിനേയും കുടുംബഭാരം ഏല്പിച്ച് സെമിനാരി ജീവിതം തുടർന്നു.

അൾത്താരശുശ്രൂഷകനായിരുന്ന കാലംമുതൽ മനസ്സിൽ കാത്തു സൂക്ഷിച്ച സ്വപ്നം സാക്ഷാത്കൃതമാകുന്ന സുന്ദരസുദിനമായിരുന്നു അന്ന്.... ജീവിതത്തിൽ സ്വന്തമായതെല്ലാം ആ വലിയ നിധിക്കായി പരിത്യജിച്ച് 1829 നവംബർ 29-ാം തീയതി അർത്തുങ്കൽ പള്ളിയിൽ അദ്ദേഹം പ്രഥമബലി അർപ്പിച്ചു. ഇടവകതോറുമുള്ള ധ്യാനപരിപാടികളിലൂടെ കേരളജനതയുടെ നാഡിയിടുപ്പുകൾ ചാവറയച്ചന് പരിചിതമായി. സന്യാസഭവനങ്ങളെക്കുറിച്ചും അവ വഴിയായി ക്രൈസ്തവസമൂഹത്തിന് കൈവരുന്ന നന്മകളെക്കുറിച്ചും പാലയ്ക്കലച്ചനും പോരൂക്കരയച്ചനും ചാവറയച്ചനും ഒരുപോലെ ബോധ വാന്മാരായിരുന്നു. തങ്ങളുടെ സ്വപ്നമായ *ദർശന ഭവനം* എന്ന ആശയം മൗറേലിയൂസ് മെത്രാനെ അറിയിച്ച് അവർ സമ്മതവും വാങ്ങി. വ്യക്തികളും പള്ളികളും നൽകിയ സഹായംകൊണ്ട് മാന്നാനംകുന്നിൽ ഒരു ദർശനവീടും പ്രാർത്ഥനാലയവും ഉണ്ടാക്കി. 1831-മെയ് 11-ാം തീയതി മാന്നാനത്ത് സന്യാ സജീവിതമാരംഭിച്ചു. 1855 ഡിസംബർ 8-നാണ് *അമലോത്ഭവ മാതാവിന്റെ ദാസസംഘം* എന്ന പ്രഥമ സന്യാസസഭയിൽ ചാവറയച്ചന്റെ നേതൃത്വത്തിൽ 11 പേർ വ്രതം ചെയ്തു. 1958 മുതൽ സി.എം.ഐ. സഭ എന്ന നാമത്തിൽ സഭ അറിയപ്പെടാൻ തുടങ്ങി.

സന്യാസജീവിതാരംഭം മുതലേ ചാവറയച്ചനിൽ അകത്തളത്തിൽ ഒതുങ്ങി ക്കഴിഞ്ഞിരുന്ന സ്ത്രീജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരാനുള്ള ഉൾചോദനം അങ്കുരിച്ചിരുന്നു. തനിക്ക് ലഭിച്ച പ്രചോദനവും ദൈവികസിദ്ധിയും തിരിച്ചറിഞ്ഞ് 1866 ഫെബ്രുവരി 13-ാം തീയതി കൂനമ്മാ വിൽ ഒരു കന്യകാമഠം സ്ഥാപിക്കുക എന്ന തന്റെ സ്വപ്നം പൂർത്തീക രിച്ചു. അതാണ് ഇന്നത്തെ *കർമ്മലസന്യാസിനീസമൂഹം*. സ്ത്രീകളെ സമു ദ്ധരിക്കുക, തിരുസ്സഭ വിശുദ്ധരാൽ അലങ്കരിക്കപ്പെടുക തുടങ്ങിയ തീക്ഷ്ണ തയേറിയ ദർശനങ്ങളെ ഉള്ളിൽ താലോലിച്ചുകൊണ്ടാണ് കന്യാസ്ത്രീ മഠം അദ്ദേഹം സ്ഥാപിക്കുന്നത്.





ദൈവത്തിന്റെ നിയോഗങ്ങൾ അന്തരാത്മാവിന്റെ വെളിപാടായി ഏറ്റു വാങ്ങുന്ന ഒരു വ്യക്തി ദർശനങ്ങളുള്ളവനായി മാറുന്നു. വിശ്രമിക്കാനനുവ ദിക്കാതെ ജീവിതത്തിന്റെ സ്വാസ്ഥ്യം നഷ്ടപ്പെടുത്തുന്ന കനലുകൾപോലെ അവ ഹൃദയത്തെ പൊള്ളിക്കുന്നു. ചുറ്റുപാടുകളിലെ ദൈന്യതകൾ, കൂട പ്പിറപ്പുകളുടെ നൊമ്പരങ്ങൾ, അടിച്ചമർത്തപ്പെട്ടവരുടെ വ്യഥകൾ.... എല്ലാ മെല്ലാം സ്വന്തം നിയോഗഭാഗമായി അയാൾ ശിരസ്സിലേറ്റുന്നു. പിന്നെയുള്ള അലച്ചിലുകളൊന്നും തനിക്കുവേണ്ടിയല്ല, മറ്റുള്ളവർക്കുവേണ്ടിയാണ്. ദൈവപിതാവിന്റെ സ്നേഹത്തിൽ സ്വയം മറന്ന് അനുസ്യൂതം ദൈവത്തി ലേയ്ക്കുയരുകയും അനവരതം മനുഷ്യരിലേയ്ക്ക് വിരിയുകയും ചെയ്ത അതുല്യവ്യക്തിപ്രഭാവത്തിന്റെ ഉടമയായിമാറി ചാവറ കുര്യാക്കോസ് ഏലി യാസച്ചൻ. അന്യരുടെ വ്യഥകളിലേയ്ക്കും നൊമ്പരങ്ങളിലേയ്ക്കും സദാ തുറന്നിരുന്നതും അവരുടെ ഉന്നതിക്കുവേണ്ടിയുള്ള മാർഗ്ഗങ്ങൾ നിരന്തരം ആരാഞ്ഞിരുന്നതുമായിരുന്നുവല്ലോ അദ്ദേഹത്തിന്റെ മനസ്സ്. ബഹുമുഖങ്ങ ളായ ദർശനങ്ങൾ അദ്ദേഹത്തിന് ഉണ്ടായിരുന്നു. തന്റെ ഉള്ളിൽ കത്തിജ്വ ലിച്ച കറയറ്റ ദൈവസ്നേഹമായിരുന്നു ദർശനങ്ങളുടെ ഉറവിടം. അതിനാൽ അവയുടെ പ്രഭയിൽ നാടു മുഴുവൻ പ്രകാശിച്ചു. ഒരു കാലഘട്ടം ചൈതന്യ പൂരിതമായി.

ചാവറയച്ചൻ പടുത്തുയർത്തിയ ദർശനങ്ങളെ ഭിന്ന തലങ്ങളിൽ വ്യതി രിക്തമായി നിർണ്ണയിക്കാം.

## ദൈവദർശനം

കുടുംബത്തേയും ഉറ്റവരേയും ഉപേക്ഷിച്ച് ദൈവനിയോഗപ്രകാരം കർത്തൃശുശ്രൂഷയ്ക്കായി ഇറങ്ങിത്തിരിച്ചവനായിരുന്നു ചാവറ പിതാവ്. ദൈവ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിൽ വിലയം പ്രാപിക്കുമ്പോ ഴാണ് അവന്റെ ജന്മം സഫലമാകുന്നത് എന്നതായിരുന്നു അദ്ദേഹത്തിന്റെ ദൈവദർശനത്തിന്റെ അന്തഃസത്ത. ദൈവഛായയിൽ നിന്നും ദൈവീക സാദൃശ്യത്തിലേയ്ക്കുള്ള രൂപാന്തരപ്പെടലാണ് ആദ്ധ്യാത്മികജീവിതമാകുന്ന യാത്ര. ഈ യാത്രയിൽ ജീവിതം നിരന്തരം ദൈവോന്മുഖമായിരിക്കുകയും അവിടുത്തെ തിരുമുഖപ്രകാശത്താൽ പവിത്രീകരിക്കപ്പെട്ടതായിരിക്കുകയും ചെയ്യും.

ദൈവം ചാവറപിതാവിന് വാത്സല്യമുള്ള പിതാവാണ്, സ്വന്തം *അപ്പൻ*. *ധ്യാനസല്ലാപ*ങ്ങളിൽ 31 തവണ അദ്ദേഹം ദൈവത്തെ *അപ്പാ* എന്ന് വിളി ക്കുന്നുണ്ട്. കൗമാരം വേർപിരിയുന്നതിന് മുമ്പ് സ്വപിതാവിനെ നഷ്ടപ്പെട്ട അദ്ദേഹം പിതൃത്വത്തിന്റെ ഭാവങ്ങൾ അതിന്റെ പൂർണ്ണതയിൽ ദൈവപിതാ വിൽ ദർശിച്ചു. *ആ, എന്റെ അനുഗ്രഹമുള്ള അപ്പാ! ഞാനെന്റെ കണ്ണുകളെ പ്പൊക്കി നിന്റെ തിരുമുഖത്തിൽ സൂക്ഷിപ്പാൻ വശമാകുന്നില്ലല്ലോ*[1] എന്ന് *ധ്യാന*

*സല്ലാപ*ത്തിൽ അദ്ദേഹം പരിതപിക്കുന്നു. ദൈവത്തിന്റെ പിതൃത്വത്തിൽ അഭയം തേടിയ ചാവറയച്ചൻ ദൈവം പിതാവും മനുഷ്യരെല്ലാം സഹോദരങ്ങളുമാണെന്ന കാഴ്ചവൃത്തത്തിലൂടെ വിശ്വമാനവികതയുടെയും വിശ്വകുടുംബത്തിന്റെയും പ്രവാചകനായി മാറുകയായിരുന്നു. ദൈവത്തിൽ സകല സമ്പൂർണ്ണതയും ദർശിച്ച ചാവറയച്ചൻ അവിടുത്തെ തന്റെ സർവ്വസ്വമായി ദർശിച്ച് ഏറ്റു പറയുന്നു:

*മമപിതാവു നീയേ ഭാഗ്യവുമെനിക്കു നീ*
*മംഗലം നീയെന്നിയേ മറ്റെന്തു ഗുണം നാഥാ*
*എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ*
*നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു*
*ശ്വാസവുമെനിക്കു നീ യാവനപാനം നീയേ*
*ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ*[2]

ദൈവത്തിൽ പൂർണ്ണതയും സാഫല്യവും ദർശിച്ച ചാവറയച്ചൻ തന്റെ ജീവിതത്തിന്റെ വർണ്ണങ്ങളും ആനന്ദങ്ങളും ദൈവത്തിനായി മാറ്റിവച്ചു. തന്റെ സ്വപ്നങ്ങളും പദ്ധതികളും അവിടുത്തേക്ക് വിട്ടുകൊടുത്തു. ദൈവത്തിന്റെ കൈയിലെ ഒരു ഉപകരണം മാത്രമായി. അതിനാൽ അദ്ദേഹത്തിന്റെ വാക്കും പ്രവൃത്തികളും അമാനുഷിമായി, ദൈവികമായി രൂപാന്തരപ്പെട്ടു. ദൈവത്തിന്റെ നിസ്വരായി സ്വയം നിവേദിക്കുന്നവരുടെ ജീവിതഫലം ഇതെന്നു നാമതിലൂടെ കണ്ടറിയുന്നു. അവർക്കിനി സ്വന്തമായ ആശയും കാഴ്ചപ്പാടുകളും ഇല്ല; തങ്ങൾക്കുവേണ്ടിത്തന്നെയുള്ള പദ്ധതികളും ആസൂത്രണങ്ങളും ഇല്ല; എല്ലാം ദൈവത്തിനായും അവിടുത്തെ ഹിതം നിർണ്ണയിക്കുന്നതിനനുസരിച്ചുമായി മാത്രം! ഈ യാത്രയിൽ മനുഷ്യൻ ദൈവിക ജീവനിൽ പങ്കു ചേർന്നു ദൈവസ്വഭാവത്തിന്റെയും ദൈവദർശനത്തിന്റെയും ഉടമകളായിത്തീരുന്നു. ദൈവിക ജീവനിൽ പങ്കുചേരുന്നതിനു ദൈവം നൽകിയിട്ടുള്ള കഴിവുകളാണ്, *ദൈവത്തെയും ദൈവീകസത്യത്തെയും കാണുവാനുള്ള വിശ്വാസം അല്ലെങ്കിൽ ഉൾക്കാഴ്ച, ദൈവിക നന്മ കണ്ടെത്തി അതിൽ സ്ഥിരമായി മുന്നേറുന്നതിനുള്ള പ്രത്യാശ അല്ലെങ്കിൽ മനഃസാക്ഷി, ദൈവൈകൃത്തിനാവശ്യമായ നന്മകൾ പ്രവർത്തിച്ചുകൊണ്ട് അതുമായി ഒന്നു ചേരുന്നതിനുള്ള ഉപവി അല്ലെങ്കിൽ സംസർഗ്ഗം* എന്നിവ.[3]

മാനുഷിക കഴിവുകളും ആദ്ധ്യാത്മിക കഴിവുകളും പരസ്പര പൂരകങ്ങളും രണ്ടും ദൈവദാനങ്ങളുമാകുന്നു. സ്രഷ്ടാവുമായുള്ള സൃഷ്ടിയുടെ നിരന്തര ബന്ധം വഴിയും സ്രഷ്ടാവിലേക്ക് സൃഷ്ടിയുടെ ജീവിതത്തിലൂടെയുള്ള തുറവി വഴിയും മനുഷ്യവിശുദ്ധീകരണവും ദൈവമഹത്വീകരണവും നടക്കുന്നു. സൃഷ്ടിയെന്നുള്ള അവബോധം എത്രയധികമോ അത്ര കൂടുതലായി ദൈവത്തോടുള്ള ബന്ധം സജീവമാകും.[4] സൃഷ്ടി എന്ന നിലയിൽ സ്രഷ്ടാവിൽ തന്റെ അസ്തിത്വം കണ്ടെത്തിയ ചാവറയച്ചൻ പാടുന്നു:





*ആദിനായകനായ സർവ്വേശ്വരൻ*
*ആദത്തിൻ സുതനായ് ചമച്ചെന്നെയും*
*ആയതിനെന്തു കാരണം ദൈവമേ!*
*ആദ്യഹീനനാം നിന്റെ ദയ തന്നെ*
*ഉത്തമനായ നിന്നുടെ ചിത്തത്താൽ*
*ഉത്ഭവം തന്നു മാനുഷജന്മത്തിൽ*
*ഉന്നതനായ നിന്നുടെ സന്നിധേ*
*ഉന്നതേ കരേറുവാനും ചിത്തമായ്*[5]

എവിടെയും എല്ലാറ്റിലും എല്ലാവരിലും ദൈവത്തെ കണ്ടെത്തുവാനുള്ള അന്വേഷണത്വര ഏതു പ്രതികൂലങ്ങളെയും നേരിടാനുള്ള കരുത്ത് പകരുന്നു. ഈശ്വാരാന്വേഷണത്തിന്റെ ബാഹ്യരൂപമാണ് താൻ അന്വേഷിക്കുന്നവനെ തന്റെ കൺമുമ്പിൽ തനിക്കു കാണണമെന്നത്. ചാവറയച്ചന്റെ അന്വേഷണം തികച്ചും പരിശുദ്ധവും അവികലവുമായിരുന്നു. മനുഷ്യനായിത്തീർന്ന യേശുവിൽ താനന്വേഷിക്കുന്ന ദൈവത്തെ കണ്ടെത്താൻ ചാവറയച്ചൻ ശ്രമിച്ചു. യേശുവിലൂടെ മാനവകുലത്തെ മുഴുവനും സ്വന്തമാക്കുവാനുള്ള ശ്രമമായിരുന്നു ആ ജീവിതം മുഴുവനും. ദൈവീകസ്വഭാവത്തിൽ, ദൈവീകജീവനിൽ പങ്കുചേർന്ന ചാവറയച്ചന്റെ ജീവിതം ആദിയിലെപ്പോലെ എന്നേയ്ക്കും *ആമ്മേൻ* എന്നായിരുന്നു. നിരന്തരം ഈശ്വരാന്വേഷണം നടത്തി സദാ ഈശ്വരസാന്നിദ്ധ്യത്തിൽ ജീവിച്ചിരുന്ന ചാവറയച്ചനെ *ദൈവികമനുഷ്യൻ* എന്ന് സമകാലികർ വിശേഷിപ്പിക്കത്തക്കവിധം അദ്ദേഹം യേശുവിൽ രൂപാന്തരപ്പെട്ടിരുന്നു.

## മനുഷ്യദർശനം

ചാവറയച്ചന്റെ ദൈവദർശനത്തിന്റെ തുടർച്ചയായിരുന്നു അദ്ദേഹത്തിന്റെ മനുഷ്യദർശനം. ദൈവത്തെ *അപ്പാ* എന്നു വിളിച്ച അദ്ദേഹത്തിന് സകല മനുഷ്യരും സഹോദരങ്ങളായിരുന്നുവല്ലോ. അതിനാൽ അവഗണിക്കപ്പെട്ടവരും അവസരങ്ങൾ നിഷേധിക്കപ്പെടുന്നവരുമായ മനുഷ്യർക്കുവേണ്ടി അദ്ദേഹം നിലകൊണ്ടു. ദൈവത്തിലേയ്ക്കുള്ള ദൂരം വേദനിക്കുന്ന, തരംതാഴ്ത്തപ്പെടുന്ന മനുഷ്യനിലേക്കുള്ള അകലമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. അതുകൊണ്ടാണ് അപരനെ സ്നേഹിക്കാനും അവന്റെ ഉയർച്ചയ്ക്കായി ജീവിതം സമർപ്പിക്കാനും അദ്ദേഹത്തിന് കഴിഞ്ഞത്.

*മനുഷ്യർ പരസ്പരം ഉപകാരം ചെയ്യുന്നത് സ്രഷ്ടാവിനാൽ കല്പിക്കപ്പെട്ട ഒരു പ്രമാണമാകുന്നുവെന്ന് ബോധിച്ച് ഒരു മനുഷ്യൻ ദിവസംതോറും ഒരുത്തനെങ്കിലും ഉപകാരം ചെയ്തുകൊണ്ടുവന്നു. ഒരു ദിവസം അവൻ അത്താഴത്തിനിരുന്നപ്പോൾ അന്ന് ഒരുത്തർക്കും ഉപകാരം ചെയ്തില്ലെന്ന് ഓർത്ത് എഴുന്നേറ്റ് കഴിച്ചതിൽപിന്നെ മാത്രമേ അത്താഴം കഴിച്ചുള്ളു*[6] എന്ന ഉപമ പറഞ്ഞ ചാവറയച്ചൻ *അന്യന് ഉപകാരം ചെയ്യാതെ അത്താഴമുണ്ണരുത്*

എന്ന പാഠം നൽകിക്കൊണ്ട് മനുഷ്യസേവനത്തെ താൻ എത്രമാത്രം വില മതിച്ചിരുന്നുവെന്ന് സ്പഷ്ടമാക്കുന്നു.

മനുഷ്യനെ ആദരിക്കാനും അവനെ സങ്കടപ്പെടുത്തുന്ന എന്തിനേയും എതിർക്കാനും ചാവറയച്ചൻ എന്നും മുന്നിലുണ്ടായിരുന്നു. മറ്റുള്ളവരുടെ വികാരങ്ങൾ മാനിക്കാൻ അദ്ദേഹം എത്ര തല്പരനായിരുന്നുവെന്ന് തെളിയിക്കുന്ന ഒരു സംഭവം *നാളാഗമ*ത്തിൽ കാണുന്നുണ്ട്. ആശ്രമസ്ഥാപനത്തിനുവേണ്ടിയുള്ള സ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ചാണത്. ആശ്രമസ്ഥാപനത്തിനായി മെത്രാനച്ചന്റെ അനുവാദം ലഭിച്ചതിനുശേഷം അനുയോജ്യമായസ്ഥലം വാങ്ങാനുള്ള ശ്രമങ്ങൾ നടത്തിവരുമ്പോഴാണ് കണ്ടുവച്ച പ്രദേശം കുമാരനല്ലൂർ ഭഗവതിയുടെ സങ്കേതമാണെന്നും അവിടെ ഒരു ക്രൈസ്തവ സന്യാസഭവനം വരുന്നതിൽ ഹിന്ദു സഹോദരങ്ങളിൽ ചിലർക്കു വിഷമമുണ്ടെന്നും ചാവറയച്ചൻ അറിയുന്നത്. അത് സാരമാക്കാനില്ല എന്ന് പലരും പറഞ്ഞെങ്കിലും *ആരെയും സങ്കടപ്പെടുത്തേണ്ട, ആരോടും വഴക്കിനും പോവേണ്ട* എന്നു പറഞ്ഞ് മനസ്സിനിണങ്ങിയ ആ സ്ഥലം വേണ്ടെന്നുവച്ച് അദ്ദേഹം തിരികെ പോരുകയാണ് ചെയ്തത്.[7] മറ്റുള്ളവരുടെ വികാരങ്ങൾ മാനിക്കാനും അവയ്ക്കു വിലകല്പിക്കാനും ചാവറയച്ചൻ കാണിക്കുന്ന നിഷ്ഠ, മാതൃക അദ്ദേഹത്തിന്റെ മനുഷ്യദർശനത്തിന്റെ ഉദാത്തഭാവം വെളിപ്പെടുത്തുന്നു.

ജീവിതത്തിന്റെ ഓരങ്ങളിലേയ്ക്ക് തള്ളപ്പെട്ടു പോയവരെ അന്തസ്സുള്ള മനുഷ്യരായി ജീവിക്കാൻ പ്രാപ്തരാക്കുക എന്നത് ചാവറയച്ചന്റെ ദർശനമായിരുന്നു. *ഭിക്ഷക്കാർ വെറും കൈയ്യോടെ നിന്റെ വീട്ടിൽ നിന്നും പോകാൻ സമ്മതിയ്ക്കേണ്ട. പാവപ്പെട്ടവരെ നിന്ദിക്കുകയോ, ബുദ്ധിമുട്ടിക്കുകയോ അരുത്...*[8] എന്നാണ് തന്റെ മരണപത്രത്തിൽ ചാവറയച്ചൻ ക്രിസ്തീയകുടുംബങ്ങൾക്ക് നൽകുന്ന അന്തിമോപദേശം.

ദർശനങ്ങളും കാഴ്ചപ്പാടുകളും നമ്മുടെ നാട്ടിൽ ഇന്ന് അന്യംനിന്നു പോവുകയാണ്. ആഴമായ പഠനങ്ങൾ ഉള്ളവനേ മനുഷ്യനെക്കുറിച്ച് ദർശനങ്ങൾ ഉണ്ടാകൂ. ആധുനിക മനുഷ്യന്റെ ദർശനം എല്ലാം കൈയ്യടക്കണമെന്ന അന്തമില്ലാത്ത ദുര മാത്രമായി അധഃപതിച്ചിരിക്കുന്നു. പൂർത്തീകരിക്കപ്പെടാത്ത ആഗ്രഹങ്ങൾക്കു മുന്നിൽ മാനുഷിക ദർശനം പൊയ്പ്പോകുന്നു. ചാവറയച്ചന്റെ ദർശനമാകട്ടെ മാനുഷികദർശനത്തിൽ ഉൾച്ചേർന്നിരുന്നു. ദൈവം പിതാവും മനുഷ്യരെല്ലാം സഹോദരങ്ങളും എന്ന ദർശനത്തിലേയ്ക്ക് നീങ്ങുന്നതിനാൽ മനുഷ്യനെക്കുറിച്ച് പഠിക്കാൻ, അവന്റെ വേദനകൾ അറിയാൻ, അതിനുപരിഹാര മാർഗ്ഗങ്ങൾ ആരായാൻ, അതിനാണ് ആ ധന്യജീവിതം പ്രചോദനമാകുന്നത്.

## സാമൂഹികദർശനം

കേരളജനസമൂഹത്തിന്റെ സമഗ്രമായ സാമൂഹികവികാസത്തിനും സംസ്ക്കാരിക അഭ്യുന്നതിക്കും സഹായകരമായ ദൂരവ്യാപകമായ പരിഷ്ക്കരണങ്ങൾക്ക് നേതൃത്വം നല്കിയ സാമൂഹികപരിഷ്കർത്താവും നവോത്ഥാനനായകനുമായിരുന്നു ചാവറയച്ചൻ. അദ്ദേഹം നെയ്തെടുത്ത സ്വപ്നങ്ങളും ദർശനങ്ങളും സമൂഹത്തെ പടുത്തുയർത്തുന്ന വിധത്തിലുള്ളതായിരുന്നു. അദ്ദേഹത്തിന്റെ സാമൂഹികവീക്ഷണങ്ങളെ നാം കാണേണ്ടത് ആ പ്രവർത്തനരംഗങ്ങളിൽ നിന്നുമാണ്. ചാവറയച്ചന്റെ സാമൂഹികപ്രവർത്തനത്തിന്റെ തലങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചത് വിദ്യാഭ്യാസം, പ്രസ്സ്, പ്രസിദ്ധീകരണകേന്ദ്രം, ആതുരാലയപ്രവർത്തനങ്ങൾ, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ എന്നീ മേഖലകളിലാണ്.





## വിദ്യാഭ്യാസദർശനം

അക്ഷരം അഗ്നിയാണെന്നും അഗ്നി ഉള്ളവന് സമൂഹത്തെ മാറ്റാനും വളർത്താനുമുള്ള ഊർജ്ജം ഉണ്ടാകുമെന്നും തിരിച്ചറിഞ്ഞതാണ് ചാവറയച്ചന്റെ മഹത്വം. സമൂഹത്തിന്റെ സമഗ്രവളർച്ചയ്ക്കും പാവപ്പെട്ടവന്റെയും അധഃസ്ഥിതന്റെയും വിമോചനത്തിനും ധാരാളം പ്രസ്ഥാനങ്ങൾ ഉണ്ടെങ്കിലും വിദ്യാഭ്യാസം പോലെ ശ്രേഷ്ഠമായ മറ്റൊന്നുമില്ല. വിദ്യകൊണ്ട് അടിസ്ഥാനമിട്ട് പണിയുന്ന സംസ്ക്കാരം ഏറ്റവും കെട്ടുറപ്പുള്ളതും മഹത്വമുള്ളതുമായിരിക്കും എന്ന് ദൈവനിവേശനത്താൽ തിരിച്ചറിഞ്ഞ ചാവറയച്ചൻ വിദ്യാഭ്യാസരംഗത്ത് മാറ്റത്തിന്റെ തിരികൊളുത്തി.

*കൊണ്ടു പോകില്ല ചോരന്മാർ*
*കൊടുക്കും തോറും ഏറിടും*
*മേന്മ നൽകും മരിച്ചാലും*
*വിദ്യതന്നെ മഹാദാനം*[9]

എന്ന തന്റെ വീക്ഷണം അദ്ദേഹം പഠിപ്പിച്ചു. കുട്ടിയായിരുന്നപ്പോൾ അക്ഷരമാല അഭ്യസിപ്പിക്കുന്നതിനുവേണ്ടി മാതാപിതാക്കൾ സഹിച്ച ബുദ്ധിമുട്ടും കഷ്ടപ്പാടും ചാവറയച്ചന്റെ ഓർമ്മയിൽ ഉണ്ടായിരുന്നു. തന്റെ ഗതികേടു ഭാവിതലമുറയ്ക്കുണ്ടാകാതിരിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസം *പ്രൊട്ടസ്റ്റന്റ്* മതപഠനമായി വ്യാഖ്യാനിച്ച് അതിനുള്ള അനുമതി നിഷേധിച്ച സഭാധികാരികളുടെ നടപടി അദ്ദേഹത്തെ ദുഃഖിപ്പിക്കുകയും ചെയ്തു. ഈ അവസ്ഥയിലാണ് *അറിവിലൂടെ അഭിവൃദ്ധി, വിദ്യാഭ്യാസത്തിലൂടെ വികസനം* എന്ന വീക്ഷണവുമായി ചാവറയച്ചൻ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കായി മുന്നോട്ടിറങ്ങുന്നത്. അഞ്ചു വിധത്തിലാണ് വിദ്യാഭ്യാസമേഖലയിൽ പരിവർത്തനം വരുത്തുന്നതിനുള്ള പദ്ധതികൾ അദ്ദേഹം നടപ്പിൽ വരുത്തിയത്. ജനങ്ങളെ പഠിപ്പിക്കേണ്ട വൈദികർ അവശ്യം വേണ്ട ജ്ഞാനമാർജ്ജിക്കുന്നതിനുവേണ്ടി നടത്തിയ സെമിനാരി സ്ഥാപനമായിരുന്നു ഒന്നാം ഘട്ടം. *കണ്ണിന്റെ വെളിവുകൂടാതെ ലോകത്തിലുള്ള വസ്തുക്കൾ കാണ്മാൻ വശമില്ലായ്കപോലെ പഠിത്വം എന്ന വെളിവു കൂടാതെ പരലോകത്തെയും അതിൽ കുടിയിരിക്കുന്ന തമ്പുരാനെയും വശമില്ലാത്തതിനാൽ*

*അറിയാൻ കണ്ണില്ലാത്തവർ കുരുടന്മാരാകുന്നു എന്നതുപോലെ പഠിത്വമി ല്ലാത്തവർ ജ്ഞാനകുരുടന്മാർ ആകുന്നു*[10] എന്ന് സർക്കുലറിലെഴുതി മാന്നാനം സെമിനാരിക്കുവേണ്ടി പണപ്പിരിവ് നടത്തിയത് അതിന്റെ ഭാഗമാ യിട്ടായിരുന്നു.

1846-ൽ മാന്നാനത്ത് സംസ്കൃതസ്ക്കൂൾ സ്ഥാപിക്കുന്നതാണ് അടുത്ത ഘട്ടം. അധികാരികളുടെ എതിർപ്പുമൂലം ഇംഗ്ലീഷ് സ്ക്കൂൾ തുടങ്ങാനുള്ള സാഹചര്യമില്ലാത്തതിനാലാണ് വൈദികർക്കും ശെമ്മാശ്ശന്മാർക്കും ജന ങ്ങൾക്കും അദ്ധ്യയനം സാദ്ധ്യമാകും വിധം തൃശൂർ സ്വദേശിയായ ഒരു വാര്യർ അദ്ധ്യാപകനായുള്ള സംസ്കൃതസ്ക്കൂളിന്റെ സ്ഥാപനം. വിപ്ലവാത്മ കമായ ഒരു ചുവടുവയ്പ്പായിരുന്നു അത്.

മാന്നാനത്ത് ആശ്രമത്തോട് അനുബന്ധിച്ച് ഒരു മലയാളം സ്ക്കൂൾ *തുരു ത്തുമാലിയുടെ കുന്നിൽ* ആരംഭിച്ചതാണ് അടുത്തഘട്ടം. പരിവർത്തിത ക്രിസ്ത്യാനികൾ പ്രധാനമായും പഠിച്ചിരുന്ന ഈ സ്ക്കൂൾ ഭംഗമില്ലാതെ നടത്തികൊണ്ടുപോകുന്നതിന് 17 പറ പുഞ്ചനിലം വിലകൊടുത്ത് അദ്ദേഹം വാങ്ങുക പോലും ചെയ്തു.[11] സ്ക്കൂളിൽ വന്നാൽ ഉച്ചയ്ക്ക് പട്ടിണിയിരിക്കേ ണ്ടിവരുന്ന ദളിത് കുട്ടികളുടെ അവസ്ഥകണ്ടിട്ടാണ് സ്ക്കൂളിൽ ഉച്ചക്കഞ്ഞി വിതരണം അദ്ദേഹം നടപ്പാക്കിയത് പതിറ്റാണ്ടുകൾ ഏറെക്കഴിഞ്ഞാണെ ങ്കിലും പിന്നീട് കേരളത്തിൽ ആ സമ്പ്രദായം വ്യാപകമാവുകയും ചെയ്തു.

1861ൽ സുറിയാനിക്കാരുടെ വികാരി ജനറാളായിരുന്ന കാലത്ത് ഇടവക കൾ തോറും വിദ്യാലയങ്ങൾ ആരംഭിക്കണമെന്നും (*പള്ളിക്കൊരു പള്ളി ക്കൂടം*) അല്ലാത്തപക്ഷം അംശമുടക്ക് കല്പിക്കുമെന്നും ഉള്ള ചരിത്ര പ്രസി ദ്ധമായ നിർദ്ദേശോത്തരവ് ആയിരുന്നു വൈജ്ഞാനികമണ്ഡലത്തിൽ ഒരു വിപ്ലവത്തിനു നാന്ദി കുറിച്ച അടുത്ത ഘട്ടം.[12] സർക്കുലർ എല്ലാ പള്ളികളി ലേയ്ക്കും അയച്ചതായിരുന്നു വിപ്ലവാത്മകമായ അടുത്ത ഘട്ടം. പള്ളികൾ ഈ കല്പന നടപ്പിൽ വരുത്തുക തന്നെ ചെയ്തു. തത്ഫലമായി പള്ളിക്കൂട ങ്ങൾ എല്ലാവർക്കും പ്രാപ്യമായ അകലത്തിലും വിധത്തിലുമായി. വിദ്യാഭ്യാസം അങ്ങനെ സാർവ്വത്രികവും ജനകീയവുമായി പരിണമിക്കുകയും ചെയ്തു.

1866 ഫെബ്രുവരി 13-ാം തീയതി കൂനമ്മാവിലാരംഭിച്ച സ്ത്രികൾക്കുവേ ണ്ടിയുള്ള സന്യാസിനീസമൂഹത്തോടനുബന്ധിച്ച് പെൺകുട്ടികൾക്കു വേണ്ടി യുള്ള ബോർഡിങ്ങും സ്ക്കൂളും സമാരംഭിക്കുന്നതിനുവേണ്ടിയുള്ള ചുവടു വയ്പുകളാണ് അടുത്തഘട്ടം. 1868ലാണ് ആ ശ്രമം യാഥാർത്ഥമായത്. ചാവ റയച്ചന്റെ വിദ്യഭ്യാസദർശനങ്ങളുടെ അതിധന്യമായ ഒരു സാഫല്യമായി രുന്നു അത്. സത്രീജനങ്ങളുടെ സർവ്വോതോന്മുഖമായ പുരോഗതിക്ക് അത് വഴിതെളിച്ചു.

വിദ്യാഭ്യാസം മികവുറ്റരീതിയിൽ നടക്കണമെങ്കിൽ അദ്ധ്യാപകൻ അന്ത സ്സോടെ ജീവിക്കണമെന്നും ചാവറയച്ചൻ മനസ്സിലാക്കിയിരുന്നു. അതു





കൊണ്ട് അവർക്ക് തുലോം മെച്ചപ്പെട്ട ശമ്പളം നല്കാൻ എപ്പോഴും ശ്രദ്ധിക്കുകയും ചെയ്തു. സേവനസ്ഥിരത നല്കി അവരെ സുരക്ഷിതരാ ക്കാനും ചാവറയച്ചൻ മറന്നില്ല.

ബഹുവിധങ്ങളായ ഈ വിദ്യാലയസംരംഭങ്ങളുടെ ചുക്കാൻ പിടിച്ചതു വഴി വിദ്യാഭ്യാസരംഗത്ത് വളരെയേറെ പുരോഗതി ഉളവാക്കാൻ ചാവറപിതാ വിനു കഴിഞ്ഞു. മറ്റൊന്നാകുമായിരുന്ന കേരളചരിത്രത്തിന്റെ ഗതി ഈ മേഖ ലയിൽ ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങൾക്കും ഉയരത്തിൽ പ്രതിഷ്ഠിത മാക്കുവാൻ അദ്ദേഹത്തിന്റെ ദീർഘദർശനങ്ങൾക്ക് കഴിഞ്ഞു.

## അച്ചടിയും പ്രസിദ്ധീകരണവും

ചാവറയച്ചന്റെ പ്രവർത്തനമേഖലകളിൽ ഏറെ പ്രാധാന്യമേറിയ ഒന്നാ യിരുന്നു അച്ചടിമാധ്യമം. ജനതയുടെ വിജ്ഞാനവ്യാപനത്തിലും വിശ്വാസ പരിശീലനത്തിലും മാധ്യമങ്ങൾക്കുള്ള സ്ഥാനം കണ്ടറിഞ്ഞ ചാവറയച്ചൻ ഒട്ടനവധി വെല്ലുവിളികളെ അതിജീവിച്ചുകൊണ്ടാണ് കേരളകത്തോലിക്ക രുടെ പ്രഥമ മുദ്രണാലയം 1846-ൽ മാന്നാനത്ത് സ്ഥാപിച്ചത്. തിരുവനന്ത പുരത്ത് ഒരു സർക്കാർ പ്രസ്സും കോട്ടയത്ത് പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ ഒരു പ്രസ്സും ഒഴികെ മറ്റൊരിടത്തും അച്ചടിശാലകൾ ഇല്ലാതിരുന്ന സാഹച ര്യത്തിലാണ് ഏറെ ത്യാഗങ്ങൾ സഹിച്ച് 1846-ൽ അദ്ദേഹം മാന്നാനത്ത് സെന്റ് ജോസഫ്സ് പ്രസ്സ് ആരംഭിക്കുന്നത്.[13] സമൂഹത്തിന് മൂല്യബോധം പകരുന്ന സന്മാർഗ്ഗിക കൃതികളും കുടുംബ ചട്ടങ്ങളും ആത്മീയകൃതികളുമായിരുന്നു ഈ പ്രസ്സിൽ അച്ചടിച്ചു തുടങ്ങിയത്. പിന്നീട് *ദീപിക* ദിനപത്രത്തിന്റെ ഈറ്റി ല്ലമായും അതു മാറി. അച്ചടിശാല സ്ഥാപിക്കുക മാത്രമല്ല, മൂല്യബോധക ങ്ങളായ കൃതികൾ രചിക്കുന്നതിലും ചാവറയച്ചൻ സമയവും ആരോഗ്യവും വിനിയോഗിച്ചു.[14] ഏതുവിധത്തിലും ദൈവജനത്തിന്റെ നന്മ കാംക്ഷിച്ച അദ്ദേ ഹത്തിന്റെ പിതൃമനസ്സാണ് ഈ ത്യാഗങ്ങൾക്കെല്ലാം പിന്നിൽ ദർശിക്കാൻ കഴിയുന്നത്.

## ആതുരസേവന വേദികൾ

*ഉപവിശാലകളും* ആതുരാലയങ്ങളും ചാവറയച്ചന്റെ പ്രവർത്തനങ്ങളുടെ മറ്റൊരു മേഖലയായിരുന്നു. സമൂഹത്തിലെ ഉപേക്ഷിക്കപ്പെട്ടവർക്കും പാവപ്പെട്ടവർക്കുമായി അദ്ദേഹം കൈനകരിയിൽ *ഉപവിശാല* ആരംഭിച്ചു. അന്നുവരെ ഇന്നാട്ടിൽ ആരും വിഭാവനം ചെയ്യാതിരുന്ന അനുകമ്പയുടെയും ആർദ്രതയുടെയും പ്രതീകങ്ങളായിരുന്നു അദ്ദേഹത്തിന്റെ ആതുരാലയ പ്രവർത്തനങ്ങൾ. വഴിയോരങ്ങളിൽ മരണത്തിന്റെ കാലൊച്ചകേട്ട് അനാഥ രായി കിടന്നവർക്ക് തുണയായി ചാവറയച്ചൻ തുടക്കമിട്ട *നന്മരണസഭ* എന്ന സംഘടന അന്നുവരെ അജ്ഞാതമായിരുന്ന പരസ്നേഹത്തിന്റെ പുതിയ

മുഖമായിരുന്നു.[15] ആരേയും ഒഴിവാക്കാനാകാത്ത സ്നേഹത്തിന്റെ അപാരതകൾ ഹൃദയത്തിൽ നിറച്ചുവച്ച ചാവറയച്ചനിൽ നിന്നും ഈ വിധത്തിലെല്ലാം അത് കവിഞ്ഞൊഴുകിക്കൊണ്ടിരുന്നു. തന്റെ ആത്മീയമക്കളിലൂടെ ആ പ്രവാഹധാര വരുംകാലങ്ങളിലേയ്ക്കു പ്രസരിച്ചെത്തുകയും ചെയ്യുന്നു.

## സ്ത്രീശാക്തീകരണ ദർശനങ്ങൾ

19-ാം നൂറ്റാണ്ടിൽ സ്ത്രീകളുടെ പരിതാപകരമായ അവസ്ഥകളെക്കുറിച്ച് വിചാരപ്പെടുവാൻ പോലും ആരുമില്ലാതിരുന്നപ്പോൾ അവർക്കുവേണ്ടി സംസാരിക്കാനും പ്രവർത്തിക്കാനും ചാവറയച്ചൻ മുന്നിട്ടിറങ്ങി. സാമൂഹിക സാംസ്ക്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ സ്ത്രീജനങ്ങൾക്ക് പുരോഗതി കൈവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സ്ത്രീകൾക്കായി അദ്ദേഹം കേരളത്തിലെ ആദ്യ സന്യാസിനീസമൂഹത്തിന് തുടക്കമിട്ടത്. ചാവറയച്ചന്റെ കത്തുകളിലേറെയും ഈ സന്യാസസമൂഹത്തിന് നിർദ്ദേശങ്ങളും ഉപദേശങ്ങളും കൊടുത്തുകൊണ്ട് എഴുതിയവയാണ്. എത്ര സ്നേഹത്തോടും ആർദ്രതയോടേയുമാണ് അദ്ദേഹം അവരെ നയിച്ചത് എന്നത് ആ കത്തുകൾ വ്യക്തമാക്കുന്നു.

സ്ത്രീകളെക്കുറിച്ച് മഹത്വപൂർണ്ണമായ ഒരു കാഴ്ചപ്പാട് അദ്ദേഹത്തിനുണ്ടായിരുന്നു. *കുടുംബത്തിന്റെ വിളക്ക്, കുഞ്ഞുങ്ങൾക്ക് രൂപം നൽകുന്നവൾ* എന്നൊക്കെയുള്ള ഉദാത്തമായ പരാമർശങ്ങൾ സ്വന്തം അനുഭവത്തിൽനിന്നുതന്നെ ഉരുത്തിരിഞ്ഞവയാണ്.[16] ദൈവത്തിന്റെ പ്രകാശത്തിൽ സ്വന്തം ജീവിതത്തെ ദർശിച്ച അദ്ദേഹം തന്റെ അസ്തിത്വത്തിനും വളർച്ചക്കും പിന്നിൽ അതിനെല്ലാം നിദാനമായിത്തീർന്ന തന്റെ അമ്മയെ കണ്ടു. *ആത്മാനുതാപത്തിൽ* അമ്മയെക്കുറിച്ച് പറയുമ്പോൾ ആയിരം നാവാണ് ചാവറപിതാവിന്. അമ്മയുടെ ഭാവങ്ങൾ പിന്നീട് കന്യാംബികയിലും തനിക്കു പ്രിയപ്പെട്ട പുണ്യവതിമാരിലും ദർശിച്ച അദ്ദേഹം അമ്മമാർക്ക്, സ്ത്രീകൾക്ക്, സമൂഹത്തിന്റെ നിർമ്മിതിയിൽ എന്തെന്തു മാറ്റങ്ങൾ വരുത്താൻ കഴിയും എന്നതിനെക്കുറിച്ച് അവബോധമുള്ളവനായിത്തീർന്നു. അനുഭവപാഠങ്ങളിൽ നിന്നും ഉയിർക്കൊണ്ട ഒരു ദർശനമായിരുന്നു ഇത്. നാനാവിധസ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് ഇറങ്ങിപ്പുറപ്പെടാൻ അദ്ദേഹത്തിന് ഇത് സഹായകമായി.

ചാവറയച്ചന്റെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ ഒന്നാമത്തേത് പെൺകുട്ടികൾക്കുകൂടി വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കിയതാണ്. സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുക എന്നത് അന്ന് ചിന്തനീയമേയല്ലായിരുന്നു എന്നോർക്കുക. ക്രാന്തദർശിയായ ചാവറയച്ചന്റെ കണ്ണുകൾ സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണ്ടറിഞ്ഞു. സ്ത്രീക്ക് വിദ്യാഭ്യാസം ലഭിച്ചാൽ കുടുംബം മാത്രമല്ല, അയൽക്കാർകൂടി വിദ്യാഭ്യാസത്തിലേക്കുള്ള വഴി കണ്ടെത്തി തുടങ്ങുമെന്ന് ചാവറയച്ചൻ മനസ്സിലാക്കി. അതിന്റെ ബലത്തിലാണ് സ്ക്കൂളുകളിൽ പഠിക്കാൻ പെൺകുട്ടികൾക്ക് പ്രത്യേകമായ സൗകര്യം ഏർപ്പെടുത്തിയിരുന്നത്.[17]





## കുടുംബദർശനം

സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബത്തിന്റെ വിളക്ക് സ്ത്രീകളായതിനാൽ അവരിലൂടെ കുടുംബത്തിനും തദ്വാരാ സമൂഹത്തിനും ഉളവാകുന്ന സത്ഫലങ്ങൾ കണ്ട അദ്ദേഹം കുടുംബനവീകരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി. ചാവറയച്ചൻ കുടുംബത്തെ നിർവ്വചിച്ചിട്ടുള്ളത് ഇങ്ങനെയാണ്:

*ഒരു നല്ല ക്രിസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന്റെ ദൃശ്യമാകുന്നു. കുടുംബത്തിന്റെ ന്യായമെന്തെന്നാൽ ചോരയാലും സ്നേഹത്താലും തമ്മിൽ തമ്മിൽ കെട്ടപ്പെട്ട പല ആളുകളും കാരണവന്മാരുടെ മേലെ ആചാരവും കീഴ്വഴക്കവും അനുസരിച്ച് തമ്പുരാനോടും മനുഷ്യരോടും സമാധാനമായി നടക്കുകയും അവരവരുടെ അന്തസ്സിനുതക്കവണ്ണം നിത്യഗതിയെ പ്രാപിക്കുന്നതിന് പ്രയത്നം ചെയ്ത് കൂട്ടമായി നടക്കുകയും ചെയ്യുന്നതാകുന്നു.*[18]

ഉത്തമ കുടംബങ്ങളിൽ അവശ്യമുണ്ടായിരിക്കേണ്ട അഞ്ചു ഘടകങ്ങൾ ചേർന്നതാണ് ഈ നിർവ്വചനം. *സ്നേഹത്താലുള്ള പരസ്പരബന്ധം, കാരണവന്മാരോടുള്ള ബഹുമാനം, അവരെ അനുസരിക്കൽ, എല്ലാവരോടും സമാധാനത്തിൽ വർത്തിക്കൽ, സ്വന്തം അന്തസിന് അനുയോജ്യമാംവണ്ണം സ്വർഗ്ഗപ്രാപ്തിക്കായി പ്രയത്നിക്കൽ* എന്നിവയാണവ. ഇതിൽ പ്രധാനപങ്ക് വഹിക്കുവാൻ കഴിയുക സ്ത്രീകൾക്കാണ്. ലോകം ചരിക്കുന്നത് കുടുംബങ്ങൾക്ക് പിന്നാലെയാണെന്ന് കൃത്യമായി മനസ്സിലാക്കിയ ദൈവീക മനുഷ്യനായിരുന്നു ചാവറയച്ചൻ. സർവ്വലോകത്തിനും കിട്ടേണ്ട നന്മയുടെ സ്രോതസ്സ് കുടുംബങ്ങളാണെന്ന തിരിച്ചറിവാണ് ഒരു പ്രത്യേക കുടുബദർശനം ലോകത്തിലെ എല്ലാ കുടുംബങ്ങൾക്കുമായി സമ്മാനിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഉണ്ടാകാൻ സാദ്ധ്യതയുള്ള എല്ലാ കുടുംബപ്രശ്നങ്ങൾക്കും പരിഹാരങ്ങൾ നിർദ്ദേശിക്കാൻ ചാവറയച്ചന് കഴിഞ്ഞത് കുടുംബങ്ങൾക്കു വേണ്ടിയുള്ള പ്രത്യേകദൂതനായി ദൈവം അദ്ദേഹത്തെ തിരഞ്ഞെടുത്തതുകൊണ്ടാണ്. 1868ൽ അദ്ദേഹം എഴുതിയ *ഒരു നല്ല അപ്പന്റെ ചാവുരുൾ* ആ പുണ്യപുരുഷൻ വഴി ദൈവം കുടുംബങ്ങൾക്കു തന്നെ ദിവ്യമാർഗ്ഗദർശനമാണ്.[19]

ഭിന്നിക്കപ്പെടുന്ന കുടുംബങ്ങളിലുളവാകുന്ന നാശവും, കേസും വ്യവഹാരവുമായി കോടതികൾ കയറിയിറങ്ങി കുത്തുപാളയെടുക്കുന്ന കുടുംബങ്ങളുടെ ദുരവസ്ഥയും മുൻകൂട്ടി കണ്ടുകൊണ്ടാണ് അദ്ദേഹം

*സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു. എത്ര ന്യായമുള്ള സംഗതികളെക്കുറിച്ചായിരുന്നാലും സർക്കാരിൽ പോകാതിരിക്കുകയാണ് നന്ന്, എന്ന കടശ്ശി പറയുവാൻ ഇടയാകുകയും ചെയ്യും*[20] എന്ന് മുന്നറിയിപ്പു തരുന്നത്. സ്വത്തിന്റെ പേരിൽ സഹോദരങ്ങൾ തമ്മിൽ കേസുകൊടുത്ത് കോടതികൾ കയറിയിറങ്ങുന്നതും ഉള്ള സ്വത്ത് വ്യവഹാരത്തിൽ നശിപ്പിക്കുന്നതും അദ്ദേഹം മുൻകൂട്ടി മനസ്സിൽ കണ്ടിരിക്കണം. ഈ വാക്കുകൾ ശ്രദ്ധയോടെ പാലിക്കുവാൻ മനസ്സുവച്ചിരുന്നെങ്കിൽ എത്രയോ കുടുംബങ്ങൾക്ക് തകർച്ചയിൽ നിന്നു കരകയറി സമാധാനത്തിലും സ്വച്ഛതയിലും കഴിയാനിടവരുമായിരുന്നു എന്നോർത്തു നോക്കുക.

വ്യക്തിത്വസംഘട്ടനങ്ങൾ കുടുംബങ്ങളുടെ മറ്റൊരു ദുർഃഗതിയാണ്. വ്യക്തിവികാസ ചിന്തകൾ പരമകാഷ്ഠയിലെത്തുകയും സമ്പൂർണ്ണവ്യക്തിബോധം ശക്തമാവുകയും ചെയ്തതോടെ *ഞാനോ നീയോ വലുതെ*ന്നു നിർണ്ണയിക്കാനുള്ള ത്വര കുടുംബങ്ങളിൽ ഏറി വന്നു. മനസ്സിന്റെ ഐക്യം അന്യമായി; ഭാര്യാഭർതൃബന്ധം തകർന്നുതരിപ്പണമാകുവാൻ തുടങ്ങി. മനസ്സുകളെ ആ വെറിയിൽ നിന്ന് സ്വതന്ത്രമാക്കുകയും മറ്റുള്ളവരെ അംഗീകരിക്കാനും വിലമതിക്കാനും കഴിയുന്ന ഭാവം ആർജ്ജിക്കുവാൻ പ്രാപ്തമാക്കുകയും ചെയ്യുമ്പോൾ മാത്രമേ മനസമാധാനവും  കുടുംബഭദ്രതയും സംജാതമാകുകയുള്ളൂ. ഒരേ കൂരയ്ക്കു കീഴിൽ കഴിയുന്ന ശത്രുക്കളുടെ കൂട്ടമായി കുടുംബാംഗങ്ങൾ മാറുന്ന അവസ്ഥയ്ക്ക് അവസാനമുണ്ടാകൂ. ക്ഷമ ശക്തിയുടെ അടയാളമാണെന്നും താഴ്മയുള്ളവരാണ് യഥാർത്ഥത്തിൽ മഹത്വമുള്ളവരെന്നും ചാവറയച്ചൻ പഠിപ്പിക്കുന്നത് ഈ നന്മ മനസ്സിൽ ധ്യാനിച്ചിട്ടാണ്.[21]

മക്കളെ ദൈവം മാതാപിതാക്കളെ ഭരമേല്പിച്ച നിക്ഷേപം ആയിക്കണ്ടതുകൊണ്ടാണ് ചാവറയച്ചൻ എത്രയും ജാഗ്രതയോടെ അവരെ പരിരക്ഷിക്കണമെന്നാവശ്യപ്പെടുന്നത്. ഈ നിക്ഷേപവുമായി ഏറ്റവും ഇടപെടുന്നതും അതിനെ പരിപോഷിപ്പിച്ചും കാത്തുസൂക്ഷിച്ചും ജാഗ്രതയോടെ നിലനിറുത്തുന്നതും ഏറിയ പങ്കും അമ്മമാരാണ്. അതിനാൽത്തന്നെ തങ്ങളുടെ ആദൗത്യത്തെപ്പറ്റി അവബോധമുള്ളവരായിരിക്കണം സ്ത്രീകൾ.

ജീവിതത്തിൽ ലാഭം നേടാനല്ല, മാനുഷികതയിൽ ജീവിച്ച് ജീവിതത്തെ ലാഭമാക്കാനാണ് അവർ മക്കളെ പഠിപ്പിക്കേണ്ടത്. *പെൺപൈതങ്ങളെ ചമയിച്ചു നടത്തുന്നതും അന്തസ്സും പ്രാപ്തിയും കവിഞ്ഞുള്ള നിഗളത്തിനടുത്ത ഉടുപ്പം ആഭരണങ്ങളും ഇടവിച്ച് നടത്തുന്നതും എത്രയോ ആത്മാക്കളിൽ നരകത്തീയ് കത്തിക്കുന്നു* എന്ന് അദ്ദേഹം പറയുന്നു.[22] പെൺമക്കളെ അണിയിച്ചൊരുക്കി വില്പനചരക്കുകളായി സമൂഹമദ്ധ്യത്തിലേയ്ക്ക് ഇറക്കിവിടുന്ന ഇന്നത്തെ അമ്മമാരെ നൂറ്റാണ്ടുകൾക്കു മുമ്പേ അദ്ദേഹം മനസ്സിൽ കണ്ടു. അമ്മമാർ നിശ്ചയിച്ചുറപ്പിച്ചാൽ മാത്രമേ പെൺകുട്ടികൾ ഈ ദുരന്തങ്ങളിൽ





നിന്നും രക്ഷപ്പെടൂ എന്ന സത്യം അദ്ദേഹം മുന്നറിയിപ്പായി അന്നേ ചൂണ്ടിക്കാട്ടുകയായിരുന്നു.

മക്കളെ ഉപദേശിക്കേണ്ടവരല്ല, മാതൃക നല്കി പഠിപ്പിക്കേണ്ടവരാണ് മാതാപിതാക്കൾ. പരസ്പരം ബഹുമാനിക്കാൻ മക്കൾ പഠിക്കുന്നത് മാതാപിതാക്കളുടെ പരസ്പരബഹുമാനം കണ്ടിട്ടാണ്, *പിള്ളപ്പട, തള്ളപ്പട*യായി മാറരുത് എന്ന് ശക്തിയായി മുന്നറിയിപ്പു തന്നിട്ടുണ്ട് ചാവറയച്ചൻ. കുട്ടികൾ തമ്മിലുള്ള വഴക്കുകൾ ഒരു കാരണവശാലും മാതാപിതാക്കൾ ഏറ്റുപിടിക്കരുത്. കുട്ടികളുടെ കാര്യത്തിൽ തലയിട്ട് അതിനെ ഊതിപെരുപ്പിക്കുന്ന മാതാപിതാക്കളും പൈതങ്ങളാണ് എന്നാണ് ചാവറഭാഷ്യം.[23] നന്നായി വളർത്തപ്പെടുന്ന കുട്ടികൾ നല്ല കുട്ടികളായിത്തീരും. സ്നേഹം കൊടുത്തു വളർത്തുന്ന കുട്ടികൾ സ്നേഹിക്കുന്നവരുമായിരിക്കും. കുട്ടികൾ നാളത്തെ സമൂഹമാണെന്നും ലോകത്തിന്റെ ഭാവി അവരുടെ കൈയ്യിലാണെന്നുമുള്ള ജാഗ്രത ഇന്നത്തെ തലമുറയ്ക്കു വേണം.

ഒരു കുടുംബം മുഴുവനും അധാർമ്മികമായി നശിക്കുന്നതിനു ഭാര്യ ഇടവരുത്തുമെങ്കിൽ, ആ സ്ത്രീയുടെ നേർവഴിയ്ക്കുള്ള സാന്മാർഗ്ഗിക ബോധത്തിന് അതിന് വിപരീതഫലങ്ങൾ സൃഷ്ടിക്കുവാനും കഴിവുണ്ട്. 1868 കളിൽ ഈ സത്യം ബോദ്ധ്യപൂർവ്വം സമൂഹധാരയിൽ ഇഴചേർക്കുന്നതിന്റെ ഭാഗമായിട്ടാണ് ബാലികമാർക്കും പെൺപൈതങ്ങൾക്കും *എദുക്കന്താത്ത്, പള്ളിക്കൂടങ്ങൾ* എന്നിവ അദ്ദേഹം സ്ഥാപിക്കുന്നത്. കന്യാസ്ത്രീ മഠങ്ങളിലൂടെ സഭാതനയരായ പെൺകുഞ്ഞുങ്ങൾ അടിമത്തത്തിന്റെ ചങ്ങലകൾ ഭേദിക്കുന്നതിനുവേണ്ടികൂടിയായിരുന്നു അത്. വിശുദ്ധിയും വിജ്ഞാനവും കൈകോർത്താലേ ചാവറയച്ചൻ വിഭാവനം ചെയ്ത ലക്ഷ്യം സാക്ഷാത്കൃതമാകൂ.[24] അതിനായി ഒരു *കുടുംബചട്ടം* തന്നെ അദ്ദേഹം എഴുതിയുണ്ടാക്കുകയും ചെയ്തു.

*കുടുംബചട്ട*ത്തിൽ ചാവറയച്ചൻ നൽകുന്ന പരിശീലനക്രമങ്ങൾ തന്റെ അമ്മ തന്നെ പഠിപ്പിച്ച മാതൃകയെ മുൻനിർത്തിയുള്ളതാണ്: *മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ കൂടെക്കൂടെ തമ്പുരാനു കാഴ്ചവയ്ക്കുകയും അവരെ ഈശോ മറിയം യൗസേപ്പിന്റെ മദ്ധ്യസ്ഥതയിൽ ഏല്പിക്കുകയും അവർക്കുവേണ്ടി കൂടെക്കൂടെ അപേക്ഷിക്കുകയും വേണം. അമ്മയുടെ അപേക്ഷ ഉണ്ണിയുടെ അപേക്ഷപോലെ ദൈവം കൈക്കൊള്ളും.*[25] അമ്മയുടെ അപേക്ഷയുടെ പ്രാധാന്യം ഇവിടെ വ്യക്തമാക്കുന്ന അദ്ദേഹം മക്കളുടെ പരിശീലനത്തിൽ അമ്മമാർക്കുള്ള പങ്കിനെ ഊന്നിപ്പറയുകയാണ്.

പെൺകുട്ടികളുടെ പരിശീലനത്തെക്കുറിച്ച് *മക്കളെ വളർത്തൽ* എന്ന ഉപദേശത്തിൽ 11-ഉം 12-ഉം ഖണ്ഡികയിൽ അദ്ദേഹം എടുത്തുപറയുന്നുണ്ട്. സംസ്കാരമഹിമയിലും കുലീനതയിലും അവർ വളരുന്നതിനാവശ്യമായ പാഠങ്ങളാണ് അവിടെ നൽകിയിരിക്കുന്നത്.[26] മക്കളുടെ അന്തസ്സ് തിരഞ്ഞെടുക്കുന്ന

കാര്യത്തെക്കുറിച്ച് പറയുമ്പോഴും പെൺകുട്ടികളെ അദ്ദേഹം വിലമതിക്കുന്നു എന്നതിനു തെളിവാണ് *വിവാഹത്തിന് അവരുടെ സമ്മതം വാങ്ങിയിരിക്കണം* എന്ന് നിഷ്ക്കർഷിക്കുന്നത്. മക്കൾ അമ്മമാരെ എപ്രകാരം ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്യണം എന്നതിനു ദൃഷ്ടാന്തമായി അദ്ദേഹം ഒരു കഥ പറയുന്നുണ്ട്:

*ജപ്പാൻ എന്ന രാജ്യത്തിൽ ഒരമ്മയ്ക്ക് മൂന്നു മക്കൾ ഉണ്ടായിരുന്നു. ദരിദ്രരായ അവർക്ക് അമ്മയെ സംരക്ഷിക്കാൻ ഒരു നിവൃത്തിയുമില്ലാതെ വന്നു. കള്ളന്മാരെ തൂക്കിക്കൊല്ലണമെന്നും കള്ളന്മാരെ പിടിച്ചുകൊടുക്കുന്നവർക്ക് വലിയ ഇനാം നൽകപ്പെടുമെന്നും അവിടെ നിയമമുണ്ടായിരുന്നു. ഇതറിഞ്ഞ ഈ മൂന്നു മക്കളിൽ ഒരാൾ സ്വയം കള്ളനാണെന്ന് ഭാവിക്കുകയും മറ്റു രണ്ടുപേർ പരസ്പരധാരണയോടെ അയാളെ സർക്കാരിലേല്പിച്ച് ഇനാം വാങ്ങിക്കുകയും ചെയ്തു. ആ ഇനാം അമ്മയുടെ സംരക്ഷണത്തിനായാണ് അവർ ലക്ഷ്യമാക്കിയത്. എന്നാൽ അവരുടെ പരസ്പരം വിടപറയലിന്റെ രംഗം കണ്ട അധികാരി കള്ളനു നേരെ അവർക്കുള്ള അലിവിന്റെയും സ്നേത്തിന്റെയും കരുതൽ കാരണം ആരാഞ്ഞു. അവർ നിജസ്ഥിതിയും അതിനുഹേതുവായ തങ്ങളുടെ ദാരിദ്ര്യസ്ഥിതിയും അദ്ദേഹത്തെ ബോധിപ്പിച്ചു. ഇതറിഞ്ഞ രാജാവ് കള്ളനായി സ്വയം പതിച്ചുനൽകിയവനെ വിട്ടയക്കുകയും അമ്മ മരിക്കുന്നതുവരെ അവരുടെ സംരക്ഷണത്തിനുവേണ്ട വക കൊട്ടാരത്തിൽനിന്നു കൊടുക്കുകയും ചെയ്തു.*[27]

അമ്മയുടെ മൂല്യം അമൂല്യമാണെന്നും മക്കളുടെ ജീവൻ അവർക്കു കടപ്പെട്ടതാണെന്നും അദ്ദേഹം അനുസ്മരിപ്പിക്കുന്നു. മഹിമയുള്ളവളും ആദരം അർഹിക്കുന്നവളുമായി സ്ത്രീയെ കണ്ട ചാവറയച്ചൻ പുരുഷന്മാരോടൊപ്പം എല്ലാ കാര്യങ്ങളിലും അവൾക്ക് തുല്യത നൽകി. പുരുഷന്മാർക്കുള്ള സന്യാസസമൂഹസ്ഥാപനം യാഥാർത്ഥ്യമായ ഉടനെതന്നെ സ്ത്രീകൾക്കുവേണ്ടിയുള്ള സന്യാസിനീസമൂഹസ്ഥാപനത്തിന് അദ്ദേഹം മുൻകൈ എടുത്തതും അതുകൊണ്ടാണ്. സമകാലികനും, പിൻഗാമിയുമായ പോരൂക്കര കുര്യാക്കോസച്ചൻ കന്യാസ്ത്രീകളെച്ചൊല്ലിയുള്ള ചാവറയച്ചന്റെ കരുതലിനെപ്പറ്റി ഇപ്രകാരം പ്രതിപാദിക്കുന്നു:

*യാക്കോ പിതാവ് കടശ്ശിപുത്രനായ ബെന്യാമിനെ അധികം സ്നേഹിച്ചതുപോലെ അവരെ ഏറ്റമായി സ്നേഹിക്കുകയും തള്ള മക്കളെ വളർത്തുന്നതുപോലെ വളർത്തി പരിപാലിച്ചു വരികയും ചെയ്തുവന്നിരുന്നു.*[28]

വിശ്വത്തോളം വിശാലമായ മാതൃഭാവത്തിന്റെ ദിവ്യത്വം തെളിഞ്ഞു നിൽക്കുക *ലോകത്തിൽ പിറന്ന എല്ലാ മക്കളും എന്റെ സ്വന്തം മക്കൾ* എന്ന മനോഭാവത്തിൽ എത്തി നിൽക്കുമ്പോഴാണ്. ഇന്നിന്റെ ദുരിതങ്ങൾക്ക് അറുതി വരുത്താൻ ഈ സ്നേഹമാണാവശ്യം. ഈ ദിവ്യസ്നേഹത്തിന്റെ മാന്ത്രികവലയത്തിൽ ഭർത്താവിനോടും സ്വന്തം മക്കളോടുമൊപ്പം മറ്റുള്ള





എല്ലാ സഹജീവികളേയും സ്വന്തക്കാരായി കാണ്മാൻ കഴിയുമ്പോൾ കുടുംബങ്ങൾ രക്ഷപ്പെടുന്നു. ഒപ്പം സമൂഹവും. മക്കൾക്കെല്ലാം അമ്മമാർ ഈ മന്ത്രം ഓതിക്കൊടുത്ത് വിശ്വമൈത്രീഭാവത്തിൽ അവരെ വളർത്തിയെടുത്താൽ പരസ്പര സ്പർദ്ധയുടെ ഘോരാഗ്നിയിൽ സമൂഹം എരിഞ്ഞടങ്ങുകയില്ല. ചാവറയച്ചൻ വിഭാവനം ചെയ്ത സ്നേഹവിപ്ലവം ഇതുതന്നെയാണ്. അതു സ്ത്രീകളിൽ നിന്നുതന്നെ പുറപ്പെടുമ്പോൾ അതിന്നു പതിവിലേറെ ശക്തികാണും. അമ്മയുടെ സ്വാധീനത്തിനു തുല്യം മറ്റൊന്നില്ലാത്തതുതന്നെ കാരണം.

എല്ലാവരും ഏകോദര സഹോദരങ്ങളാണെന്ന സത്യം അമ്മയിൽ നിന്നും എന്നും കേട്ടുവളരുന്ന മക്കൾ ഏതു മതത്തിലും ജാതിയിലും ജനിച്ചുവളർന്നാലും മറ്റുള്ളവരെയെല്ലാം സ്നേഹിക്കാൻ പഠിച്ചിരിക്കും. ചെറിയകാര്യങ്ങളുടെ ആകെത്തുകയായ മനുഷ്യജീവിതത്തിന്റെ നാനാവിധ പ്രശ്നങ്ങൾക്കും അത് പരിഹാരമാകും. മുറിച്ചുകൊടുക്കാനോ പകുത്തുനൽകാനോ സാദ്ധ്യമാവാത്ത അമ്മയുടെ വിശാലസ്നേഹം മാത്രം അതിൽ ഹൃദയധാരയായി പ്രത്യക്ഷപ്പെടും. തിന്മയുടെ ശക്തികളുണ്ടാക്കുന്ന വൻ നാശങ്ങൾക്കു അത് പ്രതിരോധമാകും, കുടുംബത്തേയും സമൂഹത്തേയും കാത്തുസൂക്ഷിക്കുന്ന രക്ഷാമാർഗ്ഗമായി അതു മാറും. ആ വിധം പ്രസരിക്കുന്ന വിശ്വസ്നേഹം തന്നെയാണ് യഥാർത്ഥ സ്ത്രീശാക്തീകരണം. ചാവറപിതാവിന്റെ സ്നേഹവിപ്ലവത്തിന്റെ കാതലും അതുതന്നെയത്രേ.[29]

സദാ ദൈവകേന്ദ്രീകൃതമായിരുന്ന ചാവറയച്ചന്റെ വ്യക്തിസത്ത അന്യാദൃശമായ ദർശന സമൃദ്ധികൊണ്ടും അവ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി നടത്തിയ അവിശ്രാന്ത പരിശ്രമങ്ങൾ കൊണ്ടും കാലാതിവർത്തിയായി മാറി. ചരിത്രം നമസ്ക്കരിക്കുന്ന ആ ധന്യദർശനങ്ങളുടെ വാസ്തവികതയും ബലക്ഷമതയും കാലം അംഗീകരിക്കുകയും അതിന്റെ അർത്ഥവ്യാപ്തി സമൂഹജീവിതത്തിൽ കൂടുതൽ പ്രസരിക്കുവാനനുവദിക്കുകയുമാണ് ചെയ്യേണ്ടത്. അദ്ദേഹത്തിന്റെ ദർശനങ്ങൾ, അതിനു നിദാനമായി ആ ഹൃദയത്തിൽ സദാ ജ്വലിക്കുന്ന സ്നേഹമായി അദ്ദേഹം കൊളുത്തിവച്ച ദീപപ്രഭ, നമ്മുടെയും വരാനിരിക്കുന്നവരുടെയും ഹൃത്താരുകളെ പ്രഫുല്ലമാക്കാനായി കൂടുതൽ സുതാര്യതയുള്ളവരായി തീരുകയാണ് ആ ഋഷിയോഗിക്കു നമുക്കു നൽകാനാവുന്ന നന്ദിപ്രണാമം. കണ്ണ് നമ്മുടെ ഉള്ളിലിരുന്ന് നമുക്കുവേണ്ടിയും അപ്പോൾ കാഴ്ചകൾ കണ്ടുതുടങ്ങും. നാമും ദർശനങ്ങളുടെ മനുഷ്യരാകും. അതാകും ആ ദിവ്യാത്മാവിന് സായൂജ്യമാകുന്ന നൈവേദ്യാർപ്പണം.

■

## പരാമർശ സൂചിക


1. *ധ്യാനസല്ലാപങ്ങൾ*, പേജ്. 19.
2. ആത്മാനുതാപം, II, 141-146.
3. കുര്യാക്കോസ് ഏലിയ വടക്കേത്ത്, ചാവറ ആദ്ധ്യാത്മികത, ദനഹാ സർവ്വീസസ്, കോട്ടയം, 2005, പേജ്. 150.
4. *Ibid.*, p.150-151.
5. *ആത്മാനുതാപം*, I, 1-4; 13-16.
6. *ചാവറകത്തുകൾ*, IX/ 6, പേജ്. 142.
7. ച.സ.കൃ.,*നാളാഗമങ്ങൾ*, പേജ്. 15.
8. *ചാവറകത്തുകൾ*, IX/ 6, പേജ്. 144.
9. എൻ. ആർ. ഗോപിനാഥപിള്ള(എഡി.), *ഉള്ളൂരിന്റെ തിരഞ്ഞെടുത്ത കവിതകൾ*, ഡി. സി. ബുക്ക്സ്, കോട്ടയം, 2000, പേജ്. 785.
10. *ചാവറകത്തുകൾ*, IX/2, പേജ്. 129.
11. പാറപ്പുറം വർക്കിയച്ചൻ, *കൂനമ്മാവ് മാർ യൗസേപ്പുണ്യവാന്റെ കൊവേന്തയുടെ നാളാഗമം*, വാല്യം V, ആർക്കൈവ്സ്, സി.എം.സി. ജനറലേറ്റ്, ആലുവ, പേജ്. 128-129.
12. വലേരിയൻ, *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം*, മാന്നാനം, 1939, പേജ്. 137.
13. എ. ശ്രീധരമേനോൻ, കാലത്തിന് മുമ്പേ നടന്ന നവോത്ഥാന നായകൻ, *സുകൃതം സ്മര*, ബേസ്റൗമ.
14. സി. ഗോവിന്ദപിള്ള, *സുറിയാനിയിൽനിന്നൊരു നവോത്ഥാന നായകൻ*, ദീപിക സ്പെഷ്യൽ, *op.cit.*, പേജ്. 171.
15. പോരൂക്കര കുര്യക്കോസച്ചൻ, *op.cit.*, പേജ്. 35 -36.
16. ജോസ് ചിറ്റിലപ്പിള്ളി ( ed),ചാവറ ജീവിത ദർശനം, സി.എം.ഐ. വിദ്യാഭ്യാസ വകുപ്പ്, കാക്കനാട്, 2007, പേജ്. 53.
17. എം.കെ. സാനു, *കേരള നവോത്ഥാനത്തിലെ ശുക്രനക്ഷത്രം, quoted in ibid.*, പേജ്. 20.
18. ചാവറകുര്യാക്കോസ് ഏലിയാസച്ചൻ, *ഒരു നല്ല അപ്പന്റെ ചാവരുൾ*, മാന്നാനം, 16-ാം പതിപ്പ്, 1977,പേജ്.4.
19. *ചാവറകത്തുകൾ*, IX/6-7, പേജ്. 136.
20. *Ibid.*, IX/6, പേജ്. 138-139.
21. cf. *Ibid.*,പേജ്.137-138.
22. *Ibid.*, പേജ്. 149.
23. *Ibid.*
24. കുര്യാക്കോസ് ഏലിയ വടക്കേത്ത്, *op.cit.*, പേജ്. 670.
25. *ചാവറകത്തുകൾ*, IX/6, പേജ്. 147.
26. *Ibid.*, പേജ്.149.
27. *Ibid.*, പേജ്. 150-151.
28. വലേരിയൻ, *op.cit*, പേജ്. 209.
29. മോനമ്മ കോക്കാട്, *ചാവറയച്ചന്റെ സ്നേഹവിപ്ലവവും ചില സ്ത്രീശാക്തീകരണ ചിന്തകളും*, ദീപിക സ്പെഷ്യൽ, *op.cit*, പേജ്. 148.




### അഞ്ച്

# ആത്മദാനം പകരുന്ന ശക്തി

*യഥാർത്ഥത്തിൽ ചിന്തയിലും പ്രവൃത്തിയിലും സ്ത്രീകൾ അനന്യവും നിർണ്ണായകവുമായ ഒരു സ്ഥാനം അലങ്കരിക്കുന്നു.*[1] സ്ത്രീയുടെ ഈ സ്ഥാനം തിരിച്ചറിയുകയും അംഗീകരിക്കുകയുമാണ് മാറ്റത്തിലേയ്ക്കുള്ള പ്രഥമ ചുവടുവയ്പ്. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഈ വസ്തുത ഉന്നിപ്പറഞ്ഞിട്ടുണ്ട്:

*സ്ത്രീയുടെ വ്യക്തിപരമായ അന്തസ്സ് തുറന്ന് അംഗീകരിക്കുക എന്ന താണ്, സഭാജീവിതത്തിലും സാമൂഹികജീവിതത്തിലും പൊതുജീവിത ത്തിലും സ്ത്രീകളുടെ പങ്കാളിത്തം ഉയർത്താൻ ആവശ്യമായ ആദ്യനടപടി.*[2]

ഈ തിരിച്ചറിവ് 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ തന്നെ, അന്നേ കേരള ക്കരയിലെ നിറസാന്നിദ്ധ്യമായിരുന്ന ചാവറപിതാവിന്റെ തിളക്കമാർന്ന പ്രവർത്തനങ്ങളിൽ ആദ്യന്തം പ്രസരിച്ചു തെളിഞ്ഞുനിന്നിരുന്നു. സ്ത്രീശാ ക്തീകരണ വിപ്ലവത്തിന് ഊർജ്ജം പകരാൻ സ്ത്രീയെ ഉണർത്തുകയും പുരോഗതിയിലേക്ക് ഉയർത്തുകയും വേണം എന്ന ദർശനമായിരുന്നു അത്. വിപരീത സാഹചര്യങ്ങളെ അതിജീവിച്ച് വിജയം വരിക്കുവാനുള്ള സ്ത്രീയുടെ നിശ്ചയദാർഢ്യത്തിന്റെയും കഠിനാദ്ധ്വാനത്വരയുടെയും പ്രാപ്തി സാക്ഷ്യമായാണ് എല്ലാ അർത്ഥത്തിലും സ്ത്രീശാക്തീകരണം ലക്ഷ്യം വച്ചുള്ള കേരളത്തിലെ ആദ്യ സന്യാസിനീസമൂഹത്തിന്റെ പിറവി പരിവൃത്തംപോലും. വ്യക്തിപരമായ വികസനത്തോടൊപ്പം മുഖ്യമായി സമൂ ഹത്തിന്റെ വിമോചനത്തെപ്പറ്റിയുള്ള സ്വപ്നങ്ങൾക്കു പ്രാധാന്യം നൽകുന്ന ഒരു തലമുറയെ സൃഷ്ടിക്കുക എന്ന വ്യക്തമായ ദർശനത്തോടുകൂടിയാ യിരുന്നു സന്യാസിനീ സമൂഹത്തിന്റെ സ്ഥാപനവും തുടർപ്രസരണവും.

സ്ത്രീകളെക്കുറിച്ച് മഹത്വപൂർണ്ണമായ ഒരു കാഴ്ചപ്പാടും സ്ത്രീയുടെ ശക്തിയെക്കുറിച്ചുള്ള കൃത്യമായ അവബോധവും ചാവറയച്ചനുണ്ടായിരുന്നു. സമൂഹത്തിന്റെ, പ്രത്യേകിച്ച് സ്ത്രീകളുടെ, വരുംകാല പ്രശ്നങ്ങൾ മുൻകൂട്ടി

കണ്ട യുഗപുരുഷനായിരുന്നു അദ്ദേഹം. പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ ഗണത്തിൽ തഴയപ്പെട്ടിരുന്ന സ്ത്രീജനങ്ങളെ അന്തസ്സും ആഭിജാത്യവും പകർന്ന് സാമൂഹിക ഘടനയിൽ സ്ഥാനവും മതിപ്പും ഉള്ളവരാക്കി മാറ്റുക എന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. സ്ത്രീകളുടെ അവശതകൾ നീക്കാൻ സ്ത്രീകളിൽ നിന്നുതന്നെ ഒരു സമൂഹത്തെ രൂപപ്പെടുത്തുകയായിരുന്നു ലക്ഷ്യം. സ്ത്രീശാക്തീകരണ വിപ്ലവത്തിലൂടെ മാത്രമേ ആ ലക്ഷ്യം സാധിതമാകൂ എന്ന് ക്രാന്തദർശിയായ അദ്ദേഹം തിരിച്ചറിഞ്ഞു. സ്ത്രീശാക്തീകരണ വിപ്ലവത്തിന്റെ അന്തഃസത്തയായ വിശ്വമാതൃത്വം സ്വന്തമാക്കുന്ന സ്ത്രീയ്ക്കു മാത്രമേ സ്നേഹം പകർന്നുകൊടുക്കുവാനും എല്ലാവരേയും ഒന്നിപ്പിക്കുന്ന വിശ്വസ്നേഹത്തിന്റെ കണ്ണിയാകാനും കഴിയൂ എന്ന് അദ്ദേഹം മനസ്സിലാക്കി. സ്ത്രീയുടെ സ്നേഹശക്തി ചലനാത്മകമാണ്. ആദ്ധ്യാത്മിക മണ്ഡലത്തിലും, സേവന മണ്ഡലത്തിലും ഒരുപോലെ ക്രിയാത്മകവും പരിവർത്തനാത്മകവും നിർമ്മാണപരവുമാണ്. അടിച്ചമർത്തലിന്റെ പഞ്ജരങ്ങളിൽ നിന്നും സ്വതന്ത്രരാക്കി സ്വന്തം ശക്തിയിൽ, സിദ്ധികളിൽ സ്വയം ഉണരാൻ അവർക്കു പ്രചോദനം പകരുകയായിരുന്നു അതിനാവശ്യം. ആ പ്രക്രിയക്ക് ആക്കം കൂട്ടാൻ സ്ത്രീകളുടെ നേതൃനിരയ്ക്കു മാത്രമേ സാധിക്കൂ.

ദൈവചൈതന്യത്തിലെല്ലാം സ്വന്തം ജീവിതപ്രകാശത്തെ ദർശിച്ച ചാവറയച്ചൻ തന്റെ അസ്തിത്വത്തിനും വളർച്ചയ്ക്കും പിന്നിൽ അതിനെല്ലാം നിദാനമായി നിന്ന തന്റെ അമ്മയെ കണ്ടു. സ്ത്രീക്ക്, അമ്മക്ക്, സമൂഹത്തിന്റെ നിർമ്മിതിയിൽ എന്തെന്തു മാറ്റങ്ങൾ വരുത്താൻ കഴിയും എന്നതിനെക്കുറിച്ച് തികഞ്ഞ അവബോധമുള്ളവനായിരുന്നു അദ്ദേഹം. അനുഭവ പാഠങ്ങളിൽ നിന്നും തന്നെ ഉയിർക്കൊണ്ട ഒരു ദർശനമായിരുന്നു ഇത്. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് ഇറങ്ങിപ്പുറപ്പെടാൻ അത് അദ്ദേഹത്തിന് പ്രേരകമായി; സഹായകമായി.

സ്ത്രീവിദ്യാഭ്യാസവും, സ്ത്രീയുടെ മുഖ്യധാരയിലേയ്ക്കുള്ള കടന്നുവരവും അചിന്ത്യമായിരുന്ന ഒരു കാലമായിരുന്നു 19-ാം നൂറ്റാണ്ടിലെ കേരളം. ധനിക കുടുംബങ്ങളിൽ പോലും സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷിദ്ധമായിരുന്നു. ഈ ദുഃസ്ഥിതിയിൽ നിന്നുള്ള സ്ത്രീകളുടെ ഉയർത്തെഴുന്നേൽപ്പിന് സ്ത്രീകളെത്തന്നെ മുൻപിട്ടു നിർത്തുവാനാണ് ചാവറയച്ചൻ ശ്രമിച്ചത്. അതാവട്ടെ ആ കാലത്തിന് അതീതമായ വെല്ലുവിളിയുമായിരുന്നു. വിദ്യാഭ്യാസം നേടുക മാത്രമല്ല, സ്വയംപര്യാപ്തതയ്ക്കുതകുന്ന തയ്യൽ, റേന്തപ്പണി, കൊന്തകെട്ട് തുടങ്ങിയ കൈത്തൊഴിലുകളും സ്ത്രീകൾ പരിശീലിക്കേണ്ടതുണ്ടെന്നു അദ്ദേഹം കരുതി. അതാദ്യം സന്യാസിനിമാരിൽ നിഷ്ഠപ്പെടുത്തി, അവരത് ചുറ്റുവൃത്തങ്ങളിലെ സ്ത്രീകളിലേക്ക് പടർത്തും വിധമായിരുന്നു അദ്ദേഹത്തിന്റെ വിഭാവനം. ആദ്യ കന്യാസ്ത്രീകളേയും





അവരിലൂടെ ഗ്രാമഗ്രാമാന്തരങ്ങളിലെ വനിതകളെയും ഇതത്രയും അഭ്യസിപ്പിക്കുന്നതിനുള്ള പദ്ധതികൾ അദ്ദേഹം ആസൂത്രണം ചെയ്തു പ്രാവർത്തികമാക്കി.[3]

കാലഘട്ടത്തിനാവശ്യമായിരുന്ന പരിവർത്തന നൗകയുടെ ചുക്കാൻ പിടിക്കാൻ ദൈവം നിയോഗിച്ച വ്യക്തിയായിരുന്നു ചാവറയച്ചൻ. സ്വന്തം കരങ്ങൾകൊണ്ട് അദ്ധ്വാനിക്കുമ്പോൾ ദൈവത്തിന്റെ കരമായി പ്രവർത്തിക്കുകയാണ് താൻ എന്നതിൽ അദ്ദേഹം വിശ്വസിച്ചു. അതിനാൽതന്നെ ആ വീക്ഷണങ്ങളും പ്രവർത്തന പദ്ധതികളും സമഗ്രവും വിശാലവുമായി. കേരള സുറിയാനി കത്തോലിക്കരുടെ പുരോഗതി, സ്വന്തം നാടിന്റെ വളർച്ച, പൊതുസമൂഹത്തിന്റെ അഭ്യുന്നതി ഇതൊക്കെ എന്നും അദ്ദേഹത്തിന്റെ കരുതലിലും കർമ്മങ്ങളിലും സ്വപ്നങ്ങളിലും നിറഞ്ഞുനിന്നിരുന്നു. പുരുഷന്മാരേയും, സ്ത്രീകളേയും, കുട്ടികളേയും, കുടുംബങ്ങളേയും, അടിമകളേയും, സമ്പന്നരേയും, ജന്മിമാരേയും, ചൂഷിതരേയും, ഇടത്തരക്കാരേയും, വിശ്വാസികളേയും, അറിവില്ലാത്തവരേയും എല്ലാം ഒരേ സമൂഹത്തിന്റെ അടരുകളായിക്കണ്ട അദ്ദേഹം ഓരോരുത്തർക്കും വേണ്ടി എന്തു ചെയ്യാനാകും എന്ന ജാഗ്രതയോടെ അന്വേഷിച്ചുകൊണ്ടിരുന്ന ഇടയമനസ്സിന്റെ നല്ല ഉടമയുമായി. അദ്ദേഹം കണ്ടെത്തിയ മാർഗ്ഗം സ്ത്രീശാക്തീകരണത്തിലൂടെ സാദ്ധ്യമാകുന്ന സമൂഹമഹത്വീകരണമായിരുന്നു. സ്ത്രീകളിൽനിന്നു തന്നെ സമർപ്പിതമായ ഒരു സമൂഹത്തെ വാർത്തെടുക്കുകയാണ് അതിന്റെ ഏറ്റവും ഫലപ്രദമായ ആദ്യപാദമെന്നദ്ദേഹം തിരിച്ചറിഞ്ഞു. അതിനുള്ള പ്രഥമ മാർഗ്ഗമായാണ് കന്യകാമഠസ്ഥാപനം ആ മനസ്സിൽ ഉരുത്തിരിഞ്ഞത്. സ്ത്രീശാക്തീകരണ യജ്ഞത്തിന്റെ നാന്ദികുറിക്കൽതന്നെയായിരുന്നു ആ ഉദ്യമം. *ബേസ്റൗമ* എന്ന ദർശനഭവനചൈതന്യം ദൈവത്തിൽ നിന്നു മനുഷ്യരിലേയ്ക്കും മനുഷ്യരിൽ നിന്നു ദൈവത്തിലേയ്ക്കും നിരന്തരം അനുസ്യൂതം സംക്രമിക്കുന്ന സ്നേഹത്തിന്റെ പ്രവർത്തനപാത തെളിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. സമൂഹത്തിലെ എല്ലാ തലത്തിലുമുള്ള സകല അംഗങ്ങളും അതിന്റെ ഗുണഭോക്താക്കളായി മാറുകയും ചെയ്തു.

### സ്ഥാപന പശ്ചാത്തലം

1829-ൽ പൗരോഹിത്യപട്ടം സ്വീകരിച്ച് പ്രഥമ കുർബ്ബാനയർപ്പിച്ച അവസരത്തിൽത്തന്നെ ഏതദ്ദേശീയമായ ഒരു സന്യാസപ്രസ്ഥാനത്തിനായി സ്വയമർപ്പിച്ചു പ്രാർത്ഥിച്ചിരുന്നു അദ്ദേഹം.[4] സന്യാസസഭയോടൊപ്പംതന്നെ ആ തുടർച്ചയിൽ സന്യാസിനീസമൂഹവും ആ വിഭാവനധ്യാനത്തിൽ ഉൾച്ചേരുവാൻ ഇടയായത് അന്നത്തെ സമൂഹാന്തരീക്ഷം അതടിയന്തിരമായി ആവശ്യപ്പെടുന്നു എന്ന ദൈവാനുഗ്രഹപ്രേരിതവും മനുഷ്യ നന്മയെച്ചൊല്ലിയുള്ള കരുതലാൽ ബന്ധിതവുമായ അവബോധമാണ്. *ഏറിയകാലം മുതൽ അപേക്ഷിച്ചു വന്നതും* എന്നതിൽ രണ്ടാം വായനയിൽ എങ്കിലും

അപേക്ഷിക്കുന്നതിനു മുമ്പുതന്നെ നിയോഗം, നിവേശനം ഉണ്ടായിരുന്നു എന്നു കണ്ടെത്താതെ വയ്യല്ലോ. ഈ നിവേശനം പ്രഥമ കുർബ്ബാന ആഘോഷവേളയിൽത്തന്നെ കൊവേന്ത സ്ഥാപന നിയോഗമായി ആ മനസ്സിലെ ധ്യാനവിചാരമായി ഉൾച്ചേർന്നിരുന്നുവെന്നു ആ കർമ്മവഴി സാക്ഷ്യപ്പെടുത്തുന്നു. 1860കളിൽ ബർണർദീനോസ് മെത്രാപ്പോലീത്ത വഴി വരാപ്പുഴ പുത്തൻപള്ളിയിൽ മഠം സ്ഥാപിക്കുന്നതിനായി സ്ഥലം ക്രമീകരിച്ചതിന്റെയും പുറകിലെ പ്രേരകം ഇതുതന്നെയായിരുന്നു. തുടർന്ന് മതിൽകെട്ടി കന്യാസ്ത്രീമഠം ഉണ്ടാക്കുവാനുള്ള അനുവാദം തേടി പ്രവർത്തനങ്ങൾ ആരംഭിച്ചു എങ്കിലും മുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കു വഴങ്ങി ആ സ്ഥലം സെമിനാരിയാക്കി മാറ്റേണ്ടി വരികയായിരുന്നു.

ഇക്കാലഘട്ടത്തിലാണ് 23 വയസ്സുമാത്രം പ്രായമുള്ള ബ്രദർ ലെയോപ്പോൾദ് ഒ.സി.ഡി. കേരളത്തിൽ വരുന്നതും. ഇറ്റലിയിലെ അകിരൂപതയിൽപെട്ട ജനോവാ നഗരത്തിനു സമീപം ഗ്രൊജാർ ദൊ എന്ന ഗ്രാമത്തിൽ 1837 ആഗസ്റ്റ് 28-നായിരുന്നു ലെയോപ്പോൾദിന്റെ ജനനം. കുലീനവും സമ്പന്നവുമായിരുന്ന ബെക്കാറോ കുടുംബത്തിലെ പീറ്റർ ആന്റണി ബെക്കാറോയുടേയും തെരേസ ബോനോയുടേയും ആദ്യസന്താനമായിരുന്നു ഇദ്ദേഹം. മാമോദീസാപ്പേര് ജേക്കബ് (ജാക്കൊമോ) എന്നായിരുന്നു. പഠനത്തിൽ സമർത്ഥനായിരുന്ന ജേക്കബ് വിദ്യാഭ്യാസത്തിനുശേഷം സെന്റ് ആൻസ് ഒ.സി.ഡി. ആശ്രമത്തിൽ ചേർന്ന് വിശുദ്ധ യൗസേഫ് പിതാവിന്റെ ലെയോപ്പോൾദ് (*ലെയോപ്പോൾദ് മരിയ ദെ സാംജൂസെ*) എന്ന നാമം സ്വീകരിച്ചു. 1859-ൽ കൊല്ലം വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്ക വിശ്വാസതിരുസംഘത്തോട് അഞ്ചു മിഷനറിമാരെ കേരളത്തിലേക്കയയ്ക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് ഇവിടേയ്ക്ക് അയക്കപ്പെട്ടവരിൽ ഒരാളായി അദ്ദേഹം 1859 ഡിസംബർ മാസത്തിൽ ഇന്നാട്ടിലെത്തി. 1860 ഒക്ടോബർ 8-ാം തീയതി ബർണദീൻ ബച്ചിനെല്ലി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. ആ മാസം 15ന് കൂനമ്മാവിൽ പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. കൂനമ്മാവ് കൊവേന്തയിൽ നവസന്യാസഗുരുവായി നിയമിക്കപ്പെട്ട ലെയോപ്പോൾദച്ചൻ 1863 മുതൽ കർമ്മലീത്താ മൂന്നാം സഭയുടെ പ്രൊവിൻഷ്യൽ ഡലിഗേറ്റായും ചുമതലയേറ്റു. പതിനാറു വർഷം കേരളത്തിൽ ജീവിച്ച് ശുശ്രൂഷ ചെയ്ത അദ്ദേഹം *സുറിയാനി പക്ഷക്കാരൻ* എന്ന കുറ്റം ചുമത്തപ്പെട്ട് ശിക്ഷിക്കപ്പെടുകയും ഒടുവിൽ ഇറ്റലിയിലേക്ക് തിരിച്ചയയ്ക്കപ്പെടുകയുമാണുണ്ടായത്. ഇറ്റലിയിൽ തന്റെ ആദ്ധ്യാത്മിക ശുശ്രൂഷ തുടർന്ന ലെയോപ്പോൾദച്ചൻ 1914 ഏപ്രിൽ 22ന് സ്വർഗ്ഗസൗഭാഗ്യത്തിനായി വിളിക്കപ്പെട്ടു. കൂനമ്മാവ് ആശ്രമത്തിൽ ചാവറയച്ചനും ലെയോപ്പോൾദച്ചനും ഒരുമിച്ച് ശുശ്രൂഷ ചെയ്യുന്ന കാലഘട്ടത്തിലാണ് സന്യാസിനീസമൂഹസ്ഥാപനം യാഥാർത്ഥ്യമായിത്തീരുന്നത്.





16-ാം നൂറ്റാണ്ടിൽ യൂറോപ്യൻ പര്യടനം നടത്തിയ ഭാരതീയനായ യൗസേഫ് കത്തനാർ ഭാരതത്തിലുണ്ടായിരുന്ന സന്യാസിനികളെക്കുറിച്ച് വ്യക്തമായ സൂചന നൽകിയതായി കാണാം.[5] കറുത്ത വസ്ത്രം ധരിച്ചിരുന്ന സന്യാസികളും സന്യാസിനികളും അവരുടെ ആശ്രമങ്ങളുമുണ്ടായിരുന്നു. വിശ്വസ്തത, വിരക്തി, ദാരിദ്ര്യം എന്നീ സുകൃതങ്ങൾ അവർ ആത്മാർത്ഥമായി അഭ്യസിച്ചിരുന്നു. പോർട്ടുഗലിലെ എമ്മാനുവേൽ രാജാവിന്റെ *നാളാഗമ*ത്തിൽ ഗോയിസ് ഡൊമിയാനോ എന്ന പോർട്ടുഗീസ് എഴുത്തുകാരൻ രേഖപ്പെടുത്തിയിട്ടുള്ളതനുസരിച്ച് സന്യാസിനികളും ആശ്രമങ്ങളും നസ്രാണിസഭയിലും ഉണ്ടായിരുന്നുവെന്ന സൂചനയും നമുക്കു ലഭിക്കുന്നു. വിശദാംശങ്ങൾ പക്ഷെ, ഏറെയും ലഭ്യമല്ല.

നസ്രാണി സഭക്ക് കാലാകാലങ്ങളിൽ ഭാരതത്തിൽ നേരിടേണ്ടിവന്ന ഞെരുക്കങ്ങൾ സന്യാസത്തിന് സ്വഛഗതിയിൽ പ്രാപ്യമാകേണ്ടിയിരുന്ന വളർച്ചയെ അകറ്റി നിറുത്തി. അവ്വിധം നഷ്ടപ്പെട്ട സന്യാസപ്രസ്ഥാനത്തിന്റെ വളർച്ചയെ പുനരുദ്ധരിക്കുന്നതിനായി സ്വദേശീയരും വിദേശീയരുമായ നിരവധി സഭാംഗങ്ങൾ പരിശ്രമിച്ചുപോന്നു. 1620 കളിൽ ഗീവർഗ്ഗീസ് അർക്കദിയാക്കോനും 1850 കളിൽ ചാവറയച്ചനും നസ്രാണികളുടെ ഇടയിലെ ആശ്രമപ്രസ്ഥാനത്തെ പുനരുജ്ജീവിപ്പിക്കുവാൻ പരിശ്രമിച്ചു.[6] കേരളത്തിലെ കന്യകാലയജീവിതത്തിന് വഴിതുറന്നുകൊടുത്ത ഏതദ്ദേശീയനായ ചാവറയച്ചനാണ് ആദ്യത്തെ ഭാരതീയ കർമ്മലീത്താസന്യാസിനീ മഠസ്ഥാപകൻ. ബർണർദീനോസ് മെത്രാപ്പോലീത്തായുടെ അനുമതിയോടെയും ലെയോപ്പോൾദ് മിഷനറിയുടെ സഹായത്തോടെയും ചാവറയച്ചൻ രൂപം നൽകിയ സന്യാസിനീസമൂഹത്തിന്റെ വളർച്ച ദൈവജനത്തിനു വലിയ സംഭാവനയായിരുന്നു. 1855 ഡിസംബർ 8-ാം തീയതി സന്യാസം സ്വീകരിച്ച് വ്രതമനുഷ്ഠിച്ച ചാവറയച്ചനാണ് കേരളസഭയിലെ ആധുനിക സന്യാസപ്രസ്ഥാനത്തിന്റെ പ്രധാന ശില്പി. ശിഷ്ടായുസ്സു മുഴുവനും ആശ്രമസ്ഥനായി ജീവിക്കുകയും ചെയ്തു അദ്ദേഹം. *മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതവും വേദകാര്യങ്ങളെ പഠിപ്പിക്കുന്നതിനും നല്ല ക്രിസ്ത്യാനി പൈതങ്ങളായിട്ടു വളരുന്നതിനും* തുടക്കം കുറിച്ചുകൊണ്ട് മറ്റു സന്യാസിനീ സമൂഹങ്ങൾക്ക് മുന്നോടിയായിത്തീർന്നത് കർമ്മലീത്ത സമൂഹമാണ്; സി.എം.സി, സി.ടി.സി. സഭകൾ.[7] ഇതേ തുടർന്ന് 1888ൽ എഫ്.സി.സി.യും, 1892ൽ എ.വി.എം.ഉം, 1908ൽ എസ്.എ.ബി.എസ്സും, 1911ൽ എസ്.എച്ച്.ഉം, 1927ൽ എസ്.ഡി.യും, 1944ൽ എം.എസ്.ജെയും, 1948-ൽ സി.എസ്.എൻ ഉം, 1961ൽ എസ്.എസ്. ഉം, 1969ൽ എസ്.എം.എസ്. ഉം, 1977ൽ എസ്.സി.ജെ.ജിയും[8] അടക്കം സ്ഥാപിതമായ സന്യാസിനീസമൂഹങ്ങൾ എല്ലാംതന്നെ ചാവറയച്ചൻ തുടക്കം കുറിച്ച ആദ്യ സന്യാസിനീപ്രസ്ഥാനത്തിന്റെ രൂപത്തിലും ഭാവത്തിലും ഉണ്ടായിട്ടുള്ളവയാണ്.

നസ്രായനായ യേശുവിന്റെ ശിഷ്യനായ മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ വന്നപ്പോൾ കൊടുങ്ങല്ലൂരുള്ള രാജാവിന്റെ ആഗ്രഹമനുസരിച്ച് രാജകുടുംബത്തെ അദ്ദേഹം അനുഗ്രഹിച്ചു. രാജാവിന്റെ മകൾ തോമാശ്ലീഹായുടെ ആശീർവ്വാദത്താൽ വിരക്തജീവിതം വഴി ഭാരതത്തിലെ ആദ്യത്തെ സന്യാസിനിയായിരുന്നുവെന്ന് പാരമ്പര്യം പറയുന്നു.[9] ചാവറയച്ചന്റെ കാലത്തുണ്ടായിരുന്ന *വാച്ചവനവാസ*ത്തിന്റെ വിത്ത് കണ്ടെത്താനാവുന്നതും പ്രാചീനകാലങ്ങളിൽ മാർത്തോമ്മാനസ്രാണികളുടെ ഇടയിലുണ്ടായിരുന്ന ആശ്രമപ്രസ്ഥാനത്തിൽ നിന്നാണെന്ന് മൈലാപ്പൂർ സന്യാസാശ്രമം സൂചന നൽകുന്നുണ്ട്.[10]

## കന്യകാമഠം എന്ന സ്വപ്നം

കേരളത്തിൽ ആദ്യമായി ഒരു ഏതദ്ദേശീയ സന്യാസസമൂഹം രൂപം കൊണ്ടത് 1831ൽ മാന്നാനം കുന്നിലാണല്ലോ. 1829ൽ അതിനായി ശ്രമിച്ച പുണ്യാത്മാക്കളായ പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ, പോരുക്കര കുര്യാക്കോസച്ചൻ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്നിവർക്ക് മൗറേലിയൂസ് സ്തബലീനി മെത്രാനച്ചൻ സന്യാസസമൂഹസ്ഥാപനത്തിന് അനുമതി നൽകി. ആ അനുമതിപത്രത്തിൽ ഇങ്ങനെ കാണന്നു:

............ *ഇതിൽപിന്നെ ശുദ്ധമാകപ്പെട്ട വേദം കൈകൊള്ളപ്പെട്ട ഇടങ്ങളിൽ ചുരുങ്ങപ്പെട്ട സ്ഥലങ്ങളിലും പല ആശ്രമങ്ങൾ പുരുഷന്മാർക്കും സ്ത്രീകൾക്കും ഉണ്ടായിരിക്കുംവണ്ണം പൂർവ്വമായി വിശ്വസിക്കപ്പെട്ട നിങ്ങൾക്കും ഇത് വേണമെന്ന് ശുദ്ധമാനപള്ളിയോടപേക്ഷിച്ചതെന്യേ ഇതുവരെ നടന്നുവരായ്കയാൽ..... പട്ടക്കാരുടെ ഇടയിൽപ്പോലും ഇതിനു മുതിരപ്പെട്ട ഒരു കൂട്ടം ഇവിടെ കണ്ടെത്തായ്കയാൽ (ഇവരുടെ) ഉത്സാഹത്തിൽനിന്ന് എല്ലാത്തിലും ഒരു വാതിൽ തുറക്കപ്പെടുവാൻ ഇവരുടെ കൂട്ടത്തിനായിട്ട് ഒരു പള്ളിയും അവർക്കുവേണ്ടിയുള്ള താമസസ്ഥലങ്ങളും ഇതിൽകൂടുന്നവരുടെ ചിലവിനുവേണ്ടി.... ദാനധർമ്മങ്ങളും ചെയ്ത് അരൂപിക്കടുത്ത വിളവുകളുടെ കറ്റകൾ കൊയ്തുകൊള്ളുകയും വേണം.*[11]

1829ൽ പിതാക്കന്മാർ തുടക്കം കുറിക്കുവാൻ ആഗ്രഹിച്ചത് സന്യാസജീവിതം എന്ന *പാരമ്പര്യത്തിനായിരുന്നു.* പുരുഷന്മാർക്കും സ്ത്രീകൾക്കും പുണ്യജീവിതം സാദ്ധ്യമാക്കുന്ന ദൈവീകസരണിയായാണ് അവരതു കണ്ടത്. 1855ൽ പുരുഷന്മാരുടെ സന്യാസസമൂഹത്തിന് നിയതരൂപമാവുകയും ആദ്യാംഗങ്ങൾ വ്രതവാഗ്ദാനം നടത്തുകയും ചെയ്തു. ചാവറ കുര്യാക്കോസച്ചൻ മാത്രമേ സന്യാസമൂഹരൂപീകരണത്തിനിറങ്ങിത്തിരിച്ച വൈദികത്രയത്തിൽ അന്ന് ശേഷിച്ചിരുന്നുള്ളു. അദ്ദേഹം പ്രഥമ ശ്രേഷ്ഠനായി നിയോഗിക്കപ്പെട്ടു. സ്ത്രീകൾക്കുവേണ്ടിയുള്ള സന്യാസിനീവിഭാഗം തുടങ്ങുന്നതിനുള്ള പരിശ്രമങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയും





ചെയ്തു. ഇതിനായി ബർണർദീൻ മെത്രാപ്പോലീത്താ വഴി ഒരു പരസ്യം പള്ളികളിലേക്കയയ്ക്കുകയും മഠം തുടങ്ങുവാൻ ഒരു ഉചിതമായ ഒരു സ്ഥലം പലയിടത്തും അന്വേഷിച്ച ശേഷം ഒടുവിൽ ആലങ്ങാട്ട് സുറിയാനിപ്പള്ളിയുടെ കീഴിലുള്ള  സ്ഥലം (ഇപ്പോൾ ആലങ്ങാട്ട് കുരിശുപള്ളിയിരിക്കുന്ന സ്ഥലം) കണ്ടെത്തുകയും ചെയ്തു. ഇതേക്കുറിച്ച് സമകാലീനനായ പാറപ്പുറത്ത് വർക്കിയച്ചൻ എഴുതുന്നു:

*ഇങ്ങനെയിരിക്കയിൽ തൃശ്ശിനാപള്ളി വികാരി അപ്പസ്തോലിക്കയായ അതിപ്രബലൻ കാനൂസ് മെത്രാനച്ചൻ വരാപ്പുഴ വരുന്നതിന് ഇടയായി. ടി. വിഷയത്തെക്കുറിച്ച് അദ്ദേഹമായിട്ടാലോചിച്ചപ്പോൾ കന്യാസ്ത്രീമഠസ്ഥാപനം അധികം ദൂരത്താകണ്ട. ഇതിന് ഒട്ടു സമീപമുള്ള ഒരു സ്ഥലത്ത് വേണ്ടിയതാണ് എന്ന ആലോചന കൊടുത്തു.*[12]

കണ്ടെത്തിയ സ്ഥലം വരാപ്പുഴയിൽ നിന്ന് ദൂരത്തായതിനാൽ അത് അസൗകര്യമാണെന്ന് പുനർഃചിന്തയിൽ കാണുകയും തന്മൂലം ആലങ്ങാട്ടെ മഠസ്ഥാപന ശ്രമം ഉപേക്ഷിക്കേണ്ടിവരികയും ചെയ്തു. പിന്നീട് പുത്തൻപള്ളിയോടു ചേർന്നുള്ള ഒരു സ്ഥലം കണ്ടെത്തി. സഭാസ്വത്തുക്കളെല്ലാം മെത്രാന്മാരുടെ കീഴിലായിരിക്കണമെന്ന അന്നത്തെ നിയമമനുസരിച്ച് വരാപ്പുഴ മെത്രാപ്പോലീത്ത ബർണ്ണർദീൻ ബെച്ചിനെല്ലിയുടെ പേരിൽ പുത്തൻപള്ളി സുറിയാനി ഇടവകപള്ളിയുടെ കീഴിലായിരുന്ന പ്രസ്തുത സ്ഥലം പാട്ടത്തിന് വിട്ടുകൊടുത്തു. അതു സംബന്ധിച്ചുള്ള രേഖ ഇപ്രകാരമാണ്:

*അമലോത്ഭവ വിശുദ്ധ കർമ്മല ദേവമാതാവിന്റെ കന്യാസ്ത്രീമഠം വച്ചു നടത്തുന്നതിന് ഞങ്ങളുടെ പള്ളിവക അട്ടിപ്പേറ് അങ്ങാടിയിൽ കിഴക്കുവശത്തുള്ള ഇടവകയുടെ പറമ്പുകൾ മൂന്നു മുറിയും വെറും പാട്ടത്തിനുമായി പള്ളിയ്ക്കു തരുവിച്ചുകൊള്ളാമെന്നും എത്രയും പെ.ബ. മലയാളത്തിന്റെ വികാരി അപ്പസ്തോലിക്ക ആയ, പ്ര.ബർണ്ണർദീനോസ് ദെസാന്ത ത്രേസ്യാ എരക്ലാ എന്ന ദിക്കിന്റെ മെത്രാനച്ചൻ കല്പിക്കക്കൊണ്ടു മേലെഴുതിയ പറമ്പു മൂന്നു മുറിയും.... എഴുതിത്തന്നതിനു സാക്ഷി പുതുശ്ശേരി ചെറിയത്...*[13]

എന്നാൽ ഈ സംരംഭങ്ങളും പൂവണിഞ്ഞില്ല. 1861ൽ ഉണ്ടായ റോക്കോസ് ശീശ്മയുടെ തരംഗത്തിനെതിരായ കരുതലിന്റെ ഭാഗമായി മഠം തുടങ്ങുന്നതിനേക്കാൾ പ്രാമുഖ്യ പരിഗണന  വൈദിക വിഭാഗപരിപാലനത്തിനു നൽകുകകയും മഠത്തിനായി ഉണ്ടാക്കിയ കെട്ടിടം ബെർണർദീൻ മെത്രാന്റെ നിർദ്ദേശപ്രകാരം സെമിനാരിയായി മാറ്റുകയും വേണ്ടി വന്നു. ഇക്കാര്യം ചാവറയച്ചൻ തന്റെ *നാളാഗമ*ത്തിൽ പ്രതിപാദിക്കുന്നുണ്ട്:

*ഇതായത് കന്യാസ്ത്രീ മഠത്തിനായി വലിയ മതിൽ കെട്ടി തുടങ്ങിയാറേ മേലെഴുതിയ സംഗതി (റോക്കോസ് ശീശ്മ) മുഖാന്തരത്താൽ മുടങ്ങിയ*

*പ്പോൾ കന്യാസ്ത്രീകളേക്കാൾ പട്ടക്കാർക്കാവശ്യം എന്നു കണ്ട് ആയത് സെമിനാരിയാക്കിയാൽ വീണ്ടും ഇത് നടപ്പാക്കാൻ യാതൊരു വഴിയും ഇല്ലാതിരിക്കയിൽ...*[14]

ഇങ്ങനെ മുടങ്ങിപ്പോയ മഠസ്ഥാപനശ്രമം വീണ്ടും ആരംഭിക്കുന്നത് ഇറ്റലിയിൽ നിന്നും മിഷനറിയായി കേരളത്തിലെത്തിയ ലെയോപ്പോൾദച്ചനും ചാവറയച്ചനും തമ്മിലുള്ള സമാഗമത്തിനു ശേഷവും കൂട്ടായ സേവനശുശ്രൂഷയുടെ ഫലമായുമാണ്. 1859 ഡിസംബർ മാസത്തിലാണ് വൈദികവിദ്യാർത്ഥിയായി ലെയോപ്പോൾദ് കേരളത്തിൽ വന്നതെന്നു പറഞ്ഞുവല്ലോ. വരാപ്പുഴയിൽ താമസിക്കാതെ കൂനമ്മാവ് കൊവേന്തയിൽ വന്നു താമസിച്ച അദ്ദേഹത്തെ മെത്രാപ്പോലീത്താ കൊവേന്തകളുടെ ഡലഗേറ്റും നവസന്യാസഗുരുവുമായി നിയമിച്ചപ്പോൾ അതീവ താല്പര്യത്തോടെ നാലഞ്ചു മാസംകൊണ്ട് മലയാളഭാഷ അദ്ദേഹം സ്വായത്തമാക്കി. അതിനിടയിൽ ആറാം പട്ടവും കുർബ്ബാനപട്ടവും സ്വീകരിച്ച് വിശുദ്ധ കുർബ്ബാന ചൊല്ലിയ അദ്ദേഹം കൂനമ്മാവ് ഇടവകയിൽപ്പെട്ട ജനങ്ങളുടെ ആത്മകാര്യങ്ങൾ വലിയ ജാഗ്രതയോടെയാണ് അന്വേഷിച്ചു നടത്തിപ്പോന്നത്. ചാവറ – ലെയോപ്പോൾദ് കൂട്ടായ്മ കൂനമ്മാവ് കന്യകാമഠസ്ഥാപനത്തിലെ നിർണ്ണായക ഘടകമായി മാറുക ദൈവേച്ഛയായി. കേരള സുറിയാനി സഭയുടെ വികാരി ജനറാളും സന്യാസസമൂഹത്തിന്റെ പൊതുശ്രേഷ്ഠനുമായിരുന്ന ചാവറയച്ചനും ആശ്രമങ്ങളുടെ ഡെലഗേറ്റായിരുന്ന ലെയോപ്പാൾദച്ചനും ഒരുമിച്ച് കൂനമ്മാവ് ആശ്രമത്തിലായിരുന്നു താമസിച്ചിരുന്നത്. ചാവറയച്ചന്റെ ആത്മീയപിതാവുകൂടിയായിരുന്നു പ്രായത്തിലും വൈദികവഴിയിലും ചെറുപ്പമെങ്കിലും ലെയോപ്പോൾദച്ചൻ. കൂനമ്മാവ് വിശുദ്ധ ഫിലോമിനായുടെ ദേവാലയത്തിൽ ലെയോപ്പോൾദച്ചന്റെ അടുക്കൽ കുമ്പസാരിക്കാനും ആത്മീയോപദേശങ്ങൾ സ്വീകരിക്കാനുമായി പല ആളുകളും വരാറുണ്ടായിരുന്നു. അവരിൽപ്പെട്ട വാകയിൽ ഏലീശ്വായുടെയും അവളുടെ മകൾ അന്നായുടെയും കാര്യം ഒരു ദിവസം സായാഹ്ന നടത്തത്തിനായി പോയപ്പോൾ ലെയോപ്പോൾദച്ചൻ ചാവറയച്ചനോടു സൂചിപ്പിച്ച കാര്യം ചാവറയച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്.

...... *ഇതാ ഇപ്പോൾ ഏറിയ കാലം മുൻപായി അപേക്ഷിച്ചുവന്നിരുന്നതും നടക്കാതെ കിടക്കുന്നതുമായ ഒരു കാര്യം ആയ കന്യാസ്ത്രീമഠം എന്നുള്ള കാര്യം ദൈവം ഈ കാലത്തിൽ നടത്തുവാൻ തിരുമനസ്സായിരിക്കുന്നു എന്നു തോന്നുന്നു. അതായത് ....... ഇതു വീണ്ടും നടപ്പാൻ യാതൊരു വഴിയും ഇല്ലാതെയിരിക്കയിൽ ഈ 1865ൽ നമ്മുടെ ഡെലഗാത്തായ പെ.ബ. ലെയോപ്പോൾദ് മര്യ മൂപ്പച്ചൻ ഒരു ദിവസം നാലുമണിക്ക് എന്നെ വിളിച്ച് പുറത്തു നടപ്പാനായിട്ടു നമ്മുടെ കൂനമ്മാവു കൊവേന്തയുടെ പടികടന്ന് വടക്കോട്ടു തിരിഞ്ഞ് ആ ചെറിയ നശിച്ച പെക്കൊയിവരെ നടന്നുകൊണ്ട് പറഞ്ഞതായത്: ഇവിടെ ഒരു വിധവയും 14 വയസ്സു പ്രായമുള്ള ഒരു മകളുമുണ്ട്. ആ*





*പെൺ പൈതലിന്റെ അപ്പന്റെ പകുതിയ്ക്കുള്ള വസ്തുക്കളുമുണ്ട്. അവൾക്ക് കെട്ടിപ്പാൻ മനസ്സുമില്ല. ആയതുകൊണ്ട് ഈ അമ്മയെയും മകളെയും ഇവിടെ അവരു പാർത്തുവരുന്ന തറവാട്ടിൽനിന്നും മാറ്റി അവരുടെ പറമ്പുകളിൽ ഒന്നിൽത്തന്നെ സ്ഥലമുണ്ടാക്കി ഇവരെ രണ്ടുപേരേയും കൂടെ അതിൽ പാർപ്പിച്ചു മറ്റുള്ള പെൺപൈതങ്ങളെ നല്ല പഠിനമായ പുണ്യങ്ങളും കൈവേലകളും പഠിപ്പിക്ക എന്ന ഒരു പ്രകാരം കന്യാസ്ത്രീകൾക്കടുത്ത വേലയിൽ ഇവരെ ആക്കി നടത്തിയാൽ കൊള്ളാമോ? എന്തു തോന്നുന്നു എന്നു ചോദിച്ചു. ആയത് എത്രയും നല്ലത് എന്നു തോന്നുന്നു എന്നു ഞാനും ഉത്തരിച്ചു. എന്നാൽ ഇതിനു തുടങ്ങുമ്പോൾ അവരുടെ അവകാശികളായ മറ്റവർക്ക് തെളികയില്ലാ എന്നും മറ്റും പല വിഘ്നങ്ങളും ഉണ്ടാകുമായിരിക്കും എന്നും കല്പിച്ചു. എന്നാൽ അദ്ദേഹം ഈ കാര്യത്തിന് പല പ്രകാരം വിചാരിക്കുകയും ദൈവത്തോടപേക്ഷിക്കുകയും അവരുടെ കുമ്പസാരക്കാരനാകയാൽ പല പ്രകാരത്തിൽ അവരെ തിരിഞ്ഞു പരീക്ഷിക്കുകയും ചെയ്തു. അവരുടെ നന്മനസ്സും ധൈര്യവും കണ്ടു പെ.ബ. മെത്രാപ്പോലീത്താച്ചനോട് അറിയിച്ചു. അദ്ദേഹത്തിനും സന്തോഷമായി. കർമ്മലീത്താ മൂന്നാം സഭക്കാരായിട്ട് സ്ഥാപിക്കാമെന്നും കല്പിച്ച് ആയതിനുള്ള ക്രമപുസ്തകം കൊടുത്തു. മലയാളഭാഷയിൽ പകർത്തുവാൻ കല്പിച്ചു.*[15]

അങ്ങനെ ചാവറയച്ചന്റെയും ലെയോപ്പോൾദച്ചന്റെയും കൂട്ടായ ഫലമായി കന്യകാമഠം എന്ന സ്വപ്നം യാഥാർത്ഥ്യത്തോടടുക്കുകയായിരുന്നു. ചാവറയച്ചന്റെ *നാളാഗമ*ത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾതന്നെ കൂനമ്മാവ് മഠം *നാളാഗമ*ത്തിലും രേഖപ്പെടുത്തിയിരിക്കുന്നു. ആ പ്രാരംഭ വിവരണം ഇപ്രകാരമാണ്:

...... *ഈ കൂനമ്മാവ് പള്ളിയിൽ ഉൾപ്പെട്ട ജനങ്ങളുടെ ആത്മകാര്യങ്ങളും എത്രയും ജാഗ്രതയോടുകൂടി അന്വേഷിച്ചു നടത്തി പലർക്കും നല്ല കുമ്പസാരം കൊടുത്ത് മുമ്പിലത്തെ പഴെ ജീവിതത്തിൽ നിന്നും മാറ്റി പുത്തൻ ജീവിതമായ പുണ്യജീവിതത്തിൽ തിരിച്ചു വരികയാൽ ഏക മകളായ അന്ന സഹോദരിയും ഈ കൂനമ്മാവ് ഇടവകയിൽ ചേർന്ന് വടക്കൻ എന്ന് സാമാന്യം വിളിച്ചു വരുന്ന വാകയിൽ എന്ന വീട്ടിൽ പാർത്തു വരികയിൽ പെ.ബ. മൂപ്പച്ചനോട് ഏലീശ്വായും മകൾ അന്നയും കുമ്പസാരിച്ചു വന്നതുമല്ലാതെയും ഞങ്ങൾയിരുവർക്കും ഈ കന്നി സുഖത്തോടെ അതായത് വൈധവം എന്ന കന്നിത്വത്തിൽ ഏലീശ്വായും ബ്രഹ്മചാരിത്വം എന്ന തികയപ്പെട്ട കന്നി സുഖത്തിൽ അന്നയും മരണത്തോളം ജീവിപ്പാൻ നിശ്ചയിച്ചിരിക്കയാൽ ഞങ്ങൾയിരുവരെയും അച്ചനെ ഏല്പിച്ചിരിക്കുന്നു എന്നും ഏലീശ്വാ മൂപ്പച്ചനെ ബോധിപ്പിക്കയാൽ അദ്ദേഹവും ഈ അപേക്ഷ കൈക്കൊണ്ട് വേണ്ടിയ ഗുണദോഷങ്ങളും നൽബുദ്ധികളും ചൊല്ലിക്കൊടുക്കുകയും ചെയ്കയും ഇവരുടെ ആഗ്രഹവും അപേക്ഷയും പട്ടാങ്ങയുള്ളതു തന്നെയോ? ആയതല്ലെങ്കിൽ സ്ത്രീകൾക്കടുത്ത എളക്കബുദ്ധിയാൽ*

*തോന്നി അപേക്ഷിച്ചതോ? എന്നും നിശ്ചയമായി അറിയാൻതക്കവണ്ണം പലപ്പഴും പല പ്രകാരെണയും മൂപ്പച്ചൻ പരീക്ഷിക്കുകയും അന്വേഷിക്കുകയും ചെയ്യുകയും കുമ്പസാരക്കാരന്റെ കടത്തിനും മുറയ്ക്കും തക്കവണ്ണം ആഴ്ചവട്ടത്തിൽ ഒന്നും രണ്ടും കുർബ്ബാന കൈക്കൊള്ളുവാനും അനുവദിച്ചും നടത്തിവരികയും ഈ കാര്യം നല്ലതോ എന്നും എങ്ങനെ ഇതിനെ ഉത്തരിക്കേണ്ടൂ എന്നും ഏതുപ്രകാരം യിവരുടെ അപേക്ഷ ആയ കന്നിസുഖം രക്ഷിക്കേണ്ടൂ എന്നും മറ്റു മൂപ്പച്ചന്മാരോടു ഗുണദോഷിക്കയും അവരും നല്ലത് എന്ന് സാക്ഷിക്കുകയും ചെയ്തുവരികയിൽ അദ്ദേഹം ദൈവത്തോടും അപേക്ഷിക്കയാൽ സർവ്വേശ്വരൻ തന്നെ ഒരു വഴി അദ്ദേഹത്തിന്റെ ഹൃദയത്തിൽ തോന്നിച്ചു. അതായത് മേലെഴുതിയവരുടെ ആയിട്ട് ഏതാനും നിലം പുരയിടങ്ങളും ആയതിനോടുകൂടി ഏതാനും കടങ്ങളും ഉണ്ടെങ്കിലും ആ വക ഒക്കെയും അന്നയുടെ എളയപ്പൻ ആയ നമ്മുടെ പ്രക്കുദോര് തൊമ്മൻ എന്നയാൾ അന്വേഷിച്ച് യിവരുടെ ചിലവും നടത്തിവരികയാൽ അയാൾ ദീനക്കാരനാകയാലും കടങ്ങൾക്ക് അധിക പലിശയാകയാലും ഒടുക്കം എല്ലാം തീർന്ന് കടം ശേഷിപ്പാനും ഇടവരും എന്ന അവസ്ഥയാകയാലും ഇപ്പോൾ ആയവനിൽ നിന്ന് ഇത് വേർതിരിച്ച് ആ വക പറമ്പിൽ ചെറുതായി ഒരു സ്ഥലം ഉണ്ടാക്കി ആയതിൽ ഇവരെ രണ്ടുപേരെയും കൂടി പാർപ്പിച്ചാൽ അവരുടെ ആത്മകാര്യങ്ങൾ വെടിപ്പായി നടക്കുന്നതുമല്ലാതെ പെൺപൈതങ്ങളെ നമസ്ക്കാരം മുതലായ പുണ്യങ്ങളും കുസ്തൂര മുതലായ കൈവേലകളും പഠിപ്പിക്ക എന്നുള്ള ഒരു വേലയിൽ ഇവരെ ഏർപ്പെടുത്താമെന്നും നിശ്ചയിച്ച് 65ാം കാലം കന്നിമാസം ഒരു ദിവസത്തിൽ കൊവേന്തകളുടെ ഒന്നാം പ്രിയോരായ പെ.ബ. കുര്യാക്കോസ് എലിയാസ് എന്ന ദേഹത്തിനോടും ഈ കാര്യം പെ.ബ. മൂപ്പച്ചൻ പറഞ്ഞാറെ അദ്ദേഹത്തിനും ഏറ്റം സന്തോഷവും തെളിവും ആയി. എന്നാൽ കഴിയുന്ന വേലയിതിനു ചെയ്യാമെന്ന് ഉത്തരിക്കയാലും മൂപ്പച്ചന്റെ ഹൃദയം തെളിഞ്ഞു.*[16]

തങ്ങളുടെ ലക്ഷ്യം സാധിക്കുന്നതിനു വേണ്ട മാർഗ്ഗങ്ങൾ തേടിക്കൊണ്ട് ചാവറയച്ചനും ലെയോപ്പോൾദച്ചനും ഉദ്യമങ്ങളുമായി മുമ്പോട്ടുനീങ്ങുന്ന ചിത്രമാണു ഇവിടെ കാണുന്നത്. മഠസ്ഥാപത്തിനുള്ള സാദ്ധ്യത തുറന്നു കിട്ടിയതോടെ ചാവറയച്ചന് സന്തോഷവും തെളിവുമുണ്ടായി. ചാവറയച്ചന്റെ ഉറപ്പുകിട്ടിയതോടെ ലെയോപ്പോൾദച്ചനും ഹൃദയം തെളിഞ്ഞു. അനുമതിക്കായി അവർ മെത്രാനച്ചനോട് അപേക്ഷിച്ചു. മുൻതവണ അഞ്ചുകോൽ പൊക്കത്തിൽ മതിൽകെട്ടി അതിനുള്ളിൽ കന്യാസ്ത്രീകളെ പാർപ്പിക്കണം എന്നു ശഠിച്ച അദ്ദേഹമാകട്ടെ ഇപ്പോൾ പനമ്പുകൊണ്ടുള്ള പുരയിൽ അവരെ പാർപ്പിക്കുന്നതിന് സമ്മതം നൽകുകയും ചെയ്തു.[17] മെത്രാനച്ചൻ അതിനു പുറമെ മലയാളത്തിലേയ്ക്ക് മൊഴി മാറ്റി ഉപയോഗിക്കുവാനായി ഒരു ക്രമപുസ്തകം കൊടുക്കുകയും ചെയ്തു. അതു പൊരുൾ തിരിച്ചപ്പോഴാണ്





സംസാരികളായി ജീവിക്കുന്ന മൂന്നാം സഭക്കാരുടെ ക്രമം ആണതെന്ന് മനസ്സിലായത്. ഇവിടെ വേറൊരു സത്കൃത്യം കൂടി നടക്കുവാൻ ദൈവം ഇടവരുത്തുകയായിരുന്നു. അക്കാര്യം മാന്നാനം *നാളാഗമ*ത്തിൽ ഇങ്ങനെ കാണുന്നു:

*ആയതു പൊരുൾ പെടുത്തിയപ്പോൾ സംസാരികളായ മൂന്നാം സഭക്കാരുടെ ക്രമം ആയിരുന്നു. ആ വിവരം ബോധിപ്പിച്ചപ്പോൾ കൊള്ളാം ആ ക്രമപ്രകാരം ആ അന്തസ്സുകാരേയും ചേർത്ത് ആയതും സ്ഥാപിക്കാൻ കല്പിക്കുകയും വീണ്ടും യിവരുടെ ക്രമപുസ്തകവും കൊടുത്ത് ആയതും മലയാണ്മയിലാക്കി. എന്നാൽ ഇതും ഈ കാര്യത്തിന് ഒരു സഹായമായിത്തീർന്നു. അതെങ്ങനെയെന്നാൽ ഇവരെത്തന്നെ ആക്കുമ്പോൾ ശേഷം ഭക്തിക്കാർക്കും മറ്റും കുറെ സങ്കടവും മനസ്സുകേടും ഉണ്ടായേനേ. ആയതിനിടവരാതെ മുൻപിനാൽ സംസാരികളായി വീടുകളിൽ പാർത്തുകൊണ്ടു മൂന്നാം സഭക്കാരായി നടക്കുന്നവർക്കുള്ള ക്രമം പൊരുൾ തിരിച്ചു പള്ളിയിൽ പരസ്യമായിട്ടു വായിച്ചുകേൾപ്പിച്ച് ആ പ്രകാരമുള്ള സഭയെ സ്ഥാപിച്ച് ആയിതിൽ ചിലരെ ചേർത്ത് വലിയ വെന്തീഞ്ഞും സഭാക്രമപുസ്തകവും കൊടുത്തു.*[18]

അങ്ങനെ അല്മായർക്കുള്ള കർമ്മലീത്താ മൂന്നാം സഭയുടെ ഉദ്ഘാടനവും കൂനമ്മാവിൽ നടന്നു. *അവർക്കുവേണ്ടി വലിയ വെന്തീഞ്ഞ് ഞങ്ങൾ തയ്യിച്ചു കൊടുത്തു* എന്ന് കൂനമ്മാവ് *നാളാഗമ*ത്തിലും കാണുന്നുണ്ട്. മഠം പണിയുന്നതിനുവേണ്ട സ്ഥലവും മറ്റു വസ്തുക്കളും ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ഉദ്യമങ്ങളിലേക്കായിരുന്നു പിന്നത്തെ ശ്രദ്ധ.

*....അതിനകത്ത് മേലെഴുതിയ തൊമ്മനോട് മൂപ്പച്ചൻ കല്പിച്ച് ഒരു സ്ഥലം ചെറുതായിട്ട് ഉണ്ടാക്കുവാനും അയതിന് സഹോദരി അന്നയുടെ വല്യപ്പന്മാരായ പൈലി, പാപ്പു ഇങ്ങനെ ഉള്ളവരുകൂടി ഉത്സാഹിക്കണമെന്ന് കല്പിക്കയും മൂപ്പച്ചൻതന്നെ ചുറ്റിനടന്ന് ഒരു സ്ഥലം കണ്ട് ബോധിച്ച് എന്നാൽ ആ സ്ഥലത്തിൽ നിന്നും പള്ളിയിൽ വരുന്നതിന് ഏറിയ ചുറ്റുവഴിയും കൊട്ടുള്ളി മുതലായ എടത്തിൽനിന്നും വരുന്ന ആളുകളുടെ നടപ്പും ആകയാൽ ചുരുക്കുള്ളതും വെടിപ്പുള്ളതുമായ പുത്തൻവഴിയിടണം എന്നും നിശ്ചയിച്ച് ബ. മൂപ്പച്ചൻ കാവ്യനായിരുന്ന മുതലാളിയെ വരുത്തി പറഞ്ഞ് അയാളുടെ പറമ്പിനകത്തുകൂടെ വഴിയിട്ടുകൊൾവാൻ അനുവാദം വാങ്ങിക്കുകയും ചെയ്തു. എന്നാൽ ഇതൊക്കെയും നടത്തുവാൻ തൊമ്മൻ എന്നവന് നൽമനസ്സുണ്ടെങ്കിലും കയ്യിൽ പണം യില്ലായ്കയാലും മേലെഴുതിയ മറ്റവർക്ക് തെളിഞ്ഞ മനസ്സില്ലായ്കയാൽ സഹായിക്കയില്ലെന്നുതന്നെയല്ല മനസ്സായി നടക്കുന്ന തൊമ്മനെക്കൂടെ പരിഹസിക്കുകയും ചെയ്തുവരികയാലും നടപ്പുകേടായി കിടക്കയിൽ ദൈവകൃപയിൽ ഈ സ്വരം ചിലരു കേട്ടും ചിലരോട് പെ.ബ.മൂപ്പച്ചനും പ്രിയോരച്ചനും പറഞ്ഞും ഇങ്ങനെ ഏതാനും ധർമ്മം കിട്ടുകയും ചെയ്തു.*[19]

ഈ വിവരണത്തിൽ എവിടെയും ചാവറയച്ചനെ കാണുന്നതേയില്ല. ജോലികളും അന്വേഷണവും മൂപ്പച്ചൻ തന്നെ നടത്തുന്നു എന്ന പ്രതീതിയാണുളവാകുന്നത്. പക്ഷെ, ഈ വിവരണം എഴുതുന്നത് ചാവറയച്ചനാണെന്നും നേരിൽ അനുഭവിച്ചതുപോലെയുള്ള ഈ വിവരണരീതിയിൽ നിന്നു തന്നെ എല്ലാക്കാര്യങ്ങൾക്കും നേതൃത്വം നൽകി അദ്ദേഹം മൂപ്പച്ചനോടൊപ്പമുണ്ട് എന്ന കാര്യവും വ്യക്തമാണല്ലോ. കൂനമ്മാവ് നാളാഗമത്തിലെ വിവരണം ഇങ്ങനെ തുടരുന്നു:

*ഇതിനാൽ തൊമ്മന്റെ ഉത്സാഹത്താൽ നമ്മുടെ അമ്മ കർമ്മല ദൈവമാതാവിന്റെയും പിതാവായ ശുദ്ധ മാർയൗസേപ്പിന്റെയും വിവാഹത്തിരുനാൾ സമീപിച്ച 1866 മകരത്തിൽ ഈ ചെറിയ പനമ്പുമഠത്തിന് വേല തുടങ്ങി. പുത്തനായിട്ടുള്ള വഴിയും വെട്ടി. തെങ്ങും പനമ്പുംകൊണ്ട് ഒരു സ്ഥലം മൂന്നു മുറിയും, പ്രാർത്ഥനാസ്ഥലവും ഒരു ഊട്ടുമുറിയും ആയിട്ടും പുറവേലിയും അടക്കവേലിയും തീർപ്പിക്കുകയും ആ പറമ്പിൽ പാർത്തിരുന്ന അവുരാ എന്നയാൾ വച്ചിരുന്ന ഒരു ചെറിയ പുരയുണ്ടായിരുന്നതിന് ആറു രൂപാ കൊടുത്ത് വാങ്ങിച്ച് കുസീഞ്ഞായിട്ട് ആസ്തമാക്കി. രണ്ടുകാലം മുമ്പിൽ ശ്രേഷ്ഠത്തി ഏലീശ്വായുടെ കൂടപ്പിറപ്പായിരുന്നു സഹോദരി ത്രേസ്യ 16 വയസ്സായി വിവാഹം ചെയ്യുന്നതിന്നു പറഞ്ഞാറെ ഈശോമിശിഹായോടു കൂടെയുള്ള മണവാളത്തമല്ലാതെ ഭൂലോകവിവാഹം വേണ്ട എന്നും ഉപേക്ഷിച്ചു പാർത്തിരിക്കുന്നതിനാൽ അവളെയും ഇതിൽ ചേർക്കത്തക്കവണ്ണം മനസ്സായിരിക്കുന്ന വിവരം ബ. മൂപ്പച്ചൻ അവളുടെ അപ്പനെയും വരുത്തി പറയുകയും ചെയ്തു.*[20]

ഇപ്രകാരം ആദ്യാംഗങ്ങൾ മൂന്നുപേരെ കണ്ടെത്തിയെങ്കിലും പല തിരക്കുകൾ കാരണം മഠം പണി തടസ്സപ്പെടുകയാണുണ്ടായത്. കൂനമ്മാവ് കൊവേന്തയിൽ വച്ച് നടത്തപ്പെടാൻ പോകുന്ന 40 മണി ആരാധനയോടനുബന്ധിച്ചുള്ള ധാരാളം കാര്യങ്ങൾ ചെയ്തുതീർക്കേണ്ടതുണ്ടായിരുന്നു എങ്കിലും ഉപേക്ഷ വിചാരിക്കാതെ മൂപ്പച്ചനും പ്രിയോരച്ചനും ഇടയ്ക്കും തലയ്ക്കും വന്നുനോക്കി പണി അന്വേഷിച്ചുപോന്നതായും *നാളാഗമ*ത്തിൽ കാണുന്നു. ഇതിനിടയിൽ കൊച്ചിയിൽ നിന്നും തുണി വരുത്തി മഠത്തിൽ ച്ചേർന്നവർക്കാവശ്യമായ വസ്ത്രങ്ങൾ ഉണ്ടാക്കുകയും ചെയ്തു. പത്താം തീയതിയാണ് ത്രേസ്യ അവരോടുകൂടെ വന്നുചേരുന്നത്.

*നാളാഗമ* വിവരണം ഇങ്ങനെ തുടരുന്നു:

*....ഈ നോയമ്പിന്റെ തുടക്കത്തിൽത്തന്നെ തുടങ്ങണം എന്നും നിശ്ചയിച്ച് ഞങ്ങൾ ഒന്നും അറിയാതെയിരിക്കയിൽ ഞങ്ങൾക്ക് പുത്തനായിട്ട് ഉടുപ്പാൻ വേണ്ടിയതിനും കൊച്ചിയിൽനിന്നും കച്ച വരുത്തി സാമാന്യത്തിൽ അധികമായിട്ട് അടക്കം തോന്നുവാൻ തക്കവണ്ണമുള്ള ഉടുപ്പുകളും ഞങ്ങളെക്കൊണ്ടുതന്നെ ചെയ്യിച്ച് കുംഭം 15-ാം തീയതി വ്യാഴാഴ്ച ശു.കുർബ്ബാനയുടെ ആരാധന തുടങ്ങുവാൻ നിശ്ചയിച്ചതിനാൽ അതിനു മുൻ ഞങ്ങൾക്കും സ്കപ്പുളാര തന്നു തുടങ്ങണം എന്നും കല്പിച്ച് 10-ാം തീയതി ശനിയാഴ്ചതന്നെ ശ്രേഷ്ഠത്തി ഏലീശ്വായുടെ സഹോദരി ത്രേസ്യായുടെയും അപ്പൻ, അമ്മ ഒന്നായിരിക്കയാലും യിവരുടെ കൂടപ്പിറപ്പ് ലൂവീസ് എന്ന ഒരു പൈതൽ കൂനമ്മാവ് കൊവേന്തയിൽ ഉണ്ടായിരുന്നതിനാലും സഹോദരി ത്രേസ്യായെ കൂട്ടിക്കൊണ്ട് അപ്പനും അമ്മയും മറ്റു ചില കൂടപ്പിറപ്പുകളും കൂടെ വന്നു. സഹോദരി അന്നയുടെ അപ്പന്റെ വീട്ടിൽ ഇവരോടു കൂടെ താമസിച്ചു.*[21]

ജ്യേഷ്ഠാനുജത്തിമാരായ ഏലീശ്വയും ത്രേസ്യായും ഏലീശ്വായുടെ മകൾ അന്നയും അന്നയുടെ അപ്പന്റെ വീട്ടിൽ അതായത് ഏലീശ്വായുടെ ഭർതൃഗൃഹത്തിൽ മഠസ്ഥാപന സുദിനവും കാത്തു കഴിഞ്ഞു. ഭക്തജീവിത ശൈലിയിൽ ഏലീശ്വായും അന്നയും താമസിച്ചുവന്നിരുന്നത് ആ ഭവനത്തിൽത്തന്നെയായിരുന്നു എന്നാണല്ലോ സൂചന. സഹായക്കാരിയായ ഇനിയൊരു സ്ത്രീയെ കണ്ടെത്തുന്നതും മഠപ്രവേശനത്തിന് ഇവരെ നാലുപേരെയും ലെയോപ്പോൾദച്ചൻ ഒരുക്കുന്നതും നാളാഗമത്തിൽ തുടർന്നുള്ള ഭാഗത്ത് കാണുന്നു.

*12-ാം തീയതി മൂപ്പച്ചൻ ഈ മൂന്നുപേരേയും ഏലീശ്വാ, ത്രേസ്യാ, അന്ന എന്നിവരെയും ഇവർക്കു സഹായക്കാരത്തിയായിട്ട് ഇവരുടെ അയൽക്കാരത്തിയും സഹോദരി അന്നയുടെ അപ്പന്റെ ചാർച്ചക്കാരിയും ആയിരുന്ന വിവാഹം ചെയ്യാതെ പാർത്തിരുന്ന 26 വയസ്സുള്ള ഏലീശ്വാ എന്നു പേരുള്ള ആളിനെയും നിയമിച്ച് യിവരെയും കുമ്പസാരിപ്പിച്ചു. ഇന്നുതന്നെ നിങ്ങൾക്കുള്ള ഉടുപ്പ് മുതലായ വസ്തുക്കളും തിന്മാൻവേണ്ടിയ അരി മുതലായതും പാ, തലവണ മുതലായവ ആ സ്ഥലത്തിൽ ആക്കി വച്ച് വെളുക്കുമ്പോൾത്തന്നെ പള്ളിയിൽച്ചെന്ന് കുർബ്ബാനയും കണ്ട് ശുദ്ധകുർബ്ബാനയും കൈക്കൊണ്ട് ഈ അന്തസ്സിൽ മരിപ്പോളം ജീവിപ്പാൻ വേണ്ടിയ ദൈവസഹായം അപേക്ഷിച്ച് നല്ലവണ്ണം ധ്യാനിച്ച് പള്ളിയിൽത്തന്നെ നിൽക്കണമെന്നും, ആൾ വന്ന് അറിയിക്കുമ്പോൾ നിങ്ങളും അനുവദിച്ചിരിക്കുന്ന സംബന്ധക്കാരും കൂടി പുത്തനായിട്ട് ഉണ്ടാക്കിയ വഴിയിൽക്കൂടെത്തന്നെ മഠത്തിൽ വരണമെന്നും കല്പിച്ച് കുമ്പസാരവും കഴിച്ചയച്ചു. അപ്രകാരം ഞങ്ങൾ ചെയ്യുകയും ചെയ്തു.*[22]

സുറിയാനിസഭാംഗങ്ങൾക്ക് അക്കാലത്ത് നേരിടേണ്ടിവന്നിരുന്ന വിവേചനത്തിന്റെ ചിത്രം വെളിവാക്കുന്ന ഒരു കാര്യം ഇതിനിടയിൽ സംഭവിക്കുന്നുണ്ട്. പതിനൊന്നാം തീയതിതന്നെ പ്രിയോരച്ചന്റെ നിർദ്ദേശമനുസരിച്ച് കൂനമ്മാവിൽ എത്തിയിരുന്ന വൈക്കത്ത് പുത്തനങ്ങാടി ഏലീശാ എന്ന വിധവ മഠപ്രവേശനത്തിനായി ആഗ്രഹിച്ചും ഒരുങ്ങിയും വന്നതാണെങ്കിലും തഴയപ്പെടുന്ന രംഗമാണിത്. 10-ാം തീയതി എത്തിച്ചേർന്ന ത്രേസ്യായ്ക്ക്

മഠപ്രവേശനത്തിന് തടസ്സമില്ലെങ്കിൽ 11-ാം തീയതി എത്തിയ ഏലീശ്വായ്ക്ക് അതിനനുവദിക്കാതിരുന്നത് വിചിത്രമായി തോന്നുന്നു. എല്ലാവരെയും മൂപ്പച്ചൻ കുമ്പസാരിപ്പിച്ച് അവസാനമായി ഒരുക്കുന്നത് 12-ാം തീയതിയുമായിരുന്നല്ലോ. ഈ വിവേചനം ധീരവനിതയായിരുന്ന പുത്തനങ്ങാടി ഏലീശ്വായ്ക്കും അവളുടെ ആത്മസ്ഥിതി നന്നായി അറിഞ്ഞിരുന്ന ചാവറയച്ചനും വ്യസനഹേതുവായിരുന്നെങ്കിലും ഉപരിനന്മ ലക്ഷ്യം വച്ച് ഇരുവരും ദൈവഹിതമായി ഈ എളിമപ്പെടുത്തൽ സ്വീകരിക്കുന്നതായാണ് നാം കാണുന്നത്. *നാളാഗമ* വിവരണം ഇങ്ങനെയാണ്:

*11-ാം തീയതിതന്നെ പ്രിയോരച്ചൻ അറിവിച്ചിരുന്നതിനാൽ സഹോദരി ക്ലാര അതായത് സുറിയാനിക്കാരായ വൈക്കത്തുപള്ളി എടവകയിൽ പുത്തനങ്ങാടിയിൽ കൊച്ചുവർക്കി വൈദ്യൻ എന്നയാളാൽ പിറക്കപ്പെട്ട് ഏലീശ്വാ എന്ന പേരുമിട്ട് 14 വയസ്സിൽ വിവാഹം കഴിച്ച് പത്ത് വത്സരം ഭർത്താവോടുകൂടി ജീവിച്ചശേഷം 24-ാം വയസ്സിൽ ഭർത്താവ് മരിച്ച് 13 വത്സരം വൈധവത്തിൽ ആങ്ങള ഇസഹാക്കു വൈദ്യൻ എന്നയാളോടുകൂടി സ്വന്തവീട്ടിൽ പാർത്ത് പള്ളി സമീപമാകയാൽ നിത്യവുമായുള്ള കുർബ്ബാന കണ്ടും അടുക്കലടുക്കലുള്ള കുമ്പസാരം കുർബ്ബാന എന്ന കൂദാശകൾ കൈക്കൊണ്ടും പാടുപോലെയുള്ള ധ്യാനനമസ്കാരങ്ങളും കഴിച്ചു വന്നിരുന്ന വിവരം പ്രിയോരച്ചൻ അറിഞ്ഞിരുന്നതിനാൽ ഈ അന്തസ്സിൽ ചേരുവാൻ മനസ്സുണ്ടെങ്കിൽ വരണമെന്നും ആ പള്ളിയുടെ വികാരിയച്ചൻ വഴിയായി അറിയിച്ചിരുന്നതിനാൽ അപ്രകാരം വരുന്നതിനു നിശ്ചയിച്ച വർത്തമാനം മറ്റു കൂടപ്പിറപ്പുകളും സംബന്ധക്കാരും അറിഞ്ഞ് പല മുടക്കുകളും തടവുകളും പറഞ്ഞു എങ്കിലും ആയത് ഒന്നും എടുക്കാതെ ധൈര്യപ്പെട്ടതിനാൽ എളയപ്പൻ ആയിരിക്കുന്ന പുത്ത. ഇട്ടൂപ്പ് എന്നയാളും മേലെഴുതിയ വികാരിയച്ചനും കൂടെ സഹായമായി വേണ്ടുന്നതൊക്കെയും കൊണ്ടുവന്നു എങ്കിലും ബ. മൂപ്പച്ചൻ ഒരിക്കലും കണ്ടറിവില്ലായ്കയാൽ ഒന്നുരണ്ടു കുറി കുമ്പസാരക്കൂട്ടിൽ വന്നു ചോദിച്ചുപറഞ്ഞ് അറിഞ്ഞതല്ലാതെ ഇപ്പോൾ നിശ്ചയിച്ചു പറവാൻ പാടില്ലായ്ക പുറത്ത് ഒരു വീട്ടിൽ താമസിപ്പാൻ കല്പിച്ചു. ഇതിനാൽ കുറെ സങ്കടവും ഇളക്കവും തോന്നി. എങ്കിലും ചൊൽവിളിയിൽ ഉറച്ചു പാർത്തു.*[23]

## മഠസ്ഥാപന ദിനം

സ്ഥാപനദിനമായ 13-ാം തീയതി വെളുപ്പിന് അഞ്ചുമണിക്കു തന്നെ മഠത്തിലെത്തി *മൂപ്പച്ചനും പ്രിയോരച്ചനും* കൂടി ഒരുക്കങ്ങൾ എല്ലാം സജ്ജീകരിച്ച കാര്യങ്ങൾ *നാളാഗമ*ത്തിൽ വിവരിക്കുന്നുണ്ട്. മഠസ്ഥാപനവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളിലും വേണ്ട മേൽനോട്ടം വഹിച്ച ഒരു വ്യക്തിക്കു മാത്രമേ കാര്യങ്ങൾ ഇത്രയും കൃത്യമായി എഴുതി വയ്ക്കാനാവൂ. എളിമയുടെ ജീവിക്കുന്ന മാതൃകയായിരുന്ന ചാവറയച്ചൻ മൂപ്പച്ചന് എല്ലാ ക്രെഡിറ്റും





നൽകി പിന്നണിയിലൊതുങ്ങുകയാണ് ചെയ്തത്. എത്ര കരുതലോടെയും ശ്രദ്ധയോടും കൂടിയാണ് അവർ കാര്യങ്ങൾ ക്രമീകരിച്ചതെന്നു ചിന്തിക്കുമ്പോൾ കന്യകാമഠസ്ഥാപനത്തിനായുള്ള അവരുടെ ആഗ്രഹങ്ങളും സമർപ്പിതമായ അദ്ധ്വാനങ്ങളും എത്രയധികമായിരുന്നെന്നു വ്യക്തമാകും. ആ വിവരണം ഇങ്ങനെയാണ്.

*13-നു ചൊവ്വാഴ്ച അഞ്ചുമണി വെളുപ്പിനു തന്നെ ബ. മൂപ്പച്ചനും പ്രിയോരച്ചനും കൂടി ഈ പനമ്പുമഠത്തിൽ വന്ന് ആയതിൽ ഞങ്ങൾ വച്ചിരുന്ന വസ്തുക്കൾ സൂക്ഷിച്ചു കിടന്നിരുന്ന ആളുകളെ അച്ചന്മാരുതന്നെ വിളിച്ചുണർത്തികൊണ്ട് വസ്തുക്കൾ എന്തെല്ലാമെന്നും എത്രയോ നുണുക്കായ കാര്യങ്ങളും ബ. മൂപ്പച്ചന്റെ ബോധത്തിൽ വച്ച് അന്വേഷിച്ചു എന്നും എല്ലാം എഴുതികാണിപ്പാൻ പാടില്ല. ഏതാനുമൊക്കെ കാണിക്കുന്നു. കൊട്ടും ഉണർത്തും ഉള്ള ഒരു നാഴികമണിയും, നമസ്കാരം ധ്യാനം, തീൻ, വേല, ഉണർച്ച യിങ്ങനെയുള്ള നേരത്ത് കൊട്ടുവാൻ വേണ്ട തവുളെത്ത എന്നു പറയുന്ന മരമണിയും. മുറികളിൽ ഹന്നാൻ വെള്ളം എപ്പോഴും ഉണ്ടാകുവാനും മുറിയിൽ കടക്കുമ്പോഴും മുറിയിൽനിന്നു പുറപ്പെടുമ്പോഴും എപ്പോഴും തൊട്ട് നെറ്റിമേൽ പുരട്ടി കുരിശു വരപ്പാനായിട്ട് എല്ലാ മുറികളിലും മറ്റും ഈ വെള്ളം വെപ്പാൻ ഓരോ പാത്രവും ആയത്..........വേണ്ടിയതിനെ എഴുതി കൊടുത്തയപ്പാനും വരുത്തുവാനുമായിട്ട് രണ്ടു താക്കോലുള്ള ഒരു ചെറിയ പെട്ടകവും അതിൽ ഒരു താക്കോൽ മൂപ്പച്ചന്റെ മുറിയിൽ വച്ച് ഒന്ന് ശ്രേഷ്ഠത്തി സൂക്ഷിപ്പാനും ദിഷ്ടതിയാക്കുന്നത് എഴുതി അതിൽ വച്ചു പൂട്ടി താക്കോൽ എടുത്തു കൊൾവാനായിട്ട് ഒന്ന് പെട്ടിയുടെ മീതെ കെട്ടിയിരുന്ന കൊച്ചു പെട്ടിയും വെന്തിഞ്ഞ കുത്തുവാൻ ദർശനചീല രൂപചീലകളും ശേഷവും ഇങ്ങനെയുള്ളതൊക്കെയും കൊണ്ടുവന്നതുമല്ലാതെ അവരുടെ കൈകൾകൊണ്ടു തന്നെ ഞങ്ങൾ വരുന്നതിനു മുമ്പിൽ ഇതൊക്കെയും ക്രമപ്പെടുത്തി ഞങ്ങളിൽ ഓരോരുത്തർക്കായി നിയമിച്ച മുറികളിൽ കട്ടിലും പായും വിരിച്ച് ഓരോരുത്തർക്കും ഓരോ കറുത്ത നിറമുള്ള പുതപ്പുകളും കട്ടിലിന്മേൽ വിരിച്ചും എല്ലാവർക്കും കൂടെയുള്ള വേലവസ്തുക്കളായ ആകമാന വസ്തുക്കളും ജ്ഞാനവായന മേശവായനക്കുള്ള പുസ്തകങ്ങളും ഇങ്ങനെയുള്ളതൊക്കെയും ശ്രേഷ്ഠത്തിയുടെ മുറിയിലും വച്ച് 9 മണിയായപ്പോൾ ഇതൊക്കെയും ക്രമപ്പെടുത്തി ഞങ്ങൾക്ക് ആളയക്കുകയും ചെയ്തു.*[24]

ലെയോപ്പോൾദച്ചനും ചാവറയച്ചനും ചേർന്നാണ് ഈ ക്രമീകരണങ്ങളൊക്കെ ചെയ്തുകൊടുത്തതെന്ന് മേൽ വിവരണത്തിൽ നിന്നും വ്യക്തമാണല്ലോ. മഠാംഗങ്ങളായി വരുന്നവർക്ക് സന്യാസജീവിതത്തെക്കുറിച്ചുള്ള അവഗാഹമോ ക്രമീകരണങ്ങളെക്കുറിച്ചുള്ള രൂപമോ ഉണ്ടാവുകപതിവില്ല. അതു മനസ്സിലാക്കി ഒരു കുറവിനും ഇടവരാത്തവിധത്തിൽ എല്ലാം ക്രമീകരിച്ചു വയ്ക്കുകയായിരുന്നു ഇവർ.

## ആദ്യ സഹോദരിമാർ

എല്ലാം തയ്യാറാക്കിയശേഷം സഹോദരിമാരെ വിളിക്കുവാൻ ആളയക്കുകയും അവർ എത്തിച്ചേർന്നപ്പോൾ ആഘോഷമായി മഠത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യുകയായിരുന്നു. കൂനമ്മാവ് മഠത്തിന്റെ *നാളാഗമം* രേഖപ്പെടുത്തുന്നതിപ്രകാരമാണ്:

*ആൾ വന്ന ഉടൻ ഞങ്ങൾ മൂവരും സഹായക്കാരത്തിയും ശ്രേഷ്ഠത്തി ഏലീശ്വയുടെയും സഹോദരി ത്രേസ്യയുടെയും അമ്മയും സഹോദരി അന്നയുടെ എളയപ്പൻ, വല്യപ്പന്മാരുടെ കെട്ടിയവളുമാരും മറ്റു ചാർച്ചക്കാരും സ്നേഹമുള്ളവരുമായ പല സ്ത്രീജനങ്ങളോടും കൂടി പുത്തനായിട്ടുള്ള വഴിയേ ഞങ്ങൾക്കുള്ള പുത്തൻ ഉടുപ്പോടുകൂടെ പള്ളിയിൽനിന്ന് പുറപ്പെടുമ്പോൾ പലരും പുറപ്പെട്ടു എങ്കിലും പുറത്തുള്ള പടിക്കകത്തു പുരുഷന്മാർക്കു കടന്നാൽ 3 മാസത്തെ പള്ളിപ്രായശ്ചിത്തം എന്നെഴുതി തറച്ചിരിക്കുന്നതിനാൽ ആരും കടന്നില്ല. ഞങ്ങളും അനുവദിച്ചിരുന്ന ആളുകളോടെകൂടെ വന്ന് മുൻപിൽ തന്നെ പ്രാർത്ഥനാമുറിയിൽക്കടന്ന് രൂപത്തുങ്കൽ ഞങ്ങൾ മുട്ടുകുത്തി കുറേ അപേക്ഷിച്ചതിനുശേഷം മൂപ്പച്ചൻ സൂർപ്ലേസും ഊറാറായുമിട്ട് പ്രിയോരച്ചനുമായിട്ട് പ്രാർത്ഥനാ മുറിയിൽ വന്നു. അപ്പോൾ ഞങ്ങളുടെ അച്ചൻ ഞങ്ങൾക്ക് വാഴുതരിക എന്നപേക്ഷിച്ച് കുപ്പായം മുത്തിയതിനുശേഷം ചൊല്ലുവാനുള്ളതും ചൊല്ലി ശ്രേഷ്ഠത്തി തുടങ്ങി മൂന്നുപേർക്കും റൊയിശ നിറമുള്ള ചെറിയ സ്കപ്പുളാരിയും ഉടുപ്പിച്ച് ഹന്നാൻവെള്ളവും തളിച്ചശേഷം മൂപ്പച്ചൻ ഇരുന്ന് കുറെ ഗുണദോഷങ്ങളും പറഞ്ഞശേഷം വന്നവരെയൊക്കയും പറഞ്ഞയച്ച് വീണ്ടും അല്പമായിട്ട് താമസിച്ച് ഓരോ ക്രമങ്ങളും മറ്റും പറയുകയും സഹോദരി അന്നായെക്കൊണ്ട് നാഴികമണിക്ക് ശരടുകെട്ടിപ്പിച്ചും മറ്റും കാട്ടിത്തന്ന് അന്നു പോകുകയും ചെയ്തു.*[25]

മഠസ്ഥാപനത്തെക്കുറിച്ച് ചാവറയച്ചൻ മാന്നാനം *നാളാഗമ*ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്:

*.....ഇവർ പ്രാർത്ഥനാസ്ഥലത്തെ പുക്ക കുമ്പിട്ട് കുറെ നമസ്ക്കരിച്ചശേഷം മൂപ്പച്ചൻ സൂർപ്ലേസും ഊറാറയുമിട്ടിരുന്ന് മരണത്തോളം ഈ മഠത്തിൽ പാർത്ത് കന്യാവ്രതം, അഗതിത്വം, ചൊൽവിളി എന്ന ഈ പറഞ്ഞൊപ്പും കാത്തുജീവിപ്പാൻ മനസ്സാകുന്നു എന്നുള്ളതിനെ ചോദിച്ചശേഷം ക്രമം പോലെ ചെറിയ സ്കപ്പുളാരും കൊടുത്ത് തെദേവും ഞാൻ സുറിയാനിയിലും, അച്ചൻ ലത്തീനിലും പാടിയശേഷം ഇരുന്ന് കുറെ ഗുണദോഷങ്ങളും പറഞ്ഞുംവച്ച് ശേഷം സ്ത്രീജനങ്ങളെ പറഞ്ഞയച്ചും വച്ച് മണിക്ക് ചരടുകൊടുക്കുന്നതും മറ്റും കാണിച്ചുകൊടുത്തു. എന്നാൽ ശ്രേഷ്ഠത്തിയമ്മയുടെ മകൾ സഹോദരി അന്ന ശേഷം ഒക്കെയിലും കുറേ ബുദ്ധിയും വിവേകവും ധൈര്യവും ഉള്ളതാകയാലും ഇതൊക്കെയും വേഗത്തിൽ പഠിക്കുന്നു. പതിനൊന്ന് മണിക്കകത്ത് എല്ലാം കഴിച്ച് ഞങ്ങൾ പോന്നു.*[26]





കന്യകാമഠം എന്ന സ്വപ്നം മലയാളക്കരയിൽ യാഥാർത്ഥ്യമാവുകയായിരുന്നു. ആ ചാരിതാർത്ഥ്യം നിറഞ്ഞ സ്തോത്രഗീതമാണ് സുറിയാനിയിൽ ചാവറയച്ചനും ലത്തീനിൽ ലെയോപ്പോൾദച്ചനും തിരുസന്നിധിയിൽ ആലപിച്ചത്. മഠത്തിൽച്ചേരാനായി എത്തിയെങ്കിലും മൂപ്പച്ചൻ പരീക്ഷിച്ചറിയാത്തതുകൊണ്ട് പുറത്ത് ഒരു വീട്ടിൽ താമസിച്ചു കാത്തുനിൽക്കേണ്ടി വന്ന വൈക്കത്ത് പുത്തനങ്ങാടി ഏലീശ്വ പിറ്റേദിവസം സഹോദരിമാരോട് ഒത്തുചേർന്നു; അവൾക്ക് ക്ലാര എന്ന് പേരു കൊടുക്കുകയും ചെയ്തു. അതിന്റെ വിവരണവും *നാളാഗമ*ത്തിൽ കാണാം.

*...... ഞങ്ങൾക്ക് ഒരു കൂടെപ്പിറപ്പുകൂടെ ഉണ്ടാകുന്നത് അത്രയും സന്തോഷമാണല്ലോ എന്നും പറഞ്ഞാറെ ഉടൻ പ്രിയോരച്ചനോട് പറഞ്ഞ് അവരെ വിളിപ്പിച്ചു. ഉടൻ സഹോദരിയും മേലെഴുതിയ എളയപ്പനും പെട്ടി, പാ മുതലായത് എടുത്തുകൊണ്ട് ഒരാളും ആയിട്ടും പുറവേലി കടന്നുവന്ന് അടക്കവേലിയുടെ പടിക്കുപുറത്ത് എളയപ്പൻ നിന്നുകൊണ്ട് സഹോദരിയേയും കോപ്പും അകത്തോട്ട് ആക്കിയശേഷം വന്ന് മൂപ്പച്ചന്റെ കുപ്പായം മുത്തി മുട്ടുകുത്തി നിന്നപ്പോൾ ഇവർക്ക് ശുശ്രൂഷ ചെയ്തുകൊണ്ട് മരിപ്പോളം യിവിടെ പാർപ്പാൻ മനസ്സുണ്ടോ എന്നു ചോദിച്ചതിന് മനസ്സായിരിക്കുന്നു എന്നും ഉത്തരിച്ചാറെ അപ്രകാരം മനസ്സാകുന്നുവെങ്കിൽ ഈ പാവപ്പെട്ട എന്നെക്കൂടെ നിങ്ങളുടെ വേലക്കാരിയായിട്ടു കൈകൊള്ളണമെന്ന് ശ്രേഷ്ഠത്തിയുടെ മുമ്പിൽ മുട്ടുകുത്തി അപേക്ഷിക്ക് എന്നു പറഞ്ഞയുടൻ ശ്രേഷ്ഠത്തിയും മറ്റു സഹോദരികളും ഇരിക്കുന്നയിടത്തുചെന്ന് ശ്രേഷ്ഠത്തിയുടെ മുൻപിൽ മുട്ടുകുത്തി അപേക്ഷിച്ചപ്പോൾ ഞങ്ങൾ പാവപ്പെട്ടവരും പിച്ചക്കാരും ആകുന്നു. ഞങ്ങളിൽ ഒന്നുപോലെ കൂടപ്പിറപ്പിനെ കൈക്കൊൾവാനും ദൈവം തരുന്ന ഭിക്ഷ നാം കൈകൊണ്ട് പാർപ്പാൻ നൽമനസ്സായിരിക്കുന്നുവെന്നും ശ്രേഷ്ഠത്തിയും ഉത്തരിച്ചശേഷം മൂപ്പച്ചന്റെ മുൻപിൽ മുട്ടുകുത്തിച്ച് സ്കാപ്പുളാരിയും കൊടുത്ത് കൂട്ടുന്നതിനു തുടങ്ങിയപ്പോൾ പേര് എന്തെന്നു ചോദിച്ച് ഏലീശാ എന്നു കേട്ടാറെ ശ്രേഷ്ഠത്തിയുടെയും സഹായക്കാരത്തിയുടെയും പേര് ഇതു തന്നെ ആകയാൽ ആയതുമാറ്റി ക്ലാര എന്നു പേരിട്ട് ത്രേസ്യ പുണ്യവാളത്തി അമ്മയുടെ മൂന്നാംസഭ കന്യാസ്ത്രീകളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്തു.*[27]

ആദ്യാംഗങ്ങൾ അതോടെ നാലുപേരായി. സഹോദരിമാരെ പനമ്പു മഠത്തിൽ പാർപ്പിച്ചശേഷം ചാവറയച്ചന്റെയും മൂപ്പച്ചന്റെയും പിന്നത്തെ സത്വര ശ്രദ്ധ പതിഞ്ഞത് ഉറപ്പുള്ള ഒരു കെട്ടിടത്തിലേയ്ക്ക് എത്രയും പെട്ടെന്ന് അവരെ മാറ്റുന്നതിലേയ്ക്കായിരുന്നു. അതിന് പറ്റിയ ഒരു സ്ഥലം കണ്ടെത്തിയതിനെക്കുറിച്ച് മാന്നാനം *നാളാഗമ*ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമത്രെ:

*എന്നാൽ നമ്മുടെ കന്യാസ്ത്രീകൾ പനമ്പിനകത്തു കിടക്കയാൽ പല സൗഖ്യക്കേടും വരുന്നതിനാൽ വേഗത്തിൽ ഉറപ്പായിട്ട് ഒരു സ്ഥലമുണ്ടാക്കാൻ*

*ബ.മൂപ്പച്ചൻ താത്പര്യപ്പെട്ടു. അതിനാൽ നമ്മുടെ കൂനമ്മാവ് കൊവേന്ത വകയായിട്ട് അതിനു സമീപെ ഒരു പറമ്പുണ്ടായിരുന്നതിനോടുകൂടെ മറ്റു രണ്ടു പറമ്പും കൂടെ ചേർത്താൽ നല്ലതെന്നും വച്ച് അതിന്റെ ഉടമസ്ഥരോടു ബ. മൂപ്പച്ചൻ ചോദിച്ചതിനാൽ അവരു സമ്മതിച്ചു. എങ്കിലും അവർക്കു പാർപ്പാൻ വേറൊരു സ്ഥലം അന്വേഷിച്ചു കൊടുക്കേണ്ടി വന്നു. ഈ രണ്ടു സ്ഥലത്തിനു മുറപ്രകാരം കൊടുക്കേണ്ട തുകയിൽ അധികവും സൗജന്യമായി കിട്ടി. ബാക്കി വിലയായും കൊടുത്ത് വാങ്ങിച്ച് മൂന്നും കൂടി ഒന്നായി ച്ചേർത്ത് 1866 മിഥുനം 23 ന് ശനിയാഴ്ച ഏഴുമണികഴിഞ്ഞ് പ്രിയോരച്ചനും മൂപ്പച്ചനും കൂടി... അന്നുതന്നെ 5000 കല്ലുവരെ പണിതു നിലനിരപ്പാക്കി....*[28]

സ്ഥലം ലഭിച്ചുവെങ്കിലും കെട്ടിടം പണിയുവാനുള്ള പണമില്ലാതെ ചാവറയച്ചനും ലെയോപ്പോൾദച്ചനും ഏറെ ക്ലേശിച്ചു. ഇതെക്കുറിച്ചുള്ള ആശങ്ക മാന്നാനം *നാളാഗമ*ത്തിൽ ചാവറയച്ചൻ രേഖപ്പെടുത്തിയിട്ടുമുണ്ട്.

*ഇതിനിടയിൽ പുത്തൻ പള്ളിയിൽ സെമിനാരിയും ഉറപ്പിച്ച് കൂറെ തീർത്തു. ലത്തീൻകാർക്ക് കൊവേന്ത പണിവാനായിട്ടു മഞ്ഞുമ്മേൽ സ്ഥലം വാങ്ങിച്ചു. എന്നാൽ നമ്മുടെ കന്യാസ്ത്രീകൾ പനമ്പിനകത്തു കിടക്കുകയാൽ പല സൗഖ്യക്കേടുകളും വരുന്നതിനാൽ വേഗത്തിൽ ഉറപ്പായിട്ട് ഒരു സ്ഥലം ഉണ്ടാക്കുവാൻ ബ. മൂപ്പച്ചൻ താത്പര്യപ്പെട്ടു.*[29]

പണപ്പിരിവിനായി പിതാക്കന്മർ നടത്തിയ പരിശ്രമങ്ങളും പണമില്ലാതെ പണിമുടങ്ങിയതും അപ്രതീക്ഷിതമായി പണം കിട്ടിയതിനാൽ കെട്ടിടം വിപുലപ്പെടുത്തിയതും കൂനമ്മാവുമഠം *നാളാഗമ*ത്തിൽ സവിസ്തരം വിവരിച്ചിട്ടുണ്ട്. പ്രസക്തഭാഗങ്ങൾ താഴെ കൊടുക്കുന്നു:

*ഇങ്ങനെ കന്നിമാസം മുതൽ പണി തുടങ്ങി ഒന്ന് രണ്ട് കുറി മുൻകൂറായിട്ടു പണം കൊവേന്തയിൽ നിന്നും മറ്റും വായ്പ എടുത്തു ചില പണി തുടങ്ങി എന്നതിനാൽ പെ.ബ. മൂപ്പച്ചന്റെ മനസ്സാക്ഷി കുറ്റപ്പെടുത്തുകയാൽ ദൈവം തരുമെങ്കിൽ പണിയാം, പണം തീരുമ്പോൾ നിർത്താം എന്നു നിശ്ചയിച്ചപ്രകാരം തുടങ്ങി. എന്നാൽ അച്ചൻമാരുടെ നാവാൽ സാക്ഷിച്ചതിൻവണ്ണം പലപ്പോഴും പണം എത്തി. ചിലപ്പോൾ പണി നാളെ നിറുത്തണം എന്നു വിചാരിക്കുമ്പോൾ ഒരു തുക വരികയും ചെയ്യും... ഈ വണ്ണം വിശേഷ ദൈവകൃപയാലേ, ആറേഴുമാസംകൊണ്ട് 7000 രൂപായിൽ താഴെ ധർമ്മം കിട്ടി. ഇതാ പഴയ ഓല മാറ്റുന്നതിന് മുമ്പുതന്നെ പുത്തൻ മഠത്തിലേയ്ക്ക് ദൈവം വിളിക്കുന്നു.*[30]

*....ഇതായത് മുൻ എഴുതിയിരിക്കുന്നതിൻവണ്ണം 1866 കുംഭം 13-ന് (ഫെബ്രുവരി) പനമ്പുമുറിയിൽ ശുദ്ധ. അമ്മയുടെ സ്ക്കൂളാരും തന്നു ഞങ്ങളെ പാർപ്പിച്ചപ്പോൾ ഈ പനമ്പും ഓലയും മാറ്റിക്കെട്ടുവാൻ ഇടവരുന്നതിനു മുൻപ് ഉറപ്പായിട്ടുള്ള ഒരു മഠം സർവ്വേശ്വരൻ തരും എന്ന് ഒരു സന്തോഷ*





*വാക്കുപോലെ നമ്മുടെ ശ്രേഷ്ഠന്മാരായ പെ. ദലഗാത്തച്ചനും പ്രിയോരച്ചനും പറഞ്ഞതിനെ ഞങ്ങളും കേട്ടു എങ്കിലും ... ആയതിന്റെ ശേഷം ഞങ്ങളുടെ ആത്മകാര്യത്തിന്മേലും പഠിപ്പിക്കേണ്ടുന്ന വേലകളിന്മേലും ഉത്സാഹിക്കുകയും അന്വേഷിക്കുകയും ചെയ്തുവരുന്നു. അതിനോടുകൂടെ അച്ചന്മാരുടെ ചുരുങ്ങിയ അന്വേഷണത്താലും എഴുത്തുകളാലും ചിലരുടെ ഹൃദയങ്ങളിൽ സർവ്വേശ്വരൻ തോന്നിച്ച് ധർമ്മം കൊണ്ട് മിഥുനം 13-ന് ശനിയാഴ്ച മഠത്തിന് അടിസ്ഥാനം വെക്കയും അപ്പോൾ ചെറുതായിട്ടും ഒരു നിലയായും മതി എന്നും വച്ച് കനം കുറച്ച് അടിസ്ഥാനം ഇടുകയും ചെയ്തു. വീണ്ടും കുറെ ദിവസങ്ങൾ കഴിഞ്ഞ് അടിസ്ഥാനം ഇട്ടതിൽ വീണ്ടും പണിയാതെ താമസിക്കുകയും ഇങ്ങനെ കന്നിമാസം 8-ന് ശുദ്ധ. മാതാവിന്റെ പിറവിത്തിരുന്നാൾ കഴിഞ്ഞതിന്റെ ശേഷം അച്ചന്മാര് ആലോചിച്ച് ചോദിക്കുന്ന വഴിയൊക്കെയും ദൈവം തെളിയിച്ചു നടത്തുന്നതുകൊണ്ട് വീണ്ടും മഠം രണ്ടു നിലയായിട്ടു പണിയണമെന്നും ബോർഡിംഗും സ്കൂളും ഒറ്റക്കല്ലുവെച്ച് മതിലായികെട്ടി അടക്കണമെന്നും വിചാരിച്ച് മഠത്തിന്റെ അടിസ്ഥാനത്തുള്ള തെക്കുവടക്ക് പടിഞ്ഞാറെതും കിഴക്കേതുമായ രണ്ടു ചുമരിന്റെ അടിസ്ഥാനത്തോട് ചേർത്ത് മാന്തിക്കുഴിച്ച് വീതികൂട്ടി രണ്ടുനിലയിലായി പണിയാൻതക്ക ഉറപ്പുള്ളതാക്കുകയും ചെയ്തു.*[31]

ഇടയ്ക്കൊക്കെ പണികൾ തുടരുവാൻ പണമില്ലാതെ വന്നെങ്കിലും ദൈവ പരിപാലനയാൽ എല്ലാം പണികളും തീർത്ത് 1867 മാർച്ച് 27ന് ആഘോഷമായി പുത്തൻ മഠത്തിൽ കന്യാസ്ത്രീകളെ പ്രവേശിപ്പിച്ചു എന്ന് *നാളാഗമ*ത്തിൽ വിവരിച്ചിരിക്കുന്നു.[32]

കേരളകത്തോലിക്കാസഭയിൽ ഒരു കന്യകാമഠം എന്ന സ്വപ്നം അങ്ങനെ എല്ലാവിധത്തിലും യാഥാർത്ഥ്യമായിത്തീർന്നു. അതിനായി അദ്ധ്വാനിക്കുകയും ആ സ്ഥാപനത്തിനു വേണ്ട ഒരുക്ക ശുശ്രൂഷകൾ നടത്തുകയും ചെയ്ത കരങ്ങളെക്കുറിച്ച് *നാളാഗമ*ത്തിന്റെ താളുകളിൽ വ്യക്തമായി വിവരിച്ചിട്ടുണ്ട്.

എളിമയുടെ ആൾരൂപമായിരുന്ന ചാവറയച്ചൻ സ്വയം എഴുതിയ വിവരണങ്ങളിൽ അത് സ്വയം ചാർത്തി രംഗത്തു നിറഞ്ഞുനിൽക്കാതെ ഒഴിഞ്ഞു നിന്നതു സഹജം; സ്വാഭാവികം. എന്നാൽ അതദ്ദേഹത്തിന്റെ പങ്കിനെ ചെറുതാക്കി കാണുന്നതിന് ന്യായമാവില്ല, ഒരിക്കലും.

### ആദ്യസമൂഹം

സ്ഥാപകന്റെ ധ്യാനവിഭാവനം സ്ഥലകാലങ്ങളെ അതിജീവിച്ചു മുന്നേറേണ്ടതിന്റെ ആദ്യപടിയാണ് ആദിമസഭാംഗങ്ങൾക്ക് കിട്ടുന്ന നിവേശനം. ഇത് സ്ഥാപിതമായ സമൂഹത്തിലേയ്ക്കുള്ള ദൈവവിളി, സ്ഥാപകരുടെ നിവേശവും സിദ്ധിയും, സ്ഥാപനത്തിന്റെ ലക്ഷ്യവും സ്വായത്തമാക്കി സ്ഥാപകരുടെ

വിഭാവന ദർശന വഴിയേ സുവിശേഷത്തിലെ മിശിഹായെ അനുഗമിക്കുന്നതിന് കരുത്തു പകരുന്നതുമാണ്.

സഭയിലേയ്ക്കു കടന്നുവരുന്നവരുടെ പ്രവർത്തനശൈലിയാണ് അവർ പ്രസ്തുതസമൂഹത്തിന്റെ സിദ്ധിക്കനുസൃതം ദൈവവിളിയുള്ളവരാണോ എന്ന് പരിശോധിക്കുന്നതിന്റെ അളവുമാത്ര. സ്ഥാപകരുടെ സിദ്ധിയെ അനുധാവനം ചെയ്യുന്നവരിലേയ്ക്ക് ആ ചൈതന്യം പ്രസരിച്ചു വികസിക്കുന്നു. അല്ലെങ്കിൽ അതവരിലേയ്ക്ക് കൈമാറപ്പെടുന്നു. പരിശുദ്ധപ്രസരണത്താൽ ദൈവാത്മത്തിൽ നിന്ന് സ്ഥാപകർ സ്വീകരിച്ച നിവേശത്തെ സഭാംഗങ്ങൾ ആത്മാവിൽ ഏറ്റുവാങ്ങുന്നു. ഈ പ്രക്രിയയിൽ ആദിമാംഗങ്ങൾ പ്രഥമസിദ്ധിയെ, നിവേശനത്തെ ചലനാത്മകവും ചരിത്രപരവുമാക്കിത്തീർക്കുന്നു.[33]

ആദിമാംഗങ്ങൾ ചെയ്യേണ്ടത് സഭാപിതാക്കന്മാരിൽ നിന്നു സിദ്ധിപരമായി ലഭിച്ച പ്രഥമനിവേശത്തെ സ്ഥലകാലാവശ്യങ്ങൾക്കനുസൃതം നവീകരിക്കുകയും അനുരൂപപ്പെടുത്തുകയുമാണ്. തുടക്കത്തിലുള്ള നിവേശനത്തിൽ നിന്നും വ്യതിചലിക്കാതെ അതു നിവർത്തിക്കുന്നതിലാണ് പ്രഥമസിദ്ധിയോടുള്ള വിശ്വസ്തതയും ബദ്ധതയും നിലകൊള്ളുന്നത്. സ്ഥാപകരുടെ സിദ്ധിയിൽ നിന്ന് ഒരുവിധത്തിലും അകന്നുപോകാതെതന്നെ അതിനെ നവീകരിക്കുകയാണ് വേണ്ടതെന്നർത്ഥം.[34]

അധുനാധുനീകരണപ്രക്രിയയിൽ ഓരോ വ്യക്തിക്കുമുള്ള ഉത്തരവാദിത്വം പ്രാഥമികനിവേശനത്തെ കൂടുതൽ ചൈതന്യ സമ്പന്നമാക്കുക എന്നതാണ്. വളർച്ചയുടെ പ്രതിഭാസ സ്വഭാവമാണ് ഈ സിദ്ധിയുടെ കാര്യത്തിൽ പ്രഥമാംഗങ്ങളും തുടർന്നുവരുന്നവരും അനുഷ്ഠിക്കുന്നത്. ഇവ്വിധ വികാസമാണ് പരിശുദ്ധാത്മാവിന്റെ ചൈതന്യപ്രാപ്തിയിൽ സ്ഥാപകരെ അനുഗമിക്കുന്ന ഓരോ വ്യക്തിയും ചെയ്യുന്നതും ചെയ്യേണ്ടതും. പ്രധാനമായും മൂന്നു കാര്യങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. ഒരാളിൽ നിറവാർന്നു വർത്തിക്കുന്ന പരിശുദ്ധാത്മാവിനോടുള്ള അചഞ്ചലമായ പ്രതിബദ്ധത, സുവിശേഷത്തോടും ദൈവജനത്തിന്റെ സർവ്വതോന്മുഖമായ അഭ്യുന്നതിയോടുമുള്ള സ്ഥാപകരുടെ മനോനിഷ്ഠയോടുമുള്ള വിശ്വസ്തത. ദൈവികപദ്ധതിയിൽ നിന്നും അണുവിട വ്യതിചലിക്കാതിരിക്കുന്നതിനുള്ള സാർവ്വത്രിക കാഴ്ചപ്പാടാണ് മൂന്നാമത്തേത്. ഈ മൂന്നു കാര്യങ്ങളേയും വിശുദ്ധ ഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിൽ അപഗ്രഥിച്ചാൽ *പരസ്പരം സ്നേഹിക്കുക എന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടും ഉണ്ടാകരുത്*[35] എന്ന വിശുദ്ധ പൗലോസിന്റെ വചനത്തിൽ നിന്നും അതു വായിച്ചെടുക്കാം. *സ്നേഹം അയൽക്കാരന് ഒരു ദ്രോഹവും ചെയ്യുന്നില്ല. അതുകൊണ്ട് നിയമത്തിന്റെ പൂർത്തീകരണം സ്നേഹമാണ് എന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു.*[36] സ്നേഹമെന്ന സിദ്ധിയാണ് സ്ഥാപകരിലും പിൻഗാമികളിലും ഒരുപോലെ ആത്മാർത്ഥതയുടെ നിറവോടെ നിറകൊള്ളേണ്ടത്. സ്നേഹത്തിന്റെ ത്രൈമാനമാണ്





മുകളിൽ സൂചിപ്പിച്ച മൂന്നു ഘടകങ്ങൾ. തന്നോടുതന്നെയുള്ള ആത്മാർത്ഥത; ആത്മസ്നേഹം; സഹചരോടും ലോകത്തോടുമുള്ള ആത്മാർത്ഥത; സഹോദരസ്നേഹം; ദൈവത്തോടുള്ള ആത്മാർത്ഥത; ദൈവസ്നേഹം. മഹോന്നത സ്നേഹമാണ് സുവിശേഷസിദ്ധി. യേശു തന്റെ പിതാവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണമനസ്സോടും, പൂർണ്ണശക്തിയോടുംകൂടി സ്നേഹിച്ചതും തന്നെപ്പോലെ മാനവരാശിയേയും പ്രപഞ്ചത്തേയും സ്നേഹിച്ചതും ഈ പ്രഭവപ്രാപ്തിയാലാണ്.[37]

ഹെബ്രായലേഖനം ഈ സത്യത്തെ സാക്ഷ്യപ്പെടുത്തുന്നു:

*ആ ഹിതമനുസരിച്ച് യേശുക്രിസ്തുവിന്റെ ശരീരം എന്നേയ്ക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതുവഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.*[38]

ഈ സമർപ്പണ ചൈതന്യമാണ് സ്ഥാപകരുടെ സിദ്ധിയിലും അനുഗാമികളുടെ ദൈവവിളിയിലും അനുഗ്രഹസാന്നിദ്ധ്യമായി നിലകൊള്ളേണ്ടത്.

സ്ഥാപക പിതാക്കന്മാരുടെ ദൈവാനുഭവത്തിൽ പങ്കുചേർന്ന് സ്ഥാപനസിദ്ധിയിൽ ഭാഗഭാക്കുകളായ പ്രഥമാംഗങ്ങൾ നാലുപേരെക്കുറിച്ചും നേരത്തെ സൂചിപ്പിച്ചിരുന്നു:

വൈപ്പിശ്ശേരി തൊമ്മൻ കത്രീന ദമ്പതിമാരുടെ മകളായി *വാകയിൽ ഏലീശ്വാ* 1831 ഒക്ടോബർ 3ന് ജനിച്ചു. 1866 ഫെബ്രുവരി 13ന് മഠത്തിൽ പ്രവേശിച്ചു. 1868 ജൂലായ് 16ന് വ്രതവാഗ്ദാനം ചെയ്തു.

*വാകയിൽ അന്ന:* വാകയിൽ ദേവസ്സിയുടെയും മേൽപറഞ്ഞ ഏലീശ്വായുടേയും മകളായി 1850 ഏപ്രിൽ 21ന് വാകയിൽ അന്ന ജനിച്ചു. 1866 ഫെബ്രുവരി 13ന് മഠത്തിൽ പ്രവേശിച്ചു. 1868 ജൂലൈ 16ന് വ്രതവാഗ്ദാനം നടത്തി. 1871 മെയ് 24ന് മരണമടഞ്ഞു.

*വൈപ്പിശ്ശേരി ത്രേസ്യാ:* വൈപ്പിശ്ശേരി തൊമ്മൻ, കത്രീന എന്നിവരുടെ പുത്രിയായി വൈപ്പിശ്ശേരി ത്രേസ്യാ 1848 മെയ് 8ന് ജനിച്ചു. 1866 ഫെബ്രുവരി 13ന് മഠത്തിൽ പ്രവേശിച്ചു. 1868 ജൂലൈ 16ന് വ്രതവാഗ്ദാനം നടത്തി.

*പുത്തനങ്ങാടി ഏലിശ്വാ:* പുത്തനങ്ങാടി വർക്കി, അന്ന എന്നിവരുടെ മകളായി 1827 ജൂൺ 25-ന് പുത്തനങ്ങാടി ഏലീശ്വാ ജനിച്ചു. 1866 ഫെബ്രുവരി 14-ന് മഠത്തിൽ പ്രവേശിച്ചു ക്ലാര എന്ന പേരു സ്വീകരിച്ചു. 1868 ജൂലൈ 16ന് വ്രതവാഗ്ദാനം നടത്തി.[39]

മറ്റു സമർപ്പിത സമൂഹങ്ങളൊന്നും മാതൃകയായി ഇല്ലാതിരുന്ന കൂനമ്മാവിലെ സന്യാസിനീസമൂഹത്തിന് മാർഗ്ഗദർശകമായത് ചാവറയച്ചന്റെയും ലെയോപ്പോൾഡ് മൂപ്പച്ചന്റെയും ഉപദേശങ്ങളും നിർദ്ദേശങ്ങളും മാതൃകയുമായിരുന്നു. സന്യാസജീവിതശൈലിയിൽ അവർ അതുവഴി ആഴപ്പെട്ടു.

....എല്ലാം നന്നായി പങ്കുവെച്ചനുഭവിച്ച അപ്പസ്തോലിക സമൂഹത്തിന്റെ ശൈലിയാണ് പിതാക്കന്മാർ അവരെ അഭ്യസിപ്പിച്ചത്. അവർ ഇങ്ങനെ

ഉപദേശിച്ചു: ...... *കൊണ്ടുവന്ന വസ്തുക്കളും മറ്റും ആകമാനമായിട്ട് ഒന്നായിട്ട് പെരുമാറണമെന്നും, എന്റേത്, തന്റേത്, അയാളുടേത് എന്നു പറയാതെ വചനത്തിൽകൂടേയും ഉപവിയും ആകമാനവും അറിവിപ്പാൻ വേണ്ടി ഞാൻ പെരുമാറുന്ന മുറി, ഞാൻ പെരുമാറുന്ന പുതപ്പ്...... ഇങ്ങിനെ വചനത്തിനും, പ്രവൃത്തിയിലും ആയിരിക്കണമെന്ന് കല്പിച്ചു.*[40] സുവിശേഷ ഭാഗ്യങ്ങളുടെ അരൂപിയിൽ അനുനിമിഷം വളരാനുള്ള ഉപാധിയായി സന്യാസിനിമാർ അതിനെ കൈകൊണ്ടു. മറ്റുള്ളവരോടുള്ള ബന്ധത്തിൽ വിനയത്തിന്റെ വിശുദ്ധ പ്രഭ വാക്കിലും ചലനത്തിലും പ്രകടമാകണമെന്നുകൂടി അവരെ പിതാക്കന്മാർ ബോദ്ധ്യപ്പെടുത്തി.[41]

പരസ്പര ബഹുമാനത്തിനും ആദരവിനും അടിസ്ഥാനം എല്ലാവരും *ദൈവത്തിന്റെ മണവാട്ടികളാകുന്നു* എന്ന തിരിച്ചറിവുമായിരുന്നു.[42]

സമൂഹത്തിലെ ഒരുമയുടെ അടിസ്ഥാന ശില, അംഗങ്ങൾക്ക് ക്രിസ്തുവിനോടുള്ള സ്നേഹബന്ധമാണ്. സമർപ്പിതരെ സംബന്ധിച്ചിടത്തോളം ക്രിസ്തുവുമായുള്ള തങ്ങളുടെ ഐക്യം ഉറപ്പുള്ളതായി വെളിപ്പെടുന്നത് ഒരുമയാർന്ന സമൂഹജീവത്തിലൂടെയാണ്. ആത്മസമർപ്പണവും സമൂഹജീവിതവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പിതാക്കന്മാർ മഠാംഗങ്ങളെ ബോധ്യപ്പെടുത്തി.

പിതാക്കന്മാരുടെ നിർദ്ദേശങ്ങളനുസരിച്ച് പരസ്പര സ്നേഹത്തിൽ തങ്ങൾ ആവേശത്തോടെ മുന്നേറിയിരുന്നുവെന്ന് അംഗങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്:

*ഞങ്ങളിൽ ഒരാൾക്ക് പനി വന്നാൽ എല്ലാവർക്കും പനി ആയിരിക്കണമെന്നും ഇങ്ങനെ ഉപവിയുടെ മേലും എളിമയുള്ള വേല എനിക്കും എനിക്കും ചെയ്യണം എന്ന് എല്ലാവർക്കും ശുഷ്ക്കാന്തിയായിരിക്കണം. ഇങ്ങനെ എളിമ, ഉപവി എന്ന രണ്ടു കാര്യത്തിന്മേൽ എല്ലായ്പ്പോഴും ഞങ്ങൾക്ക് ബുദ്ധിചൊല്ലി തന്നതിനാൽ അദ്ദേഹത്തിന്റെ വചനത്തിൽവണ്ണം ഞങ്ങൾ ഒരു പ്രകാരം നടന്നുവരികയും ബലക്ഷയത്താൽ നീക്കം വരുത്തീട്ടുണ്ടായിരുന്നാലും ഞങ്ങളിൽ യാതൊരുത്തിയുടെയും മനസ്സു തമ്മിൽ യാതൊരു ഭേദംകൂടാതെയും ഉപവിക്കടുത്ത യാതൊരു കേടുകൂടാതെയും മാംസത്തിനടുത്ത കൂടപ്പിറപ്പുകളിൽ ഈ വർഗ്ഗക്കാരുടെ ഇടയിൽ ഈ നാട്ടിൽ കണ്ടിട്ടില്ലാത്തതിൽവണ്ണമുള്ള സ്നേഹത്തോടുകൂടി ഞങ്ങൾ പാർത്തുവരികയായിരുന്നു.*[43]

അവരുടെ പരസ്നേഹത്തെ പ്രശംസിച്ചുകൊണ്ട് ലെയോപ്പോൾദച്ചൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു:

*പ്രിയ മക്കളെ, ഇന്ന് ഞാൻ എത്ര സന്തോഷം അനുഭവിച്ചു. ഞാൻ നിങ്ങളോടു സ്തോത്രം ചെയ്യുന്നു. നിങ്ങൾ തമ്മിൽ ഈശോമിശിഹായിൽ സ്നേഹമായി തുടങ്ങി എന്നോർക്കുമ്പോൾ എന്റെ ഹൃദയം എത്രയോ തെളിയുന്നു.*[44]





പുണ്യജീവിതത്താലും സന്തോഷത്താലും ഒരുമയാലും ഏവർക്കും മാതൃകാപരമായ ജീവിതമാണ് കന്യാസ്ത്രീകൾ നയിച്ചിരുന്നത്. ആ തരംഗങ്ങൾ മറ്റുള്ളവരിലേക്കും പ്രതിഫലിച്ചു. ഒരിക്കൽ അരണാട്ടുകര തരകന്റെ ഭാര്യ മഠത്തിൽ നാലുദിവസം താമസിച്ചപ്പോൾ മഠാംഗങ്ങളുടെ സന്തുഷ്ടമായ ജീവിതം കണ്ട് അവർക്കുണ്ടായ സന്തോഷത്തെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്:

*ലോകത്തിന്റെ സന്തോഷത്തിന് ഒരു കുറവും അവർക്കില്ല. എന്നാൽ പുണ്യത്തിന്റെ സ്ഥലമായിരിക്കുന്ന ഈ മതിലിനകത്തുള്ള സന്തോഷം എത്ര വലിയത് എന്ന് അവരുടെ നാവാൽത്തന്നെ പറഞ്ഞ വചനങ്ങൾ, അതായത് എന്റെ അമ്മ എന്നെ പെറ്റതിൽ പിന്നെ ഇത്രയും വലിയ സന്തോഷം ഒരു ദിവസവും എനിക്കുണ്ടായിട്ടില്ല. സന്തോഷം കൊണ്ട് എനിക്ക് മിണ്ടുവാൻ പാടില്ല.*[45]

സന്തോഷാധിക്യത്താൽ സന്യാസിനീസഹോദരിമാരുടെ അടുക്കളവേല ചെയ്യാനെങ്കിലും അനുവദിച്ചിരുന്നെങ്കിൽ കർത്താവിന്റെ ദാസികളെ ശുശ്രൂഷിച്ച് ഈ പുണ്യസ്ഥലത്തുകിടന്നു മരിക്കാൻവരെ അവർ ആഗ്രഹിച്ചു. ആ മഠസമൂഹത്തിൽ അവ്വിധം കളിയാടിയിരുന്ന സൗഹൃദവും, സന്തോഷവും നിമിത്തം അനേകർ അവിടേക്കാകർഷിക്കപ്പെട്ടു.

കറകളഞ്ഞ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ജീവിക്കാൻ സുശിക്ഷിതമായ ജീവിതശൈലി അനിവാര്യമാണ്. സ്വന്തപ്പെട്ടവരെയും സ്വന്തമായ എല്ലാറ്റിനേയും സ്വന്തം മനസ്സിനേയും വരെ പരിത്യജിക്കുമ്പോഴാണ് സമ്പൂർണ്ണ സമർപ്പണത്തിന്റെ മാധുര്യം അനുഭവിക്കാനാകുന്നത്.

പിതാക്കന്മാർ അവരെ പഠിപ്പിച്ചു:

*വീടിന്റെ വർത്തമാനങ്ങളും പണ്ടത്തെ കാര്യങ്ങളും സംബന്ധക്കാരുടെ കാര്യവും പറയരുത്. ഇത് ഒരു കർമ്മലീത്താകന്യാസ്ത്രീയ്ക്ക് എത്രയോ ചേരാത്തതാകുന്നു..... വീടിന്റെ ഓർമ്മയും കഴിഞ്ഞജീവിതത്തിന്റെ ഓർമ്മയും വരുമ്പോൾ അടക്കത്തിനു വിരോധമുള്ള പരീക്ഷ എങ്ങനെ തള്ളിക്കളയും. അതിൻവണ്ണം തള്ളിക്കളയണം.*[46]

സ്വാർത്ഥമോഹങ്ങൾ പരിത്യജിക്കണമെന്ന് കാണിച്ചുകൊണ്ട് ലെയോപ്പോൾദച്ചൻ അവരെ ഉപദേശിച്ചിരുന്നു:

*നിങ്ങളുടെ സ്വന്തമനസ്സ് ഇല്ലാതെ ആക്കണം. നിങ്ങൾ ഒരു ശവംപോല ആയിരിക്കണം. ശവത്തെ എന്തുചെയ്താലും, എങ്ങോട്ടു കൊണ്ടുപോയാലും, എന്തു പറഞ്ഞാലും ഒന്നും മിണ്ടുകയില്ലല്ലോ എന്നതുപോലെ ആയിരിക്കണം.*[47]

താഴ്ന്ന സ്ഥാനം സ്വീകരിക്കുന്നതിൽ മത്സരിക്കാനും ബഹുമാനം ആഗ്രഹിക്കാതിരിക്കാനും പിതാക്കന്മാർ അവരെ അഭ്യസിപ്പിച്ചിരുന്നു.[48]

ധ്യാനപ്രധാനമായ കർമ്മലീത്താ ആദ്ധ്യാത്മികതയിൽ വേരുന്നിവളർന്ന കൂനമ്മാവു മഠത്തിന്റെ ആചാരാനുഷ്ഠാനങ്ങളിൽ ആശ്രമാധിഷ്ഠജീവിതശൈലിയുടെ സ്വാധീനം പ്രകടമായി കാണാം. മൗനം, ഏകാന്തത, ധ്യാനം, വായന, ആത്മപരിശോധന, ഭക്താനുഷ്ഠാനങ്ങൾ, പ്രായശ്ചിത്തങ്ങൾ ഇവയെല്ലാം കൃത്യമായും സമയനിഷ്ഠയോടെയും പാലിക്കുന്നതിനു സഹായകമായ വ്യവസ്ഥിതിയാണു പിതാക്കന്മാർ നിഷ്ഠപ്പെടുത്തിയത്. ആവൃതിനിയമവും സ്വന്തക്കാരിൽ നിന്നും അന്മായരിൽനിന്നുള്ള അകൽച്ചയും അവർ കണിശമായി പാലിച്ചിരുന്നു. ബാഹ്യമായി ചിട്ടപ്പെടുത്തപ്പെട്ട ജീവിതത്തിലൂടെ തങ്ങളുടെ സമൂഹത്തിന്റെ തനിമ സംരക്ഷിക്കുന്നതോടൊപ്പം തങ്ങളെ സമീപിക്കുന്ന ദൈവജനത്തിന് സംപ്രാപ്യരാകാനും അവർ സദാ നിഷ്ഠപുലർത്തുകയും ചെയ്തിരുന്നു.[49]

സി.എം.സി.യുടെ തനതായ പ്രാർത്ഥനാരീതി ആദ്യനാളുകളിൽതന്നെ ഉരുത്തിരിയുകയുണ്ടായി. പ്രധാനമായും ചാവറയച്ചന്റെ ദൈവാനുഭവത്തിൽ നിന്ന് ഉയിർക്കൊണ്ടതായിരുന്നു അത്. അന്തരാത്മാവിൽ ദൈവം വർത്തിക്കുന്ന രീതികളെ വ്യക്തമായി അറിഞ്ഞ ചാവറയച്ചൻ ചിന്തയ്ക്കും ഭാവനയ്ക്കും അതീതമായ ഒരു തലത്തിലാണ് ദൈവികസ്പർശനം അനുഭൂതമാകുന്നതെന്ന് മനസ്സിലാക്കി. ആ അനുഭവപാഠത്തിൽ നിന്നാണ് അദ്ദേഹം മഠാംഗങ്ങളെ ധ്യാനരീതികൾ പഠിപ്പിച്ചതും. അവർക്ക് എഴുതിയ ഒരു കത്തിൽ ഈ ധ്യാനസരണി എല്ലാവരും കേട്ട് സൂക്ഷിച്ചു പഠിക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. *പുണ്യത്തിന്റെ മുകളിൽ കേറാനും, കേറിയ ഇടത്തിൽ നിന്ന് വീഴാതിരിക്കാനുമുള്ള ഒരു ചുരുങ്ങിയ ബുദ്ധി*[50] എന്നാണ് ചാവറയച്ചൻ ഈ ധ്യാനസരണിയെ വിശേഷിപ്പിക്കുന്നത്. വായന, ഏകാന്തം, ധ്യാനത്താലുള്ള നമസ്ക്കാരം, ധ്യാനം എന്നിവയാണ് ഈ ധ്യാനസരണിയുടെ വിവിധ ഘട്ടങ്ങൾ.

ചാവറയച്ചൻ വിവരിക്കുന്നു:

*വായനമേൽ ഇഷ്ടമുണ്ടായാൽ ഏകാന്തത്തിന്മേൽ സന്തോഷമുണ്ടാകും. ഏകാന്തത്തിൽ സന്തോഷമുണ്ടാകുമ്പോൾ ആ ആത്മാവിനെ ഏകാന്തത്തിൽ വെച്ച് കാണാനായിട്ട് ഈശോമിശിഹാ എഴുന്നള്ളി ആത്മാവിനോടു സംസാരിച്ചു തുടങ്ങും. തുടക്കത്തിൽ ആ പേച്ചും സംസാരവും നല്ലവണ്ണം തിരിയുകയില്ല. അപ്പോളത്രേ മണവാട്ടിയെ വീഞ്ഞുമുറിയിൽ കയറ്റി കുറെ പകർന്നുകൊടുക്കും. തുടക്കം അല്പം, അതിനെ രസിക്കുമ്പോൾ മണവാളന്റെ പേച്ച് തിരിഞ്ഞുതുടങ്ങും. തിരിയുന്നു എന്ന് മണവാളൻ കാണുമ്പോൾ പിന്നെ നല്ലവണ്ണം തിരിച്ചുപറയും. തന്റെ സ്നേഹം എത്ര വലുതെന്ന് കാണിക്കും.....*[51]

പിതാക്കന്മാർ സ്വന്തമനുഭവത്തിൽ നിന്നും ചൊല്ലിക്കൊടുത്തും കാണിച്ചുകൊടുത്തും പഠിപ്പിച്ച ധ്യാനസരണിയിൽ ജ്ഞാനവായനയുടെയും സശ്രദ്ധമായ പഠനനിഷ്ഠയുടെയും പിൻബലത്തോടെ മഠാംഗങ്ങൾ മുന്നേറിയിരുന്നു.





എന്തു വായിക്കണമെന്നും എങ്ങനെ വായിക്കണമെന്നും ചാവറയച്ചൻ പഠിപ്പിക്കുകയും തനിക്കു കിട്ടുന്ന ആദ്ധ്യാത്മിക ഗ്രന്ഥങ്ങളെല്ലാം പകർത്തിയെഴുതിയും പരിവർത്തനപ്പെടുത്തിയുമൊക്കെ ഏറെ ക്ലേശങ്ങൾ സഹിച്ചുതന്നെ അവർക്കു സംലഭ്യമാക്കുകയും ചെയ്തിരുന്നു.

## എദുക്കന്തൊത്ത്

കൂനമ്മാവിലെ കന്യകാശ്രമത്തിൽ ആദ്യാംഗങ്ങളെ പരിശീലിപ്പിക്കുന്നതോടൊപ്പംതന്നെ അവരെ അനന്തര തലമുറയ്ക്കു നേതൃത്വം നൽകുന്നവരാക്കിത്തീർക്കാനും പിതാക്കന്മാർ ശ്രദ്ധിച്ചിരുന്നു. സമർപ്പണ ജീവിതത്തിനായി ആഗ്രഹിച്ചുവരുന്നവരെ പഠിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും വിളിക്കപ്പെട്ടവരാണ് തങ്ങളുടെ ആത്മീയപുത്രിമാരെന്ന് പിതാക്കന്മാർ മനസ്സിലാക്കുകയും അതിനുള്ള പ്രായോഗിക പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തു. ഈ പരിശീലനപദ്ധതിയാണ് *എദുക്കന്തൊത്ത്* എന്ന പേരിലറിയപ്പെടുന്നത്. മഠത്തോടനുബന്ധിച്ച് കുട്ടികളുടെ താമസത്തിനും പഠനത്തിനും കൈവേലപരിശീലനത്തിനും വേണ്ടി നിർമ്മിക്കപ്പെട്ട കെട്ടിടമായിരുന്നു അത്. 1868 ജനുവരി 2ന് കൂനമ്മാവിൽ ആദ്യത്തെ *എദുക്കന്തൊത്ത്* ഉദ്ഘാടനം ചെയ്യപ്പെട്ടു.[52] മൂന്നുകുട്ടികളുമായി ആരംഭിച്ച ഈ പദ്ധതിയുടെ മേൽനോട്ടം പുത്തനങ്ങാടി ക്ലാരക്കായിരുന്നു. ലെയോപ്പോൾദച്ചൻ അവർക്കായി ഒരു ജീവിതക്രമം തയ്യാറാക്കി. നല്ല ക്രിസ്തീയവനിതകളായി വളർന്നുവരുന്നതിനുള്ള പരിശീലനമാണ് *എദുക്കന്തൊത്തിൽ* നൽകിയിരുന്നത്. വേദപഠനവും, ധ്യാനവും, കൈത്തൊഴിലും, ഭാഷയും, കണക്കും, ശാസ്ത്രവും, സംഗീതവും, പാചകവിദ്യയുമെല്ലാം ചേർന്ന ഒരു പാഠ്യവൃത്തമായിരുന്നു അത്.

ക്രിസ്തീയമൂല്യങ്ങളിലും സുകൃതങ്ങളിലും വേരുറച്ച ചൈതന്യപൂർണ്ണമായ ജീവതം നയിക്കുന്നതിനാഗ്രഹിച്ച് ധാരാളം കുട്ടികൾ *എദുക്കന്തൊത്തിൽ* ചേർന്നു:

*....എദുക്കന്തൊത്തിലുള്ള മുറികളിൽ പൈതങ്ങൾ നിറഞ്ഞു. പിന്നെയും പൈതങ്ങളെ കൂട്ടുന്നതിനും അപേക്ഷിക്കയാൽ വടക്കുവശത്തുള്ള സ്കോളയിലും എദുക്കന്തൊത്തിലെപ്പോലെ മുറിയുണ്ടാക്കി. മകരം മുപ്പത്തിഒന്നിന് സ്കോളയിലും എദുക്കന്തൊത്തിലെപ്പോലെ പഠിത്വം തുടങ്ങുകയും ചെയ്തു.*[53]

സന്യാസിനീസഹോദരിമാരുടെ സന്തുഷ്ടജീവിതത്തിൽ പങ്കുചേരുന്നത് *എദുക്കന്തൊത്തിലെ* പെൺകുട്ടികൾ ഒരു ഭാഗ്യമായി കരുതി. ഗുരുനാഥയായിരുന്ന ക്ലാരയുടെ സൗമ്യമായ പെരുമാറ്റം, പ്രോത്സാഹനം, നല്ല ജീവിതമാതൃക, സമർപ്പണബുദ്ധി എന്നിവയാൽ ആകൃഷ്ടരായി നല്ല പേരും പെരുമയുമുള്ള സുറിയാനിത്തറവാടുകളിൽ നിന്ന് ഒട്ടേറെ യുവതികൾ ദൈവവിളി സ്വീകരിക്കുകയും ചെയ്തു. അതിന്റെ പ്രത്യക്ഷതെളിവുകളിൽ ഒന്നാണ് 1890ൽ റീത്തടിസ്ഥാനത്തിൽ മഠം വിഭജിതമായപ്പോൾ ആകെയുള്ള

27 പേരിൽ 20 പേരും സുറിയാനിക്കാരായിരുന്നു എന്നത്. സന്യാസദൈവ വിളി ആഗ്രഹിച്ചവർ മാത്രമല്ല, *എദുക്കന്താത്തിൽ* പരിശീലനം നേടിയത്. അവിടെ താമസിച്ചു പരിശീലനം നേടിയവർ പലരും പിന്നീട് നല്ല കുടുംബിനികളും വീട്ടമ്മമാരുമായിത്തീർന്നു. 1872 ഒക്ടോബർ 16ന് കൂനമ്മവു മഠത്തിന്റെ പുറത്തുള്ള പാഠശാലയിൽ പഠനം തുടങ്ങുന്നതുവരെ *എദുക്കന്താത്ത്* മാത്രമായിരുന്നു മഠാംഗങ്ങളുടെ പ്രേഷിതരംഗം.[54]

ചാവറയച്ചൻ ദീർഘദർശനം ചെയ്ത സ്ത്രീജനങ്ങളുടെ സർവ്വതോന്മുഖ വികസനത്തിന് ഈ വിഭാവന നിവർത്തനത്തിലൂടെ അടിത്തറയിടപ്പെടുകയായിരുന്നു. അന്നുവരെ അവഗണനയുടെ അടിത്തട്ടിൽ ഒതുങ്ങിക്കൂടിയിരുന്ന കേരളീയ ജനങ്ങൾക്ക് വിപ്ലവകരമായ ഒരു ഉണർന്നെഴുന്നേല്പ്പിന് നാന്ദികുറിക്കപ്പെടുകയായിരുന്നു. അതിനാൽത്തന്നെ കേരളീയസ്ത്രീകളുടെ തുടർഗതി തിരുത്തിക്കുറിച്ച ചരിത്രസംഭവങ്ങളാണ് 1866ൽ കൂനമ്മാവിൽ സ്ഥാപിതമായ ആദ്യ കന്യകാമഠവും അതിനോടനുബന്ധിച്ച് 1868 ജനുവരിയിൽ തുടങ്ങിയ *എദുക്കന്താത്തും* അവയുടെ തുടർവ്യാപന പ്രസരണധാരകളും. ശാഖാമഠങ്ങൾ വിവിധകേന്ദ്രങ്ങളിൽ സ്ഥാപിതമായപ്പോൾ *എദുക്കന്താത്തുകളും*, വിദ്യാലയങ്ങളും സ്ഥാപിതമാവുകയും സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതിക്കും അതിലൂടെ ശാക്തീകരണത്തിനും തൽസ്പഷ്ടമായ മുന്നേറ്റത്തിനും വഴിതെളിക്കുകയും ചെയ്തു.



## പരാമർശ സൂചിക


1. പോപ്പ് ജോൺ പോൾ രണ്ടാമൻ, *സമർപ്പിത ജീവിതം*, No.58.
2. പോപ്പ് ജോൺ പോൾ രണ്ടാമൻ, *അല്മായ വിശ്വാസികൾ*, No. 49.
3. സെഡ്. എം. മൂഴൂർ, *അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ*, കാർമ്മൽ പബ്ലിക്കേഷൻ സെന്റർ, തിരുവനന്തപുരം, 2003, പേജ്.220.
4. ച.സ.കൃ., നാളാഗമങ്ങൾ.
5. Raulin, F. *Historia Ecclesiae Malabaricae Cum Sinodo Diamperitana*, Roma, 1745, p. 387.
6. *ക്രൈസ്തവ വിജ്ഞാനകോശം, പ്രകാശം പബ്ലിക്കേഷൻ, ആലപ്പുഴ, 1975*, പേജ്. 571.
7. Joseph Kanjiramattathil, *The Pastoral Vision of Kuriakose Elias Chavara,* Bangalore, 1986, p. 62.
8. *ക്രൈസ്തവ വിജ്ഞാനകോശം, op.cit*, പേജ്. 570 ff.
9. *Ibid.*,പേജ്. 569.
10. *Scripture Originali Riferite Nelle Congregationi Generali*, Vol.129:22-23; Zalezki L.M., Apostle St. Thomas, in India, p. 46 1.
11. *Letter of Bishop Maurelius Stabilini,* 1829, ആർക്കൈവ്സ്, സെന്റ്. ജോസഫ്സ് മൊണാസ്ട്രി, മാന്നാനം.
12. പാറപ്പുറം വർക്കിയച്ചൻ, *op.cit*, വാല്യം 2, പേജ്. 31-32.
13. *പുത്തൻ പള്ളി വക സെമിനാരി പറമ്പിന്റെ ചരിത്രം*, ആർക്കൈവ്സ്, സി.എം.സി. കോൺവന്റ്, പുത്തൻ പള്ളി, പേജ്.3-4.
14. ച.സ.കൃ., *നാളാഗമങ്ങൾ, op.cit*, പേജ്. 126.
15. *Ibid.*, പേജ്. 126-127.
16. *കൂനമ്മാവ് നാളാഗമം*,വാല്യം 1, പേജ്.3-4.
17. Cff *Ibid.,* പേജ്. 5.
18. ച.സ.കൃ., *നാളാഗമങ്ങൾ, op.cit*, പേജ്. 127.
19. *കൂനമ്മാവ് നാളാഗമം*, വാല്യം 1, പേജ്. 6.
20. *Ibid.*, പേജ്. 6-7.
21. *Ibid.*, പേജ്.7-8.
22. *Ibid.*,പേജ്. 8.
23. *Ibid.*, പേജ്. 8-9
24. *Ibid.*, പേജ്. 9-12.
25. *Ibid.*, പേജ്. 12-13.

26. ച.സ.ക്യ., *നാളാഗമങ്ങൾ*, *op.cit*, പേജ്. 129.
27. *കൂനമ്മാവ് നാളാഗമം*,വാല്യം 1, പേജ്. 14-15.
28. ച.സ.ക്യ., *നാളാഗമങ്ങൾ*, *op.cit*, പേജ്. 134.
29. *Ibid.*
30. *കൂനമ്മാവ് നാളാഗമം*, വാല്യം 1, പേജ്. 47-48.
31. *Ibid.*, പേജ്. 46-47.
32. *Ibid.*, പേജ്. 47-56.
33. Antonio Romano, *The Charism of the Founder*, St. Paul Publication, 1994, p.6.
34. *Ibid.*
35. ബൈബിൾ,റോമാ 13/8.
36. ബൈബിൾ, റോമാ 13/10.
37. ബൈബിൾ, മത്താ 22/37-38; യോഹ 13/34.
38. ബൈബിൾ, ഹെബ്രാ 10/10.
39. *കൂനമ്മാവ് നാളാഗമം*, വാല്യം I1, പേജ്. 100-102.
40. *കൂനമ്മാവ് നാളാഗമം*, വാല്യം I, പേജ്.15.
41. *ലെയോപോൾദച്ചന്റെ കത്തുകൾ*,ടെസ്റ്റമെന്റ്, പേജ്.7.
42. *ലെയോപോൾദച്ചന്റെ കത്തുകൾ*, No.IV/1, p.47.
43. *കൂനമ്മാവ് നാളാഗമം*, വാല്യം 1, പേജ്. 75.
44. *ലെയോപോൾദച്ചന്റെ കത്തുകൾ*, No.IV/4, p.51
45. *കൂനമ്മാവ് നാളാഗമം*, പേജ്. 183.
46. *കൂനമ്മാവ് നാളാഗമം*, വാല്യം 1, പേജ്. 79-80.
47. *Ibid.*, പേജ്. 45.
48. *Ibid.*
49. Cf. *സി. എം. സി. അത്യുന്നതന്റെ തണലിൽ*, പേജ്. 74- 75
50. *ചാവറകത്തുകൾ*, VII/8, പേജ്. 116.
51. *Ibid.*
52. *കൂനമ്മാവ് നാളാഗമം*, വാല്യം 1, പേജ്. 94.
53. *കൂനമ്മാവ് നാളാഗമം*, വാല്യം 1, പേജ്. 111-112.
54. Cf. *കൂനമ്മാവ് നാളാഗമം*, വാല്യം 2, പേജ്. 60.



## ആറ്

# വിഭാവനത്തിൽ മുൻപേ...

**കേ**രളത്തിൽ ആദ്യമായി ക്രൈസ്തവ വനിതാ സന്യാസധാരയ്ക്ക് വഴി തുറന്നത് കൂനമ്മാവ് എന്ന കൊച്ചു ഗ്രാമ പ്രദേശമാണല്ലോ. തലമുറകളുടെ കാത്തിരിപ്പിന്റെയും ത്യാഗമതികളായ അനേകരുടെ മുന്നൊരുക്കങ്ങളുടെയും സഫലീകരണമായിരുന്നു അത്. കൂനമ്മാവിൽ ആരംഭിച്ച പ്രഥമ കർമ്മലീത്ത സന്യാസിനീ സമൂഹത്തിന്റെ സ്ഥാപനത്തിൽ ചാവറയച്ചനോടൊപ്പം സഹ കരിച്ചവരെക്കുറിച്ചുള്ള അനുസ്മരണം സ്ഥാപനത്തിന്റെയും തുടർവ്യാപന ത്തിന്റെയും സമഗ്രചിത്രത്തിന് അനുപേക്ഷണീയമാണല്ലോ.

വാച്യർത്ഥത്തിൽ സ്ഥാപകൻ (Founder) എന്നത് എന്തെങ്കിലുമൊന്ന് സ്ഥാപിക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്ന വ്യക്തിയാണല്ലോ. സ്ഥാപ കനിൽ നിന്ന് എന്തെങ്കിലുമൊന്ന് പുതുതായി രൂപം പ്രാപിക്കുന്നു. അതിന്റെ അടിസ്ഥാനവും നിർമ്മാതാവും ദാതാവുമായി അദ്ദേഹം നിലകൊള്ളുന്നു.[1] സ്ഥാപിതമായ ഒരു ഘടനയെ ഉറപ്പുള്ള തത്വങ്ങളുടെമേൽ പടുത്തുയർത്തുന്ന വ്യക്തിയേയും നമുക്ക് സ്ഥാപകനെന്ന് വിളിക്കാം. സാമൂഹ്യപരമായ ഒരു മുന്നേറ്റം, ഒരു സംഘടന, മതപരമായ ഒരു പ്രസ്ഥാനം, ഒരു അടിസ്ഥാനം, അല്ലെങ്കിൽ തത്തുല്യമായ എന്തെങ്കിലും പ്രവർത്തനം എന്നീ ഘടകങ്ങൾക്ക് ഇത് ബാധകമാണ്.[2]

ഒരു സന്യാസസമൂഹത്തിന്റെ സ്ഥാപകൻ ഇതോടൊപ്പം വിശ്വാസിക ളുടെ പ്രതിനിധികൂടിയാണ്. അദ്ദേഹം ഒരു ഓർഡർ അല്ലെങ്കിൽ കോൺഗ്രി ഗേഷനെ നവീകരിക്കുകയല്ല, യഥാർത്ഥത്തിൽ സ്ഥാപിച്ച് അതിന്റെ തനതും വ്യതിരിക്തവുമായ ലക്ഷ്യത്തിലേയ്ക്ക് നയിക്കുകയാണ് ചെയ്യുന്നത്. സഭാ തലത്തിൽ കാണുമ്പോൾ സ്ഥാപകൻ നിയമപരമായി തിരുസ്സഭയുടെ അംഗീകാരം സിദ്ധിച്ചിട്ടുള്ള വ്യക്തിയും എന്നാൽ അതിന്റെ ഫലമായി യാതൊരു ആനുകൂല്യങ്ങളും സ്വീകരിച്ച് അനുഭവിച്ചാസ്വദിക്കാത്ത ആളുമാ യിരിക്കണം.[3] സിവിൽ വ്യാഖ്യാനമനുസരിച്ച് സ്ഥാപകൻ ഒരു സ്ഥാപനത്തെ

അസ്തിത്വത്തിലേയ്ക്ക് കൊണ്ടുവരുന്ന ആളാണ്. തത്ഫലമായി സ്വയാധികാരപൈതൃകവും തീരുമാനിച്ചുറപ്പിക്കപ്പെട്ട ഒരു ദൗത്യവും നിയമപരമായി പ്രാബല്യത്തിൽ വരികയും ചെയ്യുന്നു.[4]

ഒരു സന്യാസസമൂഹത്തിന്റെ സ്ഥാപകനെ കൃത്യതയോടെ കണ്ടെത്തുന്നതിനുള്ള തിരുസ്സഭയുടെ ഔദ്യോഗികപഠനങ്ങളെ ആസ്പദമാക്കി Antonio Romano എഴുതിയ The Charism of the Founders, St. Paul's, 1994, 27 മുതൽ 72 വരെയുള്ള പേജുകളെ ആസ്പദമാക്കിയുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങളാണ് താഴെ പ്രതിപാദിക്കുന്നത്:

- *സ്ഥാപകൻ ഒരു സന്യാസസമൂഹത്തിന് ജന്മം നല്കുവാനുള്ള ആദ്യ പ്രചോദനം* (Original Inspiration) *വ്യക്തവും കൃത്യവുമായ ലക്ഷ്യത്തോടെ ഹൃദയത്തിൽ സ്വീകരിച്ചിരിക്കണം.*
- *സ്ഥാപകന് താൻ തുടങ്ങുവാൻ പോകുന്ന സമൂഹംകൊണ്ട് തിരുസ്സഭയുടെ ധാരയിൽ എന്തു ലക്ഷ്യമാണ് നേടാനുള്ളത് എന്നതിനെക്കുറിച്ച് സാമാന്യ ആശയമെങ്കിലും ഉണ്ടായിരിക്കണം. ഈ ആശയം ആ വ്യക്തിയിലൂടെയാണ് തങ്ങൾക്ക് ലഭിച്ചത് എന്ന കാര്യം അനുയായികൾക്കും ബോദ്ധ്യമുണ്ടാകണം.*
- *തന്നോടൊത്ത് സഹകരിക്കേണ്ട സമൂഹം ഏതെല്ലാം മാനദണ്ഡങ്ങൾ ഉപയോഗിച്ച് ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാനുള്ള ലക്ഷ്യത്തിനായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നും, അതിനാവശ്യമായ നടപടിക്രമങ്ങൾ എന്തെന്നും അടിസ്ഥാനപരമായ നിർദ്ദേശങ്ങളെങ്കിലും പങ്കുവയ്ക്കുവാൻ സ്ഥാപകന് കഴിഞ്ഞിരിക്കണം.*
- *ദൈവനിവേശനത്താലാണ് താൻ പ്രചോദിതൻ/പ്രചോദിത ആയിരിക്കുന്നത് എന്ന ബോധ്യം സ്ഥാപകന് ഉണ്ടായിരിക്കണം.*
- *സ്ഥാപകൻ തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഏതു പ്രതിസന്ധികളെയും അതിജീവിക്കാൻ ശ്രമിക്കും. ഒപ്പം ദൈവം അതിനായി ഒരുക്കുന്ന അനുഭവങ്ങൾ അവരിൽ കണ്ടെത്താനാകും. അനുയായികളുടെ ലക്ഷ്യപ്രാപ്തിക്കുള്ള പ്രാരംഭപരിശീലനങ്ങളിൽ ഇവർക്ക് പങ്കാളിത്തം ഉണ്ടായിരിക്കണം.*
- *സഭയുടെ ആദ്ധ്യാത്മിക ജീവിതക്രമങ്ങളെക്കുറിച്ച് അടിസ്ഥാനപരമായ കർമ്മപദ്ധതികളെങ്കിലും ഇവരിലൂടെ അവിഷ്ക്കരിച്ചിരിക്കണം.*
- *പുതിയ സമൂഹത്തിന്റെ നിയമാവലി രൂപപ്പെടുത്തുന്നതിൽ ആശയതലത്തിൽ വാക്കാലെങ്കിലും ഇവർക്ക് പങ്കുണ്ടാകണം.*
- *സുവിശേഷത്തിലെ ക്രിസ്തുവിനെ അനുകരിക്കുവാനുള്ള പദ്ധതികളുടെ ആവിഷ്ക്കാരമായിരിക്കണം ഇവരിലൂടെ പങ്കുവയ്ക്കപ്പെടേണ്ടത്. ഇത് കാലത്തിന്റെ ആവശ്യങ്ങളോട് ബന്ധപ്പെട്ടിരിക്കണം.*[5]





മുകളിൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് ഒരാളുടെ ഇടപെടലുകളുടെ കൂടുതൽ കുറവുകൾക്കനുസരിച്ച് ഒരാളെ സ്ഥാപകൻ/സ്ഥാപക എന്നോ സഹസ്ഥാപകൻ/സഹസ്ഥാപക എന്നോ വിളിക്കാം. പരിശുദ്ധാത്മാവിന്റെ നിവേശത്താൽ ലക്ഷ്യപ്രാപ്തിക്കുള്ള എല്ലാ കാര്യങ്ങളിലും ഒരാൾ തന്നെ നേതൃത്വമെടുത്താൽ അയാൾ സ്ഥാപകനായിരിക്കും. വേറെ ആളിലൂടേയോ, ആളുകളിലൂടേയോ ലഭിച്ച അവ്യക്തമായ ദൈവനിവേശനത്തിനും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കും കൂടുതൽ പ്രായോഗികരൂപം കൊടുത്ത്, അനുയായികൾക്ക് കൂടുതൽ വ്യക്തമായ ജീവിതവഴികൾ കാണിച്ചുകൊടുക്കുന്ന ആളായിരിക്കും സ്ഥാപകൻ. ഈ ആൾ ആദ്യനാളുകൾ മുതൽ രംഗത്തുണ്ടായിരിക്കുകയും വേണം. സഭാസ്ഥാപനകാര്യങ്ങളിൽ ആരംഭം മുതൽ കൂടുതൽ അടുത്ത് ഉത്തരവാദിത്വത്തോടെ സ്ഥാപകനോട് സഹകരിച്ച ആളുകളാണ് സഹസ്ഥാപകർ.

ഈ മാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ ചരിത്രരേഖകൾ സൂക്ഷ്മമായി വിലയിരുത്തി സ്ഥാപകനെ കണ്ടെത്താവുന്നതാണ്. The Juridical History, The Theological History, The Sociological History, The Charismatic Theology and Charismatic Analogical Aspects എന്നീ അഞ്ചുകാര്യങ്ങൾ അതിനായി പഠനവിഷയമാക്കിയിരിക്കണം. അനേകവർഷങ്ങൾക്ക് മുമ്പ് നടത്തിയ പ്രവർത്തനങ്ങളുടെ വെളിച്ചത്തിൽ ഒരാളെ വിലയിരുത്തേണ്ടി വരുമ്പോൾ ആ ആൾ പറഞ്ഞതോ, എഴുതിവച്ചിട്ടുള്ളതോ, സമകാലീനർ അദ്ദേഹത്തെപ്പറ്റി എഴുതിയതോ ആയ രേഖകൾ ആണ് പഠനത്തിനാധാരം. ഇപ്രകാരമുള്ള പഠനങ്ങൾക്കേ വാസ്തവികതയും ആധികാരികതയുമുണ്ടായിരിക്കുകയുള്ളൂ.

സന്യാസജീവിതത്തിലെ സിദ്ധി അഥവാ *കാരിസം* എന്നു പറയുന്നത് പരിശുദ്ധാത്മാവിന്റെ ദാനമാണ്. അതിന്റെ തിരുസ്സഭാത്മകത യേശുമിശിഹായിലാണ് വേരൂന്നിയിരിക്കുന്നത്. സന്യാസജീവിതം ഒരു തിരുസ്സഭാത്മക വിളിയാകയാൽ ഏതൊരു മനുഷ്യശുശ്രൂഷയും സിദ്ധിയുടെ ഭാഗമാണ്. ഈ സിദ്ധി സ്ഥാപകന് ലഭിക്കുന്നതും അദ്ദേഹം സ്വീകരിച്ച് താൻ സ്ഥാപിക്കുന്ന സമൂഹാംഗങ്ങൾക്ക് പകരുന്നതുമാണ്.

സ്ഥാപകസിദ്ധിയും സമൂഹസിദ്ധിയും പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. സ്ഥാപകസിദ്ധി ദൈവം സ്ഥാപകന് നൽകുന്ന സ്വതന്ത്രദാനമാണ്. ഈ ദാനം പ്രാവർത്തികമാക്കാൻ ദൈവം തന്നെ അദ്ദേഹത്തിന് കൊടുക്കുന്ന ദൃഢമായ ഒരു കഴിവു വഴി തിരുസ്സഭയിൽ ഒരു സന്യാസസമൂഹത്തിന് ജന്മം നൽകാൻ അദ്ദേഹം പ്രാപ്തനാകുന്നു. ഒരു പ്രത്യേക കാലഘട്ടത്തിൽ സഭയുടെയും ലോകത്തിന്റെയും സവിശേഷ ആവശ്യത്തോട് പ്രതികരിക്കാൻ വേണ്ടിയാണ് ഈ ഉദ്യമം.[6] സ്ഥാപകസിദ്ധിയിൽ മറ്റുള്ളവരിലേയ്ക്ക് കൈമാറപ്പെടാനാകാത്ത ഘടകങ്ങളും കൈമാറ്റപ്പെടുന്ന ഘടകങ്ങളുമുണ്ട്. സ്ഥാപകന്റെ വ്യക്തിപരമായ സിദ്ധി, സന്യാസസമൂഹസ്ഥാപനത്തിലും അതിന്റെ

വളർച്ചയിലും നേരിട്ട സഹനങ്ങൾ, സ്ഥാപകനെത്തിച്ചേർന്ന വിശുദ്ധിയുടെ പദവി എന്നിവയാണ് കൈമാറപ്പെടാത്ത ഘടകങ്ങൾ. എന്നിരുന്നാലും ഇവയുടെ ഫലങ്ങളിൽ ഗുണഭോക്തൃതലത്തിൽ സമൂഹം പങ്കുപറ്റുന്നതാണ്. സ്ഥാപകൻ സന്യാസസമൂഹത്തിന് രൂപം നൽകിയതിനു നിദാനമായ ദൈവാനുഭവം, സ്ഥാപനത്തിന്റെ ലക്ഷ്യം, അത് പ്രാപിക്കുവാനുള്ള ജീവിതശൈലി എന്നിവ അംഗങ്ങൾക്ക് ലഭിക്കുന്നു. ഇതാണ് ഓരോ സന്യാസസമൂഹത്തെയും സൈദ്ധികമായി മറ്റൊന്നിൽനിന്ന് ഭിന്നമാക്കുന്ന ഘടകവും.

വളർന്നുകൊണ്ടിരിക്കുന്ന സഭാഗാത്രത്തോട് ചേർന്ന് ജീവിക്കാനും, ആഴപ്പെടാനും, സംരക്ഷിക്കാനും സ്ഥിരമായി വികസിപ്പിക്കുവാനുമായി സ്ഥാപകൻ തന്റെ പിൻഗാമികൾക്ക് നല്കുന്ന ആത്മാവിന്റെ അനുഭവമാണ് സമൂഹത്തിന്റെ സിദ്ധി. സ്ഥാപകനിലൂടെ നല്കപ്പെടുന്ന ഈ സിദ്ധിയ്ക്കൊത്തു ദൈവാത്മാവിനാൽ പ്രേരിതരായി ഈ സമൂഹത്തിലേയ്ക്ക് കടന്നുവരുന്ന ഓരോ വ്യക്തിയും ജീവിക്കുകയും തങ്ങളിലുള്ള വ്യക്തിപരമായ സിദ്ധികളും മാനുഷിക കഴിവുകളുംകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് സമൂഹസിദ്ധിയുടെ വളർച്ചയ്ക്കായി തങ്ങളുടെ സംഭാവനകൾ തുടർനിവർത്തനങ്ങളായി നല്കുകയും ചെയ്യുന്നു. സമൂഹസിദ്ധിയുടെ അടിസ്ഥാനധാര ആ സമൂഹത്തിന്റെ തനതായ ആദ്ധ്യാത്മികതയിലും പ്രത്യേകജീവിതരീതിയിലും അപ്പസ്തോലിക പ്രവർത്തനങ്ങളിലുമാണ് അധിഷ്ഠിതമായിരിക്കുന്നത്.

സ്ഥാപകർ ദൈവത്തിന്റെ വക്താക്കളായി ചരിത്രത്തിലെ ദൈവജനമദ്ധ്യേ നിലകൊള്ളുന്ന സൈദ്ധികരാണ്. പ്രവാചകാടയാളത്തിലൂടെ മാനവരാശിയിൽ ദൈവികനിധി സന്നിഹിതമെന്ന് അവർ പ്രഘോഷിക്കുന്നു.[7] സഭയിൽ സന്യാസസമൂഹസ്ഥാപകരോ സഹസ്ഥാപകരോ ആകുന്നവർ പ്രഥമവും പ്രധാനവുമായി ചെയ്യുന്നത് സമൂഹസ്ഥാപനം എന്നതിലുമുപരിയായി സ്ഥാപനത്തിനുള്ള സിദ്ധി ജീവിതസാക്ഷ്യത്തിലൂടെ പ്രദാനം ചെയ്യുക എന്നതാണ്. രണ്ടു സുപ്രധാനഘടകങ്ങൾ ഇവിടെ പ്രമുഖ പ്രസക്തമാണ്. ശ്ലൈഹികമാനങ്ങളിലൂടെ സമൂഹത്തിന് രൂപവും ഭാവവും പകരുക എന്നതും സുവിശേഷചൈതന്യത്തിന്റെ നിവേശകരും ആരംഭകരും എന്ന നിലയിൽ മിശിഹാരഹസ്യത്തിന്റെ വിജ്ഞാനികളും വക്താക്കളുമായി നിലകൊള്ളുക എന്നതുമാണത്. ഈ ചൈതന്യമാവട്ടെ വരും തലമുറകളിലൂടെ പരിരക്ഷിക്കപ്പെടേണ്ടതുമാണ്. കാരണം, ഇതാണ് നവമായി രൂപപ്പെടേണ്ട സമൂഹത്തിന്റെ ദർശനവും അടിസ്ഥാനചൈതന്യവുമായി മാറുന്നത്. സുവിശേഷത്തിന്റെയും സുവിശേഷത്തിലെ മിശിഹായുടേയും സമകാലികസാന്നിദ്ധ്യവും ഇതത്രെ.[8]

മഠസ്ഥാപനത്തിനുള്ള ദൈവികനിവേശനവും സിദ്ധിയും സവിശേഷമായ രീതിയിൽ ഏറ്റുവാങ്ങിയ സ്ഥാപകനായിരുന്നു ചാവറയച്ചൻ. അദ്ദേഹത്തോടൊപ്പം സ്ഥാപനത്തിൽ തങ്ങളുടേതായ പങ്കുവഹിച്ചവരാണ് അക്കാലത്തെ വരാപ്പുഴ വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്ക മോൺ. ബെർണർഡിൻ





ബച്ചിനെല്ലി, കൂനമ്മാവ് ആശ്രമത്തിലെ നവസന്യാസഗുരുവും കർമ്മലീത്താ പ്രൊവിൻഷ്യൻ ഡലഗേറ്റുമായിരുന്ന ലെയോപ്പോൾദച്ചൻ, ആദ്യാംഗങ്ങളായിരുന്ന മദർ ഏലീശ്വായും സഹോദരിമാരും, ചാവറയച്ചനോടും ലെയോപ്പോൾദച്ചനോടുമൊപ്പം പനമ്പുമഠം രൂപപ്പെടുത്തുന്നതിനും സ്ഥാപനക്രമീകരണം ചെയ്യുന്നതിനും ധനം ശേഖരിക്കുന്നതിനും അത്യദ്ധ്വാനം ചെയ്ത കൂനമ്മാവ് ആശ്രമാംഗങ്ങളായ സി.എം.ഐ. വൈദികർ എന്നിവരെല്ലാം. അവരുടെ പങ്കാളിത്തം വിശദമായ പരാമർശ വിശകലനം അർഹിക്കുന്നു.

## മോൺസിഞ്ഞോർ ബെർണർഡിൻ ബച്ചിനെല്ലി

കന്യകാമഠസ്ഥാപനത്തിൽ തല്പരനും വൈദികമേലദ്ധ്യക്ഷൻ എന്ന നിലയിൽ അതിന് അനുമതി നല്കിയ ആളും ആയിരുന്ന മോൺ. ബെർണർഡിൻ ബച്ചിനല്ലി കന്യകാമഠത്തിലെ ആദ്യാംഗങ്ങൾക്കുവേണ്ടി പൊരുൾ തിരിച്ചെടുക്കുവാനായി കർമ്മലീത്താ മൂന്നാംസഭക്കാരുടെ ക്രമപുസ്തകം കൊടുത്ത വ്യക്തികൂടിയായിരുന്നു. കേരളസഭയിൽ സന്യാസ പ്രസ്ഥാനത്തിന്റെ വളർച്ചക്കും വികാസത്തിനും അദ്ദേഹം വളരെയേറെ പ്രോത്സാഹനം നല്കി. കൂനമ്മാവിൽ സമൂഹജീവിതം ആരംഭിച്ചപ്പോൾ മുതൽ മാസംതോറും എട്ടുരൂപാ വീതം മഠത്തിന്റെ ചെലവിലേയ്ക്കായി അദ്ദേഹം നല്കിക്കൊണ്ടിരുന്നു.

*ഇപ്പോൾ തരുന്ന ഈ എട്ടുരൂപാ ഇനി കുറെ നാൾ കഴിഞ്ഞിട്ട് ഇതിനേക്കായിൽ എരട്ടി തരുന്നതിനേക്കാൾ ഉപകാരമുണ്ട്.*[9]

ആദ്യനാളുകളിലെ അരക്ഷിതാവസ്ഥയുടെ ഞെരുക്കങ്ങളിൽ മെത്രാനച്ചനിൽ നിന്നും ലഭിച്ചിരുന്ന ഈ തുക വളരെ വലിയ സഹായമായിരുന്നു.

1867ൽ പ്രൊപ്പഗാന്ത തിരുസംഘത്തിനയച്ച റിപ്പോർട്ടിൽ മോൺ. ബെച്ചിനെല്ലി കൂനമ്മാവ് മഠത്തിന്റെ സ്വഭാവത്തെയും ഉദ്ദേശ്യത്തെയും സ്ഥാപകരേയും പറ്റി പരാമർശിക്കുന്നുണ്ട്:

*കൂനമ്മാവ് ആശ്രമത്തിൽ നിന്നും അല്പം അകലെയായി നമ്മുടെ മൂന്നാം സഭയെപ്പോലെ 'മയേസ്ത്രെപിയെ'ക്കാരുടെ ഒരു ഭവനം പണിതുകൊണ്ടിരിക്കുകയാണ്. അത്തരം സഭക്കാർക്കായി അംഗീകരിക്കപ്പെട്ടതാണ് അവരുടെ നിയമങ്ങൾ. ഈ ദേശത്തിന് ചേരുന്ന ചില അനുരൂപണങ്ങൾ ഞാൻ അതിൽ വരുത്തിയിട്ടുണ്ട്. മൂന്നാം സഭക്കാരുടെ പ്രിയോരിനോടൊപ്പം ഒരു മിഷനറിയും ചേർന്നാണ് അതിന്റെ കാര്യങ്ങളെല്ലാം നിർവ്വഹിക്കുന്നത്. നമ്മുടെ മൂന്നാം സഭക്കാരെപ്പോലെ തന്നെ അവർ എനിക്കും നമ്മുടെ സുപ്പീരിയർ ജനറലിനും കീഴ്പ്പെട്ടിരിക്കുന്നു. അവരിൽ ലത്തീൻകാരും സുറിയാനിക്കാരുമുണ്ട്; എന്നിരുന്നാലും അവരുടെയിടയിൽ പ്രശ്നങ്ങളൊന്നുമില്ല. അവരുടെ ഉദ്ദേശ്യമാകട്ടെ, പെൺകുട്ടികളുടെ വിദ്യാഭ്യാസവും ക്രിസ്തീയ ശിക്ഷണവുമാണ്.*[10]

കന്യകാമഠസ്ഥാപനത്തിൽ എത്രയും തല്പരനായിരുന്ന ബെർണ്ണദീനോസ് പിതാവിന്റെ പിതൃതുല്യവും ആത്മാർത്ഥവുമായ സഭാസേവനത്തിന്റെ പിൻബലപശ്ചാത്തലത്തിലായതുകൊണ്ട് കൂടിയാണ് ചാവറയച്ചന്റെയും ലെയോപ്പോൾദച്ചന്റെയും സ്ഥാപനശ്രമങ്ങൾ സുകരവും ക്ഷിപ്രസാധ്യവുമായിത്തീർന്നതെന്നു വ്യക്തമാണ്.

## ലെയോപ്പോൾദച്ചൻ

മഠസ്ഥാപനത്തിൽ സർവ്വാത്മനാ ചാവറയച്ചനോട് സഹകരിച്ച തീക്ഷ്ണമതിയായ മിഷനറിയായിരുന്നു ലെയോപ്പോൾദച്ചൻ. *ഇതിനെ വിചാരിക്കുമ്പോൾ സർവ്വേശ്വരൻ ഈ സന്യാസിമഠങ്ങളും കന്യാസ്ത്രീ മഠങ്ങളും നടത്തുവാനായിട്ടുതന്നെ ഇദ്ദേഹത്തെ യാത്രയാക്കി*[11] എന്ന് ഇദ്ദേഹത്തെപ്പറ്റി ചാവറയച്ചൻ എഴുതിയിരിക്കുന്നു. യൂറോപ്പിൽ സ്ത്രീകളുടെ സമർപ്പിതസമൂഹങ്ങൾ പലതും കണ്ടും അറിഞ്ഞും പരിചയമുണ്ടായിരുന്ന ലെയോപ്പോൾദച്ചന്റെ അസാധാരണമായ തീക്ഷ്ണതയും പ്രേഷിതാവേശവും മഠസ്ഥാപനത്തിൽ ചാവറയച്ചന് ഏറെ സഹായകമായി. ഡെലഗേറ്റ് പ്രൊവിൻഷ്യൽ എന്ന സ്ഥാനവും അധികാരവും വിദേശമിഷനറി എന്ന നിലയ്ക്കുള്ള അംഗീകാരവും അദ്ദേഹത്തിനുണ്ടായിരുന്നു. ഇന്നാട്ടിലെ പ്രഥമ സംരംഭമായ കന്യകാമഠത്തിൽ ആദ്യാംഗങ്ങളെ സന്യാസശിക്ഷണത്തിലും ക്രമാനുഷ്ഠാനങ്ങളിലും പുണ്യാഭ്യസനത്തിലും പരിശീലിപ്പിച്ചതും, പഠിപ്പിച്ചതും അവരിൽ യാഥാർത്ഥ്യബോധമുളവാക്കിയതും, പ്രധാനമായും ലെയോപ്പോൾദച്ചനായിരുന്നു. എല്ലാ കാര്യങ്ങളിലും ചാവറയച്ചനോട് ചേർന്നുനിന്ന് ലെയോപ്പോൾദച്ചൻ പ്രവർത്തിച്ചിരുന്നു. പുണ്യാത്മാവായ ചാവറയച്ചനെ അദ്ദേഹം പിതൃതുല്യം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തു. കൂനമ്മാവ് മഠത്തിന്റെ വജ്രജൂബിലി ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

*കുര്യാക്കോസച്ചന് ലെയോപ്പോൾദ് മിഷനറിയോടുള്ള സ്നേഹമോ മിഷനറിക്ക് കുര്യാക്കോസച്ചനോടുള്ള ബഹുമാനമോ ഏതാണ് വലുതെന്ന് പറയുക പ്രയാസമാണ്. കുര്യാക്കോസച്ചനിൽ ഒരു മഹാപുണ്യവാനെയും ഭരണപടുവിനെയും മിഷനറി കണ്ടപ്പോൾ സുറിയാനിക്കാരെ അകമഴിഞ്ഞു സ്നേഹിക്കുന്ന ഒരു ആത്മമിത്രത്തെയാണ് കുര്യാക്കോസച്ചൻ മിഷനറിയിൽ ദർശിച്ചത്. ഈദൃശ്യമായ അധികാരികളുടെ മനപ്പൊരുത്തവും പരസ്പര സ്നേഹാദരങ്ങളും പല മഹാ പ്രസ്ഥാനങ്ങളുടെ കൂട്ടത്തിൽ മഠസ്ഥാപനത്തിനും നിദാനമായിത്തീർന്നു.*[12]

പുണ്യവഴിയിൽ പതറാതെ മുന്നേറുന്നതിനു വേണ്ട എല്ലാവിധ പരിശീലനവും മൂപ്പച്ചൻ ആദ്യാംഗങ്ങൾക്ക് നല്കി. പുത്തൻമഠപ്രവേശനദിനത്തിൽ നല്കിയ ടെസ്റ്റമെന്റിൽ അദ്ദേഹം ഇങ്ങനെ ഉപദേശിക്കുന്നു:





*എന്റെ പ്രിയമുള്ള മക്കളേ, സർവ്വേശ്വരൻ തമ്പുരാൻ നിങ്ങളെ ഈ മഠത്തിൽ വിളിച്ചത് സുഖജീവിതം കഴിപ്പാനല്ല. ഈ ലോകത്തെ പ്രസാദിപ്പിപ്പാനുമല്ല, പിന്നെയോ മറ്റൊരു കാര്യവും വിചാരവും കൂടാതെ, തന്നെമാത്രം സ്നേഹിക്കുവാനും നിങ്ങളുടെ സ്വന്തമനസ്സിന്റെ ഉപേക്ഷയിലും അനുസരണത്തിന്റെ അരൂപിയിലും ന്യായപ്രമാണമനുസരിച്ചും തനിക്കു ശുശ്രൂഷ ചെയ്യുവാനും വേണ്ടിയത്രെയെന്ന് ഓർത്തുകൊള്ളുവിൻ.*[13]

ഏകാന്തതയേയും മൗനത്തേയും സ്നേഹിപ്പാനും യേശുവിനെ ശ്രവിക്കാനും അദ്ദേഹം മഠാംഗങ്ങളെ പരിശീലിപ്പിച്ചു. അവരുടെ സമർപ്പണം കറയറ്റതായിരിക്കണമെന്നുദ്ദേശിച്ച് അദ്ദേഹം പറഞ്ഞു:

*എന്റെ മക്കളേ, നിങ്ങളുടെ വചനത്താലോ പ്രവൃത്തിയാലോ നല്ല കണ്ടുപഠിത്തംകൊണ്ടോ ഏതുപ്രകാരത്തിലെങ്കിലും ഒരാത്മാവ് ഒരു ദിവസത്തേയ്ക്ക് എങ്കിലും അല്ലെങ്കിൽ ഒരു ക്ഷണനേരത്തേയ്ക്കെങ്കിലും ഈശോമിശിഹായെ സ്നേഹിക്കുന്നതിന് ഇടവരുത്തിയാൽ മറ്റുപ്രകാരം സർവ്വസന്തോഷം കൊടുക്കുന്നതിനേക്കാൾ തനിക്കേറ്റം സന്തോഷവും സ്തുതിയുമുണ്ടാകും.*[14]

ഇപ്രകാരം ലെയോപ്പോൾദച്ചൻ പകർന്നുകൊടുത്ത പരിശീലനം കർമ്മലസഭാംഗം എന്ന നിലയിലും സ്വന്തംനിലയിലും അദ്ദേഹം ആർജ്ജിച്ചെടുത്ത ആത്മീയപുരോഗതിയിൽ വേരൂന്നിയ സിദ്ധിയുടെ ബഹിർസ്ഫുരണമായിരുന്നു. ആ സിദ്ധി ആദ്യസമൂഹത്തിന്റെ സിദ്ധിയിൽ ഒരു നിർണ്ണായക ഘടകമായി ഉൾച്ചേരുകയും ചെയ്തിട്ടുണ്ട്. അതിനാൽത്തന്നെ ഈ പുണ്യപിതാവിനോടുള്ള സി.എം.സി. ധാരയുടെ കടപ്പാട് നിസ്സീമമാണ്.

## മദർ ഏലീശ്വായും ആദ്യാംഗങ്ങളും

അന്തരാത്മാവിൽ ദൈവം കൊളുത്തിയ ദിവ്യനിവേശനമാകുന്ന തിരിവെട്ടത്തിൽ സർവ്വവും പിന്നിലാക്കി പുതിയൊരു ജീവിതസരണിയിലേയ്ക്ക് ഇറങ്ങിത്തിരിച്ചവരാണ് മദർ ഏലീശ്വായും മറ്റു മൂന്നു സഹോദരിമാരും. അതുവരെയും പരിചയിച്ചിട്ടില്ലാത്ത, അന്നാട്ടിൽ കേട്ടുകേൾവിയില്ലാത്ത, ഒരു ജീവിതസ്ഥിതിയിലേയ്ക്ക് കാലെടുത്തുവയ്ക്കാനുള്ള അസാധാരണമായ ധൈര്യം അവർക്കുണ്ടായിരുന്നു. ഇറങ്ങിത്തിരിക്കുക മാത്രമല്ല, പിതാക്കന്മാർ നിരന്തരം ഉദ്ബോധിപ്പിച്ചിരുന്നതുപോലെ ഒരു വലിയ തുടക്കം തങ്ങളിലൂടെ നിർവ്വഹിക്കപ്പെടുന്നു എന്ന നിയോഗം ശിരസ്സിലേറ്റി മഹത്വമുള്ള സമർപ്പിതരായിതന്നെ അവർ ജീവിച്ചു; ദൈവപരിപാലനയൊരുക്കിയ വഴികളിൽ വിശ്വസ്തതയോടെ നടന്നു. അരിഷ്ടതകളിലും ക്ലേശങ്ങളിലും പരാതികളല്ല, സ്തോത്രഗീതമാണ് അവരിൽ നിന്നും ഉയർന്നത്. ദൈവത്തിന്റെ നിസ്വരായി സ്വയം തിരിച്ചറിഞ്ഞ അവർ അവിടുന്നിലും, ദൈവം നിയോഗിച്ച അധികാരികളിലും, സ്ഥാപക പിതാക്കന്മാരിലും, വിശ്വസിക്കുകയും ആശ്രയിക്കുകയും സർവ്വാത്മനാ

അനുസരണയും വിധേയത്വവുമുള്ളവരായി വർത്തിക്കുകയും ചെയ്തു. തന്മൂലം അവരുടെ ജീവിതം നാടിനും സഭയ്ക്കും അനുഗ്രഹവും അടയാള വുമായി മാറി. അതിനാലാണ് *പുണ്യത്തിന്റെ സ്ഥലമായിരിക്കുന്ന ഈ മതി ലിനകത്തുള്ള സന്തോഷം എത്ര വലുത്*[15] എന്ന് മറ്റുള്ളവർകൂടി പറയത്ത ക്കവിധം മാധുര്യപൂർണ്ണമായി അവരുടെ ജീവതം മാറിയത്.

## സി.എം.ഐ. സഭാംഗങ്ങൾ

കന്യാസ്ത്രീ മഠം തുടങ്ങുക എന്ന ആശയം രൂപപ്പെട്ടതുമുതൽ അതിനായി സ്ഥലം വാങ്ങുക, മഠം പണിയുക, മഠത്തിലേക്കാവശ്യമായ സാമ ഗ്രികളെല്ലാം ശേഖരിച്ചു കൊടുക്കുക, അംഗങ്ങളെ സ്വീകരിക്കുക, അവർക്കു പരിശീലനം കൊടുക്കുക എന്നിങ്ങനെ എല്ലാകാര്യങ്ങളിലും ചാവറയച്ചനൊ ടൊപ്പം സി.എം.ഐ. ധാരയിലുള്ള ആശ്രമാംഗങ്ങളും ഒരേ മനസ്സോടെ സഹ കരിച്ചിരുന്നു. കൂനമ്മാവിലെയും മാന്നാനത്തെയും *നാളാഗമ*ങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നു.

കൂനമ്മാവിൽ നിന്നും വളരെ അകലെയായിരുന്നു അന്നുണ്ടായിരുന്ന ആശ്രമങ്ങൾ. അവയുടെ സുപ്പീരിയർമാരോട് കന്യാസ്ത്രീകളാകാനുള്ളവ രുടെ മഠപ്രവേശനത്തിൽ വന്നു പങ്കെടുക്കണമെന്ന് ചാവറയച്ചൻ നിർദ്ദേശി ക്കുകയും അവർ അപ്രകാരം ചെയ്യുകയും ചെയ്തത് ആശ്രമവും മഠങ്ങളും തമ്മിൽ വ്യക്തമായ പാരസ്പര്യബന്ധം ഉണ്ടായിരുന്നുവെന്നതിന്റെ തെളി വാണല്ലോ. ലെയോപ്പോൾദച്ചനും ചാവറയച്ചനും കൂടി മഠത്തിൽ ചേർന്ന അംഗങ്ങൾക്ക് സന്യാസക്രമങ്ങൾ വിശദമായി പറഞ്ഞും കാണിച്ചും കൊടു ക്കുന്ന കാര്യം മാന്നാനം *നാളാഗമ*ത്തിൽ സവിസ്തരം പരാമർശിക്കുന്നുണ്ട്. മഠം പണിക്കുവേണ്ടി പിടിയരി ശേഖരിക്കാനുള്ള പാത്രത്തിൽ ഒട്ടിക്കുവാൻ *ഉണ്ണിമിശിഹായുടെ നിക്ഷേപം* എന്നും, *ഉണ്ണിമിശിഹാ ഞങ്ങളുടെമേൽ അനുഗ്രഹിക്കണമേ*യെന്നും ഉള്ള ലേബൽ മാന്നാനത്തെ പ്രസ്സിൽ നിന്ന് പ്രിന്റു ചെയ്യിച്ചു കൊവേന്തയുടെ ചെലവിൽ 1000 എണ്ണം കൊടുത്തയക്കു കയും ചെയ്തിരുന്നു. വീടുകളിൽ ഇപ്രകാരം മാറ്റിവയ്ക്കുന്ന പിടിയരി വാങ്ങിക്കൊണ്ടു വരുവാനുള്ള *പ്രൊക്കുദോർമാരേ*യും മാന്നാനത്തു നിന്നു നിയമിച്ചിരുന്നു[16] *തങ്ങളുടെ സഹോദരിമാർ* എന്നുതന്നെ വിശേഷിപ്പിച്ചു കൊണ്ട് കൂനമ്മാവ് മഠത്തിലെ സന്യാസിനികളെയും ആ മഠത്തെയുമെല്ലാം ചാവറയച്ചനെപ്പോലെ സി.എം.ഐ.അംഗങ്ങളും സ്വന്തമായിതന്നെ കരുതി യിരുന്നുവെന്നും അവരുടെമേൽ നേരിട്ട് മനസ്സാ ഉത്തരവാദിത്വം പുലർത്തിയിരുന്നുവെന്നും ഇതിൽ നിന്നും വ്യക്തമാണ്. സി.എം.ഐ. പ്രേഷി തധാരയുടെ തുടർച്ചയും സമാന്തര അനുബന്ധവുമായിത്തന്നെയാണ് സന്യാസിനീ സഭ ആവിർഭവിച്ചതും വ്യാപിച്ചതുമെന്ന് ഇതു സാക്ഷ്യപ്പെടു ത്തുന്നു.





മഠം പണിയുവാൻ പിരിവിനുവേണ്ടി ചാവറയച്ചൻ നടത്തിയ ത്യാഗപൂർണ്ണ മായ യാത്രകളെക്കുറിച്ചും ഇതിനിടയിൽ അദ്ദേഹത്തിന് വാതപ്പനി പിടിപെട്ടു ബോധംകെടുകവരെ ചെയ്ത വിവരവും ക്ഷീണവും സങ്കോചവും നോക്കാതെ തന്റെ കൂട്ടുകാരായ അച്ചന്മാർക്ക് പിരിവിനായി അദ്ദേഹം എഴുതുമായിരുന്ന തിനെക്കുറിച്ചുമെല്ലാം മാന്നാനം ആശ്രമത്തിൽ സൂക്ഷിച്ചിട്ടുള്ള *നാളാഗമം* കൈയെഴുത്തി പ്രതി മൂന്നാം വാല്യത്തിൽ 131, 140 പേജുകളിൽ വിവരിക്കു ന്നുണ്ട്.

*ഈ സമയത്തിൽതന്നെ കന്യാസ്ത്രീമഠക്കാര്യം കൊണ്ട് വിലപിടിച്ച കന്യാവ്രതമെന്ന പുഷ്പം പനമ്പിൽ നട്ടിരിക്കുന്നതിനാൽ ആ മഠം വേണ്ടും വണ്ണം പണിചെയ്ത്... ചേരാനെല്ലൂരിൽ വച്ച് പ്രിയോരച്ചന് വാതപ്പനി തുടങ്ങി രണ്ടുദിവസം ബോധമില്ലാതെ കിടക്കയും അതിനിടയിൽ കൂടെപ്പോയിരുന്നു ബഹു. സ്ക്കറിയ തട്ടാശ്ശേരിൽ അച്ചൻ നടന്ന് നിർദ്ദേശങ്ങളൊക്കെയും നിറ വേറ്റി അസുഖത്തോടെ കൂനമ്മാവു കൊവേന്തയിൽ വന്നുചേരുകയും ചെയ്തു.*[17]

മാന്നാനം *നാളാഗമ*ത്തിലും മുത്തോലിമഠം *നാളാഗമ*ത്തിലും 1866 മുതൽ 1890 വരെയുള്ള കൂനമ്മാവ് മഠത്തിന്റെ എല്ലാ പ്രധാന സംഭവങ്ങളിലും രണ്ടാ മത്തെ ശാഖാമഠമായ മുത്തോലിമഠത്തിന്റെ സ്ഥാപനത്തിലും സി.എം.ഐ. സഭാംഗങ്ങളുടെ ഈ സാന്നിധ്യസഹകരണങ്ങൾ വ്യക്തമായി രേഖപ്പെടു ത്തിയിട്ടുണ്ട്. ഈ രേഖകൾ വ്യക്തമാക്കുന്നതുപോലെ ചാവറപിതാവിൽ നിന്ന് പകർന്നു കിട്ടിയ കരുതലും വളർത്തലും ആത്മീയസഹായവും പിന്തുണയുമൊക്കെ അദ്ദേഹത്തിന്റെ പിൻഗാമികളായ വൈദികശ്രേഷ്ഠരിൽ നിന്നും കൂനമ്മാവ് മഠവും മറ്റ് ശാഖാമഠങ്ങളും നിർബ്ബാധം സ്വീകരിച്ചിട്ടുണ്ട്. ഈ ശക്തമായ പിന്തുണയും നേതൃത്വവും ഈ സന്യാസിനീ സമൂഹത്തിന്റെ വളർച്ചയിലെ നിർണ്ണായക ഘടകങ്ങളുമായിരുന്നു.

## ദീപവും കണ്ണാടിയും

സ്ഥാപകനാകുക എന്നതിന് ചാവറപിതാവിനു കിട്ടിയ ദൈവികപ്രചോ ദനം വ്യക്തവും ആദ്യന്തം ദൈവജനാഭിവൃദ്ധിയെ ഉന്നം വയ്ക്കുന്നതുമായി രുന്നു. ആദ്യം സന്യാസസമൂഹസ്ഥാപകൻ, പിന്നീട് സന്യാസിനീ സമൂഹസ്ഥാ പകൻ എന്നീ തുടർ ദൗത്യങ്ങൾ തന്നെ ഈ പ്രചോദനം ശക്തവും ദൃഢവു മായിരുന്നു എന്നതിന് തെളിവാണ്. ഈ പ്രചോദനത്തെക്കുറിച്ച് അദ്ദേഹം എഴുതുന്നു:

*സ്ത്രീകൾക്കാകട്ടെ, കന്യകാത്വജീവിതം നയിക്കാൻ മനസ്സുള്ളവർക്കു പോലും അതിനുള്ള പോംവഴിയും നിർവ്വാഹവും ഇല്ലായിരുന്നു. അതിനാൽ അവർ വിവാഹം സ്വീകരിച്ച് ലൗകീകജീവിതം നയിച്ചുപോരുന്നു. ദീർഘ കാലമായി ഈ ദുഃഖാവസ്ഥയിൽ ജീവിച്ചുവരുമ്പോൾ...*[18]

*......ഇതാ ഇപ്പോൾ ഏറിയ കാലം മുതലായി അപേക്ഷിച്ചു വന്നിരുന്നതും നടക്കാതെ കിടന്നുതുമായ ഒരു കാര്യം ആയ കന്യാസ്ത്രീ മഠം എന്നുള്ള കാര്യം....*[19]

മേൽകാണുന്ന രണ്ടു ഉദ്ധരണികളിലും കാണുന്ന കാലദൈർഘ്യം ഏറെ നാളുകൾക്കുമുമ്പേ അദ്ദേഹത്തിൽ അങ്കുരിച്ചിരുന്ന ഒരു പ്രചോദനത്തിന്റെ പ്രകാശനമായി കണക്കാക്കാം. മഠസ്ഥാപനത്തിനുള്ള ദൈവികപ്രചോദനം അദ്ദേഹത്തിനു ലഭിച്ചിരുന്നു എന്നാണ് ഇത് വെളിവാക്കുന്നത്.

തിരുസ്സഭയുടെ നന്മയിലും വളർച്ചയിലും എന്നും ഉത്സുകനായിരുന്നു ചാവറയച്ചൻ. അദ്ദേഹത്തിന്റെ മരണശേഷം കൂനമ്മാവ് മഠത്തിന്റെ നാളാഗമത്തിൽ സന്യാസിനീ സഹോദരിമാർ ഇങ്ങനെ എഴുതി:

*....നമ്മുടെ ഈ പിതാവ് കേരളത്തിലുള്ള ക്രിസ്ത്യാനികൾക്കെല്ലാം മാതൃക നൽകുന്ന ദീപവും കണ്ണാടിയുംപോലെയായിരുന്നു. കൂടാതെ, തിരുസ്സഭയുടെ വളർച്ചയ്ക്കും വിശ്വാസസ്ഥിരതയ്ക്കും വേണ്ടിയുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണതയിൽ ഈ തിരുസ്സഭയെ താങ്ങുന്ന ഒരു തൂണുപോലെ ആയിരുന്നു...*[20]

ഇതിനപ്പുറം അദ്ദേഹത്തിന്റെ തിരുസ്സഭാത്മകതയെക്കുറിച്ച് വേറൊരു സാക്ഷ്യം ആവശ്യമില്ല. ആത്മാക്കളുടെ രക്ഷയിലുള്ള ശുഷ്ക്കാന്തിയായിരുന്നു ചാവറയച്ചന്റെ തിരുസ്സഭാത്മകതയുടെ കാതൽ. അതുമൂലമാണ് സന്യാസസമൂഹസ്ഥാപനം മുതൽ പള്ളിപ്രസംഗങ്ങൾ, ഇടവകധ്യാനങ്ങൾ, 40 മണി ആരാധന, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ തുടങ്ങി അനവധി മേഖലകളുടെ സമാരംഭകനാകുവാൻ അദ്ദേഹത്തിനു യോഗസുകൃതമുണ്ടായത്.

ചാവറയച്ചന്റെ *മിശിഹാനുഭവം* അദ്ദേഹത്തിന്റെ *ആബ്ബാനുഭവ*ത്തിന്റെ അന്തഃസത്തതന്നെയാണ്. യേശു പിതാവിനെ *ആബ്ബാ* എന്നു വിളിച്ചതുപോലെ ചാവറപിതാവ് യേശുവിനെ സമീപിച്ചിരുന്നത് *അപ്പാ* എന്ന സംബോധനയോടെയായിരുന്നു. അപ്പന്റെ അടുത്തിരുന്ന് ദീർഘനേരം സംസാരിച്ച് തിരുഹിതം കണ്ടെത്തുകയും അതു നിറവേറ്റുകയും ചെയ്തു അദ്ദേഹം:

*എന്റെ അപ്പാ ഈ പേരുകൊണ്ടല്ലാതെ നിന്നെ വിളിക്കാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല.*[21] എന്ന് *ധ്യാനസല്ലാപ*ങ്ങളിൽ അദ്ദേഹം എഴുതി. ദൈവഹിതം നിറവേറ്റുക തന്റെ ആനന്ദമായി കണ്ട ചാവറയച്ചൻ *കർത്താവേ, ഇന്നുമുതൽ എന്റെ ഇഷ്ടമൊക്കെയും ഞാൻ ഉപേക്ഷിച്ച് എന്നെ മുഴുവനും നിനക്കു ഞാൻ കയ്യാളിക്കുന്നു*[22] എന്ന് ഏറ്റുപറഞ്ഞു നിരന്തരം ദൈവഹിതാനുസൃതം ജീവിച്ചു.

സഹനങ്ങളുടെ മൂശയിൽ സ്ഫുടം ചെയ്യപ്പെട്ട ജീവിതമായിരുന്നു എന്നും അദ്ദേഹത്തിന്റേത്. കൗമാരകാലം മുതൽ ഉറ്റവരുടെ വേർപാടുമൂലം അനുഭവിക്കേണ്ടിവന്ന സഹനങ്ങൾ അദ്ദേഹത്തിന്റെ ഭാഗധേയമായിരുന്നു. സന്യാസിനീ സമൂഹസ്ഥാപനത്തിനുവേണ്ടി നിരവധി സഹനങ്ങൾ അദ്ദേഹത്തിന് ഏറ്റുവാങ്ങേണ്ടിവരികയും ചെയ്തിരുന്നു. സ്വന്തപദ്ധതികൾക്കനുസരിച്ച്





പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമില്ലായ്മ, മൂപ്പച്ചന്മാരുടെ മേൽക്കോയ്മ, മഠം പണി നടത്തുന്നതിനുവേണ്ടി നിർവ്വഹിക്കേണ്ടിവന്ന ക്ലേശം നിറഞ്ഞ യാത്രകൾ, ചാവറയച്ചന്റെ നിർദ്ദേശപ്രകാരം മഠാംഗമാകുവാൻ എത്തിയ പുത്തനങ്ങാടി ഏലീശ്വാ സ്ഥാപനദിനത്തിൽ തഴയപ്പെട്ടത് തുടങ്ങിയവ അവയിൽ ചിലതുമാത്രം.[23]

ശത്രുക്കൾക്കും മിത്രങ്ങൾക്കും ചാവറപിതാവിന്റെ ജീവിതവിശുദ്ധിയെ സംബന്ധിച്ച് മറിച്ചൊരഭിപ്രായമുണ്ടായിരുന്നില്ല. ആശ്രമാംഗങ്ങളും അജഗണങ്ങളും ഒന്നുപോലെ ആ വിശുദ്ധിയിൽ പങ്കുപറ്റുകുയം അഭിമാനിക്കുകയും ചെയ്തു. ജരാർദുമൂപ്പച്ചൻ ചാവറയച്ചൻ മരണാസന്നനായ സമയത്തു നടത്തിയ ദിവ്യകാരുണ്യസ്വീകരണത്തെക്കുറിച്ച് എഴുതുന്നു:

*വിശുദ്ധ കുർബ്ബാന കൊടുക്കുന്ന സമയത്ത് അദ്ദേഹത്തിന്റെ മുഖത്ത് സൂക്ഷിച്ചു നോക്കാൻ എനിക്കു തോന്നിയതിനാൽ ഞാൻ നല്ലവണ്ണം സൂക്ഷിച്ചു നോക്കി. അപ്പോൾ മുമ്പ് കണ്ടിട്ടില്ലാത്തവിധത്തിലുള്ള ഒരു പ്രകാശവും സന്തോഷഭാവവും ഞാൻ കണ്ടു.*[24]

ദിവ്യകാരുണ്യഭക്തിയിലും മരിയഭക്തിയിലും ആശ്രയവും ബലവും കണ്ടെത്തിയ ചാവറയച്ചൻ *മാമ്മോദീസായിൽ കിട്ടിയ പ്രസാദവരം ഒരിക്കലും നഷ്ടപ്പെടാനിടയായിട്ടില്ല* എന്ന ബോദ്ധ്യം അന്ത്യവിനാഴികവരെ പുലർത്തിയത് വിശുദ്ധിയിൽത്തന്നെ എന്നും ജീവിച്ചിരുന്നതുകൊണ്ടു മാത്രമാണ്.

*എന്റെ പ്രിയമക്കളേ, എന്റെ കുഞ്ഞുങ്ങളേ* എന്നൊക്കെയാണ് ചാവറപിതാവ് മഠാംഗങ്ങളെ അഭിസംബോധന ചെയ്തിരുന്നത്; *നമ്മുടെ പിതാവ്, നമ്മുടെ നല്ല പിതാവ്, പുണ്യപിതാവ്, പിതാവായ പ്രിയോരച്ചൻ* എന്നൊക്കെ അദ്ദേഹത്തെ അവരും. അവരുടെ ആത്മീയ ഭൗതിക കാര്യങ്ങളിൽ ഒരുപോലെ അദ്ദേഹം ശ്രദ്ധിച്ചു. ജ്ഞാനവായനയ്ക്ക് എന്തെങ്കിലും വിശേഷപ്പെട്ട പുസ്തകം കിട്ടിയാൽ ഉടൻതന്നെ മലയാളഭാഷയിലേയ്ക്ക് വിവർത്തനം ചെയ്ത് അവർക്കായി കൊടുത്തുവിടുമായിരുന്നു. അവർക്ക് രോഗം വന്നാൽ സ്വന്തം അനാരോഗ്യം മറന്ന് മരുന്നും വൈദ്യനുമായി ഓടിയെത്തും. രോഗിയായി നടക്കാൻ വയ്യാത്ത അവസ്ഥയിൽപോലും മഠത്തിൽ വന്ന് ക്ഷേമം അന്വേഷിക്കുകയും ഉപദേശങ്ങൾ നൽകുകയും ചെയ്തുപോന്നിരുന്നു.[25]

മഠാംഗങ്ങളുടെ സ്വാഭാവരൂപികരണത്തിൽ ചാവറപിതാവ് ദത്തശ്രദ്ധനായിരുന്നു. ലെയോപ്പോൾദച്ചൻ തന്നെ ഇതിനു തെളിവു നൽകുന്നുണ്ട്:

*കന്യാസ്ത്രീ മഠം നടന്നു തുടങ്ങിയതിന്റെ ശേഷവും അതിനു വേണ്ടുന്ന ക്രമത്തോടും പുണ്യത്തോടും കൂടെ നടത്തുന്നതിന് എത്രയോ ആഗ്രഹവും താല്പര്യവുമായിരുന്നു എന്ന് എല്ലാവർക്കും അറിവുള്ള കാര്യമായിരിക്കുന്നു. എന്നാൽ ഈ പുണ്യപ്പെട്ട വേലകളെ വചനം കൊണ്ടും ന്യായങ്ങളെക്കൊണ്ടും നടത്തിയതിനെക്കായിൽ അയാളുടെ വിശേഷ ഗുണശീലം കൊണ്ടും പുണ്യം കൊണ്ടും നടത്തിയെന്ന് പറയാൻ ന്യായമായിരിക്കുന്നു.*[26]

വേദവും വേലയും ഒരുപോലെ സന്യാസിനിമാരെ പഠിപ്പിക്കാൻ അദ്ദേഹം ഉത്സാഹിച്ചു. അവരുടെ പുരോഗതിയിൽ എന്നും ജാഗ്രത പുലർത്തി.

ചാവറയച്ചന് ലഭിച്ച സ്ഥാപകസിദ്ധിയെക്കുറിച്ച് മത്യാസ് പട്ടക്കാരൻ സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ്:

*ജ്ഞാനസ്നാനത്തിൻ ലഭിച്ച വരപ്രസാദം ഒരിക്കലും നഷ്ടപ്പെടുത്തിയിട്ടില്ലെന്ന് മരണത്തിന് അല്പം മുമ്പ് ഇദ്ദേഹം വളരെ വിനീതസ്വരത്തിൽ പറഞ്ഞു എന്നുള്ളത് ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരണീയമാണ്. മഹാവിശുദ്ധന്മാർക്കു പോലും അത്ര സുലഭമല്ലാത്ത ഒരമൂല്യവരമാണിത്. ഈ വരം മാത്രമല്ല, സഭാസ്ഥാപനം സംബന്ധിച്ചും മറ്റും വേറെ പല വരങ്ങളും നൽകി ദൈവമാതാവ് ഇദ്ദേഹത്തെ പ്രത്യേകവിധത്തിൽ അനുഗ്രഹിക്കുകയുണ്ടായി എന്നതിനു വല്ല തെളിവും ആവശ്യമുണ്ടെങ്കിൽ സംഭവബഹുലമായ ഇദ്ദേഹത്തിന്റെ ജീവചരിത്രം കുറഞ്ഞൊന്നു പരിശോധിച്ചാൽ മതി.*[27]

ചാവറയച്ചന്റെ ജീവചരിത്രമെഴുതിയ മത്യാസച്ചൻ പറഞ്ഞിട്ടുണ്ട്:

*സന്യാസസഭ സ്ഥാപിക്കാനുള്ള അനുമതി ലഭിച്ചതോടുകൂടി നമ്മുടെ കഥാനായകൻ ഇക്കാര്യത്തിൽ പ്രമുഖനായി പ്രവർത്തനം തുടങ്ങി. 1831 മെയ് 11ന് സന്യാസഭവനത്തിന്റെയും പള്ളിയുടെയും ശിലാസ്ഥാപനകർമ്മം സ്തബലീനി മെത്രാന്റെ സാന്നിധ്യത്തിൽ നടത്തി... മാന്നാനത്തു താമസിച്ചു പണി നടത്തുകയായിരുന്നു ചാവറയച്ചന്റെ ജോലി.*[28]

പാലയ്ക്കലച്ചനും പോരൂക്കരയച്ചനും പ്രായത്തിന്റെയും ജോലിബദ്ധതയുടേയും പശ്ചാത്തലത്തിൽ സ്ഥാപനസിദ്ധിയിലേയ്ക്ക് അത്രമേൽ കൂടുതൽ കടന്നുവരുന്നതിനിടയായില്ല. എന്നാൽ പ്രഥമപൂജയിൽതൊട്ടേ നിയോഗപരമായ സ്ഥാപകസിദ്ധിയുടെ കേന്ദ്രമാകാൻ ചാവറയച്ചനെ പരിശുദ്ധാത്മാവ് നിമിത്തമാക്കി. ഇതാവട്ടെ വ്യക്തികേന്ദ്രീകൃതം എന്നതിനേക്കാൾ ദൈവീകപദ്ധതിയുടെ പൂർത്തീകരണവുമായിരുന്നു. ഈ സത്യം *ധ്യാനസല്ലാപ* ങ്ങളിൽ നിന്നും വ്യക്തമാകുന്നുമുണ്ട്:

*..... സഭ എങ്ങിനെ കിട്ടി? പ്രിയോരെന്നാരുവിളിച്ചു? ... ഇതൊന്നിന് നിന്നെ കൊള്ളാമോ? ഇല്ലയില്ല, നിശ്ചയം. അപ്പോഴോ, തിരുമനസ്സു നടക്കും, നടത്തും.*[29]

ചാവറയച്ചനിൽ ദൈവം സന്നിഹിതനായിരുന്നതിന്റെ എല്ലാ തെളിവുകളും അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്നുതന്നെ കണ്ടെത്താനാവുന്നതാണ്. അമലോത്ഭവദാസസംഘത്തിന്റെ പ്രത്യേകമായ ലക്ഷ്യം നിഷ്ഠപ്പെടുത്തുകയും അതിനായി മേലദ്ധ്യക്ഷക്രമം ചുമതലപ്പെടുത്തുകയും ചെയ്തതുവഴി സ്ഥാപനസിദ്ധിയുടെയും ഉടമയായിത്തീരുന്നുവല്ലോ അദ്ദേഹം. നിയമാനുസൃതമായ സന്യാസസഭാസ്ഥാപകനെന്ന നിലയിൽ കേരളത്തിന്റെ മുഖച്ഛായ, സുവിശേഷസവിശേഷതയാൽ നവീകരിച്ച വ്യക്തിയാണദ്ദേഹം.[30] സഭയെ സജീവമാക്കിയ അദ്ദേഹത്തിന്റെ സിദ്ധിയാവട്ടെ അനശ്വരവുമാണ്.





ചാവറയച്ചന്റെ ആദ്യ ജീവചരിത്രമെഴുതിയപ്പോൾ ലെയോപ്പോൾദച്ചനും പറഞ്ഞിട്ടുണ്ട്:

*....എന്നാൽ പ്രായത്തിനുള്ള പോരായ്മ വിവേകംകൊണ്ടും നല്ല കണ്ടുപഠിത്തംകൊണ്ടും തീർത്തു. അയാളോടുകൂടെ മറ്റു പല പട്ടക്കാരും ശെമ്മാശ്ശന്മാരും ക്രമമുള്ള ജീവിതം നടത്തിത്തുടങ്ങി. എന്നാൽ എത്ര ക്രമവും ഭക്തിയുമുള്ള ജീവിതമായിരുന്നാലും ശുദ്ധപള്ളിയുടെ സ്ഥാനക്കാരനായിരുന്ന മേൽപ്പട്ടക്കാരാൽ ഉറപ്പിച്ച് വാസ്തവപ്പെടുത്തിയെങ്കിൽ മാത്രമേ മുഴുവനായിട്ട് തമ്പുരാനെ പ്രസാദിപ്പിക്കുകയുള്ളൂ എന്ന് നമ്മുടെ ചാവറ കുര്യാക്കോസ് കത്തനാരച്ചൻ ബോധിപ്പിച്ചിരിക്കുകയാൽ പലപ്പോഴും പലപ്രകാരത്തിലും മേൽപ്പട്ടക്കാരുടെ പക്കൽ അതിന് അപേക്ഷിക്കുകയും ചെയ്തു. ആ കാലത്തിൽ വരാപ്പുഴ വാണിരുന്ന എത്രയും പെരിയ ബഹുമാനപ്പെട്ട ബർണർദീനോസ് മെത്രാപ്പോലീത്താച്ചൻ ഈ അപേക്ഷയെ കൈക്കൊണ്ട് കർമ്മലീത്താദിസ്കാൾസുസഭക്കാർ എന്ന നാമധേയത്തോടുകൂടെ ഒരു റേഗുള ന്യായപ്രമാണം കൊടുത്ത് 1855-ാം കാലം ധനുമാസം 8ന് അമലോത്ഭവദേവമാതാവിന്റെ തിരുനാൾദിനത്തിൽ നമ്മുടെ കുര്യാക്കോസച്ചനും മറ്റു പത്തു പട്ടക്കാരും മാന്നാനത്തെ കൊവേന്തയിൽ റെഗുള ന്യായപ്രമാണം കൈക്കൊണ്ട് അതിൻപ്രകാരം പറഞ്ഞൊപ്പു ചെയ്തു. അന്നുവരേയും നമ്മുടെ കുര്യാക്കോസച്ചൻ മാന്നാനത്ത് സെമിനാരിയിൽ മല്പാനായിട്ടു പഠിപ്പിച്ചു വരികയിൽ മല്പാന്റെ നാമം വിട്ടു മാന്നാനത്തെ മുതലായ കൊവേന്തകളുടെ ഒന്നാമത്തെ പ്രിയോർ എന്ന സ്ഥാനമായിട്ടു മേൽ സ്തുതിക്കപ്പെട്ട മെത്രാപ്പോലീത്തച്ചനാൽ സ്ഥാപിക്കപ്പെടുകയും ചെയ്തു.*[31]

സന്യാസസഭാസ്ഥാപകനായ ചാവറയച്ചൻ *ദൈവത്തിൽ നിന്നുള്ള പ്രത്യേകവരത്താൽ, സിദ്ധിയാൽ 1855ൽ സ്ഥിരമായ ഒരു ജീവിതമുറ തുടങ്ങി. നിയമവും ഉണ്ടായി. അത് സുവിശേഷ സത്ബുദ്ധികളുടെ ആധുനിക കാലത്തെ വ്യാഖ്യാനമായി; അതിന് സഭയുടെ അംഗീകാരവുമായി.*[32]

മറ്റാർക്കും ലഭിക്കാതിരുന്ന പരിശുദ്ധാത്മാവിന്റെ ദാനവും തജ്ജന്യമായ അനുഭൂതിയും *നൈയാമികമായും, ദൈവവിജ്ഞാനീയമായും സാമൂഹ്യമായും, സൈദ്ധികമായും, സഭാത്മ ആശ്രമിക വിജ്ഞാനമായും*[33] ചാവറയച്ചനെ സഭാസ്ഥാപകനാക്കി. അദ്ദേഹത്തൊടൊത്ത് പ്രവർത്തിച്ച പാലയ്ക്കൽ, പോരൂക്കരയച്ചന്മാരും, കണിയാന്തറ യാക്കോബ് സഹോദരനും പ്രാരംഭനിവേശകരും തുടക്കക്കാരുമാണ്. എന്നാൽ സ്ഥാപകസിദ്ധി ചാവറയച്ചനായി ദൈവം കരുതിവച്ചിരുന്നു. സന്യാസസമൂഹസ്ഥാപനത്തിൽ നിവർത്തിക്കപ്പെട്ട ഈ സ്ഥാപകസിദ്ധി സന്യാസിനീസമൂഹസ്ഥാപനത്തിലും പ്രകാശിതമായി. പുതിയൊരു നിവേശനത്തിന്റെ ആവശ്യം അവിടെ ഉണ്ടായിരുന്നില്ല. ഈ തുടർച്ച, സന്യാസസമൂഹസ്ഥാപനത്തിലും, സന്യാസിനീസമൂഹസ്ഥാപനത്തിലും ഉപയോഗിക്കപ്പെട്ട സിദ്ധിയുടെ നൈരന്തര്യം, സ്ഥാപകൻ എന്ന അദ്ദേഹത്തിന്റെ സ്ഥാനത്തെ സംശയലേശമെന്യേ ഉറപ്പിക്കുന്നു.

സന്യാസസമൂഹസ്ഥാപകൻ ചാവറയച്ചനാണ് എന്ന യാഥാർത്ഥ്യത്തെ അക്കമിട്ട് ഉറപ്പിച്ചുകൊണ്ട് അനേകർ അക്കാര്യം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ചാവറയച്ചനോടൊത്തു ജീവിച്ചും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കണ്ടും കേട്ടും മനസ്സിലാക്കുകയും അവയിൽ പങ്കുചേരുകയും ചെയ്തവരുടെ സാക്ഷ്യങ്ങൾ അതിനടിവരയിടുന്നു.

ചാവറയച്ചൻ കൂനമ്മാവ് ആശ്രമത്തിൽ വന്നതുമുതൽ 1871ൽ അദ്ദേഹത്തിന്റെ മരണംവരെ എല്ലാ കാര്യങ്ങളിലും, പ്രത്യേകിച്ച് കൂനമ്മാവ് മഠസ്ഥാപനത്തിലും, സഹകരിച്ച് പ്രവർത്തിച്ച വ്യക്തിയാണല്ലോ ലെയോപ്പാൾഡ് മൂപ്പച്ചൻ. അദ്ദേഹം എഴുതിയ ചാവറയച്ചന്റെ ലഘുജീവചരിത്രത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

*ഇതിൽ പ്രത്യേകമായിട്ട് മലയാളത്തിൽ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതവും വേദകാര്യങ്ങളെ പഠിപ്പിക്കുന്നതിനും നല്ല ക്രിസ്ത്യാനിപൈതങ്ങളായി വളർത്തുന്നതിനും ഒരു കന്യാസ്ത്രീമഠം ഉണ്ടാക്കണമെന്നും എത്രയും ആഗ്രഹമായി. ആയതിന് സർവ്വേശ്വരൻ തമ്പുരാൻ തിരുമനസ്സായപ്പോൾ അത് നിറവേറ്റുന്നതിന് ചാവറയച്ചൻ എത്രയോ പ്രയത്നം ചെയ്തുവെന്ന് ഈ ചുരുങ്ങിയ വിവരണത്തിൽ അടങ്ങുന്ന കാര്യമല്ല. കന്യാസ്ത്രീമഠം നടന്നുതുടങ്ങിയതനുശേഷവും അതിനുവേണ്ടുന്നവ ക്രമത്തോടും പുണ്യത്തോടുംകൂടി നടത്തുന്നതിന് എത്രയോ ആഗ്രഹവും താത്പര്യവുമായിരുന്നുവെന്ന് എല്ലാവർക്കും അറിവുള്ള കാര്യമായിരിക്കുന്നു.*[34]

ചാവറയച്ചൻ മരിച്ച ദിവസം 1871 ജനുവരി 3ന് ലെയോപ്പൾദച്ചൻ സ്വന്തം ഡയറിയിൽ ഇറ്റാലിയൻ ഭാഷയിൽ കുറിച്ചുവച്ചിരിക്കുന്നത് ഇപ്രകാരമാണ്:

*... Ha fondato con somme fatiche il monastero delle monache* (*വളരെ ക്ലേശങ്ങൾ സഹിച്ച് കന്യാസ്ത്രീകൾക്കായി ഒരു മഠവും അദ്ദേഹം സ്ഥാപിച്ചു.*)[35]

കൂനമ്മാവിൽ മഠം തുടങ്ങാൻ അനുവാദം നൽകിയത് അന്നത്തെ വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്ന ബെർണർദീനോസ് ബച്ചിനെല്ലി മെത്രാപ്പോലീത്തയാണ്. 1867 ഫെബ്രുവരി 20ന് കേരളകത്തോലിക്കാസഭയെക്കുറിച്ചുള്ള റിപ്പോർട്ട് പ്രൊപ്പഗാന്ത തിരുസ്സംഘത്തിനയച്ചുകൊടുത്തപ്പോൾ അതിൽ സ്ത്രീകൾക്കായുള്ള സന്യാസസമൂഹത്തെക്കുറിച്ചും അത് ആരുടെ സംരക്ഷണയിലാണ് എന്നതും വിശദീകരിക്കുന്നുണ്ട്.[36]

രണ്ടു റീത്തുകളുടേയും ചുമതല വഹിച്ചിരുന്ന വരാപ്പുഴ മെത്രാപ്പോലീത്ത റോമിലേയക്ക് കൊടുക്കേണ്ടിയിരുന്ന റിപ്പോർട്ടുകൾ റീത്തടിസ്ഥാനത്തിൽ വെവ്വേറെ രണ്ടായിട്ടായിരുന്നു. കേരളസുറിയാനി കത്തോലിക്കാസഭയുടെ റിപ്പോർട്ടിലാണ് കൂനമ്മാവുമഠത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ചേർത്തിരുന്നത്.

കൂനമ്മാവ്മഠം *നാളാഗമം* ഒന്നാം വാല്യത്തിലെ ആദ്യ 16 പേജുകൾ ചാവറയച്ചൻ എഴുതിക്കൊടുത്തതാണ്. തുടർന്ന് ചാവറയച്ചന്റെ നിർദ്ദേശമനുസരിച്ച് സിസ്റ്റർ അന്നയാണ് *നാളാഗമം* എഴുതുന്നത്. സിസ്റ്റർ അന്ന





എഴുതിയ *നാളാഗമത്തിന്റെ* പേജുകളിലൂടെ കടന്നുപോകുമ്പോൾ മഠം തുടങ്ങുന്നതിനെക്കുറിച്ചുള്ള ആദ്യചിന്തകളിൽതൊട്ട് സ്ഥാപനത്തെയും അതിലെ അംഗങ്ങളെയും ഏതെല്ലാംവിധത്തിൽ രൂപപ്പെടുത്തി വളർത്തിയെടുക്കണമെന്നതുവരെയുള്ള കാര്യങ്ങളിൽ ചാവറയച്ചൻ നടത്തിയ സമർപ്പിത ശ്രമങ്ങൾ വ്യക്തമാകുന്നുണ്ട്.

*എത്രയും അല്പമായതും ആത്മത്തിനടുത്തതും ശരീരത്തിനടുത്തതുമൊക്കെയും നമ്മുടെ പിതാവായ പ്രിയോരച്ചൻ അച്ചന്റെ വയസ്സുപ്രായത്തിലും സൗഖ്യക്കേടിന്റെ ഇടയിലും ദൈവസഹായത്താൽ ഒക്കെയും നടത്തിവരുന്നു...*[37]

സഹോദരിമാരുടെ പരിശീലനത്തിലും ആദ്ധ്യാത്മിക കാര്യങ്ങളിലും ഭൗതികകാര്യങ്ങളിലും ചാവറയച്ചനുണ്ടായിരുന്ന ഉത്തരവാദിത്വത്തെ വെളിപ്പെടുത്തുന്ന പരാമർശം നോക്കുക:

*....കന്നി(സെപ്റ്റംബർ) മാസത്തിൽ നമ്മുടെ പിതാവായ മൂപ്പച്ചനും പ്രിയോരച്ചനുംകൂടി മഠത്തിൽ വന്നപ്പോൾ ബഹുമാനപ്പെട്ട പ്രിയോരച്ചൻ ഞങ്ങൾക്ക് പറഞ്ഞുതന്ന ഗുണദോഷമായത് ഓരോരോ പ്രവർത്തികളെ ചെയ്യുന്നതിനു മുൻപിൽ നിയോഗം വക്കേണ്ടതിന്മേലും കാനോനനമസ്ക്കാരം നല്ലവണ്ണം എത്തിക്കേണ്ടുന്ന പ്രകാരവും കാനോനനമസ്ക്കാരമായിട്ടു ചൊല്ലുന്ന ഏതു നമസ്ക്കാരമെങ്കിലും ശേഷം നമസ്ക്കാരങ്ങളൊക്കെക്കായിലും അധികം ഫലമുള്ളതാകുന്നു. കാനോനനമസ്ക്കാരം എത്തിപ്പാൻ പോകുമ്പോൾ മുൻപിനാൽത്തന്നെ ഓർക്കേണ്ടുന്നതായത് ഇപ്പോൾ ആകാശത്തിലുള്ള സകല മാലാഖമാരും പുണ്യവാന്മാരും ഭൂമിയിലുള്ള ശുദ്ധമാക്കപ്പെട്ടവരും പ്രാർത്ഥനാമുറിയിലുള്ള കൂടപ്പിറപ്പുകളുടെ കാക്കുന്ന മാലാഖമാരും കർത്താവിനെ സ്തുതിക്കുന്നു. അവരുടെ സ്തുതികളോടുകൂടെ ഞാനും ഈ നമസ്ക്കാരത്തെ ചേർത്തുകൊണ്ട് കർത്താവിനെ സ്തുതിക്കുന്നു...*[38]

കന്യാസ്ത്രീകൾക്കുള്ള സഭാവസ്ത്രം ചാവറയച്ചൻ ഔദ്യോഗികമായി നൽകിയത് സിസ്റ്റർ അന്ന *നാളാഗമ*ത്തിൽ വിവരിക്കുന്നത് ഇങ്ങനെയാണ്:

*മുൻപിൽ ഞങ്ങളെ ഉടുപ്പിച്ചപ്പോൾ മറ്റുകൂട്ടം ഇല്ലായ്കയാൽ മുഴുവൻ ക്രമം ചെയ്തില്ല. ഇതിനാലെ ഇതിനുള്ളക്രമം ഒക്കെയും തിരിച്ചെഴുതി ബഹുമാനപ്പെട്ട പ്രിയോരച്ചൻ കൊണ്ടുവന്ന് ഞങ്ങളെക്കൊണ്ട് വായിച്ചുകേൾപ്പിച്ച് ഒക്കെയും പറഞ്ഞുതന്നു. എന്നാൽ കന്യാസ്ത്രീകളുടെ തനിച്ചുള്ള ക്രമംപോലെ തലമുണ്ട് അതിന്റെ ഭാഷപോലുണ്ടാക്കണമെന്നും മറ്റും പറഞ്ഞ് കാട്ടിത്തന്നു. ആ ക്രമത്തിൽ പുതുക്കന്യാസ്ത്രീയെ വിളിക്കുന്നതും ഉത്തരിക്കേണ്ടുന്നതും ഒക്കെയും പഠിപ്പാനായി ആ ക്രമവും തന്ന് പോയി.*

*പരിശുദ്ധ അമ്മയുടെ പിറവിത്തിരുന്നാൾ കന്നി 8ന് പ്രിയോരച്ചൻ വന്നു. ഉടൻ ക്രമം പോലെ മണികൊട്ടി സഹോദരികളും ശേഷ്ഠത്തിയമ്മയും*

*പ്രാർത്ഥനാമുറിയിൽ കൂടിനില്ക്കയിൽ പുതുക്കന്യാസ്ത്രീയും ഗുരുത്തിയായി സി. അന്നയും കൂടി വന്നു. പ്രാർത്ഥനാമുറിയുടെ നടുവിൽ മുട്ടുകുത്തി. ഉടൻ പ്രി.സൂർപ്പ്ലസും ഊറാറയുമിട്ട് എല്ലാവരും മുട്ടുകുത്തി. റൂഹാദക്കുദിശാനമസ്ക്കാരം ചൊല്ലി നിലത്തു മുത്തിയ ശേഷം പ്രി. എഴുന്നേറ്റ് മിശിഹായുടെ മണവാട്ടിയെ നീ വരുക എന്നും ശേഷം പറഞ്ഞു. അപ്പോൾ എല്ലാവരും അവരുടെ ഇടയിൽ ഇരുന്നു. പുതക്കന്യാസ്ത്രീയും ഗുരുത്തിയമ്മയും അവിടെ മുട്ടുകുത്തി നില്ക്കയും അപ്പോൾ കുറെ ഇതായത് "മിശിഹായുടെ മണവാളത്തം" എന്ന ഭാഗ്യപ്പെട്ട അന്തസ്സും ചെയ്യുവാനിരുന്ന പറഞ്ഞൊപ്പുകളുടെ കടത്തിന്മേലും ഗുണദോഷിച്ച് വീണ്ടും ഉടുപ്പുകൾ റൂശ്മ ചെയ്തു.*[39]

കന്യാസ്ത്രീകളെ കേന്ദ്രീകരിച്ചുള്ള പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിലും നടപടികളെടുക്കുന്നതിലും ലെയോപ്പോൾദച്ചൻ മേലാധികാരി ആയിരിക്കേതന്നെ ചാവറയച്ചനും തുല്യപങ്കാളിത്തം ഉണ്ടായിരുന്നു എന്ന് തെളിയിക്കുന്ന ധാരാളം പരാമർശങ്ങൾ *നാളാഗമ*ത്തിൽ കാണുന്നുണ്ട്. ബോർഡിംഗിൽ നിന്നുള്ള കുട്ടികളിൽനിന്ന് മഠത്തിൽച്ചേർക്കാൻ പറ്റിയവരെ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ചുള്ള ആലോചന ഇപ്രകാരം നടത്തിയത് ഒരുദാഹരണം:

*കർക്കിടക (ജൂലൈ)മാസം 15ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് മൂമ്പിൽ മൂപ്പച്ചനും പ്രിയോരച്ചനും കൂടെ 2 കസേര പ്രാർത്ഥനാമുറിയിൽ വയ്പ്പിച്ച് ആലോചനക്കുള്ള മണികൊട്ടി ഞങ്ങളെല്ലാവരും പ്രാർത്ഥനാമുറിയിൽ കൂടി നിന്നപ്പോൾ അച്ചന്മാർ വന്ന് മുട്ടുകുത്തി നിലം മുത്തി. ഞങ്ങളും മുട്ടുകുത്തി നിലം മുത്തി എഴുന്നേറ്റ് അച്ചന്മാരും ഇരുന്ന് ഞങ്ങളോടും ഇരിക്കാൻ കല്പിച്ച് ഞങ്ങളും ഇരുന്നപ്പോൾ മൂപ്പച്ചൻ പറഞ്ഞതായത് ഇപ്പോൾ പ്രത്യേകമായിട്ട് ഒരു കാര്യം ആലോചിപ്പാൻ സംഗതിവന്നരിക്കുന്നു. ഗ്രാത്തമുറിയിൽ വച്ച് ആലോചിക്കുമ്പോൾ ശേഷം പേരും കേൾപ്പാൻ ഇടവരും എന്നു വച്ചിട്ടത്രെ ഒരു ക്രമക്കേട് ചെയ്തുകൊണ്ട് ഇങ്ങോട്ട് കയറിവന്നത്. ഇതായത് ഈ എദുംക്കദാത്തിലെ പൈതങ്ങൾ 5 പേരും അധികം മുതിർന്നു വല്ലോ. ഈ നാട്ടിലെ മര്യാദപോലെ പൈതങ്ങളെ ചെറുപ്പത്തിലെ വിവാഹം കഴിപ്പിക്കുന്നതാകയാൽ ഈ 5 പേരുടെ കാര്യം നിങ്ങൾ വിചാരിച്ച് അവരിൽക്കാണുന്ന ഗുണവും ഗുണക്കേടും ഒക്കെയും ഓരോരുത്തരും ബോധിപ്പിക്കണം.*[40]

ചാവറയച്ചനു മഠാംഗങ്ങളുടെമേൽ ഉണ്ടായിരുന്ന അധികാരത്തെയും ഉത്തരവാദിത്വങ്ങളെയും എടുത്തുകാണിക്കുന്നതാണ് മേൽ സാക്ഷ്യങ്ങൾ എല്ലാം. അദ്ദേഹം മഠാംഗങ്ങൾക്കെഴുതിയ 20 ലേറെ കത്തുകളും അവ സാക്ഷ്യപ്പെടുത്തുന്നു. സഹോദരികൾക്ക് ചാവറയച്ചനോടുണ്ടായിരുന്ന ആത്മബന്ധത്തെയും അവർ അദ്ദേഹത്തിനു കൊടുത്ത സ്ഥാനത്തെയും എടുത്തുകാട്ടുവാൻ പര്യാപ്തമാണ് ചാവറയച്ചന്റെ മരണദിനത്തിൽ മഠത്തിലെ *നാളാഗമ*ത്തിൽ എഴുതിവെച്ചിരിക്കുന്ന വരികൾ:





*മരിച്ച ഉടൻ തന്നെ ക്രമപ്രകാരം കൂനമ്മാവ് കൊവേന്തയിൽ മരിച്ചവരുടെ മണികൊട്ടി. ഇതുകേട്ടപ്പോൾ എല്ലാവർക്കും സഹിക്കരുതാത്ത സങ്കടവും ദുഃഖവുമായതിനാൽ കുർബ്ബാന കണ്ടിരുന്ന കപ്പേളയിൽ കരച്ചിലും സങ്കടവുമല്ലാതെ കേൾപ്പാനില്ലാഞ്ഞു. അതെന്ത്യേ... എന്നാൽ പ്രത്യേകമായി കന്യാസ്ത്രീ മഠങ്ങളുടെ പുണ്യസാംഗോപാംഗത്തിന്മേലും വർദ്ധനമേലും മഹാതാല്പര്യക്കാരനും ആയിരുന്നതു കാരണത്താൽ ഞങ്ങളുടെ ഈ മഠം സ്ഥാപിക്കുന്നതിനും പുണ്യവഴിയിൽ ഞങ്ങളെ നടത്തുന്നതിനും ചെയ്തതും ചെയ്തുവരുന്നതുമായ നന്മ ഉപകാരങ്ങളൊക്കെയും ഇന്നു ഞങ്ങൾക്കു പൊയ്പോയതിനാൽ അത്രെ.*[41]

സഹോദരി അന്ന എഴുതിയ *നാളാഗമ*ത്തിൽ തന്നെ 125 പ്രാവശ്യത്തിൽ കൂടുതൽ ചാവറയച്ചൻ മഠം സന്ദർശിച്ചതിനെക്കുറിച്ചും പല കാര്യങ്ങളിലും അധികാരത്തോടെയും ഉത്തരവാദിത്വത്തോടെയും ഇടപെട്ടതിനെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ 1868 സെപ്റ്റംബർ 11 മുതൽ ലെയോപ്പോൾദ് മൂപ്പച്ചൻ യൂറോപ്പിലായിരുന്ന 14 മാസക്കാലം ചാവറയച്ചൻ അനവധി പ്രാവശ്യം സഹോദരിമാരെ സന്ദർശിച്ച് കാര്യങ്ങൾ അന്വേഷിക്കുകയും നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തിരുന്നു എന്നും സഹോദരി അന്ന എഴുതിയ *നാളാഗമ*ത്തിൽ പരമർശിച്ചിരിക്കുന്നതായി കാണുന്നു.

1831 മുതൽ എറെ അടുത്ത് ഇടപഴകിയ ദേഹവും ചാവറയച്ചനോടൊപ്പം മാന്നാനത്തുണ്ടായിരുന്നയാളും അദ്ദേഹത്തിന്റെ മരണശേഷം അടുത്ത പ്രിയോർ ജനറലായി അവരോധിക്കപ്പെട്ട വ്യക്തിയുമാണ് പോരൂക്കര ഏലീശാച്ചൻ. 1871ൽ അദ്ദേഹമെഴുതിയ ചാവറപിതാവിന്റെ ജീവചരിത്രത്തിൽ മഠം സ്ഥാപനത്തിൽ ചാവറയച്ചന്റെ പങ്ക് എന്തായിരുന്നു എന്ന് ഇപ്രകാരം എഴുതിയിരിക്കുന്നു:

*....മാന്നാനത്തിൽ നിന്നും കുനമ്മാവു കൊവേന്തയിൽ പോയി പാർത്തു. അവിടെവെച്ച് പ്രത്യേകമായിട്ട് മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതമായി വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനി പൈതങ്ങളായിട്ടു വളരുന്നതിനും ഒരു കന്യാസ്ത്രീമഠം ഉണ്ടാക്കണമെന്നാഗ്രഹിച്ചു, സർവ്വശക്തനായ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു അതിനുള്ള അടിസ്ഥാനക്കാരായിട്ട് ആസ്തമായിരിക്കുന്നവരെ കൈക്കൊണ്ടു തൽക്കാലം പനമ്പുകൊണ്ടു വീടുണ്ടാക്കി പാർപ്പിച്ചു. അതിന്റെ ശേഷം അത്ഭുതമെ! എട്ടു മാസത്തിന്റെ ഇടകൊണ്ട് എണ്ണായിരം രൂപവരെ പല വഴിയായി ധർമ്മം വരുത്തി കന്യാസ്ത്രീമഠവും അതിനുവേണ്ടുന്നതൊക്കെയും ഉണ്ടാക്കി അതിൽ അവരെ പാർപ്പിക്കുകയും അവരുടെ അടക്കജീവിതവും പുണ്യവും കണ്ടു സന്തോഷിച്ച് അവരെ പറഞ്ഞൊപ്പു ചെയ്യിക്കയും കടശ്ശി ശുദ്ധ കുർബ്ബാന അവരുടെ കപ്പേളയിൽ സ്ഥാപിക്കയും ചെയ്തു.*[42]

1896ൽ എറണാകുളം വികാരിയാത്ത് സ്ഥാപിതമായപ്പോൾ ആദ്യവികാരി അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ട മാർ ളൂയീസ് പഴേപറമ്പിൽ

കൂനമ്മാവ്മഠം സ്ഥാപിക്കുമ്പോൾ ഒരു ശെമ്മാശനായി കൂനമ്മാവ് ആശ്രമത്തിലുണ്ടായിരുന്നു. സുറിയാനിക്കാർക്കായുള്ള കോട്ടയം വികാരി അപ്പസ്തോലിക്കാ മാർ ലെവീഞ്ഞിന്റെ സെക്രട്ടറിയായിരുന്ന അദ്ദേഹം എറണാകുളം വികാരി അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടശേഷം തന്റെ വികാരിയാത്തിലെ കന്യാസ്ത്രീകൾക്കായി 1917-ൽ നൽകിയ നിയമങ്ങളുടെ മുഖവുരയിൽ ഇപ്രകാരം എഴുതി:

*...1864-ാം കാലം പെ.ബെ. ലെയോപ്പോൾദ് ബെക്കാറോ എന്ന മിഷനറി മലയാളത്തിലുള്ള കർമ്മലീത്താ ദിസ്ക്കാൾസ് മൂന്നാം സഭക്കാരുടെ ഡയറക്ടറും ബ.ചാവറ കുര്യാക്കോസ് അസ്സീതീലിയ എന്ന ദേഹം മേൽപ്പറഞ്ഞ മലയാളത്തിലുള്ള കർമ്മലീത്താ മൂന്നാംസഭക്കാരുടെ പ്രിയോർ ജനറാളും ആയിരിക്കയും ഇവരിരുവരും കൂനമ്മാവ് ആശ്രമത്തിൽ താമസിക്കയും ചെയ്തിരിക്കയിൽ സ്ത്രീജനങ്ങൾക്കായിട്ട് ഒരു കന്യാമഠം സ്ഥാപിക്കണം എന്നുള്ള വിചാരം ഉണ്ടാവുകയും ആ ഉദ്ദേശം മേൽക്കുമേൽ വർദ്ധിക്കുകയും ചെയ്തു. 1866ൽ ഈ ആലോചനയോടുകൂടി മേൽപ്പറഞ്ഞ രണ്ടച്ചന്മാരും ഒരു ചെറിയ വീട് കൂലിക്കുവാങ്ങിച്ച് ഏതാനും വിധവകളേയും പെൺപൈതങ്ങളേയും എടുത്ത് ഈ വീട്ടിൽ ആക്കി ഒരു മഠം സ്ഥാപിച്ചു. അതിന്റെ ശേഷം അവർക്കായിട്ട് ഒരു മഠം പണിയണമെന്ന ആഗ്രഹത്തോടുകൂടി കുറെ പണം സമ്പാദിക്കുവാൻ നോക്കി. പള്ളികളിൽനിന്നും ജനങ്ങളിൽനിന്നും ഒരു വരിയിട്ട് പണം പിരിക്കുകയും പെ.ബ. ചാവറ കുര്യാക്കോസച്ചൻ തന്റെ പഴയ ശിഷ്യരിൽനിന്നും ഒരു നല്ല തുക പിരിക്കുകയും ചെയ്തു. ഈ പണംകൊണ്ട് തെക്കുവടക്കായിട്ട് രണ്ടുനിലയിൽ ഒരു ചെറിയ മഠവും വടക്കേ അറ്റത്തുള്ള ഒരു നല്ല ഊട്ടുമുറിയും തെക്കേ അറ്റത്ത് ഒരു ഹാളും നടുവിൽ ഒരു കപ്പേളയും പണിയിച്ചു. 1867 മാർച്ച് മാസത്തിൽ ഈ രണ്ടച്ചന്മാരും ഈ എഴുത്തുകാരനായിരിക്കുന്ന ഞാൻ അന്നു ശെമ്മാശ്ശനായിരുന്നെങ്കിലും മേൽപ്പറഞ്ഞ വിധവകളെയും പെൺപൈതങ്ങളെയും അവർ താമസിച്ചിരുന്ന ചെറിയ വീട്ടിൽനിന്നും ഈ മഠത്തിലേക്ക് കൊണ്ടുവന്നു.*[43]

കന്യകാമഠസ്ഥാപനം യാഥാർത്ഥ്യമായത് ചാവറയച്ചന്റെ ദൈവപ്രചോദിതമായ സമർപ്പിത ശ്രമങ്ങളിലൂടെയായിരുന്നു എന്നതിന് എമ്പാടുമുണ്ട് തെളിവുകൾ എന്നു വ്യക്തം. മലമുകളിൽ ഉയർത്തപ്പെട്ട മഹാദീപത്തിന് മറഞ്ഞിരിക്കുക സാധ്യമല്ലല്ലോ. ചാവറ പിതാവിന്റെ ആത്മീയശുശ്രൂഷയുടെ സത്ഫലങ്ങൾ തന്റെ ആത്മീയമക്കളിലൂടെ പ്രസരിക്കുകയും കാലാതിവർത്തിയായി നിലകൊള്ളുകയുംതന്നെ ചെയ്യും. വിവാദങ്ങൾക്കതീതമായിരുന്ന ആ വിശുദ്ധജീവിതം വിഭാവനം ചെയ്ത പുണ്യവഴികൾ എന്നും അനശ്വരമായി നിലകൊള്ളുകയും ചെയ്യും. തലമുറകൾ അതേറ്റുപറയുകയും കാലം അതു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

■



## പരാമർശ സൂചിക


1. *Fondatori in Vocabulario Illustrato della lingua Italiana*, G. Devoted G.C.oli(ed.), I, Milano, 1967,p.1070.
2. Ibid., p. 1071.
3. *Fondatore*, in Dizionario Enciclopedico Italiano, Rome, 1956, p.846.
4. Antonio Romano, *The Charism of the Founders*, St.Pauls Publications , Ireland, 1994, p. 27-28.
5. Ibid, pp. 27-72.
6. Cf. *രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ*, തിരുസ്സഭ, ബാഗ്ലൂർ, ധർമ്മാരാം കോളേജ്, 1977, No.46.
7. Cf. Tilesrd J.M.R. Les grounds lois de la via Religiouse, Unam Soutern, pp.101, Carisma E sequella 72.14
8. Cf. Ibid, op.cit, pp. 10 ff
9. *കൂനമ്മാവ് നാളാഗമം*, വാല്യം. 1,പേജ്. 32.
10. Monsing. Bernardino Baccinelli, *Relazime Del Vicariato Apostolico di Verapoli*, Redatta, Li 20 Febbraro 1867, p. 18.
11. കൂനമ്മാവ് *നാളാഗമം*, വാല്യം. 1, പേജ്. 2.
12. *വി. ത്രേസ്യായുടെ കന്യകാമഠം*, വജ്രജൂബിലി സ്മാരകം, കൂനമ്മാവ്, 1943, പേജ്. 15.
13. *ലെയോപ്പോൾദച്ചന്റെ കത്തുകൾ*, പേജ്.54.
14. കൂനമ്മാവ് *നാളാഗമങ്ങൾ*, വാല്യം. 2, പേജ്. 58.
15. ലെയോപ്പോൾദച്ചന്റെ ഡയറിക്കുറിപ്പുകൾ, വാല്യം VI, p. 14.
16. Cf. ച.സ.കൃ., *നാളാഗമങ്ങൾ*, പേജ്. 80.
17. Ibid, p. 131.
18. കൂനമ്മാവ് മഠം *നാളാഗമം*, വാല്യം 1, പേജ്. 1.
19. ച.സ.കൃ., *നാളാഗമങ്ങൾ*, വാല്യം 1, പേജ്. 124.
20. കൂനമ്മാവ് *നാളാഗമം*, വാല്യം 2, പേജ്. 20, 21.
21. *ധ്യാനസല്ലാപങ്ങൾ*, പേജ്. 17.
22. Ibid., പേജ്. 21.
23. കൂനമ്മാവ് *നാളാഗമം*, വാല്യം 1, പേജ്. 7-11.
24. കൂനമ്മാവ് *നാളാഗമം*, വാല്യം 2, പേജ്. 18.
25. Cf. Ibid., പേജ്. 5-15.
26. *ആത്മാനുതാപം*, മുഖവുര, പേജ്. XVII.

27. മത്യാസ് പട്ടക്കാരൻ, *ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ*, മാന്നാനം, 1936, പേജ്. 12.
28. Ibid., പേജ്. 19.
29. *ധ്യാനസല്ലാപങ്ങൾ*, പേജ്.13 .
30. Cf. വലേരിയൻ, *ത്രിതീയ ഭാരത അപ്പസ്തോലൻ*, പേജ്. 35 quoted in *കുര്യാക്കോസ് ഏലിയാ വടക്കേത്ത്*, ചാവറ ആദ്ധ്യാത്മികത, ദനഹ സർവ്വീസസ്, കോട്ടയം,2005, പേജ്.936.
31. ലെയോപ്പോൾദ്, *ആമുഖം, ആത്മാനുതാപം*, 1871, പേജ്. XIV/XV.
32. Antonio Romano, op.cit., പേജ്. 37.
33. Ibid., പേജ്. 29-65.
34. ലെയോപ്പോൾദ്, *ആമുഖം, ആത്മാനുതാപം*, പേജ്. XVII.
35. *ലെയോപ്പോൾദച്ചന്റെ ഡയറി*, സി. എം. സി., ആർക്കെയ്‌വ്സ്, വാല്യം 1, പേജ്.6.
36. Ibid, പേജ്. 4.
37. Cf. കൂനമ്മാവ് *നാളാഗമം*, വാല്യം 1,പേജ്. 170.
38. Ibid., പേജ്. 71.
39. Ibid., പേജ്. 67
40. Ibid., പേജ്. 135.
41. കൂനമ്മാവ് *നാളാഗമം*, വാല്യം 2, പേജ്. 23-24.
42. പോരൂക്കര കുരിയാക്കോസ് ഏലിയാസച്ചൻ, *സ്ഥാപക പിതാക്കന്മാർ*, മാന്നാനം, 1905, പേജ്. 35, ഒറിജിനൽ മാന്നാനം ആർക്കെയ്‌വ്സ്.
43. *ത്രേസ്യാപുണ്യവതിയുടെ കർമ്മലീത്താ മൂന്നാം സഭയിലെ സഹോദരികൾക്കായിട്ടുള്ള നിയമങ്ങൾ*, മുഖവുര, സി. എം. സി. ആർക്കെയ്‌വ്സ്, പേജ്. 1-2.



## ഏഴ്

# തുടർവ്യാപനത്തിന്റെ നാൾവഴികൾ

**കൂ**നമ്മാവിലെ പവിത്രഭൂമിയിൽ 1866ൽ ബീജാവാപം ചെയ്യപ്പെട്ട കേരളത്തിലെ ആദ്യകന്യകാമഠം ഇന്ന് വളർച്ചയുടെ പ്രയാണപഥങ്ങൾ ഒട്ടേറെ പിന്നിട്ടു കഴിഞ്ഞു. നാലംഗങ്ങളോടുകൂടി ആരംഭിച്ച ഈ സമൂഹത്തിലേയ്ക്കു ധാരാളം പേർ ആകർഷിക്കപ്പെട്ടു. ചലനാത്മകവും ഉത്തേജനാത്മകവുമായ സ്ഥാപകചൈതന്യം അതിന്റെ നിർമ്മലതയിലും ലാളിത്യത്തിലും ജീവിക്കുവാനും മറ്റുള്ളവരിലേയ്ക്കു പകരുവാനും ആദ്യാംഗങ്ങൾക്കു കഴിഞ്ഞു. സന്യാസജീവിതം സ്വയം വിശുദ്ധിക്കും ഒപ്പം സഭാശുശ്രൂഷയ്ക്കുമുള്ള ദൈവത്തിന്റെ ഒരു പ്രത്യേക തിരഞ്ഞെടുപ്പാണ് എന്ന ബോദ്ധ്യം അവരിൽ രൂഢമൂലമാക്കുവാൻ ചാവറപിതാവും ലെയോപ്പോൾദ് പിതാവും ഏറെ ശ്രദ്ധിച്ചിരുന്നു. ചാവറപിതാവ് ആദ്യാംഗങ്ങളോട് പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക:

*...ഓ... എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീകളേ... നിങ്ങൾ കരേറിയിരിക്കുന്ന അന്തസ്സ് എത്രയും ഉയരപ്പെട്ടതും സ്തുതിക്കപ്പെട്ടതും തന്നെ!*[1]

വളർച്ചയുടെ ഘട്ടങ്ങൾ ഓരോന്നായി പിന്നിടുമ്പോഴും പ്രതിസന്ധികളും വിയോഗങ്ങളും മനസ്സുലയ്ക്കുന്ന പ്രശ്നങ്ങളും അതിൽ സർവ്വസാധാരണമായിരുന്നു. നന്മയുടെ ഫലങ്ങൾ പുറപ്പെടുവിക്കാനാഗ്രഹിച്ച് അതിനായി മാത്രം ഇറങ്ങിത്തിരിച്ചപ്പോഴും വിപരീതാനുഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളതും പരമാർത്ഥമാണ്. എല്ലാം അതിജീവിച്ചു ദൈവത്തിന്റെ പദ്ധതിയിൽനിന്നും ഉരുത്തിരിഞ്ഞ വിത്ത് കരുത്തോടെ മുളയെടുക്കാനും പടർന്നു പന്തലിക്കാനും അവിടുന്നു തിരുമനസ്സായി. പിതാക്കന്മാരുടെ വേർപിരിയലുകളും നിലവിലിരുന്ന ലത്തീൻ-സുറിയാനി പക്ഷതിരിവുമൂലം അനിവാര്യമായിത്തീർന്ന റീത്തടിസ്ഥാനത്തിലുള്ള വിഭജനവും വിവിധ രൂപതകളിൽ ഒറ്റതിരിഞ്ഞുള്ള വളർച്ചയുമെല്ലാം ശൈഥില്യത്തിന്റെ സന്ധികൾ തീർക്കവേത്തന്നെ വിശ്വാസസരണിയിൽ കരുത്താർജ്ജിക്കുന്നതിനുള്ള

പരീക്ഷണങ്ങളുടെ കാലഘട്ടങ്ങൾ തന്നെയായിരുന്നു. അവയെല്ലാം തരണം ചെയ്ത് വിവിധമേഖലകളിൽ, വിവിധഭാവങ്ങളിൽ, നന്മയുടെയും സേവനത്തിന്റെയും പ്രകാശവീചികൾ പ്രസരിപ്പിച്ചുകൊണ്ട് T.O.C.D. ഇന്നത്തെ സി.എം.സി., സി.റ്റി.സി. സന്യാസിനീസമൂഹങ്ങളായി തിരുസ്സഭയിൽ ചുവടുറപ്പിച്ചു വളരുന്നു എന്നതാണു സത്യം.

## വിയോഗത്തിന്റെ മുറിപ്പാടുകൾ

വേർപാടുകൾ വേദനാജനകമാണെങ്കിലും സ്വന്തം ശക്തിയിലേയ്ക്കുണരാനും സ്വയം കരുത്താർജ്ജിക്കാനും ഒരു വ്യക്തിക്ക് നിമിത്തമാകുന്ന അവസ്ഥ കൂടിയാണ്. ആദ്യം സ്ഥാപകപിതാവായ ചാവറയച്ചനും പുറകെ ആദ്യാംഗങ്ങളിലൊരാളായ അന്നയും പിന്നീട് ലെയോപ്പോൾദച്ചനും തങ്ങളിൽ നിന്നു വേർപിരിഞ്ഞകന്നപ്പോൾ ഒരുപാട് ദുഃഖം അനുഭവിച്ച സന്യാസിനീസഹോദരികൾ ദൈവത്തിൽ ആശ്രയം കണ്ടെത്തി ആ ദുഃഖാവസ്ഥകളെ അതിജീവിച്ചു.

ജീവിതകാലം മുഴുവനും ദൈവദർശനത്തിനായി ദാഹിച്ച ചാവറയച്ചൻ ക്ലേശപൂരിതവും ത്യാഗനിർഭരവുമായിരുന്ന ഇഹലോകജീവിതത്തിന് വിരാമമിട്ടുകൊണ്ട് 1871 ജനുവരി 3ന് സ്വർഗ്ഗീയഭവനത്തിലേയ്ക്ക് യാത്രയായി. അദ്ദേഹത്തിന്റെ അന്ത്യനാളുകളും മരണവുമെല്ലാം *നാളാഗമ*താളുകൾ ഹൃദയാവർജ്ജകമാംവിധം രേഖപ്പെടുത്തിയിട്ടുണ്ട്. ആ നാളുകളിൽപ്പോലും കൂനമ്മാവുമഠം സന്ദർശിക്കുവാനും സഹോദരിമാർക്കു ആത്മീയപിൻബലം പകർന്നുനൽകുവാനും വന്ദ്യപിതാവു പ്രത്യേകം മനസ്സായി ശ്രമപ്പെട്ടിരുന്നു.

*ഒക്ടോബർ മാസം 28ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് നാലു മണിക്ക് വന്നു. ഇത് ഞങ്ങളെ എല്ലാവരെയും ദുഃഖിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്ത വരവുതന്നെ. എന്തെന്നാൽ അദ്ദേഹത്തെ കണ്ടമാത്രയിൽത്തന്നെ ഞങ്ങൾക്കുണ്ടായ ദുഃഖാധിക്യത്തെ അടക്കുവാൻ സാധിക്കാത്തതിനാൽ ഞങ്ങൾ വളരെ കരഞ്ഞു. പ്രിയോരച്ചന് സ്വയം നടക്കാൻ വയ്യാത്തതിനാൽ ബഹുമാനപ്പെട്ട വികാരിയച്ചന്റെ സഹായത്തോടെയാണ് ഇവിടംവരെ നടന്നെത്തിയത്.... അച്ചന്റെ രോഗങ്ങൾക്ക് പല ചികിത്സകൾ ചെയ്തിട്ടും ഭേദംവരാതെ അസുഖങ്ങൾ വർദ്ധിക്കുകയും കണ്ണിന് കാഴ്ചയില്ലാതാവുകയും ചെയ്തു. അതിനാൽ മാന്നാനത്തെ വികാരിയച്ചന് പ്രിയോരച്ചനെ അങ്ങോട്ടു കൊണ്ടുപോകണമെന്ന് ആഗ്രഹമുണ്ടായിരുന്നു.*

*....അതിനാൽ ഞങ്ങളെക്കണ്ട് യാത്രപറയുന്നതിനാണ് അച്ചൻ ഇവിടെ വന്നത്. പടിയ്ക്കൽ വന്നപ്പോൾ എടുപ്പിച്ചിരുന്ന കസേരയിലിൽനിന്നും ഇറങ്ങി അകത്തോട്ടു നടന്നു. അപ്പോൾ വികാരിയച്ചനോട് "നമ്മുടെ മഠം ഇതുതന്നെയാണോ "എന്നു ചോദിച്ചു". ഇത് തന്നെ; തെക്കുവശത്ത് ബോർഡിംഗ്" എന്ന് വികാരിയച്ചൻ മറുപടി പറഞ്ഞു. അപ്പോൾ ഒന്നു മൂളി. വികാരിയച്ചൻ സഹായിച്ചുകൊണ്ടുവന്നു. ബോർഡിംഗിലെ തെക്കേവാതിൽ തുറന്ന് അകത്തുകയറി. അപ്പോൾ അച്ചൻ കുരുടന്മാരെപ്പോലെ തപ്പിത്തപ്പിവരുന്നതിനേയും സങ്കടം തോന്നുവാൻതക്കവിധത്തിലുള്ള ക്ഷീണവും അസ്വസ്ഥതയും കണ്ടപ്പോൾ എല്ലാവർക്കുമുണ്ടായ ദുഃഖാധിക്യത്താൽ ഞങ്ങൾ കരഞ്ഞുപോയി... "നിങ്ങളോട് അവസാനത്തെ യാത്ര ചോദിച്ചുകൊണ്ട് പോകാമെന്നു കരുതിയാണ് ഇപ്പോൾ വന്നത്..." അപ്പോൾ ഞങ്ങളുടെ അമ്മ പറഞ്ഞു: "അച്ചന് മനസ്സായാൽ അങ്ങോട്ടുപോകാതെ ഇവിടെ താമസിക്കാമല്ലോ. അച്ചന് മനസ്സാകുംവണ്ണം എല്ലാവരും ചെയ്യുമല്ലോ." അപ്പോൾ അച്ചൻ പറഞ്ഞു: "എനിക്ക് സ്വന്തമായിട്ട് ഒരു മനസ്സുണ്ടോ? എനിക്ക് അവിടെപ്പോയി പാർക്കണമെന്നോ ഇവിടെത്തന്നെ താമസിക്കണമെന്നോ ഒരാഗ്രഹമില്ല. എങ്ങനെ എന്നോടു കല്പിക്കുമോ, അതു സന്തോഷത്തോടെ ചെയ്യാൻ ഞാൻ തയ്യാറായിരിക്കുന്നു...."*[2]

ഇങ്ങനെ പരസഹായത്തോടുകൂടി തന്റെ അന്ത്യകാലയളവിലെ തീവ്രവേദനയിലും ആത്മീയപുത്രിമാരെ സന്ദർശിക്കാൻ സന്നദ്ധനായ ചാവറയച്ചൻ എത്രമാത്രം അവരെ സ്നേഹിച്ചിരുന്നുവെന്ന് നോക്കുക. മരണക്കിടക്കയിലായിരുന്നപ്പോൾപോലും *പുത്തനാണ്ടു പിറക്കുന്നു, പുണ്യങ്ങളൊക്കെയും പുത്തനാകണം. കർത്താവിന്റെ പുത്തൻപിറവിയോടുകൂടി ജീവിതവും പുത്തനാക്കണം*[3] എന്ന സന്ദേശം ജെരാർദുമൂപ്പച്ചൻ വഴി സഹോദരിമാർക്ക് അദ്ദേഹം നൽകുന്നുണ്ട്.

ചാവറയച്ചന്റെ മരണത്തെക്കുറിച്ച് സന്യാസിനികൾ ഇങ്ങനെ എഴുതുന്നു:

*പ്രിയോരച്ചന് താൻ ചെയ്ത വേലകൾക്കും അദ്ധ്വാനങ്ങൾക്കും ചേർന്ന് മോക്ഷസമ്മാനം കൊടുക്കാൻ സർവ്വേശ്വരൻ തിരുമനസ്സായി. കൂനമ്മാവ് ആശ്രമത്തിൽവച്ച് തന്റെ ആത്മീയമക്കളുടെ കൈകളിൽ സമാധാനത്തിൽ മരണം പ്രാപിച്ചു. തന്റെ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിക്കുകയും ചെയ്തു. മരിച്ച ഉടൻതന്നെ ക്രമപ്രകാരം കൂനമ്മാവ് കൊവേന്തയിൽ മരിച്ചവരുടെ മണിയടിച്ചു. ഇതു കേട്ടപ്പോൾ എല്ലാവർക്കും സഹിക്കാൻപറ്റാത്ത സങ്കടവും ദുഃഖവുമായി. ആയതിനാൽ കുർബ്ബാന കണ്ടിരുന്ന കപ്പേളയിൽ കരച്ചിലുയർന്നു...*[4]

ചാവറയച്ചന്റെ വിശുദ്ധജീവിതത്തെക്കുറിച്ചുള്ള ബോധ്യവും ദൈവതിരുമനസ്സിനോടുള്ള വിധേയത്വവും ഈ പുണ്യപിതാവിന്റെ മാദ്ധ്യസ്ഥം തങ്ങളെ ശക്തിപ്പെടുത്തും എന്ന ശരണവും അവരുടെ ദുഃഖം ശമിപ്പിക്കുകയായിരുന്നു.

*.....അതിനാൽ ഞങ്ങളുടെ ഈ മഠം സ്ഥാപിക്കുന്നതിനും വിശുദ്ധിയുടെ വഴിയിൽ ഞങ്ങളെ നടത്തുന്നതിനും ചെയ്തിട്ടുള്ളതും, ഇപ്പോൾ ചെയ്തു വരുന്നതുമായ നന്മകളും ഉപകാരങ്ങളും ഇപ്പോൾ ഞങ്ങൾക്ക് നഷ്ടമായി എന്നത് ഞങ്ങളെ ദുഃഖിപ്പിക്കുന്നു. എന്നാൽ ഒരു ചിന്ത ഞങ്ങളുടെ ദുഃഖമകറ്റി. ഏതേതു ദുഃഖമോ അനർത്ഥമോ നേരിട്ടാലും അവയെല്ലാം നമ്മുടെ നന്മയിൽ എത്രയും താല്പര്യമുള്ള ദൈവതിരുമനസ്സിൽനിന്നും വരുന്നു.*

*മാത്രവുമല്ല, നമ്മുടെ ഈ നല്ല പിതാവ് ഇഹലോകത്തിൽവച്ച് ദൈവസ്തുതിയ്ക്കായിച്ചെയ്ത വേലകൾക്കും അദ്ധ്വാനങ്ങൾക്കുമുള്ള പ്രതിസമ്മാനം ഏറ്റുവാങ്ങുന്നതിനായി ദുഃഖത്തിന്റെ ഈ താഴ്‌വരയിൽനിന്നു പുറപ്പെട്ട് ആനന്ദവും സൗഭാഗ്യവും അനുഭവിക്കയാണിപ്പോൾ. അതിനാൽ അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് നാം ദുഃഖിക്കുകയല്ല, ആനന്ദിക്കുകയാണ് വേണ്ടത്. അച്ചൻ ജീവിച്ചിരുന്നപ്പോൾ ഞങ്ങൾക്കായിചെയ്ത നന്മകളെക്കാൾ കൂടുതൽ ഇപ്പോൾ ആകാശമോക്ഷത്തിലായിരുന്നു ചെയ്യാൻ പ്രാപ്തനായിരിക്കുന്നു. നമ്മെ സഹായിക്കാൻ ജാഗ്രതയുള്ള ഒരു മദ്ധ്യസ്ഥനും സ്വർഗ്ഗവാസിയും ആയിത്തീർന്നിരിക്കുന്നു എന്ന ചിന്ത ഞങ്ങളുടെ എല്ലാവരുടെയും ദുഃഖമകറ്റി ഞങ്ങളിൽ സന്തോഷം നിറച്ചു...*[5]

ചാവറയച്ചന്റെ മരണത്തിനുശേഷം മാസങ്ങൾ കഴിയുന്നതിനുമുമ്പ് ആദ്യാംഗങ്ങളിലൊരാളായ സിസ്റ്റർ അന്ന മരണമടഞ്ഞു. 1871 മെയ് 24-ാം തീയതിയായിരുന്നു ആ വേർപാട്. *നാളാഗമ*ത്തിൽ ചിത്രീകരിച്ചിരിക്കുന്നതനുസരിച്ച് വിശുദ്ധവും വീരോചിതവുമായ സഹനവും മരണവുമായിരുന്നു അന്നയുടേത്. 1870 നവംബർ മാസത്തിൽ രോഗം തുടങ്ങി. പനിയും ചുമയും ഇടതുവശത്ത് നീരുമായിരുന്നു രോഗലക്ഷണങ്ങൾ. അസുഖങ്ങളൊന്നും കണക്കാക്കാതെ സമൂഹത്തിന്റെ എല്ലാകാര്യങ്ങളിലും പങ്കെടുത്തിരുന്നതിനാൽ അവർ രോഗിയാണെന്ന കാര്യം ആരും മനസ്സിലാക്കിയില്ല. ക്ഷീണവും രോഗത്തിന്റെ അവശതകളും വർദ്ധിച്ച് ബാഹ്യമായി പ്രകടമായപ്പോൾ അവരെ രോഗീമുറിയിലേക്കു മാറ്റി. അസാമാന്യക്ഷമയാണ് രോഗാവസ്ഥയിൽ അവർ പ്രകടിപ്പിച്ചത്. ശക്തിയായ നെഞ്ചുവേദനയും, ചുമയും ഒരുവശത്തുണ്ടായിരുന്ന നീരും നിമിത്തം രോഗത്തിന്റെ ആരംഭകാലം മുതൽ ഒരുവശം വച്ചുമാത്രം കിടന്നിരുന്നതിനാൽ ആ വശത്തുള്ള തൊലി അഴുകിപ്പോയിരുന്നു. ഇത്ര വലിയ വേദന അനുഭവിക്കുന്നു എന്നുള്ള ഭാവം അല്പം പോലും മുഖത്തു കാണിക്കാതെ മരണംവരെ ആ വശംവച്ചുതന്നെ അവർ കിടന്നിരുന്നു. രോഗാവസ്ഥയിലും അവർ പ്രകടമാക്കിയ ദൈവതിരുമനസ്സിനോടുള്ള വിധേയത്വം, അനുസരണചൈതന്യം, കൂടപ്പിറപ്പ് സ്നേഹം എന്നിവ അസാമാന്യമായിരുന്നു. അത്യാവശ്യം ഉള്ളപ്പോഴല്ലാതെ മറ്റുള്ളവർ തന്നെ ശുശ്രൂഷിക്കുന്നതിന് അവർ സമ്മതിച്ചിരുന്നില്ല. തന്റെ രോഗം തമ്പുരാന്റെ സമ്മാനമായിക്കണ്ട അവർ അതേക്കുറിച്ച് അവിടുത്തെ സ്തുതിക്കുവാനാണ് സഹോദരിമാരോടു പറഞ്ഞിരുന്നത്. 1871 മെയ് 24ന് രാവിലെ അവസാനമായി വിശുദ്ധകുർബ്ബാനയും ദോഷപൊറുതികളും സ്വീകരിച്ച അവർ ആറു മണിക്ക് മൂപ്പച്ചൻ വന്നപ്പോൾ മരണത്തോടടുക്കുകയായിരുന്നു. അദ്ദേഹം അവസാന ആശീർവ്വാദം കൊടുത്ത ഉടനെ യാതൊരു അസ്വസ്ഥതയോ ദുഃഖമോ കൂടാതെ ഏവരും കൊതിക്കുന്ന വലിയ സമാധാനത്തോടെ അന്ത്യശ്വാസംവലിച്ച് ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിക്കുകയും ചെയ്തു.[6]





പ്രായത്തിൽ ഏറ്റവും ഇളയവളും, എല്ലാ കാര്യങ്ങളിലും സമർത്ഥയും, പുണ്യം നിറഞ്ഞവളുമായ അന്നസഹോദരിയുടെ മരണം മറ്റംഗങ്ങൾക്ക് കനത്ത ആഘാതമേൽപ്പിച്ചുവെങ്കിലും തങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്ന സകല കാര്യങ്ങൾക്കും പിന്നിൽ പ്രവർത്തിക്കുന്ന ദൈവപരിപാലനയുടെ കൃപാവഴികളെക്കുറിച്ചുള്ള ബോധ്യം അവർക്ക് ശക്തി പകർന്നു. അക്കാലങ്ങളിലെല്ലാം ബലം പകർന്നുകൊണ്ട് ഗുരുനാഥനായ ലെയോപ്പോൾദച്ചന്റെ സാന്നിദ്ധ്യവും ഉപദേശങ്ങളും അവർക്കു ലഭിക്കുകയും ചെയ്തിരുന്നു.

## ലെയോപ്പാൾദ് മിഷനറി മടങ്ങുന്നു

ചാവറച്ചന്റെ മരണശേഷം കൂനമ്മാവു മഠത്തെ നയിച്ചതും വളർത്തിയതും ലെയോപ്പോൾദച്ചനായിരുന്നുവല്ലോ. എന്നാൽ അദ്ദേഹത്തിന്റെ നേതൃത്വം ഏറെ നാൾ സ്വീകരിക്കാൻ അവർക്കു യോഗമുണ്ടായില്ല. വരാപ്പുഴ വികാരി അപ്പസ്തോലിക്ക ലെയോനാർദ്മെല്ലാനയും, മാർത്തോമ്മാക്രിസ്ത്യാനികളും തമ്മിലുള്ള അഭിപ്രായ ഭിന്നത പല അനിഷ്ടസംഭവങ്ങൾക്കും കാരണമായി. ഏതദ്ദേശീയമെത്രാന്മാർക്കു വേണ്ടിയുള്ള സുറിയാനിക്കാരുടെ പരിശ്രമങ്ങളെയും നിവേദനങ്ങളെയും കുറ്റകരമായി മാത്രം വ്യാഖ്യാനിച്ചു വീക്ഷിച്ച വികാരി അപ്പസ്തോലിക്ക ആ പേരിൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു; ഏഴു കൊവേന്തവൈദികരെ സന്യാസസഭയിൽനിന്നു പുറത്താക്കുകയും ചെയ്തു. തദ്ദേശീയ മെത്രാന്മാരെ ലഭിക്കുന്നതിനുവേണ്ടിയുള്ള നാട്ടുകാരുടെ ന്യായപരിശ്രമങ്ങൾക്ക് ലെയോപ്പോൾദ്-ജെരാർദ് മിഷനറി സഹോദരന്മാരുടെ പിന്തുണയുണ്ട് എന്നായി തുടർന്നു സംശയം. വികാരി അപ്പസ്തോലിക്ക അവർക്കെതിരെ വിവിധ ശിക്ഷാനടപടികൾ സ്വീകരിക്കുവാനും തുടങ്ങി. *നാളാഗമ*ത്തിൽ ഇക്കാര്യത്തെക്കുറിച്ച് രേഖപ്പെടുത്തുന്നതിപ്രകാരമാണ്:

*ഈ വിരോധങ്ങൾ ദിവസേന വർദ്ധിച്ചുവരുന്നതിനാൽ മെത്രാപ്പോലീത്തായിൽനിന്നും ഏറിയ കുറ്റപ്പാടുകളും ദുഃഖസങ്കടങ്ങളും മറ്റു പലരിൽനിന്നും വളരെ നിന്ദാപമാനങ്ങളും നാലഞ്ചുവർഷത്തോളം സഹിച്ചിരുന്നു. ഈ വിരോധത്താൽ മൂപ്പച്ചനു മുമ്പു കൊടുത്തിരുന്ന പല ഉദ്യോഗങ്ങളും സ്ഥാനമാനങ്ങളും.... ഏവർക്കും നിന്ദാവിഷയങ്ങളാകുവാൻ തക്കവണ്ണം, ഓരോന്നോരോന്നും മാറ്റുകയും കടശ്ശി തന്റെ ചങ്കുപോലെ സ്നേഹിച്ചിരുന്നതുമായ പുതുസന്യാസികളുടെ ഭരിപ്പിൽനിന്നു മാറ്റുകയും അവരോടും കൊച്ചച്ചന്മാരോടും മിണ്ടിക്കൂടായെന്നു കഠിനമായി മുടക്കുകയും....*[7]

ഈ ശിക്ഷാരീതികളുടെ ഭാഗമായി ഏതാനും മാസക്കാലം പാറാവിൽ എന്നപോലെ വരാപ്പുഴയിൽ ഒരു വലിയ മുറിയിൽ മൂന്നാം തട്ടിൽ ആരും കേറാത്ത സ്ഥലത്ത് രാവും പകലും പാർക്കുന്നതിനിടയിൽപ്പോലും ലെയോപ്പോൾദ് പിതാവ് സഹനങ്ങളെക്കുറിച്ചുള്ള സ്വന്തം അനുഭവങ്ങളും വിശുദ്ധരുടെ

ചിന്തകളും മഠാംഗങ്ങൾക്കു പകർന്ന് എത്തിച്ചുകൊടുത്തുകൊണ്ടിരുന്നു. യൂറോപ്പിലേക്കു പോകുന്നതിനുമുമ്പ്, അദ്ദേഹത്തെ യൂറോപ്പിലേയ്ക്കു മടക്കി അയക്കുവാൻ തീരുമാനവും നടപടിയുമായി. യാത്ര പറയാൻ അദ്ദേഹം മഠത്തിൽവന്ന വിവരം *നാളാഗമ*ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്:

*...ദൈവതിരുമനസ്സിന് കീഴ്‌വഴങ്ങുന്നതിനുള്ള സൽബുദ്ധി ഉപദേശങ്ങളെ ചൊല്ലിത്തന്ന ഞങ്ങളെ ധൈര്യപ്പെടുത്തിക്കൊണ്ടും സാളയിൽ പേരെഴുതി സ്ഥാപിച്ചിരിക്കുന്ന തിരുഹൃദയത്തിൻ പടത്തിൻ മുമ്പാകെ ഞങ്ങളെ എല്ലാവരെയും കൂട്ടി ചില ജപങ്ങളും അപേക്ഷകളും കഴിച്ചു. ഈശോയുടെ തിരുഹൃദയത്തിൽ ഞങ്ങളെ എല്ലാവരെയും കയ്യാളിച്ചുകൊണ്ട് തനിച്ചും പൊതുവിലും എല്ലാവർക്കും വാഴ്‌വുതന്നുകൊണ്ട് യാത്ര പുറപ്പെടുകയും ചെയ്തു...*[8]

വീണ്ടും തിരിച്ചെത്താമെന്ന പ്രതീക്ഷയോടെ, 1876 ജനുവരി 1-ാം തീയതി മിഷനറിസഹോദരന്മാരായ ലെയോപ്പോൾദച്ചനും ജെരാർദച്ചനും ഇറ്റലിയിലേയ്ക്ക് കപ്പൽ കയറി. പക്ഷേ, ആ യാത്രപറച്ചിൽ അവസാനത്തേതായിരുന്നു. വീണ്ടും വരാൻ തീവ്രമായി അവർ ആഗ്രഹിച്ചെങ്കിലും ആ ഭാഗ്യം ഒരിക്കലും കൈവന്നില്ല. കേരളസഭയുമായുള്ള കത്തിടപാടുകൾ പോലും അവർക്ക് നിഷിദ്ധമായിരുന്നു. ഇറ്റലിയിലെ *ലോ ആനോ*യിൽ താൻ വസിച്ചിരുന്ന ആശ്രമത്തിന്റെ ടെറസ്സിലിരുന്ന് അനേകദിവസങ്ങൾ ഇന്ത്യയുടെ ദിശാഭാഗത്തേക്ക് നോക്കി താൻ കരയുമായിരുന്നെന്ന് ലെയോപ്പോൾദച്ചൻ തന്റെ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്:

*...ഇന്ന് (1876) ആഗസ്റ്റ് 13-ാം തീയതി സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം ഇൻഡ്യയുടെ ഭാഗത്തേയ്ക്ക് നോക്കി ഞാനൊരു കസേരയിലിരുന്നു. കൂനമ്മാവിലെ എന്റെ പ്രിയപ്പെട്ടവരെക്കുറിച്ചുള്ള ഓർമ്മകളിൽ ഞാൻ മുഴുകിപ്പോയി. എന്റെ പ്രിയപ്പെട്ട നോവിസസ്സ്, വൈദികർ, വൈദികവിദ്യാർത്ഥികൾ, കന്യാസ്ത്രീകൾ ഇങ്ങനെ ഓരോരുത്തരും എന്റെ മനസ്സിൽ തെളിഞ്ഞുതെളിഞ്ഞു വന്നു. ഞാനവരെ കൺമുൻപിൽ കാണുന്നതുപോലെ, വർദ്ധിച്ച സ്നേഹത്തോടെ അവരെ ആശ്ലേഷിക്കുന്നതുപോലെ, എനിക്കു തോന്നി. എനിക്കു ചിറകുണ്ടായിരുന്നെങ്കിൽ അവരുടെ അരികെ പറന്നെത്തി അവരെ വാരിപ്പുണരുവാൻ എന്റെ മനം കൊതിച്ചു. അവർക്ക് എന്നോടുണ്ടായിരുന്ന സ്നേഹവും വാത്സല്യവും എന്നെക്കുറിച്ചുള്ള ചിന്തയും ഞാൻ വീണ്ടും ഓർക്കാൻ ശ്രമിച്ചു. ഞാനവർക്കെല്ലാം ആയിരും വാഴ്‌വ് കൊടുത്തു. എന്റെ ഹൃദയം ദുഃഖപൂരിതമായിരുന്നു. എനിക്ക് കരച്ചിൽ നിയന്ത്രിക്കാനായില്ല. ഞാനെന്റെ മുറിയിൽ പ്രവേശിച്ച് വിങ്ങിവിങ്ങിക്കരഞ്ഞു...*[9]

*എന്നുമെന്നും ദൈവഹിതം നിറവേറട്ടെ* എന്ന വാക്കുകളോടെയാണ് ആ ഡയറിക്കുറിപ്പ് അദ്ദേഹം ഉപസംഹരിക്കുന്നത്.





1895ലും 1905ലും മാർ ളൂയീസ് പഴേപറമ്പിൽ നടത്തിയ റോമായാത്രയുടെ അവസരങ്ങളിലാണ് ലെയോപ്പോൾദച്ചനെക്കുറിച്ചുള്ള വിവരങ്ങൾ പിന്നീട് മഠാംഗങ്ങൾക്കു ലഭിക്കുന്നത്. ലെയോപ്പോൾദച്ചന്റെ കത്തും സമ്മാനങ്ങളും അദ്ദേഹം വഴി അവർക്കു ലഭിച്ചു. തന്റെ മക്കളെ അതിരറ്റു സ്നേഹിച്ചിരുന്ന ലെയോപ്പോൾദച്ചന്റെ മിഷനറിജീവിതവും ദൈവതിരുമനസ്സിനുള്ള കീഴ്‌വഴക്കവും കേരളസഭയ്ക്കും അദ്ദേഹം സംരക്ഷിച്ചു വളർത്തിയ സന്യാസിനീ സമൂഹാംഗങ്ങൾക്കും എന്നും ജ്വലിക്കുന്ന മാതൃകയും പ്രചോദനവുമാണ്.

## വഴിപിരിയുന്നു

1887 മെയ് 20ന് തൃശൂർ, കോട്ടയം വികാരിയാത്തുകൾ സുറിയാനിക്കാർക്കായി സ്ഥാപിക്കപ്പെട്ടു. ഫ്രഞ്ചുകാരനും ഈശോസഭാംഗവുമായ മോൺ. ചാൾസ് ലെവീഞ്ഞ് കോട്ടയം വികാരി അപ്പസ്തോലിക്കയായും മോൺ. അഡോൾഫസ് മെഡ്‌ലിക്കോട്ട് തൃശൂർ വികാരി അപ്പസ്തോലിക്കയായും ലെയോ പതിമൂന്നാമൻ മാർപ്പാപ്പയാൽ നിയമിതരായി. ഈ വിഭജനവും പുതിയ വികാരിയാത്തുകളുടെ ആവിർഭാവവും കൂനമ്മാവ് കൊവേന്തയ്ക്കും കന്യകാമഠത്തിനും പ്രതിസന്ധിയുടെ കാലഘട്ടമായി. ഭരണത്തെച്ചൊല്ലി അവകാശത്തർക്കങ്ങളാരംഭിച്ചു. കൂനമ്മാവു കൊവേന്ത തന്റെ അധികാരപരിധിക്കുള്ളിലായിരിക്കണമെന്നു സമർത്ഥിച്ചുകൊണ്ട് മോൺ. ലെയൊനാർദ് മെല്ലാനോ പ്രൊപ്പഗാന്ത തിരുസംഘത്തിന് അപേക്ഷ സമർപ്പിച്ചു. ഇതേതുടർന്ന് പല അവകാശവാദങ്ങളും തർക്കങ്ങളും ഉയർന്നു വന്നു. ചുറ്റുമുള്ള ലത്തീൻകാരായ ജനങ്ങളും അതിൽ പങ്കുചേർന്നതോടെ അവസ്ഥ രൂക്ഷമായിത്തീർന്നു. ഒടുവിൽ റോമിൽ നിന്നുള്ള വിധിയനുസരിച്ച് 1889 മാർച്ച് 9-ാം തീയതി കൂനമ്മാവു കൊവേന്തയിലുണ്ടായിരുന്ന സി.എം.ഐ. സമൂഹം അവിടം വിട്ടുപേക്ഷിച്ച് അമ്പഴക്കാട്ടു കൊവേന്തയിലേയ്ക്ക് പോയി.

സ്ഥാപകപിതാക്കന്മാരുടെ വേർപാടുനിമിത്തം ചിറകുതളർന്നവരായിരുന്ന സഹോദരിമാരെ നയിക്കാൻ 1876 ജനുവരി 2-ന് ഫിലിപ്പോസ് മിഷനറിയെയാണ് നിയോഗിച്ചിരുന്നത്. സുറിയാനിക്കാർ വരാപ്പുഴ അധികാരത്തിൽ നിന്ന് വേർപ്പെട്ടതിനുശേഷം അവരുടെ കാര്യത്തിൽ അദ്ദേഹത്തിനു വേണ്ടത്ര ശ്രദ്ധയില്ലായെന്നു ബോദ്ധ്യമായ മഠാംഗങ്ങൾ അതോടെ തീർത്തും നിസ്സഹായരായി. ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളിൽ സഹായിക്കാൻ ആരുമില്ലാത്ത അവസ്ഥയാണുണ്ടായത്. ഇതിനൊരു പരിഹാരം അർത്ഥിച്ചുകൊണ്ട് 1889 ജൂൺ 16-ന് തൃശൂർ അപ്പസ്തോലിക്കാ ആയ മോൺ അഡോൾഫ് മെഡ്‌ലിക്കോട്ടിന് അവർ എഴുതി:

*മഠത്തിന്റെ കാര്യത്തെപ്പറ്റിയുള്ള തെളിവുകളും ആവലാതികളും മറ്റും അച്ചനും അത്യുന്നത ദലഗാത്തച്ചനും പലപ്പോഴും ഞങ്ങൾ എഴുതിയപ്രകാരം അറിഞ്ഞു എന്ന് ഞങ്ങളുടെ നടത്തുകാരനായ പെ. ബ. പീലിപ്പോസ്*

*മൂപ്പച്ചൻ അറിയുകയും എഴുതിയതിന്മേൽ വലിയ ശാസനയായി കുറ്റപ്പെടുത്തുകയും ഞങ്ങളുടെ നേരെ നാനാവിരോധവും രസക്കേടും കാണിക്കുകയും ചെയ്യുന്നു... പ്രിയ പിതാവേ, എല്ലാ പ്രകാരവും ഞങ്ങൾ ഏറ്റവും വലയുന്നു. ഇപ്രകാരം വിരോധമായിരിക്കയാലും ഞങ്ങൾ ഏതുപ്രകാരം അദ്ദേഹത്തോട് സമാധാനത്തിൽ കുമ്പസാരിക്കുന്നതിനും മറ്റും പാടുണ്ടാകും. ആകയാൽ ആത്മകാര്യങ്ങളിലുള്ള ഈ ആശ്വാസമെങ്കിലും അത്യുന്നതപിതാവിൽനിന്ന് സാധിച്ച് ഞങ്ങളെ കുമ്പസാരിപ്പിക്കുന്നതിന് എഴുത്താലുള്ള അനുവാദം ബ. അൽബർത്തോസച്ചനു വാങ്ങിത്തരുമാറാകണം.*[10]

സന്യാസിനികളുടെ ബുദ്ധിമുട്ട് മനസ്സിലാക്കിയ മെത്രാനച്ചൻ സി.എം.ഐ. സഭക്കാരായ ബസ്സേലൂസ് അച്ചനേയും അൽബർത്തോസച്ചനെയും ഫ്രംസിസ്കോസ് സഹോദരനെയും മഠവക ബംഗ്ലാവിൽ താമസിക്കുന്നതിനും മഠാംഗങ്ങളുടെ ആദ്ധ്യാത്മികകാര്യങ്ങൾ നടത്തിക്കൊടുക്കുന്നതിനും അനുവദിച്ചു കല്പിച്ചു. ഇക്കാലയളവിൽ ജനങ്ങളിൽ നിന്ന് നേരിടേണ്ടി വന്ന ശല്യങ്ങളും എതിർപ്പുകളും വകവയ്ക്കാതെ അവർ ബംഗ്ലാവിൽ താമസിച്ച് അവരെ സഹായിച്ചുപോന്നു.

1888ലാണ് മഠത്തെസംബന്ധിച്ച അവകാശത്തർക്കം ആരംഭിച്ചത്. സന്യാസിനീസഹോദരിമാരാകട്ടെ ലത്തീൻ-സുറിയാനിഭേദമില്ലാതെ ഏകഹൃദയത്തോടെ കഴിയുകയായിരുന്നു. 1867ൽ മോൺ. ബെർണർഡീൻ ബച്ചിനെല്ലിയും 1888ൽ മോൺ. ലെയോനാർദു മെല്ലാനോയും പ്രോപ്പഗാന്ത തിരുസംഘത്തിനയച്ച റിപ്പോർട്ടിൽ ലത്തീൻകാരും സുറിയാനിക്കാരും ഒരുമിച്ച് കൂനമ്മാവ് കന്യസ്ത്രീമഠത്തിൽ ഒരു കുടുംബമായി ജീവിച്ചിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.[11] എന്നിരിക്കലും കൂനമ്മാവുമഠം തന്റെ അധികാരത്തിനു കീഴ്പ്പെട്ടിരിക്കണമെന്ന് കാണിച്ച് 1888 നവംബർ 24-ാം തീയതി മോൺ ലെയോനാർദു മെല്ലാനോ റോമിലെ പ്രൊപ്പഗാന്തതിരുസംഘത്തിന് ഒരു അപേക്ഷ സമർപ്പിച്ചു:

*...കൂനമ്മാവിനടുത്ത ഈ മഠം ലത്തീൻകാരും തദ്ദേശികളുമായ നാലുവനിതകളാൽ സ്ഥാപിക്കപ്പെട്ടതാണ്.... എന്നാൽ ഇതിനടുത്തായി കൂടുതൽ സൗകര്യമുള്ള ഒരു സ്ഥലത്ത് മഠം പുതുക്കിപ്പണിയുകയുണ്ടായി. ദൈവത്തിന് സമർപ്പിതരായി ജീവിക്കാൻ ദൈവവിളി ലഭിച്ചിട്ടുള്ള സുറിയാനി വനിതകളെയും ഞാനും എന്റെ മുൻഗാമിയും ആ മഠത്തിൽ സ്വീകരിച്ചിട്ടുണ്ട്. അവർ ഏകമനസ്സായും ഏകകുടുംബമായും അവിടെ വസിച്ചുപോന്നു. കാര്യങ്ങൾ ഇങ്ങനെ ആയിരിക്കേ, പുതിയ വികാരി അപ്പസ്തോലിക്കമാർ ഈ മൂന്നാംസഭക്കാരടെമേൽ അവകാശവാദം ഉന്നയിക്കുന്നതിൽ ഞാൻ ന്യായമൊന്നും കാണുന്നില്ല. ഈ മഠത്തിൽ അവർക്ക് ലത്തീനോ സുറിയാനിയോ വശമില്ല. അവർ മലയാളത്തിൽ പ്രാർത്ഥനകൾ ചൊല്ലുകയും ഏകസമൂഹമായി എന്റെ ഭരണത്തിന് കീഴ് വസിക്കുകയും ചെയ്യുന്നു.*[12]





പ്രൊപ്പഗാന്തതിരുസംഘം ഈ വാദമുഖങ്ങൾ വിശദമായി പഠിച്ച് നീതിയുക്തമാം വിധം പരിഹാരം നിർദ്ദേശിക്കാൻ ഇന്ത്യയുടെ ദലഗാദ് അപ്പസ്തോലിക്കായ മോൺ. അന്ത്രയോസ് അയൂത്തിയെ ചുമതലപ്പെടുത്തി. അദ്ദേഹം മോൺ. മെല്ലാനോയുടെ കത്ത് തൃശൂർ, കോട്ടയം വികാരി അപ്പസ്തോലിക്കാമാർക്ക് അയച്ചുകൊടുത്തുകൊണ്ട് അവരുടെ പ്രതികരണം ആവശ്യപ്പെട്ടു. 1889 ജനുവരി 27ന് മോൺ. മെഡ്ലിക്കോട്ട് അദ്ദേഹത്തിനു മറുപടി നൽകി. അതിൽ കൂനമ്മാവുമഠം തന്റെ അധികാരപരിധിയിൽപ്പെട്ടതായിരിക്കണം എന്നതിനുള്ള ന്യായങ്ങൾ വിശദീകരിച്ചിരുന്നു:

*...പ്രസ്തുമഠം ലത്തീൻ റീത്തുകാരായ നാലുവനിതകളാൽ അവരിൽ ഒരുവളുടെ വകയായ പുരയിടത്തിൽ സ്ഥാപിക്കപ്പെട്ടുവെന്നും.....അതിനടുത്ത് സൗകര്യമുള്ള ഒരു സ്ഥലത്ത് അത് പുതുക്കിപ്പണിതെന്നും മാത്രം പറഞ്ഞ് മോൺ. മെല്ലാനോ നിറുത്തുകയാണ്. ഈ പുതിയമഠം സുറിയാനിക്കാരിൽ നിന്നും അവരുടെ പള്ളികളിൽ നിന്നും പിരിച്ചെടുത്ത പണംകൊണ്ട്, സുറിയാനിസന്യാസികളുടെ വകയായ സ്ഥലത്ത്, കൂനമ്മാവു കൊവേന്തയുടെ സുറിയാനിക്കാരനായ പ്രിയോർ പണിതീർത്തതാണ്. ലത്തീൻ റീത്തുകാർക്കുവേണ്ടി അവരതു ചെയ്യുമായിരുന്നില്ലെന്ന് വ്യക്തമാണല്ലോ.....കഴിഞ്ഞ ജൂലൈമാസത്തിൽ മഠത്തിലുണ്ടായിരുന്ന 27 കന്യാസ്ത്രീകളിൽ 20 പേർ സുറിയാനിറീത്തുകാരും 7 പേർ മാത്രം ലത്തീൻ റീത്തുകാരുമാണ്..... വരാപ്പുഴ മിഷന് എറണാകുളത്ത് ഒരു പുതിയമഠവും വരാപ്പുഴയിൽ ഒരു മഠത്തിനും വേദാർത്ഥിമന്ദിരത്തിനും* (catecumenate)*മായി ഉദ്ദേശിച്ചിരിക്കുന്ന ഒരു വലിയ കെട്ടിടവും ഉണ്ട്. ആകയാൽ ഈ മഠം ന്യായമായും സുറിയാനിക്കാരുടെതായിരിക്കേണ്ടതാണ്.*[13]

തന്റെ ഈ ന്യായങ്ങൾ പ്രമാണീകരിക്കുന്നതിന് വേണ്ട രേഖകളും മോൺ. മെഡ്ലിക്കോട്ട് സമർപ്പിച്ചു. മഠം പണിക്കുള്ള പണപ്പിരിവിനായി സുറിയാനിപ്പള്ളികളിലേക്ക് ലെയോപ്പോൾദച്ചൻ അയച്ച സർക്കുലറും അതിൽ ഉൾപ്പെടുന്നു.

രണ്ടുകൂട്ടർക്കും സ്വീകാര്യമായ പ്രശ്നപരിഹാരം നിർദ്ദേശിക്കുക വളരെ ബുദ്ധിമുട്ടാണെന്ന് മോൺ. അന്ത്രയോസ് അയൂത്തിക്ക് വ്യക്തമായി. ഇരുകൂട്ടരും തികച്ചും വിരുദ്ധമായ നിലപാടുകൾ സ്വീകരിച്ചിരിക്കുന്നതിനാൽ അവരെ അനുരഞ്ജിപ്പിക്കാൻ താൻ അശക്തനാണെന്ന് പ്രൊപ്പഗാന്തതിരുസംഘത്തെ അദ്ദേഹം അറിയിച്ചു. മാത്രമല്ല, ലഭ്യമായ എല്ലാ രേഖകളും അവയുടെ പഠനത്തിൽനിന്നും താൻ സ്വരൂപിച്ച അഭിപ്രായങ്ങളും നിഗമനങ്ങളും അദ്ദേഹം അയച്ചുകൊടുക്കുകയുമുണ്ടായി. 1867-ൽ കാനോനികമായി സ്ഥാപിതമായപ്പോൾ മുതൽ കൂനമ്മാവുമഠത്തിൽ ലത്തീൻകാരും സുറിയാനിക്കാരും ഉണ്ടായിരുന്നുവെന്നും റീത്തനുസരിച്ചുള്ള സഭാവിഭജനംവരെ, ഈ സ്ഥാപനം ഏതു റീത്തിൽപ്പെട്ടതാണെന്നു കാണിക്കുന്ന ഡിക്രികളൊന്നും

സഭാധികാരികളിൽനിന്നും ഉണ്ടായിട്ടില്ലായെന്നും അംഗസംഖ്യ പരിഗണിക്കുമ്പോൾ സുറിയാനിക്കാർ ഇരുപതുപേരും, ലത്തീൻകാർ ഏഴുപേരുമാണുള്ളത് എന്നും അദ്ദേഹം റിപ്പോർട്ടിൽ എഴുതിയിരുന്നു. മറ്റു പല ഘടകങ്ങളും കണക്കിലെടുത്ത് ഈ സ്ഥാപനം സുറിയാനിക്കാർക്ക് കൊടുക്കണമെന്നാണ് തന്റെ അഭിപ്രായമെന്നും മോൺ. അയൂത്തി വ്യക്തമാക്കി.[14]

1890 മാർച്ച് 24ന് പ്രൊപ്പഗാന്തതിരുസംഘത്തിലെ കർദ്ദിനാളന്മാരുടെ സമ്മേളനത്തിൽ കൂനമ്മാവുമഠത്തിന്റെ അധികാരം ആർക്കായിരിക്കണമെന്ന് ചർച്ച ചെയ്തു. കന്യകാമഠവും അതിനോടനുബന്ധിച്ചുള്ള സ്ഥാപനങ്ങളും തൃശൂർ വികാരി അപ്പസ്തോലിക്കായുടെ അധികാരത്തിൻകീഴിലായിരിക്കണമെന്ന് പ്രസ്തുത സമ്മേളനം തീരുമാനിച്ചു. ഇരു റീത്തിൽനിന്നുമുള്ള യോഗാർത്ഥികളെ സ്വീകരിക്കുന്നതിലോ, പ്രാർത്ഥനയുടെ ഭാഷ, വായനകൾ, കാനൻ ജപം, നിയമസംഹിത എന്നിവയിലോ, മഠം, സ്ക്കൂൾ, അനാഥശാല എന്നീ സ്ഥാപനങ്ങളുടെ ഭരണസംവിധാനത്തിലോ നവരീതികളൊന്നും വരുത്തേണ്ടതില്ലെന്നും തീരുമാനിക്കപ്പെട്ടു. 1890 ഏപ്രിൽ 18ന് തിരുസംഘം ഈ നിശ്ചയം മോൺ. ലെയോനാർദു മെല്ലാനോ, മോൺ. മെഡ്ലിക്കോട്ട് എന്നിവരെ അറിയിച്ചു. തിരുസംഘതീരുമാനം താഴെ കൊടുക്കുന്നു:

*റോമ്മ*
*1890 ഏപ്രിൽ 18*

*വന്ദ്യ തിരുമേനി,*

*ഞാൻ അറിഞ്ഞകാര്യം അവിടുത്തെ അറിയിച്ചുകൊള്ളട്ടെ. കൂനമ്മാവു മഠത്തിലെ മൂന്നാംസഭ സഹോദരികളുടെ വക മഠത്തിന്മേലുള്ള അധികാരം ആർക്കാണെന്നു തീർച്ചയാക്കുവാൻ മാർച്ച് 24-ന് എന്റെ സഹപ്രവർത്തകരുടെ പൊതുസമ്മേളനം വിളിച്ചുകൂട്ടിയതിൽ പ്രസ്തുതമഠത്തിന്മേലും അതിനോടനുബന്ധിച്ചുള്ള സ്ക്കൂളുകളിന്മേലും അനാഥശാലയിന്മേലുള്ള അധികാരം തൃശ്ശിവപേരൂർ വികാരി അപ്പസ്തോലിക്കായ്ക്കാണെന്ന് അവർ തീരുമാനിച്ചിരിക്കുന്നു. അതുമാത്രമല്ല, ഇരുറീത്തുകളിൽനിന്നുള്ള അർത്ഥിനികളെ സ്വീകരിക്കുന്നതിലോ, ഒപ്പീസ്, പ്രാർത്ഥന, വായന മുതലായവ നടത്തുന്ന ഭാഷയിലോ, ഈ സഭയുടേയും അതിനോടനുബന്ധിച്ചുള്ള സ്ക്കൂളുകളുടേയും, അനാഥശാലയുടെയും ഘടനകളിലോ യാതൊരു ഭേദഗതിയും വരുത്തിക്കൂടെന്നും അവർ തീർച്ചയാക്കിയിട്ടുണ്ട്. ആ മഠത്തിലെ സഹോദരികളിൽ ആരെങ്കിലും തൃശ്ശിവപേരൂർ വികാരി അപ്പസ്തോലിക്കായുടെ അനുമതിയോടുകൂടി അന്യവികാരിയാത്തുകളിലോ, രൂപതകളിലോ പോയി പുതിയ ഭവനങ്ങൾ നടത്തുന്നതിനുവേണ്ടി ഈ മഠം വിട്ടുപോകുന്നതാകയാൽ അതിനായി പ്രത്യേക നടപടികൾ നിശ്ചയിക്കുന്നതാണ്. ഈ മാസം 14-ന് പരിശുദ്ധ പിതാവ് തിരുസംഘത്തിന്റെ നിശ്ചയങ്ങളെ അംഗീകരിച്ച് സ്ഥിരപ്പെടുത്തുകയും ഇരിക്കുന്നു.*





*കീഴ്ക്കടെ എന്നപോലെ അവിടുന്ന് തിരുസംഘത്തിന്റെ പ്രസ്തുത കല്പനകളെ നിർവിഘ്നം അനുസരിച്ചു നടന്നുകൊള്ളാമെന്നുള്ള കാര്യത്തിൽ സംശയം എനിക്ക് അശേഷം ഇല്ല. അങ്ങേയ്ക്ക് സർവ്വേശ്വരൻ ദീർഘായുസ്സും സർവ്വമംഗളങ്ങളും നൽകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.*[15]

*എന്ന് വിധേയൻ*

*കർദ്ദിനാൾ ജിയോവാനി, സിമെയോനി പ്രീഫെക്ട്*
*ദാമിയാത്ത മെത്രോപ്പോലീത്താ*
*ഇഗ്നാസിയോ സെക്രട്ടറി*

ഈ സുപ്രധാന തീരുമാനം മോൺ. അഡോൾഫസ് മെഡ്ലിക്കോട്ട് കന്യാസ്ത്രീകളെ അറിയിച്ചുകൊണ്ട് ഇപ്രകാരം എഴുതി:

*നമ്പ്ര 1090*

*നാം തൃശൂർ വി. അപ്പ. അഡോൾഫസ് മെഡ്ലിക്കോട്ട്, ത്രിക്കോമ്യായായുടെ മെത്രാൻ, കൂനമ്മാവു കന്യാസ്ത്രീമഠത്തിലെ നമ്മുടെ പ്രിയമകൾ ശ്രേഷ്ഠത്തിക്ക് ആശീർവാദം.*

*നിങ്ങൾ വളരെ ആഗ്രഹത്തോടുകൂടി പാർത്തിരുന്ന നിങ്ങളുടെ ഈ ആശ്രമത്തെപ്പറ്റിയുള്ള പരി. സിംഹാസനത്തിന്റെ തീരുമാനത്തിനടുത്ത കല്പന നാം കൈപ്പറ്റിയിരിക്കുന്നു.*

*ഈ സംഗതി തീരുമാനിക്കപ്പെട്ടു. പ്രോപ്പഗാന്തതിരുസംഘത്തിലെ ഉന്നതകർദ്ദിനാളന്മാരുടെ സഭയിൽ ചെയ്ത വിധിയാൽ കൂനമ്മാവിലുള്ള മൂന്നാം സഭ കന്യാസ്ത്രീകളുടെ ആശ്രമവും അതിനോട് ചേർന്നിരിക്കുന്ന സ്ക്കൂളുകളും അനാഥശാലയും തൃശൂർ വികാരി അപ്പസ്തോലിക്കായുടെ ജ്ഞാനാധികാരത്തിൽ ഉൾപ്പെട്ടതായി തീരുമാനിക്കപ്പെട്ടിരിക്കുന്നു.*

*ശുദ്ധചൊല്ലുവിളിയുടെ തികവാലെ നിങ്ങളോടു ഞാൻ പ്രമാണിക്കുന്നതെന്തെന്നാൽ, ആശ്രമത്തിന്റെയും സ്ക്കൂളുകളുടെയും അനാഥശാലയുടെയും നടത്തിപ്പിലും ഭരിപ്പിലും റെഗുളകളിലും യാതൊരുവക പകർച്ചയും ചെയ്തുകൂടാ. പിന്നെയോ സകലവും കീഴിൽ നടന്നിരുന്ന പ്രകാരംതന്നെ നടത്തുകയും വേണം. വിശേഷിച്ച് ആ സഭയിൽ ഉൾപ്പെട്ട കന്യാസ്ത്രീകൾ സഭയിൽ ചേരുവാൻ അപേക്ഷിച്ചിരിക്കുന്നവർ, സ്ക്കൂളിലെ കുട്ടികൾ മുതലായ സകലരോടും റീത്തിന്റെ വേർതിരിവു കൂടാതെ ഏകപക്ഷത്തോടും ദയയോടും കൂടെ ഒരു റീത്തുകാരുടെ നേരെ മറ്റു റീത്തുകാരേക്കാൾ അധികം*

*താല്പര്യം കാണിക്കാതെയും ഒരുപോലെ സകലരോടും പെരുമാറിക്കൊള്ളണമെന്നു നാം ആഗ്രഹിക്കുകയും പ്രമാണിക്കുകയും ചെയ്യുന്നു.*

*പിന്നെയും നിങ്ങളുടെ ആശ്രമത്തിൽ ഏതാനും നാളായി ഒരു കലക്കത്തിനു ഹേതുവെന്നപോലെ നിന്നിരുന്ന സംഗതിക്ക് പൂർണ്ണമായ തീരുമാനം വരുത്തിതന്നരുളിയതിനെക്കുറിച്ച് സർവ്വശക്തനായ ദൈവത്തിന് സ്തോത്രം ചെയ്ത് ശുദ്ധകുർബ്ബാനയുടെ വാഴ്‌വ് സഹിതം മൂന്നുദിവസത്തെ വണക്കം സഭക്കാരെല്ലാവരും കൂടി കഴിക്കുകയും വേണം.*

*ഈ ജ്ഞാനാധികാരത്തിന്റെ ഈ പകർച്ച മുഖാന്തിരം യാതൊരു പകർച്ചയും എടക്കേടും വരാതിരിപ്പാനായി നിങ്ങളുടെ സഭയിലെ കുമ്പസരക്കാരായിരുന്നുന്നാലും അതതുസമയം പ്രത്യേകിച്ചുള്ളവരായിരുന്നാലും അവർക്ക് സിദ്ധിച്ചിരിക്കുന്ന അനുവാദങ്ങളെ നാം അംഗീകരിക്കുകയും ഉറപ്പിക്കയും ചെയ്യുന്നു.*

*ഇത് തൃശൂരിൽ നിന്നും, ത്രിക്കോമിയായുടെ മെത്രാനും,*
*തൃശൂർ വികാരി അപ്പസ്തോലിക്കയുമായ*
*1890 ഇടവം 21* *അഡോൾഫസ് മെഡ്‌ലിക്കോട്ട് മെത്രാൻ*

ഇത്തരമൊരു വിധിക്ക് സഹായകരമായ സാഹചര്യമെന്തായിരുന്നുവെന്ന് കൂനമ്മാവ് *നാളാഗമ*ത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

*ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഈ മഠം പണിവകയ്ക്ക് നമ്മുടെ സുറിയാനി പള്ളികളിൽനിന്നും ജനങ്ങളിൽ നിന്നും 8,000 രൂപ പിരിച്ചെടുത്താണ് ഈ മഠം പണികഴിച്ചിട്ടുള്ളതെന്ന് ലെയോപ്പോൾദ് മൂപ്പച്ചന്റെ ഒരു ബലവത്തായ സാക്ഷിരേഖാമൂലം ഉണ്ടായിരുന്നതിനാൽ ആണ് സുറിയാനിക്കാർക്ക് ഈ മഠം വിധിച്ചുകിട്ടുന്നതിനിടയാക്കിയത് എന്ന് നിത്യം ഈ മഠക്കാർ സ്മരിക്കേണ്ടതാണ്.*[16]

കൂനമ്മാവ് കന്യകാമഠം തൃശൂർ വികാരിയാത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് റോമിലെ തിരുസംഘം അയച്ച കൽപ്പനയിൽ സഹോദരികൾ റീത്തുഭേദം കൂടാതെ ഏകമനസ്സായി വസിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ലത്തീൻ റീത്തിൽപ്പെട്ട കന്യാസ്ത്രീകളെ കൂനമ്മാവിൽ നിന്നും മാറ്റി വരാപ്പുഴയിലേയ്ക്ക് കൊണ്ടുപോകുന്നതിന് ലെയോനാർദു മെത്രോപ്പോലീത്ത റോമിൽ അപേക്ഷകൾ സമർപ്പിച്ചു. വരാപ്പുഴയിലെ മഠംപണി ദ്രുതഗതിയിൽ പൂർത്തീകരിക്കാൻ വേണ്ട നടപടികളും അദ്ദേഹം കൈക്കൊണ്ടു. തന്മൂലം റീത്തടിസ്ഥാനത്തിലുള്ള വേർതിരിവ് അനിവാര്യമായിത്തീർന്നു. അതിനു വേണ്ടി 1890 സെപ്റ്റംബർ 15ന് മോൺ. ലെയോനാർദ് മെല്ലാനോയും മോൺ. മെഡ്‌ലിക്കോട്ടും മഞ്ഞുമ്മേൽ സമ്മേളിച്ച് ചില വിഭജന വ്യവസ്ഥകൾ തയ്യാറാക്കി മോൺ. അന്ത്രയോസ് അയൂത്തിക്ക് സമർപ്പിച്ചു. മഞ്ഞുമ്മേൽ ഉടമ്പടി താഴെ പറയുംവിധമായിരുന്നു.





*കിഴക്കേ ഇന്ത്യയുടെ അപ്പസ്തോലിക് ഡെലിഗേഷൻ*
*നമ്പ്ര. 2136.*

*ഡെലിഗേറ്റപ്പസ്തോലിക്കാ മോൺ. അയൂത്തി തിരുമനസ്സിലെ ഉപദേശാനുസരണം കൂനമ്മാവിലെ മൂന്നാം സഹോദരികളുടെ മഠത്തിൽനിന്നു ലത്തീൻറീത്തിൽപ്പെട്ട സഹോദരികളുടെ സ്ഥലംമാറ്റം സംബന്ധിച്ചു താഴെ പറയുന്നു കാര്യങ്ങളിൽ ഞങ്ങൾ യോജിക്കുന്നു.*

1. *ഈ മഠം വിട്ടുപോരുന്ന ലത്തീൻസഹോദരികൾ തങ്ങൾ ഉപയോഗിച്ചുവരുന്ന സഭാവസ്ത്രങ്ങളും, തനതുപയോഗത്തിനായി തങ്ങളുടെ മുറികളിൽ വെച്ചിരിക്കുന്ന കട്ടിലുകളും മറ്റു സാധനങ്ങളും കൂടെ കൊണ്ടുപോകുന്നതിനു തൃശൂർ വികാരി അപ്പസ്തോലിക്കാ സർവ്വാത്മാ സമ്മതിക്കുന്നു.*
2. *ആ മഠത്തിലെ സഹോദരികൾ ആരെങ്കിലും തൃശ്ശിവപേരൂർ വികാരി അപ്പസ്തോലിക്കായുടെ അനുമതിയോടുകൂടി അന്യവികാരിയാത്തുകളിലോ, രൂപതകളിലോ പോയി പുതിയ ഭവനങ്ങൾ നടത്തുന്നതിനുവേണ്ടി ഈ മഠം വിട്ടുപോകുന്നതാകയാൽ പ്രത്യേകം നടപടികൾ നിശ്ചയിക്കുന്നതാണ് എന്ന് 1890 മാർച്ച് 24-ന് തിരുസിംഹാസനത്തിൽനിന്നുണ്ടായിരിക്കുന്ന കല്പന സ്ത്രീധനത്തെ സംബന്ധിച്ചിടത്തോളം തന്റെ അധികാരത്തെ പരിമിതമാക്കുന്നു എന്ന് വികാരി അപ്പസ്തോലിക്കാ വ്യാഖ്യാനിക്കുന്നു. എന്നിരുന്നാലും ആ കാര്യത്തെ സംബന്ധിച്ച് തിരുസിംഹാസനത്തിൽനിന്ന് എന്തു കല്പനയുണ്ടായാലും അതു സ്വീകരിക്കാൻ സന്നദ്ധനാണെന്ന് അദ്ദേഹം പറയുന്നു.*

   *കൂനമ്മാവുമഠത്തിലെ ലത്തീൻസഹോദരികളുടെ ആവൃതജീവിതത്തിന്* (clausura) *യാതൊരുവിധത്തിലും ഭംഗം വരാത്തനിലയിൽ ആ മഠത്തിൽനിന്നും താമസംകൂടാതെ വിട്ടുപിരിഞ്ഞുപോരുന്നതിന് വരാപ്പുഴ മെത്രാപ്പോലീത്തായും മേൽപ്പറഞ്ഞ വികാരി അപ്പസ്തോലിക്കായും സമ്മതിച്ചു താഴെ ഒപ്പിട്ടിരിക്കുന്നു.*[17]

*വരാപ്പുഴ മെത്രാപ്പോലീത്താ*
*✠ ലെയോനാർദദ് മെല്ലാനോ*
*മഞ്ഞുമ്മേൽ* *തൃശൂർ വികാരി അപ്പസ്തോലിക്ക*
*1890, സെപ്റ്റം. 15* *✠ എ. മെഡ്‌ലിക്കോട്ട്*

ഈ ഉടമ്പടി സ്വീകരിച്ച മോൺ. അന്ത്രയോസ് അയൂത്തി കാര്യങ്ങളുടെ നിജസ്ഥിതി വേണ്ടവണ്ണം പഠിച്ചറിഞ്ഞതിന്റെ ശേഷം കൂനമ്മാവുമഠത്തിൽനിന്നും വിട്ടുപോകുന്ന ലത്തീൻ സഹോദരികൾ വരാപ്പുഴ മഠത്തിലേയ്ക്ക് സ്വയമേവ മാറിപ്പോകുന്നത് അനുവദിച്ചുകൊണ്ട് 1890 സെപ്റ്റംബർ 20-ന് താഴെപ്പറയുന്ന കല്പന പുറപ്പെടുവിച്ചു.

ഊട്ടക്കമ്മണ്ട്
അപ്പസ്തോലിക്ക ഡെലഗേഷൻ

*വരാപ്പുഴ മെത്രാപ്പോലീത്ത മോൺ. ലെയോനാർദോ മെല്ലാനോയും, ത്രിക്കോമിയ എന്ന ദിക്കിന്റെ മെത്രാനും തൃശ്ശിവപേരൂർ വികാരി അപ്പസ്തോലിക്കയുമായ മോൺ. അഡോൾഫസ് എഡ്വിൻ മെഡ്ലിക്കോട്ടും തമ്മിൽ നടത്തിയിരിക്കുന്ന ഈ ഉടമ്പടി അപ്പസ്തോലികമായി നമുക്കു സിദ്ധിച്ചിരിക്കുന്ന അധികാരത്തിനാൽ നാം സ്വീകരിക്കുകയും അനുവദിച്ച് ഉറപ്പിക്കുകയും ചെയ്യുന്നു. അതുമാത്രമല്ല, കാര്യങ്ങളുടെ പലവശങ്ങളും നല്ലവണ്ണം ആലോചിച്ചതിന്റെ ശേഷം ആ കന്യകാമഠത്തിൽ നിന്ന് വിട്ടുപോകുന്ന ലത്തീൻ സഹോദരികൾ വരാപ്പുഴ മഠത്തിലേയ്ക്ക് സ്വയമേ മാറിപ്പോകുന്നതിന് നാം അനുവദിക്കുകയും ഒഴിച്ചുകൂടാത്തതായി താഴെ വിവരിക്കുന്ന നിശ്ചയത്തിന്മേൽ അവർ ഓരോരുത്തർക്കുമുള്ള സ്ത്രീധനം കൊണ്ടുപോകുന്നതിനും നാം അനുവദിക്കുകയും ചെയ്യുന്നു. നിശ്ചയമെന്തെന്നാൽ ഓരോ സഹോദരിമാരും ഈ രണ്ടു പ്രഖ്യാതരായ വൈദികാദ്ധ്യക്ഷന്മാരും സ്ത്രീധനം എന്നെ പദത്തിന് സാക്ഷാലും ശരിയായും നൽകിയിരിക്കുന്ന അർത്ഥത്തിൽപ്പെട്ട സാധനങ്ങൾ മാത്രമേ സ്ത്രീധനത്തിൽപ്പെടുകയുള്ളു.*

*ഇതിനെതിരായി കീഴ്ക്കടെ നിർദ്ധാരണം ചെയ്തിട്ടുള്ളവയെല്ലാം ഇതിനാൽ റദ്ദുചെയ്യുന്നു.*[18]

*എന്ന്*

*ഊട്ടക്കമണ്ടിൽ അപ്പസ്തോലിക്ക ഡെലിഗേഷൻ അരമനയിൽനിന്നും നൽകിയത്.*

*ആർക്കിദെമേൻസിസ് എന്ന ദിക്കിന്റെ മെത്രാപ്പോലീത്തായും*
*കിഴക്കേ ഇന്ത്യയുടെ ദെലഗാദ് അപ്പസ്തോലിക്കയുമായ*
*അന്ത്രേയോസ് അയൂത്തി.*

1890 സെപ്റ്റം. 20-ാം നു

ഇരുമെത്രന്മാരും സമ്മതിപ്പിച്ചുറപ്പിച്ച ഉടമ്പടിയുടെ വ്യവസ്ഥകളനുസരിച്ച് ലത്തീൻ സഹോദരികളെ യാത്രയയക്കുന്നതിന് സുറിയാനിക്കാരായ സഹോദരികളെ മോൺ. മെഡ്ലിക്കോട്ട് പ്രത്യേകം ചുമതലപ്പെടുത്തി. അതനുസരിച്ച് അവരെല്ലാം തയ്യാറാക്കുകയും ചെയ്തു. 1890 സെപ്റ്റംബർ 17-ന് ലത്തീൻ സഹോദരികൾ യാത്ര പുറപ്പെട്ടതിനെക്കുറിച്ച് *നാളാഗമ*ത്തിൽ ഇപ്രകാരം പറയുന്നു:

*സഹോദരികളായ വൈപ്പിശ്ശേരി ഏലീശ്വാ, ടി. ത്രേസ്യാമ, പൂപ്പന സ. അനസ്താസ്യ, പുതുകന്യാസ്ത്രീകളായ പത്ത്യാല ആഞ്ചല, പഴമ്പിള്ളി സ. ബിയാട്രീസ്, തുണസഹോദരിയായ ഏലീശ്വാ, ബോർഡിംഗ് കുട്ടിയായ വൈപ്പിശ്ശേരി മറിയം ഇങ്ങനെ എഴുപേരെ ടി. ഏലീശ്വാ അമ്മയുടെ സഹോദരനായ ബ. ലൂയീസ് അച്ചനും മറ്റൊരു പാതിരി അച്ചനും കൂടി ഇവിടെ വന്നുകൊണ്ടുപോയി.*[19]





വരാപ്പുഴ മഠംപണി കഴിയാത്തതിനാൽ എറണാകുളത്ത് സെന്റ് തെരേസാസ് കോൺവെന്റിലേയ്ക്കാണ് അവരെ കൊണ്ടുപോയത്. രണ്ടുമാസം അവിടെ താമസിച്ചശേഷം വരാപ്പുഴയിൽ മഠംപണി പൂർത്തിയായതോടെ നവംബർ 10-ാം തീയതി അവർ അവിടേയേക്ക് താമസം മാറ്റി. കൂനമ്മാവിലെ ആദ്യാംഗങ്ങളിലൊരാളായ സി. ത്രേസ്യാ വൈപ്പിശ്ശേരിയെ സുപ്പീരിയറായും ബഹു. പീലിപ്പോസ് മിഷനറിയെ കപ്ലോനായും നിയമിച്ചു. അന്നുമുതൽ വരാപ്പുഴയിലെ സമൂഹം സി.റ്റി.സി. (Congregation of Teresian Carmelities) എന്ന് അറിയപ്പെട്ടു തുടങ്ങി.

## ആദ്യശാഖാഭവനം

ചാവറയച്ചന്റെ മരണപത്രികയിൽ കൂനമ്മാവുമഠത്തിന്റെ ശാഖാഭവനങ്ങൾ മാന്നാനത്തും മുത്തോലിയിലും സ്ഥാപിക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. *...വിശ്വാസികളുടെ ആത്മനടപ്പിന് എത്രയും നല്ലതും ആവശ്യവും മുത്തോലിയെന്ന സ്ഥലത്തും മാന്നാനത്തും രണ്ടു മഠങ്ങളും എദുക്കന്താത്തുകളും ഇതും ആവശ്യംതന്നെ...*[20] ഈ നിർദ്ദേശം പ്രാവർത്തികമാക്കാൻ 1881-ൽ ചാവറയച്ചന്റെ പിൻഗാമിയായിരുന്ന പോരൂക്കര ഏലീശ്വാച്ചനും കട്ടക്കയത്തിൽ ചാണ്ടിയച്ചനും മുൻകൈ എടുത്ത് മുത്തോലി കൊവേന്തയോട് ചേർന്നു കിടന്ന സ്ഥലം വാങ്ങി അതിൽ മഠംപണി ആരംഭിച്ചു. കൊവേന്തപണിക്കായി സ്വരൂപിച്ചിരുന്ന പണവും സാധനങ്ങളും മഠംപണിക്ക് ഉപയോഗിച്ചു. 1885 ഒക്ടോബർ അവസാനത്തോടെ മഠം പണി പൂർത്തിയാക്കി. തുടർന്ന് കൂനമ്മാവിൽ നിന്ന് സന്യാസിനിമാരെ കൊണ്ടുവന്ന് മഠം ആരംഭിക്കുന്നതിന് വരാപ്പുഴ വികാരി അപ്പസ്തോലിക്ക മോൺ. ലെയോനാർദ് മെല്ലോനോയുടെ സമക്ഷം അപേക്ഷ സമർപ്പിച്ചുവെങ്കിലും സുറിയാനിക്കാർക്കു നാട്ടുമെത്രാന്മാരെ ലഭിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ കൊവേന്തക്കാർ സജീവപങ്കാളിത്തം വഹിച്ചിരുന്നു എന്നതിന്റെ പേരിൽ അപേക്ഷ നിരസിക്കപ്പെടുകയാണുണ്ടായത്.[21] അതിനാൽ മഠം സ്ഥാപിതമാകുന്നതു കാത്തുകഴിഞ്ഞിരുന്ന യുവതികളെ പരിശീലത്തിനായി കൂനമ്മാവിലേയ്ക്കുതന്നെയയച്ചു. 1887-ൽ കോട്ടയം വികാരിയാത്ത് സ്ഥാപിതമായപ്പോൾ വികാരി അപ്പസ്തോലിക്കായായി നിയമിതനായ മോൺ. ചാൾസ് ലെവീഞ്ഞ് മെത്രാന്റെ പക്കൽ വീണ്ടും അപേക്ഷ സമർപ്പിച്ചു. അദ്ദേഹം മഠസ്ഥാപനകാര്യത്തിൽ പ്രത്യേകം താല്പര്യമെടുത്തു. മഠം സ്ഥാപിക്കുന്നതിനായി കൂനമ്മാവിൽ നിന്നും ആദ്യാംഗങ്ങളിലൊരാളും കോട്ടയം വികാരിയാത്തിലെ അംഗങ്ങളിൽപ്പെട്ടവരിൽ ഏറ്റവും മുതിർന്ന ആളുമായ സഹോദരി പുത്തനങ്ങാടി ക്ലാരയും മറ്റൊരു സഹോദരിയും കൂടി മുത്തോലിയിലെത്താൻ

അഭി. മെത്രാപ്പോലീത്താ കല്പന പുറപ്പെടുവിച്ചു. 62 വയസ്സുണ്ടായിരുന്ന ക്ലാരയ്ക്ക് പ്രായത്തിന്റെ ക്ഷീണവും അവശതകളും ഉണ്ടായിരുന്നതിനാൽ മറ്റൊരു സഹോദരിയെക്കൂടി കൊണ്ടുപോകുന്നതിന് അനുമതി വാങ്ങി. അതനുസരിച്ച് ക്ലാര, ത്രേസ്യ, കത്രീന എന്നിവർ കൂനമ്മാവു കൊവേന്തയിലെ സന്യാസപട്ടക്കാരനായിരുന്ന പാറപ്പുറത്ത് വർക്കിയച്ചനോടൊപ്പം 1888 ജൂലൈ 25-ന് മുത്തോലിക്ക് പുറപ്പെട്ടു. 27-ന് അവർ മുത്തോലിയിലെത്തുകയും 1888 ഓഗസ്റ്റ് 31ന് മുത്തോലി മഠത്തിൽ ആശ്രമജീവിതം ആരംഭിക്കുകയും ക്ലാര സഹോദരി പ്രഥമശ്രേഷ്ഠയായി നിയമിതയാവുകയും ചെയ്തു. മഠപ്രവേശനത്തിന് ഒരുങ്ങിക്കാത്തിരുന്ന പുഞ്ചക്കുന്നേൽ ത്രേസ്യ, അനുജത്തി മറിയം, നാഗന്നൂലിൽ മറിയം, കട്ടക്കയത്ത് വയലിൽ അന്ന, മുണ്ടാട്ടുചുണ്ടയിൽ ബ്രിജീത്ത എന്നീ അഞ്ച് കന്യകകൾ മുത്തോലിമഠത്തിൽ നവസന്യാസം ആരംഭിച്ചു. കോട്ടയം വികാരിയാത്തുകാരായി കൂനമ്മാവിൽ ശേഷിച്ചിരുന്ന പതിനൊന്നു സഹോദരിമാർ 1891 ജൂലൈ 30ന് മുത്തോലിമഠത്തിലെത്തി.

1892ൽ വൈക്കത്തും 1893ൽ ചങ്ങനാശ്ശേരിയിലും 1895ൽ ആരക്കുഴയിലും ഇതിന്റെ തുടർച്ചയായി മഠങ്ങളും പെൺകുട്ടികൾക്ക് പഠിക്കാൻ വിദ്യാലയങ്ങളും താമസത്തിനു ബോർഡിംഗുകളും സ്ഥാപിക്കപ്പെട്ടു. വൈദികരും ഇടവകജനങ്ങളും ചേർന്നാണ് ഇവയ്ക്കെല്ലാം വേണ്ട പണം കണ്ടെത്തിയിരുന്നത്.

സുറിയാനിക്കാർക്കായി തൃശൂർ, കോട്ടയം വികാരിയാത്തുകൾ അനുവദിച്ചുകിട്ടിയെങ്കിലും തൃപ്തരാകാതെ പൂർണ്ണസ്വയം ഭരണത്തിനായി മാർതോമ്മാക്രിസ്ത്യാനികൾ നിവേദനങ്ങൾ തിരുസിംഹാസനത്തിലേയ്ക്ക് അയച്ചുകൊണ്ടിരുന്നു. ചങ്ങനാശ്ശേരി, തൃശൂർ എന്നീ മെത്രാസനമന്ദിരങ്ങൾ സുറിയാനിക്കാരുടെ അധിവാസ കേന്ദ്രങ്ങളുടെ അതിർത്തിയിലായിരുന്നതിനാൽ മദ്ധ്യഭാഗത്തുള്ള സുറിയാനിക്കാർ നാട്ടുമെത്രാന്മാർക്കുവേണ്ടിയുള്ള അപേക്ഷകളോടൊപ്പം തങ്ങൾക്കായി മൂന്നാമതൊരു വികാരിയാത്തുകൂടി ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളും റോമാസിംഹാസനത്തിലേയ്ക്ക് അയച്ചുതുടങ്ങി. തുടരെയുള്ള അപേക്ഷകളുടെയും പ്രക്ഷോഭണങ്ങളുടെയും അവസാനം 1896 ജൂലൈ 28ന് ലെയോ 13-ാമൻ പാപ്പാ *ക്വോദായിസാ ക്രേ* എന്ന തിരുവെഴുത്തുവഴി തൃശൂർ, കോട്ടയം വികാരിയാത്തുകൾ പുനസംഘടിപ്പിച്ച് തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നീ വികാരിയാത്തുകൾ സുറിയാനിക്കാർക്കായി സ്ഥാപിച്ചു. മാർ ജോൺ മേനാച്ചേരി, മാർ ളൂയീസ് പഴേപറമ്പിൽ, മാർ മാത്യു മാക്കീൽ എന്നിവർ യഥാക്രമം ഈ രൂപതകളിലെ മെത്രാന്മാരായി നിയമിക്കപ്പെട്ടു.

വികാരിയാത്തുകളുടെ പുനർനിർണ്ണയത്തോടെ കേരളസുറിയാനി കർമ്മലസന്യാസിനീ സമൂഹവും മൂന്നായി വിഭജിക്കപ്പെട്ടു. അതത് രൂപതാദ്ധ്യക്ഷന്മാരുടെ നിയന്ത്രണത്തിൽ വ്യത്യസ്ഥഘടകങ്ങളായിട്ടായിരുന്നു ഈ സമൂഹങ്ങളുടെ വളർച്ച. രൂപതാദ്ധ്യക്ഷന്മാർ നൽകിയ വ്യത്യസ്ത ന്യായ





പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തിയ ഭരണസംവിധാനം, സന്യാസപരിശീലനം, പ്രേഷിതാഭിമുഖ്യങ്ങൾ എന്നിവയാണ് അവയ്ക്കുണ്ടായിരുന്നത്. വ്യത്യസ്തഘടകങ്ങളായി വളർന്നെങ്കിലും കർമ്മലീത്താ നിയമങ്ങളും പാരമ്പര്യങ്ങളും കാത്തുസൂക്ഷിക്കുന്നതിനായി ഓരോ ഘടകവും ശ്രദ്ധിച്ചു. 1950ൽ കർമ്മലീത്താ ചങ്ങനാശ്ശേരി ഘടകം വിഭജിച്ച് പാലാരൂപതാഘടകം രൂപംകൊണ്ടു. 1956ൽ തലശ്ശേരി റീജനും 1961ൽ കോതമംഗലം രൂപതാഘടകവും രൂപമെടുത്തു.

*ശുദ്ധത്രേസ്യാപുണ്യവാളത്തിയുടെ മൂന്നാംസഭ* എന്ന് സ്ഥാപകപിതാക്കന്മാരാൽ നാമകരണം ചെയ്യപ്പെട്ട ഈ സന്യാസിനീ സമൂഹം 1917ൽ *ത്രേസ്യാപുണ്യവാളത്തിയുടെ കർമ്മലീത്താ മൂന്നാംസഭ* എന്നും 1939 മുതൽ സഭാസംയോജനംവരെ *കർമ്മലീത്താനിഷ്പാദുക മൂന്നാംസഭ* (T.O.C.D.) എന്നും അറിയപ്പെട്ടുപോന്നു.[22] കർമ്മലീത്താചൈതന്യത്തിലധിഷ്ഠിതമായ ആശ്രമജീവിതശൈലിയും പ്രണിധാനപ്രാർത്ഥനയ്ക്കിണങ്ങിയ സംവിധാനങ്ങളുമാണ് എല്ലാ സമൂഹങ്ങളിലും നിലനിന്നിരുന്നത്. പ്രാർത്ഥനാപ്രേഷിതത്വത്തിനുള്ള പ്രത്യേകവിളിയെപ്പറ്റി എല്ലാ സമൂഹങ്ങൾക്കും അവബോധമുണ്ടായിരുന്നു. കർമ്മലീത്താ ഒന്നാംസഭയുടെ ആദ്ധ്യാത്മികാനുകൂല്യങ്ങളിൽ ഭാഗഭാഗിത്വം ലഭിക്കുന്നതിന് എല്ലാ വിഭാഗങ്ങളും ശ്രദ്ധിച്ചു. കർമ്മലീത്താ സഭയുമായി കൂടുതൽ താദാത്മ്യം പ്രാപിക്കുന്നതിന്റെ ഭാഗമായി രോമഉടുപ്പുധരിക്കാൻ ഔത്സ്യുക്യം പ്രകടിപ്പിക്കുകയും കർമ്മലീത്താ വിശുദ്ധരുടെ ധ്യാനരീതി സ്വന്തമാക്കാൻ പരിശ്രമിക്കുകയും ചെയ്തു. *ചട്ടങ്ങൾ* എന്ന പേരിൽ കൂനമ്മാവു മഠത്തിൽ നിലനിന്നിരുന്ന ക്രമാചരണങ്ങൾ എല്ലാ രൂപതാവിഭാഗങ്ങളിലും കൃത്യമായി നിഷ്ഠയോടെ അനുവർത്തിച്ചിരുന്നു. പ്രേഷിതാഭിമുഖ്യത്തിലും ഇവർ ഒരേ തനിമ പുലർത്തി. മഠങ്ങളോടു ചേർന്നുള്ള ബോർഡിംഗ്, വിദ്യാലയങ്ങൾ, അനാഥാലയങ്ങൾ, കരകൗശലശാലകൾ എന്നിവയിലൂടെ പെൺകുട്ടികൾക്കു ക്രിസ്തീയരൂപീകരണം നൽകുന്നതിലും വേദകാര്യങ്ങൾ പഠിപ്പിക്കുന്നതിലും മഠാംഗങ്ങൾ ജാഗ്രതയുള്ളവരായിരുന്നു. വളരെ ചെറുപ്പത്തിൽത്തന്നെ ദൈവവുമായുള്ള വ്യക്തിബന്ധത്തിൽ വളർന്ന കുട്ടികളിൽ നിന്നു ധാരാളം ദൈവവിളികളുണ്ടാവുകയും ചെയ്തു.

*ഒരേതരത്തിലുള്ള നിയമങ്ങളു,ം പാരമ്പര്യങ്ങളും, ചൈതന്യവുമുള്ള സമൂഹങ്ങൾ ഒരു സംയോജനത്തിലെത്തണമെന്ന* രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യത്തിൽ 1962-ാമാണ്ടിൽ എറണാകുളം മദർ ജനറാളായിരുന്ന മദർ ആഗസിന്റെയും, ഫാ. പ്ലാസിഡ് പൊടിപാറ സി.എം.ഐ. യുടെയും നേതൃത്വത്തിൽ സംയോജനത്തിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചു. 1963 മെയ് 21ന് കർമ്മലീത്താസഭയുടെ വിവിധരൂപതാ സമൂഹങ്ങളെ സംയോജിപ്പിക്കുന്നതിനുള്ള ദൗത്യം കപ്പൂച്ചിൻ സഭാംഗമായ ഫാ.

ഹിപ്പോളിറ്റസ് കുന്നുങ്കലിനെ പൗരസ്ത്യതിരുസംഘം ഭരമേൽപ്പിച്ചു.[23] അദ്ദേഹം ഏകീകരണത്തിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു. അതിനായി 1964 ഏപ്രിൽ മാസത്തിൽ *കർമ്മലാരാമം* എന്ന പേരിൽ ഒരു ത്രൈമാസിക ആരംഭിക്കുകയും ചെയ്തു.

സംയോജന പരിപാടികൾക്ക് ഒരുക്കമായി എല്ലാ ഘടകങ്ങളെയും ഒരുമിച്ചു നയിക്കാൻ പൊതുവായി ഒരു സുപ്പീരിയർ ജനറലിനെ നിയോഗിക്കേണ്ടതുണ്ടായിരുന്നു. എറണാകുളം, കോതമംഗലം, മദർ ജനറൽ മദർ മേരി സെലിൻ തൽസ്ഥാനത്ത് നിയമിക്കപ്പെട്ടു. നിലവിലിരുന്ന അഞ്ചു രൂപതാഘടകങ്ങളിലെ അധികാരികൾ പ്രൊവിൻഷ്യൽസും ജനറൽ കൗൺസിലേഴ്സുമായി നിയമിക്കപ്പെട്ടു. ഇവരടങ്ങുന്ന ഭരണസമിതി *ജനറൽ കൂരിയ* എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഈ ഭരണസമിതിയുടെ അദ്ധ്യക്ഷൻ ബ. ഹിപ്പോളിറ്റസച്ചനായിരുന്നു. 1968 എപ്രിലിൽ പുതിയ ന്യായപ്രമാണമനുസരിച്ച് നടന്ന ആദ്യ ജനറൽചാപ്റ്റർവരെ ഈ സംവിധാനം തുടർന്നു.

1964 മെയ്മാസത്തിൽ മൂവാറ്റുപുഴയിൽ സമ്മേളിച്ച ജനറൽ കൂരിയായിൽവച്ച് വിമലാ പ്രോവിൻസ് എറണാകുളം, ഹോളി ക്യൂൻസ് പ്രോവിൻസ് ചങ്ങനാശ്ശേരി, നിർമ്മല പ്രോവിൻസ് തൃശൂർ, ജയമാതാ പ്രോവിൻസ് പാലാ, പാവനാത്മ പ്രോവിൻസ് കോതമംഗലം എന്നീ പ്രോവിൻസുകളും, തലശ്ശേരി സെന്റ് ജോസഫ്സ് റീജനും ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു.[24] 1965 ജനുവരി 15ന് ആലുവായ്ക്കടുത്തുള്ള തായ്ക്കാട്ടുക്കരയിൽ സഭയുടെ കേന്ദ്രഭവനം ആരംഭിച്ചു. 1967 മാർച്ച് 2ന് പുതിയ നിമയമാവലിക്ക് താൽക്കാലിക അംഗീകാരം ലഭിച്ചു. *കോൺഗ്രിഗേഷൻ ഓഫ് മദർ ഓഫ് കാർമ്മൽ* (സി.എം.സി.) എന്ന നാമവും ഇതോടൊപ്പം അംഗീകരിക്കപ്പെട്ടു. 1968 ഏപ്രിൽ മാസത്തിൽ പുതിയ പ്രമാണരേഖയനുസരിച്ചുള്ള പ്രഥമ ജനറൽ ചാപ്റ്റർ കേന്ദ്രഭവനത്തിൽവച്ചു നടക്കുകയും ഏകീകൃത കർമ്മലയുടെ ആദ്യ സുപ്പീരിയർ ജനറൽ ആയി മദർ മേരി സെലിൻ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

1986ൽ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ ഭാരതസന്ദർശനവേളയിൽ സന്യാസിനീസന്യാസി സമൂഹങ്ങളോട് അവരുടെ പ്രവർത്തനങ്ങളുടെ പ്രേഷിതമൂല്യത്തെ അനുസ്മരിപ്പിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:

*വിവേചനമില്ലാതെ സ്നേഹാരൂപിയിലും, സാഹോദര്യത്തിന്റെയും, സേവനത്തിന്റെയും അരൂപിയിലും ദൈവത്തിന്റെ മക്കളെന്ന നിലയിലും എല്ലാ മനുഷ്യരെയും ആദരിച്ചുകൊണ്ട് അപ്പസ്തോലപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ക്രിസ്തുവിന്റെതന്നെ സ്നേഹത്തെ കാണിച്ചുകൊടുക്കുകയും അവിടുത്തെ ദൗത്യത്തെ ഭൂമിയിൽ തുടർന്നുകൊണ്ടു പോവുകയുമാണ് നിങ്ങൾ ചെയ്യുന്നത്. നിങ്ങളുടേത് വെറും മനുഷ്യസേവനമല്ല, സഭാപരമായ പ്രവർത്തനവും, ശുശ്രൂഷയുമാണ്.*[25]





ഇവ്വിധമുള്ള തിരുസഭാപ്രബോധനങ്ങളും പ്രേഷിതാഹ്വാനവും ഉത്തരേന്ത്യൻ മിഷൻ രംഗങ്ങളിൽ വന്ന വ്യതിയാനങ്ങളും സി.എം.സി.ക്ക് മിഷൻ പ്രവർത്തനം വിപുലമാക്കുന്നതിന് പ്രചോദനമേകി. ജനറൽ തലത്തിൽ അതിനുള്ള നീക്കങ്ങൾ ശക്തമാവുകയും ജനറൽ ചാപ്റ്ററുകളിൽ വിവിധമാർഗ്ഗനിർദ്ദേശങ്ങൾ ഉരുത്തിരിയുകയും ചെയ്തു. 1962–ൽ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് കേരളത്തിനു പുറത്ത് ക്രിസ്തീയവേല ചെയ്യാനുള്ള അവകാശം അംഗീകരിച്ച് കിട്ടുകയും പുതിയ മിഷൻ പ്രദേശങ്ങൾ അനുവദിച്ചു കിട്ടുകയും ചെയ്തനാളുകളിൽ തന്നെ സി.എം.ഐ. സമൂഹത്തോടും മറ്റു സന്യാസമൂഹങ്ങളോടും ചേർന്ന് സി.എം.സി.യും മിഷൻ ചുവടുറപ്പിച്ചിരുന്നു. 1958ൽ സൈനികമേഖലയായ ജലന്തറിലാണ് സി.എം.സി.ആദ്യമായി മിഷൻവേലയ്ക്കായി കടന്നുചെല്ലുന്നത്. പിന്നീട് ഫെറസ്പൂർ, ഹോഷ്യാർപൂർ എന്നീ സ്ഥലങ്ങളിൽ യഥാക്രമം 1967, 1972 വർഷങ്ങളിൽ മറ്റു രണ്ടു ശാഖകൾ സ്ഥാപിതമായി. 1967ൽതന്നെ ഗുരുദാസ്പൂർ എന്ന സ്ഥലത്ത് ഒരു മഠം ആരംഭിച്ചെങ്കിലും 1969ൽ നിർത്തലാക്കേണ്ടതായി വന്നു. ജലന്തർമിഷന്റെ ചുവടുപിടിച്ച് വിവിധയിടങ്ങളിലും വിവിധരൂപതകളിലും കടന്നുചെന്ന സി.എം.സി. സമൂഹത്തിൽ ഇന്ന് സ്വദേശത്തും വിദേശത്തുമുള്ള മിഷൻ പ്രോവിൻസുകളിലും റീജനുകളിലും ഭവനങ്ങളിലുമായി ധാരാളം സഹോദരിമാർ പ്രേഷിതവേല ചെയ്യുന്നു.

## സേവനപാതയിൽ

എദുക്കന്താത്തും സ്ക്കൂളും അനാഥശാലയുമായി സേവനപാതയിലേയ്ക്കിറങ്ങിയ സി.എം.സി. സമൂഹം ഓരോ കാലഘട്ടത്തിലും ഏറ്റെടുത്ത പ്രവർത്തനമേഖലകൾ അതാതുരൂപതാ വിഭാഗത്തിലെ ന്യായപ്രമാണങ്ങൾ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചായിരുന്നു. 1917ലെ പ്രമാണരേഖയുടെ ആരംഭത്തിൽ പ്രതിപാദിക്കുന്ന അഞ്ചുകർമ്മങ്ങൾ താഴെപ്പറയുന്നവയാണ്.

*അനാഥരും, നിർദ്ധനരുമായ പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനായുള്ള സ്ക്കൂളുകൾ സ്ഥാപിക്കുക.*

*ഗവണ്മെന്റംഗീകാരത്തോടുകൂടെയും അല്ലാതെയും സൗജന്യമായും ഫീസുവാങ്ങിക്കൊണ്ടും നടത്തുന്ന മറ്റു സ്കൂളുകളും സ്ഥാപിക്കുക.*

*ബാലികകൾക്കായി എന്നാൽ മുഖ്യമായി യാതൊരു തൊഴിലുമില്ലാത്തവർക്കായി കരകൗശലശാലകൾ* (Industrial Schools) *നടത്തുക.*

*ജ്ഞാനധ്യാനങ്ങൾ, പ്രത്യേകമായി ആദ്യകുർബ്ബാനകൈക്കൊള്ളലിന് ഒരുക്കുക.*

*അനാഥശിശുക്കൾക്കായി ആശ്രയസ്ഥലങ്ങൾ സ്ഥാപിക്കുക.*[26]

പിന്നീട് 1947–ൽ മാർ ജോർജ്ജ് ആലപ്പാട്ടു നൽകിയ പ്രമാണരേഖയിൽ ബാലികമാർക്ക് വിദ്യാഭ്യാസം നൽകിക്കൊണ്ടും അനാഥരെ സംരക്ഷിച്ചു

കൊണ്ടും ആശുപത്രികളിൽ ആതുരപരിചരണം നൽകികൊണ്ടും രൂപതാദ്ധ്യക്ഷൻ നിർദ്ദേശിക്കുന്ന മറ്റുജോലികൾ നിർവഹിച്ചുകൊണ്ടും ആത്മാക്കളുടെ രക്ഷയ്ക്കായി പരിശ്രമിക്കുക[27] എന്ന ആഹ്വാനംകൂടി നൽകുന്നുണ്ട്. പ്രമാണരേഖകൾ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കുതകും വിധം വിദ്യാഭ്യാസം, അഗതിസംരക്ഷണം, കരകൗശല പരിശീലനം, രോഗീപരിചരണം, എന്നീ നാലു മേഖലകളാണ് സി.എം.സി. സമൂഹം തങ്ങളുടെ പ്രേഷിതശുശ്രൂഷയ്ക്കായി സ്വീകരിച്ചുപോന്നത്. ഇവയായിരുന്നു പിതാക്കന്മാർ നിർദ്ദേശിച്ച ക്രിസ്തീയരൂപീകരണവും പ്രാർത്ഥനാനേതൃത്വവും സ്ത്രീകളുടെ അഭ്യുന്നതിയും പ്രാപിക്കുവാനുള്ള ഉപാധികൾ.

ചാവറയച്ചന്റെ വീക്ഷണത്തിൽ മതാത്മകതയുടെയും ദൈവാനുഭൂതിയുടെയും വിത്ത് പാകപ്പെടുകയും മുളച്ചുവളരുകയും ചെയ്യാനുള്ള വേദിയാണ് വിദ്യാഭ്യാസം. ഈ ദർശനം ഏറ്റുവാങ്ങിയ ഇന്നാട്ടിലെ മതനേതാക്കളും ക്രൈസ്തവജനതയും തങ്ങളുടെ മക്കൾ ഇത്തരത്തിലുള്ള വിദ്യാമൃതം നുകരണമെന്ന് തീവ്രമായി ആഗ്രഹിച്ചു. അതിനായി അവർ ഇടവകകളിൽ കൊവേന്തകളും കന്യകാമഠങ്ങളും സ്ഥാപിക്കുന്നതിലും വിദ്യാഭ്യാസസ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിലും ആവേശം കൊണ്ടു. വിദ്യാദാനത്തിനുള്ള സ്ഥാപനങ്ങൾക്കൊപ്പമല്ലാതെ ആദ്യകാലത്ത് മഠങ്ങൾ ആരംഭിച്ചിരുന്നില്ല. ക്രമേണ കേരളത്തിന്റെ നഗരപ്രാന്തങ്ങളിലും ഗ്രാമങ്ങളിലും കന്യാസ്ത്രീമഠങ്ങളും സ്കൂളുകളും ഉയർന്നുവന്നതോടെ അവികസിത മേഖലകളിലും മഠാംഗങ്ങളുടെ സമർപ്പിത സേവനം ലഭ്യമായി. ഇംഗ്ലീഷ് വിദ്യാഭ്യാസം കാലഘട്ടത്തിന്റെ അനിവാര്യതയായിരുന്ന ബ്രിട്ടീഷ് ഭരണകാലയളവിൽ അതിനായുള്ള പരിശ്രമങ്ങളും മഠങ്ങൾ നടത്തി. വിവിധസ്ഥലങ്ങളിൽ മഠാംഗങ്ങളെ ഉപരിപഠനത്തിനയച്ച് ഉന്നതബിരുദധാരികളാക്കിയ ശേഷം കന്യകാമഠാനുബന്ധ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിൽ വരുത്തുവാൻ സി.എം.സി. സമൂഹം മുൻകൈയ്യെടുത്തു.

യാതനകളും അനിശ്ചിതത്വങ്ങളും നിറഞ്ഞ കാലഘട്ടത്തിലും കുട്ടികളുടെ സ്വഭാവരൂപവത്കരണത്തിലും വിദ്യാഭ്യാസനിലവാരത്തിലും സി.എം.സി. സ്ഥാപനങ്ങൾ മികച്ചു നിന്നു. ആദ്യകാലങ്ങളിൽ സി.എം.സി.യുടെ വിദ്യാലയങ്ങളിൽ കൃത്യമായ പാഠ്യപദ്ധതി ഉണ്ടായിരുന്നില്ല. കൂനമ്മാവിലെ ആദ്യവിദ്യാലയത്തിൽ അനുവർത്തിച്ച കണക്ക്, ഭാഷ, തയ്യൽ, പാചകവിദ്യ, സംഗീതം, കരവേലകൾ എന്നിവയടങ്ങുന്ന പാഠ്യക്രമം മാത്രമായിരുന്നു കുറെക്കാലത്തേയ്ക്ക് മറ്റു സ്ഥാപനങ്ങളും പിന്തുടർന്നിരുന്നത്. പിന്നീടാണു സ്ക്കൂളുകൾ വ്യാവസ്ഥാപിതരീതിയിലായിത്തീർന്നത്.

സി.എം.സി. സമൂഹത്തിന്റെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കൂടുതലും പ്രൈമറി വിഭാഗത്തിലാണ്. രണ്ടാംസ്ഥാനം ഹൈസ്ക്കൂളുകൾക്കാണ്. മുത്തോലി (1937), പാവറട്ടി (1940), കറുകുറ്റി (1952), ഇരിങ്ങാലക്കുട (1954)





എന്നിവിടങ്ങളിലായി നാലു ട്രെയിനിംഗ് സ്ക്കൂളുകളും ഈ കാലയളവിൽ സ്ഥാപിതമായി. ഇവയിൽ പരിശീലനം നേടിയ വനിതകളാണ് കേരളത്തിലുടനീളമുള്ള വിദ്യാലയങ്ങളിൽ ഏറെക്കാലം വിദ്യയുടെ പൊൻവെളിച്ചം പ്രസരിപ്പിച്ചിരുന്നത് എന്നത് അഭിമാനർഹമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ തന്നെ ഉന്നതവിദ്യാഭ്യാസരംഗത്തേയ്ക്ക് സി.എം.സി. കടന്നുവന്നു. 1946ൽ തൃശൂരിൽ ആരംഭിച്ച സെന്റ് മേരീസ് കോളേജാണ് ഈ രംഗത്തെ ആദ്യസ്ഥാപനം.

ഇന്ന് ഇന്ത്യയുടെ വിവിധഭാഗങ്ങളിലായി നേഴ്സറി സ്ക്കൂളുകൾ, എൽ.പി., യു.പി., ഹൈസ്ക്കൂളുകൾ, ഹയർസെക്കന്ററി സ്ക്കൂളുകൾ, കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ യൂണിവേഴ്സിറ്റി ഓഫ് ക്യാമ്പസ് കോളേജുകൾ എന്നിങ്ങനെ 380 വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ഈ സന്യാസിനീ സമൂഹം നേതൃത്വം നൽകുന്നു. ഈ സ്ഥാപനങ്ങളിൽ അക്കാദമിക വളർച്ചയോടൊപ്പം ആത്മീയതലത്തിലും അദ്ധ്യാപകരെയും കുട്ടികളെയും പ്രബുദ്ധരാക്കാൻ പ്രത്യേക ക്ലാസ്സുകളും സെമിനാറുകൾ, ധ്യാനപരിപാടികൾ, കൗൺസലിംഗ് കോഴ്സുകൾ തുടങ്ങിയവയും സംഘടിപ്പിക്കുന്നു. സമൂഹത്തോട് ഉത്തരവാദിത്വമുള്ളവരായി കുട്ടികളെ വളർത്തുക എന്ന നയം ദൗത്യത്തിന്റെ ഭാഗമായി കാണുന്നു. ഏതാണ്ട് ഒന്നരനൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള സി.എം.സി. സന്യാസിനീ സമൂഹത്തിന്റെ വിദ്യാഭ്യാസസേവനശുശ്രൂഷ ഇന്നത്തെ കേരള സംസ്കൃതിയെ രൂപപ്പെടുത്തിയ നിർണ്ണായക ഘടകമാണ്. സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും സ്ത്രീജനങ്ങളെ അധ്യാപനവൃത്തിക്കായി ഒരുക്കുന്നതിലും സി.എം.സി.യുടെ സംഭാവന നിസ്തുലമാണ്. ഈ ശുശ്രൂഷാപാതയിൽ ആദ്യചുവടുവച്ച ചാവറപിതാവിന്റെ ദീർഘദർശനത്തെ മനസ്സാ നമിക്കുക.

1882ൽ കൂനമ്മാവുമഠത്തിനോടനുബന്ധിച്ച് ആരംഭിച്ച അനാഥശാലയാണ് ആ ധാരയിലെ പ്രഥമസ്ഥാപനം. പിന്നീട് രൂപതാവിഭാഗത്തിലും ശിശുസങ്കേതങ്ങൾ, ബാലഭവനങ്ങൾ, വൃദ്ധമന്ദിരങ്ങൾ, അഗതിസംരക്ഷണകേന്ദ്രങ്ങൾ എന്നിവ വളർന്നുവന്നു. ഇന്ന് ഓരോ പ്രോവിൻസിലും ഇത്തരം സ്ഥാപനങ്ങളുണ്ട്. സന്യാസിനീ സഹോദരിമാർ അവിടെ നിസ്വാർത്ഥമായ സേവനമനുഷ്ഠിച്ച് ഉറ്റവരും ഉടയവരുമില്ലാത്ത, സംരക്ഷിക്കാനും വളർത്താനും ആരുമില്ലാത്ത അനേകർക്ക് അത്താണിയായി വർത്തിക്കുന്നു.

സ്ത്രീകളിൽ ഒളിഞ്ഞുകിടക്കുന്ന കലാവാസനകൾ പരിപോഷിപ്പിക്കുകയും വളർത്തുകയും ചെയ്യുക എന്നത് സി.എം.സി.യുടെ സ്ഥാപനലക്ഷ്യത്തിന്റെ ഭാഗമാണ്. അതിനനുസരിച്ച് പരിശീലനകാലങ്ങളിൽത്തന്നെ സഹോദരിമാർ കൈവേലകൾ അഭ്യസിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്തുപോന്നിരുന്നു. സ്ഥാപനകാലത്തുതന്നെ കൂനമ്മാവിൽ സെന്റ്. ജോസഫ്സ് ടെക്നിക്കൽ സ്ക്കൂൾ ആരംഭിച്ചിരുന്നു. കൊന്തകെട്ട്, വെന്തിങ്ങ

തയ്യൽ, അലങ്കാരതയ്യലുകൾ, പള്ളിസാമാനങ്ങൾ, പ്ലാസ്റ്റിക് ബാസ്ക്കറ്റ് ഉണ്ടാക്കൽ എന്നീ കലകളിൽ പെൺകുട്ടികൾക്ക് പരിശീലനം നൽകുകയും അത് അവർക്ക് വരുമാനം നേടിക്കൊടുക്കുകയും ചെയ്തുപോന്നു. 1922 കറുകുറ്റിയിൽ ആരംഭിച്ച സാങ്കേതിക പാഠശാലയിൽ ചിത്രതയ്യൽ, റേന്ത, പനമ്പുനെയ്ത്ത് എന്നിവ അഭ്യസിപ്പിച്ചിരുന്നു. എല്ലാ മഠങ്ങളോടും അനാഥശാലകളോടും ചേർന്ന് ഇത്തരം സ്ഥാപനങ്ങൾ ഉണ്ടായിരിക്കാൻ അക്കാലത്ത് ശ്രദ്ധിച്ചിരുന്നു. തൃപ്പൂണിത്തറയിലെ സ്ഥാപനത്തിൽ ചകിരിപിരിക്കൽ, തയ്യൽ തുടങ്ങിയ ജോലികൾ അഭ്യസിപ്പിച്ചപ്പോൾ, വൈക്കത്ത് തുണിനെയ്ത്ത്, പായനെയ്ത്ത്, പപ്പടം ഉണ്ടാക്കൽ തുടങ്ങിയവയിലാണ് പരിശീലനം നൽകിയിരുന്നത്. പട്ടുവ്യവസായം പ്രോത്സാഹിപ്പിച്ച ഒല്ലൂർ സെന്റ് മേരീസ് ഇൻഡസ്ട്രിയിൽ സ്ക്കൂൾ ഗവർമ്മെന്റിന്റെപോലും പ്രശംസ നേടിയിരുന്നു.

1925ലാണ് സി.എം.സി. സമൂഹം ആദ്യമായി രോഗീശുശ്രൂഷാ മേഖലയിലേക്ക് കാലെടുത്തുവയ്ക്കുന്നത്. തൃശൂർ സിവിൽ ആശുപത്രിയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് അവിടുത്തെ പ്രധാന ഡോക്ടർമാരായ റാവു സാഹിബും, സി.എൽ. ജോസഫും പ്രസ്തുത ആശുപത്രിയിൽ സി.എം.സി. അംഗങ്ങളുടെ സേവനം ലഭ്യമാക്കുന്നതിനുവേണ്ടി അന്നത്തെ തൃശൂർ രൂപതാദ്ധ്യക്ഷനായിരുന്ന മാർ. ഫ്രാൻസീസ് വാഴപ്പിള്ളിയെ സമീപിച്ചു. അദ്ദേഹമാണ് ആദ്യമായി രോഗീശുശ്രൂഷയ്ക്ക് മഠാംഗങ്ങളെ നിയോഗിച്ച് അയച്ചത്. 1925 ഡിസംബർ 19-ാം തീയതി നാലു സി.എം.സി. സന്യാസിനികൾ തൃശൂർ സേക്രട്ട് ഹാർട്ട് മഠത്തിൽ താമസിച്ച് അടുത്തുള്ള സിവിൽ ആശുപത്രിയിൽ സേവനമനുഷ്ഠിക്കാൻ തുടങ്ങി. പിന്നീട് മറ്റു പല ആശുപത്രികളിലും സഭാംഗങ്ങൾ സേവനമനുഷ്ഠിക്കുകയും സ്വന്തമായ ആശുപത്രികളിലും മറ്റു സ്ഥാപനങ്ങളിലും ശുശ്രൂഷ തുടരുകയും ചെയ്തു. 880 സി.എം.സി. സഹോദരിമാർ ഇന്ന് ആതുരാശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായ 15 ആശുപത്രികളാണ് സി.എം.സി. ക്കുള്ളത്. ജീവന്റെ മാഹാത്മ്യത്തെ ഉയർത്തിപ്പിടിക്കുകയും, ആദരവോടെ പരിരക്ഷിക്കുയും ചെയ്യുന്ന വിശുദ്ധമായ പ്രേഷിത ധ്യാനമാണ് സി.എം.സിക്ക് ആതുരശുശ്രൂഷ. കർത്താവിന്റെ കരുണയുടെ സ്പർശമാകാൻ ഇതുവഴി മഠാംഗങ്ങൾ ഉത്സാഹപൂർവ്വം സ്വയം സമർപ്പിക്കുന്നു.

സന്യാസിനീസമൂഹത്തിന്റെ ആരംഭകാലത്ത് മതബോധനം പ്രധാന പ്രേഷിത മേഖലയായിരുന്നെങ്കിൽ ഇന്ന് ആളും അർത്ഥവും വർദ്ധിച്ചതനുസരിച്ച് പ്രവർത്തനമേഖലകളിൽ പുതിയ രൂപഭാവങ്ങൾ ഉണ്ടായിരിക്കുന്നു. പ്രോവിൻസുകളിൽ ധ്യാനകേന്ദ്രങ്ങളും, ബൈബിൾ പഠനകേന്ദ്രങ്ങളും, കൗൺസിലിംഗ് സെന്ററുകളും, കൾച്ചറൽ സെന്ററുകളും കാലത്തിനനുസൃതം വളർന്നുവന്നു. കുടുംബസന്ദർശനം, കൗൺസിലിംഗ്, ബോധവത്ക്കരണ പരിപാടികൾ, വചനപ്രഘോഷണം, പ്രാർത്ഥനകൂട്ടായ്മകൾ തുടങ്ങിയവ വിശ്വാസ





രൂപീകരണപ്രവർത്തനങ്ങളുടെ ഭാഗമായി സി.എം.സി. ഏറ്റെടുത്തിട്ടുള്ള സേവനമേഖലകളാണ്. ഏകദേശം 2755 അംഗങ്ങൾ ഇതിനായി മാത്രം തങ്ങളുടെ സേവനം സമർപ്പിച്ചിരിക്കുന്നവരാണ്. ഈ രംഗത്ത് പ്രാവീണ്യം നേടുന്നതിന് ആവശ്യമായ പരിശീലനം മഠാംഗങ്ങൾക്ക് നൽകുവാനും സംവിധാനങ്ങളുണ്ട്.

ജയിൽ മിനിസ്ട്രി പുനരധിവാസകേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ, സാമൂഹ്യതിന്മക്കെതിരെയുള്ള ബോധവത്ക്കരണങ്ങൾ തുടങ്ങിയ മേഖലകളിൽ സി.എം.സി. സഹോദരിമാർ ഇന്നു സജീവമാണ്. ആവശ്യക്കാരായ അഗതികളുടെ ഇടയിൽ ജീവിച്ചുകൊണ്ടു മുഴുവൻ സമയവും അവർക്കായി മാറ്റിവയ്ക്കുന്ന നഗരകേന്ദ്രീകൃത സുവിശേഷപ്രഘോഷണമേഖലകളിൽ സമർപ്പിത ശുശ്രൂഷ ചെയ്യുന്ന സഹോദരിമാർ സി.എം.സി.യ്ക്കുണ്ട്. സ്ത്രീകളെ ശക്തിപ്പെടുത്തുന്നതിനും, സ്വയം പര്യാപ്തമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ സവിശേഷമായും മിഷൻ മേഖലകളിൽ സി.എം.സി. അംഗങ്ങൾ വ്യാപൃതരാണ്. സാമൂഹ്യപ്രവർത്തനങ്ങളുടെ ഭാഗമായി 39 അനാഥശാലകളിലായി സി.എം.സി. സമൂഹം 4041 കുട്ടികളെ സംരക്ഷിക്കുന്നു. വികലാംഗരെയും ബുദ്ധിമാന്ദ്യം സംഭവിച്ചവരെയും സംരക്ഷിക്കുകയും അവർക്കു വായിക്കുവാനും പഠിക്കുവാനുമുള്ള പരിശീലനം നൽകുകയും ചെയ്തുവരുന്നു. 19 വൃദ്ധമന്ദിരങ്ങളിലൂടെ 531 വൃദ്ധജനങ്ങളെ സഭ സംരക്ഷിക്കുന്നുണ്ട്. 731 തെരുവുകുട്ടികളെയും വിവിധസ്ഥലങ്ങളിലായി സംരക്ഷിച്ചു വരുന്നു. എയ്ഡ്സ് രോഗികൾക്ക് സി.എം.സി. സഹോദരിമാർ സ്നേഹശുശ്രൂഷ നൽകിവരുന്നു. വിവിധതലങ്ങളിലായി സമൂഹത്തിൽ അവഗണിക്കപ്പെടുന്ന അനേകർക്കായി കരുതലിന്റെ കരം നീട്ടിക്കൊടുക്കാൻ കഴിയുന്ന സാമൂഹ്യസേവനമേഖലകളിൽ സി.എം.സി. സമൂഹം പ്രത്യേക ശ്രദ്ധയർപ്പിക്കുന്നു.

ഇന്ന് ലോകത്തെ ഭരിക്കുന്നത് മാധ്യമങ്ങളാണല്ലോ. ചാവറയച്ചൻ ഇതു നേരത്തെ മനസ്സിലാക്കി അച്ചടി മാധ്യമത്തിൽ ശ്രദ്ധചെലുത്തുകയും മാന്നാനത്ത് ഒരച്ചടിശാല തുടങ്ങുകയും ചെയ്തു. സാമൂഹ്യസമ്പർക്ക മാധ്യമങ്ങളുടെ അതിപ്രസരണവും, മാധ്യമങ്ങളുടെ ദുരുപയോഗംമൂലം വന്നുകൂടുന്ന മൂല്യച്യുതിയും കണക്കിലെടുത്ത് ഈ രംഗം സജീവവും കാര്യക്ഷമവുമാക്കാൻ വേണ്ട പദ്ധതികൾ നടപ്പിലാക്കാൻ സി.എം.സി. സമൂഹം ഇന്നു ശ്രദ്ധവയ്ക്കുന്നു. ദൈവശാസ്ത്രം, ആരാധനാക്രമം, സാഹിത്യം, സംഗീതം, ആത്മീയശാസ്ത്രം, മാനസീകാപഗ്രഥനം, എന്നീ മേഖലകളിൽ സഭാംഗങ്ങൾ പുസ്തകങ്ങൾ രചിച്ചുകൊണ്ട് അറിവിന്റെ മേഖലയിൽ സംഭാവനകൾ നൽകുന്നു. സമ്പർക്ക മാധ്യമരംഗത്ത് ടെലിഫിലിം, ഡോക്യുമെന്ററികൾ, ആരാധനാഗീതങ്ങൾ തുടങ്ങിയവ ദൃശ്യ-ശ്രാവ്യ തലത്തിൽ നിർമ്മിച്ച് കാഴ്ചയുടെയും കേൾവിയുടെയും ലോകം വിശുദ്ധമാക്കാൻ കൂട്ടമായി

പരിശ്രമിക്കുന്നു. സുവിശേഷ മൂല്യാധിഷ്ഠിതമായി നിർമ്മിക്കുന്ന പപ്പറ്റ്ഷോകളുടെയും, ടെലിഫിലിമുകളുടെയും മറ്റും ടെലിവിഷൻ ചാനൽ സംപ്രേഷണങ്ങൾ വഴിയും മൂല്യപ്രസരണത്തിനുവേണ്ടി സി.എം.സി. പരിശ്രമിച്ചുവരുന്നു.

സി.എം.സി. സന്യാസിനീസമൂഹത്തിന് കേരളത്തിൽ ഇന്ന് 13 പ്രോവിൻസുകളും കേരളത്തിനു പുറമെ ഭാരതത്തിൽ 7 മിഷൻ പ്രോവിൻസുകളും 6 മിഷൻ റീജനുകളും ഉണ്ട്. ആഫ്രിക്ക, അമേരിക്ക, ജർമ്മനി, ഇറ്റലി എന്നിവിടങ്ങളിലും സി.എം.സി. പ്രേഷിതപ്രസരണം വ്യാപിച്ചെത്തുന്നു. 6300 സന്യാസിനികളും 555 അർത്ഥിനികളും ഇന്ന് സി.എം.സി.യിലുണ്ട്. ഭാരതത്തിലും വിദേശത്തുമായി 658 മഠങ്ങളാണ് സി.എം.സി.ക്കുള്ളത്. കൂനമ്മാവിൽ നാലംഗങ്ങളെ ദൈവവേലയ്ക്കായി സമർപ്പിച്ചുകൊണ്ട് ചാവറപിതാവ് തുടങ്ങിവച്ച സേവനശുശ്രൂഷയുടെ ദിവ്യയജ്ഞം ഇന്നു സ്ത്രീവിഭാഗം തങ്ങൾക്കുള്ളിൽ ശക്തിയാർജ്ജിക്കുന്നതിന്റെയും പൊതുസമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും പരിപാലനത്തിനും ആരോഗ്യകരമായ മുന്നേറ്റത്തിനും ചിറകുകൾ നൽകുന്നതിന്റെയും പ്രത്യക്ഷപ്രചോദനവും മേലാപ്പുമായിവർത്തിക്കുന്നു. സേവനവ്യാപനധാരകൾ വരുംകാലത്തിൽ കൂടുതൽ ഇടങ്ങളിലേയ്ക്കു പ്രസരിപ്പിക്കുവാൻ സി.എം.സി. ധാര പ്രതിജ്ഞാബദ്ധമാണ്. ഭൂമികന്യകമാർക്കായുള്ള ഉണർത്തുപാട്ട് സമൂഹത്തെയാകെ നന്മവഴിയേ തുയിലുണർത്തുന്നതിനുള്ള പ്രാർത്ഥനാജപമായി മാറുന്നതിനു നിമിത്തവും, ഭൂമികയും, ഊർജ്ജജസ്രോതസ്സുമായ ചാവറപിതാവിന്റെ തൃപ്പാദങ്ങളിൽ സി.എം.സി. സന്യാസിനീസമൂഹം പ്രണമിക്കുന്നു.

■



## പരാമർശ സൂചിക


1. *കത്തുകൾ*, പേജ്. 108-109.
2. കൂനമ്മാവ് *നാളാഗമം*, വാല്യം 2, പേജ്. 12-13.
3. Ibid., പേജ്. 19.
4. Ibid., പേജ്. 22 - 23.
5. Ibid., പേജ്. 23 - 24.
6. cf. Ibid., പേജ്. 28 - 30.
7. Ibid., പേജ്. 109 - 110.
8. Ibid., പേജ്. 111.
9. *ലെയോപ്പോൾദച്ചന്റെ ഡയറി*, വാല്യം 3, പേജ്. 14.
10. കൂനമ്മാവ് മഠത്തിലെ സുപ്പീരിയർ മോൺ. മെഡ്ലിക്കോട്ടിൽ 1889 ജൂൺ 16 - ന് എഴുതിയ കത്ത്
11. cf. Positio P.318, also letter written by Mgr. Mellano on November 24, 1888.
12. Thalachelloor, J. *Formation of Religious Women in the Syro- Malabar Church with special Reference to the Congregation of the Mother of Carmel* (A Historico Juridical Study) unpublished Dissertation, Pontificium Institutum Orientale , Rome 1990, p. 49
13. Ibid., p.50
14. കത്തിന്റെ കോപ്പി കൂനമ്മാവ് രേഖാലയത്തിൽ സൂക്ഷിച്ചിരിക്കുന്നു.
15. സി. ജോസി (ed.), സി.എം. സി. *അത്യുന്നതന്റെ തണലിൽ*, മൗണ്ട് കാർമ്മൽ ജനറലേറ്റ്, ആലുവ, 1991, പേജ്. 121-122.
16. cf. Thalachelloor J., op.cit, p.50
17. Ibid.
18. *വജ്രജൂബിലി സ്മാരകം*, op.cit., പേജ്. 81-82.
19. കൂനമ്മാവ് *നാളാഗമം*, വാല്യം 2, പേജ്. 143.
20. *വജ്രജൂബിലി സ്മാരകം*, op.cit., പേജ്.. 100-101.
21. Ibid, പേജ്. 101- 102.
22. സി.എം.സി. *നാളാഗമം*, വാല്യം 2, പേജ്. 135.
23. Ibid., p.133-136.
24. കൂനമ്മാവ് മഠത്തിൽ നിന്ന് മോൺ. അന്ത്രയോസ് അയൂത്തിക്ക് 1890 സെപ്റ്റംബർ 26- ന് എഴുതിയ കത്ത്
25. *കത്തുകൾ*, വാല്യം 4, VI/4, പേജ്. 101.
26. തുടങ്ങനാട്ട് മഠം *നാളാഗമം*, വാല്യം 1, പേജ്. 1.
27. പ്ലാശനാൽ മഠം *നാളാഗമം*, വാല്യം 1, പേജ്. 1.
28. ഇലഞ്ഞി മഠം *നാളാഗമം*, വാല്യം 1, പേജ്. 33.
29. *ജനറൽ കൂരിയ റിപ്പോർട്ട്*, പേജ്. 40.
30. *മാർപ്പാപ്പ ഇന്ത്യയോട്*, എസ്. എച്ച്. ലീഗ്, ആലുവ, 1986, പേജ്.214.
31. *ന്യായപ്രമാണം*, 1917,1: 3
32. Ibid., 1947, 1:3

# എട്ട്

# പിന്നിടാനിനിയുമേറെ ദൂരം

*ഓർക്കാനും പരിഗണിക്കാനുമുള്ള ഒരു ചരിത്രം മാത്രമല്ല നിങ്ങൾക്കുള്ളത്. ഇനിയും എഴുതിതീർക്കേണ്ട മഹത്തായ ഒരു ചരിത്രം കൂടിയുണ്ട്. ഭാവിയിലേയ്ക്ക്, പഴയതിനേക്കാൾ വലിയ കാര്യങ്ങൾ പോലും ചെയ്തുതീർക്കാൻ വേണ്ടി പവിത്രാത്മാവ് നിങ്ങളെ അയയ്ക്കുന്ന ഭാവിയിലേക്ക് നോക്കുക.*[1]

*...നിങ്ങളുടെ ജീവിതങ്ങളെ ക്രിസ്തുവിനുവേണ്ടിയുള്ള തീക്ഷ്ണതയാർന്ന പ്രതീക്ഷയാക്കുക. എപ്പോഴും സന്നദ്ധരും, ക്രിസ്തുവിനോടും സഭയോടും നിങ്ങളുടെ സമൂഹങ്ങളോടും നിങ്ങളുടെ കാലഘട്ടത്തിലെ സ്ത്രീപുരുഷന്മാരോടും വിശ്വസ്തരായിരിക്കുക.*[2]

ചരിത്രത്തേയും ഭാവിയേയും വിളക്കിച്ചേർക്കുന്ന കണ്ണികളായി നിലകൊണ്ടുകൊണ്ട് കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കൊത്ത് വികാസം പ്രാപിക്കുകയും നവംനവമായ പ്രതീക്ഷകളുടെ സന്ദേശങ്ങൾ നൽകുകയും ചെയ്യുന്ന ജീവിതനിമിഷങ്ങൾ നാമും സ്വന്തമാക്കണം എന്ന ആഹ്വാനം നൽകിക്കൊണ്ട് പതിമൂന്നാം നൂറ്റാണ്ടിലെ സൂഫിമിസ്റ്റിക്കായ റൂമി *പട്ടുനൂൽപ്പുഴു* എന്ന തന്റെ കവിതയിൽ ആന്തരികതയിലേക്ക് പരിവർത്തനപ്പെടുന്ന, അതുമൂലം തന്റെ ചുറ്റുപാടുകളെ വർണ്ണഭംഗി അണിയിക്കുന്ന, ദൈവത്തിന്റെ സ്നേഹതരെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു:

*പട്ടുനൂൽപ്പുഴുവിന്റെ മുമ്പിൽ ഒരു ദിവസം ഞാൻ നിന്നു.*
*ആ രാത്രിയിൽ എന്റെ ഹൃദയം എന്നോട് പറഞ്ഞു.*
*എനിക്കും ഇത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയും;*
*എന്നിലും ആകാശം നെയ്തെടുക്കാനുള്ള സാദ്ധ്യതയുണ്ട്.*
*അപരന് ഊഷ്മളത പകരുന്ന സ്നേഹത്തിന്റെ കുപ്പായമാകാൻ,*
*കണ്ണുനീർ ചാലുകീറിയ കവിൾത്തടങ്ങളിൽ ഒരു മൃദുസ്പർശമാകാൻ,*
*ആയിരം പാദങ്ങളോടെ ഭൂമിയിലെങ്ങും പറന്നുയരുന്ന ചിറകാകാൻ*
*പ്രഭാപൂരിതമനസ്സോടെ ഞാനുറച്ചു.*





*അപ്പോൾ,*
*ഞാൻ എന്നോടുതന്നെ മറുപടി പറഞ്ഞു:*
*സത്യമായും നിനക്കിതെല്ലാം സാധിക്കുമോ?*
*ഹൃദയത്തിന്റെ നിശബ്ദതയിൽ ഒരു ശബ്ദമുയർന്നു*
*എനിക്കിതിനു കഴിയും.....*
*അങ്ങനെ ഞങ്ങൾ ആരംഭിച്ചു.....*
*ഒരിക്കലും അവസാനിക്കാത്ത ആരംഭമായിരുന്നു അത്*[3]

അപരനുവേണ്ടി വിരിയുന്ന ആകാശങ്ങൾ നെയ്തെടുക്കുവാനും അവർക്കു സ്നേഹത്തിന്റെ കുപ്പായമായും ആശ്വാസത്തിന്റെ മൃദുസ്പർശമായും വർത്തിക്കുവാനും സേവനപാതയിൽ ആയിരം പാദങ്ങളോടെ ആവശ്യക്കാർക്കിടയിലേയ്ക്ക് കടന്നുചെല്ലുവാനും സി.എം.സി. സന്യാസിനിമാർക്ക് ഇനിയും ബാല്യമുണ്ട്.

ഇത് ഒരു ഉണർവിന്റെ നിമിഷമാണ്.

ആയിരിക്കുന്നതിനെ തിരച്ചറിയുവാനും ആയിരിക്കേണ്ടതിനെ അന്വേഷിക്കാനും നെയ്തെടുക്കേണ്ട വർണ്ണങ്ങളെക്കുറിച്ചുള്ള രേഖാവിഭാവനങ്ങൾ തയ്യാറാക്കുവാനും ഒരിക്കലും അവസാനിക്കാത്ത ആരംഭം കുറിക്കുവാനും ഉള്ള സമയം ഇതാണ്. വിശ്വാസത്താൽ പങ്കുവയ്ക്കുകയും സ്നേഹത്താൽ സഹായിക്കുകയും പ്രത്യാശയാൽ ഒരുമിക്കുകയും ചെയ്തുകൊണ്ട് മനുഷ്യവംശത്തെ, സവിശേഷമായി സ്ത്രീസമൂഹത്തെ, പുതിയ ചക്രവാളത്തിലേയ്ക്ക് ദിശാനിർദ്ദേശം നൽകി നയിക്കുവാനുള്ള സമയമിതാണ്. അതിനാൽ സ്ത്രീയുടെ അനന്തമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാനും ക്രിയാത്മകതയിലേക്ക് അവരുടെ നന്മയെ ഉണർത്തുവാനും ഈ സന്യാസിനീധാരയ്ക്കു കഴിയേണ്ടതുണ്ട്.

അതിനാവശ്യമായ മാർഗ്ഗങ്ങളും സംവിധാനങ്ങളും കണ്ടെത്തുകയത്രെ വർത്തമാനകാലത്തിന്റെ സജീവ പരിഗണനയും ആവശ്യവും.

## പ്രശ്നങ്ങളും വെല്ലുവിളികളും

1995-ൽ ബെയ്ജിംഗിൽവച്ചു നടന്ന നാലാമത് അന്താരാഷ്ട്ര വനിതാസമ്മേളനത്തിന്റെ തലേന്നാൾ പുറപ്പെടുവിച്ച സ്ത്രീകൾക്കുവേണ്ടിയുള്ള കത്തിൽ പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ ഇങ്ങനെ പറഞ്ഞു:

*സ്ത്രീകളുടെ മഹത്വം അംഗീകരിക്കാതെ പോവുകയും അവരുടെ നീക്കങ്ങൾ ദുർവ്യാഖ്യാനം ചെയ്യപ്പെടുകയും ചെയ്യുന്നു. പലപ്പോഴും സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും അകന്ന് കഴിയുന്ന ജോലിക്കാരായി അവർ കണക്കാക്കപ്പെടുന്നു. ഇത് സ്ത്രീകളെ അവരായിരിക്കുന്നതിനെ പ്രകാശിപ്പിക്കുന്നതിൽ നിന്ന് തടയുകയും അതു മനുഷ്യരാശിയുടെ ആത്മീയനാശത്തിനു വഴിയൊരുക്കുകയും ചെയ്യുന്നു...*[4]

1936ൽ സ്വാതന്ത്ര്യപ്രസ്ഥാനത്തിന് നേതൃത്വം നല്കിയിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നിയമിച്ച ദേശീയാസൂത്രണകമ്മിറ്റിയുടെ എല്ലാ റിപ്പോർട്ടുകളുടെയും ജനറൽ എഡിറ്ററായിരുന്ന കെ.ടി.ഷാ, *ആസൂത്രിത വികസനത്തിൽ സ്ത്രീകളുടെ പങ്ക്* എന്ന റിപ്പോർട്ടിൽ ഇപ്രകാരമാണ് എഴുതിയത്:

*ഈ രാജ്യത്തെ സ്ത്രീകളുടെ അവസ്ഥ, സാമൂഹികം, സാമ്പത്തികം, രാഷ്ട്രീയം, സാംസ്കാരികം ഇങ്ങനെ ഏതുകോണിൽനിന്നു നോക്കിയാലും ഇനിയും വളരെക്കൂടുതൽ നേടേണ്ടതായിട്ടുണ്ട്. ഒരു വ്യക്തിക്ക് പൗരനെന്നോ, ഒരു സാമ്പത്തിക ഘടകമെന്നോ നിലയ്ക്കുള്ള സ്വാതന്ത്ര്യത്തിലും സകല മനുഷ്യരുടെയും മൗലിക അവകാശതുല്യതയിലും വിശ്വസിക്കുന്ന യാതൊരുത്തർക്കും ഈ പറഞ്ഞതിനോട് വിയോജിക്കാൻ സാദ്ധ്യമല്ല.*[5]

സ്ത്രീകൾ ഇന്നും അസ്വതന്ത്രരാണ്; അതു കാണാതിരുന്നുകൂടാ..... ഒരുപാടു മേഖലകളിൽ അവർ ഇന്നും ചൂഷണം ചെയ്യപ്പെടുകയും തകർക്കപ്പെടുകയും ചെയ്യുന്നു. മോചനം സിദ്ധിക്കേണ്ട ഈ അവസ്ഥകളെക്കുറിച്ച് ശരിയായ അവബോധമുണ്ടാകേണ്ടത് അനിവാര്യമാണ്. സ്ത്രീകൾ ഏറ്റവുമധികം ഞെരുക്കപ്പെടുന്നത് ഇന്ന് പ്രധാനമായും അഞ്ചു മേഖലകളിലാണ്. പെൺഭ്രൂണഹത്യയും പെൺകുട്ടികളുടെ കൊലപാതകവും ലൈംഗികപീഡനങ്ങളും ബലാത്സംഗവും സ്ത്രീധനപീഡനങ്ങളും വധുഹത്യയും ഗാർഹികപീഡനങ്ങളും വിധവകൾക്കുനേരെയുള്ള വിവേചനങ്ങളും അക്രമവും എന്നിവയാണവ. ഇതിനുപുറമെ, വർഗ്ഗലിംഗവ്യത്യാസങ്ങളുടെ പേരിലും ഒരുപാടു തലങ്ങളിൽ സ്ത്രീകൾ പീഡിപ്പിക്കപ്പെടുകയും പാർശ്വവൽക്കരിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

വൈക്കം മുഹമ്മദ് ബഷീറിന്റെ *മുച്ചീട്ടുകളിക്കാരന്റെ മകൾ* എന്ന കഥ തുടങ്ങുന്നതിങ്ങനെയാണ്:

*മുച്ചീട്ടുകളിക്കാരന്റെ മകൾ എന്ന ഈ കഥയുടെ സുന്ദരമായ ഗുണപാഠം നേരത്തേ അങ്ങു പറഞ്ഞേക്കാം..... പക്ഷേ, പെൺപിള്ളേരുടെ ആരോഗ്യത്തിനത്ര പറ്റിയതല്ല. മൊത്തത്തിൽ പെൺമക്കൾ.... അവർ ഏതു പ്രായത്തിലുള്ളവരാണെങ്കിലും ശരി... കഴിയുന്നത്ര വേഗത്തിൽ..... അവരെ ഒന്നടങ്കം വധിച്ചുകളയുക.*

ഇന്നത്തെ സമൂഹം പെൺകുഞ്ഞുങ്ങളോട് പറയുന്നത് *നിങ്ങളെ ഞങ്ങൾക്കു വേണ്ടാ; നിങ്ങൾ ജനിക്കരുത്. അല്ലെങ്കിൽ നിങ്ങളെ ഞങ്ങൾ കൊല്ലും* എന്നാണ്. സ്വതന്ത്രഭാരതം ഇത്രയും നാൾ പിന്നിട്ടിട്ടും സ്ത്രീകളുടെ നേരെയുള്ള കിരാതസമീപനങ്ങൾക്കു ഇതുവരെയും അന്ത്യം വന്നിട്ടില്ല. ഇന്ത്യൻ സംസ്കാരത്തിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്ന പുരുഷമേധാവിത്വഭാവം പലയിടങ്ങളിലും, പ്രത്യേകിച്ച്, ഡൽഹി, ഹരിയാന, ഗുജറാത്ത്, രാജസ്ഥാൻ, മുംബൈ എന്നിവിടങ്ങളിൽ, പെൺകുഞ്ഞുങ്ങൾ നിഷ്ഠൂരമായി





വധിക്കപ്പെടുന്നതിനു ഇടനൽകുന്നു. ഇന്ത്യയിലെ അമ്പരപ്പിക്കുന്ന വിധത്തിലുള്ള സ്ത്രീപുരുഷ അനുപാതം വെളിപ്പെടുത്തുന്നത് വംശനാശം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു വർഗ്ഗമായി മാറുകയാണ് സ്ത്രീകൾ എന്നാണ്. ജനിതകവൈകല്യങ്ങളെക്കുറിച്ച് അറിയുവാനുള്ള *ആംനിയോസിന്തസിസ്, സ്കാനിംഗ്* തുടങ്ങിയ സാദ്ധ്യതകൾ ഇന്ന് ലിംഗനിർണ്ണയ പരിശോധനയിലൂടെ പെൺ ഭ്രൂണഹത്യയ്ക്കു വഴിയൊരുക്കുംവിധം അധഃപതിച്ചിരിക്കുന്നു. ജീവനെ സംരക്ഷിക്കുന്നതിനു പകരം, ഗ്ലൗസിട്ട കരങ്ങൾ ജീവനെ കൊന്നൊടുക്കുന്ന കൊടുംക്രൂരത ഇവിടെ താണ്ഡവമാടുന്നു.[6]

യൂണിസെഫിന്റെ ഒരു റിപ്പോർട്ടനുസരിച്ച് ഇന്ത്യയിൽ പ്രതിദിനം 7000 പെൺകുഞ്ഞുങ്ങൾ അബോർഷനിലൂടെ കൊല്ലപ്പെടുന്നു. വിവേചനപരമായ ഭ്രൂണഹത്യയുടെ ഫലമായി 35 മുതൽ 45 ദശലക്ഷംവരെ സ്ത്രീകൾ ഇന്ത്യൻ ജനസംഖ്യയിൽ ഇല്ലാതെയാകുന്നു. സ്ത്രീകളുടെ തലമുറകൾതന്നെ നിർമ്മാർജ്ജനം ചെയ്യപ്പെടാവുന്ന ഒരാസൂത്രിത കുറ്റകൃത്യത്തിനാണ് ഇതിലൂടെ ഇന്ത്യൻ സമൂഹം നിശബ്ദസാക്ഷികളായി നിലകൊള്ളുന്നത്.[7] ഒരു ഗവേഷണപഠനം വെളിപ്പെടുത്തുന്നതനുസരിച്ച് ഒരു വർഷം ഇന്ത്യയിൽനിന്ന് അഞ്ചുലക്ഷം പെൺകുട്ടികളാണ് ഭ്രൂണഹത്യയിലൂടെ ഇല്ലാതാകുന്നത്. രണ്ടു പെൺകുട്ടികളുടെ അമ്മയായ ഒരു സ്ത്രീ മൂന്നാമതും ഒരു പെൺകുഞ്ഞിനെ ഗർഭം ധരിച്ചപ്പോൾ അതിന്റെ പേരിൽ അവളെ ചുട്ടുകൊല്ലാനൊരുമ്പെട്ട നാടായി മാറിയിരിക്കുന്നു നമ്മുടേത്.[8]

തമിഴ്നാട്ടിലെ ഉസിലാംപെട്ടി ഗ്രാമത്തിൽ ഒന്നിലേറെ പെൺകുട്ടികളുള്ള ഗൃഹങ്ങൾ വിരളമാണ്. രണ്ടാമതൊരു പെൺകുട്ടി പിറന്നാൽ അമ്മമാർ സ്തനങ്ങളിൽ വിഷക്കായ അരച്ചുപുരട്ടിയോ, കുഞ്ഞിന്റെ തൊണ്ടയിൽ തടയത്തക്കവണ്ണം നെന്മണി വായിലിട്ടിട്ടോ കുഞ്ഞിനെ *മോചിപ്പി*ക്കുന്നു. ഭാവിയിലെ നീണ്ട നരകത്തിൽനിന്ന് അവൾക്ക് മോചനം നൽകുകയാണെന്നാണ് അമ്മമാരുടെ വിചിത്രമായ വിശ്വാസം. ഈ അമ്മമാർ പൂതനകളെപ്പോലെ ക്രൂരകളായതുകൊണ്ടല്ല ഇങ്ങനെ സംഭവിക്കുന്നത്. ഈ കൃത്യംചെയ്യാൻ വിസമ്മതിക്കുന്ന അമ്മമാരെ ഗൃഹനാഥന്മാർ പൊറുപ്പിക്കുകയില്ല എന്ന ഭീകരമായ സത്യമാണിതിനു പിന്നിൽ.[9]

ഗ്രാമീണമേഖലകളിൽ ഇന്ത്യയിലെ പെൺകുഞ്ഞുങ്ങൾ എത്ര കിരാതമായാണ് കൊല്ലപ്പെടുന്നത്? കീടനാശിനികൾ കൊടുത്തോ, കറുത്ത ഉപ്പോ യൂറിയായോ വായിൽ നിറച്ചോ, വിഷപ്പഴങ്ങൾ കൊടുത്തോ, നനഞ്ഞ തുണി ഉപയോഗിച്ച് ശ്വാസം മുട്ടിച്ചോ ഒക്കെ പെൺകുഞ്ഞുങ്ങളെ കൊന്നൊടുക്കുന്നതിന്റെ എത്രയെത്ര സംഭവങ്ങളാണ് നാം നിത്യേന അറിയേണ്ടിവരുന്നത്. പെൺകുഞ്ഞുങ്ങളെ ബാധ്യതയും ശാപവുമായി കാണുന്ന ഈ സമൂഹത്തിന് സമൂലമായ ഒരു മാറ്റം വരുത്താൻ എന്തുചെയ്യാനാകുമെന്നുള്ളതിനെക്കുറിച്ച് നമ്മുടെ മനഃസാക്ഷി ജാഗരൂകമായി ഉണർന്നേ മതിയാകൂ.

ജീവിക്കാൻവേണ്ടിയുള്ള പെൺകുഞ്ഞുങ്ങളുടെ കരച്ചിൽ ഭാരതത്തിന്റെ മനഃസാക്ഷിയെ ഉണർത്തണം:

*അമ്മയുടെ ഉദരത്തിൽ വളരുന്ന ഒരു കുഞ്ഞുവ്യക്തിയാണു ഞാൻ*
*എനിക്ക് 18 ദിവസം പ്രായമായപ്പോൾ എന്റെ ഹൃദയം മിടിച്ചുതുടങ്ങി*
*ഞാൻ ചെറുതായിരിക്കുമ്പോൾ എന്റെ അച്ഛനമ്മമാർക്ക്*
*ആനന്ദവിഷയമായിരിക്കും.*
*ഞാൻ വളരുമ്പോൾ ഒരു സുഹൃത്തും സഹായിയും*
*ഞാനുമായി ബന്ധമുള്ള എല്ലാവർക്കും*
*ജീവനും സ്നേഹവും ഞാൻ നൽകും*
*എന്നെ ജീവിക്കാനനുവദിക്കൂ...*
*അതിനെനിക്കവകാശമില്ലേ?*[10]

സ്ത്രീയെ ലൈംഗീകപീഡനത്തിനിരയാക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന സമൂഹത്തിന്റെ ഭാഷ്യം എന്താണ്?

*നീ സുന്ദരിയാണ്. പക്ഷേ, നീ ഒരു വ്യക്തിയല്ല, ഒരു ലൈംഗികവസ്തുവാണ്. നീ സമ്മതിച്ചില്ലെങ്കിൽ ഞാൻ ബലം പ്രയോഗിക്കും. അല്ലെങ്കിൽ നശിപ്പിക്കും.*[11]

വീട്ടിലും ജോലിസ്ഥലത്തും വിദ്യാലയങ്ങളിലും യാത്രാമദ്ധ്യേയും എന്നു വേണ്ട, എല്ലായിടങ്ങളിലുംവച്ച്, സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നു; ചൂഷണം ചെയ്യപ്പെടുന്നു. വ്രണഗ്രസ്തമായ സമൂഹത്തിന്റെ മനസ്സാക്ഷിയിൽ പുരുഷാധിപത്യ പ്രവണതയക്ക് മാറ്റം വരാതെ, സ്ത്രീകൾ ആദരിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷം സമൂഹത്തിൽ സംജാതമാവുകയില്ല.

താഴെപ്പറയുന്ന വിധത്തിലുള്ള ഇടപെടലുകൾ ലൈംഗികപീഡനമെന്ന വിധത്തിൽ ശിക്ഷാർഹമാണ് എന്നാണു സുപ്രീംകോടതി വിധി നിർവ്വചിച്ചിട്ടുള്ളത്.

*ബലപ്രയോഗത്തിലൂടെയുള്ള ശാരീരികബന്ധമോ അതിനുള്ള ശ്രമമോ,*

*ലൈംഗികകാര്യങ്ങൾക്കായുള്ള ആവശ്യപ്പെടൽ,*

*അശ്ലീലച്ചുവയുള്ള സംസാരവും കമന്റുകളും,*

*അശ്ലീലപ്രദർശനം,*

*മറ്റേതെങ്കിലും വിധത്തിലുള്ള അനാശാസ്യ ഇടപെടലോ സംസാരമോ,*

നിയമമിതാണെങ്കിലും അതിന്റെ ആനുകൂല്യങ്ങൾ എത്രപേർക്കു ലഭിക്കുന്നു? വളരെ തുച്ഛം എന്നതാണു സത്യം. ബലാത്സംഗ ശ്രമത്തിനിടയിൽ അഞ്ചുവയസ്സുകാരിയെ കൊലപ്പെടുത്തിയ ഒരു പത്തു വയസ്സുകാരൻ വിദ്യാർത്ഥിയുടെ കാര്യം മാസങ്ങൾക്കുമുമ്പ് കേരള മാധ്യമങ്ങൾ വെളിപ്പെടുത്തിയ *ഇന്നി*ന്റെ പൊള്ളുന്ന യാഥാർത്ഥ്യമാണ്. വികലമായ മനസ്സാക്ഷിയും രോഗബാധിതമായ ധാർമ്മികതയും സമൂഹത്തിന്റെ ശാപമാകുമ്പോൾ





സ്ത്രീകൾ എവിടെ, എങ്ങിനെ, സുരക്ഷിതരാകും? ബലപ്രയോഗത്തിലൂടെയും ചതിയിലൂടെയും ലൈംഗികപീഡനത്തിനിരയാവുകയും ഗതിയറ്റു വേശ്യാവൃത്തിയിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെടുകയും ചെയ്യുന്ന പെൺകുട്ടികളുടെയും സ്ത്രീകളുടെയും സംഖ്യ ഇന്ന് വളരെയധികമാണ്. സ്ത്രീകൾ തന്നെ സ്വന്തം സഹോദരിമാർക്ക് കെണിയൊരുക്കുന്നു. ഈ ദുഃസ്ഥിതിയ്ക്കു പരിഹാരം തേടി ഉണർന്നു പ്രവർത്തിക്കാൻ മനസ്സാക്ഷിയുള്ള ഓരോ സ്ത്രീക്കും കടമയുണ്ട്.

സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾ ഇന്ത്യയിൽ പീഡിക്കപ്പെടുന്നതിനു കണക്കില്ല. സ്ത്രീധനസമ്പ്രദായം നിലനിൽക്കുന്നതു നിമിത്തമാണ്. പെൺകുട്ടികൾ ജനിക്കുന്നതു അനഭിമതമാകുന്നതും അതിനാൽ അവർ പിറക്കുവാൻ അർഹതയില്ലാത്തവരായി ഗണിക്കപ്പെടുന്നതും. സ്ത്രീധനം കുറവായതിന്റെ പേരിൽ സ്വന്തം ഭാര്യയുടെയും പെൺകുഞ്ഞിന്റെയും വിരലുകൾ ഛേദിച്ചുകളഞ്ഞ നിഷ്ഠൂരന്മാരുടെകൂടി നാടാണ് നമ്മുടേത്. നിരപരാധികളായ എത്രയെത്ര സ്ത്രീകളാണ് ഭർതൃഗൃഹങ്ങളിൽ പീഡിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുന്നത്? പ്രസിദ്ധപ്പെടുത്തുന്ന ഔദ്യോഗിക രേഖകളുനുസരിച്ച് ഇന്ത്യയിൽ ഒരു വർഷം ആറായിരം സ്ത്രീധന മരണങ്ങളും രണ്ടായിരം സ്ത്രീധന പീഡനക്കേസുകളും റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ട്. അനൗദ്യോഗിക കണക്കുകളനുസരിച്ചാണെങ്കിൽ ഇരുപത്തയ്യായിരം സ്ത്രീകളാണ് ഓരോ വർഷവും സ്ത്രീധനപീഡനത്തിരയായി ഇന്ത്യയിൽ മരിക്കുന്നത്. അതിലുമേറെ സ്ത്രീകൾ നിഷ്ഠൂരമായി പീഡിക്കപ്പെടുന്നു. അറിയപ്പെടാതെപോകുന്ന പീഡനങ്ങൾ ഇതിലും എത്രയോ അധികമായിരിക്കും?

**ഇന്നു കിട്ടിയ പൂക്കൾ**

*ഇന്നെനിയ്ക്ക് പൂക്കൾ കിട്ടി.*
*ഇന്നെന്റെ ജന്മദിനമല്ല;*
*ഒരു വിശേഷദിവസവുമല്ല;*
*ഇന്നലെ രാത്രിയായിരുന്നു;*
*ഞങ്ങൾ തമ്മിലുള്ള തർക്കം.*
*അവനെന്നോട് ഒരുപാടു ക്രൂരമായ കാര്യങ്ങൾ പറഞ്ഞു;*
*അതെന്നെ മുറിപ്പെടുത്തി;*
*എനിക്കറിയാം, അവനതിൽ പശ്ചാത്താപമുണ്ടാകും;*
*പറഞ്ഞകാര്യങ്ങൾ അവനുദ്ദേശിച്ചില്ലെന്നും;*
*കാരണം, അവനെനിക്കു പൂക്കൾ തന്നു!*

*ഇന്നെനിക്ക് പൂക്കൾ കിട്ടി,*
*ഇന്ന് ഞങ്ങളുടെ വിവാഹവാർഷികമല്ല;*
*ഒരു പ്രത്യേക ദിവസവുമല്ല;*
*ഇന്നലെ അവനെന്നെ ഭിത്തിയുടെ നേർക്കെറിഞ്ഞു*

*എന്നെ ശ്വാസം മുട്ടിക്കാൻ തുടങ്ങി;*
*അതൊരു ദുഃസ്വപ്നം പോലെ തോന്നി.*
*അതു യാഥാർത്ഥ്യമാണെന്ന് വിശ്വസിക്കാൻ കഴിഞ്ഞില്ല.*
*എനിക്കറിയാം, അവനതിൽ പശ്ചാത്താപമുണ്ടെന്ന്;*
*കാരണം, അവനെനിക്കു പൂക്കൾ സമ്മാനിച്ചല്ലോ!*

*ഇന്നെനിക്ക് പൂക്കൾ കിട്ടി!*
*ഇന്നുമാതൃദിനമായിരുന്നില്ല;*
*ഒരാഘോഷദിവസവുമായിരുന്നില്ല;*
*ഇന്നലെ അവനെന്നെ വീണ്ടും മർദ്ദിച്ചു,*
*മറ്റെല്ലാതവണത്തേക്കാളുമധികമായി.*
*ഞാനവനെ വിട്ടുപോയാൽ, എനിക്കെന്തു ചെയ്യാനാകും?*
*എങ്ങനെ എന്റെ കുട്ടികളെ ഞാൻ നോക്കും*
*എനിക്കെവിടുന്നു പണം കിട്ടും?*
*എനിക്കവനെ ഭയമായിരുന്നു പോകാനും, എങ്കിലും*
*എനിക്കറിയാം, അവനു പശ്ചാത്താപമുണ്ടെന്ന്;*
*അതുകൊണ്ടല്ലേ എനിക്കവനിന്ന് പൂക്കൾ തന്നത്!*

*എനിക്കിന്നു പൂക്കൾ കിട്ടി.*
*ഇതൊരു പ്രത്യേക ദിനമാണ്;*
*എന്റെ ശവസംസ്ക്കാരദിനം!*
*ഇന്നലെ രാത്രിയിൽ, അവസാനം അവനെന്നെകൊന്നു;*
*എന്നെ മർദ്ദിച്ചുകൊല്ലുകതന്നെ ചെയ്തു.*
*അവനെ വിട്ടുപോകാനുള്ള ധൈര്യം എനിക്കുണ്ടായിരുന്നെങ്കിൽ*
*ഇന്നെനിക്കു പൂക്കൾ കിട്ടുകയില്ലായിരുന്നു!*[12]

ഉള്ളിൽ നൊമ്പരം വിതയ്ക്കുന്ന ഈ കവിതയിലേതുപോലുള്ള സത്യങ്ങൾ ഇനി ഈ നാട്ടിൽ ആവർത്തിക്കപ്പെടാതിരിക്കട്ടെ.

വീടുകൾക്കുള്ളിൽ സ്ത്രീകൾ ഒരുപാടു പീഡിപ്പിക്കപ്പെടുന്നുണ്ട്; ഭർത്താക്കന്മാരിൽ നിന്നും, ബന്ധുക്കളിൽ നിന്നും, എന്തിനേറെ, മക്കളിൽ നിന്നുപോലും! പഴയ കൂട്ടുകുടുംബങ്ങളുടെ കാലത്തുണ്ടായിരുന്നതിനേക്കാളേറെയാണ്, പുതിയ ഒറ്റകുടുംബത്തിലെ സ്ത്രീപീഡനങ്ങൾ. അണുകുടുംബങ്ങളിൽ പുരുഷനാകുന്നു സർവ്വാധികാരി. അവൻ കുടുംബിനിയെ ദ്രോഹിക്കാൻ പുറപ്പെട്ടാൽ കാണാനോ, കേൾക്കാനോ, തടയാനോ ആരുമില്ല. ഇര തിരിച്ചടിക്കില്ലെന്ന അറിവ് മർദ്ദകനെ നിർഭയനാക്കുന്നു. സ്നേഹത്തിന്റെ അഭാവമാണ് മർദ്ദനം നടക്കുന്നതിനു നിമിത്തമെന്നതിനാൽ മൃദുലവികാരങ്ങൾ അവനെ പിടിച്ചുനിർത്താനില്ല.[13] ലോകത്തിൽ മൂന്നു സ്ത്രീകളിൽ ഒരാൾവീതം മർദ്ദിക്കപ്പെടുന്നു; ജീവിതകാലത്ത് എന്നെങ്കിലും ലൈംഗിക ചൂഷണത്തിനിരയാകുന്നു എന്നാണ് സ്റ്റാറ്റിസ്റ്റിക്കൽ കണക്കുകൾ ചൂണ്ടി





കാട്ടുന്നത്; നാലു സ്ത്രീകളിലൊരാൾ ഗർഭകാലത്ത് ക്രൂരമായി ദുരുപയോഗിക്കപ്പെടുന്നു. 70 ശതമാനം സ്ത്രീഹത്യകളുടെ പുറകിലും ഭർത്താക്കന്മാർതന്നെയായിരുന്നു. പുരോഗതിയിൽ ഏറ്റം മുൻപന്തിയിലുള്ള അമേരിക്കയിൽപോലും പതിനഞ്ചു സെക്കന്റിനുള്ളിൽ ഒരു സ്ത്രീ മർദ്ദിക്കപ്പെടുന്നുണ്ട്; നാലു ദശലക്ഷം സ്ത്രീകൾ പീഡനത്തിന്റെ ഫലമായി ചികിത്സ തേടുന്നുണ്ട്; ഗാർഹികപീഡനഫലമായി ഒരു വർഷം 4000 സ്ത്രീകൾ മരിക്കുന്നുണ്ട്. കൂടതൽ ഭീകരമായ ഒരു വശംകൂടി ഇതിനുണ്ട്. അക്രമത്തിനിരയാകുന്ന സ്ത്രീകളും അവരെ പീഡിപ്പിക്കുന്നവരും തമ്മിലുള്ള വൈകാരിക ബന്ധത്തിനു സംഭവിക്കുന്ന ഉലച്ചിൽ, അതു സൃഷ്ടിക്കുന്ന മാനസികാഘാതമാണത്. അതു ഉണങ്ങാത്ത മുറിവായി ഉള്ളിലിരുന്നു നീറുന്നു. അതിന്റെ വിപത്ഘാതങ്ങൾ ജീവിതകാലം മുഴുവൻ നിലനിൽക്കുന്നവയാണ്. ആ കുടുംബത്തിൽ പിന്നെ പ്രാർത്ഥനാജീവിതമോ, വൈകാരിക ഊഷ്മളതയോ ഉണ്ടാകില്ല. ആ വീടിന്റെ പ്രകാശം കെട്ടുപോകുന്നു. വീടിനു പുറത്ത് ജോലിസ്ഥലത്തെ പ്രവർത്തനങ്ങളെക്കൂടി അതു ബാധിക്കുന്നു. ഗാർഹിക പീഡനം തടയേണ്ടതും കുടുംബങ്ങളെ അതിന്റെ ചൈതന്യത്തിൽ നിലനിറുത്തി സംരക്ഷിക്കേണ്ടതും സമൂഹത്തിന്റെയും സഭയുടെയും രാഷ്ട്രത്തിന്റെയും അനിവാര്യമായ കടമയാകുന്നത് അതിനാലാണ്.[14]

രണ്ടു വഡോദര സ്ത്രീകൾ ഒരു മകൻ പിറക്കാത്തതിന്റെ പേരിലുള്ള ഭർത്താവിന്റെ ക്രൂരമായ പീഡനം സഹിക്കാനാകാതെ അഹമ്മദാബാദിലേയ്ക്കു രക്ഷപ്പെട്ട ഒരു സംഭവം ഓർമ്മവരുന്നു. അവരുടെ കഥയനുസരിച്ച് അവർ മരിക്കാതെ രക്ഷപ്പെട്ടത് ഒരത്ഭുതമാണ്. *രാജേഷ് രജപുത്* എന്ന മനുഷ്യന്റെ ഭാര്യയായിരുന്നു അവർ രണ്ടുപേരും; *സുനിതയും, കാജലും*; സഹഭാര്യമാർ. രണ്ടുപേർക്കും രാജേഷിന് ഒരു മകനെ കൊടുക്കാൻ കഴിഞ്ഞില്ല. സുനിതയ്ക്ക് ആൺകുട്ടി ഉണ്ടാകാത്തതിന്റെ പേരുപറഞ്ഞായിരുന്നു കുതന്ത്രമുപയോഗിച്ച് അയാൾ കാജലിനെ വിവാഹം ചെയ്തത്. അപ്പോൾ എഴുമാസം ഗർഭിണിയായിരുന്നു സുനിത. മൂത്ത രണ്ടു പെൺമക്കൾ ജനിച്ചുകഴിഞ്ഞ് ആറു പ്രാവശ്യം അതിനിടയിൽ അവൾ അബോർഷനു വിധേയമാക്കപ്പെട്ടിരുന്നു. അബോർഷൻ വിസമ്മതിച്ചാൽ ഭർത്താവ് മർദ്ദിച്ചു കൊല്ലാറാക്കും. രണ്ടും കല്പിച്ച് ഈ ഗർഭസ്ഥകുഞ്ഞിനെക്കൂടി നശിപ്പിക്കുവാൻ അവൾ വിസമ്മതിച്ചു. ചതിയിൽ അയാൾ വിവാഹം കഴിച്ച കാജലും ഒരു പെൺകുഞ്ഞിനെ ജന്മം നൽകിയതോടുകൂടി അവളുടെ ജീവിതവും സുനിതയുടേതുപോലെ നരകമായി. *ഖുഷി* എന്ന ആ നവജാത കുഞ്ഞിനെ ഒരു മാസം മാത്രം പ്രായമുള്ളപ്പോൾ കൊന്നുകളയാൻവേണ്ടി അയാൾ തലകീഴായി കെട്ടിത്തൂക്കി. സുനിതയുടെയും കാജലിന്റെയും ചെവികളിൽ അയാൾ ആണിയടിച്ചു കയറ്റുകയും ശരീരത്തിൽ മുളക് അരച്ച് തേക്കുകയും അയാളുടെ മൂത്രം ബലംപ്രയോഗിച്ച് അവരെക്കൊണ്ട് കുടിപ്പിക്കുകയും ചെയ്യുമായിരുന്നു. തങ്ങളുടെ പെൺമക്കളുമായി അയാളിൽ നിന്ന് പ്രാണനുംകൊണ്ട്

രക്ഷപ്പെട്ട് അഭയകേന്ദ്രത്തിൽ കഴിയുന്ന അവരുടെ പരാതിയനുസരിച്ച് രാജേഷും അയാളുടെ രണ്ടു സഹോദരന്മാരും പിന്നീട് അറസ്റ്റുചെയ്യപ്പെട്ടു.[15] ഇനിയും എത്ര രാജേഷുമാർ? എത്രയെത്ര സുനിതമാരും, കാജലുമാരും?

### വിധവകൾക്കെതിരെയും അക്രമങ്ങൾ

ഇന്ന് ഇന്ത്യയിൽ നിയതാർത്ഥത്തിൽ *സതി* ഇല്ല എന്നതു സത്യമാണ്. പക്ഷേ, മാനസികമായി സതിയുടെ അവസ്ഥയിൽതന്നെയാണ് അധികം വിധവകളും ഇവിടെ കഴിഞ്ഞുകൂടുന്നത്. ഭർത്താവ് മരിക്കുന്നതോടെ സ്ത്രീയ്ക്ക് അവളുടെ തനിമ നഷ്ടപ്പെടുന്നു. ഭർത്താവുമായി ബന്ധപ്പെട്ടുമാത്രമാണ് അവളുടെ അസ്തിത്വം എന്നതാണ് പരിതാപകരമായ നില. പുനർവിവാഹം നിന്ദ്യമായാണ് പലയിടത്തും കരുതപ്പെടുന്നത്. വിധവയ്ക്ക് അവകാശപ്പെട്ട സ്വത്തുക്കൾ ബന്ധുക്കൾ കൗശലപൂർവ്വം തട്ടിയെടുക്കുന്നു. മക്കളിൽനിന്നുപോലും അനുകൂലമായ പെരുമാറ്റമോ, സംരക്ഷണമോ വിധവകൾക്കു പലപ്പോഴും ലഭിക്കാതെ പോകുന്നു. ജീവിതാന്ത്യംവരെ ഈ അവഗണനയും അവമതിയും സഹിച്ചു പിൻവലിഞ്ഞു കഴിയുവാനാകുന്നു അവരുടെ വിധി.

സ്ത്രീകൾ അവഗണിക്കപ്പെടുകയും മാറ്റിനിർത്തപ്പെടുകയും രണ്ടാംകിടക്കാരായിമാത്രം കണക്കാക്കപ്പെടുകയും ചെയ്യുന്ന വേദികൾ വേറെയും ഒരുപാടുണ്ട് നമ്മുടെ സമൂഹത്തിൽ. അഭിരുചിയ്ക്കൊത്ത വിദ്യാഭ്യാസം പലപ്പോഴും അവർക്കു ലഭ്യമാകുന്നില്ല; ഇഷ്ടമുള്ള ജോലി തെരഞ്ഞെടുക്കാൻ അവകാശമില്ല. ഇഷ്ടപ്പെട്ട ജീവിതാന്തസ്സ് തെരഞ്ഞെടുക്കാനവകാശമില്ല... അസ്വാതന്ത്ര്യത്തിന്റെ കെട്ടുപിണച്ചിലുകൾ നീളുകയാണ്.

ഈ പരിവൃത്തത്തിൽ സ്ത്രീകളുടെ വിമോചനത്തിനും അവരെ ശക്തിപ്പെടുത്തി മുഖ്യധാരയിൽ സമത്വ പങ്കാളിത്തത്തിലെത്തിക്കുന്നതിനും വേണ്ടി, അവകാശപ്പെട്ട ജന്മം ഈ ഭൂമിയിൽ ജീവിക്കാൻ അവർക്കു കഴിയുന്ന സാഹചര്യമൊരുക്കുന്നതിനു വേണ്ടി സമൂഹത്തിന് പലതും ചെയ്യുവാൻ കഴിയും; ചെയ്യേണ്ടതായുമുണ്ട്. അതിനു നേതൃത്വം നൽകുക സി.എം.സി. സന്യാസിനീധാരയുടെ ധർമ്മമാണ്.

1950ന്റെ ആരംഭത്തിൽ പ്രവാചകപ്രതിഭയായ തോമസ് മെർട്ടൻ ഇങ്ങനെ കുറിച്ചു:

*നാം ജീവിക്കുന്നത് ചരിത്രത്തിലെ ഏറ്റവും വലിയ വിപ്ലവകാലഘട്ടത്തിലാണ്. മനുഷ്യകുലത്തെ മുഴുവൻ ബാധിക്കുന്ന ഒരു വലിയ സ്വയം പ്രേരിത വിപ്ലവമാണിത്. ഒരു പ്രത്യേക പാർട്ടിയോ, വംശമോ രാജ്യമോ വിഭാവനം ചെയ്ത് നടത്തിയ ഒരു വിപ്ലവമല്ലിത്. പ്രത്യുത, ഒരു ജനതയുടെ അകത്തളങ്ങളിൽ അലയടിക്കുന്ന ആന്തരിക സംഘർഷങ്ങളാണ്; താറുമാറായ ശക്തികളുടെ ഒരു വിപ്ലവമാണിത്. ഇതു നമുക്ക് ഒഴിവാക്കാവുന്നതല്ല.*[16]





ചരിത്രത്തിലെ ഏറ്റവും വലിയ വിപ്ലവകാരിയായ നസ്രത്തിലെ യേശുവിന്റെ മാതൃക പിന്തുടർന്നുകൊണ്ട് തിരുസ്സഭയോടു ചേർന്നുനിന്നു പ്രവർത്തിക്കുകയാണ് സന്യാസിനീസമൂഹത്തിനു ചെയ്യുവാൻ കഴിയുക.

മനുഷ്യവർഗ്ഗത്തിന്റെ രക്ഷയെക്കുറിച്ചുള്ള പദ്ധതി നടപ്പാക്കാൻ ദൈവം തിരഞ്ഞെടുത്തത് ഒരു സ്ത്രീയെയാണ്. അവളുടെ *സമ്മത*ത്തെ ആശ്രയിച്ചുള്ളതായിരുന്നു അവിടുത്തെ പദ്ധതി. ആ തെരഞ്ഞെടുപ്പ് ഒരു നിർണ്ണായക നിമിഷമായിരുന്നു. ചരിത്രത്തിലും സഭയിലും ദൈവിക പദ്ധതിയിലും സ്ത്രീയുടെ മഹനീയത പ്രകാശിതമായ നിമിഷം! രക്ഷാകരമായ പദ്ധതിയിൽ ചുവടുറപ്പിച്ചു നിൽക്കുന്ന രണ്ടു സ്ത്രീകളെ വിശുദ്ധലിഖിതങ്ങളിൽ നാം കാണുന്നു; മറിയവും, എലിസബത്തും. ഇരുവരും സന്താനലബ്ധിയുടെ കൃപ പങ്കുവയ്ക്കുകയും വിശ്വാസസരണിയിൽ പരസ്പരം പിന്താങ്ങുകയും ശക്തിപ്പെടുത്തുകയും ചെയ്തവരാണ്. അവരുടെ പ്രഥമവും, പ്രധാനവുമായ ദൗത്യം എന്തെന്നു നമുക്കു വെളിപ്പെടുത്തിത്തരുന്നുണ്ട്. വിശ്വാസസരണിയിൽ സകല സ്ത്രീകളേയും പിന്താങ്ങുകയും ശക്തിപ്പെടുത്തുകയും ചെയ്യുകയാണതിൽ പ്രഥമ മുഖ്യം. സ്ത്രീത്വത്തിന്റെ എല്ലാ ഊഷ്മതകളോടും സമ്പന്നതകളോടും ചേർന്നുനിന്നുകൊണ്ട് സ്ത്രീത്വത്തിന്റെ അവകാശവും ജന്മവും നിഷേധിക്കപ്പെടുന്ന സ്ത്രീകൾക്കുവേണ്ടി ഒന്നായി നിവർത്തിക്കേണ്ടുന്ന കാര്യമാണത്. മറിയത്തിന്റെ ഹൃദയത്തിൽ നിന്നുതിർന്ന സ്തോത്ര ഗീതം സകല സ്ത്രീകളിൽനിന്നുമുയരുവാൻ ഇടവരുന്ന വിശ്വാസാന്തരീക്ഷം സൃഷ്ടമാകുമ്പോൾ മാറ്റത്തിന്റെ ഒരു ശംഖൊലി ഇവിടെ അതിനൊത്തു മുഴങ്ങുവാൻ വേദിയൊരുക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ഒരു ചുവടുമാറ്റം സാധിക്കാൻ ലോകം കീഴ്മേൽ മറിയേണ്ടതുണ്ടോ? താഴ്ന്നവരെ ഉയർത്തുന്നതിലൂടെയും വിശക്കുന്നവർക്ക് നല്ല വിഭവങ്ങൾ നൽകുന്നതിലൂടെയും മാത്രമാണ് അത് സാധിക്കുക എന്നു യേശു എപ്പോഴേ മാതൃക കാണിച്ചു തന്നിരിക്കുന്നു.[17] മറിയവും, എലിസബത്തും ദൈവീകവംശത്തിന്റെ മാതാമഹികളായിത്തീർന്നവരാണ്. അവരിലൂടെ ദൈവീകശക്തിയും കരുണയുമായി ദൈവപുത്രൻ നമ്മുടെ ലോകത്തിൽ പ്രവേശിക്കുകയും താഴ്ന്നവരും വിശക്കുന്നവരും അവിടുത്തെ സദ്വാർത്തയുടെ സ്വീകർത്താക്കളാവുകയും ചെയ്തു.

പരിശുദ്ധ മറിയം, എലിസബത്ത് എന്നിവരെപ്പോലെ നാമോരോരുത്തരും ക്ഷണിക്കപ്പെട്ടിരിക്കുന്നതും ഒരുക്കപ്പെട്ടിരിക്കുന്നതും ആത്മനിഷ്ഠയുള്ളവരും ആത്മകേന്ദ്രീകൃതരും പ്രതികരിക്കുന്നവരും ക്രിയാത്മകതയുള്ളവരുമായി ദൈവീകശക്തിയെ കരുണയായി, താഴെക്കിടയിലുള്ളവരും കീഴ്പ്പെട്ടവരുമായ നമ്മുടെ ലോകത്തിലെ സ്ത്രീകൾക്ക്, പകർന്നുനൽകാൻവേണ്ടിക്കൂടിയാണ്. മറിയത്തേയും, എലിസബത്തിനെയും നാം *പിന്തുടർന്നാൽ നാം നമ്മെ തന്നെ പരിശുദ്ധിയാൽ നിറച്ച് ദൈവത്തെ മഹത്വപ്പെടുത്തുകയും നമ്മുടെ*

*പരിമിതമായ കഴിവും കാര്യക്ഷമതയും ഉപയോഗിച്ച് പരസ്പരം ശക്തിപ്പെടുത്തുകയും അതിലൂടെ ലോകത്തെ ക്രിയാത്മകമായി കീഴ്മേൽ മറിക്കാൻ പ്രാപ്തരാവുകയും ചെയ്യും* എന്ന പേർഷ്യൻമിസ്റ്റിക് റൂമിയുടെ വാക്കുകൾ സാക്ഷാത്കരിക്കുന്നവരായി നാം മാറേണ്ടതുണ്ട്. പരിശുദ്ധ മറിയത്തേയും എലിസബത്തിനേയും പോലെ സമർപ്പിതരാണു സന്യാസിനീസഹോദരിമാരും. ഒരു ദൈവീകവംശത്തിന്റെ മാതാമഹികളാകാൻ നമുക്കും കഴിയും; കഴിയണം.

ക്രിസ്തുനാഥൻ ഉയിർത്തെഴുന്നേറ്റപ്പോൾ ഉത്ഥാനത്തിന്റെ ആദ്യ സാക്ഷികൾ സ്ത്രീകളായി എന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഭവമാണ്. ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായി ദൈവനിയോഗമായിത്തന്നെ വേണം അതിനെ കാണാൻ. നിയമപരമായി യഹൂദസ്ത്രീയ്ക്ക് സാക്ഷ്യം വഹിക്കാൻ സാധിക്കുമായിരുന്നില്ല. പക്ഷെ, ക്രിസ്തു ചെയ്തത് തന്റെ ഉത്ഥാനം ശിഷ്യരെ അറിയിക്കുവാനായി അന്നത്തെ സമൂഹം പുറമ്പോക്കിലേയ്ക്കു തള്ളിയിരുന്ന സ്ത്രീകളെത്തന്നെ അയക്കുകയാണ്. അതിലൂടെ യേശുനാഥൻ അപ്പസ്തോലന്മാർക്കു തുല്യം അവരെ ഉയർത്തുകയായിരുന്നു. ശ്ലീഹന്മാർക്കു നൽകപ്പെട്ട സുവിശേഷദാനദൗത്യത്തിലേയ്ക്ക് അവരെ ഉൾപ്രവേശിപ്പിക്കുകയായിരുന്നു. സ്ത്രീകളോടുള്ള ഈ കർതൃസമീപനവും അവർക്കു നല്കിയ പരിഗണനയും അക്കാലഘട്ടത്തിന് അതീതമായിരുന്നു. അവർ അവിടുത്തെ അനുഗമിക്കുന്നതാണു നാം കാണുന്നത്.[18] *റബ്ബി* എന്ന നിലയിൽ യേശു സ്ത്രീകളോട് സംസാരിച്ചത് അന്നത്തെ നിലയിൽ അവിടുത്തുകാരിൽ പലർക്കും *ഉതപ്പിന്* കാരണമായി എന്നും നാം കാണുന്നു.[19] സ്ത്രീകളുമായി അവിടുന്ന് നല്ല സൗഹൃദം പുലർത്തിയിരുന്നു.[20] പരസ്യപാപിനികളെപ്പോലും ശിഷ്യഗണത്തിൽ ദൈവപുത്രൻ സ്വീകരിച്ചു. ക്രിസ്തുവിന്റെ അതേ സമീപന മനോഭാവത്തിലാണ് സഭ ഇന്ന് സ്ത്രീകളെ കാണുന്നത്.[21] തിരുഃസഭ സ്ത്രീക്ക് വ്യക്തിമഹത്വം നൽകുന്നു. ദൈവതിരുമുമ്പാകെ പുരുഷനോടൊപ്പം അവൾക്ക് തുല്യത നൽകുന്നു.[22] ഇതിന്റെ ആത്യന്തിക ഫലം വിവാഹത്തെക്കുറിച്ചുള്ള യേശുവിന്റെ നിഷ്ഠാകല്പനതന്നെയാണ്. ഏകഭാര്യാഭർതൃബന്ധം, അവിഭാജ്യത, വിശ്വസ്തത എന്നിവ പരസ്പരപൂരകങ്ങളാകയാൽ പുരുഷനോടൊപ്പം സ്ത്രീയും ഒരുപോലെ ഇക്കാര്യങ്ങൾ നിവർത്തിച്ചുകൊണ്ടു ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. വിശ്വസ്തത ദാമ്പത്യത്തിൽ ഒരു കാലത്തും സ്ത്രീയുടെ മാത്രം കടമയായി കാണാനാവില്ല. ധാർമ്മികമായി ഇരുവരും തുല്യ ഉത്തരവാദിത്വമുള്ളവരാണ്; ആയിരിക്കണം. വിവാഹജീവിതത്തിലെ ഈ പരസ്പരോത്തരവാദിത്വത്തെക്കുറിച്ച് വ്യക്തികൾക്ക് ബോദ്ധ്യം നൽകേണ്ടതുണ്ട്. സുവിശേഷാധിഷ്ഠിതമായ ഉത്തമമാതൃക അവർക്കുമുമ്പിൽ അവതരിപ്പിച്ച് അവരെ ആ അവബോധത്തിലേയ്ക്കുണർത്തുവാനായിരിക്കണം ശ്രമം.





പഴയനിയമത്തിലെ റൂത്തിന്റെയും, ഓർഫായുടെയും അവരുടെ അമ്മയിയമ്മയായ നയോമിയുടെയും കഥ സ്ത്രീത്വത്തിന്റെ പ്രവാചകദൗത്യം അനുസ്മരിപ്പിക്കുന്നു. ഈ യുവതികളെ സ്വന്തജനങ്ങളോടൊപ്പം മൊവാബിൽ താമസിക്കാൻ പ്രേരിപ്പിച്ചശേഷം നയോമി ഇസ്രായേലിലേയ്ക്ക് മടങ്ങുന്നു. മൊവാബിലേയ്ക്ക് പോയ ഓർഫ മരണമടയുന്നു. എന്നാൽ റൂത്ത് വിശ്വസ്തതയോടെ *നീ എവിടെപ്പോകുന്നുവോ, അവിടെ ഞാനും പോകും. നീ എവിടെ താമസിക്കുന്നുവോ, അവിടെ ഞാനും താമസിക്കും. നിന്റെ ജനം എന്റെ ജനമായിരിക്കും. നിന്റെ ദൈവം എന്റെയും ദൈവമായിരിക്കും*[23] എന്നു പറഞ്ഞുകൊണ്ട് നവോമിയോടൊത്തു പോകുന്നു. പിതാക്കന്മാരുടെ പിതാവായ അബ്രാഹത്തെപ്പോലെ, യുവതിയായ റൂത്ത് അപകടത്തിന്റെയും അരക്ഷിതത്വത്തിന്റെയും മരണത്തിന്റെയും മുമ്പിൽ പതറാതെ പിതൃഭവനം വിട്ട് ധീരതയോടെ അത്തരമൊരു സാഹസിക തീരുമാനം സ്വീകരിക്കുകയായിരുന്നു. കുട്ടികളില്ലാത്തവളും വിധവയും പ്രത്യക്ഷത്തിൽ യാതൊരു വരുമാന സ്രോതസ്സും സംരക്ഷണയും ഇല്ലാത്തവളുമായിരുന്നു റൂത്ത് എങ്കിലും വിപത്സന്ധിയിൽ മുൻകൈ എടുക്കാനുള്ള അവളുടെ കഴിവും ധീരതയും അവൾ കരുണയോടെ ഉപയോഗപ്പെടുത്തുകയായിരുന്നു. ജീവിതം മുഴുവൻ ബോവാസിനോടും അമ്മായിയമ്മ നവോമിയോടുമുള്ള ദയാപരമായ പ്രവൃത്തികളാൽ സമ്പന്നമാക്കുവാൻ ശ്രമിക്കുന്നതിലൂടെ അവൾ ഒരു വംശത്തിന്റെ മാതാമഹിയായിത്തീർന്നു[24] എന്നു നാം വായിക്കുന്നു.

സ്ത്രീകളായ നാം ദൈവം നമുക്കു ജന്മനാ നൽകിയിട്ടുള്ള അതിശക്തിയെ ഊർജ്ജസ്വലമാക്കണം. നാം ദൈവീകജിവനിൽ പങ്കുചേരുകയും, സൃഷ്ടിപരവും, ഭാവനാപരവുമായ ജീവിതതലങ്ങളിലേയ്ക്ക് പ്രവേശിക്കുകയും ചെയ്യുന്നവരാണ്; അതിനു കെൽപ്പുള്ളവരുമാണ്. അങ്ങനെ ചെയ്യുന്നതു വഴിയായി, സൃഷ്ടിയെ ആഴപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും ദൈവീകശക്തിയെ പ്രപഞ്ചത്തിലേയ്ക്ക് കൊണ്ടുവരികയും ചെയ്തുകൊണ്ട് നമ്മുടെ ദൈവവിളിയെ പരിപൂർത്തിയിലെത്തിക്കുവാൻ നമുക്കു കഴിയുന്നു. ആന്തരികശക്തിയെ വികസിപ്പിക്കുന്നതു വഴി നമ്മിൽ വികസിക്കാതെ കിടക്കുമായിരുന്ന അതിശക്തിയെ നാം ദൈവത്തിന് തിരിച്ചുസമർപ്പിക്കുകയാണ് ചെയ്യുന്നത്.

സഭ പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകൾക്കും മാമ്മോദീസ നൽകുന്നുണ്ട്; പാപമോചനം തരുന്നുണ്ട്; വിവാഹമെന്ന കൂദാശ നൽകുന്നുണ്ട്; തുല്യപദവിയിൽ നമ്മെ അനുഗ്രഹിക്കുന്നുണ്ട്; സ്ഥൈര്യം നൽകുന്നുണ്ട്; ദിവ്യകാരുണ്യം നൽകുന്നുണ്ട്. സദ്വാർത്ത അറിയിക്കാനുള്ള ദൗത്യം നമ്മെയാണ് ഭാരമേൽപ്പിച്ചത്. അത് പകർന്ന് കൊടുക്കാനും പ്രഘോഷിക്കാനും ഔദ്യോഗികമായ രീതിയിൽത്തന്നെ കൈകാര്യം ചെയ്യാനും സാധ്യമാകും വിധം, നമ്മെ കൃപയുടെ സംവാഹകരായി സ്വീകരിക്കുംവിധം പദാവലി,

ശുശ്രൂഷ, ആരാധനാക്രമം, അധികാരം എന്നീ തലങ്ങളിൽ ദൃശ്യവും ശ്രാവ്യവുമായ അടിയന്തിരമായ പരിവർത്തനങ്ങൾ ആവശ്യമായി വരുന്നു. ആ മാറ്റത്തിന്റെ തുടക്കം നമ്മിൽനിന്നു തന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കഴിവ് ആ അർത്ഥത്തിൽ വികസിപ്പിച്ചാൽ പുരുഷമൂല്യങ്ങളുമായൊരു ഏറ്റുമുട്ടലിലേയ്ക്ക് അത് നയിച്ചേക്കും എന്നു ഭയപ്പെട്ടേക്കാം. പുരുഷമേധാവിത്വത്തെക്കുറിച്ചുള്ള പഠനത്തിൽ നിന്നും സ്ത്രീകളോടുള്ള അനീതിപരമായ സമീപനത്തെക്കുറിച്ചുള്ള വിശകലനങ്ങളിൽനിന്നും നമുക്ക് അറിയുവാൻ കഴിയുന്നതുപോലെ ചിലപ്പോൾ ചില സ്ത്രീകൾ അത്തരം പൊട്ടിത്തെറിക്കലുകളിലേക്ക് നയിക്കപ്പെടുന്നുണ്ട്. കൂടുതൽ സംഘർഷമല്ല; പരിഹാരമാണാവശ്യം. അതിന് കുറ്റപ്പെടുത്തുന്നതും ഔദ്ധത്യപരവുമായ ശൈലികളെ അകറ്റിനിറുത്തുവാൻ ശ്രദ്ധാലുക്കളാവുകയാണു വേണ്ടത്.

ചൂഷിതരാണെങ്കിലും ചൂഷകരേക്കാൾ ഉൾക്കാഴ്ചയുള്ളവരാകണം നാം.

ഈ ഉൾക്കാഴ്ച ഒരു ദാനമാണ്. ചൂഷകരാവുക എന്ന കെണിയിൽ വീണ് ചൂഷിതരെ സൃഷ്ടിക്കാൻ ഇടയാകുന്നവിധം ഈ ദാനം ദുരുപയോഗിക്കാതിരിക്കാൻ ആദ്യമേ നാം ശ്രദ്ധാലുക്കളാകണം. അതിനാവശ്യം, അനിവാര്യം ധ്യാനാത്മകതയുടെയും പ്രാർത്ഥനയുടെയും നിലപാടാണ്.

പ്രാർത്ഥന, പരിചിന്തനം ആവശ്യപ്പെടുന്നു. ദൈവീകശക്തിയാൽ നമ്മെ പരിപോഷിപ്പിച്ചുകൊണ്ട് ഉള്ളിനെ ശാന്തമാക്കുകവഴി പീഡിപ്പിച്ച പുരുഷവർഗ്ഗത്തോട് ക്ഷമിക്കാൻ സ്ത്രീകുലം തയ്യാറാകണം. അതാണ് എളിമ; അതാണ് കരുണയും. ചൂഷകന്റെ പക്ഷത്തുനിന്ന് ചിന്തിച്ചുകൊണ്ട് അവന്റെ ചുവടുകളിൽ നടക്കുകവഴിയാണ് ഈ കരുണ എളുപ്പമാകുന്നത്. സംസ്ക്കാരം പുരുഷനോട് എന്താണ് ചെയ്തതെന്നും ഏതു മനോഃനിലയിലാണ്; എന്തുകൊണ്ടാണ്, അവൻ അങ്ങിനെ പ്രവർത്തിക്കുന്നതെന്നും അന്വേഷിച്ചു കണ്ടെത്തണം. പുരുഷനു ലഭിച്ചിട്ടുള്ളതുപോലുള്ള കുടുംബപരവും, സംസ്ക്കാരപരവും, സഭാപരവുമായ ചട്ടക്കൂടിന്റെ ഘടനയിലെ ഇടത്തിൽ വന്നുപെട്ടാൽ എന്തായിരിക്കും സ്ത്രീകളുടെ പ്രതിഭാവം?

എങ്ങനെയാവും പെരുമാറ്റം?

ഇതിലും മെച്ചമായിരിക്കുമോ?

പ്രചോദിപ്പിക്കുന്നത്, പ്രചോദിപ്പിക്കേണ്ടത് യേശുമാതൃകയാണ്. അവിടുത്തെ മനോഭാവം ഉൾക്കൊണ്ട് കരുണയിലേക്കു നീങ്ങുകയാണെങ്കിൽ സ്വാഭാവികമായും വന്നെത്തുക പരാശ്രയമില്ലാത്ത ആന്തരിക സ്വാതന്ത്ര്യത്തിന്റെയും സ്വയംഭരണാവകാശത്തിന്റെയും വഴിയിലായിരിക്കും. ചൂഷിതരാകാതിരിക്കാനുള്ള ഏകമാർഗ്ഗവും ജലത്തിനുമുകളിൽ നടക്കാനുള്ള ഏകവഴിയും അതാണ്.[25]

സുപ്രസിദ്ധ നരവംശശാസ്ത്രജ്ഞയായ മാർഗരറ്റ് മെഡിന്റെ അഭിപ്രായത്തിൽ മനുഷ്യചരിത്രത്തിന് നാലു സുപ്രധാനകാലഘട്ടങ്ങളാണുള്ളത്.





*പരിണാമകാലഘട്ടം, ഐസ്കാലഘട്ടം, വ്യവസായവത്കരണകാലഘട്ടം, സ്ത്രീപക്ഷപ്രസ്ഥാനങ്ങളുടെ കാലഘട്ടം.*

അടിച്ചമർത്തപ്പെട്ട സ്ത്രീകളുടെ അനുഭവതലത്തിലാണ് ഈ നാലാമത്തെ ഘട്ടം അടിസ്ഥാനമിട്ടിരിക്കുന്നത്. സ്ത്രീകളുടെ കഴിവുകൾ വികസിപ്പിക്കുക എന്നതാണ് അതിന്റെ ദർശനം. ചില സ്ത്രീകൾ എങ്കിലും അടിച്ചമർത്തപ്പെട്ട അവസ്ഥയിൽ ആയിരിക്കുന്നത് ഇഷ്ടപ്പെടുന്നുണ്ട് എന്നതു ഇതിനിടയിൽ മറന്നുകൂടാ. അവർക്ക് ഉത്തരവാദിത്വങ്ങളിൽനിന്ന് അത് ഒഴിവുകൊടുക്കുകയും ആ വിധം അവരെ സുരക്ഷിതബോധം ഉള്ളവരാക്കുകയും അതിൽ അവർക്കു വൈകാരിക സംതൃപ്തി നൽകുകയും ചെയ്യുന്നുമുണ്ട്.

സ്ത്രീകളുടെ വിദ്യാഭ്യാസ ആവശ്യങ്ങളും അവകാശങ്ങളും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനംവരെ അംഗീകരിക്കപ്പെടുകയോ പരിഗണിക്കപ്പെടുകയോ ചെയ്തിരുന്നില്ല. അതിനാൽ അതിന് മുൻകൈ എടുക്കുക എന്നത് അനിവാര്യമായ ഉത്തരവാദിത്വമായിരുന്നു; ഇപ്പോഴുമാണ്. സുവിശേഷങ്ങളുടെ മനനത്തിൽനിന്നാണ് സ്ത്രീകളുടെ കഴിവു വികസിപ്പിക്കുവാനുള്ള ഊർജ്ജം കണ്ടെത്താനാവുക. പ്രവാചകൻ ആയിരിക്കുക എന്നാൽ യേശുപ്രബോധനങ്ങളെ ജീവിതശൈലിയാക്കി പകർത്തുക എന്നാണർത്ഥം. പ്രവാചകജീവിതശൈലി ക്ഷണിക്കുന്നത് സുവിശേഷത്തിന് ശക്തമായ പ്രത്യുത്തരം നൽകാനും, സ്ത്രീകളെയും പുരുഷന്മാരെയും സമഭാവത്തിൽ അവരിലുള്ള ദൈവീകതയിലേയ്ക്ക് ഉണർത്തുവാനും, എല്ലാവരെയും ഘടനാപരമായ അടിച്ചമർത്തലിൽനിന്നും വിമോചിപ്പിക്കുവാനായി പ്രവർത്തിക്കുവാനുമാണ്. പുരുഷന്മാർ ചെയ്യുന്ന ജോലികൾ സ്ത്രീകൾ ചെയ്യുകയെന്നതോ, പുരുഷന്മാരെപ്പോലെ സ്ത്രീകൾ കാര്യങ്ങൾ ചെയ്യുകയോ എന്നതോ അല്ല അതിനർത്ഥം; പ്രത്യുത, സ്ത്രീകളുടെ നന്മകളും അനുഭവങ്ങളും അവരുടെ സ്വാധീനങ്ങളുമെല്ലാം സഭാജീവിതത്തിലേയ്ക്കും സഭയുടെ തീരുമാനമെടുക്കൽ പ്രക്രിയകളിലേയ്ക്കും സഭയുടെ ജീവൻ പ്രദാനം ചെയ്യുന്ന വ്യവസ്ഥിതികളിലേയ്ക്കും കൊണ്ടുവരിക എന്നതാണ്.[26]

## കരുണയുടെ വീണ്ടെടുക്കൽ

ചരിത്രപരമായി നോക്കുമ്പോൾ കരുണയെ അവഗണിച്ച ഒരു നീണ്ട പാരമ്പര്യത്തിൽനിന്നും ഇന്നു നാം പുറത്തുവന്നിരിക്കുന്നു. ലോകത്തോട് വൈരുദ്ധ്യാത്മക നിലപാടു പുലർത്തിയിരുന്ന പാരമ്പര്യമായിരുന്നു മുൻപ്. തിരുസ്സഭ ഇന്ന് ആദ്ധ്യാത്മികതയുടെ കേന്ദ്രമായി കരുണയെ വീണ്ടെടുത്തിരിക്കുന്നു. ധ്യാനാത്മകമായ അവബോധത്തിൽ ഊന്നിയ പ്രവർത്തനത്തെയും, ആ പ്രവർത്തനത്തെ ചൈതന്യവത്താക്കിത്തീർക്കുന്ന ആന്തരികമായ യോഗാത്മകജീവിതത്തെയുമാണ് ഇന്ന് പരിപോഷിപ്പിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും.

ദൈവത്തിനുവേണ്ടിയുള്ള ആത്മീയദാഹം ദരിദ്രരെ പ്രതിയുള്ള ആത്മീയ വ്യഥയുമായി ചേർന്നുപോകണം എന്നാണ് വിമോചന ദൈവശാസ്ത്രജ്ഞനായ ലിയനാർഡോ ബോഫിന്റെ അഭിപ്രായം. പൂർവ്വകാലങ്ങളിൽ സുവിശേഷവ ത്കരിക്കപ്പെടാത്തവരെക്കുറിച്ചായിരുന്നു വ്യാകുലതയെങ്കിൽ ഇന്ന് സമൂഹ ത്തിൽ തങ്ങളുടേതായ ഒരു വ്യക്തിത്വം പോലും ഇല്ലാതെപോകുന്നവരെ യാണ് പ്രഥമപ്രമുഖമായി പരിഗണിക്കേണ്ടത്. ബോണി തേഴ്സ്റ്റന്റെ പ്രാർത്ഥന അതു വെളിപ്പെടുത്തുന്നു:

*നിങ്ങളുടെ നക്ഷത്രങ്ങൾകൊണ്ടുള്ള പുറങ്കുപ്പായം*
*ഞങ്ങളുടെ മേൽ നിങ്ങൾ വലിച്ചെറിഞ്ഞോളൂ;*
*എന്നാൽ അവരെ വളരെ ശ്രദ്ധയോടെ*
*നിങ്ങൾ പുതപ്പിക്കണം... കാരണം,*
*അവർ സത്രത്തിൽപോലും ഇടം കിട്ടാത്തവരും*
*ദരിദ്രരും നഷ്ടപ്പെട്ടവരും*
*ഒറ്റപ്പെട്ടവരും വേദനിക്കുന്നവരുമാണ്.*
*അവരെ നിങ്ങൾ പുതപ്പിച്ചാലും!*[27]

വാട്ടർ എന്നുപേരായ സിനിമയിൽ 38 കോടിയോളം വരുന്ന ഹിന്ദുവിധവ കളുടെ അതിദയനീയമായ ഒരു ചിത്രം കാണാം. തലമുണ്ഡനംചെയ്ത് ഇനി യൊരിക്കലും വിവാഹിതരാകാൻ അനുവാദമില്ലാതെ അവരെ ആശ്രമങ്ങ ളിൽ അടച്ചിട്ടിരിക്കുന്നു. ഇപ്രകാരം അടിമത്തത്തിലകപ്പെട്ട, ചൂഷിതരായ, ഒറ്റപ്പെട്ട, വിദ്യാഭ്യാസവും മറ്റെല്ലാ സൗകര്യങ്ങളും നിഷേധിക്കപ്പെട്ട, തങ്ങ ളുടെ പൈതൃകാവകാശങ്ങൾ പോലും കവർന്നെടുക്കപ്പെട്ടിരിക്കുന്ന, സ്ത്രീകൾക്കും വിധവകൾക്കും വേണ്ടി എങ്ങനെ പ്രവാചകശബ്ദം ഉയർത്താൻ കഴിയും എന്നതാണ് ആലോചിക്കേണ്ടത്; അന്വേഷിക്കേണ്ടത്; കണ്ടെത്തേണ്ടത്. അവർക്കുവേണ്ടിയും സമൂഹത്തിന്റെ മുഖ്യധാരയിൽനി ന്ന് അകറ്റപ്പെട്ടിരിക്കുന്ന എല്ലാവർക്കും വേണ്ടിയും, വംശം, വർഗ്ഗം, ലൈംഗീ തകത, കൊളോണിയലിസം, നിയോ-കൊളോണിയലിസം എന്നിവയാൽ ഒറ്റപ്പെടുത്തപ്പെട്ടവർക്കുവേണ്ടിയും ശബ്ദമുയർത്തണം. എന്താണ് അടിച്ച മർത്തപ്പെടുന്നത്, ചൂഷണം ചെയ്യപ്പെടുന്നത്, ഉപഭോഗപരമായത്, അനീതി പരമായത് എന്ന് കണ്ടെത്തേണ്ടതുണ്ട്. ജനത മുഴുവനും താഴെക്കിടയിലുള്ള ജീവിതത്തിലേയ്ക്ക് ഇതിന്റെ പേരിൽ തള്ളപ്പെടുകയും അവർ അത് നിശ്ശ ബ്ദമായി സഹിക്കുകയും ചെയ്യേണ്ടിവരുന്നു. ശബ്ദിക്കാനാവാത്ത സ്ത്രീജ നങ്ങളാണ് കൂട്ടത്തിൽ അധികവുമെന്ന് ഓർക്കണം.

പ്രവാചകജീവിതശൈലി എപ്പോഴും ക്ഷണിക്കുന്നത് സമ്പത്തിന്റെ അധീ ശത്വത്തിലായിരിക്കുന്ന ലോകത്തെ വിമർശിക്കുവാനാണ്. ഫ്രാൻസ് ഹിൻകിലമെർട്ട് വാദിക്കുന്നത്, സോഷ്യലിസത്തിന്റെ പതനത്തോടെ, അഥവാ, ബർലിൻ മതിലിന്റെ പതനത്തോടെ, ക്യാപ്പിറ്റലിസം ലോകത്തിന്റെ മുഴുവൻ





അധീശശക്തിയായി മാറി എന്നാണ്. ഈ ഘടന അനുസരിച്ച് ലോകത്തിൽ ആകമാനം ഒരു വിഭജനം നടന്നു. ഉയർന്ന നിലവാരത്തിലുള്ളവർ, ലോക മാർക്കറ്റിൽനിന്നു ലാഭം കൊയ്യുന്നവർ, നിർദ്ധനരും അവഗണിക്കപ്പെട്ടവരു മായവർ, ഇടത്തരക്കാരായ കുറെ പേർ... ഇന്നത്തെ ഈ സമ്പദ്‌വ്യവസ്ഥി തിയിലേയ്ക്കാണ്, അതിന്റെ ലോകവ്യാപകമായ അടിച്ചമർത്തലിലേ യ്ക്കാണ്, പരമാവധി സ്നേഹവുമായി നാം ഇറങ്ങിച്ചെല്ലേണ്ടത് എന്നു തിരിച്ചറിയേണ്ടതുണ്ട്. കാരണം, മാറിയ അനുപാതങ്ങളിൽ ഇവിടെയാണ് നമ്മുടെ കരുണ ഏറ്റവും അധികം ആവശ്യമായിരിക്കുന്നതെന്നു നാം മന സ്സിലാക്കുക.

വിശുദ്ധർ എങ്ങിനെയാണ് ദൈവത്തിന്റെ കരുണയിൽ ജീവിക്കുകയും ജീവിതശൈലിയിലൂടെ അതു പ്രകടമാക്കുകയും പ്രസരിപ്പിക്കുകയും ചെയ്തത് എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. വിശുദ്ധിയിൽനിന്നും ദൈവവുമായുള്ള അടുപ്പത്തിൽനിന്നുമാണ് ആധികാരികതയുടെ ബലം അവർക്കു സിദ്ധിച്ചിട്ടുള്ളത്. സാധാരണ ഗതിയിൽ ഇത് ബദൽ ജീവിതശൈ ലിയിലേയ്ക്കും നിലവിലുള്ളതിനെ തകിടം മറിക്കുന്ന പ്രവർത്തനരീതിക ളിലേയ്ക്കും വഴി തുറക്കാവുന്നതാണ്. വിശുദ്ധർ അതിനെ അതിജീവിക്കു ന്നതുമൂലമാണ് കുഷ്ഠരോഗികളെ സുഖപ്പെടുത്തുവാനും രോഗികളെ ശുശ്രൂ ഷിക്കുവാനും, ആശുപത്രികൾ സ്ഥാപിക്കുവാനും, ദരിദ്രർക്ക് വിദ്യാഭ്യാസം നൽകുവാനുമൊക്കെ എല്ലാവരിലുമൊരാളായി തുടർന്നുകൊണ്ടു ദൈവ പുത്രന്റെ മാതൃകയിൽ അവർക്കു കഴിയുന്നത്. ക്രിസ്ത്യാനികളെ സാധൂക രിച്ചുകൊണ്ട് ഹാഡ്രിയൻ ചക്രവർത്തിയുടെ മുൻപാകെ നടത്തിയ പ്രഖ്യാ പനമുണ്ടല്ലോ, അതിന്റെ അന്തഃസത്തയാണ് നമ്മുടെ ജീവിതശൈലിയായി മാറേണ്ടത്:

*ക്രിസ്ത്യാനികൾ പരസ്പരം സ്നേഹിക്കുന്നു. വിധവകളെ എപ്പോഴും സഹായിക്കുന്നു. അനാഥരെ ദ്രോഹികളിൽനിന്നു രക്ഷിക്കുന്നു. അവർക്ക് ഉള്ളത് ഒന്നുമില്ലാത്തവർക്ക് സ്വതന്ത്രമായി നൽകുന്നു. അവർ അതിഥി സൽക്കാരത്തിൽ ഏറെ സന്തോഷിക്കുന്നു. അവരിൽ ഒരാൾ ദരിദ്രനായിരി ക്കുകയും ആവശ്യത്തിന് ഭക്ഷണം ഇല്ലാതിരിക്കുകയും ചെയ്താൽ അവർ ഉപവസിക്കുകയും അവന് ആവശ്യമായ ഭക്ഷണം നൽകുകയും ചെയ്യുന്നു. ഇവർ ഒരു പുതിയ കാഴ്ചപ്പാടുള്ള ജനതയാണ്. അവരിൽ എന്തോ ദൈവീ കത ഒളിഞ്ഞിരിപ്പുണ്ട്.*[28]

ദൈവികദൗത്യത്തിൽ പങ്കുചേരാൻ തക്കവിധമുള്ള വ്യക്തിപരമായ രൂപാ ന്തരപ്പെടലും സമൂഹപരമായ രൂപാന്തരപ്പെടലും പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും നാം ഓരോരുത്തരിലും സംഭവിക്കണം. യേശുവിനെ പ്പോലെ ദൈവോന്മുഖമായ ആന്തരികയാത്ര വഴി സഹജീവികളിലേയ്ക്ക്

ഹൃദയം തുറക്കണം; അവരുടെ മേൽ അനുകമ്പ തോന്നുവോളം. ചാവറയച്ചൻ മാതൃക കാണിച്ചു തന്നതുപോലെ. അവരുടെ സമുദ്ധാരണത്തിനായുള്ള പുതിയ വഴികളും വിധങ്ങളും അപ്പോൾ നമുക്കു തുറന്നുകിട്ടും. അന്തരാത്മാവിനെ പ്രകാശിപ്പിക്കുന്ന ആഴമായ പ്രർത്ഥനയിൽ നിന്നുത്ഭൂതമാകുന്ന കർമ്മങ്ങളിലൂടെ വിശ്വാസത്തിന്റെ പങ്കുവയ്ക്കലും പ്രത്യാശയോടെയുള്ള ഒരുമിച്ചു ചേരലും സ്നേഹത്തിലുള്ള സഹായവും വഴി, ലോകത്തെ പുതിയൊരു പ്രഭാതത്തിലേയ്ക്കുണർത്താൻ നമുക്കു കഴിയും. ആ വഴിയേ എത്തിപ്പെടുവാനും പിന്നിടുവാനും ഇനിയും ഏറെ ദൂരം മുൻപിൽ എന്ന തിരിച്ചറിവാകണം നമുക്കു പ്രചോദനവും പ്രകോപനവും.

■



## പരാമർശ സൂചിക


1. പോപ്പ് ജോൺ പോൾ രണ്ടാമൻ, *സമർപ്പിത ജീവിതം,* No. 110.
2. Cf. *Congregation for Religious and Secular Institute,* Religious and Human, 12, August 1980.
3. Rumi, *The Silk Worm*, Essential poems, Penguin books, 1989. quoted in ഗ്രെയ്സ് തോമസ് (വിവ.), *ഉണരുന്ന സ്ത്രീത്വം*, സി.എം.സി. മേരിമാതാ പബ്ലിക്കേഷൻസ്, അങ്കമാലി, 2009, പേജ്. 40.
4. *The Empowerment of Women in the Church and Society*, p. 36.
5. കെ. ശാരദാമണി, *സ്ത്രീ സംവാദം*, സ്ത്രീ വിമോചനം, ഡി. സി. ബുക്ക്സ്, കോട്ടയം, 1999, പേജ്. 84.
6. Cf. Jose Tisy- *Slaughter of daughters* in the New Leader, September 1-15, 2006, p. 27.
7. Cf. George Anu- *Save the Girl Child*, Indian currents, 30th July - 5th August 2005, p. 28
8. Cf. *Times & India Times International* of 19th August 2005, p.13
9. എം. ലീലാവതി, *op.cit.*, പേജ്. 93
10. *The Girl Child, Magnificat,* July- September 2003, p. 6
11. Bishop Bosco Penha, *In Search of Space,* Commission for Women CBCI, 2008, p. 21
12. Anonymous, *I Got Flowers Today*, in the Examiner, December 9, 2006. p. 11
13. എം. ലീലാവതി, *op.cit.*, പേജ്. 90
14. Bishop Bosco Penha, *op.cit.*, p.31
15. *All For a Son: 2 Wives; 6 Abortions & Tortures*, in Times of India, July 31, 2007, p. 17
16. ഗ്രെയ്സ് തോമസ്(വിവ.), *op.cit.*, പേജ്.73.
17. *ബൈബിൾ*, ലൂക്കാ 1 :52–53.
18. *ബൈബിൾ*, ലൂക്കാ 8 :1–3.
19. *ബൈബിൾ*, യോഹ. 4 :27.
20. *ബൈബിൾ*, ലൂക്കാ 10 :38–42.
21. ജോസഫ് മാടപ്പിള്ളി, *op.cit.*, പേജ്. 12-16.
22. Cf. *ബൈബിൾ*, ഗലാ. 3 :28
23. *ബൈബിൾ*, റൂത്ത് 1 :16.
24. *ബൈബിൾ*, റൂത്ത് 1–4.
25. Kathleen Coyle, SSC, *The Call of Women Religious to Develop Their Potential* (Talk III) in *Prophetic Mysticism:* The Call of Empowered Women Religious CRWI-National Assembly, 2008, 28th Dec. to 1st Janu. ,p.5.
26. Cf. *Ibid.*, p. 2.
27. Evelyn Montaeiro, SCC, *Response- The Call of Women Religious toLive Prophetically,* Ibid, p. 61.
28. *Ibid.*, p. 60.

പിന്നുര

# ഏറ്റുപാടുക മാത്രം

## സിസ്റ്റർ ഡോ. ആവില സി.എം.സി.

*നേർത്തലിഞ്ഞീടും മഞ്ഞിലൂളിയിട്ടെത്തീടുന്നു*
*പൂത്ത മാന്തോപ്പിൻ മണം പുലരുന്നോരു തെന്നൽ*
*എത്രയോ ഹൃദ്യം നമുക്കീമണ, മതിലൂടെ-*
*യെത്തീടും സവിഷാദമധുരസ്മൃതികളും!*
*(യുഗപരിവർത്തനം: വൈലോപ്പിള്ളി)*

**ക**ർമ്മലോദ്യാനത്തിലിരുന്ന് ഗതകാലസ്മരണകൾ സമ്മാനിക്കുന്ന ഹൃദ്യമായ അനുഭവം നുകരാം; കർമ്മധീരരാകാം... പ്രപഞ്ചത്തെ ഉണർത്തുന്ന ജീവന്റെ തുടിപ്പ്! അനേകായിരങ്ങൾക്ക് താങ്ങും തണലുമായി മാറുന്ന സ്ത്രൈണതയുടെ വിസ്മയങ്ങൾ! അഹത്തിൽ നിന്നും അപരനിലേയ്ക്ക് എത്തിനിൽക്കുന്നവൾ. പ്രഭാഷകന്റെ ഭാഷയിൽ *കർത്താവിനെ ഭയപ്പെടുന്നവർക്ക് ലഭിക്കുന്ന ദാനങ്ങളിൽ ഒന്നാണ് അവൾ.* (പ്രഭാ. 26:3). ഈ ഭൂമിയിൽ ഓരോ മനുഷ്യനും കാവലും തുണയുമാവുകയാണ് സ്ത്രീയുടെ ജീവിതനിയോഗം എന്നു തിരിച്ചറിയാൻ സഹായിക്കുന്ന അനന്തമായ കാലത്തിന്റെ അപാരതയിൽ ഒരു തുഷാരബിന്ദു മാത്രമാണ് ഈ പുസ്തകം; *ഭൂമി കന്യകമാർക്ക്* ആവേശം പകരുന്ന *ഒരു ഉണർത്തുപാട്ട്.*

വിശുദ്ധി നിറഞ്ഞ ഒരു വ്യക്തിത്വത്തിന്റെ ഹൃദയത്തുടിപ്പുകളാൽ ഉന്മേഷനിർഭരമായ അനുരണനങ്ങൾക്ക് ആരംഭം കുറിച്ച്, ചരിത്രത്തിലെ പ്രകാശം പരത്തി നിൽക്കുന്ന ഒരു നാഴികക്കല്ല്; പ്രതികൂലങ്ങളെ വെല്ലുവിളിയായി സ്വീകരിച്ച് ദൈവീകോപാസനയും മനുഷ്യസേവനവും ജീവിതസാധനയാക്കി കഴിഞ്ഞ നൂറ്റാണ്ടുവരെ അടിമത്തത്തിന്റെ അഗാധഗർത്തത്തിലായിരുന്ന കേരള സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ സഹായിച്ച യുഗപുരുഷൻ... വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ!

ഒരു ജനതയുടെ മുഴുവൻ ആത്മാവിഷ്ക്കാരമായിരുന്നു 1866ൽ അദ്ദേഹം സ്ഥാപിച്ച കേരളത്തിലെ പ്രഥമ കർമ്മലീത്താ സന്യാസിനീസഭ. ദൈവജനത്തിന്റെ ആവശ്യങ്ങളിലും ആഗ്രഹങ്ങളിലും ദൈവസാന്നിദ്ധ്യത്തിന്റെ വസന്തം കണ്ടെത്തിയ സന്യാസിനീസഹോദരിമാർ തങ്ങൾക്കു ചുറ്റും ജീവിക്കുന്ന ദൈവജനത്തെ അവതാരം ചെയ്തിറങ്ങി വന്ന ദൈവത്തിന്റെ പ്രതിരൂപങ്ങളായി കണ്ടു. വിശുദ്ധിയുടെ നിറവാകാൻ മനുഷ്യരിൽ നിന്നകന്ന് ആശ്രമത്തിന്റെ ആവൃതിക്കുള്ളിൽ അഭയം തേടുകയല്ല വേണ്ടതെന്നു അവരറിഞ്ഞു. അവർ വിശുദ്ധിയിൽ വളർന്നതും ദൈവൈക്യത്തിലലിഞ്ഞതും സഹോദരങ്ങളുടെ വേദനയിൽ പങ്കുകൊണ്ടും കരയുന്നവരുടെ കണ്ണുനീർ തുടച്ചുകൊണ്ടും ചൂഷിതർക്കെതിരെ പ്രതികരിച്ചുകൊണ്ടുമായിരുന്നു. അതിനായി അവർ പള്ളിക്കൂടങ്ങളും ആതുരാലയങ്ങളും തൊഴിൽശാലകളും അനാഥമന്ദിരങ്ങളും പണിതുയർത്തി; സാമൂഹ്യസേവനത്തോടൊപ്പം ദൈവജനത്തെ വിശ്വാസത്തിലാഴപ്പെടുത്താനും ആത്മീയമായി നയിക്കാനും ശ്രദ്ധിച്ചു. സ്ത്രീജന്മം ഉറകെട്ടുപോകാതെ സ്നേഹത്തിന്റെ ഉപ്പുരസം പകരാനും സമൂഹത്തിന്റെ ത്യാഗപൂർണ്ണമായ പുളിമാവാകാനും അവർ ഏറെ അദ്ധ്വാനിച്ചു; കർമ്മോത്സുകരായി. സഭാസ്ഥാപകനായ ചാവറ പിതാവിന്റെ വിഭാവനവും ആ ദിവ്യമനസ്സിൽ ജഗന്നിയന്താവായ ദൈവം തെളിച്ച സങ്കല്പവും അതായിരുന്നു. ആ നിയോഗം സി.എം.സി. ധാരശിരസ്സാ വഹിച്ചു.

19-ാം നൂറ്റാണ്ടിന്റെ ഇരുളകറ്റാനും പ്രകാശം വിതറാനും ആയിരം തിരികൾ തെളിച്ച കാലാതിശായിയായ തുടർപ്രസരണത്തിന്റെ നിത്യസാക്ഷ്യമായ ചാവറപിതാവിന്റെ പാവനപാദങ്ങളിൽ ഏറ്റം സ്നേഹത്തോടെ, പ്രത്യാശയോടെ, ആദരവോടെ ഈ പുസ്തകം സമർപ്പിക്കുന്നു.

ആകർഷകമായ ഒരു അവതാരികയെഴുതി ഈ ഗ്രന്ഥത്തിന് മിഴിവു നൽകിയ സമാദരണീയനായ മാത്യു ഉലകംതറ സാറിന് ഒരുപാടു നന്ദി. രചനയ്ക്ക് പ്രേരണാപിൻബലവും പ്രോത്സാഹനസ്രോതസ്സുമായി നിന്നത് സി.എം.സി. സുപ്പീരിയർ ജനറൽ മദർ സാങ്റ്റയാണ്. അർത്ഥപൂർണ്ണമായ ആമുഖാശ്ശിസ്സും പ്രസാധനാംഗീകാരവും നൽകി അനുഗ്രഹിച്ച സുപ്പീരിയർ ജനറലിനും എന്നും പിൻബലമായി വർത്തിച്ച ജനറൽ കൗൺസിലിനും നിർദ്ദേശങ്ങളും



തിരുത്തലുകളും നൽകിയ വികാർ ജനറൽ സിസ്റ്റർ ഡോ. സിബിക്കും പുസ്തകരചനയിൽ ആദ്യന്തം മാർഗ്ഗദർശനം നൽകിയ ജനറൽ കൗൺസിലർ സിസ്റ്റർ ലെയോണിലയ്ക്കും ഹൃദയം നിറഞ്ഞ നന്ദി. ഗ്രന്ഥത്തിന്റെ എഡിറ്റിംഗ് നിർവ്വഹിച്ച ശ്രീ. ജോൺ പോളിനോട് ഞാൻ ഏറെ കടപ്പെട്ടിരിക്കുന്നു. ആദ്യവസാനം പ്രോത്സാഹനം നൽകിയും തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നടത്തിയും രൂപപരമായ ഭദ്രത വരുത്തിയും അദ്ദേഹം ഈ ഗ്രന്ഥരചനയെ പിൻതുണച്ചു. ആ നല്ല മനസ്സിനു പ്രത്യേകം നന്ദി. പ്രസാധനം ഏറ്റെടുത്ത *ബേസ്റൗമ* യോടും അതിന്റെ സാരഥികളായ ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ., ഫാ. റോബി കണ്ണഞ്ചിറ സി.എം.ഐ. എന്നിവരോടും ഞാൻ കടപ്പെട്ടിരിക്കുന്നു.

കൈയെഴുത്തുപ്രതി തയ്യാറാക്കുന്നതിൽ സഹായിച്ച സിസ്റ്റർ മരീന സി.എം.സി. (തലശ്ശേരി), സിസ്റ്റർ ചെറുപുഷ്പം സി.എം.സി. (കോതമംഗലം), ഭാഷയ്ക്കും കവിതകൾക്കും ഭാവം പകർന്ന സിസ്റ്റർ കൊച്ചുത്രേസ്യാ സി.എം.സി. (പാലാ), സിസ്റ്റർ ലീമാറോസ് സി.എം.സി. (തലശ്ശേരി), മുദ്രാലേഖനം ചെയ്ത സിസ്റ്റർ ജൂലിയ സി.എം.സി. (അങ്കമാലി), സിസ്റ്റർ നവീന സി.എം.സി. (ഇടുക്കി), സിസ്റ്റർ റിറ്റി സി.എം.സി., തൃശൂർ വിമല കോളേജിലെ ജിഷ ടീച്ചർ, ഇരിഞ്ഞാലക്കുട കാർമ്മൽ കോളേജിലെ സ്റ്റാഫംഗങ്ങൾ, ലൈബ്രറി സൗകര്യങ്ങൾ പ്രാപ്യമാക്കിയ സിസ്റ്റർ ജസ്‌ലിൻ സി.എം.സി. (തലശ്ശേരി), പകർപ്പുകൾ എടുത്തു സഹായിച്ച സിസ്റ്റർ ഡോണാ മരിയ സി.എം.സി. (അങ്കമാലി) എന്നിവരുടെ ത്യാഗപൂർണ്ണമായ സേവനത്തിനു മുൻപിൽ നന്ദിയുടെ വാടാമലരുകൾ.

ആത്മീയതയിലും സമൂഹമദ്ധ്യത്തിലെ ജീവിതവ്യാപനത്തിലും മലയാളിസ്ത്രൈണതയ്ക്കു ഉണർത്തുപാട്ടാകുവാൻ കാലം നിയോഗിച്ച യോഗിവര്യനായിരുന്നു ചാവറ പിതാവ്. ആ പുണ്യാത്മാവ് തെളിച്ച പാതയിലൂടെ ചരിക്കുന്ന സന്യാസിനീസമൂഹം അതേറ്റുപാടുന്നു. ഉണർവ്വിന്റെ പുതിയ ധാരകളിലേയ്ക്കു വായനക്കാർക്കു സുസ്വാഗതം.

■

# അനുബന്ധം ഒന്ന്

## പൊതുഗ്രന്ഥസൂചിക

### സ്ത്രീയെപ്പറ്റിയുള്ള കൃതികൾ
(കാലഗണനയനുസരിച്ച്)


1. മാധവൻ നായർ,പി., *കർണ്ണ ശപഥം*, ശ്രീ രാമവിലാസം പ്രസ്സ്, ബുക്ക് ഡിപ്പോ, കോട്ടയം, 1960.
2. അന്തർജ്ജനം, ലളിതാംബിക, *അഗ്നിസാക്ഷി,*സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം,1976.
3. പത്മനാഭമേനോൻ, കെ. പി., *കൊച്ചി രാജ്യ ചരിത്രം*, വാല്യം I,മാതൃഭൂമി പബ്ലിക്കേഷൻസ്, കോഴിക്കോട്, 1989..
4. അയ്യപ്പപണിക്കർ, *അയ്യപ്പപണിക്കരുടെ കൃതികൾ*, ഒന്നാം ഭാഗം, ഡി.സി ബുക്ക്സ്, കോട്ടയം, 1985.
5. ജോസഫ്, സാറാ, *പാപത്തറ*, കറന്റ് ബുക്ക്സ്, തൃശ്ശൂർ, 1999.
6. ശാരദാമണി,കെ., *സ്ത്രീ സംവാദം, സ്ത്രീ വിമോചനം,* ഡി. സി. ബുക്ക്സ്, കോട്ടയം, 1999.
7. ഗോപിനാഥപിള്ള, എൻ. ആർ. (എഡി.), *ഉള്ളൂരിന്റെ തിരഞ്ഞെടുത്ത കവിതകൾ*, ഡി. സി. ബുക്ക്സ്, കോട്ടയം, 2000.
8. ലീലാവതി,എം., *ഫെമിനിസം, ചരിത്രപരമായ അന്വേഷണം,* പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 2000.
9. രാജീവൻ, സാവിത്രി, *ദേഹാന്തരം,*മൾബറി പബ്ലിക്കേഷൻസ്, തൃശ്ശൂർ, 2000.
10. രാജീവൻ,സാവിത്രി, *കവിതയുടെ നൂറ്റാണ്ട്,* വാല്യം II, എൻ. ബി. എസ്. കോട്ടയം, 2001.
11. Magnificat, *The Girl Child,* July- September 2003.
12. മാടപ്പള്ളി, ജോസഫ് (വിവ.), *സ്ത്രീത്വത്തിന്റെ മഹനീയത,* അപ്പസ്തോലിക ലേഖനം, കെ.സി. ബി.സി. മാധ്യമക്കമ്മീഷൻ, പി.ഒ.സി. കൊച്ചി, 2003.
13. കുരുക്കൂർ, ജി., (വിവ.), *സ്ത്രീ പുരുഷസഹകരണം സഭയിലും ലോകത്തിലും (മെത്രാന്മാർക്ക് വത്തിക്കാൻ സംഘത്തിന്റെ കത്ത്)*, പി.ഒ.സി.പബ്ലിക്കേഷൻ, കൊച്ചി, 2004.
14. പുത്തൂർ, ബോസ്ക്കോ, *വിശുദ്ധയായ അമ്മ ജാന്ന ബൊറേത്ത മൊള്ള*, മാർ ലൂയീസ് പബ്ലിക്കേഷൻസ്, എറണാകുളം,2004.
15. Anu, George , *Save the Girl Child,* Indian currents, 30th July - 5th August 2005.
16. ജോസഫ്, കൊച്ചുറാണി, *സ്ത്രീത്വത്തിന്റെ സൗഭാഗ്യം*,പെനുവെൽ, കൊച്ചി, 2006.

17. Tisy, Jose , *Slaughter of daughters* in the New Leader, September 1-15, 2006.
18. Anonymous: *I Got Flowers Today*, in the Examiner, December 9, 2006.
19. പ്രസന്ന, (വിവ.), *സ്ത്രീ: വി. ഈഡിത്ത് സ്റ്റെയിൻ*, കാർമ്മൽപബ്ലിക്കേഷൻ സെന്റർ, തിരുവനന്തപുരം, 2007.
20. സുഗതകുമാരി, *സുഗതകുമാരിയുടെ കവിതകൾ*, ഡി.സി ബുക്ക്സ്, കോട്ടയം, 2007.
21. Coyle, Kathleen, SSC, The Call of Women Religious to Develop Their Potential (Talk III) in *Prophetic Mysticism*: The Call of Empowered Women Religious CRWI-National Assembly, 28th Dec. to 1st Janu., 2008.
22. Montaeiro, Evelyn, SCC, *Response- The Call of Women Religious to Live Prophetically* in *Ibid.*
23. സുധീര, കെ. പി., *സുധീരയുടെ കഥകൾ*, മാതൃഭൂമി ബുക്ക്സ്, 2008.
24. തോമസ്, ഗ്രെയ്സ് (വിവർത്തക), *ഉണരുന്ന സ്ത്രീത്വം*, സി.എം.സി. മേരിമാതാ പബ്ലിക്കേഷൻസ്, അങ്കമാലി, 2009.
25. മാധവിക്കുട്ടി, *മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം*, വാല്യം I, ഡി.സി ബുക്ക്സ്, കോട്ടയം, 2009.
26. തമ്പി, റോസി, *സ്ത്രൈണ ആത്മീയത*, തിയോ ബുക്ക്സ്, കൊച്ചി , 2009.
27. വിജയലക്ഷ്മി, *വിജയലക്ഷ്മിയുടെ കവിതകൾ*, ഡി. സി. ബുക്ക്സ്, കോട്ടയം, 2010.
28. രാമചന്ദ്രൻ,സി.പി., *കാണെ കാണെ*, കറന്റ് ബുക്ക്സ്, തൃശ്ശൂർ,2010.
29. അയ്യപ്പൻ, *ആലില*, അയ്യപ്പന്റെ സമ്പൂർണ്ണകവിതകൾ, ഡി.സി ബുക്ക്സ്, കോട്ടയം, 2011.


**ചാവറയച്ചനെപ്പറ്റിയുള്ള കൃതികൾ**


30 *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 1, നാളാഗമങ്ങൾ,* മാന്നാനം, 1981.
31. മുഴൂർ സെഡ് എം. (ed.), *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 2,* മാന്നാനം, 1981.
32. മുഴൂർ സെഡ് എം. (ed.), *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 3,* മാന്നാനം, 1981.
33. വിത്തുവെട്ടിക്കൽ ലൂക്കാസ് (ed.), *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 4,* മാന്നാനം, 1982.
34. മുഴൂർ സെഡ് എം., *ആത്മാനുതാപം,* ഗദ്യാവിഷ്കരണം, മാന്നാനം, 1990.
35. മാത്യു ജോസഫ് സി.എം.ഐ., *ഒരു നല്ല അപ്പന്റെ ചാവരുൾ,* മാന്നാനം, 1977.
36. *Letter of Bishop Maurelius Stabilini,* ആർക്കൈവ്സ്, സെന്റ്. ജോസഫ്സ് മൊണാസ്ട്രി, മാന്നാനം, 1829.





37. വർക്കിയച്ചൻ, പാറപ്പുറം, *കൂനമ്മാവ് മാർ യൗസേപ്പുണ്യവാന്റെ കൊവേന്തയുടെ നാളാഗമം,* സെന്റ്. ജോസഫ്സ് ആശ്രമം, മാന്നാനം, 1829.
38. *ആലോചനകളും വിശേഷവിവരങ്ങളും,* സെന്റ് ജോസഫ്സ് മോണാസ്റ്ററി, മാന്നാനം,1864- 1871.
39. Beccaro Leopold O.C.D., *A Short Biography of the Venerable Person Who Wrote This Pious Colloquy,*(Mal.)Koonammavu,1871.(An introduction to Chavara s work *Atmanuthapam*).
40. *Letter* written by Mgr. Mellano on November 24, 1888.
41. കൂനമ്മാവ് മഠത്തിലെ സുപ്പീരിയർ മോൺ. മെഡ്ലിക്കോട്ടിൽ 1889 ജൂൺ 16-ന് എഴുതിയ കത്ത്.
42. കൂനമ്മാവ് മഠത്തിൽ നിന്ന് മോൺ. അന്ത്രയോസ് അയൂത്തിക്ക് 1890 സെപ്റ്റംബർ 26-ന് എഴുതിയ കത്ത്.
43. ഏലീശാ കുരിയാക്കോസ്, പോരൂക്കര, *സ്ഥാപക പിതാക്കന്മാർ,* സെന്റ്. ജോസഫ്സ് പ്രസ്സ്, മാന്നാനം, 1905.
44. വലേരിയൻ, *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം,* മാന്നാനം, 1939.
45. Lossky, Valadimir, *In the Image and Likeness of God,* Crest wood, New York, 1974.
46. മാണിക്കത്തനാർ, *ഫാ. കനീസിയൂസ് സി. എം. ഐ., ആധുനിക ലോകത്തിന് കർമ്മലയിൽ നിന്നൊരു ദീപം.* കർമ്മലദീപം, എറണാകുളം, 1985.
47. Kanjiramattathil, Joseph, *The Pastoral Vision of Kuriakose Elias Chavara,* Bangalore, 1986.
48. ജോസി സി.എം. സി. (ed.), *അത്യുന്നതന്റെ തണലിൽ,* മൗണ്ട് കാർമ്മൽ ജനറലേറ്റ്, ആലുവ, 1991.
49. മൂഴൂർ, സെഡ്. എം., *അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ,* കാർമ്മൽ പബ്ലിക്കേഷൻ സെന്റർ, തിരുവനന്തപുരം, 2003.
50. ചാവറയച്ചൻ, ചാവറ ജന്മ ദ്വിശദാബ്ദി സ്പെഷ്യൽ,ദീപിക പബ്ലിക്കേഷൻ, 2004.
51. കോക്കാട്, മോനമ്മ, *ചാവറയച്ചന്റെ സ്നേഹവിപ്ലവവും ചില സ്ത്രീശാക്തീകരണചിന്തകളും,* ദീപിക സ്പെഷ്യൽ, ദീപിക പബ്ലിക്കേഷൻ, കോട്ടയം, 2004.
52. ശ്രീധരമേനോൻ, എ. കാലത്തിന് മുമ്പേ നടന്ന നവോത്ഥാന നായകൻ, *സുകൃതസ്മര,* ബേസ്റൗമ.
53. ഗോവിന്ദപിള്ള, സി., *സുറിയാനിയിൽനിന്നൊരു നവോത്ഥാന നായകൻ,* ദീപിക സ്പെഷ്യൽ, 2004.
54. വടക്കേത്ത്, കുര്യാക്കോസ് ഏലിയ, *ചാവറ ആദ്ധ്യാത്മികത,* ദനഹാ സർവ്വീസസ്, കോട്ടയം, 2005.
55. ചിറ്റിലപ്പിള്ളി, ജോസ്( ed.), *ചാവറ ജീവിത ദർശനം,* സി.എം.ഐ. വിദ്യാഭ്യാസ വകുപ്പ്, കാക്കനാട്, 2007.
56. സാനു, എം. കെ, *കേരള നവോത്ഥാനത്തിലെ ശുക്രനക്ഷത്രം, quoted in ibid.*

57. *നാളാഗമങ്ങൾ*, കൂനമ്മാവ് മഠം, 1866-1870.
58. *ലെയോപോൾദച്ചന്റെ കത്തുകൾ.*
59. *ലെയോപ്പോൾദച്ചന്റെ ഡയറിക്കുറിപ്പുകൾ*, സി.എം. സി. ആർക്കൈവ്സ്.
60. Beccaro Leopold, *Diary*, Vol.I, Archives, Mount Carmel Generalate, Aluva.
61. *ത്രേസ്യാപുണ്യവതിയുടെ കർമ്മലീത്താ മൂന്നാം സഭയിലെ സഹോദരികൾക്കായിട്ടുള്ള നിയമങ്ങൾ*, മുഖവുര, സി. എം. സി. ആർക്കൈവ്സ്.
62. *വി. ത്രേസ്യായുടെ കന്യകാമഠം*, വജ്രജൂബിലി സ്മാരകം, കൂനമ്മാവ്, 1866-1943.
63. *പുത്തൻ പള്ളി വക സെമിനാരി പറമ്പിന്റെ ചരിത്രം*, ആർക്കൈവ്സ്, സി.എം.സി. കോൺവന്റ്, പുത്തൻ പള്ളി.

**മറ്റു കൃതികൾ**

64. *ബൈബിൾ*, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ തയ്യാറാക്കിയ വിവർത്തനം, POC, കൊച്ചി, 2001.
65. പോപ്പ് ജോൺ പോൾ രണ്ടാമൻ, *സമർപ്പിത ജീവിതം.*
66. പോപ്പ് ജോൺ പോൾ രണ്ടാമൻ, *അല്മായ വിശ്വാസികൾ.*
67. *രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ*, ധർമ്മാരാം കോളേജ്, ബാംഗ്ലൂർ, IV edition.,1977.
68. മണവാളൻ, പോൾ, *കേരള സംസ്ക്കാരവും ക്രൈസ്തവമിഷനറിമാരും*, ഡി.സി. ബുക്ക്സ്, കോട്ടയം, 1990.
69. ഭാസ്ക്കരനുണ്ണി, പി., *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം*, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1988.
70. ഗംഗാധരൻ, ടി. കെ., *കേരള ചരിത്രവും സംസ്ക്കാരവും*, കാലിക്കട്ട് യൂണിവേഴ്സിറ്റി പബ്ലിക്കേഷൻ, കാലിക്കട്ട്,റീ പ്രിന്റ്, 2009.
71. Kusumam, K.K., *Slavery in Travancore* , Kerala Historical Society, Trivandram, 1937.
72. Fuller, C. J., *The Nayars Today,* Cambridge University Press, Cambridge, 1976.
73. ബാലകൃഷ്ണൻ ബി.,ലീലാദേവി ആർ.(വിവ.), *മനുസ്മൃതി(ഭൃഗുസംഹിത)*, 9-ാം അദ്ധ്യായം, 2-ാം സ്മൃതി, വിദ്യാർത്ഥി മിത്രം ബുക്ക് ഡിപ്പൊ, കോട്ടയം, 1980.
74. കട്ടിക്കാട്, ബോബി ജോസ്, *സഞ്ചാരിയുടെ ദൈവം*, മീഡിയാ ഹൗസ്, ഡൽഹി,2003.
75. മൂത്തേടൻ, തോമസ്, *അനുദിനവിശുദ്ധർ*, കാർമ്മൽ പബ്ലിക്കേഷൻ സെന്റർ, തിരുവനന്തപുരം, 1999.



# അനുബന്ധം രണ്ട്



## ചാവറ കുര്യാക്കോസ് ഏലിയാസ് ജീവിതരേഖ

- 1805 ഫെബ്രുവരി 10
  ആലപ്പുഴയിലെ കൈനകരിയിൽ ജനിച്ചു.
- 1810
  കൈനകരിയിൽ ആശാൻ കളരിയിൽ പ്രാഥമിക വിദ്യാഭ്യാസം.
- 1815
  സെമിനാരിയിൽ വൈദികാർത്ഥി.
- 1829 നവംബർ 29
  അർത്തുങ്കൽ പള്ളിയിൽ പൗരോഹിത്യ സ്വീകരണം
- 1830
  പള്ളികളിൽ ഞായറാഴ്ച പ്രസംഗങ്ങളും അൽമായർക്കായുള്ള ധ്യാനങ്ങളും പ്രചാരത്തിലാക്കി.
- 1831 മെയ് 11
  ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ സന്യാസസഭ (സി.എം.ഐ.) പാലയ്ക്കൽ തോമസ് മല്പാനോടും പോരൂക്കര തോമസ് മല്പാനോടുമൊപ്പം സ്ഥാപിച്ചു. ആചാരങ്ങളിൽ പൗരസ്ത്യവും സംസ്ക്കാരത്തിൽ ഭാരതീയവും അനുഷ്ഠാനങ്ങളിൽ ക്രൈസ്തവവുമായ വിശ്വാസവഴിയാണ് ഈ കോൺഗ്രിഗേഷനു വേണ്ടി രൂപപ്പെടുത്തിയത്.
- 1833
  സുറിയാനി കത്തോലിക്കരുടെ ആദ്യ പൊതുസെമിനാരി മാന്നാനത്ത് ആരംഭിക്കുവാൻ നേതൃത്വം നൽകി.

- 1833
  *കുരിശിന്റെ വഴി* ഉപാസിച്ചു.
- 1846
  മാന്നാനത്ത് അച്ചടിശാലയും പ്രസിദ്ധീകരണ കേന്ദ്രവും സ്ഥാപിച്ചു. സീറോ മലബാർ ധാരയിൽ ഇങ്ങിനെയൊരു ധാര ആദ്യമായിരുന്നു. മലയാളത്തിലെ പ്രസാധനശൃംഖലയുടെ തുടക്കം ഇതിൽ നിന്നായിരുന്നു. ആ തുടർച്ചയിലാണ് പിന്നീട് *നസ്രാണി ദീപിക* എന്ന പേരിൽ പ്രതിവാരമായും ക്രമേണ *ദീപിക* എന്ന പേരിൽ പ്രതിദിനമായും മലയാളത്തിലെ ആദ്യ ദിനപത്രം പ്രസിദ്ധപ്പെടുത്തുന്നത്. *ദീപിക* ഇന്നും അഭംഗുരം പ്രസിദ്ധീകരണം തുടരുന്നു. കേരളത്തിലെ മാധ്യമധാരയുടെ പിതാവായാണ് ചാവറപിതാവ് അറിയപ്പെടുന്നത്. പുസ്തകങ്ങൾ ശേഖരിച്ചുവയ്ക്കുകയും അവിടെനിന്നും ആളുകൾ പുസ്തകങ്ങൾ കൊണ്ടു പോയി വായിച്ചശേഷം മടക്കി കൊണ്ടുവരികയും ചെയ്യുന്ന കേന്ദ്രങ്ങൾ ഇതിന്റെ തുടർച്ചയിൽ രൂപമെടുത്തു. കേരളത്തിലെ വായനശാലാ പ്രസ്ഥാനത്തിന്റെ തുടക്കം ഇതിൽ നിന്നായിരുന്നു. അച്ചടിശാലയോടനുബന്ധിച്ചു മുദ്രണവിദ്യയിലും ബയന്റിംഗിലും പരിശീലനം നൽകുവാൻ ആരംഭിച്ചു. പിന്നീട് ഈ പരിശീലനം സി.എം.സി. സന്യാസിനീ സഹോദരിമാരുടെ കീഴിൽ തയ്യൽകലകളിലേയ്ക്കും കൊന്ത നിർമ്മാണ വിദ്യയിലേയ്ക്കും കൂടി വ്യാപിപ്പിച്ചു. തൊഴിൽ വിദ്യാഭ്യാസ മേഖല എന്ന പേരിൽ പ്രസിദ്ധമായി തീർന്ന പഠന പദ്ധതിയുടെ ആദ്യ പാദമായിരുന്നു ഇത്.
- 1846
  ആദ്യത്തെ സംസ്കൃത സ്കൂൾ മാന്നാനത്ത് ആരംഭിച്ചു. വർണ്ണാവർണ്ണ ഭേദമില്ലാതെ പ്രവേശനമനുവദിക്കുന്ന ആദ്യത്തെ വിദ്യാദാനകേന്ദ്രം കൂടിയായി ഇത്.
- 1853
  കത്തോലിക്കാസഭയുടെ പ്രഥമ വിശ്വാസ പരിശീലന കേന്ദ്രം മാന്നാനത്തു ആരംഭിച്ചു.
- 1855 ഡിസംബർ 8
  ഇന്ത്യൻ ജനതയിൽ നിന്നും ആദ്യമായി ക്രൈസ്തവ സന്യാസ വ്രതാർപ്പണം ചെയ്ത വ്യക്തിയായി.
- 1855–56
  പത്ത് ഇടയനാടകങ്ങൾ രചിച്ചു. Ecologueകളുടെ മാതൃകയിൽ എഴുതിയ ഈ ലഘു നാടകങ്ങൾ കൂനമ്മാവു നൊവീഷ്യേറ്റിൽ ആണ് ആദ്യമായവതരിപ്പിച്ചത്. ക്രിസ്തുമസ്സ് ദിനം തൊട്ട് പൂജാരാജാക്കന്മാരുടെ തിരുന്നാൾ വരെയുള്ള ദിനങ്ങളിൽ



നൊവിഷ്യേറ്റുകളിലും സെമിനാരികളിലും അവതരിപ്പിച്ചു പോന്ന ഈ നാടകങ്ങൾ മലയാള നാടകവഴിയിലെ ആദ്യ രചനകളും രംഗാവിഷ്കാരങ്ങളുമായി; ഒരുപക്ഷേ, ഇന്ത്യൻ ഭാഷാനാടകങ്ങളിൽത്തന്നെ ആദ്യ രചനകളായി.

- 1861
  കേരള സുറിയാനി കത്തോലിക്കാസഭയുടെ വികാരി ജനറാളായി.
- 1861
  *റോക്കോസ് ശീശ്മാ* തരംഗത്തിൽ നിന്നും കേരള കത്തോലിക്കാ സഭയെ രക്ഷിച്ചു.
- 1862
  മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യമായ *അനസ്താസ്യയുടെ രക്തസാക്ഷ്യം* എഴുതി.
- 1862
  കേരള സുറിയാനി കത്തോലിക്കാ സഭയിലെ ആരാധനാക്രമങ്ങളെ നവീകരിച്ചു. വൈദികർക്കും അൽമായർക്കും ധ്യാനക്രമങ്ങൾ നിഷ്ഠപ്പെടുത്തിക്കൊണ്ട് സഭാ നവീകരണത്തിനു നേതൃത്വം നൽകി. പരിശുദ്ധാത്മാവിനോടും തിരുക്കുടുംബത്തോടും പരിശുദ്ധ മാതാവിനോടുമുള്ള പ്രത്യേക മദ്ധ്യസ്ഥ ആരാധനകൾ സാർവ്വത്രികമാക്കി; ദിവ്യകാരുണ്യഭക്തിയെ പ്രസരിപ്പിച്ചു.
- 1864
  *പള്ളിയ്ക്കൊരു പള്ളിക്കൂടം* എന്ന പേരിൽ ചരിത്ര പ്രസിദ്ധമായ നിർദ്ദേശോത്തരവു പുറപ്പെടുവിപ്പിച്ചു. ജാതിമത വർണ്ണവംശഭേദ പരിഗണന കൂടാതെ സർവ്വർക്കും വിദ്യാഭ്യാസത്തിന് അവസരം നൽകുവാൻ പള്ളികളോടനുബന്ധിച്ചു പാഠശാലകൾ ഉണ്ടാകുന്നത് ഇതോടെയാണ്. പൊതുവിദ്യാഭ്യാസം ഇതിലൂടെ യാഥാർത്ഥ്യമാവുകയും പൊതുസമൂഹ സൃഷ്ടിക്കു കേരളക്കരയിൽ അത് ഭൂമികയാവുകയും ചെയ്തു.
- 1865
  ആർപ്പൂക്കരയ്ക്കടുത്തു തുരുത്തിമാലിൽകുന്നേൽ ദളിതർക്കായി ഒരു സ്കൂൾ തുടങ്ങുവാൻ നിർദ്ദേശം നൽകി. ഇതാദ്യമായി ട്ടാവണം ഇവ്വിധം രാജ്യത്ത് ഒരു സംരംഭ ശ്രമം.
- 1866 ഫെബ്രുവരി 13
  *നിഷ്പാദുക കർമ്മലീത്ത മൂന്നാംസഭ* എന്ന പേരിൽ ആദ്യത്തെ തദ്ദേശീയ സന്യാസിനീസമൂഹം ലെയോപ്പോൾദ് മിഷനറിയുടെ സഹായത്തോടെ സ്ഥാപിച്ചു. ആദ്യ സന്ന്യാസിനികളിൽ രണ്ടു

പേർ വിധവകളായിരുന്നു. വൈധവ്യം പാപമായി കരുതിയിരുന്ന ഒരു സമൂഹ പരിവൃത്തത്തോടു ചേർത്തുവേണം ഇതു കാണുവാൻ. കിരാതമെന്നു പിന്നീട് സംസ്ക്കാരം വിശേഷിപ്പിച്ച *സതി* ഉത്തരേന്ത്യയിൽ നിർബ്ബന്ധപൂർവ്വം അനുഷ്ഠിച്ചിരുന്ന നാളുകളായിരുന്നു അത്. കേരള സമൂഹത്തിൽ സ്ത്രീകൾക്കു വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി അവരെ പ്രബുദ്ധരും സ്വയംപര്യാപ്തരുമായി ശക്തിപ്പെടുത്തിയെടുക്കുന്നതിനുള്ള ആദ്യ പാദമായിരുന്നു ഈ സന്യാസിനീ സഭാ സ്ഥാപനവും അനുബന്ധമായാരംഭിച്ച പ്രവർത്തനങ്ങളും. നാലംഗങ്ങളുമായി ആരംഭിച്ച ഈ സന്യാസിനീസഭ പിന്നീട് സി.എം.സി., സിറ്റി.സി. എന്നീ രണ്ടു സമൂഹങ്ങളായി സജീവമായ പ്രേഷിതസേവനം തുടരുന്നു.

- 1866
  കേരളസഭയിൽ *നാല്പതുമണി* ആരാധന ആരംഭിച്ചു.
- 1868 ജനുവരി 2
  കൂനമ്മാവിൽ കേരളത്തിൽ ആദ്യമായി പെൺകുട്ടികൾക്കു താമസിച്ചു പഠിക്കുവാനുള്ള ബോർഡിംഗ് സ്കൂൾ ആരംഭിക്കുവാൻ ലെയോപ്പോൾദ് മിഷനറിയോടൊപ്പം നേതൃത്വം നൽകി.
- 1868 ഫെബ്രുവരി 13
  *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന പേരിൽ കേരളത്തിലെ ക്രൈസ്തവ കുടുംബങ്ങൾക്കായി *കുടുംബ ചട്ടം* എഴുതി നൽകി.
- 1869
  അനാഥർക്കും രോഗികൾക്കും വൃദ്ധർക്കും മരണാസന്നർക്കുമായി ആദ്യത്തെ ക്രൈസ്തവ അഗതിമന്ദിരങ്ങൾ *ഉപവിശാല*യും *വിശുദ്ധ യൗസേഫ് പിതാവിന്റെ നന്മരണസഖ്യ*വും കൈനകരിയിൽ ആരംഭിച്ചു. ഇവയുടെ സാമ്പത്തികവും ഭരണപരവുമായ പൂർണ്ണചുമതല തന്നാട്ടുകാരെ ഭരമേൽപ്പിച്ചു. സഹകരണാടിസ്ഥാനത്തിൽ അവർ ആ ചുമതല നിർവ്വഹിച്ചു പോന്നു. സഹകരണ പ്രസ്ഥാനത്തിലെ കേരളക്കരയിലെ ആദ്യ പാദമായിരുന്നു അത്.
- 1869
  19-ാം നൂറ്റാണ്ടിലെ കത്തോലിക്കാസഭയിലേയ്ക്കുള്ള പുനഃരൈക്യ പ്രസ്ഥാനത്തിനു പ്രേരണ നൽകി.
- 1871 ജനുവരി 3
  ആത്മത്തിനു വേണ്ട കൂദാശകൾ കൈക്കൊണ്ട് നല്ല ഒരുക്കത്തോടെ പ്രാർത്ഥനാനിരതനായി കർത്താവിൽ നിദ്ര പ്രാപിച്ചു. കൂനമ്മാവിൽ വിശുദ്ധ ഫിലോമിനയുടെ ആശ്രമത്തിൽ സംസ്ക്കരിച്ചു.



- 1889 മെയ് 24
  പൂജ്യാവശിഷ്ടങ്ങൾ മാന്നാനം ആശ്രമ ദേവാലയത്തിൽ പ്രതിഷ്ഠിച്ചു.
- 1984 ഏപ്രിൽ 7
  റോമിൽ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ *ധന്യ*നായി പ്രഖ്യാപിച്ചു.
- 1986 ഫെബ്രുവരി 8
  കോട്ടയത്തു വച്ച് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ *വാഴ്ത്തപ്പെട്ടവനായി* പ്രഖ്യാപിച്ചു; പുരുഷന്മാരിൽ *വാഴ്ത്തപ്പെട്ടവൻ* എന്നു നാമകരണം ചെയ്യപ്പെടുന്ന ആദ്യഭാരതീയനായി.
- 1987 ഡിസംബർ 20
  രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ ചാവറപിതാവിന്റെ ആദരാർത്ഥം തിരുവനന്തപുരത്തു വച്ച് *ചാവറ തപാൽ സ്റ്റാമ്പ്* പുറത്തിറക്കി.
- 2006 മെയ് 4
  സാഹിതീസംഭാവനകളെ ആദരിച്ച് ചാവറപിതാവിന്റെ ഛായാചിത്രം കേരള സാഹിത്യ അക്കാദമി ഹാളിൽ അനാച്ഛാദനം ചെയ്തു.
- ജന്മിയുടെ പുരയിടങ്ങളിൽ ജോലി ചെയ്യുമ്പോൾ അടിയാളർക്കു കൂലി നൽകാതിരിക്കുന്ന *ഊഴിയം* സമ്പ്രദായത്തെ വിമർശിക്കുകയും അതു നിറുത്തലാക്കുവാൻ *ചാവരുളി*ലൂടെ ഉൽബോധനം നടത്തുകയും ചെയ്തു.
- തന്റെ ഗുരുനാഥനായ പോരൂക്കര തോമസ് മൽപ്പാന്റെ ജീവചരിത്രം ചാവറപിതാവു രചിച്ചിരുന്നതാണ്, മലയാളി മറ്റൊരു മലയാളിയെക്കുറിച്ച് ആദ്യമായെഴുതുന്ന മലയാള ജീവചരിത്ര ഗ്രന്ഥം.
- സഭയുടെയും പ്രവർത്തനങ്ങളുടെയും ദിനംപ്രതി കുറിപ്പുകൾ *നാളാഗമങ്ങൾ* എന്ന പേരിൽ ചാവറ പിതാവ് പതിവായി എഴുതിപ്പോന്നു. സാമൂഹ്യ-സാംസ്ക്കാരിക ധാരയിലെ ചെറു ചലനങ്ങൾ വരെ സൂക്ഷ്മമായി ഇവയിൽ രേഖപ്പെടുത്തിയിരുന്നു. മലയാളത്തിൽ ചരിത്രവഴിയിലെ ആദ്യ കുറിപ്പുകളായി ഇവയെ കാണാവുന്നതാണ്.
- കവിതയിൽ സംസ്കൃത സ്വാധീനം ശക്തമായതോടെ ദുർബ്ബലമായിപ്പോയ വഞ്ചിപ്പാട്ടു ശാഖയുടെ പുനർജ്ജീവനത്തിൽ ചാവറ പിതാവിന്റെ സംഭാവനകൾ ഗണ്യമാണ്. എഴുത്തച്ഛന്റെ പ്രമേയഗരിമയും ചെറുശ്ശേരിയുടെ ആലാപനചാരുതയും ഒത്തുചേർന്നതായിരുന്നു ചാവറപിതാവിന്റെ കാവ്യശൈലി.
- സ്കൂളുകൾ തുടങ്ങുമ്പോൾ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സമാഹരണത്തിനുവേണ്ടി അദ്ദേഹം നിർദ്ദേശിച്ച *പിടിയരി* ,

*കെട്ടുതെങ്ങ്* തുടങ്ങിയ രീതി സമ്പ്രദായങ്ങൾ പിന്നീട് സാർവ്വത്രികമായി എസ്.എൻ.ഡി.പി., എൻ.എസ്.എസ്. അടക്കം പല പ്രസ്ഥാനങ്ങളും വിജയകരമായി അനുവർത്തിച്ചു.

- കേരളത്തിൽ അയ്യാ വൈകുണ്ഠ സ്വാമി, സ്വാതി തിരുനാൾ മഹാരാജാവ്, ഷഡ്കാല ഗോവിന്ദ മാരാർ തുടങ്ങിയവരുടെ സമകാലികനായിരുന്നു ചാവറപിതാവ്. ബങ്കിംചന്ദ്ര ചാറ്റർജിയും ഈശ്വർ ചന്ദ്ര വിദ്യാസാഗറും കേശവ ചന്ദ്രസേനനും ദേവേന്ദ്ര നാഥ ടാഗോറും രാജാറാം മോഹൻറോയിയും ശ്രീരാമകൃഷ്ണ പരമഹംസനും ശാരദാദേവിയും ത്യാഗരാജസ്വാമിയും ഷിർദ്ദി സായിബാബയുമൊക്കെ ഇന്ത്യയിലും മാക്സ് മുള്ളർ, കാറൽ മാർക്സ്, ഏണസ്റ്റ് ഏംഗൽസ് തുടങ്ങിയവർ ആഗോളതല ത്തിലും ചാവറപിതാവിനെപ്പോലെ അതേ കാലയളവിൽ സാമൂഹ്യ-സാംസ്ക്കാരിക-ആത്മീയ നവോത്ഥാനത്തിനു നേതൃത്വം നൽകിയവരാണ്. കേരളക്കരയിൽ ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമികളും അയ്യാസ്വാമിയും വാഗ്ഭടാനന്ദനും ബ്രഹ്മാനന്ദ ശിവയോഗിയും വക്കം അബ്ദുൾ ഖാദർ മൗലവിയും കുമാരനാശാനും അയ്യങ്കാളിയും സഹോദരൻ അയ്യപ്പനും വി.ടി. ഭട്ടതിരിപ്പാടും മന്നത്തു പത്മനാഭനുമടങ്ങുന്ന തലമുറയ്ക്കു കേരള സമൂഹത്തിൽ നിവർത്തിക്കുവാനായ സാമൂഹ്യ വിപ്ലവ ത്തിനു സഹായകമായ ഭൂമികയൊരുക്കുന്നതിൽ ചാവറപിതാ വിന്റെ സംഭാവന നിസ്തുലമായിരുന്നു.



## ചാവറ കുര്യാക്കോസ് ഏലിയാസിന്റെ രചനകൾ

*നാളാഗമങ്ങൾ (CHRONICLES)*

• സി.എം.ഐ., സി.എം.സി. സന്യാസിസഭകളുടെ സ്ഥാപനം, വളർച്ച • 19-ാം നൂറ്റാണ്ടിലെ *പദ്രോവാദോ, പ്രൊപ്പഗാന്ത* സഭാസംവിധാനങ്ങളിലെ ഭരണാ ധികാരികളും മിഷനറിമാരും • 19-ാം നൂറ്റാണ്ടിലെ കേരളസഭയിലെ പ്രധാന സംഭവങ്ങളും വ്യക്തികളും

*പാലയ്ക്കൽ തോമാ കത്തനാരുടെ ജീവചരിത്രം*
മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യ ജീവചരിത്രം

*ആത്മാനുതാപം*

*മരണവീട്ടിൽ പാടുന്നതിനുള്ള പാന*
(*പർവ്വം* എന്നായിരുന്നു ആദ്യം. പിന്നീടു പുനഃപ്രകാശനവേളയിൽ അതു *പാന* എന്നു മാറ്റുകയായിരുന്നു)

*അനസ്താസിയായുടെ രക്തസാക്ഷ്യം*
(മലയാളത്തിലെ ആദ്യഖണ്ഡകാവ്യം)

*ധ്യാനസല്ലാപങ്ങൾ*
(ധ്യാന സംഭാഷണങ്ങളും ധ്യാന വിചാരങ്ങളും ധ്യാനപ്രാർത്ഥനകളും)

*കത്തുകൾ*

*തൂക്കാസ*
(തിരുക്കർമ്മാചാരാനുഷ്ഠാനങ്ങൾ)

*ലിറ്റർജിക്കൽ കലണ്ടർ*
*(ആരാധനക്രമത്തിലെ കാലവ്യത്യാസങ്ങൾ)*

*മരിച്ചവർക്കുള്ള ഒപ്പീസ്*

*ഇടയ നാടകങ്ങൾ*
(Ecologues: Shepherd plays: സെമിനാരികളിൽ ക്രിസ്തുമസ്സ് വേളകളിൽ അവ തരിപ്പിക്കുവാൻ വേണ്ടി എഴുതിയിരുന്ന ലഘുനാടകങ്ങൾ. മലയാളത്തിലെ മാത്രമല്ല, ഇന്ത്യയിലെതന്നെ നാടകവഴിയിലെ ആദ്യശ്രമങ്ങൾ ഇതായിരുന്നു എന്നു കണ്ടെത്തിയിട്ടുണ്ട്. ചാവറ കുര്യാക്കോസ് ഏലിയാസ് എഴുതിയ ആദ്യ ഇടയനാടകങ്ങളുടെ കൈയ്യെഴുത്തുപ്രതികൾ ലഭ്യമായിട്ടുണ്ട്. ആധുനിക മല യാളഭാഷ്യത്തോടൊപ്പം അവയുടെ ആദിമരൂപം, വ്യാഖ്യാന പഠനമുൾക്കൊ ള്ളിച്ചു കൊണ്ടു പ്രസിദ്ധപ്പെടുത്തുവാനുള്ള ശ്രമങ്ങൾ *ബേസ്റൗമ* നടത്തി വരുന്നു.)

# അനുബന്ധം മൂന്ന്



## സിസ്റ്റർ ഡോ. ആവില സി.എം.സി.

**ജീവിതരേഖ**

സി.എം.സി. കോൺഗ്രിഗേഷനിലെ അങ്കമാലി മേരിമാതാ പ്രോവിൻസിൽ അംഗമാണ്. M.Sc., M.A., M.Ed., Ph.D. ബിരുദങ്ങൾ യഥാക്രമം കേരള, മൈസൂർ, ബോംബെ, എം.ജി. യൂണിവേഴ്സിറ്റികളിൽ നിന്നും കരസ്ഥമാക്കി. കുറവിലങ്ങാട് ദേവമാതാ കോളേജ്, എറണാകുളം സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ അധ്യാപികയായും കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ വിദ്യാഭ്യാസ വിഭാഗത്തിന്റെ അധ്യക്ഷയായും സേവനമനുഷ്ഠിച്ചു. ഇപ്പോൾ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ വിദ്യാഭ്യാസ വിഭാഗത്തിൽ റിസേർച്ച് ഗൈഡായും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്നേഹോദയ സെന്റർ ഓഫ് ഇൻഫർമേഷൻ ടെക്നോളജിയുടെ പ്രിൻസിപ്പലായും പ്രവർത്തിക്കുന്നു.



# അനുബന്ധം നാല്

## ബേസ്റൗമ

*ബേസ്റൗമ* എന്ന സുറിയാനി പദത്തിന്റെ അർത്ഥം *ഉയരങ്ങളിലെ ഭവനം* എന്നാണ്. മാന്നാനത്തുള്ള സി.എം.ഐ. സഭയുടെ ആദ്യഭവനത്തെ സ്ഥാപകപിതാക്കൾ വിളിച്ച പേരാണിത്. ചാവറ പിതാവാണ് ഈ പേര് നൽകിയത്.

ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ ജീവിത ദർശനങ്ങളും അനുബന്ധ വിചാരധാരകളും വ്യാപകമായ തലത്തിൽ ദൃശ്യ-ശ്രാവ്യ -മുദ്രണ തലങ്ങളിലൂടെ കേന്ദ്രീകൃതമായി പൊതുസമൂഹമധ്യത്തിൽ എത്തിക്കുന്നതിനായി സി.എം.ഐ., സി.എം.സി. സഭകൾ സംയുക്തമായി ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള പ്രകാശനധാരയാണ് *ബേസ്റൗമ.*

പ്രവർത്തന സരണിയിലെ ആദ്യപാദമാണ് പുസ്തകപ്രസാധനം.

ദൃശ്യ-ശ്രാവ്യ ധാരകളിൽക്കൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള ഒരുക്കങ്ങളിലാണ് സഭാനേതൃത്വം. *ബേസ്റൗമ* എന്ന പേരിൽ ചാവറ പിതാവിന്റെ ജീവിതദർശനങ്ങളെ പ്രമേയമാക്കി അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു ഡോക്യുഫീച്ചർ ചിത്രത്തിന്റെ കടലാസു ജോലികൾ പൂർത്തിയാക്കി വരുന്നു.

ചാവറ പിതാവിന്റെ കാവ്യ രചനകൾക്കൊപ്പം കവി ശ്രേഷ്ഠരായ ടാഗോർ, മഹാകവി ജി., അക്കിത്തം, ഒ.എൻ.വി., കാവാലം, വിഷ്ണുനാരായണൻ നമ്പൂതിരി, യൂസഫലി കേച്ചേരി, ശ്രീകുമാരൻ തമ്പി, ബി.ആർ. പ്രസാദ്, റഫീക് അഹമ്മദ് തുടങ്ങിയ പ്രതിഭാധനർ ക്രൈസ്തവ ചൈതന്യത്തെ അവലംബമാക്കി എഴുതുന്ന ഗാനങ്ങൾക്ക് ഇന്ത്യയിലെ തന്നെ സംഗീതരംഗത്തെ ഏറ്റവും സ്മാരാധ്യരായ സംഗീതകാരന്മാർ ഈണം പകർന്നുകൊണ്ടുള്ള മ്യൂസിക് ആൽബങ്ങളുടെ ഒരുക്കങ്ങളും പുരോഗമിക്കുന്നു. തമിഴിലും കന്നഡത്തിലും ഹിന്ദിയിലും കൂടി ഗാനങ്ങൾ ഈണപ്പെടുത്തുന്നുണ്ട്. പ്രശസ്തരും പ്രഗത്ഭരുമായ ഗായകരായിരിക്കും ആലാപനം. ഗാനങ്ങളിൽ കുറച്ചെണ്ണത്തിനു പ്രഗത്ഭരായ ചലച്ചിത്രകാരന്മാരുടെ സഹായത്തോടെ ദൃശ്യാഖ്യാനം നൽകുവാനും ശ്രമിക്കുന്നുണ്ട്.

**പ്രസിദ്ധീകരണങ്ങൾ:**

- *ആകാശദീപങ്ങൾ സാക്ഷി* • ചാവറ പിതാവിന്റെ ജീവിതത്തിലൂടെ ഒരു നോവലിസ്റ്റിന്റെ തീർത്ഥാടനം • *ജോൺ ആന്റണി* • അവതാരിക: *പെരുമ്പടവം ശ്രീധരൻ* (രണ്ടാം പതിപ്പ്)
- *സുകൃതംസ്മര* • *ഡോ. സുകുമാർ അഴീക്കോട്, ഡോ. എം. ലീലാവതി, എം.കെ. സാനു, എ. ശ്രീധരമേനോൻ, പി. ഗോവിന്ദപ്പിള്ള, ഫാ. സെഡ്.എം. മൂഴൂർ, സി.വി.ആനന്ദബോസ്, മാത്യു ഉലകംതറ, ഡോ. കുര്യാസ് കുമ്പളക്കുഴി,*

*ഡോ. സെബാസ്റ്റ്യൻ പോൾ, സി.പി. ശ്രീധരൻ, കെ.എം. തരകൻ, ടി.എം. എബ്രഹാം, പി.കെ. രാജശേഖരൻ* എന്നിവരുടെ ചാവറ പിതാവിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ • അവതാരിക: *എം. തോമസ് മാത്യു.* (രണ്ടാം പതിപ്പ്)

- *ഇതാ ഞാൻ, അവിടത്തെ ദാസൻ* • ചാവറ പിതാവിന്റെ ജീവിതദർശനങ്ങളെ പാർശ്വപരിവൃത്ത സഹിതം അവതരിപ്പിക്കുന്ന ഗ്രന്ഥപരമ്പരയിലെ ആദ്യ ഭാഗം • ഫാ. *തോമസ് പന്തപ്ലാക്കൽ* സി.എം.ഐ • അവതാരിക : *ഡോ. കെ.എസ്. രാധാകൃഷ്ണൻ.*
- *പൊതുവിദ്യാഭ്യാസം: പ്രസക്തിയും പ്രശ്നങ്ങളും* • ചാവറ അനുസ്മരണ പ്രഭാഷണങ്ങൾ • ഡോ. *കെ.എസ്സ്. രാധാകൃഷ്ണൻ, അബ്ദുൾ സമദ് സമദാനി* (രണ്ടാം പതിപ്പ്)
- *എന്റെ ഓഹരിയും പാനപാത്രവും* • ചാവറ ദർശനം; അനുയാത്ര • സിസ്റ്റർ *മരീന സി.എം.സി., ഡോ. ആവില സി.എം.സി.* • അവതാരിക : *ടി.എം. അബ്രഹാം.*
- *അറിവിന്റെ വഴിയെ താപസമനസ്സ്* • വിദ്യാദാനശുശ്രൂഷാ ധാരയിലെ ചാവറ പിതാവിന്റെ മാതൃകാസങ്കല്പം; പഠനം • സിസ്റ്റർ ഡോ. ആവില സി.എം.സി., സിസ്റ്റർ ധന്യ സി.എം.സി., സിസ്റ്റർ മരീന സി.എം.സി. • അവതാരിക: *പ്രൊഫ. എം. അച്ചുതൻ.*